# ആഖ്യാനവും അന്യവത്ക്കരണവും - മലയാളത്തിലെ സ്ത്രീ ആത്മകഥകളെ അടിസ്ഥാനമാക്കി ഒരു പഠനം

മഹാത്മാഗാന്ധി സർവകലാശാലയിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി
സമർപ്പിക്കുന്ന പ്രബന്ധം


സുനിത കെ.


മാർഗനിർദേശകൻ
ഡോ. ജോസ് കെ. മാനുവൽ


സ്കൂൾ ഓഫ് ലെറ്റേഴ്സ്
മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി
കോട്ടയം


മെയ് 2015

# പ്രസ്താവന

**ആഖ്യാനവും അന്യവത്കരണവും - മലയാളത്തിലെ സ്ത്രീ ആത്മകഥകളെ അടിസ്ഥാനമാക്കി ഒരു പഠനം** എന്ന ഈ പ്രബന്ധം ഏതെങ്കിലും സർവകലാശാല യുടെയോ തത്തുല്യമായ മറ്റു സ്ഥാപനത്തിന്റെയോ ഡിഗ്രിക്കോ ഡിപ്ലോമയ്ക്കോ ഫെലോഷിപ്പിനോ വേണ്ടി ഇതിനു മുൻപ് സമർപ്പിച്ചിട്ടില്ലെന്ന് പ്രസ്താവിക്കുന്നു.

**കോട്ടയം** **സുനിത കെ.**

**27/05/2015**

# സാക്ഷ്യപത്രം

**ഡോ. ജോസ് കെ. മാനുവൽ**
അസിസ്റ്റന്റ് പ്രൊഫസർ
സ്കൂൾ ഓഫ് ലെറ്റേഴ്സ്
മഹാത്മാഗാന്ധി സർവകലാശാല
കോട്ടയം – 686560

മഹാത്മാഗാന്ധി സർവകലാശാല ഫാക്കൽറ്റി ഓഫ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചറിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി സമർപ്പിക്കുന്ന **ആഖ്യാനവും അന്യവത്കരണവും - മലയാളത്തിലെ സ്ത്രീ ആത്മകഥകളെ അടിസ്ഥാനമാക്കി ഒരു പഠനം** എന്ന ഈ പ്രബന്ധം ശ്രീമതി സുനിത കെ. എന്റെ മാർഗനിർദേശമനുസരിച്ച് നിർവഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

**കോട്ടയം** **ഡോ. ജോസ് കെ. മാനുവൽ**
**27/05/2015**

# കൃതജ്ഞത

*ഈ പഠനം പൂർത്തിയാക്കാൻ അനുഗ്രഹിച്ച ഈശ്വരനോടും ഗുരുക്കന്മാരോടും ഗുരുസ്ഥാനീയരോടും ആദ്യമായി നന്ദി പറയുന്നു.*

*പ്രബന്ധരചനയിൽ എനിക്കുവേണ്ട മാർഗനിർദേശങ്ങൾ നൽകി, പ്രോത്സാഹനവും ആവോളം ക്ഷമയും പ്രകടിപ്പിച്ച പ്രിയപ്പെട്ട ജോസ് മാഷിനോടുള്ള നന്ദി വാക്കുകൾക്കതീതമാണ്.*

*പഠനത്തിന് എന്നും പ്രോത്സാഹനമായി നിന്ന സജിച്ചേട്ടന്, എന്നിൽ അഭിമാനം കൊള്ളുന്ന എന്റെ അമ്മയ്ക്ക്, എന്നെ വിട്ടുപിരിഞ്ഞ സ്നേഹനിധികളായിരുന്ന അച്ഛനും ഞാഞ്ഞയ്ക്കും, എപ്പോഴും കൂടെ നിൽക്കുന്ന പ്രിയപ്പെട്ട സഹോദരങ്ങൾക്കും, അരുണിനും ഒരുപാട് നന്ദി. എന്റെ ഉപരിപഠനത്തിനു വഴി തെളിച്ച വലിയ ഞാഞ്ഞയ്ക്കും നന്ദി പറയുന്നു.*

*ജീവിതത്തിന്റെ പരീക്ഷണ ഘട്ടങ്ങളിൽ പഠനത്തിനു പ്രോത്സാഹനം നൽകിയ ശർമ്മാജിയോടുള്ള കൃതജ്ഞത വളരെ വലുതാണ്. എഴുത്തിന്റെ ഓരോ ഘട്ടത്തിലും കൂടെ നിന്ന കൃഷ്ണയോട് ഒരുപാട് നന്ദിയുണ്ട്. പഠനത്തിന് ഒപ്പം നിന്ന റെജി, സന്ധ്യ എന്നിവരേയും നന്ദിയോടെ ഓർക്കുന്നു. പ്രബന്ധരചനയിൽ തെറ്റുകൾ തിരുത്തുന്നതിനു സഹായിച്ച കാർത്തികേയൻ സാറിനേയും നന്ദിയോടെ സ്മരിക്കുന്നു.*

*സ്കൂൾ ഓഫ് ലെറ്റേഴ്സിലെ അധ്യാപകർ, അനധ്യാപകർ, ഫെല്ലോഷിപ്പ് നൽകി സഹായിച്ച യു.ജി.സി, വിവരങ്ങൾ ലഭ്യമാക്കാൻ സഹായിച്ച മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ലൈബ്രറി, സ്കൂൾ ഓഫ് ലെറ്റേഴ്സ് ലൈബ്രറി, കേരള യൂണിവേഴ്സിറ്റി ലൈബ്രറി, പഠനത്തിനു സഹായിച്ച കൂട്ടുകാർ, ടൈപ്പിംഗ് ജോലികൾ ചെയ്ത വി ഫോർ യൂവിലെ സഹോദരങ്ങൾ എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു.*

***സുനിത കെ.***

# ഉള്ളടക്കം


| | | | |
|---|---|---|---|
| **ആമുഖം** | | | **1–7** |
| **അധ്യായം ഒന്ന്**<br>**സ്ത്രീ ആത്മകഥ : ഒരു ചരിത്രാവലോകനം** | | | **8–64** |
| **1.1** | **ആത്മകഥ** | | **9** |
| | 1.1.1 | നിർവചനങ്ങൾ | 11 |
| | 1.1.2 | ആത്മകഥകളുടെ മേന്മകളും ന്യൂനതകളും | 12 |
| | 1.1.3 | ആത്മകഥ; വിഭാഗങ്ങൾ | 14 |
| | 1.1.4 | ആത്മകഥയ്ക്ക് മറ്റു സാഹിത്യശാഖകളുമായുള്ള ബന്ധം | 16 |
| | 1.1.5 | ആത്മകഥ - പാശ്ചാത്യസാഹിത്യത്തിലും ഇന്ത്യൻ സാഹിത്യത്തിലും | 17 |
| | 1.1.6 | ആത്മകഥ ഇന്ന് | 22 |
| **1.2** | **സ്ത്രീ ആത്മകഥകളുടെ ചരിത്ര പശ്ചാത്തലം** | | **24** |
| | 1.2.1 | സ്ത്രീ ആത്മകഥകൾ പാശ്ചാത്യലോകത്തിൽ | 24 |
| | 1.2.2 | ആത്മകഥ ഇന്ത്യൻ സ്ത്രീചരിത്രത്തിൽ | 27 |
| | 1.2.3 | സ്ത്രീ സ്വത്വാന്വേഷണത്തിന്റെ കേരളീയ പശ്ചാത്തലം | 31 |
| | 1.2.4 | സ്ത്രീ മലയാള സാഹിത്യത്തിൽ | 33 |
| | 1.2.5 | സ്ത്രീ ആത്മകഥകളുടെ സവിശേഷതകൾ | 40 |
| | 1.2.6 | സ്ത്രീ ആത്മകഥകൾ ഉയർന്നുവരുവാനിടയായ സാഹചര്യം | 42 |
| | 1.2.7 | കേട്ടെഴുത്തിൽ തെളിയുന്ന രാഷ്ട്രീയം | 45 |
| | 1.2.8 | സ്ത്രീ രചനകളുടെ വാണിജ്യതന്ത്രം | 48 |
| | 1.2.9 | സ്ത്രീ ആത്മകഥകളിലെ വിഭിന്ന മുഖങ്ങൾ | 49 |
| **അധ്യായം രണ്ട്**<br>**സ്ത്രീവാദം - ഒരു സാംസ്കാരിക വിശകലനം** | | | **65–97** |
| **2.1** | **സ്ത്രീവാദത്തിന്റെ ചരിത്രപശ്ചാത്തലം** | | **66** |
| | 2.1.1 | സ്ത്രീവാദ സമീപനങ്ങൾ | 69 |

| | | | |
|---|---|---|---|
| | 2.1.2 | സ്ത്രീവാദ വിമർശനം | 71 |
| | 2.1.3 | ഗൈനോക്രിട്ടിസിസം | 72 |
| | 2.1.4 | പാരിസ്ഥിതിക സ്ത്രീവാദം | 73 |
| | 2.1.5 | ഫെമിനിസ്റ്റ് സാഹിത്യം | 73 |
| | 2.1.6 | പെണ്ണെഴുത്ത് | 75 |
| | 2.1.7 | സ്ത്രീഭാഷ | 77 |
| | 2.1.8 | ലൈംഗികത | 80 |
| | 2.1.9 | സ്ത്രീസ്വത്വം | 82 |
| **2.2** | **ആഖ്യാനം** | | **83** |
| | 2.2.1 | ആഖ്യാനത്തിന്റെ നിർവചനം | 84 |
| | 2.2.2 | കഥയും ആഖ്യാനവും | 84 |
| | 2.2.3 | സ്ഥലകാലങ്ങൾ ആഖ്യാനത്തിൽ | 85 |
| | 2.2.4 | ആഖ്യാനം - സമീപനങ്ങൾ | 87 |
| | | 2.2.4.1 രൂപവാദം (Formalism) | 87 |
| | | 2.2.4.2 ഘടനാവാദം (Strucuralism) | 88 |
| | 2.2.5 | കേരളത്തിന്റെ ആഖ്യാനപാരമ്പര്യം | 89 |
| | 2.2.6 | സ്ത്രീ ആഖ്യാനത്തിന്റെ സവിശേഷതകൾ | 90 |
| **2.3** | **അന്യവത്കരണം** | | **92** |
| | 2.3.1 | മാർക്സിയൻ അന്യവത്കരണം | 93 |
| | 2.3.2 | അന്യവത്കരണം വിവിധ തലങ്ങളിൽ | 94 |
| **അധ്യായം മൂന്ന്** **ആത്മകഥകളിൽ പ്രതിഫലിക്കുന്ന സാംസ്കാരിക കേരളം** | | | **98-143** |
| **3.1** | **സ്ത്രീ വിവിധ മതങ്ങളിൽ** | | **99** |
| | 3.1.1 | സ്ത്രീ ഹിന്ദുമതത്തിൽ | 100 |
| | 3.1.2 | സ്ത്രീ യഹൂദമതത്തിൽ | 102 |
| | 3.1.3 | സ്ത്രീ ക്രിസ്തുമതത്തിൽ | 103 |
| | 3.1.4 | സ്ത്രീ ഇസ്ലാം മതത്തിൽ | 105 |

| | | |
|---|---|---|
| 3.1.5 | മതങ്ങൾ ആത്മകഥകളിൽ | 107 |
| **3.2** | **രാഷ്ട്രീയത്തിലെ സ്ത്രീ സാന്നിധ്യം** | **109** |
| 3.2.1 | ഇന്ത്യൻ നാഷണൽ കോൺഗ്രസ് | 109 |
| 3.2.2 | കമ്മ്യൂണിസം | 110 |
| 3.2.3 | നക്സലിസം | 113 |
| 3.2.4 | കേരള രാഷ്ട്രീയത്തിൽ സ്ത്രീകളുടെ പങ്ക് | 117 |
| **3.3** | **സ്ത്രീ സാഹിത്യത്തിലും കലയിലും** | **125** |
| 3.3.1 | സ്ത്രീ സാഹിത്യത്തിൽ | 125 |
| 3.3.2 | ആദ്യകാല സ്ത്രീരചനകൾ | 127 |
| 3.3.3 | സ്ത്രീ നാടകത്തിൽ | 129 |
| 3.3.4 | സ്ത്രീ ദൃശ്യമാധ്യമങ്ങളിൽ | 132 |
| 3.3.5 | സ്ത്രീ സ്വാതന്ത്ര്യത്തിന്റെ വർത്തമാനകാല യാഥാർഥ്യം | 135 |
| **3.4** | **ആത്മകഥകളിലെ സാംസ്കാരികതലം** | **137** |
| **അധ്യായം നാല്** | **ആഖ്യാനവും അന്യവത്കരണവും ആത്മകഥകളിൽ** | **144–189** |
| 4.1 | ഗൗരിയമ്മ - ആത്മകഥ | 147 |
| 4.2 | അജിത - ഓർമക്കുറിപ്പുകൾ | 156 |
| 4.3 | ആയിഷ - ജീവിതത്തിന്റെ അരങ്ങ് | 164 |
| 4.4 | വിനയ - എന്റെ കഥ അഥവാ ഒരു മലയാളി യുവതിയുടെ ജീവിതയാത്ര | 170 |
| 4.5 | ആത്മകഥകളുടെ താരതമ്യപഠനം | 180 |
| 4.6 | കുടുംബം ആത്മകഥകളിൽ | 186 |
| **ഉപസംഹാരം** | | **190–198** |
| **ഗ്രന്ഥ - ലേഖനസൂചി** | | **199–216** |
| **അനുബന്ധങ്ങൾ** | | **217–226** |

# ആമുഖം

അനുഭവങ്ങളെ അറിവുമായി സമന്വയിപ്പിക്കുന്ന രചനയുടെ സവിശേഷ മണ്ഡലമാണ് ആത്മകഥ. അത് ഓർമയിലൂടെ ഭൂതകാലത്തിനും വർത്തമാനകാലത്തിനും ഇടയിലുള്ള സംഭവങ്ങളുടെ പുനർനിർമിതിയാണ് നടത്തുന്നത്. സാമുദായികവും രാഷ്ട്രീയവും ചരിത്രസാഹചര്യങ്ങളോട് ബന്ധിതവുമായി നിർമിക്കുന്ന ഘടകങ്ങൾ വ്യക്തികളുടെ അനുഭവങ്ങളെ വ്യതിരിക്തമാക്കുന്നുണ്ട്. ഏതു വിഭാഗത്തിൽപ്പെട്ടവർക്കും അവരുടെ സ്വത്വത്തെ മറ്റുള്ളവർക്കു മുമ്പിൽ പ്രകടിപ്പിക്കാൻ അനുയോജ്യമായ ഒരു ഉപാധിയായി ഇന്ന് ആത്മകഥ മാറിക്കഴിഞ്ഞിരിക്കുന്നു

ആത്മഭാഷണചരിത്രത്തിൽ മലയാളിസ്ത്രീകളുടെ 'ആത്മകഥ' വളരെ വൈകി മാത്രം രൂപപ്പെട്ട ഒന്നാണ്. ആത്മഭാഷണത്തിന്റെ സ്വഭാവത്തിനും ഘടനയ്ക്കും ഓരോ കാലഘട്ടത്തിന്റെ സ്വഭാവത്തിനും പ്രത്യയശാസ്ത്രരീതിക്കുമനുസരിച്ച് വ്യത്യാസങ്ങൾ വരാം. ഭക്തിപ്രസ്ഥാനം, ഫ്യൂഡലിസം, കൊളോണിയലിസം, നവോത്ഥാനം, ജനാധിപത്യം തുടങ്ങിയ സാമൂഹികപരിണാമത്തിന്റെ ഓരോ ഘട്ടത്തിലും സ്ത്രീകളുടെ ആത്മഭാഷണ ശൈലി ഭിന്നമായിരുന്നു.

കുടുംബം, പാരമ്പര്യം, ജാതി, സമ്പത്ത്, ആൺതുണ തുടങ്ങിയ ബാഹ്യ നിർണയനശക്തികളില്ലാതെ സ്ത്രീക്ക് ആത്മകഥയെഴുതാനായത് ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ മാത്രമാണ്. സ്ത്രീ എഴുത്തുകാരികളുടെ ഭാഗത്തുനിന്നും ഈ കാലഘട്ടത്തിൽ ഉണ്ടായിട്ടുള്ള ആത്മകഥകൾ അധികാരബന്ധങ്ങൾ സൃഷ്ടിക്കുന്ന അർഥതലങ്ങൾക്കും നിയമങ്ങൾക്കും അപ്പുറത്തേക്ക് കടക്കുന്ന അനുഭവസാക്ഷ്യങ്ങളാണ് ലളിതാംബിക അന്തർജനത്തിന്റേയും മാധവിക്കുട്ടിയുടെയും ആത്മകഥകൾ. നിശബ്ദമാക്കപ്പെടുകയും നിരോധിതമേഖലകളിൽ വർത്തിക്കുകയും ചെയ്യുന്ന സ്ത്രീകളുടെ ആത്മഭാഷണ പ്രവാഹമായി ഇന്ന് ആത്മകഥ മാറിയിട്ടുണ്ട്. കീഴാളപഠനങ്ങൾ വികസിച്ച ഘട്ടത്തിൽ വാമൊഴി ആത്മകഥകളും നിരവധിയുണ്ടായിട്ടുണ്ട്. വാമൊഴി ആത്മകഥകളിൽ ഭാഷണമാണ് ആഖ്യാനത്തിന്റെ പങ്ക് ഏറ്റെടുക്കുന്നത്.

രാഷ്ട്രീയം, സംസ്കാരം, ജീവിതം തുടങ്ങിയ മേഖലകളിൽ എങ്ങനെയാണ് സ്ത്രീകളെ പുരുഷസമൂഹം കീഴമർത്തുന്നതെന്ന് വർത്തമാനകാലത്തിറങ്ങുന്ന പല സ്ത്രീ ആത്മകഥകളും വിശദീകരിക്കുന്നു. രാഷ്ട്രത്തിന്റേയും സമൂഹത്തിന്റേയും വിശാല താത്പര്യങ്ങളിൽ സ്ത്രീകൾ അദൃശ്യരാക്കപ്പെടുന്നതിനെയും ഇരകളാക്കുന്നതിനെയും, തമസ്കരിക്കുന്നതിനെയുമെല്ലാം ഈ സ്ത്രീ ആത്മകഥകൾ വിമർശിക്കുന്നു.

''ആഖ്യാനവും അന്യവത്കരണവും-മലയാളത്തിലെ സ്ത്രീ ആത്മകഥകളെ അടിസ്ഥാനമാക്കി ഒരു പഠനം'' എന്ന ഈ പ്രബന്ധത്തിൽ വിശദമായ പഠനത്തിനായി തിരഞ്ഞെടുത്തിരിക്കുന്നത് കെ.ആർ.ഗൗരിയമ്മയുടെ 'ആത്മകഥ', നിലമ്പൂർ ആയിഷ യുടെ 'ജീവിതത്തിന്റെ അരങ്ങ്', അജിതയുടെ 'ഓർമക്കുറിപ്പുകൾ', വിനയയുടെ 'എന്റെ കഥ അഥവാ ഒരു മലയാളി യുവതിയുടെ ജീവിതയാത്ര' എന്നിവയാണ്. ആത്മകഥയെ അതിലെ സംഭവങ്ങളെ മുൻനിർത്തി വിശകലനംചെയ്യുകയാണ് ആഖ്യാനം എന്നതു കൊണ്ടുദ്ദേശിക്കുന്നത്. അന്യവത്കരണം (Alienation) എന്ന പദത്തിനർഥം ഒഴിവാക്കുക, തട്ടിമാറ്റുക, എന്നെല്ലാമാണ്. നിഘണ്ടുവിൽ ഈ പദത്തിന് ഒഴിവാക്കുക, അകറ്റി നിർത്തുക, മാറ്റി നിർത്തുക തുടങ്ങി വിവിധ അർഥങ്ങൾ നല്കിയിട്ടുണ്ട്. അതിൽ അകറ്റി നിർത്തുക എന്ന അർഥമാണ് പ്രബന്ധത്തിൽ പൊതുവെ സ്വീകരിച്ചിരിക്കുന്നത്. അന്യവത്കരണം രണ്ടു തരത്തിൽ സംഭവിക്കുന്നുണ്ട്. ഒന്ന് സ്വയം ഒറ്റപ്പെടലും മറ്റൊന്ന് സമൂഹത്തിന്റെ ഒറ്റപ്പെടുത്തലും.

കേരളത്തിലെ അടിച്ചമർത്തപ്പെട്ട വിഭാഗങ്ങളെ കാലങ്ങളായി പൊതുധാരാ പ്രസ്ഥാനങ്ങൾ അവഗണിക്കുകയും അതിനെ എതിർക്കുകയും ചെയ്തുപോന്നു. ഈ സാഹചര്യത്തിലാണ് അടിച്ചമർത്തപ്പെട്ട വിഭാഗങ്ങൾ അവരുടെ അഭിപ്രായങ്ങളും അവ സ്ഥകളും തുറന്നുപറയാൻ പറ്റിയ മാധ്യമമായി ആത്മകഥയെ സമീപിച്ചത്. അവരുടെ പ്രശ്നങ്ങൾ കണ്ടില്ലെന്നു നടിക്കുന്ന പൊതുസമൂഹത്തിനു മുന്നിൽ ആത്മകഥയെ മാധ്യമമാക്കി പ്രശ്നങ്ങൾ അവതരിപ്പിച്ചു. ബഹുഭൂരിപക്ഷം സ്ത്രീകളും ആത്മകഥ കളിലൂടെ അവതരിപ്പിച്ചത് പുരുഷനിൽ നിന്നും നേരിടേണ്ടി വന്ന അന്യവത്കരണ ത്തിന്റെ അവസ്ഥയാണ്.

**പഠനലക്ഷ്യം**

കേരളീയ സ്ത്രീ തങ്ങളുടെ പ്രതിസന്ധി തിരിച്ചറിയാനും ബോധമുൾക്കൊള്ളാനും ഇടയായതെങ്ങനെ എന്നും അവരുടെ ആത്മകഥകളിലൂടെ സ്ത്രീസ്വത്വത്തെ എങ്ങനെ ആവിഷ്കരിച്ചിരിക്കുന്നു എന്നും പ്രബന്ധത്തിൽ വിശകലനംചെയ്യുന്നു. സ്ത്രീ നേടി യെടുക്കുന്ന അനുഭവസമ്പന്നത പുരുഷരചനകളിൽനിന്ന് എങ്ങനെ വേർപ്പെട്ടിരിക്കുന്നു എന്നും പുരുഷാഖ്യാനങ്ങളിൽനിന്നും വ്യത്യസ്തമായി സ്ത്രീ ആഖ്യാനത്തിന്റെ പ്രത്യേകതകൾ എന്തെന്നും കണ്ടെത്തുന്നു. സ്ത്രീ ആത്മകഥകളെ അടിസ്ഥാനമാക്കി യുള്ള ഈ പഠനത്തിലൂടെ സ്ത്രീ അന്യവത്കരിക്കപ്പെടുന്നതിന്റെ സാമൂഹിക - സാമ്പത്തിക - രാഷ്ട്രീയ കാരണങ്ങൾ വ്യക്തമാക്കുന്നു. പുരുഷാധിപത്യത്തിനെതിരായ സ്ത്രീപക്ഷ നിലപാടുകൾ, വ്യവസ്ഥാപിത നിയമ രാഷ്ട്രീയചട്ടക്കൂടിന്റെ ഒരു പരിമിത മായ വൃത്തത്തിലൊതുക്കി നിർത്തപ്പെടുന്നുണ്ടോ എന്ന് അന്വേഷിക്കുന്നു. മുഖ്യധാര യിൽനിന്ന് അരികുകളിലേക്ക് മാറിനിന്നിരുന്ന സ്ത്രീപക്ഷപരമായ ആത്മകഥാരചനകൾ ഇക്കാലത്ത് എല്ലാത്തരം അധികാര പ്രത്യയശാസ്ത്രങ്ങളോടും ഏറ്റുമുട്ടിക്കൊണ്ട് കൂടു തലായി ഉയർന്നുവരുവാനുണ്ടായ വിവക്ഷകൾ എന്തൊക്കെ എന്നന്വേഷിക്കുന്നു. കേരളത്തിന്റെ മുഖ്യരാഷ്ട്രീയപാർട്ടികളിൽ സ്ത്രീയുടെ സ്ഥാനം എന്തായിരുന്നുവെന്ന് അന്വേഷിക്കുവാൻ ശ്രമിക്കുകയും ഭരണകൂടത്തിന്റെ നിർമിതിക്കുള്ളിൽ സ്ത്രീ എങ്ങനെ പ്രവർത്തിക്കുന്നു, അടയാളപ്പെടുത്തുന്നു എന്ന് കണ്ടെത്തുകയും ചെയ്യുന്നു. സ്ത്രീ ആത്മകഥകൾ എങ്ങനെയാണ് കേരളീയസമൂഹം സ്വീകരിച്ചതെന്നും നിർണയിക്കുന്നു.

**പഠനത്തിന്റെ പ്രസക്തി**

സ്ത്രീവാദം അഥവാ ഫെമിനിസം ആധുനിക വിമർശനപഠനങ്ങളിൽ പ്രധാനപ്പെട്ട ഇടംനേടിക്കഴിഞ്ഞു. സൈദ്ധാന്തികതലത്തിൽ ഏറെ ഗ്രന്ഥങ്ങളും ലേഖനങ്ങളും സ്ത്രീവാദത്തെപ്പറ്റി രചിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവയുടെ വെളിച്ചത്തിൽ സ്ത്രീ ആത്മകഥകളെക്കുറിച്ച് പ്രായോഗികതലത്തിലുള്ള പഠനങ്ങൾ മലയാള ആത്മകഥാ പഠനരംഗത്ത് വേണ്ടത്ര നടന്നിട്ടില്ല. ഈ പശ്ചാത്തലത്തിൽ വിശദമായ ഒരു പഠനത്തിന് സാധ്യതയും പ്രസക്തിയും ഉള്ളതിനാലാണ് സ്ത്രീകളുടെ ആത്മകഥകളെ അടിസ്ഥാന മാക്കിയുള്ള പഠനം നടത്തുന്നത്.

**രീതിശാസ്ത്രം**

സ്ത്രീവാദത്തിന്റെ സൈദ്ധാന്തികനിലപാടുകൾ ഉപയോഗിച്ച് തിരഞ്ഞെടുത്ത ആത്മകഥകളുടെ പ്രമേയപരമായ പഠനമാണിവിടെ നടത്തിയിരിക്കുന്നത്. സാംസ്കാരികപഠനത്തിന്റെ വിശാലമായ ഭൂമികയിലാണ് ഈ പഠനത്തിന്റെ സ്ഥാനം.

**പൂർവപഠനങ്ങൾ**

ആത്മകഥയെ സംബന്ധിച്ച് പുസ്തകരൂപത്തിൽ വന്ന ആദ്യ കൃതികൾ ഡോ.വിജയാലയം ജയകുമാറിന്റെ 'ആത്മകഥാസാഹിത്യം മലയാളത്തിൽ' എന്ന കൃതിയും അതേ പേരിൽത്തന്നെയുള്ള നടുവട്ടം ഗോപാലകൃഷ്ണന്റെ പുസ്തകവുമാണ്. ഡോ.കെ.എം.ജോർജ് എഡിറ്റുചെയ്ത 'ആധുനിക മലയാള സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ' എന്ന ഗ്രന്ഥത്തിലെ 'ആത്മകഥാസാഹിത്യം' എന്ന ജോർജിന്റെ ലേഖനം, ഇ.വി.രാമകൃഷ്ണൻ എഡിറ്റു ചെയ്ത 'സ്ത്രീസ്വത്വം സമൂഹം, മാധവിക്കുട്ടിയുടെ പഠനങ്ങൾ' എന്ന കൃതിയിലെ ഉദയകുമാർ, ഇ.വി.രാമകൃഷ്ണൻ തുടങ്ങിയവരുടെ പഠനങ്ങൾ, കാലിക്കറ്റ് സർവകലാശാല പ്രസിദ്ധീകരിച്ച 'ആത്മകഥാംശങ്ങൾ' എന്ന പുസ്തകത്തിലെ പഠനങ്ങൾ, വെള്ളായണി അർജുനൻ എഡിറ്ററായി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയ 'പെണ്ണെഴുത്ത്' എന്ന ലേഖനാസമാഹാരത്തിലെ എ.രമാദേവിയുടെ 'ജീവചരിത്രവും ആത്മകഥാസാഹിത്യവും സ്ത്രീപക്ഷരചനകളിൽ' തുടങ്ങിയവയാണ് പുസ്തകങ്ങളോ സമാഹൃതലേഖനങ്ങളോ ആയി വന്നിട്ടുള്ളവയിൽ മുഖ്യമായവ.

ആനുകാലികങ്ങളിൽ ചില പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഈ സാഹിത്യശാഖയുമായി ബന്ധപ്പെട്ടു വന്നിട്ടുണ്ട്. ആത്മകഥയുടേയും ജീവചരിത്രത്തിന്റേയും വളർച്ചയും സവിശേഷതകളും വ്യക്തമാക്കുന്ന ലേഖനങ്ങളാണ് 'ആത്മകഥയും ജീവചരിത്രവും ഇന്ത്യയിൽ' എന്ന ആർ. രാമവർമ്മ തമ്പുരാന്റേയും 'ആത്മകഥ വിശ്വസാഹിത്യത്തിൽ' എന്ന ജോർജ് അഞ്ചനാടിന്റേയും ലേഖനങ്ങൾ (ഭാഷാപോഷിണി, 1978-ആഗസ്റ്റ് - സെപ്തംബർ). മാധവിക്കുട്ടിയുടെ 'എന്റെ കഥ', 'ഇ.എം.എസിന്റെ ആത്മകഥ' വി.ടി. ഭട്ടതിരിപ്പാടിന്റെ 'കണ്ണീരും കിനാവും' എന്നീ കൃതികളിലെ പ്രത്യയശാസ്ത്ര താത്പര്യങ്ങളെ കണ്ടെത്തുകയാണ് 'ആത്മകഥാഖ്യാനത്തിന്റെ പ്രത്യയശാസ്ത്ര'മെന്ന ജി.ദിലീപന്റെ

ലേഖനം (മാതൃഭൂമി, 2004 - ഒക്ടോബർ 31). എ.കെ.ജിയുടെ ആത്മകഥയുടെ സൂക്ഷ്മ വായനയിലൂടെ ആത്മകഥാരചനയുടെ സമകാലിക പ്രശ്നമണ്ഡലത്തെ പഠനവിധേയ മാക്കുകയാണ് എസ്.സഞ്ജീവിന്റെ 'ആത്മകഥയും ഭൂതകഥനങ്ങളും എന്ന ലേഖനം (മാതൃഭൂമി, 2007, ജനുവരി 7-13). 'സ്ത്രീ ആത്മകഥ പറയുമ്പോൾ' എന്ന എൻ.പി.വിജയ കൃഷ്ണന്റെ ലേഖനം (മാതൃഭൂമി, 2004, ഒക്ടോബർ 31) സ്ത്രീ ആത്മകഥകൾ പുരുഷ ന്റേതിൽ നിന്നെങ്ങനെ വ്യത്യാസപ്പെടുന്നുവെന്നും ലിംഗപദവിയാണോ ആത്മ കഥാകാരിയുടെ ജീവിതസാഹചര്യമാണോ എഴുത്തിൽ പ്രധാനമാകുന്നത് തുടങ്ങിയ പ്രശ്നങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ്. മലയാളത്തിലെ ആദ്യ ആത്മകഥയായി ''യാക്കോബ്'' രാമവർമൻ എന്ന സ്വദേശബോധകന്റെ ജീവചരിത്രം എന്ന മണലിന്റെ 'ആദ്യത്തെ ആത്മകഥ' എന്ന ലേഖനം (ഭാഷാപോഷിണി, ഡിസംബർ 2004). ഇ.വി.രാമകൃഷ്ണന്റെ 'സാക്ഷ്യപ്പെടുത്തലിന്റെ ആഖ്യാനങ്ങളും ധാർമികപ്രശ്നങ്ങളും' എന്ന ലേഖനം (മാതൃഭൂമി, 2004 ഡിസംബർ 26) കീഴാള ജനവിഭാഗത്തിന്റെ ആത്മ കഥാഖ്യാനങ്ങളേയും അധികാരവർഗത്തിന്റെ ഇടപെടലുകളേയും പ്രശ്നവത്കരിക്കുക യാണ്.

**അധ്യായ വിഭജനം**

ഈ പഠനത്തെ നാല് അധ്യായങ്ങളായിട്ടാണ് തിരിച്ചിരിക്കുന്നത്. 'സ്ത്രീ ആത്മകഥ: ഒരു ചരിത്രാഅവലോകനം' എന്ന ഒന്നാമത്തെ അധ്യായത്തിൽ ആത്മകഥ എന്തെന്നും അതിന്റെ നിർവചനങ്ങൾ, പ്രസക്തി, ഇതരസമീപനങ്ങൾ, സ്ത്രീ ആത്മ കഥകൾ, അവയുടെ പാശ്ചാത്യ-പൗരസ്ത്യ ചരിത്രം തുടങ്ങിയവ വിശദമായി ചർച്ച ചെയ്യുന്നു. അതോടൊപ്പം സ്ത്രീ ആത്മകഥകളുടെ ചരിത്രപശ്ചാത്തലം, സ്ത്രീ സ്വത്വാന്വേഷണത്തിന്റെ കേരളീയ പശ്ചാത്തലം എന്നിവ വ്യക്തമാക്കിക്കൊണ്ട് മല യാള സ്ത്രീ സാഹിത്യചരിത്രത്തെ വിശദീകരിക്കുന്നു. അതിനുശേഷം മലയാളത്തിലെ സ്ത്രീആത്മകഥകൾ, അവയുടെ പ്രസക്തി, സവിശേഷതകൾ, ഉയർന്നുവരുവാനിട യായ സാഹചര്യങ്ങൾ മുതലായവ വിശദീകരിക്കുകയും മലയാളത്തിലെ പ്രധാന പ്പെട്ട സ്ത്രീആത്മകഥകളെ പരിചയപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

'സ്ത്രീവാദം - ഒരു സാംസ്കാരിക വിശകലനം' എന്നതാണ് രണ്ടാമത്തെ അധ്യായം. ഈ അധ്യായത്തിൽ സ്ത്രീ രചനകളിലെ ചില പൊതുസംജ്ഞകൾ അവ തരിപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. സ്ത്രീആത്മകഥാരചനയുമായി ബന്ധപ്പെട്ടതു കൊണ്ടുതന്നെ സ്ത്രീ, സ്ത്രൈണത, സ്ത്രീവാദം, അതിന്റെ ചരിത്രപശ്ചാത്തലം, വിവിധ സമീപനങ്ങൾ, ഫെമിനിസ്റ്റ് സാഹിത്യം, പെണ്ണെഴുത്ത്, സ്ത്രീഭാഷ, സ്ത്രീസ്വത്വം, ലൈംഗികത എന്നിവകൂടി പൂർവപഠനങ്ങളെ മുൻനിർത്തി പഠനവിധേയമാക്കിയിട്ടുണ്ട്. സാഹിത്യകൃതികളുടെ ആഖ്യാനമെന്തെന്നും അവയുടെ പൊതുസ്വഭാവമെന്തെന്നും ഈ ഭാഗത്ത് വിലയിരുത്തുന്നു. ഇതിനെ മുൻനിർത്തി സ്ഥലം, കാലം എന്നിവയും ആത്മകഥാഖ്യാനവുമായി ബന്ധപ്പെട്ട് വിശദീകരിക്കുന്നുണ്ട്. സ്ത്രീയുമായി ബന്ധപ്പെട്ട അന്യവത്കരണത്തിന്റെ രീതികൾ കേരളീയ സമൂഹവുമായി ബന്ധപ്പെടുത്തി ഈ ഭാഗത്ത് വിശകലനംചെയ്തിട്ടുണ്ട്.

'ആത്മകഥകളിൽ പ്രതിഫലിക്കുന്ന സാംസ്കാരിക കേരളം' എന്നതാണ് മൂന്നാമത്തെ അധ്യായം. ഇവിടെ സാമൂഹ്യ-സാംസ്കാരിക, രാഷ്ട്രീയമേഖലകളേയും ഇന്ത്യൻ നാഷണൽ കോൺഗ്രസ്, കമ്മ്യൂണിസം, നക്സലിസം തുടങ്ങിയ പ്രസ്ഥാനങ്ങളോടുള്ള സ്ത്രീകളുടെ മനോഭാവത്തേയും ആത്മകഥയുമായി ബന്ധപ്പെടുത്തി ചർച്ച ചെയ്യുന്നു. ഈ മേഖലകളിൽ സ്ത്രീകളുടെ പങ്ക് എന്തായിരുന്നുവെന്നുള്ള നിരീക്ഷണവും ഈ ഭാഗത്തുണ്ട്. മതപരമായ ചട്ടക്കൂടിൽ സ്ത്രീയുടെ അവസ്ഥയെന്തെന്നും തുടർന്ന് വിശദീകരിക്കുന്നുണ്ട്.

ആത്മകഥകളുടെ സ്വഭാവവും ആഖ്യാനരീതിയും അതിലെ സംഭവങ്ങളും മുൻനിർത്തി സമൂഹത്തിൽ നിന്ന് സ്ത്രീകൾ എങ്ങനെയൊക്കെ അന്യവത്കരിക്കപ്പെട്ടിരുന്നു എന്നു കണ്ടെത്തുകയാണ് 'ആഖ്യാനവും അന്യവത്കരണവും ആത്മകഥകളിൽ' എന്ന നാലാമത്തെ അധ്യായത്തിൽ. ഈ ഭാഗത്ത് ഗൗരിയമ്മ, അജിത, ആയിഷ, വിനയ എന്നിവരുടെ ആത്മകഥകളുടെ താരതമ്യപഠനം നടത്തുന്നു. സ്ത്രീകൾ ഇന്ന് സമൂഹത്തിൽ നിന്നും പ്രസ്ഥാനങ്ങളിൽ നിന്നും നേരിടുന്ന വെല്ലുവിളികൾ എന്തെല്ലാമെന്നും വിശദീകരിക്കുന്നു.

ഈ അന്വേഷണപഠനങ്ങളിൽ നിന്നെല്ലാം എത്തിച്ചേർന്നിട്ടുള്ള നിഗമനങ്ങൾ സമാഹരിച്ച് എഴുതിയിട്ടുള്ളതാണ് ഉപസംഹാരം. മലയാള സാഹിത്യത്തിൽ സ്ത്രീകളുടെ ആത്മകഥകൾക്കു നിർണായകമായ സ്ഥാനമാണുള്ളത്. സ്ത്രീകളുടെ ആത്മകഥകളിലൂടെ സഞ്ചരിക്കുമ്പോൾ സ്ത്രീകൾ പാർശ്വവത്കരിക്കപ്പെടുന്നതിന്റെ വിവിധ രീതികൾ മനസ്സിലാകുന്നു. സ്ത്രീകൾക്ക് തന്നെ സ്ത്രീകളെ മനസ്സിലാക്കാനും പുരുഷന് കൂടുതലായി സ്ത്രീകളേയും അവരുടെ പ്രശ്നങ്ങളേയും മനസ്സിലാക്കാനും ഇത്തരം ആത്മകഥകളിലൂടെ സാധിക്കുന്നു. കേരളത്തിലെ സ്ത്രീ ജീവിതത്തിന്റെ നേർക്കാഴ്ചകൾ ഈ ആത്മകഥകളിലൂടെ വായിച്ചെടുക്കാം.

# അധ്യായം ഒന്ന്

## സ്ത്രീ ആത്മകഥ : ഒരു ചരിത്രാവലോകനം

## 1.1 ആത്മകഥ

മനുഷ്യന് അവനെ സ്വയം അടയാളപ്പെടുത്താനുള്ള ഒരു ഉപാധിയാണ് ആത്മകഥ. വ്യക്തിയുടെ ഇതുവരെയുള്ള ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കാനും വിലയിരുത്താനും ആത്മകഥപോലെ സംവേദനക്ഷമമായ മറ്റൊരു മാധ്യമമില്ല. വർത്തമാനകാലത്തെ അപേക്ഷിച്ച് ഭൂതകാലമാണിതിലെ പ്രധാന രംഗവേദി. ഇതിൽ വ്യക്തി മാത്രമല്ല, അവയോടു ബന്ധപ്പെട്ട എന്തും ഒരു സാമൂഹിക സാന്നിധ്യമായി നിലകൊള്ളുന്നു. ഇരുപതാംനൂറ്റാണ്ടിലാണ് മലയാളത്തിൽ ആത്മകഥ ഒരു പുതിയ സാഹിത്യരൂപമായി വളർന്നത്.

വ്യക്തിസങ്കല്പങ്ങൾ സാഹിത്യത്തിൽ ശക്തമാകുന്നത് ആധുനികതയോടു കൂടിയാണ്. വ്യക്തിസങ്കല്പം ശക്തമായതോടെ ആത്മപ്രകാശനത്തിന്റെ ഇടങ്ങൾ വികസിക്കുകയും അതിന്റെ അർഥങ്ങൾ മാറി സാധ്യതകൾ വിപുലമാവുകയും ചെയ്തു. ശാസ്ത്രീയവും സാങ്കേതികവുമായ യുക്തിയാൽ ലോകത്തെ കീഴടക്കാനുള്ള വഴി ആധുനികത തുറന്നിട്ടു. വസ്തുനിഷ്ഠമായ ശാസ്ത്രം, സാർവത്രികമായ സദാചാര ബോധം, നിയമം, സൗന്ദര്യം തുടങ്ങിയവയെ അതാതിന്റെ ആന്തരയുക്തിക്കനുസരിച്ച് വികസിപ്പിക്കാനുള്ള യത്നങ്ങളാണ് ആധുനികരചനകളിൽ നടന്നത്. അസ്തിത്വചിന്തയാണ് ആധുനികതയുടെ അടിസ്ഥാനഘടകങ്ങളിലൊന്ന്. മനുഷ്യൻ സ്വയംകണ്ടെത്തുകയും പ്രവൃത്തിയിലൂടെ അവന്റെ ജീവിതം പൂർണമാകുകയും ചെയ്യുന്നു എന്ന തത്ത്വമാണിത്. മനുഷ്യൻ അവന്റെ തന്നെ സൃഷ്ടിയാണെന്ന ആശയത്തിൽ നിന്നാണ് 'ആത്മം' എന്ന സങ്കല്പം രൂപപ്പെടുന്നത്. ഇങ്ങനെ സ്വന്തം 'ആത്മ'ത്തെ തിരയുന്ന മനുഷ്യന്റെ അന്വേഷണം ഒരു ഘട്ടത്തിൽ ആത്മകഥയിലേക്കു തിരിയുന്നു. അതിലൂടെ അവൾ/ അവൻ അവനവനെത്തന്നെ കണ്ടെത്തുവാനുള്ള ശ്രമമാണ് നടത്തുന്നത്.

ആത്മകഥയ്ക്ക് ആരംഭമുണ്ടെങ്കിലും അതിന് അവസാനമില്ല. അത് ഭൂതകാലത്തിൽ നിന്നോ വർത്തമാനകാലത്തിൽ നിന്നോ ആരംഭിക്കാം. പൂർണതയിലേക്കുള്ള ഒരു പ്രയാണമായി അവസാനിക്കുന്ന ഒന്നാണ് ആത്മകഥ. എഴുതുന്നയാൾ തത്കാലത്തേക്ക് കഥയവസാനിപ്പിക്കുകയാണ് ചെയ്യുന്നത്. ''സമൂഹത്തിൽ തന്റെ സ്ഥാനം

മറ്റുള്ളവർ എങ്ങനെ തിരിച്ചറിയുന്നു എന്നറിയാനുള്ള ശ്രമം ഒരു സങ്കീർണ പ്രക്രിയ യാണ്. സമൂഹത്തിന്റെ അഭിപ്രായങ്ങളും ധാരണകളും രൂപപ്പെടുത്തുന്നതിൽ ആത്മകഥ കൾ ഇന്ന് ഒരു പ്രധാന പങ്കു വഹിക്കുന്നുണ്ട്'' (അരവിന്ദൻ, 2006:37).

ആത്മകഥയിൽ ജീവിതത്തിന്റെ പുനർനിർമിതിയാണ് നടക്കുന്നത്. സത്യ ത്തിന്റെ ഭാവനാത്മകമായ ആവിഷ്കരണത്തിലൂടെ ജീവിതത്തെ ലിഖിതരൂപത്തിൽ പുനർനിർമിക്കുന്ന ആത്മകഥയ്ക്ക് കൃത്യമായ ഒരു കാലക്രമം ആവശ്യമല്ല. വ്യക്തി പരമായ ജീവിതത്തെ മാത്രമല്ല, പൊതുവായ ജീവിതത്തെ വിശദീകരിക്കുന്നതിലൂടെ ചരിത്രത്തിലൂടെയുള്ള ഒരു സത്യാന്വേഷണമാണ് ആത്മകഥ നടത്തുന്നത്. ''വ്യക്തിയെ വാക്കിലൂടേയും പ്രവൃത്തിയിലൂടേയും വിലയിരുത്തുന്ന, സമൂഹം തെറ്റായി വ്യാഖ്യാ നിക്കുന്ന പല സംഭവങ്ങൾക്കും പിന്നിലെ മാനസികവ്യാപാരങ്ങൾ മനസ്സിലാക്കാൻ കഴിയുന്ന ഏറ്റവും നല്ല മാർഗം എന്ന നിലയിൽ ആത്മകഥകൾക്ക് പ്രാധാന്യമുണ്ട്'' (ജോർജ്, 2004:33).

1809ലെ ഓക്സ് ഫോർഡ് നിഘണ്ടുവിലാണ് 'Autobiography' എന്ന പദം ആദ്യ മായി പ്രത്യക്ഷപ്പെട്ടത്. 'ആട്ടോബയോഗ്രഫി' (Autobiography) എന്ന ഗ്രീക്ക് പദത്തിന് തുല്യമായി ഇംഗ്ലിഷിൽ ആട്ടോ (self), ബയോസ് (life), ഗ്രാഫിയ (Graphin-write) എന്ന മൂന്നുപദങ്ങളിൽനിന്നു നിഷ്പന്നമായതാണ് Autobiography എന്ന പദം. ഒരു വ്യക്തി സ്വന്തം ജീവിതകഥ സ്വയം എഴുതുക എന്നാണ് ഇതിനർഥം. ആത്മകഥകൾ ആധുനിക രൂപത്തിൽ പ്രത്യക്ഷപ്പെടുന്നത് 18-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിലും 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലുമാണ്. സാമൂഹികാവസ്ഥയുടെ നിശിതമായ വിമർശനം നടത്തുന്ന ആത്മകഥകളിൽ അതിന്റെ പങ്കാളിത്തത്തിൽ നിലനിൽക്കുന്ന സാമൂഹിക സാന്നിധ്യ മായാണ് ഓരോ വ്യക്തിയും അടയാളപ്പെടുത്തുന്നത്.

വിമോചനാത്മകമായ ആശയങ്ങൾ അമർത്തിവച്ചതിനാൽ ആദ്യകാലത്തെ ആത്മകഥകൾ വ്യക്തിപരമായ കുമ്പസാരങ്ങൾ (Confessions) മാത്രമായിരുന്നു. കൊളോ ണിയൽ വിരുദ്ധ ആശയങ്ങൾ പ്രബലമായ സന്ദർഭങ്ങളിലും പ്രതിരോധം, വിമോചനം

തുടങ്ങിയ ആശയങ്ങൾ പ്രചരിപ്പിക്കുവാനുള്ള ഉപാധിയായി ഈ സാഹിത്യശാഖ മാറിയിരുന്നില്ല. ''എന്നാൽ ജീവിതം എഴുതുന്നതിലൂടെ പ്രവർത്തനക്ഷമമായ ഉഭയ സ്വത്വത്തെ അതിലംഘിക്കുവാൻ തയ്യാറായവരിൽ മുൻകൈയെടുത്തത് സ്ത്രീകളായിരുന്നു" (Burton 2003:24). സ്വകാര്യക്കുറിപ്പുകളിലൂടെ സ്ത്രീകൾ സ്വയം നിർവചിക്കുകയും വീട്, അകം/പുറം തുടങ്ങിയ വ്യവഹാരമണ്ഡലങ്ങളെ പുനർനിർണയിക്കുകയും ചെയ്തു.

### 1.1.1 നിർവചനങ്ങൾ

ആത്മകഥയ്ക്ക് പല നിർവചനങ്ങളും ഇന്ന് നിലവിലുണ്ട്. ഗ്രഹാംഗ്രീനിന്റെ നിർവചനപ്രകാരം ''ഒരുതരം ജീവിതംതന്നെയാണ് ആത്മകഥ'' (Green, 1978:1010). ''എന്റെ ചിന്തകളുടേയും പ്രവൃത്തികളുടെയും വ്യാപ്തി വിവരിക്കാൻ എന്നേക്കാൾ മറ്റാരും പ്രാപ്തരല്ലെന്ന ബോധം എനിക്കുണ്ടായിരിക്കണം" (Gibbon, 1978:1010) എന്ന് എഡ്വേർഡ് ഗിബ്ബൺ അഭിപ്രായപ്പെടുമ്പോൾ ജീവചരിത്രശാഖയോട് ഉറ്റബന്ധം പുലർത്തുന്ന ഒന്നാണ് ആത്മകഥയെന്നും ഒരാൾ തന്റെ ജീവിതാനുഭവങ്ങൾ സ്വയം എഴുതുന്നതുകൊണ്ട് അത് എപ്പോഴും അപൂർണമായിരിക്കണം എന്ന് പോൾമുറെ കെന്റലും അഭിപ്രായപ്പെടുന്നു. (Kendall, 1978:1009) ''ആത്മകഥയ്ക്ക് സാഹിത്യത്തിൽ ഒരു പ്രത്യേക സ്ഥാനവും അതിന്റെ ആവിഷ്കരണത്തിൽ സത്യസന്ധതയും ഉണ്ട്'' (Misch, 1950:3-4). ''സ്വന്തം രചനകൾക്ക് മുകളിൽ എഴുത്തുകാരന് അധികാരം നൽകുന്നതും എഴുത്തുകാരെക്കുറിച്ച് നേരിട്ട് വിവരങ്ങൾ ലഭിക്കാനുള്ള ഒരുപാധിയുമാണ് ആത്മകഥ.'' (James, 1972:332) ''മധ്യകാലഘട്ടത്തിലെ മതപരമായ ആത്മകഥകളിൽ പുറംലോകത്തെക്കുറിച്ചുള്ള നിരീക്ഷണങ്ങളുടെ അഭാവം നിമിത്തം ആന്തരിക ജീവിതം അതിൽനിന്നും വേറിട്ടുനിൽക്കുന്നു'' (Pascal, 1960:124).

ആത്മകഥയുടെ ആഖ്യാന ഘടനയെക്കുറിച്ചുള്ള ബിഖു പരേഖിന്റെ അഭിപ്രായപ്രകാരം ''ഒന്നാമതായി പൂർവനിശ്ചിതമായ സാംസ്കാരിക പരിസരത്തിൽ മൂല്യനിർണയം ചെയ്യപ്പെടുന്ന ഒരു അനന്യസ്വത്വത്തിന്റെ വിവരണമാണ് ആത്മകഥ. രണ്ടാമതായി ആത്മകഥയിലെ സ്വത്വം ചരിത്രവിമുക്തമായ ഒന്നല്ലെന്നും അവ ഭൂത

കാലത്തിന്റെ തിരഞ്ഞെടുപ്പുകളുടേയും തീരുമാനങ്ങളുടേയും ഉല്പന്നമായി നിർണയിക്കപ്പെടുന്നു എന്നതുമാണ്. മൂന്നാമതായി ആത്മകഥയിലെ ആത്മനിഷ്ഠവിന്യാസം (Subjective Orientation) അപരത്തിൽ നിന്നാണ് നിർണയിക്കുന്നത്. നാലാമതായി, ആത്മകഥയിൽ വിവരിക്കപ്പെടുന്ന പൂർവകല്പിതമായ ജീവിതം സയുക്തികമാണ്.'' (Parekh, 1989:47). എന്നാൽ ഫിലിപ്പ് ലെജ്യൂൺ പറയുന്നത്:

> ''ഒരു യഥാർഥ വ്യക്തി അയാളുടെ സ്വന്തം നിലനിൽപ്പിനെ കണക്കിലെടുത്ത്, അയാളുടെ വ്യക്തിജീവിതത്തെ കേന്ദ്രീകരിച്ചുകൊണ്ട്, പ്രത്യേകിച്ചും അയാളുടെ വ്യക്തിത്വത്തിന്റെ പുരോഗതിയെക്കുറിച്ചു പൂർവകാല പ്രാബല്യത്തോടെ എഴുതുന്ന ഒരു ആഖ്യാനം'' എന്നാണ് (Lejeune, 1982:193).

പോൾ ഡി. മാൻ, ആത്മകഥയിൽ ഒരു തരം ഭാഷാപരമായ ചിന്താക്കുഴപ്പം കണ്ടെത്തുന്നു. അദ്ദേഹത്തെ സംബന്ധിച്ച് ''ആത്മകഥയിലെ താത്പര്യം എന്നത് അത് വെളിപ്പെടുത്തുന്ന കാര്യമാണ്. എല്ലാ അറിവും, സ്വയം-ജ്ഞാനം ഉൾപ്പെടെ, രൂപകങ്ങളെ അല്ലെങ്കിൽ ആലങ്കാരികഭാഷയെ ആശ്രയിച്ചിരിക്കുന്നു'' എന്നതാണത്. (De man, 1979:919) ''ഇനിയും രൂപപ്പെട്ടുകഴിഞ്ഞിട്ടില്ലാത്ത നിരന്തര പരിണാമിയായ സ്വത്വത്തി ന്റ അടയാളമായി ആത്മകഥകളെ വ്യവഹരിക്കുന്നതുകൊണ്ടുതന്നെ ആത്മകഥ ഫിക്ഷനിൽനിന്നും വ്യത്യസ്തമാകുന്നില്ല'' (റോത്ത്സ്, 1980:218). ''ഒരു സ്വതന്ത്ര്യ ആഖ്യാനരൂപം എന്ന നിലയ്ക്ക്, ആത്മകഥ ഒരു വിഷയമോ അതിന്റെ പ്രതിനിധാനമോ തരുന്നില്ല. മറിച്ച് 'സ്വത്വ'ത്തിന്റെ സാധാരണ ഉപയോഗങ്ങളും സ്വത്വത്തെ പ്രകടിപ്പിക്കുന്ന വിവിധ രീതികളും വെളിവാക്കുകയാണ് ആത്മകഥചെയ്യുന്നത്'' (എൽസ്പെത്ത്, 1993:172).

### 1.1.2 ആത്മകഥകളുടെ മേന്മകളും ന്യൂനതകളും

ഒരു നാണയത്തിന് രണ്ടു വശങ്ങളെന്നപോലെ നിരവധി മേന്മകളും അതോടൊപ്പം ന്യൂനതകളും ആത്മകഥയ്ക്കുണ്ട്. ആത്മകഥയിലെ കഥാകാരനും എഴുത്തുകാരനും ഒരാൾ തന്നെയാവുമ്പോൾ അത് കൂടുതൽ സത്യസന്ധമായിരിക്കും എന്നതാണിതിന്റെ പ്രധാന മേന്മകളിൽ ഒന്ന്. ജീവിതത്തിൽ ഒരു വ്യക്തിക്ക് ഉണ്ടായിട്ടുള്ള

വിവിധ വികാരങ്ങളെയും ഓരോ കാലഘട്ടങ്ങളിലെ ചിന്താഗതികളെയും കുറിച്ച് ആരുടേയും സമ്മർദം കൂടാതെ പറയുവാൻ ആത്മകഥയിലൂടെ സാധിക്കുന്നു. ആത്മ കഥ അവസാനമില്ലാത്ത സ്വത്വത്തോടുള്ള സംഭാഷണമാണ്. അത് ഒരു പ്രത്യേക കാലത്തേയും വ്യക്തിജീവിതത്തേയും രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. ആത്മ കഥാകൃത്ത് ചരിത്രകാരൻ, സാഹിത്യകാരൻ എന്നി ഇരട്ടവേഷങ്ങൾ ഇവിടെ കൈകാര്യം ചെയ്യുന്നു. ആത്മകഥയിലൂടെ വ്യക്തിക്ക് തന്റെ ജീവിതത്തിന്റെ നേട്ടങ്ങളും കോട്ട ങ്ങളും വിലയിരുത്തുവാൻ സാധിക്കുന്നു എന്നത് അതിനെ ഇതര സാഹിത്യശാഖകളിൽ നിന്നു വ്യത്യസ്തമാക്കുന്നു. മേന്മകൾ ഉള്ളതുപോലെ തന്നെ ന്യൂനതകളും ഇതിൽ നിരവധിയാണ്. ആത്മകഥ പൂർണമായും സത്യസന്ധമാകാൻ സാധ്യത കുറവാണ്. സ്വന്തം ജീവിതത്തിലെ എല്ലാ സത്യങ്ങളും ആരും പൂർണമായി തുറന്നു പറയുകയില്ല. ഇഷ്ടപ്പെടാത്ത സംഭവങ്ങളെ മനഃപൂർവം മാറ്റി നിർത്തുകയും സംസ്കാരേതരമെന്ന് കരുതുന്ന സംഭവങ്ങളെ ഒഴിവാക്കുകയും ചെയ്യുമ്പോൾ ആത്മകഥയുടെ സത്യസന്ധത യിൽനിന്ന് എഴുത്തുകാരൻ ഒഴിഞ്ഞുമാറുന്നു. അനുഭവങ്ങളിൽനിന്നു ബോധപൂർവ മായ ഒരകലം പാലിക്കാൻ എല്ലാ എഴുത്തുകാരും ശ്രമിക്കാറുണ്ട്. അതുപോലെ തന്നെ മനഃപൂർവമുള്ള മറച്ചുവയ്ക്കലുകൾ ആത്മകഥയിൽ ഉണ്ടാകാമെന്നതും അതിന്റെ ഒരു ന്യൂനതയാണ്. പഴയകാലത്തെ മിക്ക സംഭവങ്ങളും അധികം പേർക്കും കൃത്യമായി ഓർക്കുവാൻ കഴിയാത്തവിധം മറവിയിലാണ്ടു കിടക്കുകയാ യിരിക്കും. ബാല്യകാലസ്മരണകൾ പൂർണമായും സത്യമാകണമെന്നില്ല.

ആത്മകഥയുടെ ഒരു പ്രധാന ന്യൂനത അത് സ്വയംപര്യാപ്തമായ ഒന്നല്ല എന്ന താണ്. ഒരാളുടെ മരണത്തെ അവതരിപ്പിക്കാനും മരണാനന്തരം ആ വ്യക്തിയെ സമൂഹം എങ്ങനെ അടയാളപ്പെടുത്തുന്നു എന്ന് രേഖപ്പെടുത്തുവാനും ആത്മകഥയിൽ സാധിക്കില്ല. അതുകൊണ്ട് തന്നെ ആത്മകഥയ്ക്ക് പൂർണമായ ഉപസംഹാരം നൽകുവാനും സാധിക്കില്ല. നിയതമായ രൂപനിയമങ്ങൾ ആത്മകഥയെ സംബന്ധി ച്ചിടത്തോളം ഇന്നുവരെ ഉണ്ടായിട്ടില്ല. അതിനാൽ മറ്റു സാഹിത്യശാഖകളെപ്പോലെ വർഗീകരണത്തിന് എളുപ്പത്തിൽ വഴങ്ങുന്ന ഒന്നല്ല ആത്മകഥ.

‘‘ഏതെങ്കിലും ഒരു മണ്ഡലത്തിൽ അംഗീകാരം നേടാൻ കഴിഞ്ഞിട്ടുള്ള ഒരു വ്യക്തി തന്റെ ജീവിതവും പ്രവർത്തനങ്ങളും സമൂഹത്തിനു മാർഗദർശകമായിത്തീരും എന്ന വിശ്വാസത്തോടെ ജീവിതാനുഭവങ്ങൾ സോദ്ദേശ്യമായി ആവിഷ്കരിക്കുമ്പോ ഴാണ് ആത്മകഥ ഉടലെടുക്കുന്നത്’’ (ജയകുമാർ, 1982:3). മാതൃകാ ജീവിതത്തിനുടമ യായിരുന്നു ആദ്യകാലത്ത് ആത്മകഥാകൃത്തുക്കളിൽ ഏറെയും. ഏതെങ്കിലും മണ്ഡല ത്തിൽ താൻ നേടിയ അംഗീകാരങ്ങൾ, ആത്മകഥ എഴുതുവാൻ പ്രേരിപ്പിക്കുന്ന സംഗതിയാണെന്ന് ഓരോ ആത്മകഥാകൃത്തും തിരിച്ചറിഞ്ഞിരുന്നു.

ഇതരസാഹിത്യവിഭാഗങ്ങളെ അപേക്ഷിച്ച് സമൂഹത്തിൽ അടിച്ചമർത്തപ്പെട്ട വരുടെ ആവിഷ്കാരങ്ങൾ സജീവ സാന്നിധ്യമായിരിക്കുന്നത് ആത്മകഥകളിലാണ്. സവർണ സാഹിത്യമൂല്യങ്ങൾക്ക് കടുത്ത പ്രഹരങ്ങൾ നൽകുന്ന നിരവധി ആത്മകഥ കൾ മലയാളത്തിൽ അടുത്തകാലത്ത് ഉണ്ടായിട്ടുണ്ട്. നളിനി ജമീല, സുരയ്യബാനു, ഷക്കീല, സിസ്റ്റർ ജെസ്മി, മണിയൻപിള്ള തുടങ്ങിയവരുടെ ആത്മകഥകൾ ഇതിന് ഉദാഹരണങ്ങളാണ്. കാലങ്ങളായി നേടിയെടുത്ത പ്രതിരോധത്തിനുള്ള ഊർജം ഈ ആത്മകഥനങ്ങളുടെ അടിത്തറയായി വർത്തിക്കുന്നതുകൊണ്ടുതന്നെ ഉജ്ജ്വലങ്ങ ളായ സാമൂഹികാഖ്യാനങ്ങളായി ഇവ പരിഗണിക്കപ്പെടേണ്ടതുണ്ട്. വ്യക്തിത്വത്തിന്റെ പ്രതിഷ്ഠാപനമാണ് ആത്മകഥയുടെ പ്രധാന ലക്ഷ്യം.

### 1.1.3 ആത്മകഥ; വിഭാഗങ്ങൾ

ആത്മകഥകളെ അവയുടെ ഉള്ളടക്കത്തിന്റെ സ്വഭാവമനുസരിച്ചും ആന്ത രികഭാവത്തെ അടിസ്ഥാനമാക്കിയും പലതരത്തിൽ വിഭജിച്ചിട്ടുണ്ട്. ഉള്ളടക്കത്തിന്റെ സ്വഭാവമനുസരിച്ച് കുമ്പസാരപരം (Confessional), ചരിത്രപരം (Historical), സംഭവാ ഖ്യാനപരം (Descriptive) എന്നിങ്ങനെ വിഭജിക്കുന്നു. ഒരു വ്യക്തി തന്റെ കുറ്റങ്ങളും കുറവുകളും ദുഃഖപൂർവം ആവിഷ്കരിക്കുന്നതാണ് കുമ്പസാരപരമായ ആത്മകഥ. സെന്റ് അഗസ്റ്റിൻ, റൂസ്സോ, ടോൾസ്റ്റോയി തുടങ്ങിയവരുടെ ആത്മകഥകൾ ഇതിന് ഉദാ ഹരണങ്ങളാണ്. ചരിത്രപരമായ ആത്മകഥകൾ ഒരാളുടെ ജീവിതാനുഭവങ്ങളെ കാല ക്രമമനുസരിച്ച് ഒരു ചരിത്രരേഖയെന്നപോലെ വിവരിക്കുന്നു. ജവഹർലാൽ നെഹ്റു,

എച്ച്. ജി. വെത്സ്, കെ.പി. കേശവമേനോൻ എന്നിവരുടെ ആത്മകഥകൾ ഇതിനുദാഹരണമാണ്. സംഭവാഖ്യാനപരങ്ങളായ ആത്മകഥകൾ, സ്വജീവിതത്തിൽ നടന്നിട്ടുള്ള കാര്യങ്ങളുടെ വ്യാഖ്യാനമെന്ന നിലയിൽ രചിക്കപ്പെട്ടവയാണ്. ഗൊയ്ഥേ, ഗാന്ധിജി, ടാഗൂർ, ചെറുകാട്, ഫാദർ വടക്കൻ, എം.കെ.കെ. നായർ എന്നിവരുടെ ആത്മകഥകൾ ഇതിന് ഉദാഹരണമാണ്.

ആന്തരികഭാവത്തെ അടിസ്ഥാനമാക്കി ആത്മകഥകളെ സാമൂഹികപരം, രാഷ്ട്രീയപരം, സാഹിത്യപരം, ദാർശനികപരം, കലാപരം എന്നിങ്ങനെ അഞ്ചായി തിരിക്കുന്നു. സാമുദായിക സ്വത്വം കേന്ദ്രപ്രമേയമാക്കിയ ആത്മകഥാഖ്യാനങ്ങൾ വിപുലമായി മലയാളസാഹിത്യത്തിലുണ്ട്. ഇവിടെ എഴുത്തുകാരിയുടെ/കാരന്റെ നിലനിൽപ്പ് സാമുദായികതയിൽ നിന്ന് വേറിട്ടു കാണാനാവില്ല. സാമൂഹികമായ അടിത്തറയിൽ കെട്ടിയുയർത്തപ്പെട്ട വ്യക്ത്യനുഭവങ്ങളാണ് ആത്മകഥയുടെ കേന്ദ്രബിന്ദു എന്നതുകൊണ്ടുതന്നെ 'സാമൂഹികം' എന്ന വിശാലമായ വിഭാഗത്തിൽ ഏതൊരു ആത്മകഥയെ ഉൾപ്പെടുത്താം. ഹെലൻ കെല്ലർ, ആൽബർട്ട് ഷ്വൈറ്റ്സർ, അംബികാ ദത്തവ്യാസ്, ശിവനാഥ് ശാസ്ത്രി, വീരേശലിംഗം പന്തലു, സി. കേശവൻ, വി.ടി.ഭട്ടതിരിപ്പാട്, മന്നത്തു പദ്മനാഭൻ, വിനയ തുടങ്ങിയവരുടെ ആത്മകഥകൾ സാമൂഹിക പ്രാധാന്യമുള്ള ആത്മകഥകളാണ്.

രാഷ്ട്രീയ പ്രാധാന്യമുള്ള ആത്മകഥകളിൽ സുരേന്ദ്രനാഥ് ബാനർജി, ടി. പ്രകാശം, ജയകാന്തൻ, എ.കെ. ഗോപാലൻ, ചെറുകാട്, ഇ.എം.എസ്. നമ്പൂതിരിപ്പാട്, തോപ്പിൽ ഭാസി, അക്കമ്മ ചെറിയാൻ, അജിത, ഗൗരിയമ്മ, സി. അച്യുതമേനോൻ എന്നിവരുടെ ആത്മകഥകൾ സവിശേഷ പ്രാധാന്യമർഹിക്കുന്നവയാണ്.

ലിയോ ടോൾസ്റ്റോയി, ഗോയ്ഥേ, ടാഗൂർ, സാർത്ര്, സോമർസെറ്റ് മോം, പ്രേംചന്ദ്, ലക്ഷ്മിഭായ് തിലക്, ഹരിവംശറായ് ബച്ചൻ, പി. കുഞ്ഞിരാമൻ നായർ, ജി. ശങ്കരക്കുറുപ്പ്, മാധവിക്കുട്ടി, എസ്.കെ. നായർ എന്നിവരുടെ ആത്മകഥകൾ സാഹിത്യപരങ്ങളായ ആത്മകഥകളാണ്. ചിലരുടെ ആത്മകഥകൾക്ക് രാഷ്ട്രീയ പ്രാധാന്യത്തോടൊപ്പം

സാമൂഹികമോ സാഹിത്യപരമോ ആയ പ്രാധാന്യം കൂടി ഉണ്ടാകാറുണ്ട്. സർദാർ കെ.എം.പണിക്കരുടെ ആത്മകഥ ഉദാഹരണമാണ്.

ദാർശനിക വിഭാഗത്തിൽപ്പെടുന്നവയിൽ പ്രധാനം സെന്റ് അഗസ്റ്റിൻ, ജോൺ ബനിയൻ, നടരാജഗുരു, മേലൂർ ദാമോധരൻ എന്നിവരുടെ ആത്മകഥകളാണ്. സെല്ലിനി, ടി.കെ. ഷണ്മുഖം, സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞു ഭാഗവതർ, പി.ജെ. ആന്റണി, പി.ജെ. ചെറിയാൻ, കാമ്പിശ്ശേരി കരുണാകരൻ, മഞ്ജുവാര്യർ, കെ.പി.എ.സി. ലളിത തുടങ്ങിയവരുടെ ആത്മകഥകൾ കലാത്മകവിഭാഗത്തിൽപ്പെടുന്നവയാണ്. ആയിഷയുടെ ആത്മകഥയ്ക്ക് കലാപരവും സാമൂഹികപരവും രാഷ്ട്രീയപരവുമായ പ്രാധാന്യമാണുള്ളത്.

ആത്മകഥാരചനയ്ക്കു വൈകാരികം (emotional), വൈജ്ഞാനികം (intellectual) എന്ന് രണ്ട് രചനാസങ്കേതങ്ങളുണ്ട്. ആത്മസത്ത പ്രകടിപ്പിക്കാനുള്ള തിടുക്കത്തിൽ വേണ്ടത്ര വിവേചനം കൂടാതെ എഴുതുന്ന ആത്മകഥയിൽ വൈകാരികാംശത്തിനും, വികാരവിവേചനത്തോടെ അനുഭവങ്ങളെ വിലയിരുത്തി അടുക്കുംചിട്ടയുമായി അവതരിപ്പിക്കുന്ന ആത്മകഥയിൽ പ്രജ്ഞാപരമായ ഘടകത്തിനുമാണ് പ്രാധാന്യം. വ്യക്തിയുടെ ജീവിതം ചിത്രീകരിക്കുമ്പോൾ കാലഘട്ടം, രാഷ്ട്രീയം, സമൂഹം, ആചാരങ്ങൾ തുടങ്ങിയവയുടെ പ്രതിഫലനം ആത്മകഥയിൽ കാണുവാൻ സാധിക്കും. ആത്മാർഥത, ലാളിത്യം, ആർജവം എന്നിവയാണ് ആത്മകഥാകാരനുണ്ടായിരിക്കേണ്ട അത്യാവശ്യ ഗുണങ്ങൾ. തനിക്ക് അരോചകമായിട്ടുള്ള കാര്യങ്ങൾപോലും സത്യസന്ധമായി തുറന്നുപറയാനുള്ള ആർജവവും എഴുതുന്ന വിഷയത്തോടുള്ള ആത്മാർഥതയും വസ്തുനിഷ്ഠതയും ആത്മകഥാകാരനെ സത്യസന്ധനാക്കുന്നു.

### 1.1.4 ആത്മകഥയ്ക്ക് മറ്റു സാഹിത്യശാഖകളുമായുള്ള ബന്ധം

സ്മരണകൾ, കത്തുകൾ, ഡയറിക്കുറിപ്പുകൾ, പൂർണ ആത്മകഥകൾ തുടങ്ങി പല രീതിയിൽ ആത്മകഥകളെ വിഭജിക്കാം. സ്വന്തം അറിവോ പ്രത്യേക മാർഗങ്ങളിൽ നിന്നു കിട്ടിയ അറിവുകളോ അടിസ്ഥാനമാക്കി എഴുതുന്നവയാണ് സ്മരണകൾ. മല

യാള സാഹിത്യം സ്മരണകളാൽ സമ്പന്നമാണ്. ഇതുപോലെ ചില കത്തുകളും ഡയറിക്കുറിപ്പുകളും ആത്മകഥയുടെ ഭാവഭേദങ്ങളായി കരുതുന്നു.

ആത്മകഥയോട് ഏറ്റവും അടുത്തു നിൽക്കുന്ന ഒരു സാഹിത്യശാഖയാണ് ജീവചരിത്രം. ആത്മകഥയിലെ ചരിത്രരചന കഥാപുരുഷൻതന്നെ നടത്തുമ്പോൾ ജീവചരിത്രരചന കഥാപുരുഷനൊഴിച്ച് മറ്റാർക്കും ആകാമെന്നുള്ളതാണ് ഇവ തമ്മിലുള്ള അടിസ്ഥാന വ്യത്യാസം. ഒരു വ്യക്തിയുടെ പൂർണമായ ജീവിതകഥ ആവിഷ്കരിക്കുവാൻ ജീവചരിത്രകാരനല്ലാതെ ആത്മകഥാകാരനു സാധ്യമല്ല. ആത്മകഥയിൽ ജീവചരിത്രാംശങ്ങളും ജീവചരിത്രത്തിൽ ആത്മകഥാംശങ്ങളും കലരാമെന്നുള്ളതുകൊണ്ട് ജീവചരിത്രത്തിന്റെ വിപുലമായ മേഖലയിൽ ആത്മകഥയെ ഉൾപ്പെടുത്തുന്നു.

ഭാവനാസൃഷ്ടമായി മനുഷ്യജീവിതത്തെ ആഖ്യാനിക്കുന്ന നോവലുകൾ ചിലപ്പോൾ ആത്മകഥയുടെ സ്വഭാവം പുലർത്താറുണ്ട്. ''ഭൂതകാല സംഭവങ്ങളെ പുനരാവിഷ്കരിക്കാനും അവയുടെ സ്മരണകളെ അയവിറക്കി ആനന്ദിക്കാനും ജന്മസിദ്ധമായ വാസന മനുഷ്യനുണ്ട്. ആ വാസനയാണ് ആത്മകഥാരചനയ്ക്കു പ്രേരകം. അതുകൊണ്ട് സർഗാത്മകപ്രക്രിയയുമായി ആത്മകഥയ്ക്കും നോവലിനും സാമാന്യ ബന്ധമുണ്ട്'' (ജയകുമാർ, 1982:5). നോവൽ അനുഭവസമ്പന്നമായ മനുഷ്യജീവിതത്തിന്റെ ശക്തിഭദ്രമായ ആവിഷ്കാരമാകുമ്പോൾ മനുഷ്യജീവിതത്തിന്റെ യാഥാർഥ്യത്തെ സത്യസന്ധമായി ആവിഷ്കരിക്കുകയാണ് ആത്മകഥ ചെയ്യുന്നത്.

### 1.1.5 ആത്മകഥ - പാശ്ചാത്യസാഹിത്യത്തിലും ഇന്ത്യൻ സാഹിത്യത്തിലും

ആത്മാകഥാസാഹിത്യത്തിന് ക്രിസ്ത്വബ്ദാരംഭത്തോളം പഴക്കമുണ്ട്. സു-മാ-ചിൻ എന്ന ചീന സാഹിത്യകാരനായിരുന്നു വിശ്വസാഹിത്യത്തിൽ ഒന്നാമത്തെ ആത്മകഥ എഴുതിയത്. ബി.സി. ഒന്നാംശതകത്തിൽ പ്രസിദ്ധീകരിച്ച 'സിസറോവിന്റെ കത്തുകളും', ജൂലിയസ് സീസറിന്റെ 'കമന്ററീസും' ആത്മകഥാശാഖയിലെ ആദ്യകാല രചനകളിൽപെടുന്നു. എന്നാൽ ''സ്വന്തം ജീവിതത്തെ മാത്രം ആവിഷ്കരിച്ച ആദ്യത്തെ

കൃതി ലാറ്റിൻ ഭാഷയിലുണ്ടായ സെന്റ് അഗസ്റ്റിന്റെ 'കൺഫെഷൻസ്'' ആണ് (Kuriakose, 1977:399).

ഇംഗ്ലിഷ് സാഹിത്യത്തിലെ ഒന്നാമത്തെ ആത്മകഥ പതിനഞ്ചാംശതകത്തിൽ രചിച്ച ജെറുസലേം തീർഥാടനം വിവരിക്കുന്ന മാർജെറി കെമ്പിന്റെ പുസ്തകമാണ്. ഇറ്റലിക്കാരായ ബെൻ ബെനറ്റോ സെല്ലിനിയുടെയും ജറാഡനിമോ കാർഡാനോയുടെയും ആത്മകഥകൾ പ്രാചീന കാലഘട്ടത്തിലെ ആത്മകഥകളിൽനിന്ന് രൂപത്തിലും ഭാവത്തിലും വൈവിധ്യം പുലർത്തുന്നവയാണ്.

17-ാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട പ്രസിദ്ധങ്ങളായ രണ്ട് ആത്മകഥകൾ ജോൺ ബനിയന്റെ 'അപരിമിതമായ ദൈവകാരുണ്യവും' റിച്ചാർഡ് ബാക്സറുടെ 'ഏറ്റവും സ്മരണീയമായ ജീവിതകാലങ്ങളു'മാണ്. സ്ത്രീകൾ എഴുതിയ പല ആത്മകഥകളും ലഭിച്ചു എന്നതാണ് പതിനേഴാംശതകത്തിന്റെ ഒരു പ്രധാന സവിശേഷത. ആത്മകഥാ സാഹിത്യത്തിന്റെ വസന്തകാലമായ പതിനെട്ടാം ശതകത്തിലാണ് ആത്മകഥ ഒരു സ്വതന്ത്ര രചനാശാഖയായി വികസിക്കുന്നത്. യൂറോപ്പിന്റെ ചിന്താധാരയെ പുതിയൊരു ദിശയിലേക്ക് നയിച്ച റൂസ്സോയുടെ 'കൺഫെഷ ൻസ്' ഉത്കൃഷ്ടവും സൂക്ഷ്മവുമായ ആത്മാപഗ്രഥനത്താൽ ശ്രദ്ധേയമാണ്.

പാശ്ചാത്യരാജ്യങ്ങളിൽ രൂപംകൊണ്ട ആത്മകഥാപ്രസ്ഥാനം പത്തൊമ്പതാം ശതകത്തോടുകൂടിയാണ് ഇന്ത്യൻ സാഹിത്യത്തിലേക്കു കടന്നുവരുന്നത്. ഇതിഹാസങ്ങളിലേയും പുരാണങ്ങളിലേയും ഇഷ്ടദേവതാസ്തുതികളിൽ കാണുന്ന ആത്മാവിഷ്കാരങ്ങളാണ് ഇന്ത്യയിൽ ആത്മകഥകളുടെ ആദ്യ രൂപങ്ങൾ. ഇഷ്ടദേവതാസ്തുതികളിൽ 'ഞാൻ' എന്ന ഭാവത്തിനാണ് പ്രാധാന്യം. 'ഞാൻ' അങ്ങയെ നമിക്കുന്നു, 'ഞാൻ' അങ്ങയെ പുകഴ്ത്തുന്നു എന്നു പറയുന്നിടത്തെല്ലാം 'അഹ'ത്തിനാണ് പ്രാധാന്യം നൽകുന്നത്. ഞാൻ എന്താണ്, ആരാണ്, എവിടെയാണ് എന്നതിനെല്ലാം വ്യക്തമായ മറുപടിയാണ് 'അഹം ബ്രഹ്മാസ്സിൻ' എന്ന ആപ്തവാക്യം. എങ്കിലും ആത്മകഥ എന്ന രീതിയിൽ എഴുതപ്പെട്ട കൃതികൾ പ്രാചീന ഭാരതീയ സാഹിത്യത്തിൽ വിരളമായിരുന്നു. ആധുനികകാലത്ത് ഭാരതീയസാഹിത്യങ്ങളിൽ ഗണ്യമായ ഒരു സ്ഥാനം ആത്മകഥാ

സാഹിത്യത്തിന് ലഭിച്ചിട്ടുണ്ട്. രാജാറാംമോഹൻറോയി 1833-ൽ രചിച്ച 'ചെറിയ ആത്മകഥാരേഖകൾ' ആണ് ഇന്ത്യയിലെ ആദ്യത്തെ ഇംഗ്ലിഷ് ആത്മകഥാരചന.

സ്വാതന്ത്ര്യാനന്തരം പ്രസിദ്ധീകരിച്ച ആത്മകഥകളിൽ എടുത്തുപറയേണ്ടത് മൊറാർജി ദേശായിയുടെ മൂന്ന് വാല്യങ്ങളായി പ്രസിദ്ധീകരിച്ച 'ദ സ്റ്റോറി ഓഫ് ലൈഫ്' (1974), നിരദ് സി ചൗദരിയുടെ 'ഓട്ടോബയോഗ്രാഫി ഓഫ് ആൻ അൺനോൺ ഇന്ത്യൻ', വേദ മേഹ്തയുടെ 'ഫേസ് ടു ഫേസ്' (1965), ഡോം മോറിസിന്റെ 'നെവർ അറ്റ് ഹോം', ആർ.കെ. നാരായന്റെ 'മൈ ഡേയ്സ്' (1975) തുടങ്ങിയവയാണ്. പണ്ഡിറ്റ് രവിശങ്കറിന്റെ 'മൈ മ്യൂസിക്, മൈ ലൈഫ്' (1968), ഹസാരിയുടെ 'ആൻ ഇന്ത്യൻ ഔട്ട്കാസ്റ്റ്' (1951) തുടങ്ങിയവയും പ്രശസ്തങ്ങളായ ആത്മകഥകളാണ്.

ഹിന്ദിയിലെ ആദ്യത്തെ ആത്മകഥയായി അറിയപ്പെടുന്നത് ബനാറസി ദാസിന്റെ അർധകഥാനക് (1641) ആണെങ്കിലും സ്വാമി ദയാനന്ദസരസ്വതിയുടെ ആത്മകഥയാണ് ഇതിൽ ആധുനിക രൂപത്തിലുള്ളത്. യശ്പാൽ, ഹരിവംശ്റായി ബച്ചൻ, ബാലകൃഷ്ണശർമ, ഗുലാബ്റായ്, രാംവിലാസ് ശുക്ല, വിനോദ ശങ്കർവ്യാസ്, സുധാകർ ദ്വിവേദി എന്നിവരുടെ ആത്മകഥകളും ഹിന്ദി സാഹിത്യത്തിൽ ശ്രദ്ധേയ ങ്ങളാണ്.

കൃഷ്ണചന്ദ്രമജുംദാറിന്റെ 'ഇതിവൃത്ത' (1868) ബംഗാളിലെ ആദ്യത്തെ ആത്മകഥയായി അറിയപ്പെടുന്നു. ലക്ഷണയുക്തമായ ആദ്യത്തെ ആത്മകഥ രാസ സുന്ദരി ദാസി എന്ന വീട്ടമ്മ രചിച്ച 'ആമാർ ജീവൻ' ആണ്. ഇന്ദിരാദേവിയുടെ 'ആമാർഖാട്ടാ', ജ്ഞാനദാന്ദിനി ദേവിയുടെ 'പുരാതനി', സരളാ ബാലസർക്കാരിന്റെ 'ഹാരാനൊ അതീത്', സുദക്ഷിണാസെന്നിന്റെ 'ജീവനസ്മൃതി', ബിനോദിനി ദാസി രചിച്ച 'ആമാർ കഥ', മൈത്രേയിദേവിയുടെ 'നഹന്യതേ', പ്രതിമാ ടാഗോറിന്റെ 'സ്മൃതിചിത്ര' തുടങ്ങിയവ സ്ത്രീകൾ രചിച്ച ആത്മകഥകളിൽ പ്രധാനപ്പെട്ടവയാണ്.

നാരായണ ഹേമചന്ദ്ര രചിച്ച 'ഹുൻ പോതെ' എന്ന ആത്മകഥ ആദ്യകാല ഗുജറാത്തി ആത്മകഥകളിൽ പ്രധാനപ്പെട്ടതാണ്. സാമൂഹ്യ രാഷ്ട്രീയമേഖലകളിൽ സജീവമായിരുന്ന ഒരു പാഴ്സി സ്ത്രീ രചിച്ച ആത്മകഥയാണ് 'ഷിറീൻ മാഡം'

(1890). മഹാത്മാഗാന്ധിയുടെ 'സത്യാനാ പ്രയോഗോ', കനുബഹൻദാവെ രചിച്ച 'ജീവൻസ്മൃതി തഥാ നോഡ്പോതി', ബൽവന്ത്റായ് രചിച്ച 'പഞ്ചോത്തർമ്മേ', പ്രഭുദാസ് ഗാന്ധി രചിച്ച 'ജീവന്നുംപരോഡ്', ധൂമകേതുവിന്റെ 'ജീവൻപന്ഥ്', 'ജീവൻരംഗ്' എന്നീ കൃതികളും ഇന്ദുലാൽ യാജ്ഞിക് രചിച്ച 'ആത്മകഥാഗ്രന്ഥ്', രവിശങ്കർ രചിച്ച 'ആത്മകഥാനക്' എന്നിവയും ആധുനിക ഗുജറാത്തി ആത്മകഥ കളിൽ പ്രസിദ്ധങ്ങളാണ്.

ദാദാബോ പാണ്ഡുരംഗ് രചിച്ച 'ബാബാപദംജിയുടെ അരുണോദയം' (1888) എന്ന ആത്മകഥ മറാഠി ഭാഷയിലെ ലക്ഷണയുക്തമായ ആദ്യത്തെ ആത്മക ഥയാണ്. എൻ.വി. ഗാഡ്ഗിൽ മൂന്നുവാല്യമായി രചിച്ച 'പഥിക്', ഗംഗാധരറാവു ദേശ് പാണ്ഡെ രചിച്ച 'മാസി ജീവൻ', ഡി.കെ കാർവെയുടെ 'ആത്മവൃത്ത' തുടങ്ങിയവ പ്രശസ്തങ്ങളായ മറാഠി ആത്മകഥകളാണ്. സന്ത് സംപൂരൺ സിംഹ് രചിച്ച 'ജീവൻ ഗാഥ' എന്ന കൃതിയാണ് പഞ്ചാബിലെ ആദ്യത്തെ ആത്മകഥയായി അറിയ പ്പെടുന്നതെങ്കിലും ലക്ഷണയുക്തമായ ആദ്യത്തെ ആത്മകഥയായി അറിയപ്പെടുന്നത് തേജാസിങ് രചിച്ച 'അർസി' (കണ്ണാടി) ആണ്. അമൃതാപ്രീതം രചിച്ച 'രസീദി ടിക്കറ്റ്', സാഹിബ് സിങ് രചിച്ച 'മേരി ജീവൻ കഹാനി', തുടങ്ങിയവ ആധുനിക കാലത്ത് രചിച്ച ആത്മകഥകളിൽ ശ്രദ്ധിക്കപ്പെട്ടവയാണ്.

ഉർദുവിലെ ശ്രദ്ധേയമായ ആദ്യത്തെ ആത്മകഥ സർ സയ്യിദ് റേസാ അലി യുടെ 'അമൽനോമാ' ആണ്. മുഷ്താഖ് അഹമ്മദി യൂസുഫിയുടെ 'സാർഗുസാ ഷെത്' രചനാരീതികൊണ്ട് സവിശേഷമായ ശ്രദ്ധ ആകർഷിക്കുന്നു. ഒറിയയിൽ ആദ്യം പ്രസിദ്ധീകരിച്ച ആത്മകഥ എന്ന നിലയിലും ഏറ്റവും മികച്ച ആത്മകഥ എന്ന നിലയിലും അറിയപ്പെടുന്ന ആത്മകഥയാണ് ഫക്കീർ മോഹന് സേനാപതി രചിച്ച 'ആത്മജീവൻ ചരിത'. രാമകൃഷ്ണനന്ദയുടെ 'ജീവൻതരംഗ', ലക്ഷ്മിനാരായണ സാഹു രചിച്ച 'മോ ബാരാബുല', കുഞ്ജബിഹാരി ദാസിന്റെ 'മോ നിജ കഹാനി' തുടങ്ങി യവ ഒറിയയിലെ ആത്മകഥകളിൽ പ്രസിദ്ധങ്ങളാണ്.

വിരേശലിംഗം പന്തുലുവിന്റെ 'ആത്മകഥ'യാണ് തെലുങ്കിലെ ആദ്യത്തെ ആത്മകഥയായി അറിയപ്പെടുന്നത്. ഭാഷാശൈലിയുടെയും രചനാശൈലിയുടെയും പ്രത്യേകതകൾകൊണ്ട് ശ്രദ്ധേയമായ കൃതികളാണ് നാദിംപിള്ളി വെങ്കട ലക്ഷ്മീ നര സിംഹറാവു, ദുവ്വുരി വെങ്കട രമണശാസ്ത്രി, നോവലിസ്റ്റായ തെന്നേലി, ഹേമലത എന്നിവരുടെ ആത്മകഥകൾ. കന്നടസാഹിത്യത്തിലെ ഏറ്റവും പ്രശസ്തമായ ആത്മ കഥകൾ കെ. ശിവരാമ കാരന്ത് രചിച്ച 'ഹച്ചുമനസ്സിന ഹത്തു മുഖഗളു', മാസ്തി വെങ്കിടേശ അയ്യങ്കാരുടെ 'ഭാവ' തുടങ്ങിയവയാണ്. ഡി.ആർ. ബേന്ദ്രേ, ഹാരാശങ്കർ ചെന്നലപ്പ, ചന്നപ്പാ ഉത്തംഗി എന്നവരുടെ ആത്മകഥകളും കന്നട സാഹിത്യത്തിൽ പ്രശസ്തമാണ്. ചിദംബരപിള്ളയുടെ 'ചുയചരിതൈ', രാജാഗോപാലാചാരിയുടെ 'ചിറ യിൽ തവം', നാമക്കൽ രാമലിംഗംപിള്ളയുടെ എൻകതൈ', സുന്ദരരാജന്റെ 'നിനൈവ് അലൈകൾ', ജയകാന്തന്റെ 'ഒരു ഇലക്കിയ വിതിയിൻ അരചിയല് അനുഭവങ്കള്' ടി.കെ. ഷൺമുഖത്തിന്റെ 'എനതു നാടകവാഴ്കൈ', യു.വി. സ്വാമിനാഥയ്യരുടെ 'എൻചരിതം' എന്നിവ തമിഴിലെ പ്രധാനപ്പെട്ട ആത്മകഥകളാണ്.

മലയാളത്തിന്റെ ആദ്യത്തെ ആത്മകഥയെന്ന് പറയപ്പെടുന്നത് ക്രിസ്തുമത ത്തിലേക്ക് പരിവർത്തനംചെയ്ത തദ്ദേശവാസിയുടേതായിരുന്നു എന്നു പറയപ്പെ ടുന്നു. ''ആത്മകഥയെന്ന പേരിൽ ആദ്യമുണ്ടായ കൃതി വൈക്കത്തു പാച്ചുമൂത്തതിന്റേ താണെ''ങ്കിലും (ഗോപാലകൃഷ്ണൻ, 1998:6) ലക്ഷണമൊത്ത ആദ്യകൃതിയായി പരിഗ ണിക്കുന്നത് സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ 'എന്റെ നാടുകടത്തൽ' ആണ്.

മറ്റുള്ളവയിൽ നിന്നു വ്യത്യസ്തമായി രണ്ടുതരം സംസ്കാരധാരയുടെ പിൻബലം അവകാശപ്പെടാവുന്നവയാണ് ഇന്ത്യൻ - ഇംഗ്ലിഷ് ആത്മകഥകൾ. ഏറെ സമ്പന്നത അവകാശപ്പെടാവുന്ന ഇത്തരം രചനകളിൽ ജനിച്ചു വളർന്ന ഒരു സംസ്കാരവും ജീവിതസമസ്യകളോട് പോരാടേണ്ടി വരുന്ന മറ്റൊരു സംസ്കാരവും തമ്മിലുള്ള ഒരു സമരസപ്പെടൽ കാണുവാൻ സാധിക്കും.

എസ്. രാധാകൃഷ്ണന്റെ *മൈ റിസർച്ച് ഫോർ ട്രൂത്ത്*, സുഭാഷ് ചന്ദ്രബോ സിന്റെ *ആൻ ഇന്ത്യൻ പിൽഗ്രിം*, വി.വി. ഗിരിയുടെ *ലൈഫ് ആന്റ് ടൈംസ്*, വിജയ

ലക്ഷമി പണ്ഡിറ്റിന്റെ *മൈ ജയിൽ ലൈഫ്*, രവിശങ്കറുടെ *മൈ മ്യൂസിക് മൈ ലൈഫ്*, സുരേന്ദ്രനാഥ് ബാനർജിയുടെ *റെമനിസെൻസ് ഓഫ് ഫിഫ്ടി ഇയേഴ്സ് ഓഫ് പബ്ലിക് ലൈഫ്*, ദയാനന്ദ സരസ്വതി, ആർ.കെ. നാരായണൻ, കെ.എം. പണിക്കർ, കെ.പി.എസ്. മേനോൻ എന്നിവരുടെ ആത്മകഥകളും *ബയോഗ്രഫീസ്*, കമലാ ദാസിന്റെ *മൈസ്റ്റോറി* തുടങ്ങി ധാരാളം ആത്മകഥകൾ ഇന്ത്യൻ-ഇംഗ്ലിഷ് സാഹിത്യ ത്തിലെ ആത്മകഥാപ്രസ്ഥാനത്തെ ശക്തമാക്കിത്തീർത്തിട്ടുണ്ട്.

ആത്മകഥ സ്വയം പ്രതിരോധിക്കാനുള്ള ഒരു നീണ്ട പ്രസംഗമാണ്, അതിനു രണ്ടുരീതികളുണ്ട്. ''ഒന്നിൽ എഴുത്ത് എന്നത് നോവൽപോലെ തന്നെ താത്പര്യമു ളവാക്കുന്നതും യഥാർഥ ജീവിതംപോലെ ജീവിതവുമുള്ളതുമാണ്. അതിൽ പറയുന്ന രീതിയിൽ സത്യസന്ധതയും വിശ്വാസ്യതയും തിരിച്ചുവ്യത്യാസമില്ലായ്മയും തീർച്ച യായും ഉണ്ടാകും. മറ്റൊന്ന് ഏറ്റവും നല്ല ആത്മകഥകൾ വ്യക്തിയുടെ ഉള്ളിലെ സ്വത്വ ത്തിന്റെ യാത്രകളെ വെളിപ്പെടുത്തുന്നതും ഒരു വ്യക്തിയുടെ ഉള്ളിലെ പ്രശ്നങ്ങളെ അതുപോലെ തന്നെ വിവരിക്കുന്നതുമാണ്. അത് വ്യക്തിക്ക് അനുയോജ്യവും അയാളുടേതുമാത്രമായ ഒരു വ്യക്തിത്വവും നല്കുന്നു'' (Bernard, 1957:79).

### 1.1.6 ആത്മകഥ ഇന്ന്

വൈവിധ്യമാർന്ന അപഗ്രഥനങ്ങൾ സാംസ്കാരിക പഠനമേഖലയിൽ നട ത്തുവാൻ ഇന്ന് ആത്മകഥ, ശാഖയ്ക്കു കഴിയുന്നുണ്ട്. വംശീയവും വർഗീയവും ലൈംഗികവുമായ ദേശീയ ന്യൂനപക്ഷങ്ങളെക്കുറിച്ച്, അവയുടെ സ്വത്വ പ്രതിനിധാ നങ്ങളെക്കുറിച്ച്, വളരെ വിശാലമായ പരിധിക്കുള്ളിൽ നിന്നുകൊണ്ട് വൈവിധ്യമായ പഠനങ്ങൾ വന്നുകൊണ്ടിരിക്കുന്നു. എഴുത്ത് അറിയാവുന്നവർക്ക് മാത്രമേ ആത്മകഥ യെഴുതുവാൻ സാധിക്കുകയുള്ളൂ എന്ന ധാരണ ഇന്ന് തകർന്നിരിക്കുന്നു. വിദ്യാഭ്യാസ മില്ലാത്തവരുടേയും ദരിദ്രരുടേയും ചരിത്രങ്ങളിന്ന് വായ്മൊഴിയായി പകർത്തുന്നു. മുഖ്യധാരാശബ്ദങ്ങളിലേക്ക് പ്രാന്തവത്കൃതരായവരുടെ വായ്മൊഴി ശബ്ദങ്ങൾ കൂടിച്ചേരുമ്പോൾ ആത്മകഥ ചരിത്രത്തിന്റെ കഥ ആവുകയും കഥ ചരിത്രമായിത്തീ രുകയും ചെയ്യുന്നു. തമസ്കരിക്കപ്പെട്ട, പ്രാന്തവത്കൃതസമൂഹങ്ങളായ ദളിതർ, വേശ്യ

കൾ, ലൈംഗിക തൊഴിലാളികൾ, സ്വവർഗഭോഗികൾ, കള്ളന്മാർ, എയിഡ്സ് രോഗികൾ, മാഫിയ സംഘങ്ങൾ, ഹിജഡകൾ, നടിമാർ തുടങ്ങിയവരുടെ വായ്മൊഴികൾ ഇന്ന് ശക്തമായി മുന്നോട്ടു വരുന്ന ഒരു വർത്തമാനകാല സാഹചര്യമാണുള്ളത്. മുഖ്യവ്യവഹാരത്തിനുള്ളിൽ വരുന്ന ആത്മകഥകൾ മാത്രം ചരിത്രവത്കരിക്കുകയും അതിനപ്പുറത്തുള്ള പ്രാന്തവത്കൃത ജനവിഭാഗങ്ങളുടെ വ്യക്ത്യാവബോധം ചരിത്രത്തിനു പുറത്താവുകയും ചെയ്തിരുന്ന ഒരു കാലഘട്ടത്തിൽ നിന്ന് ഇത്തരം രചനകൾ കാലത്തിന്റെ സൃഷ്ടിയായി, ആവശ്യകതയായി മാറിയിരിക്കുന്നു. ''സാഹിത്യത്തിന്റെ വരേണ്യമൂല്യങ്ങളെ ചോദ്യംചെയ്ത് എഴുത്തുകാരന്റെ 'അഹം' സങ്കല്പത്തെ പ്രതിസന്ധിയിലാക്കുകയാണ് നവീന ആത്മകഥാകൃത്തുക്കൾ ചെയ്യുന്നത്. ആധുനിക കർത്തൃരൂപങ്ങളുടെ ശിഥിലീകരണമാണ് ഇത്തരം രചനകളെ വ്യത്യസ്തമാക്കുന്നത്'' (പ്രദീപൻ, 2007:38).

ബഹിർമുഖമായും അന്തർമുഖമായും പരിണമിക്കുന്ന വ്യക്തനുഭവങ്ങളാണ് ആത്മകഥയുടെ അന്ത:സത്ത. വ്യക്തിജീവിതത്തിന്റെ വിശാലവാതായനങ്ങൾ മലർക്കെ തുറന്നുതരുന്ന രചനാമാർഗമെന്ന നിലയിലും സാഹിത്യപ്രസ്ഥാനമെന്ന നിലയിലും ആത്മകഥയ്ക്ക് ശ്രദ്ധേയമായൊരു സ്ഥാനമുണ്ട്. ആത്മകഥനത്തിന് ഒരാളെ പ്രേരിപ്പിക്കുന്നത് പല ഘടകങ്ങളാണ്. സ്വന്തം നേട്ടത്തിലുള്ള അഭിമാനം മറ്റുള്ളവരെ അറിയിക്കാനും താൻ നേരിട്ട പീഡനങ്ങളും അടിച്ചമർത്തലുകളും മറ്റുള്ളവരെ ബോധ്യപ്പെടുത്താനും ആത്മകഥയെഴുതാം. തന്റെ ജീവിതത്തെ മൊത്തത്തിൽ വിലയിരുത്തുകയാണ് ആത്മകഥാരചനയിലൂടെ ഒരാൾ ചെയ്യുന്നത്. ജീവിതത്തിൽ നേരിടേണ്ടി വന്ന സമ്മർദങ്ങൾ, ഉയർച്ചകൾ, താഴ്ചകൾ, മറ്റു വ്യക്തികളുടെ ഇടപെടലുകൾ, രാഷ്ട്രീയ-സാമൂഹിക-സാമ്പത്തിക സാഹചര്യങ്ങൾ എല്ലാം ആ വ്യക്തിയെ എങ്ങനെ പരുവപ്പെടുത്തിയെന്നത് ആത്മകഥയിലൂടെ അവൾ/അയാൾ വ്യക്തമാക്കുകയാണ് ചെയ്യുന്നത്. ''ഒരു വ്യക്തിയുടെ ഏറ്റവും വലിയ വെല്ലുവിളി അയാളുടെ ജീവിതം തന്നെയാണ്. ശ്രദ്ധേയമായ ജീവിതത്തോടു പിടിച്ചടുപ്പിക്കാൻ കഴിയുന്ന, സ്വകാര്യമായ സത്യസന്ധതയോടുകൂടി സ്വന്തം ജീവിതകഥ പറയുമ്പോഴാണ് അത് ഒരു നല്ല സാഹിത്യ സൃഷ്ടിയാകുന്നത്'' (ജയകുമാർ, 1998:73).

## 1.2 സ്ത്രീ ആത്മകഥകളുടെ ചരിത്ര പശ്ചാത്തലം

പുരുഷന്മാരുടെ മേധാവിത്വത്തിലായിരുന്ന സാഹിത്യലോകത്തേക്ക് കടന്നു വരികയും സ്ത്രീയുടെ സാന്നിധ്യം അറിയിക്കുകയും ചെയ്തുവന്ന ഒരു നവചലനമായിരുന്നു സ്ത്രീ സാഹിത്യരചന. നിലനിന്നിരുന്ന ജീവിതാവസ്ഥയെ പ്രതിരോധിക്കുന്നതിന് സ്ത്രീക്ക് ലഭിച്ചിരുന്ന ഏറ്റവും സാധ്യവും പരിമിതവുമായ പൊതുപ്രവർത്തനങ്ങളിൽ പ്രധാനം സർഗാത്മകരചനയായിരുന്നു. തന്റെ വർഗത്തിന്റെ മാറ്റത്തിന് പലവിധ അർഥങ്ങൾ കൊണ്ടു നിറവു നല്കുന്ന ഒരു കർമമായിരുന്നു ഇത് സ്ത്രീക്ക്.

സ്ത്രീകൾ സമൂഹത്തിലേക്കിറങ്ങി വ്യത്യസ്ത മേഖലകളിൽ ഇടപെടാൻ തുടങ്ങിയതോടെ സ്ത്രീ സാന്നിധ്യം സാഹിത്യത്തിൽ ശക്തമായി. അതോടെ തങ്ങളുടെ അനുഭവങ്ങൾ തുറന്നുപറയാൻ അവർ മുന്നോട്ടു വരികയും ചെയ്തു. സ്ത്രീ ആത്മകഥകൾക്ക് പ്രസക്തി വരുന്നത് ഈയൊരു സാഹചര്യത്തിലാണ്. ''സ്വന്തം മനോവ്യാപാരങ്ങൾ ഏറ്റവും നന്നായി ആവിഷ്കരിക്കുവാൻ കഴിയുന്ന മാധ്യമം എന്ന നിലയ്ക്ക് ആത്മകഥയ്ക്കുള്ള പ്രാധാന്യം വിലയിരുത്തുമ്പോൾ സ്ത്രീരചനകളുടെ കാര്യത്തിൽ ജീവചരിത്രത്തേക്കാൾ പ്രാധാന്യം ആത്മകഥയ്ക്ക് കൈവരുന്നു'' (രമാദേവി, 2002: 226).

പ്രശസ്ത വ്യക്തിത്വങ്ങളുടെ അതിർവരമ്പുകൾ ഭേദിച്ച് സമൂഹത്തിന്റെ ഏറ്റവും കീഴ്ത്തട്ടിലുള്ളവർ വളരെ പെട്ടെന്നാണ് ഈ രംഗത്തേക്ക് ചുവടുകൾ വച്ചത്. സ്ത്രീകളെ അവരുടെ ജീവചരിത്രം എഴുതാൻ പ്രേരിപ്പിച്ച ഘടകങ്ങൾ പലതാണ്. രണ്ടാം വ്യക്തിത്വത്തിന് ഉടമയെന്ന നിലയിലും അതിൽത്തന്നെ പുരുഷാധിപത്യ സമൂഹം അടിച്ചേൽപ്പിച്ചിരിക്കുന്ന പാരമ്പര്യമനോഭാവങ്ങൾക്കും മാമൂലുകൾക്കും വിധേയമായി അടിച്ചമർത്തപ്പെട്ടവളെന്ന നിലയിലും ചരിത്രത്തിന്റെ ഇരുട്ടറകളിൽ കഴിഞ്ഞിരുന്ന സ്ത്രീ സമൂഹം വ്യത്യസ്തമായ കാഴ്ച്ചപ്പാടുകളോടെയാണ് ആത്മകഥാരചനയ്ക്ക് മുതിർന്നത്.

### 1.2.1 സ്ത്രീ ആത്മകഥകൾ പാശ്ചാത്യലോകത്തിൽ

ചരിത്രപരമായി ആത്മകഥയുടെ പടിഞ്ഞാറൻ നിർമിതികൾ പുരുഷന്മാരെക്കുറിച്ചുള്ളതാണ്. ''വിദ്യാഭ്യാസപരമായി ആത്മകഥ പുരുഷനിർമിതമാണ്. ന്യൂക്രിട്ടി

സിസത്തിന്റെ ഒപ്പം വളർന്നുവന്ന ആത്മകഥ, പുരുഷൻ പുരുഷനുവേണ്ടി അവന്റെ ജീവിതത്തിന് അലങ്കാരങ്ങൾ നല്കുവാനും പുരുഷബോധത്തെ വളർത്തിയെടുക്കാനുമായി ഉപയോഗിച്ചു'' (Cynthia, 1991:86).

ഫെമിനിസ്റ്റ് വിമർശകർ 1980-കളിൽ ആത്മകഥയെക്കുറിച്ചെഴുതാൻ ശ്രമിച്ചപ്പോൾ അവർക്ക് വ്യക്തമായ വിടവുകളെ നേരിടേണ്ടി വന്നിരുന്നു. സ്വീകരിക്കപ്പെട്ട ആത്മകഥാപരമായ രചനകളുടെ സമാഹാരത്തിനിടയിൽ സ്ത്രീരചനകളുടെ അസാന്നിധ്യം ഏറെയായിരുന്നു. മറ്റു ശാഖകളിലെപ്പോലെ, സ്ത്രീകൾ ആത്മകഥ എഴുതിയില്ല എന്നല്ല, പക്ഷേ അവ അപ്രധാനമായതും അസംസ്കൃതമായതും നീതിജനകമല്ലാത്തതും എന്ന സ്ഥാനത്തേക്ക് പുറന്തള്ളപ്പെട്ടിരുന്നു. സ്ത്രീജീവിതത്തെ അപ്രധാനമായാണ് പുരുഷ എഴുത്തുകാർ കണ്ടിരുന്നത്.

ഷാർബറ്റ് ക്ലാർക്ക് (1713-1760)ന്റെ 'എ നരേറ്റീവ് ഓഫ് ദ ലൈഫ് ഓഫ് മിസ്സിസ് ഷാർലെറ്റ് ക്ലാർക്ക്', 'ഡോട്ടർ ഓഫ് കോളി കിബ്ബർ' എന്നിവയിൽ അവരുടെ ജീവിതത്തേയും അനുഭവങ്ങളേയും വിവരിക്കുന്നു. നാടകത്തിൽ അഭിനയിക്കുകയും ആക്ഷേപഹാസ്യം എഴുതുകയും ചെയ്ത അവർ 18-ാം നൂറ്റാണ്ടിലെ നാടകത്തെക്കുറിച്ചും സംസാരിക്കുന്നു. 'ദ മെമ്മയർഡ് ഓഫ് ദ ലേറ്റ് മിസ്സിസ് കാതറിൻ കേപ്പ്, റിട്ടൺ ബൈ ഹെർ സെൽഫ്' എന്ന കൃതി, ഒരു സാമൂഹ്യപ്രവർത്തക എന്ന നിലയിൽ കാതറിനെ കുറിച്ചുപറയുകയും അവരുടെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്യുന്നു. 'ദ മെമ്മയർസ് ഓഫ് സൂസൻ ഡിബാൾഡ്' എന്ന കൃതിയിൽ സൂസൻ ഡിബാൾഡ് തന്റെ വ്യത്യസ്തമായ ജീവിതത്തെക്കുറിച്ച് പറയുന്നു. ഈ ആത്മകഥയുടെ പ്രസക്തി അത് ഫ്രഞ്ചുവിപ്ലവത്തിലും നെപ്പോളിയൻ യുദ്ധത്തിലും ബ്രിട്ടൻ പങ്കെടുക്കുന്ന സമയത്ത് എഴുതിയതാണ് എന്നുള്ളതാണ്. ഈ രചനയിൽ ഉൾപ്പെടുത്തിയിരിക്കുന്ന കത്തുകൾ അമേരിക്കൻ സിവിൽ യുദ്ധമുൾപ്പെടെ പല യുദ്ധങ്ങളെക്കുറിച്ചും അക്കാലഘട്ടത്തിലുണ്ടായ അഭിപ്രായങ്ങളെ രേഖപ്പെടുത്തുന്നു.

ഒരു വാനശാസ്ത്രജ്ഞയും ഭൂമിശാസ്ത്രജ്ഞയുമായ മേരി സോമർവിൻ അവരുടെ ആത്മകഥയിൽ ജോർജിയൻ കാലഘട്ടവും വിക്ടോറിയൻ കാലഘട്ടവു

മടങ്ങുന്ന തൊണ്ണൂറു വർഷക്കാലജീവിതം ഓർമിക്കുന്നു. 18-ാം നൂറ്റാണ്ടിലെ ഒരു സ്ത്രീബുദ്ധിജീവിയായി അന്നത്തെ സമൂഹം അവരെ കണക്കാക്കി പാർശ്വവത്കരിച്ച രീതിയും ആത്മകഥയിൽ വ്യക്തമാകുന്നുണ്ട്.

'പോയറ്റിക്കൽ അറ്റംപ്റ്റ്സ് ബൈ ആൻ കാൻഡ്‌ലർ, എ സഫോക്ക് കോട്ടേജർ, വിത്ത് എ ഷോർട്ട് നരേറ്റീവ് ഓഫ് ഹെർ ലൈഫ്' എന്ന കൃതിയിൽ ആൻ കാൻഡ്‌ലർ, തന്റെ പ്രശ്നഭരിതമായ ജീവിതത്തെക്കുറിച്ച് പ്രതിപാദിക്കുന്നു. 'വണ്ടറിംഗ്സ് ഓഫ് എ പിൽഗ്രിം ഇൻ സേർച്ച് ഓഫ് ദ പിക്ചേറസ്' എന്ന രചനയിൽ ഫാനിപ്പാർക്സ് ഇന്ത്യൻ ജനതയെക്കുറിച്ചും അവരുടെ ആചാരങ്ങളെക്കുറിച്ചും വിവരിക്കുന്നു. അക്കാലത്തെ ഇന്ത്യയുടെ സാമൂഹിക - സാംസ്കാരികമായ സ്ഥിതിവിശേഷങ്ങൾ, എപ്രകാരം അവരെ സ്വാധീനിച്ചുവെന്നും ഇതിൽ വ്യക്തമാക്കുന്നു.

'ആൻ ഓട്ടോബയോഗ്രഫി' എന്ന റെബേക്ക ബർലെൻസിന്റെ ആത്മകഥ, ഒരു ദരിദ്ര കർഷകസ്ത്രീയുടെ ജീവിതയാഥാർഥ്യങ്ങളെ അനാവരണം ചെയ്തു കാട്ടുന്നു. കവയിത്രിയും സാമൂഹ്യപരിഷ്കർത്താവുമായിരുന്ന മേരി ഹോവിറ്റിന്റെ 'മൈ ഓൺ സ്റ്റോറി, ഓട്ടോബയോഗ്രാഫി ഓഫ് എ. ചൈൽഡ്, ആൻ ഓട്ടോബയോഗ്രഫി' എന്നിവ പ്രധാനപ്പെട്ട രചനകളാണ്. 'പേഴ്സണൽ റീക്കളക്ഷൻസ് ബൈ ഷാർലറ്റ് എലിസബത്ത്' എന്ന കൃതിയുടെ ഉടമയായ ഷാർലറ്റ് എലിസബത്ത് റ്റോണൻ ആത്മീയവാദിയായ എഴുത്തുകാരിയും സാമൂഹ്യപരിഷ്കർത്താവുമായിരുന്നു. ജീവിതത്തെ പ്രത്യേക കാഴ്ചപ്പാടോടുകൂടി വായിക്കപ്പെടുന്ന അവരുടെ കൃതി തികച്ചും വ്യത്യസ്തത പുലർത്തുന്നു.

പാശ്ചാത്യ സ്ത്രീ ആത്മകഥാചരിത്രത്തിൽ ആത്മകഥാരചന നടത്തിയിരിക്കുന്നവരിൽ ഭൂരിഭാഗവും സമ്പന്നരും ശാസ്ത്ര-സാഹിത്യരംഗങ്ങളിലും കലാ-സാമൂഹികരംഗങ്ങളിലും ഉള്ളവരാണ്. എന്നാൽ സാധാരണക്കാരുടെ, കർഷകരുടെ ഇടയിൽനിന്ന് ഇത്തരം ഉദ്യമങ്ങൾ അക്കാലത്ത് കുറവായിരുന്നു.

### 1.2.2 ആത്മകഥ ഇന്ത്യൻ സ്ത്രീചരിത്രത്തിൽ

*''യത്ര നാരസ്തു പൂജ്യന്തേ രമന്തേ തത്ര ദേവതാഃ*

*യത്രൈതാസ്തു ന പൂജ്യന്തേ സർവാസ്തത്രാഫലാഃ ക്രിയാഃ'' (മനു. 2015:3/56)*

ഏതു കുലത്തിലാണോ സ്ത്രീകളെ ആരാധിക്കപ്പെടുന്നത് അവിടെ ദേവകളുടെ പ്രസാദം സംഭവിക്കുന്നു. സ്ത്രീകളെ പൂജിക്കാത്ത കുലത്തിൽ ദേവപ്രസാദമില്ലാത്ത തിനാൽ യാഗാദിക്രിയകൾപോലും നിഷ്ഫലങ്ങളായിത്തീരുന്നു എന്നാണ് നമ്മുടെ വേദങ്ങളും പുരാണങ്ങളും സ്ത്രീയെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. അതിനർഥം സ്ത്രീ കൾ പൂജിക്കപ്പെടുമ്പോൾ ദൈവങ്ങൾ പ്രീതിപ്പെടുന്നു എന്നാണ്. മുഴുവൻ പ്രപഞ്ച ത്തിന്റെ സ്രഷ്ടാവും അതിനെ നിലനിർത്തുന്നവളുമാണ് അവൾ. വേദകാലത്തും ഉപനിഷത്കാലത്തും ബുദ്ധമതകാലഘട്ടത്തിലും സ്ത്രീകൾ ആത്മീയരംഗത്തും തത്ത്വശാസ്ത്രരംഗത്തും പുരുഷനോടൊപ്പം സമൂഹത്തിൽ മാനിക്കപ്പെട്ടിരുന്നെങ്കിലും സ്ത്രീയുടെ സ്ഥാനം പിന്നീട് താഴുകയാണുണ്ടായത്. പുരാണങ്ങളുടെ മാറ്റി മറി ക്കലുകളിലൂടെയും പുനരാവിഷ്കരണങ്ങളിലൂടെയും പുരുഷബോധത്തിനനുസരിച്ച് സ്ത്രീയെ രൂപപ്പെടുത്തുകയായിരുന്നു. പുരുഷന്റെ മേധാവിത്വം അംഗീകരിക്കുന്ന സാമൂഹികാവസ്ഥ തുടരുന്നതിനു പറ്റിയ സ്ത്രീ ബിംബങ്ങളാണ് പിന്നീട് ഭാരത ത്തിൽ അവതരിപ്പിച്ചത്.

ഭൂരിഭാഗം ഇന്ത്യൻ സ്ത്രീ ആത്മകഥകളും സ്ത്രീയെന്ന നിലയിലുള്ള അനുഭവങ്ങൾ ആണ് വിശദീകരിക്കുന്നത്. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനം വരെയും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലും സ്ത്രീ ആത്മകഥകൾക്ക് ആധി കാരികമായ ഒരു ശബ്ദം ഉണ്ടായിരുന്നില്ല. അവൾ കുടുംബം, പുരുഷൻ എന്നിവയെക്കു റിച്ചാണ് സംസാരിച്ചത്. സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷമുണ്ടായ പുതിയ സാമൂഹിക കാലാവസ്ഥ ഇന്ത്യൻ സ്ത്രീജീവിതത്തിൽ മാറ്റത്തിന്റേതായിരുന്നു. രാജ്യത്തിനു ലഭിച്ച സ്വാതന്ത്ര്യം ഓരോ വ്യക്തിയുടെയും ജീവിതത്തെ സ്വാധിനിച്ചു. അഭിപ്രായങ്ങൾ തുറന്നുപറയുവാനും സ്വതന്ത്രമായി ചിന്തിക്കുവാനും കഴിഞ്ഞതോടെ സ്വാതന്ത്ര്യ ത്തിന് വ്യാപ്തി ഏറി. ഈ മാറ്റം കവിതയിലും നോവലിലും മാത്രമല്ല, ആത്മകഥയിലും

പ്രതിഫലിച്ചു. അത്തരം സാഹചര്യത്തിലാണ് പരമ്പരാഗത രീതിയിൽ നിന്നുമാറി സ്ത്രീകൾ സ്വാതന്ത്ര്യത്തോടെ രചനകൾ നടത്തുവാൻ തുടങ്ങിയത്.

മൃണാൽപാണ്ഡെയുടെ *ഡോട്ടേഴ്സ് ഡോട്ടർ*, തസ്ലീമ നസ്റീന്റെ *മൈ ഗേൾ ഹുഡ് ഡേയ്സ്* എന്നീ ആത്മകഥകൾ സ്ത്രീയുടെ ഉള്ളിലേക്കുള്ള അന്വേഷണത്തെ സ്ത്രീയുടെ കാഴ്ചപ്പാടിൽത്തന്നെ അവതരിപ്പിക്കുന്നു. അമൃതാപ്രീതം, കമലാദാസ്, ശോഭ ഡേ, ഷരൻജിത് ഷാൻ, ദിലീപ് തിവാന തുടങ്ങിയവർ, ഉള്ളിലുള്ള വികാരത്തെ മൂർച്ചയോടെ പ്രകടിപ്പിക്കുകയും സമൂഹം അവർക്കുമേൽ ഉണ്ടാക്കിയ വിലക്കുകളേയും സാംസ്കാരിക നിഷിദ്ധതയേയും കുറിച്ച് ശക്തമായി പറയുകയും ചെയ്യുന്നു. അവരുടെ ആത്മകഥകൾ സത്യത്തേയും വിശ്വാസ്യതയേയും വെളിപ്പെടുത്തുന്നു. വിജയലക്ഷ്മി പണ്ഡിറ്റ്, കൃഷ്ണഹുതീ സിങ് (Krishna Hutheesingh) നയൻതാര സൈഗാൾ തുട ങ്ങിയവരുടെ ആത്മകഥകൾ രാഷ്ട്രീയചായ്വുകളോടെ എഴുതപ്പെട്ടവയാണ്.

ഇന്ത്യാക്കാരായ സ്ത്രീകളുടെ ആദ്യകാല ആത്മകഥകളിലൊന്നാണ് സുനിതീ ദേവിയുടെ 'ദ ഓട്ടോബയോഗ്രാഫി ഓഫ് ആൻ ഇന്ത്യൻ പ്രിൻസസ്'. പത്തൊമ്പത് - ഇരുപതു നൂറ്റാണ്ടുകളിലെ ഇന്ത്യൻ സ്ത്രീകളുടെ വികാരങ്ങളെ ചിത്രീകരിക്കുന്ന ഇന്ത്യൻ സ്ത്രീ ആത്മകഥാ മേഖലയിലെ ആദ്യചുവടുവയ്പായിരുന്നു, കൂച്ച് ബിഹാ റിന്റെ മഹാറാണിയായിത്തീർന്ന സുനിതീദേവിയുടെ ഈ രചന. സാവിത്രി ദേവ്നന്ദ യുടെ 'ദ സിറ്റി ഓഫ് ഗേറ്റ് വേയ്സ്:ദ ഓട്ടോ ബയോഗ്രഫി ഓഫ് ആൻ ഇന്ത്യൻ ഗേൾ' (The City of Two Gateways:The Autobiography of An Indian Girl), എടുത്തു പറ യേണ്ട ഒരാത്മകഥയാണ്. യാഥാസ്ഥിതികത്വത്തെ നിരസിക്കാൻ ശ്രമിക്കുന്ന ഒരു സ്ത്രീ യുടെ കഥയാണ് ബൃന്ദയുടെ 'മഹാറാണി, ദ സ്റ്റോറി ഓഫ് ആൻ ഇന്ത്യൻ പ്രിൻസസ്'.

ഇന്ത്യയിലെ സ്ത്രീകളുടെ അടിച്ചമർത്തലിനെതിരെ പോരാടിയ ഇന്ത്യ യിലെ ആദ്യത്തെ സ്ത്രീവക്കീലിന്റെ ആത്മകഥ കൊർണേലിയ സൊരാബ്ജിയുടെ (Cornelia Sorabji) *ഇന്ത്യ കോളിങ്* ആണ്. ഇന്ത്യയിലെ പ്രബലമായ ചില ആചാര ങ്ങളേയും പാരമ്പര്യങ്ങളേയും കുറിച്ചുപറയുന്നതാണ് കമല ഡോങ്ഗെർക്കറി

(Kamala Dongerkery)യുടെ 'ഓൺ ദ വിംഗ്സ് ഓഫ് ഫയർ' (On the Wlings of Fire). ലളിതമായ ചട്ടക്കൂടിൽ പൂർത്തീകരിച്ച ഒരു ലളിതചിത്രം എന്നു വിശേഷിപ്പിക്കാവുന്ന ഒന്നാണ് കൃഷ്ണഹുതീസിങ്ങിന്റെ 'വിത്ത് നോ റിഗ്രെറ്റസ്; ആൻ ഓട്ടോബയോഗ്രാഫി'.

സ്വന്തം ജീവിതകഥയിലൂടെ അവരുടെ യഥാർഥ സ്വത്വത്തെത്തന്നെ വെളി പ്പെടുത്തുന്നതിൽ വിജയിച്ചിട്ടുള്ള ആത്മകഥാകൃത്തുക്കൾ വിരളമാണ്. അവരിൽ എടുത്തുപറയേണ്ട പേരാണ് കമലാദാസിന്റേത്. കരുത്തുറ്റ ഒരു സ്വത്വാവിഷ്കാരമാണ് അവരുടെ 'എന്റെ കഥ' (My Story) നല്കിയിരിക്കുന്നത്. സ്ത്രീ–പുരുഷബന്ധത്തെ പുനർനിർവചിക്കാനാണീ ആത്മകഥ ശ്രമിക്കുന്നത്. പരമ്പരാഗത രീതിയിൽ ജീവി ക്കാൻ ശ്രമിക്കുകയും പക്ഷേ സ്വന്തം ഉൾപ്രേരണകളെ സംതൃപ്തിപ്പെടുത്താനായി സാമൂഹ്യനിയമങ്ങളെ തകർക്കാൻ നിർബന്ധിക്കപ്പെടുകയും ചെയ്യുന്ന സ്ത്രീയെക്കുറി ച്ചുള്ള വിവരണമാണ് ഈ ആത്മകഥ.

സ്ത്രീ തന്റെ രചനയിലേക്ക് രാഷ്ട്രീയംകൊണ്ടുവരുന്നതിനു തുടക്കം കുറിച്ച ഒന്നാണ് 'പ്രിസൺ ആൻഡ് ചോക്ളേറ്റ് കേക്ക്, ഫ്രം ഫിയർ സെറ്റ് ഫ്രീ' എന്നീ രണ്ട് ആത്മകഥകളെഴുതിയ നയൻതാരാ സൈഗാൾ. ധൻവൻത്രി രാമറാവുവിന്റെ ആത്മകഥ ഒരു സ്ത്രീയുടെ ഉരുവം കൊള്ളലിനെ വെളിപ്പെടുത്തുന്നു. പുരുഷാധിപത്യപരമായ യാഥാസ്ഥിതികത്വത്തിന്റെ നിയമങ്ങളോട് ചേർന്നുപോവാൻ നിർബന്ധിതയായ അവർ, കുടുംബപരമായ എതിർപ്പുകൾക്കെതിരായി പ്രസിഡൻസി കോളെജിൽ പ്രവേശി ച്ചത് അക്കാലത്തെ ധൈര്യപൂർണമായ ഒരു തീരുമാനമായിരുന്നു. തികച്ചും വ്യത്യ സ്തമായൊരു ആത്മകഥയാണ് ഒരു ആദിവാസി പെൺകുട്ടിയായ സീതരത്നമാല (Sita Rathnamala) എഴുതിയ 'ബിയോണ്ട് ദ ജംഗിൾ'.

മറ്റൊരു പ്രധാനപ്പെട്ട രചന 'മൈ റെമിനിസെൻസ്' എന്ന രേണുക റേയുടെ ആത്മകഥയാണ്. കരുത്തുറ്റതും വായനാർഹവുമായ ഓർമക്കുറിപ്പുകളാണ് ശോഭ ഡേ യുടെ 'സെലക്ടീവ് മെമ്മറി'. ഇന്ത്യൻ മഹാറാണിമാരുടെ ആത്മകഥാരചനകളിലെ

നാഴികക്കല്ലാണ് ഗായത്രീദേവിയുടെ 'ദ് പ്രിൻസസ് റിമമ്പേഴ്സ്'. രാഷ്ട്രീയത്തിൽ ചേരുന്നതിനായി പർദ ഉപേക്ഷിച്ച ഒരു ജയ്പൂർ രാജ്ഞിയുടെ കഥയാണിത്.

വിജയലക്ഷ്മി പണ്ഡിറ്റിന്റെ 'ദ സ്കോപ്പ് ഓഫ് ഹാപ്പിനസ്സ്' നെഹ്റു കുടുംബത്തിന്റെ സമ്പന്നമായ ജീവിതരീതികളേയും അവരുടെ സ്വാതന്ത്ര്യസമരത്തെക്കുറിച്ചും വിവരിക്കുന്ന കൃതിയാണ്. നിരവധി രാജ്യങ്ങളിൽ ഇന്ത്യയുടെ അംബാസിഡറായി പ്രവർത്തിച്ച അവർ ഇന്ത്യയിലെ സ്ത്രീകളുടെ പരമ്പരാഗതമായ പിന്തുടർച്ചവകാശത്തിനു വേണ്ടി പോരാടിയ ശക്തയായ സ്ത്രീയാണ്. ആഭിജാത്യം, സമ്പന്നത, വിദ്യാഭ്യാസം, കുലമഹിമ എന്നിവയെല്ലാംകൊണ്ടു മുൻപന്തിയിൽ നിന്നിരുന്ന നെഹ്റു കുടുംബത്തിൽ പ്പോലും പെൺകുട്ടികളുടെ ജനനം ഒരു സന്തോഷകരമായ വാർത്തയായിരുന്നില്ലെന്ന് ഇന്ദിരയുടെ ജനനം വിവരിക്കുന്ന ഘട്ടത്തിൽ അവർ വ്യക്തമാക്കുന്നു. ''അമ്മ, മകൾ ജനിച്ചു എന്നു പറഞ്ഞില്ല, പകരം അതു ജനിച്ചു എന്നാണ് പറഞ്ഞത്. പരമ്പരാഗത സമ്പ്രദായപ്രകാരം ഒരു മകൾ ജനിച്ചു എന്നുപറയാൻ അവർക്ക് കഴിയുമായിരുന്നില്ല'' (പണ്ഡിറ്റ്, 1978:57).

'പ്രിൻസസ്: ദ ഓട്ടോബയോഗ്രഫി ഓഫ് ദ ഡവാസർ മഹാറാണി ഓഫ് ഗ്വാളിയാർ (1985)' എന്ന ആത്മകഥയുടെ കർത്താവായ വിജയരാജേ സ്കിന്ദിയ, സാഗർ യൂണിവേഴ്സിറ്റിയിലെ വൈസ് ചാൻസലറായിരുന്നു. ഒരു ആത്മകഥയ്ക്ക് എപ്രകാരം സാന്ത്വനത്തിന്റേയും ആത്മസംതൃപ്തിയുടേയും ഭാഗമാകാനാകും എന്നതിന്റെ മനോഹരമായ ഉദാഹരണമാണ് ഡോക്ടർ പ്രേമനായിഡുവിന്റെ 'ഇൻ ലവ് വിത്ത് ലൈഫ്'.

ലിംഗാടിസ്ഥാനത്തിലുള്ള തിരിച്ചുവ്യത്യാസത്തിന്റെ പ്രധാന ചിത്രീകരണം നല്കുന്ന ആത്മകഥയാണ് ദിലീപ് തിവാനയുടെ 'എ ജേർണി ഓൺ ബെയർ ഫീറ്റ്' (A Journey on Bare Feet). തിവാനയുടെ ആത്മകഥ, തികച്ചും ഇന്ത്യയുടേതായ സാമൂഹ്യകാഴ്ചകളും സാമൂഹ്യപ്രശ്നങ്ങളും മറനീക്കിക്കാട്ടുന്നു. അവളുടെ വിവരണങ്ങൾ തികച്ചും വ്യക്തിപരമെങ്കിലും അവളുടെ യാതനകൾ ഏതൊരു സ്ത്രീകളുടെയും യാതനയാണ്. അമൃതാപ്രീതം, മഹാശ്വേതാദേവി, അജിത് കൗർ, ക്യാപ്റ്റൻ

ലക്ഷ്മി എൻ. മേനോൻ, ഫൂലൻ ദേവി, ആശാ പൂർണാദേവി തുടങ്ങിയവരുടെ ആത്മകഥകൾ ആഖ്യാനത്തിന്റെ വ്യത്യസ്തതകൊണ്ട് ശ്രദ്ധയാകർഷിക്കുന്നു. സ്ത്രീകളുടെ ആത്മകഥകൾ അവരുടെ ജീവിതത്തിന്റെ വൈവിധ്യങ്ങളെക്കുറിച്ചും അവരുടെ വിശ്വാസങ്ങളേയും അഭിപ്രായങ്ങളേയും ആഗ്രഹങ്ങളേയും കുറിച്ച് ഉൾക്കാഴ്ച നല്കുക മാത്രമല്ല, സമൂഹത്തിൽ അവർക്കു നല്കപ്പെട്ട സ്ഥാനങ്ങളേയും മാറ്റിനിർത്തപ്പെട്ട അവസ്ഥകളേയും രേഖപ്പെടുത്തുകയും ചെയ്യുന്നു.

പത്തൊമ്പതാംനൂറ്റാണ്ടിന്റെ ഉത്തരാർധത്തിലാണ് ഗദ്യസാഹിത്യപ്രസ്ഥാനം എന്ന നിലയിൽ ആത്മകഥ മലയാളത്തിൽ ഉടലെടുക്കുന്നത്. ഒരു വ്യക്തി തന്റെ ലോകബോധമനുസരിച്ച് ജീവിതാനുഭവങ്ങളോട് പ്രതികരിക്കുന്നതെങ്ങനെ എന്ന് വ്യക്തമാക്കുന്ന രീതിയിലാണ് ആദ്യകാല ആത്മകഥകൾ രചിച്ചത്. ഡയറിക്കുറിപ്പുകൾ, ഓർമക്കുറിപ്പുകൾ, ജീവിതസ്മരണകൾ, സംഭാഷണങ്ങൾ, ആത്മകഥാപരമായ ലേഖനങ്ങൾ എന്നിങ്ങനെ ശിഥിലമായ ആത്മഭാഷണരൂപങ്ങളായിട്ടല്ലാതെ ഏകീകൃതമായ രചനാപദ്ധതിയായി ആത്മകഥയെ അംഗീകരിക്കുന്ന സ്ത്രീ ആഖ്യാനങ്ങൾ വിരളമാണ്. നല്ലൊരു ഭാഗം ആത്മചിത്രണങ്ങളും ''ഓർമകൾ'' എന്ന ഗണത്തിൽ പെടുന്നവയാണ്. സാഹിത്യം, നാടകം, രാഷ്ട്രീയം തുടങ്ങി വിവിധ സാംസ്കാരിക മണ്ഡലങ്ങളിൽ വ്യാപരിച്ചിരുന്നവർ പിന്നീട് ആത്മകഥാരംഗത്തേക്ക് കൂടുതലായി കടന്നുവന്നു. ഓരോരുത്തരും അവർ വ്യാപരിച്ചിരുന്ന മണ്ഡലത്തിനു യോജിച്ച വിധം പിന്നീട് ആത്മകഥാരൂപങ്ങളും നാമങ്ങളും സ്വീകരിച്ചു.

### 1.2.3 സ്ത്രീ സ്വത്വാന്വേഷണത്തിന്റെ കേരളീയ പശ്ചാത്തലം

ജാതികേന്ദ്രിത സമൂഹമാണ് കേരളത്തിന്റേത്. അതിനാൽ സവർണതാത്പര്യങ്ങൾക്കനുസരിച്ച് രൂപപ്പെട്ട സാംസ്കാരികവ്യവസ്ഥിതിയാണു കേരളത്തിലുണ്ടായിരുന്നത്. അതുകൊണ്ടുതന്നെ ലിംഗാധിപത്യത്തിനും ജാതീയമായ അടിച്ചമർത്തലിനും കേരള സ്ത്രീകൾ വിധേയരായിരുന്നു. സഞ്ചാര സ്വാതന്ത്ര്യം, വസ്ത്രധാരണം, വിദ്യാഭ്യാസം, ആരാധനാസ്വാതന്ത്ര്യം തുടങ്ങി ഒരു വ്യക്തിയുടെ പ്രാഥമികമായ പൗരാവകാശങ്ങൾപോലും നിഷേധിക്കുകയും വസ്ത്രം ധരിച്ച സ്ത്രീകൾ ക്രൂര

മായ ശിക്ഷകൾക്ക് വിധേയരാവുകയും ചെയ്തിരുന്ന ഒരു ചരിത്രമാണ് നമുക്കു ണ്ടായിരുന്നത്. മേൽമുണ്ട് സമരവും കല്ലുമാലാ സമരവും കേരളചരിത്രത്തിലെ വിപ്ലവകരങ്ങളായ സ്ത്രീ വിമോചനസമരങ്ങളാണ്. ആധുനികകാലത്തെ നവോത്ഥാന പ്രസ്ഥാനങ്ങൾ യാഥാസ്ഥിതിക കേരളത്തിന്റെ ജീർണതകൾക്ക് കുറെയൊക്കെ അറുതി വരുത്തി.

''കൊളോണിയലിസം, സാമൂഹിക നവോത്ഥാനങ്ങൾ, ഇംഗ്ലിഷ് വിദ്യാഭ്യാസം, സ്വാതന്ത്ര്യസമരം എന്നിവ പിതൃദായക്രമം നടപ്പിൽ വരുത്തുവാൻ നിയമപരമായി സഹായകമാവുകയും ക്രമേണ മരുമക്കത്തായ രീതികൾ ശിഥിലമാവുകയും ചെയ്തു. യോഗക്ഷേമസഭ, എൻ.എസ്.എസ്., എസ്.എൻ.ഡി.പി, പുലയ മഹാസഭ എന്നീ സാമുദായിക സംഘടനകളുടെ പരിഷ്കരണ പ്രവണതകളുമായി കണ്ണിച്ചേർന്നു വിക സിക്കുന്ന ചരിത്രമാണ് കേരളത്തിലെ സ്ത്രീസ്വത്വാന്വേഷണങ്ങൾക്കുള്ളത്'' (ഉദയ കുമാർ, 1994:36).

പുരുഷമേധാവിത്വത്തിനും ജന്മിത്വചൂഷണത്തിനും ജാതീയമായ വിലക്കു കൾക്കും കോളനിവാഴ്ചയ്ക്കുമെതിരെ കേരളത്തിലെ സ്ത്രീകൾ പോരാട്ട രംഗത്തെ ത്തുന്നത് 18-ാംനൂറ്റാണ്ടിന്റെ അവസാനത്തിലാണ്. 19-ാം നൂറ്റാണ്ടിൽ തന്നെയാണ് രാജകുടുംബങ്ങളിലെ തമ്പുരാട്ടിമാരും ഉന്നതകുലജാതരായ സ്ത്രീകളും സംസ്കൃത പഠനത്തിലും സാഹിത്യസപര്യയിലും ഏർപ്പെടുന്നത്. തിരുവിതാംകൂർ, ആറ്റിങ്ങൽ, അറയ്ക്കൽ എന്നിവിടങ്ങളിലെ റാണിമാരും ബീവിമാരുമൊക്കെയായിരുന്നു ചരിത്ര പാഠങ്ങളിൽ പ്രത്യക്ഷപ്പെട്ടിരുന്നത്. എന്നാൽ ചില നാടൻപാട്ടുകളിലും കഥകളിലും സ്ത്രീകൾക്ക് തങ്ങളുടെ പുരുഷന്മാരോടൊപ്പം ഇടമുണ്ടായിരുന്നു.

ഒറ്റയാൾപ്പട്ടാളമായി നിന്ന് പ്രാകൃത സ്മൃതി നിയമങ്ങളുടെ അധികാര സ്വരൂപത്തെ അതിന്റെ ബലക്ഷയങ്ങൾ കൊണ്ടുതന്നെ നേരിട്ട കുറിയേടത്തു താത്രി കേരളത്തിന്റെ സാമൂഹ്യമുന്നേറ്റ ചരിത്രത്തിൽ വലിയൊരു സ്ഥാനം വഹി ച്ചിട്ടുണ്ട്. പതിനാലുനൂറ്റാണ്ടോളം പിറകിലേക്കു നീണ്ടുകിടന്ന അതി സങ്കീർണ മായ ഒരാധിപത്യ വ്യവസ്ഥയെയാണ് താത്രിക്കുട്ടി ഒറ്റയ്ക്കു നേരിട്ടത്. താത്രിക്ക്

ഒരു സാംസ്കാരിക നവോത്ഥാനനായികയുടെ സ്ഥാനം നൽകിയ വി.ടി., ''താത്രിക്കുട്ടി അക്കാലത്തു അതേ ആയുധംകൊണ്ട് ബോധപൂർവം സമരം ചെയ്യുകയായിരുന്നു... അപ്പോൾ വ്യക്തമാണ്, പ്രതിഷേധമനഃസ്ഥിതിയാണ് അവരെ ഇതിനു പ്രേരിപ്പിച്ചത്'' എന്നു നിരീക്ഷിച്ചിട്ടുണ്ട് (ലീലാകൃഷ്ണൻ, 2004:8).

20-ാം നൂറ്റാണ്ടിന്റെ ആദ്യം മുതല്ക്കുതന്നെ സാമൂഹ്യ നവോത്ഥാനത്തിൽ സ്ത്രീകളും ഗണ്യമായിത്തന്നെ പങ്കെടുത്തിരുന്നു. മതം, രാഷ്ട്രീയം, സാഹിത്യം തുടങ്ങി ഇതരമേഖലകളിൽ സ്ത്രീകൾ കാര്യമായ പങ്കുവഹിച്ചു. ചിറ്റേടത്ത് പാർവതിയമ്മ, കെ. ചിന്നമ്മ തുടങ്ങിയവർ ആദ്യകാല സാമൂഹ്യപരിഷ്കർത്താക്കളിൽ പ്രമുഖരായിരുന്നു. നമ്പൂതിരി സമുദായത്തിൽ ഘോഷ ബഹിഷ്കരിച്ച് പുറത്തുവന്ന പാർവതി നെന്മിനിമംഗലം, ആര്യാപള്ളം, ഉമാദേവി അന്തർജനം, ദേവകി നരിക്കാട്ടിരി, പ്രിയാദത്ത കല്ലാട്ട്, നീലിമംഗലത്ത് ദേവകി വാര്യർ തുടങ്ങിയവർ യാഥാസ്ഥിതികത്വത്തിന്റെ കരിങ്കൽക്കോട്ടകളെ തകർത്ത് പിൽക്കാലത്ത് ദേശീയസമരത്തിലും ഇടതുപക്ഷപ്രസ്ഥാനത്തിലും സജീവ സാന്നിധ്യമായി.

### 1.2.4 സ്ത്രീ മലയാള സാഹിത്യത്തിൽ

പുരുഷന്മാരെപ്പോലെ എന്തും തുറന്നുപറയാനുള്ള സ്വാതന്ത്ര്യമില്ലായ്മ, കുടുംബജീവിതത്തിന്റെ ഭദ്രതയെപ്പറ്റിയുള്ള ആശങ്ക തുടങ്ങിയവയെല്ലാം സ്ത്രീകളുടെ ആത്മകഥകളെ പിന്നോട്ട് വലിച്ചിട്ടുണ്ടെങ്കിലും മലയാളത്തിൽ ശ്രദ്ധേയമായ ചില ശ്രമങ്ങൾ ഈ മേഖലയിൽ നടന്നിട്ടുണ്ട്. ഒരു പുരുഷന് രചനയിലൂടെ എന്തും തുറന്നു പറയാം. മാനസികവും ശാരീരികവും വൈകാരികവും ലൈംഗികവുമായ തുറന്നുപറയലുകൾ പുരുഷന്റെ എഴുത്തിന്റെ മേന്മയായി കണക്കാക്കുന്നു. എന്നാൽ അതിനു തുനിയുന്ന സ്ത്രീയെ സമൂഹം കല്ലെറിയുവാനാണ് ശ്രമിക്കുന്നത്. പുനത്തിൽ കുഞ്ഞബ്ദുള്ളയുടേയും മാധവിക്കുട്ടിയുടേയും ആത്മകഥകൾ തന്നെ ഇതിനുദാഹരണമാണ്. ഇത്തരം കാര്യങ്ങൾ തുറന്നു പറയുന്ന സ്ത്രീയോടുള്ള പുരുഷാധിപത്യ സമൂഹത്തിന്റെ മനോഭാവമെന്തെന്ന് മാധവിക്കുട്ടിയുടെ 'എന്റെ കഥ'യെ വിമർശിച്ചുകൊണ്ട് ഡോ.വി ജയാലയം ജയകുമാറിന്റെ 'ആത്മകഥാസാഹിത്യം മലയാളത്തിൽ' എന്ന പുസ്തക

ത്തിൽ അദ്ദേഹം തന്നെ വ്യക്തമാക്കുന്നുണ്ട്. ''... ഏതായാലും ഈ കൃതിയെ വിശ്വസിക്കുകയാണെങ്കിൽ മാധവിക്കുട്ടിക്കു സദാചാരബോധം എന്നൊന്നില്ലെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു... മാധവിക്കുട്ടിയുടെ ഈ ആത്മകഥ യുവാക്കളുടെ മാനസിക സംസ്കാരത്തെ ആകെ താറുമാറാക്കൻ സഹായിച്ചേക്കും. പണം സമ്പാദിക്കുന്നതിലപ്പുറത്ത് എഴുത്തുകാരനു കടമയൊന്നുമില്ലേ എന്നു ചോദിക്കുവാൻ പക്വബുദ്ധിയുള്ള ആരും നിർബന്ധിതരായിപ്പോകുന്ന കൃതിയാണിത്.... അശ്ലീല സാഹിത്യങ്ങളുടെ കൂട്ടത്തിൽപ്പെടുത്താവുന്നതാണ് ഇത്തരം കൃതികളിലധികവും... ഈ കഥ ഒരു മനഃശാസ്ത്ര പ്രശ്നമായി പരിഗണിക്കുന്നതാവും നന്ന്'' (ജയകുമാർ, 1982:195) എന്ന് ചില നിർദേശങ്ങൾ കൂടി അദ്ദേഹം നൽകുന്നുണ്ട്. എന്നാൽ ഇതിനേക്കാൾ ആഴത്തിൽ തന്റെ ലൈംഗികാസക്തി, ചിന്തകൾ, പ്രവർത്തനങ്ങൾ എല്ലാം കുഞ്ഞബ്ദുള്ള തുറന്നുപറയുമ്പോൾ ആർക്കും അത് അരോചകരമല്ല. മാത്രമല്ല, സദാചാരബോധവും സാംസ്കാരിക മൂല്യചിന്തയും എഴുത്തുകാരുടെ കടമയും പ്രബുദ്ധതയും ഒന്നും ഇവിടെ ഉയർന്നു വരുന്നില്ല എന്നത് ശ്രദ്ധിക്കേണ്ടതാണ്. ഇവിടെ പ്രശ്നം എന്തെഴുതുന്നു എന്നതല്ല, ആരെഴുതുന്നു എന്നതാണ്.

പുരുഷാധികാരത്തോടുള്ള ഭയം മൂലം ആദ്യകാലത്തെ സ്ത്രീകൾ തങ്ങളുടെ രചനകൾ സ്മരണകളായോ ഓർമക്കുറിപ്പുകളായോ ആണ് എഴുതിയിരുന്നത്. ഉദാ: ഒരു സ്ത്രീയുടെ സ്മരണകൾ-ദമയന്തിനാഥ്, ഓർമയിൽനിന്ന്-ബി.കല്യാണിയമ്മ തുടങ്ങിയവർ. അതിനുശേഷം വന്നവരാകട്ടെ തങ്ങളുടെ ഭർത്താവിന്റേയോ കുടുംബത്തിന്റേയോ പേരുകൾ ഗ്രന്ഥനാമത്തിൽ ചേർത്തിരുന്നു. തികച്ചും പുരുഷന്റെ നിഴലിൽ ജീവിക്കുകയും അതിൽ സംതൃപ്തി അടയുകയും ചെയ്യുന്ന ആത്മകഥകളും ജീവചരിത്രങ്ങളും പിന്നീട് ഉണ്ടാകുന്നു, ഉദാ: ചേട്ടന്റെ നിഴലിൽ. എന്നാൽ സ്ത്രീനാമ സൂചനയുള്ള പുരുഷ ആത്മകഥകൾ മലയാളത്തിൽ വിരളമാണ്. അതിനൊരപവാദം ടി.എൻ. ഗോപിനാഥൻനായരുടെ 'എന്റെ മിനി'യാണ്. പിന്നീടുവന്ന ആത്മകഥാകാരികൾ തികച്ചും സ്വതന്ത്രമായ വ്യക്തിത്വം പുലർത്തുന്നവരായിരുന്നു. ഇവരുടെ ഗ്രന്ഥനാമങ്ങൾ വ്യത്യസ്തവും അധികവും അവരുടെ കർമമേഖലകളെ സൂചിപ്പിക്കുന്നവയുമാ

യിരുന്നു. ആത്മകഥകളിലൂടെ ഇത് തന്റെ ജീവിതം തന്നെയാണെന്നവർ തുറന്നു പറയുന്നു. 'എന്റെ കഥ'-മാധവിക്കുട്ടി, 'അടുക്കളയിൽ നിന്ന് പാർലമെന്റിലേക്ക്' - ഭാരതി ഉദയഭാനു, 'ജീവിതത്തിന്റെ അരങ്ങ്' - ആയിഷ, 'ജീവിതം ഒരു സമരം' - അക്കാമ്മ ചെറിയാൻ, 'വി.പോസിറ്റീവ്' - ടി.കെ. രമ തുടങ്ങിയവരുടെ ആത്മകഥകൾ ഇതിനുദാഹരണങ്ങളാണ്.

സ്ത്രീ സാന്നിധ്യം മലയാളത്തിൽ സജീവമായത് ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിലാണ്. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ ഉമാദേവിത്തമ്പുരാട്ടിയും അംബാദേവിത്തുമ്പുരാട്ടിയും സാഹിത്യത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. എങ്കിലും സ്ത്രീയുടെ സർഗാത്മകതയെ മുഖ്യോധാരയിൽനിന്നു മാറ്റാൻ പറ്റില്ലെന്ന ദൃഢബോധം ഉണർത്തിയത് കുട്ടിക്കുഞ്ഞിത്തങ്കച്ചിയാണ്. 19-ാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങൾ കേരളസ്ത്രീകളെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്നവയാണ്. ഈ കാലത്താണ് ഇന്ദുലേഖ (1889) പുറത്തുവരുന്നത്. എങ്കിലും സാഹിത്യം അപ്പോഴും പുരുഷന്റെ തട്ടകമായി വർത്തിച്ചുപോന്നു. ഇതിനൊരു വെല്ലുവിളി ആദ്യമുണ്ടായത് തോട്ടക്കാട്ട് ഇക്കാവമ്മയിൽ നിന്നാണ്. സ്ത്രീകളെ സംബന്ധിച്ച് സാഹിത്യ രംഗത്തു നിലനിന്നിരുന്ന ചില ധാരണകളെ അവർ തന്റെ നാടകതർജമയിലൂടെ ചോദ്യം ചെയ്തു. 'ഭാമ യുദ്ധംചെയ്തു. സുഭദ്ര തേർ തെളിച്ചു, വിക്ടോറിയ രാജ്യം ഭരിക്കുന്നു... എങ്കിൽ ചൊല്ലേറും കവിതയ്ക്കു മാത്രമവരാളല്ലെന്ന് വന്നീടുമോ?' എന്നാണ് സാഹിത്യത്തിൽ പുരുഷാധിപത്യം കൊടികുത്തിവാണ കാലത്ത് തോട്ടയ്ക്കാട്ട് ഇക്കാവമ്മ ഉയർത്തിയ വെല്ലുവിളി.

ആധുനികസാഹിത്യത്തിന്റെ ആദ്യദശയിൽത്തന്നെ പുരുഷന്മാരെപ്പോലെ സ്ത്രീകൾക്കും അതിലിടം കണ്ടെത്താനാകുമെന്ന് അംഗീകരിക്കപ്പെട്ടിരുന്നു. ബാലാമണിയമ്മയും ലളിതാംബിക അന്തർജനവും സരസ്വതി അമ്മയും, പുരുഷനോടൊപ്പം തന്നെ സ്ത്രീകൾക്ക് സാഹിത്യരംഗത്ത് നിലയുറപ്പിക്കാനാകുമെന്ന് തെളിയിച്ചു. എന്നാൽ എഴുത്തുകാരിക്ക് പ്രത്യേക പരിഗണനയൊന്നും ലഭിക്കില്ലെന്നും സാഹിത്യഗുണം എന്ന ഏക മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലായിരിക്കും സ്ത്രീകൾക്ക് സാഹിത്യ

രംഗത്ത് അംഗത്വം ലഭിക്കുക എന്നുമാണ് പുരുഷലോകം ഇതിനെ വിലയിരുത്തുന്നത്. ''വിട്ടയയ്ക്കുക കൂട്ടിൽ നിന്നെന്നെ ഞാൻ ഒട്ടുവാനിൽ പറന്നുനടക്കട്ടെ'' (രതിമേനോൻ, 2002:8) എന്ന വരികൾ സമൂഹാംഗം എന്ന നിലയിൽ സ്ത്രീക്ക് അടിച്ചേൽപ്പിക്കുന്ന വില ക്കുകളും നിയന്ത്രണങ്ങളും എഴുത്തുകാരി എന്ന നിലയിലും ഏർപ്പെടുത്തുന്നതി നോടുള്ള പ്രതികരണമായി വായിക്കാം.

ആദ്യകാല എഴുത്തുകാരികൾ സാഹിത്യത്തെ സമീപിച്ചത് വൈയക്തികാവി ഷ്കാര മാധ്യമം എന്നതിലുപരി നിലനിന്നിരുന്ന സാമൂഹിക - സാമ്പത്തിക - സദാചാരവ്യവസ്ഥകളോടുള്ള കലഹം എന്ന നിലയിൽ കൂടിയായിരുന്നു. കുടുംബ ജീവിതവും സാഹിത്യപ്രവർത്തനവും തമ്മിൽ നിരന്തരമായ സംഘർഷങ്ങൾ നില നിന്നിരുന്നു. 20-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ പ്രത്യക്ഷപ്പെട്ട എഴുത്തുകാരിൽ പലരും പൊതുപ്രശ്നങ്ങളെ പരിശോധിക്കാനും വിലയിരുത്താനും അവയെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കാനുള്ള മാധ്യമമായി സാഹിത്യത്തെ ഉപയോഗിച്ചു. പരിചിത മായ ജീവിതത്തിന്റെ പരിഛേദങ്ങൾ അവതരിപ്പിച്ചാൽ സമൂഹത്തിന്റെ എതിർപ്പ് നേരിടേണ്ടിവരുമെന്ന് പൊതുവെ അവർ ഭയപ്പെട്ടു. അതുകൊണ്ടുതന്നെയാണ് സാഹിത്യരചനയ്ക്ക് വ്യാജ പുരുഷനാമങ്ങൾ പലരും സ്വീകരിച്ചിരുന്നത്. എങ്കിലും, ധൈര്യത്തോടെ സാമൂഹ്യപ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ അക്കാലത്ത് ലളിതാം ബിക അന്തർജനം, രേവതിയമ്മ തുടങ്ങിയവർ തയ്യാറായി.

സ്ത്രീവാദകേന്ദ്രീകൃതമായ ഭാവുകത്വത്തിന് വഴി തുറന്ന ആദ്യ എഴുത്തുകാ രിയാണ് ലളിതാംബിക അന്തർജനം. സ്വത്വപ്രകാശമാം വണ്ണം പെണ്മയുടെ സ്വരം ആദ്യ മായി ഉയർത്തിയത് അന്തർജനമായിരുന്നു. ''തിരസ്കൃതയും പീഡിതയുമായ പെണ്ണിന്റെ ദുരന്തങ്ങളുടെ വേദനാജനകമായ അവസ്ഥയെ അവതരിപ്പിക്കുകയും അതിലൂടെ ഈ അവസ്ഥയെ സൃഷ്ടിച്ച സാമൂഹികസംവിധാനത്തെ നിശിതമായി വിമർശിക്കുകയു മായിരുന്നു അവർ ചെയ്തത്''(രവികുമാർ:2009:xxviii). ''ആത്മനിന്ദനം, ആത്മാനു താപം, ദുഃഖാഭിരതി, വിധിവിശ്വാസം, അകർമണ്യത, അതിവൈകാരികത മുതലാ യവയാണ് സ്ത്രീയെ ബാധിച്ചിരിക്കുന്ന രോഗങ്ങളെന്ന് വിശ്വസിക്കുകയും അവയിൽ

നിന്ന് അവളെ മോചിപ്പിക്കുവാനും മനഃശാസ്ത്രപരമായ ചികിത്സയാവണം തന്റെ രചനകളെന്ന് ഇച്ഛിക്കുകയും ചെയ്ത സർഗചേതനായണവരുടേതെന്ന്'' എന്ന നിരീക്ഷണം സമഗ്രമാണ് (ലീലാവതി, 2000:19).

ലളിതാംബിക അന്തർജനത്തിനു മുമ്പുതന്നെ കുമാരൻനാശാനും, വി.ടി. ഭട്ടതിരിപ്പാടും മലയാളത്തിൽ സ്ത്രീപക്ഷരചനയ്ക്ക് ആരംഭം കുറിച്ചിരുന്നു. വി.ടി. തന്റെ കൃതികളിലൂടെ ആവിഷ്കരിച്ച നമ്പൂതിരി സമുദായത്തിലെ സ്ത്രീ ജീവിതത്തിന്റെ നിശിത യാഥാർഥ്യങ്ങൾ സ്ത്രീയെന്ന നിലയിൽ സൂക്ഷ്മാനുഭവബോധത്തോടെ കാവ്യാത്മകമായി അന്തർജനം അവതരിപ്പിച്ചു.

അന്തർജനത്തിനു തൊട്ടുപിന്നാലെ വന്ന സരസ്വതി അമ്മ സാമൂഹികവും രാഷ്ട്രീയവുമായ തലങ്ങളിലെ ജീവിതപരിവർത്തനങ്ങളെ നിരീക്ഷിച്ചും അതിനോട് പ്രതികരിച്ചും തന്റെ കഥാലോകത്തിനുള്ളിലേക്ക് കാലഘട്ടത്തെ സ്വാംശീകരിക്കുകയാണുണ്ടായത്. ''സ്ത്രീ സ്വാതന്ത്ര്യമോ പുരുഷവിദ്വേഷമോ അല്ല സരസ്വതിയമ്മയുടെ കഥകളിലെ പ്രശ്നം. സ്വതന്ത്രവും സത്യസന്ധവും തെറ്റിദ്ധാരണകൾക്കിട നൽകാത്തതുമായ സ്ത്രീപുരുഷബന്ധമാണ്'' (ചന്ദ്രിക, 2000:29) സാമൂഹ്യവ്യവസ്ഥ ഒറ്റയ്ക്കു കയ്യാളുന്ന പുരുഷാധികാരത്തെയായിരുന്നു സരസ്വതിയമ്മ എതിർത്തത്, അല്ലാതെ പുരുഷനെ ആയിരുന്നില്ല. പുരുഷന്റെ അപ്രീതിയേയും കർശനമായ അടിച്ചമർത്തലുകളെയും അതിജീവിച്ചുകൊണ്ടാണ് സ്ത്രീ സാഹിത്യലോകത്ത് കടന്നുവരുന്നത് അതിനാൽത്തന്നെ അവരുടെ രചനാശ്രമങ്ങൾ ഓരോന്നും പുരുഷാധിപത്യത്തിന് എതിരായ വെല്ലുവിളിയായി വ്യാഖ്യാനിക്കപ്പെടുന്നു.

സരസ്വതിയമ്മയ്ക്കു ശേഷം വന്ന രാജലക്ഷ്മി സ്ത്രീക്ക് നേരിടേണ്ടിവരുന്ന പ്രതികൂല സാഹചര്യങ്ങളും വ്യഥകളുമാണ് കഥാപ്രപഞ്ചത്തിലൂടെ ആവിഷ്കരിക്കാൻ ശ്രമിച്ചത്. സാഹിത്യകാരികളുടെ രചനകളെ അതിവൈയക്തികതയും അമിത വൈകാരികതയും സങ്കുചിതരചനാമണ്ഡലങ്ങളും എന്ന് ആരോപിച്ചു തള്ളിക്കളയുന്നതും കുറ്റമാരോപിച്ചു താങ്ങാനാകാത്ത സംഘർഷങ്ങൾ അടിച്ചേൽപ്പിക്കുന്നതും ആദ്യകാലത്തെ നടപ്പുരീതിയായിരുന്നു. ഇത്തരം സംഘർഷങ്ങൾക്ക് വിധേയമായി

മരണത്തെ വരിക്കാൻ നിർബന്ധിതയായി രാജലക്ഷ്മി. രാജലക്ഷ്മിക്കു മുമ്പ് ആനി തയ്യിൽ നോവൽ രംഗത്തെത്തിയിരുന്നു. സാഹിത്യലോകത്ത് അത്രയേറെ ശ്രദ്ധ കിട്ടാതെ പോയ കെ.ഭാരതിയമ്മ ഒമ്പതു നോവലുകൾ പ്രസിദ്ധപ്പെടുത്തിയപ്പോൾ ആനി തയ്യിൽ ആറു നോവലുകൾ എഴുതി. കൂടാതെ വിശ്വവിഖ്യാതങ്ങളായ ധാരാളം യൂറോപ്യൻ നോവലുകൾ ഇംഗ്ലിഷിൽ നിന്നു വിവർത്തനം ചെയ്തിട്ടുണ്ട്. സാഹിത്യ രംഗത്ത് അവർ ചെയ്ത സംഭാവനയ്ക്ക് വേണ്ടത്ര അംഗീകാരം കിട്ടാത്തതിനു കാരണം താൻ സ്ത്രീയായതാണ് എന്ന അഭിപ്രായവും ആനിക്കുണ്ടായിരുന്നു. തുടർന്നങ്ങോട്ട് സാറാജോസഫ്, മാധവിക്കുട്ടി, സാറാതോമസ്, വിജയലക്ഷ്മി, അഷിത, വത്സല, ചന്ദ്രമതി, ഗ്രേസി, പ്രിയ എ.എസ്. സിതാര, ഇന്ദുമേനോൻ, കെ.ആർ. മീര തുടങ്ങി എഴുത്തുകാരികളുടെ ഒരു നിര തന്നെ നമുക്കു കാണാവുന്ന താണ്. ലളിതാംബിക അന്തർജനവും സരസ്വതി അമ്മയും, മുതൽ പുതുതലമുറയിലെ കഥാകാരികളും കവയിത്രികളും വരെ നമുക്ക് മുന്നിൽ വയ്ക്കുന്നത് വ്യവസ്ഥാ പിതമൂല്യങ്ങളോട് കലഹിക്കുന്ന സാഹിത്യപ്രവർത്തനമാണ്.

കഴിഞ്ഞ അരദശാബ്ദക്കാലത്തിനുള്ളിൽ മലയാളത്തിൽ ഉയർന്നുവന്ന ഏറ്റവും പ്രതിഭാധനയായ എഴുത്തുകാരിയായി വിലയിരുത്തപ്പെട്ട മാധവിക്കുട്ടി, സ്ത്രീചൈത ന്യവും സർഗാത്മകതയുടെ ഔന്നത്യവും ആവാഹിക്കുന്ന കഥകൾ മലയാളത്തിനു സമ്മാനിച്ചു. അവരുടെ 'എന്റെ കഥ' ദേശീയവും അന്തർദേശീയവുമായ ശ്രദ്ധ നേടി. സ്ത്രൈണലൈംഗികതയെ മടികൂടാതെ ആവിഷ്കരിക്കാൻ തുടർന്നുവന്ന എഴുത്തു കാരികൾക്ക് ഇത് പ്രചോദനമായി. മാധവിക്കുട്ടി മലയാളത്തിൽ ആത്മകഥയെ സങ്കീർണമായ ആഖ്യാനരൂപമാക്കി പരിവർത്തിപ്പിച്ചു.

പെണ്ണനുഭവങ്ങളെ ആവിഷ്കരിക്കാൻ പുരുഷനുണ്ടാക്കിയ ഭാഷ അപര്യാപ് തമാണെന്നു പ്രഖ്യാപിച്ച എഴുത്തുകാരിയാണ് സാറാജോസഫ്. സാറാ ജോസഫിന്റെ എഴുത്ത് പുരുഷവിദ്വേഷത്തിന്റെ ആഴം കുറഞ്ഞ ചതുപ്പിലേക്ക് വഴുതുന്നില്ല. ആവിഷ്കാര സ്വാതന്ത്ര്യങ്ങളിന്മേൽ വീണുകൊണ്ടിരിക്കുന്ന ചങ്ങലക്കുരുക്കുകൾ അറു ത്തെറിയാനുള്ള ബോധപൂർവമായ ശ്രമങ്ങളാണ് സാറാജോസഫിന്റെ രചനകൾ.

ഡോ.എം. ലീലാവതി പുരുഷമേധാവിത്വം നിറഞ്ഞുനിന്ന നിരൂപണസാഹിത്യശാഖയിൽ അദ്വിതീയസ്ഥാനം നേടിയെടുത്തു. സ്ത്രീകളധികം കടന്നുചെല്ലാത്ത നിരൂപണമേഖലയിൽ കരുത്തുറ്റ സ്ത്രീശബ്ദമാണ് അവരുടേത്. നിരൂപണരംഗത്ത് മാത്രമായി നീണ്ടകാലം പ്രവർത്തിച്ച മറ്റൊരു സ്ത്രീ ഇന്ത്യയിലെ പ്രാദേശികഭാഷകളിൽ വേറെ ഇല്ല. ഡോ. സുവർണ നാലപ്പാട്ട്, ഡോ. സുധാവാര്യർ, ഡോ. രതി ഇങ്ങനെ വളരെക്കുറച്ചു പേരുകളേ നിരൂപണശാഖയിൽ പിന്നീടുണ്ടായിട്ടുള്ളൂ. കേരളചരിത്രപഠനങ്ങളിൽ സ്ത്രീകൾ ചരിത്രനിർമാതാക്കളാകുന്ന സന്ദർഭങ്ങൾ അപൂർവമായേ ഉള്ളൂ. പുരുഷാധിപത്യ സാമൂഹ്യവ്യവസ്ഥകളുടെ സാന്നിധ്യവും പുരുഷകേന്ദ്രിതമായ ചരിത്രപഠനരീതിയുമാണ് സ്ത്രീകളുടെ ഈ അദൃശ്യതയ്ക്ക് മുഖ്യമായും കാരണമായത്.

പത്തൊമ്പതാം ശതകത്തിന്റെ അവസാനദശകങ്ങളിൽത്തന്നെ മലയാളസാഹിത്യത്തിൽ സ്ത്രീകൾ ഗണനീയമായ സംഭാവനകൾ നൽകിത്തുടങ്ങിയിരുന്നു. ആദ്യവനിതാ മാസികയായ 'സുഗുണബോധിനി'യെത്തുടർന്ന് 'ശാരദ', 'ലക്ഷ്മീഭായ്' 'മഹിള' തുടങ്ങിയവയും സ്ത്രീകളുടെ നേതൃത്വത്തിൽ ഇറങ്ങിത്തുടങ്ങി. കേരളത്തിന്റെ സ്ത്രീ മുന്നേറ്റ ചരിത്രത്തിൽ വനിതാ മാസികകൾ വഹിച്ച പങ്ക് പരിഗണനാർഹം തന്നെയാണ്. കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തിനു മാറ്റു കൂട്ടിയിരുന്ന സാഹിത്യകാരികളുടെ രചനകൾ സാമൂഹ്യ - രാഷ്ട്രീയ മുന്നേറ്റങ്ങൾക്ക് ഊർജം പകർന്നിരുന്നു. തോട്ടയ്ക്കാട് ഇക്കാവമ്മ, തരവത്ത് അമ്മാളുവമ്മ, മേരിജോൺ തോട്ടം, അമ്പാടി കാർത്ത്യായനി അമ്മ, ലളിതാംബിക അന്തർജനം, ബി. കല്യാണിയമ്മ, കടത്തനാട്ട് മാധവിയമ്മ, മുതകുളം പാർവതിയമ്മ, ബാലാമണിയമ്മ, കെ. സരസ്വതിയമ്മ, രാജലക്ഷ്മി തുടങ്ങിയവർ സാഹിത്യലോകത്ത് ഒരു പുതുതരംഗം ഉയർത്തിയവരാണ്.

സ്നേഹം എന്ന ആശയം തുടക്കം മുതൽക്കേ ആധുനിക മലയാള സാഹിത്യചിന്തയിൽ സന്നിഹിതമായിരുന്നു. 'സ്നേഹം'- പൊതുവെ പറഞ്ഞാൽ, വികാരങ്ങളുടെ ലോകം-പുരുഷന്മാരെക്കാളധികം വഴങ്ങുന്നത് സ്ത്രീകൾക്കാണെന്ന ആശയവും പ്രതിഷ്ഠ നേടിയിരുന്നു. വൈകാരികാവസ്ഥകളുടെ ശക്തവും വ്യത്യസ്തവുമായ

പുനരാവിഷ്കരണം ഒത്തുചേർന്ന സ്ത്രീരചനകൾക്ക് കാര്യമായ ശ്രദ്ധ നിരൂപകരിൽ നിന്നും വായനക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഇത്തരം കൃതികൾക്ക് അതുകൊണ്ടു തന്നെ നിലനിന്നിരുന്ന മൂർച്ചയേറിയ പുരുഷമേധാവിത്വത്തെ നിശിതമായി വിമർശിക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ പുരുഷമേൽക്കോയ്മയോട് സമരസപ്പെടാത്ത എഴുത്തു കാരികളും അവരുടെ കൃതികളും സാഹിത്യത്തിൽ പുതിയ ചലനങ്ങൾ സൃഷ്ടിച്ചു.

സാഹിത്യത്തിലെ സ്ത്രീ മുന്നേറ്റം കാണിച്ചുതരുന്നത് വൈയക്തികാവിഷ് കാരങ്ങൾക്കുപരിയായി സമൂഹം അവരിലേർപ്പെടുത്തിയിരുന്ന ചങ്ങലക്കെട്ടുകൾ പൊട്ടിച്ചെറിയാനുള്ള അപാരമായ തൃഷ്ണയും കൂടിയാണ്. കൂട്ടുകുടുംബവ്യവസ്ഥിതി യുടെ അടച്ചിട്ട സംഘർഷങ്ങൾക്കകത്തുനിന്ന് അണുകുടുംബത്തിന്റെ സ്വച്ഛമായ ഇട ത്തിലേക്ക് കടന്നുവന്ന സ്ത്രീ, വിദ്യാഭ്യാസപരമായി ഉയർന്നപ്പോഴും കുടുംബത്തോ ടുമുള്ള 'ആത്മാർഥമായ അർപ്പണബോധ'ത്തിൽ ഒറ്റപ്പെട്ടുപോയി. സ്ത്രീകൾക്ക് എവിടേയും സ്വന്തമായ ഒരു ഇടത്തിന്റെ അഭാവം വർത്തമാനകാല ജീവിതാവസ്ഥ യിലും ദൃശ്യമാണ്.

### 1.2.5 സ്ത്രീ ആത്മകഥകളുടെ സവിശേഷതകൾ

കേരളസമൂഹത്തിന്റെ ചരിത്രം പല മേഖലകളിലുള്ള നിരവധി സ്ത്രീകളു ടെയും കൂടി ചരിത്രമാണ്. സ്വന്തം ജീവിതവും കലയും രാഷ്ട്രീയവിശ്വാസവും കൊണ്ട് ചരിത്രത്തെ സമ്പന്നമാക്കിയ അനവധി സ്ത്രീ ജീവിതകഥകൾ ഇവിടുണ്ടായി രുന്നു. സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് പല കാര്യങ്ങളാൽ ഈ ജീവിതകഥകൾ വിസ്മൃതമാക്കപ്പെടുകയോ പാർശ്വവത്കരിക്കപ്പെടുകയോ ആണ് ചെയ്തിട്ടുള്ളത്. അതുകൊണ്ടുതന്നെ ചരിത്രത്തിന്റെ അരികുകളിൽ നിന്ന് എഴുതപ്പെട്ട അത്തരം സ്ത്രീ ചരിത്രപാഠങ്ങൾ ഇന്ന് ഏറെ പ്രാധാന്യമർഹിക്കുന്ന പഠനവിഷയമാണ്.

വേർതിരിവുകൾ അപ്രത്യക്ഷമാക്കുന്ന സാമൂഹ്യമണ്ഡലമാണ് സ്ത്രീകൾ സ്വപ്നം കാണുന്നത്. അല്ലാതെ സാമൂഹികവിഭജനങ്ങളെ പുനഃസ്ഥാപിക്കുകയല്ല അവരുടെ രചനകളുടെ ലക്ഷ്യം. വ്യക്തിയുടേയും സമൂഹത്തിന്റേയും ഇച്ഛകൾ ഒന്നായിത്തീരുന്ന ബിന്ദുവാണ് സ്ത്രീകളെ സംബന്ധിച്ചിടത്തോളം വിമോചനം.

''ചരിത്രത്തെ അപനിർമിക്കാനും പുനർനിർമിക്കുവാനുമുള്ള സർഗാത്മക സവിശേഷത പുലർത്തുന്നുണ്ട് സ്വത്വാഖ്യാനങ്ങൾ'' (Illaiah, 1996:XII). കുട്ടിക്കാലം മുതൽക്കേ ലിംഗപരമായ വ്യത്യാസം പ്രകടവും വ്യക്തവുമായി അനുഭവിച്ചിരുന്നു എന്നതാണ് സ്ത്രീ ആത്മകഥാകാരികളുടെ രചനകളുടെ ഒരു പൊതുസവിശേഷത. സമൂഹത്തിലെ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വേർതിരിവുകളും മറനീക്കി പുറത്തു വരികയാണ് അവരുടെ ആത്മകഥകളിലൂടെ. ''ദളിതർ നേരിടുന്ന അപമാനവീകരണത്തിന്റേയും അതിക്രമങ്ങളുടേയും ഇരട്ടത്താപ്പിന്റേയും അനുഭവരേഖയാകുന്നതോടൊപ്പം അവയിൽനിന്ന് കുതറിമാറാനുള്ള അഭിവാഞ്ഛയും ദളിത് ആത്മകഥകളിൽ പ്രതിഫലിക്കുന്നുണ്ട്'' (Dangle, 1992:XIV). സമൂഹമനസ്സിന്റെ രോഗ ബാധിതമായ മനസ്സിനെക്കുറിച്ചും സ്ത്രീ മനസ്സിൽ ഒളിഞ്ഞിരിക്കുന്ന തലത്തെക്കുറിച്ചും മനസ്സിലാക്കാൻ സ്ത്രീ ആത്മകഥകൾ സഹായിക്കുന്നു.

പ്രാന്തവത്ക്കരിക്കപ്പെട്ടവരുടെ പ്രതിനിധിയായി കണക്കാക്കുമ്പോൾ ആത്മകഥയെ അടിച്ചമർത്തപ്പെട്ടവരുടെ രചനയായി കണക്കാക്കാവുന്നതാണ്. ''ലൈംഗികതയെ അടിസ്ഥാനമാക്കിയുള്ള തിരിച്ചറിയൽ ചിലപ്പോൾ വർണപരവും അല്ലെങ്കിൽ വർഗപരവുമായ വ്യത്യാസങ്ങളെ ഇല്ലാതാക്കിയേക്കാം. പ്രാന്തവത്കരികപ്പെട്ട വ്യക്തിക്ക് ആത്മകഥയ്ക്കുള്ളിൽത്തന്നെ സ്വത്വബോധത്തെ ആലങ്കാരികമാക്കുന്നതോ അല്ലെങ്കിൽ രൂപമാക്കുകയോ ചെയ്യുന്നത് കഥയ്ക്കും ആത്മകഥയ്ക്കും ഇടയിലെ അതിരുകളെക്കുറിച്ച് ചിന്താക്കുഴപ്പത്തിലാക്കുന്നു'' (Julia, 1985:30).

വൈകാരികതലങ്ങളെക്കുറിച്ചും ആ സന്ദർഭത്തിൽ ആഖ്യാതാക്കൾക്ക് ഉണ്ടാകുന്ന പ്രതികരണത്തിനെക്കുറിച്ചുള്ള സൂചിപ്പിക്കലുമാണ് സ്ത്രീ ആഖ്യാനത്തെ വ്യത്യസ്തമാക്കുന്ന മറ്റൊരു സവിശേഷത. അതായത്, ''പുരുഷൻമാരേക്കാൾ സ്ത്രീകൾ തങ്ങളുടെ ആത്മകഥാപരമായ ഓർമകളിൽ വൈകാരികമായ ഉള്ളടക്കം ചേർക്കുന്നതിന് പ്രവണത കാണിക്കുന്നു''(ഡേവിഡ്, 1991:35). അവർക്ക് ആത്മകഥ അവരുടെ ജീവിതം തന്നെയാണ്. അല്ലാതെ ബൗദ്ധികമോ കലാപരമോ സാഹിത്യപരമോ

ആയ ഒരു സൃഷ്ടിയല്ല. അവൾ നേരിടുന്ന അനുഭവങ്ങൾ ജീവിതത്തിൽ നിന്ന് മാറ്റി നിർത്തി കാണുവാൻ സ്ത്രീകൾ ശ്രമിക്കുന്നില്ല.

### 1.2.6 സ്ത്രീ ആത്മകഥകൾ ഉയർന്നുവരുവാനിടയായ സാഹചര്യം

എഴുപതുകളോടെ കേരളത്തിൽ ഉയർന്നുവന്ന പാർശ്വവത്കൃതരുടെ സമരങ്ങൾക്ക് സ്വത്വാധിഷ്ഠിതമായ മൂല്യമണ്ഡലങ്ങൾ ഉണ്ടായിരുന്നു. ഭൗതികാസ്പദങ്ങളായ ആവശ്യങ്ങൾ മുന്നോട്ടുവച്ചുകൊണ്ടാണ് ഇവ വികസിച്ചതെങ്കിലും വിഭിന്ന സാമൂഹികവിഭാഗങ്ങൾക്കിടയിൽ രൂപപ്പെട്ട അസ്വസ്ഥതകൾ ആയിരുന്നു അവയ്ക്ക് പിന്നിലെ പ്രേരണകൾ ആയി വർത്തിച്ചത്. ആദിവാസിഭൂമിപ്രശ്നം, സ്ത്രീവാദികൾ മുന്നോട്ടുവച്ച സവിശേഷമായ സ്വത്വാധിഷ്ഠിത മുന്നേറ്റങ്ങൾ, പ്രകൃതിചൂഷണത്തിനും വികസനത്തിനുമെതിരായ മത്സ്യതൊഴിലാളികളുടെ ആവശ്യങ്ങൾ, സമരങ്ങൾ എന്നിവയെല്ലാം കടുത്ത എതിർപ്പും അടിച്ചമർത്തലിനും നേരിട്ടു. സമൂഹം പണ്ടു മുതലേ മാറ്റി നിർത്തിയിരുന്ന വിഭാഗങ്ങളെ ഉൾക്കൊള്ളാനാവാത്തവിധം യാഥാസ്ഥിതികത വളർന്നുകൊണ്ടിരുന്ന ഈ സന്ദർഭത്തിൽ നവീന അന്വേഷണങ്ങളുടെ സമാന്തര വഴികൾ കേരളത്തിൽ വികസിച്ചുകൊണ്ടിരുന്നു. ഈ കാലഘട്ടത്തിലാണ് അടിച്ചമർത്തപ്പെട്ടവർ തങ്ങളെത്തന്നെ തുറന്നുകാണിക്കാൻ പറ്റിയ ഒരു മാർഗമായി സാഹിത്യത്തെ കാണുന്നത്. ആരുടേയും സമ്മർദമോ സഹായമോ ഇല്ലാതെ തങ്ങൾക്കും എന്തും തുറന്നുപറയാനുള്ള അവസരമുണ്ടെന്ന തിരിച്ചറിവും, മാറ്റി നിർത്തപ്പെട്ട തങ്ങൾ പറയുന്നത് കേൾക്കാൻ താത്പര്യപ്പെടുന്ന വലിയൊരു വിഭാഗം ഉണ്ടെന്ന തിരിച്ചറിവും സാഹിത്യത്തെ ഉപയോഗപ്പെടുത്താൻ അവർക്കു പ്രേരണയായി. ഇതുതന്നെയാണ് ആത്മകഥകളുടെ ഉയിർത്തെഴുന്നേല്പിന്റെ ഒരു കാരണം. സമൂഹത്തിന്റെ 'സവിശേഷമായ' ജീവിതാവസ്ഥകൾക്ക് പുറത്തുനില്ക്കുന്ന ഇവരുടെ 'പുറമ്പോക്കുകൾ' എന്നു വിശേഷിപ്പിക്കാവുന്ന ഈ ആവിഷ്കാരപ്രതലം മുഖ്യധാരയിൽ ഇന്ന് ഇടംപിടിച്ചിരിക്കുന്നു എന്നത് ഏറെ പ്രാധാന്യമർഹിക്കുന്നു. സാമൂഹ്യസാഹചര്യങ്ങൾ തങ്ങൾക്ക് നേരെ പുലർത്തിയ നിർദയത്വത്തെ വിചാരണചെയ്ത അവർ എല്ലാവരും തുല്യരാണെന്ന് ഭാവിച്ച ആസ്വാദകലോകത്തിന് ആഘാതം ഏല്പിച്ചു.

ആത്മകഥകളിൽ സ്ത്രീ ആവിഷ്കാരങ്ങൾ ഇന്ന് സജീവ സാന്നിധ്യമായി മാറിക്കഴിഞ്ഞിരിക്കുന്നു. നിലനിന്നിരുന്ന മൂല്യവ്യവസ്ഥിതിയെ എതിർക്കുന്ന നിരവധി ആത്മകഥകൾ മലയാളത്തിൽ ഉണ്ടാകുന്നുണ്ട്. ഇത്തരം രചനകൾ വ്യവസ്ഥാപിതവും ആധിപത്യാശയങ്ങളെ പിന്തുടരുന്നതുമായ രചനാരീതികളിൽനിന്ന് വ്യത്യസ്തമാകുന്നുണ്ട്. ഇവ സ്വത്വപരമായ തിരിച്ചറിവുകൾക്ക് പ്രേരണ നൽകുന്നു. സ്ത്രീ പ്രവർത്തനങ്ങളുടെ തുടർച്ചയായ ചരിത്രത്തിൽനിന്നും നേടിയെടുത്ത പ്രതിരോധത്തിന്റെ ഊർജം സ്ത്രീ ആത്മകഥകളുടെ അടിത്തറയായി വർത്തിക്കുന്നു. അതുകൊണ്ടു തന്നെ ഉജ്ജ്വലങ്ങളായ സാമൂഹികാഖ്യാനങ്ങളായി ഈ ആത്മകഥകൾ വായിക്കപ്പെടേണ്ടതാവശ്യമാണ്.

ജീവിതം പറയുക എന്നത് വർത്തമാനകാലത്ത് ഒട്ടും സങ്കോചമില്ലാതെ നിർവഹിക്കാവുന്ന ഒന്നായിത്തീർന്നിട്ടുണ്ട്. വളരെ ചെറിയ ക്യാൻവാസിൽ സങ്കീർണവും വിപുലവുമായ ചിത്രം വരയ്ക്കുന്നതുപോലെ ചുരുങ്ങിയ ഓർമകളിലൂടെ ദീർഘകാലമായുള്ള ജീവിതം സ്ത്രീകൾ പറഞ്ഞുപോകുന്നു. ഇന്ന് പുരുഷന്റെ തണലിൽനിന്ന് അവനെ പ്രകീർത്തിച്ച്, അവരുടെ നിഴലിൽ നിൽക്കുന്ന വ്യക്തിത്വങ്ങളായി നിന്ന് ആത്മകഥ രചിക്കുന്ന സ്ത്രീകൾ കുറവാണ്. ഇക്കാലഘട്ടത്തിലെ സ്ത്രീയുടെ ചിന്താരീതികളിലും പെരുമാറ്റങ്ങളിലും വന്ന മാറ്റവും സാമൂഹിക, സാംസ്കാരിക, സാമ്പത്തികമാറ്റങ്ങളും സാങ്കേതിക വളർച്ചയും ഇതിനു കാരണമായിട്ടുണ്ട്.

''പരസ്യമായ തുറന്നുപറയലുകൾ സാധ്യമാക്കുക മാത്രമല്ല, നിർലോഭമായി അവയെ പ്രോത്സാഹിപ്പിക്കുക കൂടിചെയ്യുന്ന ഒരു വ്യവഹാരാത്മക സാഹചര്യം നമ്മുടെ വർത്തമാനചരിത്രത്തിൽ ഉരുവംകൊണ്ടിട്ടുണ്ട്. രാഷ്ട്രീയപ്രസക്തമല്ലെന്നും വിലക്കപ്പെട്ടതെന്നും ഗാർഹികം, കുടുംബപരം എന്നുമൊക്കെ മുദ്രകുത്തി മാറ്റിനിർത്തപ്പെട്ട മേഖലകളെ സംബന്ധിക്കുന്നതാണ് ഈ വെളിപ്പെടുത്തലുകൾ'' (ഷർമിള, 2006:18). കഴിഞ്ഞ ഒരു ദശകത്തിനുള്ളിൽ ഉണ്ടായിട്ടുള്ള ജീവിതാഖ്യാനങ്ങൾ സവിശേഷമായ ഒരു സാഹിത്യവിഭാഗമായി പരിഗണിക്കാവുന്നതാണ്. ''പ്രതിനിധാനത്തെക്കുറിച്ചുള്ള ഗൗരവമായ അന്വേഷണമാണ് സ്ത്രീ/ ദളിത്/ കീഴാളപഠനങ്ങളെ സജീവമാ

ക്കുന്നത്. ഒരു വ്യക്തി, അല്ലെങ്കിൽ സമൂഹം ആഖ്യാനങ്ങളിൽ ആവിഷ്കരിക്കപ്പെടുന്നതിന്റെ സ്വഭാവം നിർണായകമാണ്. ചത്തുംകെട്ടും പോകുന്നവരായാണ് വരേണ്യ ആഖ്യാനങ്ങളിൽ ഇക്കൂട്ടർ സ്ഥാനപ്പെടുന്നത്'' (സന്തോഷ്, 2010:165).

കേരളത്തിന്റെ സാമൂഹ്യ സാംസ്കാരിക പശ്ചാത്തലം സ്ത്രീവിമോചനാശയങ്ങൾ ഉറപ്പിക്കാൻ പറ്റിയ അന്തരീക്ഷമാണ് ഒരുക്കിയത്. ആത്മകഥയെന്ന മാധ്യമത്തിലൂടെ നിലനിന്നിരുന്ന സ്ത്രീ വിരുദ്ധ ആശയങ്ങളെയും സ്ത്രീവിരുദ്ധ സങ്കല്പങ്ങളെയും ചൂണ്ടികാട്ടാനും സ്ത്രീയുടെ കാഴ്ചപ്പാടിലൂടെ സമൂഹത്തേയും ജീവിതത്തേയും ആവിഷ്കരിക്കാനും ആത്മകഥാകാരികൾ ശ്രമിച്ചു. മിക്കവാറും ആദ്യകാല സ്ത്രീരചനകൾക്കൊന്നും തന്നെ ഒരു രണ്ടാം പതിപ്പ് ഉണ്ടായിട്ടില്ല. പക്ഷെ ഇപ്പോൾ ഇറങ്ങുന്ന വർഷം തന്നെ പല പതിപ്പുകളും സ്ത്രീ ആത്മകഥകൾക്കും രചനകൾക്കും ഉണ്ടാകുന്നു എന്നത് ശ്രദ്ധേയമായ മാറ്റമാണ്.

ആത്മകഥ ഇന്ന് ഒരു പുഷ്ക്കല സാഹിത്യശാഖയായി ഉയർന്നുവരികയാണ്. ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ തുടങ്ങി ആത്മകഥ ഒരു പുതിയ പന്ഥാവിലേക്ക് തിരിയുകയാണ് ചെയ്തത്. ആദ്യകാലത്ത് ഏതെങ്കിലുമൊക്കെ മേഖലകളിൽ, പ്രത്യേകിച്ച് രാഷ്ട്രീയം, മതം, സാഹിത്യം എന്നിവയിൽ പ്രഗത്ഭരായ വ്യക്തികൾ, തങ്ങളെ ചരിത്രത്തിൽ/അല്ലെങ്കിൽ സമൂഹത്തിൽ അടയാളപ്പെടുത്തുവാനും അവരുടെ നേട്ടങ്ങൾ വിളിച്ചുപറയുവാനും ഉചിതമായ ഒന്നായി ആത്മകഥകളെ കണ്ടിരുന്നു. ആത്മകഥ സമൂഹത്തിൽ സ്ഥാനമുള്ളവർക്കു മാത്രം രചിക്കാനുള്ളതാണെന്ന ബോധം ഈയടുത്ത കാലംവരെ സമൂഹമനസ്സിൽ ദൃഢമായിരുന്നു. എന്നാൽ പിന്നീടതിന് മാറ്റങ്ങൾ വരുകയും അതിന്റെ പൂർവനിർവചനങ്ങൾ മാറി പുതിയ ചിന്താരീതികളും ജീവിത സാഹചര്യങ്ങളും സൃഷ്ടിക്കപ്പെടുകയും ചെയ്തു. അതിനുശേഷം വന്ന മാറ്റം, ശ്രദ്ധേയരല്ലാത്ത പല മേഖലയിൽപ്പെട്ട വ്യക്തികളും ഈ രംഗത്തേക്കു കടന്നുവന്നു എന്നതാണ്. തങ്ങൾക്കും ഒരു കഥയുണ്ടെന്നും അത് പറയുവാൻ യുക്തമായ ഒന്നാണ് ആത്മകഥ എന്നും മനസ്സിലാക്കി അതിനു മുതിരുകയും ചെയ്തു. ആത്മകഥാചരിത്രത്തിൽ ഉണ്ടായ വലിയൊരു തിരിച്ചറിവിന്റെ പ്രതിഫലനമാണിത്.

സ്ത്രീ ആത്മകഥയുടെ പുരോഗതി പരമ്പരാഗതമായ പുരുഷ ആത്മകഥാ മേഖലയെ ചോദ്യംചെയ്യുന്നതിന്റെയും വെല്ലുവിളിക്കുന്നതിന്റെയും ഫലമാണ്. സ്ത്രീ അനുഭവങ്ങളുടെ അന്യവത്കരണത്തോടും അദൃശ്യവത്കരണത്തോടും ഉള്ള തിരിച്ചടിക്കലും ഒപ്പംതന്നെ സ്ത്രീകളുടെ രചനയുടെ സ്വത്വത്തെക്കുറിച്ചുള്ള ഒരു പുതിയ കാഴ്ചപ്പാടിന്റെ അവതരണവും സ്ത്രീ ആത്മകഥാവിഷയത്തെ ശ്രദ്ധേയമാക്കിയിട്ടുണ്ട്.

### 1.2.7 കേട്ടെഴുത്തിൽ തെളിയുന്ന രാഷ്ട്രീയം

കേട്ടെഴുതുന്ന ആത്മകഥകളെപ്പറ്റിയുള്ള സംവാദം മലയാള സാഹിത്യത്തിൽ അവയ്ക്കുള്ള നിർണായകസ്ഥാനമാണ് അടയാളപ്പെടുത്തുന്നത്. എഴുത്തുകാരൻ/കാരിയെക്കുറിച്ചുള്ള കർത്തൃത്വപരമായ സന്ദേഹങ്ങളാണ് ഇവിടെ കേന്ദ്രപ്രമേയമാകുന്നത്. പകർത്തിയെഴുത്തിലൂടെ കൈമോശം വന്ന സത്യസന്ധതയാണ് ഇത്തരം ആത്മകഥകളിലെ പ്രധാന വിമർശനം. മുഖ്യധാരയുടെ ആഖ്യാനമാതൃകൾക്കും പൊതുബോധത്തിനും പുറത്തു നില്ക്കുന്ന ഈ കഥകൾ പലപ്പോഴും ഭാവനകൊണ്ട് നിറം പിടിപ്പിക്കുന്ന ആത്മകഥകളേക്കാൾ സത്യസന്ധവും സുതാര്യവുമാണ്. ''ആത്മകഥകൾ തിരസ്കൃത ജീവിതം നിവർത്തിവച്ച ഭൂപടങ്ങളാകുന്നത് ഒരു ചരിത്രഘട്ടത്തിന്റെ ആഖ്യാനമാകുന്നതിലൂടെയാണ്'' (കൊച്ച്, 2005:23). പാർശ്വവത്കരിക്കപ്പെട്ട ജീവിതങ്ങൾ തുറന്നു പറയുന്ന കാര്യങ്ങൾ വരേണ്യയുക്തിക്ക് വഴങ്ങണമെന്നില്ല. വരേണ്യജീവിതത്തിന്റെ സാംസ്കാരികയുക്തിക്ക് അപ്പുറമാണ് അന്യവത്കരിക്കപ്പെട്ടവരുടെ ജീവിതയാഥാർഥ്യങ്ങൾ. ആത്മകഥാകാരന്റെ വ്യക്തിപ്രഭാവം തന്നെയാണ് ആത്മകഥയിൽ വരേണ്ടത്. എങ്കിലും സ്വയം ഭാവനചെയ്ത് എഴുതാൻ കഴിയാത്തവർ, നിരക്ഷരർ തുടങ്ങിയവർക്ക് തങ്ങൾക്ക് പറയാനുള്ളത് പകർത്തിവയ്ക്കാൻ ഒരു ഇടനിലക്കാരന്റെ സഹായം ആവശ്യമാണ്. അങ്ങനെയുള്ളവർക്ക് അവരുടെ സ്വത്വപ്രകാശനത്തിന് പകർത്തിയെഴുതുന്നവരുടെ മുന്നിൽ ചെന്നിരുന്ന് ജീവിതം പറഞ്ഞ് കൊടുക്കുകയാണ് ആത്മപ്രകാശനത്തിനുള്ള വഴി.

കേട്ടെഴുതുന്ന ആത്മകഥകളിൽ ആത്മകഥാകാരൻ/കാരിയുടെ വസ്തുനിഷ്ഠമായ ആത്മാംശം എത്രമാത്രമുണ്ടെന്നത് ചോദ്യം ചെയ്യപ്പെടുന്നു. കേട്ടെഴുതുന്ന

ആളുടെ ആഖ്യാനചാതുര്യവും ജീവിതമനോഭാവവും ഇത്തരം ആത്മകഥകളെ ഒരു പരിധിവരെ സ്വാധീനിക്കാറുണ്ടെന്ന വിമർശനവും നിലനിൽക്കുന്നു. ''സ്വന്തം അസ്തിത്വത്തോടു ചേർന്നുനിന്നുകൊണ്ട് സ്വയം ആഖ്യാനം നടത്തുന്ന ആത്മകഥകളുടെ ഊഷ്മളത കേട്ടെഴുതുന്ന ആത്മകഥകൾക്ക് കുറവാണ്'' (ബാലചന്ദ്രൻ, 2008:28). 'ജീവിതം' ആത്മകഥയുടെ കേന്ദ്രപ്രമേയമാണെന്ന് സമ്മതിക്കുമ്പോഴും കേട്ടെഴുതപ്പെട്ട ആത്മകഥകൾ വായനയെ വഴിതെറ്റിക്കുന്നു എന്നൊരു അഭിപ്രായവും ഇത്തരം ആത്മകഥകളെക്കുറിച്ച് ഉയർന്നുവരുന്നുണ്ട്. എങ്കിലും അങ്ങനെയല്ലാത്ത ആത്മകഥകൾ ഇപ്പോൾ ഉണ്ടാകുന്നുണ്ടെന്ന് സമീപകാലത്ത് ഉണ്ടായിട്ടുള്ള ആത്മകഥകൾ തെളിവാണ്. കെ.പി.എ.സി.ലളിത, ആയിഷ തുടങ്ങിയവരുടെ ആത്മകഥകൾ ഇതിനുദാഹരണങ്ങളാണ്.

''ആത്മകഥ ഒരാൾ ഒരാളുടെ കഥയെഴുതുന്നതാണ് എന്ന് വാദിക്കാമെങ്കിലും അവ ഏക കർത്തൃകമാണെന്ന് പറയാനാവില്ല. കാരണം, ആഖ്യാനം നിരവധി സാമൂഹിക നിർമിതികളുടേതാണ്. ആഖ്യാനത്തിന് അതിന്റെ വ്യാവഹാരികപ്രക്രിയയിൽ ഏകമാത്ര കർത്താവിനെ ഉപേക്ഷിക്കേണ്ടിവരും. ഒരു പ്രത്യേക സന്ദർഭത്തിൽ യാഥാർഥ്യത്തെ ആദർശവത്കരിച്ചും ആദർശത്തെ യാഥാർഥ്യവത്കരിച്ചും മാത്രമേ പഠനത്തിന്റെ മുഖ്യധാരയിൽ പ്രധാന കണ്ണിയായി അവൾക്ക്/അയാൾക്ക് സ്ഥാനം നേടാനാവുകയുള്ളൂ'' (ഉമർ, 2007:11).

കേട്ടെഴുത്തിലൂടെയുള്ള ആത്മകഥകൾക്ക് പൊതുവായ ഒരു ലക്ഷ്യമുണ്ട്. തങ്ങളെക്കുറിച്ച് 'പറയ'പ്പെട്ട കഥകളെ അപനിർമിക്കുകയാണിതിന്റെ പ്രധാന ലക്ഷ്യം. അതിന്റെ വേറിട്ട ആഖ്യാനങ്ങളിലൂടെ സ്ഥാപിക്കുന്നത് എഴുത്തുകാരന്റേയും/ കാരിയുടേയും അവർ ഉൾപ്പെട്ട സമുദായത്തിന്റേയും പ്രശ്നങ്ങളാണ്. ചരിത്രത്തിന്റെ പുറമ്പോക്കുകളിൽ സ്ഥാനപ്പെട്ടവരും അവഗണിക്കപ്പെട്ടവരും ആയിരുന്ന തങ്ങൾക്ക് വെളിപ്പെടുത്തുവാൻ ചിലതുണ്ട് എന്ന് അവർ സൂചിപ്പിക്കുന്നു.

മറ്റൊരാളുടെ കഥ കണ്ടും കേട്ടും പറയുക മാത്രമല്ല, കൂട്ടിയും കിഴിച്ചും യാഥാർഥ്യത്തെ മറ്റൊന്നാക്കാനും കേട്ടെഴുത്തുകാർക്കു കഴിയും. ആത്മകഥ പറ

യുന്ന വ്യക്തിയുടെ ഭാഷയെ, വികാരത്തെ, ചിന്തയെ മാറ്റി മറിക്കുവാൻ കേട്ടെഴുതുന്നവർക്കു സാധിക്കുമ്പോൾ യഥാർഥ വ്യക്തിപ്രഭാവത്തിനു മങ്ങലേൽക്കുകയാണു ചെയ്യുന്നത്. അങ്ങനെ ആത്മകഥയുടെ ഉദ്ദേശ്യശുദ്ധി നഷ്ടപ്പെട്ട് വീണ്ടും ആത്മകഥയെഴുതേണ്ടി വന്ന ചരിത്രവും നമുക്കന്യമല്ല. പൊക്കുടന്റെ ആത്മകഥ ഇതിനുദാഹരണമാണ്. ഇത്തരത്തിൽ കേട്ടെഴുതുമ്പോൾ ഭാഷയിലൂടെ കഥാകാരന്റെ ആത്മാംശത്തെ മറയ്ക്കാനോ അധികരിക്കാനോ അതിലൂടെ അവർ വെളിപ്പെടുത്താനാഗ്രഹിക്കുന്ന വ്യക്തിത്വത്തിൽനിന്ന് മാറിപ്പോകുവാനോ സാധ്യത കൂടുതലാണ്. അഭ്യസ്തവിദ്യരല്ലാത്തവർക്കു തങ്ങളുടെ കഥ പറയണമെങ്കിൽ മറ്റൊരാളുടെ സഹായം കൂടിയേ തീരൂ. അപ്പോൾ അത് എഴുതുന്നവരുടെ ഭാവനാവിലാസവും വാക്ചാതുരിയും എഴുത്തിലേക്കു കയറി വരിക സ്വഭാവികം. പൊക്കുടൻ, ജാനു, മയിലമ്മ, മണിയൻ പിള്ള, ആയിഷ, കെ.പി.എ.സി. ലളിത, നളിനി ജമീല, ഉർവശി തുടങ്ങിയവരുടെ ആത്മകഥകൾ കെട്ടെഴുത്തിലൂടെ രൂപപ്പെട്ടവയാണ്. മറ്റൊരാളുടെ കഥ എഴുതേണ്ടി വരുമ്പോൾ എഴുതുന്നയാൾക്ക് കഥ പറയുന്ന ആളായി മാറേണ്ടിവരും എന്നതും സ്മരിക്കേണ്ടതുണ്ട്.

എത്രമാത്രം പുരോഗമിച്ചെന്ന് കൊട്ടിഘോഷിക്കപ്പെട്ടാലും സ്ത്രീജീവിതം എപ്പോഴും എന്തൊക്കെയോ പരിമിതികളിൽക്കുള്ളിൽക്കിടന്ന് വട്ടംചുറ്റുന്നതായി കാണുവാൻ സാധിക്കും. വർത്തമാനകാലത്തിൽപ്പോലും തുറന്നെഴുതുവാൻ മലയാളി സ്ത്രീക്ക് കഴിയുന്നില്ല. സ്ത്രീജീവിതത്തിന്റെ പച്ചയായ അനുഭവങ്ങൾ പകർത്തിയവരെ, അഭിപ്രായങ്ങൾ പറഞ്ഞവരെ അന്നും ഇന്നും വേട്ടയാടുവാൻ എല്ലാവരും ഒറ്റക്കെട്ടായി രംഗത്തിറങ്ങുന്ന കാഴ്ചയാണ് നമുക്കു കാണാൻ കഴിഞ്ഞിട്ടുള്ളത്. സ്ത്രീ നേരിട്ട ജീവിതയാഥാർഥ്യത്തിന്റെ പൊള്ളുന്ന അനുഭവങ്ങൾ വായിച്ച് താദാത്മ്യം പ്രാപിക്കാനുള്ള മാനസിക ഔന്നത്യത്തിലേക്ക് മലയാളികൾ ഉയർന്നിട്ടില്ല. എഴുതിയ കാര്യങ്ങളെ അവസാനം നിരസിക്കേണ്ടി വന്ന മാധവിക്കുട്ടിയുടെ അനുഭവം തന്നെ ഇതിനുദാഹരണമാണ്. സ്ത്രീകൾക്കു തുറന്നെഴുതാൻ കഴിയാത്തത് അവരുടെ പരിമിതിയല്ല വായനക്കാരന്റെ പരിമിതിയാണെന്നാണ് ഇത് വെളിപ്പെടുത്തുന്നത്.

### 1.2.8 സ്ത്രീ രചനകളുടെ വാണിജ്യതന്ത്രം

ആദ്യകാലത്ത് പ്രശസ്തരായവരുടെ ആത്മകഥ വായിക്കാനായിരുന്നു ആളുകൾക്കു താത്പര്യം. എന്നാൽ ഇന്ന് അതിനുപകരം അപ്രശസ്തരും അസാധാരണമായ ഇടങ്ങളിലുള്ളവരുടെ ജീവിതങ്ങളിലേക്കു നോക്കുവാനാണ് ആളുകൾ ഇഷ്ടപ്പെടുന്നത്. അങ്ങനെയാണ് പ്രാന്തവല്കൃതരായി കഴിഞ്ഞിരുന്ന ആളുകൾ അധികമായി സാഹിത്യരംഗത്തേക്ക് കടന്നു വരുന്നതും. മറ്റുള്ളവരുടെ സ്വകാര്യതയിലേക്ക് ഒളിഞ്ഞു നോക്കാനുള്ള മനുഷ്യന്റെ താത്പര്യത്തെ കച്ചവടക്കണ്ണുകൾകൊണ്ട് നോക്കിക്കാണുമ്പോൾ വിവിധ തരത്തിൽപ്പെട്ട/തലത്തിൽപ്പെട്ട ആത്മകഥനങ്ങൾ രൂപപ്പെടുന്നു.

ആദ്യകാലങ്ങളിൽ ആഘോഷിക്കപ്പെടുന്ന സ്ത്രീ ജീവിതചരിത്രത്തിലേറെയും ആകർഷണീയതയുടെ (glamour) ലോകത്തുള്ളവരുടേതായിരുന്നു. ആഘോഷിക്കപ്പെടുന്ന (celebrity) ആത്മകഥകളുടെ കച്ചവടക്കണ്ണുകൾ ഇന്ന് ഏതുതരം സ്ത്രീജീവിതത്തേയും ഒപ്പിയെടുക്കുവാൻ എപ്പോഴും സന്നദ്ധമാണ്. ലക്ഷ്യം മറ്റൊന്നാണെങ്കിലും മുഖ്യധാരാസമൂഹം അവഗണിച്ചിരുന്ന സ്ത്രീജീവിതങ്ങൾക്ക് കുറെയൊക്കെ മുന്നോട്ടു വരാൻ ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്.

ഉപരിപ്ലവ വിഷയങ്ങൾക്കും മൃദുലവികാരങ്ങളെ തൊട്ടുണർത്തുന്ന സാഹിത്യത്തിനും ഊന്നൽ നൽകുന്നവർ ഏറെയുണ്ട്. ഇത്തരക്കാർ ആഴത്തിലുള്ള വായനാനുഭവത്തിനു മിനക്കെടുന്നില്ല. വായനയുടെ ഇത്തരം സ്വഭാവത്തിനു മാറ്റം വരാത്തിടത്തോളം കാലം കച്ചവടതാത്പര്യത്തോടെ മാത്രം തട്ടിക്കൂട്ടുന്ന പ്രസിദ്ധീകരണങ്ങൾ ഉണ്ടാവുകയും അവയ്ക്ക് ഏറെ പ്രചാരണം സിദ്ധിക്കുകയും ചെയ്യും. എങ്കിലും അത്തരം രചനകളിലും അതിന്റെ വില്പനമൂല്യം മാറ്റിവച്ച്, അതിന്റെ ജീവിതയാഥാർഥ്യങ്ങളിലേക്ക്, അവർ നേരിട്ട ജീവിതയാതനകളിലേക്ക് ചിലരെങ്കിലും ശ്രദ്ധ തിരിക്കുന്നു എന്നതാണ് ആ കൃതികളെ മൂല്യമുള്ളതും അർഥവത്തമാക്കി മാറ്റുന്നതും.

അങ്ങേയറ്റം ക്ഷോഭിക്കുന്ന രചനാശൈലികളെപ്പോലും രാഷ്ട്രീയമായ പാകപ്പെടുത്തലിനു വിധേയമാക്കി വില്പനയ്ക്കനുകൂലമാക്കി തീർക്കാൻ വിപണിക്കുള്ള കഴിവിനെ കുറച്ചു കാണാൻ പാടില്ല. പൊതുരംഗത്ത് സ്ത്രീ സാന്നിധ്യം അത്ര

യൊന്നും വർധിച്ചിട്ടില്ലെങ്കിലും, പൊതുമണ്ഡലത്തിൽ സ്ത്രീ വിരുദ്ധാശയങ്ങൾ ഇന്നും അജയ്യമായിത്തന്നെ നിലനിൽക്കുന്നുണ്ടെന്ന യാഥാർഥ്യത്തെ അംഗീകരിക്കാതിരുന്നിട്ട് കാര്യമില്ല.

വിവാദങ്ങളില്ലാത്ത ഒരു പുസ്തകം വിൽക്കാൻ പറ്റില്ലെന്നുള്ള പ്രസാധകന്റെ ബോധത്തിനു തെളിവാണ് നളിനി ജമീലയുടേയും സിസ്റ്റർ ജസ്മിയുടേയും ആത്മകഥകൾ. വിവാദപരമായ എന്തെങ്കിലും കാര്യങ്ങളിലുള്ള അഭിപ്രായപ്രകടനം വായിക്കാൻ വേണ്ടി മാത്രം പുസ്തകം വാങ്ങുന്നവരുണ്ട്. അത്തരം വിവാദങ്ങൾ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിനു മുമ്പ് പ്രചരിപ്പിക്കുന്നതും ഇതിന്റെ തന്ത്രമാണ്. പലപ്പോഴും കൃതിയിൽ അതിന്റെ കർത്താക്കളറിയാത്ത മാറ്റങ്ങളും കൂട്ടിച്ചേർക്കലുകളും ഇതിനായി നടത്താറുണ്ട്.

സ്ത്രീകൾ രചിക്കുന്ന ഓർമക്കുറിപ്പുകളും ആത്മകഥകളും സ്ത്രീ രാഷ്ട്രീയത്തിന്റെ ശക്തമായ ഒഴുക്കിൽ വർധിക്കുന്നുണ്ട്. എങ്കിലും സ്ത്രീരചനകൾക്ക് താരതമ്യേന കൂടുതൽ ശ്രദ്ധ ലഭിച്ചുതുടങ്ങിയ മാധ്യമാന്തരീക്ഷത്തിൽ ഇത്തരം ചലനങ്ങൾ ദൃശ്യമാണെങ്കിലും രാഷ്ട്രീയത്തിന്റെയും പൊതുരംഗത്തിന്റെയും ഇടങ്ങളിൽ സ്ത്രീ സാന്നിധ്യം പൊതുവെ കുറവാണ്.

### 1.2.9 സ്ത്രീ ആത്മകഥകളിലെ വിഭിന്ന മുഖങ്ങൾ

ആത്മകഥാചരിത്രത്തിലെ സ്ത്രീരചനകളെ പ്രമേയത്തെയും പ്രതിപാദനരീതിയെയും അടിസ്ഥാനമാക്കി മൂന്ന് ധാരകളായി തിരിക്കാം. പുരുഷന്റെ തണലിൽ രൂപപ്പെട്ടുവരുന്ന സ്ത്രീവ്യക്തിത്വപ്രകാശനം, (കുടുംബകേന്ദ്രീകൃതം) സ്വതന്ത്രവ്യക്താവബോധത്തിന്റെ പ്രകാശനം, (വ്യക്തികേന്ദ്രീകൃതം) സാമൂഹികാവബോധമുള്ള സ്വതന്ത്രവ്യക്തിത്വപ്രകാശനം, (സമൂഹകേന്ദ്രീകൃതം) എന്നിവയാണവ.

ആദ്യധാരയിലെ രചനകൾ കുടുംബകേന്ദ്രിതമായ സ്ത്രീജീവിതമാണ് ആവിഷ്കരിക്കുന്നത്. ഉത്തമകുടുംബിനി സങ്കല്പത്തെ മുറുകെ പിടിക്കുകയും സ്ത്രീ ഇടപെടുന്ന മറ്റു മേഖലകളെ അവ അപ്രധാനമായി കണക്കാക്കുകയും ചെയ്യുന്നു. ആദ്യകാലരചനകളിൽ സ്ത്രീകൾ പല രംഗങ്ങളിലും പ്രാഗല്ഭ്യം തെളിയിച്ചിരുന്നവ

രാണെങ്കിലും ആത്മകഥയിൽ പലരും വിധേയത്വമുള്ള ഒരു ഭാര്യ മാത്രമായി ഒതുങ്ങി പ്പോകുന്നു. ഈ പാരമ്പര്യം പലരും പിന്നീട് പിന്തുടർന്നിരുന്നു. ഇത്തരം ആത്മകഥ കളിൽ വിഹരിച്ചിരുന്നത് പുരുഷന്മാരായിരുന്നു. പുരുഷകേന്ദ്രീതമായ ഒരു വൃത്തമാ യാണ് ഇവരുടെ ജീവിതകഥയെ കാണാനാവുക. ജീവിതത്തിലും ജീവിതകഥയിലും നിഴൽ വ്യക്തിത്വങ്ങളായാണ് ഇവർ ഭവിക്കുന്നത്. എങ്കിലും ദുർബലമെങ്കിലും സ്ത്രീ സാന്നിധ്യം അടയാളപ്പെടുത്താൻ കഴിഞ്ഞു എന്നതാണ് ഇവരുടെ സാമൂഹികപ്രസക്തി. ബി. കല്യാണിയമ്മയുടെ 'വ്യാഴവട്ടസ്മരണകൾ', ലീലാദാമോധരന്റെ 'ചേട്ടന്റെ നിഴലിൽ', സീതാലക്ഷ്മിദേവിന്റെ 'കേശവദേവ് എന്റെ നിത്യകാമുകൻ' തുടങ്ങിയവ ഉദാഹര ണങ്ങൾ.

തന്നെക്കുറിച്ച് തന്റെ ജീവിതത്തെക്കുറിച്ച് അവബോധമുള്ള സ്ത്രീകളുടെ ആത്മകഥയാണ് രണ്ടാമത്തെ വ്യക്തികേന്ദ്രിത ധാരയിൽ വരുന്നത്. രചയിതാവിന്റെ വ്യക്തിത്വത്തിന് പ്രാധാന്യംകൊടുക്കുന്ന, എന്നാൽ കുടുംബപരിസരം വിട്ടുപോകാത്ത ആത്മകഥകൾ, കുടുംബപരിസരത്തിനു പുറത്തുള്ള വ്യക്തികേന്ദ്രിത രചനകൾ എന്നി ങ്ങനെ രണ്ടുവിഭാഗം രചനകളാണ് ഈ ഘട്ടത്തിലുണ്ടായത്. ഇവയിൽ സ്ത്രീയാണ് കേന്ദ്രകഥാപാത്രമാവുന്നത്. ആഖ്യാനത്തിന്റെ കർതൃത്വം അവൾക്കു തന്നെയാവുന്നു. ലളിതാംബിക അന്തർജനം, മാധവിക്കുട്ടി, ഭാരതി ഉദയഭാനു, ആയിഷ, റോസി തോമസ്, വിനയ തുടങ്ങിയവരുടെ ആത്മകഥകൾ ആദ്യ വിഭാഗത്തിലും സരസു, സിസ്റ്റർ ജെസ്മി, നളിനി ജമീല, ജെറീന തുടങ്ങിയവ രണ്ടാമത്തെ വിഭാഗത്തിലുംപെടുന്നു. അടഞ്ഞ കുടുംബവ്യവസ്ഥിതിക്കുള്ളിലിരിക്കുമ്പോഴും വ്യക്തികേന്ദ്രിതമായി ജീവിതത്തെ ആവിഷ്കരിക്കാൻ കഴിഞ്ഞു എന്നതാണ് ഈ ധാരയിലെ എഴുത്തുകാരുടെ പ്രത്യേകത.

സാമൂഹികപ്രാധാന്യമുള്ള വിഷയങ്ങളെ കേന്ദ്രീകരിച്ച് എഴുതുന്നതാണ് സമൂഹ കേന്ദ്രീത ആത്മകഥകൾ. പുരുഷന്മാരെ സംബന്ധിച്ചിടത്തോളം ആദ്യം മുതൽക്കു തന്നെ ജീവിതം അവർക്ക് കർമമേഖല തന്നെയായിരുന്നു. അവരുടെ ആത്മകഥയിലെ അപ്രധാനമേഖലകളായിരുന്നു വ്യക്തിജീവിതവും കുടുംബജീവിതവും. എന്നാൽ സ്ത്രീകളെ സംബന്ധിച്ചിടത്തോളം വ്യക്തികഥകൾ സമൂഹകഥകളായി മാറുന്നത്

മൂന്നാംഘട്ടത്തിൽ മാത്രമാണ്. ഇത്തരത്തിലുള്ള ആത്മകഥകളാണ് ആനി തയ്യിൽ, അക്കമ്മ ചെറിയാൻ, അജിത, മയിലമ്മ, ജാനു, ഗൗരിയമ്മ, പള്ളിക്കൽ ഭവാനി തുടങ്ങി യവരുടേത്.

മലയാളത്തിൽ ഇന്നുവരെ ഉണ്ടായിട്ടുള്ള പ്രധാനപ്പെട്ട സ്ത്രീആത്മകഥകളുടെ ലഘുവായ പരിചയപ്പെടുത്തലാണ് ഈ ഭാഗത്ത് നടത്തുന്നത്. അതിൽ സ്മരണകളും ഓർമക്കുറിപ്പുകളും ഉൾപ്പെടുന്നുണ്ട്. ആത്മകഥാരചനയുടെ പ്രാരംഭകാലം മുതൽ ഇന്നു വരെയുള്ള സ്ത്രീരചനകൾ പരിചയപ്പെടുകയും ഓരോ കാലത്തും രചിക്കപ്പെട്ട ആത്മ കഥകളുടെ പൊതുസ്വഭാവങ്ങൾ വ്യക്തമാക്കുവാനും ശ്രമിക്കുന്നു. ഓരോ കാലത്തും സ്ത്രീകളുടെ ചിന്തയിലും എഴുത്തിലും വരുന്ന മാറ്റങ്ങളും സാമൂഹികാവസ്ഥയോ ടുള്ള അവരുടെ പ്രതികരണവും ഈ ആത്മകഥകൾ പ്രകടമാക്കുന്നുണ്ട്.

മലയാളത്തിൽ ആദ്യ സ്ത്രീ ആത്മകഥാരൂപമായി അറിയപ്പെടുന്നത് ബി. കല്യാണിയമ്മയുടെ 'വ്യാഴവട്ടസ്മരണകളാണ്'(1917). ആദ്യകാല സ്ത്രീ ആത്മകഥകൾ പലതും അന്നത്തെ സാമൂഹികാവസ്ഥയിലേക്കുള്ള കാഴ്ച നൽകുന്നതിനോടൊപ്പം അവരുടെ ഭർത്താക്കന്മാരുടെ കീഴിലുള്ള സന്തോഷപ്രദമായ ജീവിതമായിരുന്നു ചിത്രീകരിച്ചിരുന്നത്. അന്നാചാണ്ടി, കെ. കല്യാണിക്കുട്ടിയമ്മ, മഹേശ്വരിയമ്മ തുടങ്ങി യവരുടെ ആത്മകഥകൾ ഇത്തരത്തിൽപ്പെട്ടവയായിരുന്നു. ഇരുപതാംശതകത്തിന്റെ പൂർവാർധത്തിൽ ഉത്തരകേരളത്തിലുണ്ടായ സാമൂഹിക സാംസ്കാരികപരിവർത്തന ങ്ങളുടെ ചരിത്രം കൂടിയാണ് ഇവരുടെ ആത്മകഥകൾ. സ്ത്രീകൾ പൊതുരംഗത്തേ യ്ക്ക് പ്രവർത്തനത്തിനിറങ്ങുന്നത് പാപമായി കരുതിയിരുന്ന ഒരു കാലത്താണ് അവർ സമൂഹത്തിലേക്കിറങ്ങിയത്.

ബാഹ്യമായ നിർണയനശക്തികളില്ലാതെ (കുടുംബം, പാരമ്പര്യം, ജാതി, സമ്പത്ത്, ആൺതുണ) ഒരു സ്ത്രീക്ക് ഈ ധാരയിൽ ആത്മകഥ എഴുതാനായത് ഇരുപത്തി യൊന്നാം നൂറ്റാണ്ടിൽ നിന്നാണ്. പൊലീസുകാരിയും ലൈംഗികതൊഴിലാളിയും വികലാംഗയും കന്യാസ്ത്രീയും ഈ ഘട്ടത്തിൽ ആത്മകഥ എഴുതുന്നു. ഒരു സാധാ രണകുടുംബത്തിലെ പെൺകുട്ടിയായ വിനയ തന്റെ കഥ എഴുതുന്നത് സ്വയം

ആർജിച്ച ആത്മബലത്തിൽ മാത്രമാണ്. കുടുംബം അതിരുകൾ നിശ്ചയിക്കുന്നുവെങ്കിലും സ്വതന്ത്രവ്യക്തിബോധത്തിന്റെ രൂപീകരണം ഈ ആത്മകഥയിൽ കാണാം.

ബി. കല്യാണിയമ്മയുടെ 'വ്യാഴവട്ടസ്മരണകൾ' അന്നത്തെ സാമൂഹിക, രാഷ്ട്രീയ, സാംസ്കാരികമണ്ഡലങ്ങളിലേക്ക് വെളിച്ചം വീശുന്നു. ബാല്യം, വിദ്യാഭ്യാസം, ദാമ്പത്യം, ഉദ്യോഗം, സാഹിത്യരചന തുടങ്ങിയവയെല്ലാം അടുക്കും ചിട്ടയോടും കൂടി അവതരിപ്പിച്ചിരിക്കുന്നു. ഒരു കാലത്ത് തിരുവിതാംകൂറിൽ നടപ്പുണ്ടായിരുന്ന സാമുദായികാചാരങ്ങളുടെ സവിശേഷതകൾ വെളിപ്പെടുത്തുന്നു. എന്തെല്ലാം വിഷമങ്ങളും വിലക്കുകളും ഉണ്ടായിരുന്നിട്ടും ഭർത്താവിനോടുള്ള ആത്മാർഥതയും പ്രേമവുമാണ് എല്ലായാതനകളെ നേരിടുവാനും മാതൃകാ പത്നിയെന്ന നിലയിലേക്ക് ഉയരാനും കഴിഞ്ഞതെന്ന് ഈ കൃതി വ്യക്തമാക്കുന്നു.

കർക്കശമായ ചാതുർവർണ്യവ്യവസ്ഥിതിക്കുള്ളിൽ നിന്ന് ഒരന്തർജനം പുറംലോകത്തിലേക്ക് ജീർണിച്ച ആചാരാനുഷ്ഠാനങ്ങളെ ധിക്കരിച്ച് നടന്നു കയറിയതിന്റെ പിന്നിലെ കയ്പേറിയതും വേദനാപൂർണവുമായ അനുഭവകഥ പറയുന്നു ലളിതാംബിക അന്തർജനത്തിന്റെ 'ആത്മകഥയ്ക്ക് ഒരാമുഖ'ത്തിൽ. ലളിതാംബിക അന്തർജനം ആത്മകഥയെ കഥയിൽനിന്ന് വേറിട്ട ഒരു മാധ്യമമായാണ് സമീപിക്കുന്നത്. ശിഥിലമായ കാലത്തിന്റേയും ഓർമകളുടേയും ചില ഖണ്ഡങ്ങളൊഴികെ 'ആത്മകഥ'യെ പിന്തുടരുവാൻ അന്തർജനം ശ്രമിച്ചിട്ടില്ല. അതുകൊണ്ടു തന്നെ ആത്മകഥയ്ക്ക് ഒരാമുഖമാണ് അന്തർജനം എഴുതിയത്. പിൽക്കാലത്ത് മറക്കുട വലിച്ചെറിഞ്ഞ് സമുദായോധാരണ സംരംഭങ്ങളിൽ വ്യാപൃതരായതും സ്വസമുദായത്തിലെ ജീർണിച്ചു നാറിയ അന്ധവിശ്വാസങ്ങൾക്കെതിരെ തൂലിക ചലിപ്പിച്ചതും മിതവും സാരവത്തുമായി ഇവിടെ അവതരിപ്പിച്ചിരിക്കുന്നു. ഇതിനോടുബന്ധപ്പെടുത്തി ദേവകി നിലയങ്ങോടിന്റെ 'നഷ്ടബോധങ്ങളില്ലാതെ ഒരു അന്തർജനത്തിന്റെ ആത്മകഥ'യും ചേർത്തു വായിക്കേണ്ടതാണ്.

ഉത്തരകേരളത്തിലെ തീയരുടെ ചരിത്രത്തിന്റെ രജതരേഖകൾ ദർശിക്കാവുന്ന കൃതിയാണ് സി.കെ. രേവതിയമ്മയുടെ *'സഹസ്രപൂർണിമ'*. മലബാറിലെ തീയരുടെ ചരിത്രം രസകരവും വിജ്ഞാനപ്രദവുമായി ഈ കൃതിയിൽ അവതരിപ്പിച്ചിരിക്കുന്നു.

ഇരുപതാംശതകത്തിന്റെ പൂർവാർധത്തിൽ ഉത്തരകേരളത്തിലുണ്ടായ സാമൂഹിക സാംസ്കാരികപരിവർത്തനങ്ങളുടെ ചരിത്രം കൂടിയാണിത്. രേവതിയമ്മയുടെ പ്രവർത്തനങ്ങൾ തീയസമുദായത്തിലെ അനാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും ഒരതിർത്തിവരെ ഇല്ലാതാക്കാൻ സഹായി ച്ചിട്ടുണ്ട്. അടുക്കളയുടെ മൂലയിൽ ഒതുങ്ങിക്കൂടിയിരുന്ന സ്ത്രീകളെ ഉണർത്താനും കർമോത്സുകരാക്കാനും അവർ ശ്രമിച്ചതിന്റെ ചിത്രം ആത്മകഥയിൽനിന്നു ലഭിക്കും. ''ശൂരനായ ഒരു പൊലീസ് ഉദ്യോഗസ്ഥന്റെ നിർദാക്ഷിണ്യമായ പെരുമാറ്റത്തെ ക്ഷമയോടുകൂടി സഹിച്ചുകൊണ്ടാണ് ഞാൻ എന്റെ സാഹിത്യരചന നടത്തിയതെന്നു വസ്തുത പറയുന്നതിൽ ഞാൻ ഇന്നും അഭിമാന കൊള്ളുന്നു'' എന്ന് എഴുതുന്ന രേവതിയമ്മയുടെ സാഹിത്യസപര്യയോട് ഭർത്താവ് പുലർത്തിയിരുന്ന മനോഭാവമെന്തെന്ന് വ്യക്തമാണ്.

കെ. കല്യാണിക്കുട്ടിയമ്മയുടെ കയ്പും മധുരവും കലർന്ന ആത്മകഥയാണ് 'പഥികയും വഴിയോരത്തെ മണിദീപങ്ങളും'. സുഖദു:ഖങ്ങൾ പൂർവോത്തര ഭാഗങ്ങളായി കടന്നുവരുന്നു ഈ ആത്മകഥയിൽ. പൂർവഭാഗത്ത് ഉന്മേഷം ജനിപ്പിക്കുന്ന സ്മരണകൾ ധാരാളമുണ്ടെങ്കിൽ ഉത്തരഭാഗത്ത് തന്റെ ജീവിതത്തിലെ ദുസ്സഹമായ സ്മരണകൾ കുറിക്കുകയാണ് ചെയ്യുന്നത്. തനിക്കെതിരെ പ്രവർത്തിച്ച കുബുദ്ധികളുടെ കുത്സിതപ്രവർത്തനങ്ങളെ യുക്തിസഹജമായി ആവിഷ്കരിക്കുന്നുണ്ട് ആത്മകഥയിലൂടെ അവർ.

ഒരു വലിയ ജീവിതത്തിന്റെ കിതപ്പും കുതിപ്പും നമുക്ക് അനുഭവവേദ്യമാക്കിത്തരുന്ന ആത്മകഥയാണ് ലീലാദാമോദരമേനോന്റെ 'ചേട്ടന്റെ നിഴലിൽ'. റയിൽവേസ്റ്റേഷനിൽ തുടങ്ങി ജീവിതയാത്രയിലുടനീളം മേനോന്റെ നിഴലിൽ സഹധർമം ആചരിച്ച ലീലയുടെ ഓർമക്കുറിപ്പുകളാണ് ഈ ആത്മകഥയിൽ. തെളിഞ്ഞ ശൈലിയിൽ, ഹൃദയസ്പൃക്കായ ഭാഷയിൽ അവർ തന്റെ ജീവിതസ്മരണകൾ വിവരിക്കുന്നത് ഒരു പൂവിരിയുന്നതുപോലെ അത്യന്തം ചേതോഹരമായാണ്. ഒന്നിനേയും കുറിച്ച് അമിതാവേശമോ അതിഭാവുകത്വമോ അവർ പ്രകടിപ്പിച്ചിട്ടില്ല. അഴിമതിയുടെ കറപുരളാത്ത ജീവിതം നയിച്ചിരുന്ന ദാമോദരമേനോൻ എന്ന വ്യക്തിത്വത്തിന്റെ

നാനാവശങ്ങളേയും അനാവരണംചെയ്യുന്ന ഓർമ്മകൾകൊണ്ടു സമ്പന്നമാണ് ആത്മകഥ. കേരളത്തിലെ രാഷ്ട്രീയചരിത്രത്തിലെ പ്രധാന സംഭവങ്ങൾ മനസ്സിലാക്കുവാനും അതിൽ മേനോൻ ദമ്പതികളുടെ സഹകരണവും പങ്കാളിത്തവും മനസ്സിലാക്കുവാനും ഈ ആത്മകഥ സഹായിക്കുന്നു.

രണ്ടാം ലോകമഹായുദ്ധത്തിന്റെ കെടുതികളുടെ കാലഘട്ടത്തിൽ അനുഭവിക്കേണ്ടി വന്ന ഭീകരദൃശ്യങ്ങൾ അവതരിപ്പിക്കുന്നു ദമയന്തിനാഥിന്റെ 'ഒരു സ്ത്രീയുടെ മായാത്ത സ്മരണ'കളിലൂടെ. യുദ്ധം സൃഷ്ടിച്ച ക്ഷാമം, സൈനിക ഭരണകൂടങ്ങളുടെ നിഷ്ഠൂരമായ നിയമനിർമാണങ്ങൾ, പ്രാണരക്ഷയ്ക്കായി കൂടെക്കൂടെയുള്ള പലായനം തുടങ്ങി യുദ്ധത്തിന്റെ പരിണിതഫലങ്ങൾ യാഥാർഥ്യമാം വണ്ണം ആവിഷ്കരിച്ചിട്ടുണ്ട്.

ഭാരതി ഉദയഭാനുവിന്റെ 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' ഒരു സാധാരണ വീട്ടമ്മയിൽനിന്ന് പാർലമെന്റിലേക്കുള്ള ഒരു സ്ത്രീയുടെ പരിവർത്തനത്തെ വിശദീകരിക്കുന്നു. അതിനു താങ്ങും തണലുമായി നിന്ന ഭർത്താവിനെ ഏറെ ബഹുമാനിക്കുകയും തന്റെ നിയോഗവും സാമൂഹ്യപ്രവർത്തനങ്ങളും ഇവിടെ ചർച്ചചെയ്യുകയും ചെയ്യുന്നു.

മലയാള കാവ്യരംഗത്ത് പ്രവർത്തിച്ചിട്ടുള്ള വനിതകളിൽ ആദ്യമായി മഹാകാവ്യം എഴുതിയ സിസ്റ്റർ മേരിബനീഞ്ഞയുടെ ആത്മകഥയാണ് 'ലോകമേ യാത്ര'. 'വാനമ്പാടി' എന്ന പേരിലാണ് സിസ്റ്റർ ആത്മകഥ എഴുതിയതെങ്കിലും അതുൾപ്പെട്ട സമാഹാരം സിസ്റ്ററുടെ പ്രസിദ്ധ കൃതിയായ 'ലോകമേ യാത്ര' എന്ന പേരിലാണ് പ്രസിദ്ധീകരിക്കപ്പെട്ടത്. മേരി ജോൺ തോട്ടമെന്ന പേരിൽ യാത്രയാരംഭിച്ച് മേരി ബനീഞ്ഞയായി ആധ്യാത്മികജീവിതത്തിലൂടെ സായൂജ്യം പ്രാപിച്ച ആ വ്യക്തിത്വത്തെ വരച്ചിടുവാൻ ഈ ആത്മകഥയ്ക്കു കഴിഞ്ഞിട്ടുണ്ട്. പ്രശ്നങ്ങളുടെ സങ്കീർണതയോ ആത്മസംഘർഷങ്ങളോ ഈ ആത്മകഥയിലില്ല. വിദ്യാഭ്യാസം, അധ്യാപനം, കവിതാ രചന, കോൺവെന്റുജീവിതം എന്നിവയെല്ലാം വളരെ തന്മയത്വത്തോടേയും ഭംഗിയായും ആത്മകഥയിൽ അവതരിപ്പിച്ചിരിക്കുന്നു. സന്യാസജീവിതത്തിലെ സാഹിത്യസപര്യ

യുടെ കണ്ണീരിന്റെ ഉപ്പും മോദത്തിന്റെ മാധുര്യവും ഈ ആത്മകഥയിൽ സംയമന ത്തോടെ ചിത്രീകരിച്ചിരിക്കുന്നു. അവരെഴുതിയ ചില കവിതകൾ വച്ചുകൊണ്ട് പൂർവാശ്രമ ജീവിതത്തെ ചികഞ്ഞെടുക്കാൻ ചില നിരൂപകന്മാർ ശ്രമിച്ചപ്പോൾ യാഥാർഥ്യം രേഖപ്പെ ടുത്താതിരിക്കാൻ കഴിയാതെ വന്നപ്പോൾ അത് ആത്മകഥാരചനയ്ക്ക് കാരണമായി.

ഇന്ത്യയിലെ ഒന്നാമത്തെ വനിതാ ഹൈക്കോടതി ജഡ്ജിയായ അന്നാചാണ്ടി യുടെ 'ആത്മകഥ', ഭർത്താവായ ചാണ്ടിയുടെ ദീർഘദൃഷ്ടിയുടേയും സ്നേഹത്തിന്റേയും ത്യാഗത്തിന്റേയും നിത്യസ്മാരകമാണ്. പരിതഃസ്ഥിതികൾ ഒത്തുവന്നാൽ സ്ത്രീ കൾക്ക് ഏതു മണ്ഡലത്തിലും പുരുഷന്മാരോടൊപ്പം പ്രവർത്തിക്കാൻ കഴിയുമെന്ന് ഈ ആത്മകഥ വെളിപ്പെടുത്തിത്തരുന്നു. ആത്മാർഥതയും ലാളിത്യവും സമഞ്ജസ മായി ചേർന്നിരിക്കുന്ന ഈ കൃതിയിലൂടെ, ഭർത്താവിന്റെ അനുകൂലവും പ്രചോദകവു മായ പെരുമാറ്റമാണ് തന്റെ വിജയരഹസ്യമെന്ന് അവർ വ്യക്തമാക്കുന്നു.

കേരളത്തിന്റെ ത്സാൻസിറാണി എന്നറിയപ്പെടുന്ന അക്കമ്മ ചെറിയാന്റെ ആത്മ കഥയാണ് 'ജീവിതം ഒരു സമരം'. കേരളചരിത്രത്തിലെ അധികമൊന്നും അറിയപ്പെ ടാത്ത ഒരു കാലത്തിന്റെ ചരിത്രം കൂടിയാണീ ആത്മകഥ. സ്വാതന്ത്ര്യ സമരചരിത്ര ത്തിൽ അത്ര ചെറുതല്ലാത്ത ഇടംനേടിയ അക്കമ്മ ഇന്ത്യ സ്വതന്ത്രയായശേഷം മുഖ്യ ധാരാ രാഷ്ട്രീയത്തിൽ നിന്നും അപ്രത്യക്ഷയായി. ഇതിനു പിന്നിലെ അന്തർനാടകങ്ങൾ അവർ അലങ്കാരങ്ങളോ അതിശയോക്തിയോ ഇല്ലാതെ സത്യസന്ധമായി ആത്മകഥ യിലൂടെ അവതരിപ്പിക്കുന്നു.

'ഇടങ്ങഴിയിലെ കുരിശ്' എന്ന ആനി തയ്യിലിന്റെ ആത്മകഥയ്ക്ക് രാഷ്ട്രീയ വഞ്ചകന്മാരുടെ തനിനിറം പുറത്തു കൊണ്ടുവരുവാൻ കഴിഞ്ഞിട്ടുണ്ട്. ആരുടെ മുന്നിലും എന്തും വെട്ടിത്തുറന്നുപറയുന്ന ആനിക്ക് തന്മൂലം എതിർപ്പുകാരുടേയും കുതികാൽ വെട്ടുകാരുടേയും ഒരു നിര തന്നെ ജീവിതയാത്രയിൽ പിന്തുടരേണ്ടി വന്നു. രാഷ്ട്രീയത്തിലെ ഉന്നതനേതാക്കൾ പലരും അവരെ പറഞ്ഞുപറ്റിക്കുകയും സ്വാതന്ത്ര്യ ത്തിനുശേഷം ഒരൊറ്റ പൊതുതെരഞ്ഞെടുപ്പിലും അവർക്കു സ്ഥാനാർഥിത്വം കൊടു ക്കാതിരിക്കുകയും ചെയ്തു എന്നതും എടുത്തു പറയേണ്ട വസ്തുതയാണ്.

ഹൃദയരക്തത്തിൽ തൂലിക മുക്കി രചിച്ച ആത്മകഥയാണ് റെയ്ച്ചൽ തോമസിന്റെ 'ഒരമ്മയുടെ ഓർമകൾ'. ഒരമ്മ പേരക്കിടാവിനോടു സംസാരിക്കുന്ന രീതിയിൽ എഴുതിയിരിക്കുന്ന ഈ ഗ്രന്ഥത്തിന്റെ രചനാതന്ത്രം ഉപയോഗിച്ചിട്ടുള്ള മറ്റൊരു കൃതി മലയാളത്തിലില്ല. അനാർഭാടവും എന്നാൽ ഭാവഗംഭീരവുമായ ശൈലിയിൽ രചിക്കപ്പെട്ട ഈ കൃതിയിൽ, ഏകപുത്രന്റെ മരണം ഏല്പിച്ച തീവ്രവേദന കടിച്ചമർത്തി, അവന്റെ ജീവിതത്തിലെ ഓരോ ഓർമകളും പേരക്കിടാവിനോട് അവതരിപ്പിക്കുകയാണ് അമ്മ ചെയ്യുന്നത്. തീവ്രമായ വൈകാരികതയോടെ സംഭവങ്ങൾ ആഖ്യാനിക്കുന്ന ഈ കൃതി വായനക്കാരന്റെ കണ്ണു നനയ്ക്കുന്നു.

സുന്ദരമായ ഭാഷ, മനോഹരമായ ശൈലി, തന്റേടം കൈമോശം വരാത്ത വിനയത്തിൽപ്പൊതിഞ്ഞ പ്രതിപാദനം എന്നിവയാൽ ശ്രദ്ധേയമാണ് ചന്ദ്രികാ ബാലകൃഷ്ണന്റെ 'ഓർമകളുടെ ഓടക്കുഴലുമായ്'. വിപ്ലവകാരിയും സാഹിത്യവിശാരദനുമായ കെ. ബാലകൃഷ്ണനിലെ വ്യക്തിത്വത്തിന്റെ നിഗൂഢതകളെ വെളിച്ചത്തു കൊണ്ടുവരാൻ ഈ ആത്മകഥയ്ക്കു കഴിഞ്ഞു. ആത്മാവിന്റെ ഉള്ളിൽത്തട്ടി എഴുതിയവയാണ് ഇതിലെ ഓർമകൾ. ഗതകാലചരിത്രത്തെപ്പറ്റിയുള്ള കേട്ടുകേൾവിയും അനുഭവതീവ്രമായ യാഥാർഥ്യങ്ങളും ഹൃദ്യമായി ഇതിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. ചന്ദ്രികയും ബാലകൃഷ്ണനുമായുള്ള പ്രണയത്തിന്റെ തുടക്കവും വികാസവും പരിണാമവും അനുസ്യൂതമായി ആത്മകഥയിൽ ചിത്രീകരിച്ചിട്ടുണ്ട്.

ഒരു സ്ത്രീയുടെ, അമ്മയുടെ കണ്ണിൽ കേരളത്തിന്റെ ഒരു ചരിത്രഘട്ടം എഴുതിയ ദേവയാനിയുടെ ജീവിതം, ഇരുട്ടിനെ കാണിക്കാൻ സ്വയം വെളിച്ചം നൽകിയതിന്റെ ചരിത്രമാണ്. സ്വത്വപ്രകാശനത്തോടൊപ്പം വ്യക്തിമാത്രവാദത്തിന്റെ നിരാകരണവുമാണ് ദേവയാനിയുടെ ജീവിതത്തെ വ്യതിരിക്തമാക്കുന്നത്. ജാതിക്കാർക്കശ്യങ്ങൾക്കും കുലമഹിമയുടെ അന്തസ്സാര ശൂന്യമായ അഭിമാനത്തിനുമെതിരെ തിളച്ചുപൊങ്ങിയ കേരളത്തിന്റെ സമരമുഖത്തിന്റെ നിരവധി ചിത്രങ്ങൾ ദേവയാനിയുടെ 'ചോരയും കണ്ണീരും നനഞ്ഞ വഴികൾ' എന്ന ആത്മകഥയിലുണ്ട്. വിധേയത്വത്തിന്റെ അടിമസ്വരത്തിനുപകരം പോരാട്ടത്തിന്റെ മറ്റു ഭാഷയും ഒളിപ്പോരിന്റെ സാഹസികതയും ഈ

കൃതിയെ തികച്ചും വ്യത്യസ്തമാക്കുന്നു. വർഗ - ജാതി - ലിംഗ പിന്നോക്കാവസ്ഥ ആരോപിക്കപ്പെട്ടതുമൂലം ജീവിതത്തിനു പുറത്തുനിർത്തപ്പെട്ടവരുടെ ചരിത്രസ്ഥാനം കലഹിച്ചു പിടിക്കുകയാണ് ദേവയാനി ചെയ്തത്. 'ചോരയും കണ്ണീരും നനഞ്ഞ വഴികൾ' എന്ന കൃതിപോലെ തീക്ഷ്ണമായ അനുഭവസാക്ഷ്യത്തിന് കേരളത്തിലെ വനിതാ ചരിത്രത്തിൽ അധികം മാതൃകകളില്ല.

സ്വാതന്ത്ര്യാനന്തരകാലത്തെ കലുഷമായ രാഷ്ട്രീയ സാമൂഹിക - സാംസ് കാരിക മേഖലകളിലൂടെ കേരളത്തെ കൈപിടിച്ചു നടത്തിയവരിൽ പ്രമുഖയായ ഗൗരിയമ്മ തന്റെ ജീവിതത്തിലേക്കും രാഷ്ട്രീയത്തിലേക്കും ഓർമകളിലൂടെ ഒരു മടക്ക യാത്ര നടത്തുകയാണ് തന്റെ 'ആത്മകഥ'യിലൂടെ. ഒരു കമ്മ്യൂണിസ്റ്റെന്ന നിലയിലും സ്ത്രീ എന്ന നിലയിലും നേരിട്ട പൊള്ളുന്ന അനുഭവങ്ങൾ തുറന്നെഴുതുന്നു ആത്മകഥ യിൽ. ഏഴുപതിറ്റാണ്ടിലേറെയായി കേരളത്തിലെ രാഷ്ട്രീയരംഗത്ത് തിളങ്ങി നില് ക്കുന്ന ധീരവനിതയായ ഗൗരിയമ്മ കേരളസമൂഹത്തിന് ചെയ്ത സംഭാവനകൾ എന്നും സ്മരണീയമാണ്.

കമ്മ്യൂണിസ്റ്റ് ആദർശലക്ഷ്യത്തിന് യുവത്വത്തിന്റെ തേജസ്സും ഉന്മേഷവും പക രാനും പാർട്ടിക്കകത്തെ ജീർണതയ്ക്കെതിരെ പോരാടാനും ആ പ്രസ്ഥാനത്തിന്റെ വളർച്ചയിൽ ഒരു മഹത്തായ അധ്യായം എഴുതിച്ചേർക്കാനും കഴിഞ്ഞ അജിതയുടെ 'ഓർമക്കുറിപ്പുകൾ' കേരളത്തിന്റെ അധികമൊന്നും രേഖപ്പെടുത്തപ്പെട്ടിട്ടില്ലാത്ത ഒരു കാലഘട്ടത്തിന്റേയും പ്രസ്ഥാനത്തിന്റേയും അനുഭവചിത്രങ്ങളാണ് അടയാളപ്പെടു ത്തുന്നത്. പ്രസ്ഥാനത്തിന്റെ വളർച്ചയിൽ നക്സൽബാരിപ്രസ്ഥാനം വഹിച്ച ചരിത്ര പരമായ പങ്ക് ഈ കൃതിയിൽ ഏറെ പ്രാധാന്യമർഹിക്കുന്നുണ്ട്. വിപ്ലവപ്രസ്ഥാന ത്തിലും സ്ത്രീകളോടുള്ള സമീപനം പ്രതിഷേധാർഹമായിത്തീർന്നെന്നും പെൺ സഖാക്കളും തങ്ങളെപ്പോലെ കഴിവും വ്യക്തിത്വവും ചിന്താശേഷിയുമുള്ള മനുഷ്യജീ വിയാണ് എന്ന് അപൂർവമായേ അംഗീകരിക്കപ്പെട്ടിരുന്നുള്ളുവെന്നും ഈ ആത്മകഥ യിലൂടെ അജിത തുറന്നു കാട്ടുന്നു.

കർക്കശമായ ചാതുർവർണ്യ വ്യവസ്ഥയ്ക്കുള്ളിൽനിന്ന് ഒരന്തർജനം പുറം ലോകത്തിലേക്ക് ജീർണിച്ച ആചാരാനുഷ്ഠാനങ്ങളെ ധിക്കരിച്ചു നടന്നു കയറിയ തിന്റെ പിന്നിലെ കയ്പേറിയതും വേദനാപൂർണവുമായ അനുഭവങ്ങൾ ഹൃദയസ്പൃക്കായി അവതരിപ്പിക്കുന്നു, 'നഷ്ടബോധങ്ങളില്ലാതെ ഒരു അന്തർജനത്തിന്റെ ആത്മ കഥ'യിലൂടെ ഒന്നിനേയും ഇകഴ്ത്താതെയും പുകഴ്ത്താതെയും ഒരു പ്രത്യേക കാലത്ത് മനുഷ്യർ ഇങ്ങനേയും ജീവിച്ചിരുന്നു എന്നു പ്രസ്താവിക്കുകയാണ് ദേവകി നിലയങ്ങോട് ചെയ്യുന്നത്. നമ്പൂതിരി സമുദായത്തിന്റെ പഴയകാല ജീവിത ത്തിലേക്ക് വായനക്കാരെ കൈ പിടിച്ചു നയിച്ചുകൊണ്ട് ഭൂതകാലത്തിന്റെ ദയനീയ ചിത്രം അനാവരണം ചെയ്യുന്നുണ്ട് ഈ ആത്മകഥയിലൂടെ.

കേരളാ പൊലീസിലെ സ്ത്രീ വിമോചന പോരാട്ടങ്ങൾക്ക് നേതൃത്വം നല്കി വിവാദങ്ങൾ സൃഷ്ടിക്കുകയും പൊലീസ് സേനയിൽനിന്ന് പുറത്താക്കപ്പെടുകയും ചെയ്ത വിനയയുടെ ആത്മകഥയാണ് 'എന്റെ കഥ അഥവാ ഒരു മലയാളി യുവതിയുടെ ജീവിതയാത്ര'. രാജ്യത്തെ എല്ലാ നിയമങ്ങളും സ്ത്രീക്കും പുരുഷനും ഒരുപോലെയാകണം എന്നു ചെറുപ്പം മുതലേ ദൃഢമായി വിശ്വസിക്കുകയും അതിനായി നിരന്തരം പരിശ്ര മിക്കുകയുംചെയ്ത വിനയ, ഔദ്യോഗികമേഖലയിൽ ആൺ പെൺജാതികൾക്ക് ഇരട്ട നീതിയാണെന്ന വസ്തുത തുറന്നെഴുതുന്നു. സ്ത്രീയുടെ അർഹമായ ഇടങ്ങൾക്ക് വേണ്ടി, സ്വന്തം ജീവിതത്തെ സമരമാക്കി കഠിനപഥങ്ങളിലൂടെയുള്ള വിനയയുടെ യാത്ര നമ്മെ ജീവിതത്തിന്റെ തെളിച്ചമുള്ള ഇടങ്ങളിലേക്ക് നയിക്കുന്നു.

കല്ലടയാറിന്റെ ഹരിതസമൃദ്ധിയെ കവർന്നെടുത്ത മണൽ മാഫിയയ്ക്കെതിരെ തന്റെ വാർധക്യം മറന്നു പൊരുതിയ പള്ളിക്കൽ ഭവാനി എന്ന വീട്ടമ്മയുടെ ജീവിത കഥയാണ് 'ചോറിന്റെ മണമുള്ള ചേറ്' എന്ന ആത്മകഥ. പടിഞ്ഞാറേ കല്ലടയിലെ വയലുകളുടെ അടിത്തട്ടിൽ സ്വർണനിറത്തിലുള്ള മണൽ ഉണ്ടെന്നറിഞ്ഞതുമുതൽ അതു വിറ്റ് ലക്ഷങ്ങൾ വാരിക്കൂട്ടിയ, കോടതി വിധികൾ ലംഘിക്കുന്ന മണൽ മാഫിയയ്ക്കെതിരെ, ഉദ്യോഗസ്ഥ വൃന്ദങ്ങൾക്കെതിരെ ഒറ്റയാൾ പോരാട്ടം നടത്തുക യാണ് ഭവാനി. കാൽച്ചുവട്ടിലെ മണ്ണ് ചോർന്നു ചോർന്നുപോകുന്നതറിഞ്ഞിട്ടും പിന്മാ

റാതെ, ആഗോളവത്കരണത്തിന്റെ ആസുരമുഷ്ടികളെ ഒറ്റയ്ക്കു പ്രതിരോധിക്കുന്ന ഈ ആത്മകഥ പുതിയൊരു സ്വരം കേൾപ്പിക്കുന്നുണ്ട് എന്നതിൽ സംശയമില്ല.

എയിഡ്സ് രോഗിയായ ഒരമ്മയുടേയും രണ്ടുമക്കളുടേയും പച്ചയായ ജീവിതത്തിന്റെ തുറന്നെഴുത്താണ് ടി.കെ. രമയുടെ 'വി. പോസിറ്റീവ്' എന്ന ആത്മകഥ. സഹനത്തിന്റേയും അതിജീവനത്തിന്റേയും കഥ രമ പറയുമ്പോൾ മക്കളുടെ വിദ്യാഭ്യാസത്തിനുള്ള അവകാശം സംരക്ഷിക്കുന്നതിനായി ഒരമ്മ നടത്തിയ ധീരമായ ഒരു സമരത്തിന്റെ കഥയുടെ ചുരുളഴിയുകയാണ്. രോഗത്തിന്റെ പേരിൽ, ദാരിദ്ര്യത്തിന്റെ പേരിൽ, ജാതിയുടെ പേരിൽ മതത്തിന്റെ പേരിൽ, വിവേചനം അനുഭവിക്കുന്നവർക്കാകെ ആത്മവിശ്വാസം പകരുന്നതാണ് രമയുടെ പോരാട്ടത്തിന്റെ അനുഭവങ്ങൾ.

'മഹാമേരുക്കളുടെ നിഴലിൽ' എന്ന ആത്മകഥയിലൂടെ, കേരള രാഷ്ട്രീയത്തിൽ സജീവമായി ഇടപെട്ട സി.എൻ. ശ്രീകണ്ഠൻ നായരുമൊത്തുള്ള ജീവിതകഥ വിവരിക്കുകയാണ് അദ്ദേഹത്തിന്റെ പത്നിയായ മഹേശ്വരിയമ്മ. വ്യത്യസ്തങ്ങളായ ദശാസന്ധികളിലൂടെ കടന്നുപോകേണ്ടി വന്നപ്പോൾ ജീവിതത്തിൽ അനുഭവിക്കേണ്ടിവന്ന ഒറ്റപ്പെടലും കുതികാൽ വെട്ടും സ്നേഹവും നിരാസവും എല്ലാം ഹൃദയ സ്പൃക്കായി ഇതിൽ വിവരിച്ചിരിക്കുന്നു. ശ്രീകണ്ഠൻനായരുടെ അധികമാരുമറിയാത്ത വ്യക്തിത്വത്തിലേക്കു വെളിച്ചം വീശുന്നു ഈ ആത്മകഥ.

മരണത്തെ നിത്യവും കണ്ടുകൊണ്ട് അതിനെ ആട്ടിയകറ്റിയ ഒരു സ്ത്രീ ജീവിതത്തിന്റെ കരുത്തുറ്റതും കരുണാമയവുമായ അനുഭവകഥനങ്ങളാണ് 'നിഴലായി മരണം' എന്ന ആത്മകഥയിലൂടെ മേഴ്സി രവി വെളിപ്പെടുത്തുന്നത്. ഒരു പരീക്ഷണവസ്തുവിനെപ്പോലെ സ്വദേശത്തേയും വിദേശത്തേയും ഡോക്ടർമാർ ഉപയോഗപ്പെടുത്തി തിരിച്ചേൽപ്പിച്ച ശരീരത്തെ സ്വന്തം ഇച്ഛാശക്തി കൊണ്ടുമാത്രം ചലനാത്മകമാക്കിയ മേഴ്സി രവിയുടെ രോഗകാലചിന്തകളാണ് ഈ ആത്മകഥ. തന്റെ ആശകളുടേയും ആശയങ്ങളുടേയും സ്വപ്നങ്ങളുടേയും ആന്തരികലോകത്തേക്കു വായനക്കാരെ കൂട്ടിക്കൊണ്ടു പോവുകയാണ് ഈ കൃതിയിലൂടെ അവർ.

കലാകാരിയെന്ന നിലയിൽ പ്രശസ്തയായ കെ.പി.എ.സി. ലളിത. മുഖച്ചമയ ങ്ങളില്ലാതെ, മൂടുപടമില്ലാതെ തന്റെ ജീവിതം വെളിപ്പെടുത്തുകയാണ് 'കഥ തുടരും' എന്ന ആത്മകഥയിലൂടെ. സ്ത്രീ മനസ്സിന്റെ ആഴങ്ങളിലേക്കും പരപ്പുകളിലേക്കുമുള്ള ഒരു തീർഥയാത്രയാണ് ഈ ആത്മകഥ. ഒരു സാധാരണ പെൺകുട്ടിയിൽ നിന്ന് വലിയൊരു അഭിനേത്രിയിലേക്കുള്ള വളർച്ചയുടെ ഈ കഥ കേരളത്തിന്റെ രാഷ്ട്രീയ സാംസ്കാരിക ചരിത്രം കൂടിയാണ്.

കേരളത്തിലെ രാഷ്ട്രീയപ്രവർത്തനത്തിന്റേയും നാടകപ്രവർത്തനത്തിന്റേയും സമ്മിശ്രമായ ചരിത്രത്തെ പ്രതിനിധാനംചെയ്യുന്ന നിലമ്പൂർ ആയിഷയുടെ ആത്മകഥ യാണ് 'ജീവിതത്തിന്റെ അരങ്ങ്'. യാഥാസ്ഥിതികമായ സമുദായത്തിന്റെ എതിർപ്പുക ളേയും വീട്ടിലെ ദാരിദ്ര്യത്തേയും ഒരുപോലെ നേരിട്ടുകൊണ്ടാണ് നാടകരംഗത്തും അന്ന് അതിന്റെ അവിഭാജ്യഘടകവുമായിരുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയിലും ആയിഷ പ്രവർത്തിച്ചത്. സമുദായം ഭ്രഷ്ട് കല്പിച്ചിട്ടും പല പ്രാവശ്യം നേരിട്ടാക്രമണമുണ്ടാ യിട്ടും കലാപ്രവർത്തനം സാമൂഹ്യപ്രവർത്തനം തന്നെയാണെന്ന് തിരിച്ചറിഞ്ഞ് മലബാറിലെ നാടകരംഗത്തു നിറഞ്ഞുനിന്നു ആയിഷ. കേരളത്തിന്റെ രാഷ്ട്രീയചരിത്ര ത്തിലും നാടകചരിത്രത്തിലും ഒരുപോലെ രേഖപ്പെടുത്താതെ പോയ നിലമ്പൂർ നാടക വേദിയേയും അതിന്റെ പ്രവർത്തകരേയും വരച്ചിടുന്നു ആത്മകഥയിൽ.

പുരുഷനായി ജനിക്കുകയും വൈകാരികമായി സ്ത്രീയായി ജീവിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്ന ന്യൂനപക്ഷമാണ് ഹിജഡകൾ. ആണിന്റേയോ പെണ്ണി ന്റേയോ ലോകത്ത് ഇടമില്ലാത്ത മൂന്നാമതൊരു ലോകത്ത് ജീവിക്കുന്ന ഇവർ പീഡ നവും ചൂഷണവും നിന്ദയും സഹിച്ചു ജീവിക്കുന്നവരാണ്. 'ഒരു ഹിജഡയുടെ ആത്മകഥ'യിൽ ജെറീന അതുവരെ കേരളസമൂഹം മറച്ചുവച്ചിരുന്ന, പറയാൻ മടിച്ചി രുന്ന ഒരു പുതിയ വിഷയമാണ് നമുക്കു മുന്നിൽ അവതരിപ്പിക്കുന്നത്. ആണായോ പെണ്ണായോ ജീവിക്കാൻ കഴിയാത്തതിനെപ്പറ്റി, കേരളത്തിന്റെ കപടമാന്യതയെപ്പറ്റി, ആണോ പെണ്ണോ അല്ലാത്തതിനാൽ പൊതുനിയമങ്ങളിൽ നിന്നും ജോലി ലഭിക്കുന്ന തിൽ നിന്നും പുറന്തള്ളപ്പെടുന്നതിനെപ്പറ്റി നിരവധി പ്രശ്നങ്ങൾ ഈ ആത്മകഥ

വെളിപ്പെടുത്തുന്നു. പരിഹസിക്കുന്ന വീട്ടുകാർക്കും നാട്ടുകാർക്കും മുന്നിൽ നിന്ന് തങ്ങളെ അംഗീകരിക്കുന്ന മറ്റൊരു നാട്ടിലേക്ക് അവർക്ക് ഒളിച്ചോടേണ്ടി വരുന്നു. സമൂഹം ഹിജഡകളോട് എങ്ങനെ പെരുമാറുന്നതിനെക്കുറിച്ചും അവരുടെ ജോലി, ആചാരങ്ങൾ എന്നിവയെക്കുറിച്ചും എല്ലാം ഒരു വ്യത്യസ്ത വായനാനുഭവമാണ് ഈ കൃതി നമുക്കു പകർന്നു തരുന്നത്.

'മയിലമ്മ ഒരു ജീവിതം' എന്ന ആത്മകഥ പാലക്കാട് പ്ലാച്ചിമടയിൽ ജല സംരക്ഷണത്തിനുവേണ്ടി കൊക്കക്കോള കമ്പനിക്കെതിരെ സമരം നയിച്ച ആദിവാസി സ്ത്രീയായ മയിലമ്മയുടെ ജീവിതസമരത്തെ വെളിപ്പെടുത്തുന്നു. കൊക്കക്കോള വിരുദ്ധസമിതിയുടെ സ്ഥാപകയായ നാട്യക്കാരിയല്ലാത്ത ഈ സമരനായിക വായുവും വെള്ളവും ചീത്തയാക്കുന്നതിനെതിരെ പോരാടുന്നു. കൊക്കക്കോള കമ്പനിക്കെതിരെ, കുടിവെള്ളത്തിനു വേണ്ടിയുള്ള സമരത്തിന്റെ പ്രതീകമായി മാറി, സ്കൂൾ വിദ്യാഭ്യാസം പോലുമില്ലാത്ത മയിലമ്മ. ശുദ്ധജലത്തിന്റെ ദൗർലഭ്യമാണ് മയിലമ്മയെ വിപ്ലവരംഗത്തേ ക്കിറക്കിയതും സമരനായികയാക്കിയതും. കമ്പനിയുടെ ആസ്തിക്കു മുന്നിൽ, വാഗ്ദാന ങ്ങൾക്കും ഭീഷണികൾക്കും മുന്നിൽ ഭയപ്പെടാതെ മുട്ടുമടക്കാതെ സമരം തുടർന്ന മയിലമ്മയുടെ ജീവിതം മലയാളി സ്ത്രീയുടെ ഒരു ഭിന്നമുഖം തന്നെയാണ് കാട്ടിത്തരുന്നത്.

'അരങ്ങിലെ അനുഭവങ്ങൾ' എന്ന കെ.പി.എ.സി. സുലോചനയുടെ ആത്മകഥ കേരളത്തിന്റെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഉയർച്ചയിലും പാർട്ടിയെ അധികാരത്തി ലെത്തിക്കുന്നതിൽ കെ.പി.എ.സിയുടെ നാടകങ്ങൾ വഹിച്ച പങ്കും രേഖപ്പെടുത്തുന്നു. അരങ്ങിലും അണിയറയിലും ജീവിതത്തിലും നേരിട്ട സംഘർഷങ്ങളും സന്തോഷ ങ്ങളും പങ്കു വയ്ക്കുന്നു.

കേരളത്തിലെ ആദിവാസികളുടെ ഭൂമിക്കുവേണ്ടിയുള്ള നിരവധി സമരങ്ങൾ നയിച്ച വിപ്ലവനായികയായ ജാനുവിന്റെ ആത്മകഥ അവർ നേരിട്ട ജീവിതപ്രതിസന്ധി കളേയും ജീവിതാനുഭവങ്ങളേയും അനാവരണംചെയ്യുന്നു. മുത്തങ്ങാസമരം, ആറളം ഫാമിലെ ഭൂസമരം, സെക്രട്ടറിയേറ്റിനു മുന്നിലെ കുടിൽ കെട്ടിയുള്ള സമരം തുടങ്ങി

നിരവധി ഭൂസമരങ്ങൾക്ക് നേതൃത്വം കൊടുത്ത ജാനുവിന്റെ മുന്നിൽ ഭരണകൂടത്തിനു മുട്ടുമടക്കേണ്ടി വന്ന അവസരങ്ങൾ നിരവധിയാണ്.

മഞ്ജുവാര്യർ 'സല്ലാപം' എന്നു പേരിട്ടിരിക്കുന്ന തന്റെ ആത്മകഥയിൽ കുട്ടിക്കാലം, നൃത്തം, കലോത്സവവേദികൾ, സിനിമാപ്രവേശനം പ്രണയം, വിവാഹം, മടങ്ങിവരവ് എല്ലാം തുറന്നു പറയുന്നു. 'ഒരു പൂവിരിയും പോലെ'യുള്ള വായനാനുഭവമാണ് നമുക്കു മുമ്പിൽ ഇതു വയ്ക്കുന്നത്. ഉർവശിയുടെ 'സിനിമയല്ല ജീവിതം', കെ.പി.എ.സി. ലളിതയുടെ 'കഥ തുടരും' എന്നിവയിൽ കലാകാരികളെന്ന നിലയിൽ മുഖച്ഛമയങ്ങളില്ലാതെ, മൂടുപടമില്ലാതെ അവർ തങ്ങളുടെ ജീവിതം വെളിപ്പെടുത്തുന്നു.

തികച്ചും വ്യത്യസ്തമായ സാക്ഷ്യപ്പെടുത്തലാണ് ഷക്കീലയുടെ ആത്മകഥ. സിനിമയ്ക്കും ജീവിതത്തിനുമിടയിൽ വെറുമൊരു പെൺശരീരം മാത്രമായി ചുരുങ്ങിപ്പോയെന്ന തിരിച്ചറിവിൽനിന്ന് ഉയിർത്തെഴുന്നേറ്റു പറയുന്ന ജീവിതരഹസ്യങ്ങളാണവ. പ്രേക്ഷകരറിയാത്ത ഒരു ഹൃദയവും ജീവിതവും വ്യത്യസ്ത അവസ്ഥകളും തനിക്കുണ്ടെന്ന് ധീരമായി വെളിപ്പെടുത്തുന്നു ആത്മകഥയിലൂടെ.

നളിനി ജമീലയുടെ 'ഒരു ലൈംഗികത്തൊഴിലാളിയുടെ ആത്മകഥ' മലയാളിയുടെ കപടസദാചാരത്തിന്റെ പൊളിച്ചെഴുത്താണ്. വെള്ളിത്തിരയിലെ താരപ്പൊലിമകൾക്കു പിന്നിലെ ചതിയും കണ്ണീരും വിഷാദവും നിറഞ്ഞ അഴുക്കു ലോകത്തെ യഥാർഥമായി ചിത്രീകരിക്കുന്നു സുരയ്യാബാനുവിന്റെ 'ഡ്യൂപ്പ്'. ഷക്കീല ഉൾപ്പെടെ അനേകം നായികമാരുടെ ഡ്യൂപ്പായി അഭിനയിച്ച സുരയ്യാ മലയാളത്തിലെ ആത്മകഥാസാഹിത്യത്തിൽ വേറിട്ടുനിൽക്കുന്ന ഒരു ശബ്ദമാണ്.

ഭാഗ്യലക്ഷ്മിയുടെ 'സ്വരഭേദങ്ങളി'ൽ തന്റെ ജീവിതത്തിൽ നേരിട്ട കണ്ണീരണിയിക്കുന്ന അനുഭവങ്ങളും തന്റെ പോരാട്ടങ്ങളും ജീവിതത്തിലെ മറക്കാനാവാത്ത സിനിമാനുഭവങ്ങളും പങ്കു വയ്ക്കുന്നു. ജസ്റ്റിസ് ഡി. ശ്രീദേവിയുടെ 'ആജന്മനിയോഗം' എന്ന ആത്മകഥ വ്യത്യസ്തമായ ഒരു ആഖ്യാനതലമാണ് അവതരിപ്പിക്കുന്നത്. കേരളത്തിലെ കത്തോലിക്കാ സഭയിൽ പൊതുവേയും കത്തോലിക്കാ സന്യാസസ്ഥാപനങ്ങളിൽ പ്രത്യേകിച്ചും നടക്കുന്നതായി ആരോപിക്കപ്പെടുന്ന അതിക്രമങ്ങ

ളേയും അഴിമതികളേയും അസാന്മാർഗികതയേയും തുറന്നുകാട്ടുന്നു സിസ്റ്റർ ജെസ്മിയുടെ 'ആമേൻ-ഒരു കന്യാസ്ത്രീയുടെ ആത്മകഥ'.

സ്മരണകളാൽ സമ്പന്നമാണ് മലയാള സാഹിത്യം. ചന്ദ്രമതിയുടെ 'ഞണ്ടുകളുടെ നാട്ടിൽ ഒരിടവേള', ഗ്രേസിയുടെ 'കാവേരിയുടെ നേര്', രാധാലക്ഷ്മി പത്മരാജന്റെ 'കാലത്തിന്റെ വക്ഷസ്സിൽ ഒരോർമ', റോസി തോമസിന്റെ 'ഇവൻ എന്റെ പ്രിയ സി.ജെ.', ശ്രീബാല കെ.മേനോന്റെ '19 കനാൽ റോഡ്', മാധവിക്കുട്ടിയുടെ 'ബാല്യകാലസ്മരണകൾ', 'നീർമാതാളം പൂത്തകാലം' മുതലായവയെല്ലാം സ്മരണകളിൽ പ്രധാനപ്പെട്ടവയാണ്. മന്ദാകിനിയുടെ 'മറിക്കാത്ത താളുകൾ' എന്ന ഓർമക്കുറിപ്പ് കേരളത്തിന്റെ ഒരു പ്രത്യേക ദശാസന്ധിയെ വരച്ചിടുന്നുണ്ട്.

മലയാളത്തിൽ ഇന്നുവരെ ഉണ്ടായിട്ടുള്ള മിക്കവാറും സ്ത്രീ ആത്മഭാഷണങ്ങൾ ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. 1916-ൽ ബി. കല്യാണിയമ്മയുടെ വ്യാഴവട്ടസ്മരണകൾ മുതൽ 2014 വരെയുള്ള കാലഘട്ടത്തിൽ രചിക്കപ്പെട്ടിട്ടുള്ള സ്ത്രീ ആത്മകഥകൾ, സ്മരണകൾ, ഓർമക്കുറിപ്പുകൾ എന്നിവയെ പരിചയപ്പെടുത്തുന്നതിലൂടെ വ്യത്യസ്ത കാലയളവുകളിൽ രചിക്കപ്പെട്ട ആത്മകഥകളുടെ രാഷ്ട്രീയമെന്തെന്നും അവ മുന്നോട്ടുവയ്ക്കുന്ന പ്രത്യയശാസ്ത്രമെന്തെന്നും വ്യക്തമാക്കുന്നുണ്ട്. ഓരോ കാലത്തും സ്ത്രീ നേരിടേണ്ടിവന്ന പ്രശ്നങ്ങൾ ഭിന്നമാണെന്നും എന്നാൽ സ്ത്രീയെന്ന നിലയിൽ അവർ അനുഭവിക്കേണ്ടിവന്ന പ്രശ്നങ്ങൾക്ക് സാമ്യമുണ്ടെന്നും മിക്ക ആത്മകഥകളും വെളിപ്പെടുത്തുന്നുണ്ട്.

മറ്റൊരു പ്രത്യേകത, സമൂഹത്തിന്റെ അരികുകളിൽ പ്രാന്തവത്കരിക്കപ്പെട്ടു കിടന്നിരുന്ന ഹിജഡകൾ, ലൈംഗികത്തൊഴിലാളികൾ, മാദകനടികൾ തുടങ്ങി എല്ലാ വിഭാഗത്തിൽപ്പെട്ട സ്ത്രീകളും ഇന്ന് ആത്മകഥ രചിക്കുന്നു എന്നതാണ്. സമൂഹത്തിൽ ഏതെങ്കിലും നിലയിൽ ബഹുമതി നേടിയ/ആറിയപ്പെട്ടിരുന്നവരാണ് ആത്മകഥ എഴുതുന്നതെന്ന ബോധം ഇവിടെ കടപുഴകി വീഴുന്നു. അരികുകളിലേക്ക് മാറ്റി നിർത്തപ്പെട്ട തങ്ങൾക്കും എന്തൊക്കെയോ പറയാനുണ്ടെന്നും സ്വയം അതിനു കഴിഞ്ഞില്ലെങ്കിൽക്കൂടി മറ്റൊരാളുടെ സഹായത്താൽ അവർ അതിനു മുതിരുന്നു എന്ന

തിനും ഈ ആത്മകഥകൾ തെളിവാണ്. സമൂഹത്തിൽനിന്ന് പലതരത്തിലും പാർശ്വ വത്കരിക്കപ്പെട്ടവരുടെ പ്രശ്നങ്ങൾ തുറന്നെഴുതുവാൻ ഇന്ന് ആത്മകഥപോലെ സ്വാതന്ത്ര്യമുള്ള മറ്റൊരു ഉപാധിയില്ലെന്ന് സാധാരണക്കാരും തിരിച്ചറിഞ്ഞിരിക്കുന്നു.

ആദ്യകാലത്ത് ജീവിതത്തിൽ സ്വതന്ത്രവീക്ഷണം പുലർത്തിയിരുന്നവർ സമൂഹ ത്തിൽ അധികാരവും പ്രശസ്തിയും സമ്പത്തുമുള്ള കുടുംബങ്ങളിൽനിന്നു ജനിച്ച വരായിരുന്നു. സ്ത്രീക്ക് ലഭിക്കുന്ന അവസരങ്ങളെ കുടുംബപാരമ്പര്യവും ജാതിയും സമ്പത്തും ആൺതുണയും നിർണയിച്ചിരുന്നു. എന്നാൽ ഇത്തരം ധാരണകളെ ഇല്ലാതാക്കുന്ന ആഖ്യാനങ്ങളാണ് അടുത്തകാലത്തായി അധികവും ഉണ്ടാകുന്നത്. യാതൊരു മഹിമയും അവകാശപ്പെടാനില്ലാത്ത സാധാരണക്കാരായ നിരവധി സ്ത്രീകൾ ഇന്ന് ആത്മകഥയിലൂടെ തങ്ങൾ അനുഭവിച്ചിരുന്ന പ്രശ്നങ്ങൾ പൊതു ജനങ്ങൾക്കു മുമ്പിൽ അവതരിപ്പിക്കുന്നുണ്ട്.

സ്ത്രീ ആത്മകഥകൾ സമൂഹത്തിൽ അവളെ കൃത്യമായി വരച്ചിടുകയാണ് ചെയ്യുന്നത്. ഈ രചനകൾ അവളുടെ ആഗ്രഹങ്ങളെയും നിരാശകളെയും വെളി പ്പെടുത്തുന്നു. താൻ എന്തായി, എന്തായില്ല എന്നത് വ്യക്തമായി അവൾ മനസ്സിലാ ക്കാൻ ശ്രമിച്ചതിന്റെ ഫലമാണ് സ്ത്രീ ആത്മകഥകൾ എന്ന് നിസ്സംശയം പറയാം. സാമൂഹികമായി അവൾ പ്രതീക്ഷിക്കുന്നതും സ്വകാര്യമായി എന്തുനേടണമെന്ന് ആഗ്രഹിക്കുന്നതുമെല്ലാം ആത്മകഥകളിലൂടെ വെളിപ്പെടുത്തുകയാണ് ചെയ്യുന്നത്.

ആത്മകഥയുടേയും സ്ത്രീ ആത്മകഥളുടേയും ഒരു ചരിത്രപശ്ചാത്തലമാണ് ഈ അധ്യായത്തിൽ സൂചിപ്പിച്ചിരിക്കുന്നത്. മലയാളത്തിലെ സ്ത്രീ ആത്മകഥകളെക്കുറി ച്ചുള്ള വിശകലനത്തിനു മുമ്പ് സ്ത്രീരചനകളിലെ പൊതുവായ ചില സംജ്ഞ കളെ ക്കുറിച്ചും വിശദീകരിക്കേണ്ടതുണ്ട്. സ്ത്രീവാദത്തിന്റെ സാംസ്കാരിക വിശകലന ത്തിന് അതിന്റെ പ്രത്യേകതകൾ മനസ്സിലാക്കേണ്ടതാവശ്യമാണ്.

# അധ്യായം രണ്ട്

# സ്ത്രീവാദം - ഒരു സാംസ്കാരിക വിശകലനം

## 2.1 സ്ത്രീവാദത്തിന്റെ ചരിത്രപശ്ചാത്തലം

കേരളത്തിൽ ഉണ്ടാകുന്ന സ്ത്രീ ആത്മകഥകളിൽ കേരളീയ സ്ത്രീയുടെ ചിന്തയും പ്രവൃത്തിയും അഭിപ്രായങ്ങളുമാണ് പ്രസക്തമായി വരുന്നത്. ആഗോള സ്ത്രീരചനകളുടേയും സ്ത്രീസംബന്ധമായ പഠനങ്ങളുടേയും പിൻബലത്തിൽ നിന്നു കൊണ്ട് ഇവിടുത്തെ സ്ത്രീരചനകളെ വിശകലന വിധേയമാക്കുമ്പോൾ സ്ത്രീ അനുഭവങ്ങളുടെയും അവസ്ഥകളുടെയും പൊതുസ്വഭാവം മനസ്സിലാവും.

സ്ത്രീ ആത്മകഥകളുടെ താത്ത്വികമായ പഠനം പൂർണമാകണമെങ്കിൽ സ്ത്രീ എന്ന അവസ്ഥയും സ്ത്രീപഠനമെന്ന ശാഖയുമായി ബന്ധപ്പെട്ട ചില വാക്കുകൾ കൂടി വിവരിക്കേണ്ടതുണ്ട്. സ്ത്രീ, സ്ത്രൈണത, സ്ത്രീവാദം, സ്ത്രീവാദ വിമർശനം. സ്ത്രീ സ്വത്വം, ലൈംഗികത, പാരിസ്ഥിതിക സ്ത്രീവാദം, ഗൈനോക്രിട്ടിസിസം, സ്ത്രീഭാഷ, പെണ്ണെഴുത്ത് തുടങ്ങിയ വാക്കുകൾ സ്ത്രീപഠനങ്ങളുടെ ഭാഗമാണ്. ആദ്യമായി സ്ത്രീ എന്തെന്നും അവരുടെ പ്രത്യേകതയെന്തെന്നും മനസ്സിലാക്കേണ്ടതുണ്ട്. 'സ്ത്രീ' എന്ന പദം ജീവശാസ്ത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു. ജീവശാസ്ത്രപരമായിത്തന്നെ പുരുഷനിൽനിന്നു വ്യത്യസ്തയാണ് സ്ത്രീ. സന്താനങ്ങളെ പ്രസവിച്ച് സ്നേഹ ത്തോടെ പരിപാലിച്ചു വളർത്തുന്നതിൽ ഇവർക്കുള്ള സ്ഥാനം അനിഷേധ്യമാണ്. സ്നേഹം, വാത്സല്യം, പരിഗണന തുടങ്ങിയവ അവരുടെ അസ്തിത്വത്തോടു ചേർന്നു നിൽക്കുന്നു.

സ്ത്രീയുടെ സ്ത്രൈണത എന്ന കല്പന സമൂഹം നിർമിച്ചു കൊടുക്കുന്ന താണ്. സമൂഹം പുരുഷകേന്ദ്രീകൃതമാകുമ്പോൾ സ്ത്രീയുടെ സ്ത്രൈണതയ്ക്ക് നിർവചനം കൊടുക്കുന്നതും പുരുഷൻ തന്നെയാണ്. ഒരു സ്ത്രീ എപ്രകാരം വസ്ത്രം ധരിക്കണമെന്നും ഓരോ സാഹചര്യത്തോടും എങ്ങനെയെല്ലാം പെരുമാറണമെന്നും എവിടെയെല്ലാം സഞ്ചരിക്കണമെന്നും ഓരോ സമൂഹത്തിനും അതിന്റേതായ നിർണ യങ്ങളുണ്ട്. പുരുഷനു താഴെ നിൽക്കുന്ന ശബ്ദം, പ്രതികരണശേഷി, സഹനം, പുരുഷാ ശ്രയം തുടങ്ങിയവയെല്ലാം സ്ത്രൈണം എന്ന സങ്കല്പത്തിൽപെടുന്നു. ''സാമൂഹ്യ വത്കരണപ്രക്രിയയിൽ സ്ത്രൈണതയുടെ ഒരു സവിശേഷമായ ആശയം ഉരുത്തി

രിയുന്നുണ്ട്. ആണിനേക്കാൾ താഴ്ന്ന ഒരു വിതാനമാണ് തനിക്ക് ചേർന്നതെന്ന ധാരണ പെണ്ണിൽ വളർത്തുക'' എന്നതാണത്. (സുകുമാരൻ, 2011:27)

ഓരോ സമൂഹത്തിലും ജീവിക്കുന്ന സ്ത്രീക്ക് ഓരോ അസ്തിത്വം അഥവാ പ്രവർത്തനമേഖലയാണുള്ളത്. ഈ പ്രവർത്തനമേഖലയും അസ്തിത്വവും സമൂഹത്തിന്റെ നിർമിതിയാണ്. സാമൂഹ്യക്രമത്തിൽ പുരുഷൻ അധികാരസ്ഥാനത്തേക്ക് വന്നപ്പോൾ സ്ത്രീകൾ ബോധപൂർവം പാർശ്വവത്കരിക്കപ്പെടുകയായിരുന്നു. ഈ പാർശ്വവത്കരണത്തിനെതിരെയുള്ള പ്രതിഷേധം സ്ത്രീയുടെ ഭാഗത്തുനിന്നും ശക്തമായപ്പോൾ നിലനിന്നിരുന്ന പല അധികാരവ്യവസ്ഥകളും ചോദ്യം ചെയ്യപ്പെട്ടു. നിയമങ്ങൾ മാറ്റത്തിനു വിധേയമായി. ''നമ്മുടെ സംസ്കാരം സ്ത്രീയുടെ മൗനമാണാവശ്യപ്പെടുന്നത്. സ്ത്രീകളുടെ ശബ്ദത്തെ അതു ഭയപ്പെടുന്നു. സ്ത്രീകളുടെ ശബ്ദത്തിനു നേരെ അക്രമാസക്തമാവുകയും ചെയ്യുന്നു'' (രവീന്ദ്രൻ, 1987:12-14).

സ്ത്രീകളെക്കുറിച്ചു നിലനിൽക്കുന്ന മൂല്യരഹിതമായ ധാരണകളെ എതിർക്കുന്ന വ്യത്യസ്തമായൊരു കാഴ്ചപ്പാടാണ് ഫെമിനിസം. പാശ്ചാത്യവും പൗരസ്ത്യവുമായ മാനവചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളിൽ ജീവിതത്തിന്റെ പൊതുധാരയിൽ നിന്ന് സ്ത്രീ അന്യവത്കരിക്കപ്പെട്ടു. നാടുവാഴിത്തത്തിൽനിന്ന് വ്യവസായയുഗത്തിലേക്കും മുതലാളിത്തത്തിലേക്കും കടന്നപ്പോഴും സ്ത്രീ ചൂഷണവിധേയയും അസ്വതന്ത്രയുമായിരുന്നു. സമത്വാധിഷ്ഠിത ജീവിതദർശനത്തിന്റെ ആവിർഭാവത്തോടെ ഇരുപതാംനൂറ്റാണ്ടിൽ പുരുഷനു തുല്യയാണ് സ്ത്രീ എന്ന ആശയം ഉയർന്നുവരികയും അതിന്റെ സാക്ഷാത്കാരത്തിനുവേണ്ടി സ്ത്രീ വിമോചനപ്രസ്ഥാനങ്ങൾ ഉടലെടുക്കുകയും ചെയ്തു. സ്ത്രീയുടെ കലാപ്രവർത്തനങ്ങൾക്കു പുരുഷന്റേതിനു തുല്യമായി കണക്കാക്കുന്നതിനു തടസ്സം നിന്ന എല്ലാ സാമൂഹികഘടകങ്ങളോടും സ്ത്രീകൾ സമരം പ്രഖ്യാപിച്ചു.

ഫെമിനിസം എന്നപദത്തിന് സാമാന്യമായി പറയാവുന്ന അർഥം സ്ത്രീ സ്വാതന്ത്ര്യമെന്നാണ്. സ്ത്രീകളുടെ സാമൂഹികപദവി നിർണയിക്കുന്നതിനു സഹായകമാകുന്ന ആശയമാണ് ഫെമിനിസം അഥവാ സ്ത്രീവാദം. ''സ്ത്രീകളുടെ ന്യായമായ ആവശ്യ

ങ്ങൾക്കും നീതിനിഷേധത്തിനും പുരുഷാധിപത്യത്തിനുമെതിരെ സ്ത്രീകൾക്കു വേണ്ടി സ്ത്രീകൾ തന്നെ നടത്തിയ വിമോചനവിപ്ലവത്തെയാണ് ഫെമിനിസമെന്ന് വിളിക്കുന്നത്'' (ദേവിക, 2000:33).

1895-ൽ 'അത്തനം' എന്ന ആനുകാലിക പ്രസിദ്ധികരണത്തിലാണ് ഫെമിനിസം എന്ന പദം ആദ്യമായി ഉപയോഗിച്ചത്. യൂറോപ്പിൽ നവോഥാനത്തിന്റെ ഫലമായാണ് ഫെമിനിസം രൂപപ്പെട്ടത്. സ്ത്രീസമൂഹത്തെ പുരോഗതിയുടെ വെളിച്ചത്തിലേക്ക് കൊണ്ടുവരിക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. സ്ത്രീക്കർഹതപ്പെട്ട സ്വാതന്ത്ര്യമോ അവകാശമോ അനുവദിച്ചു നൽകാതെ, അവൾക്കേർപ്പെടുത്തിയ നിർവചനങ്ങളിൽ നിന്നും നിയന്ത്രണങ്ങളിൽ നിന്നും പുറത്തു കടക്കാനുള്ള വെമ്പലുണ്ടായതിന്റെ ഫല മായാണ് ഫെമിനിസം എന്ന ആശയം രൂപപ്പെട്ടത്. ''പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യ ഘട്ടത്തിൽ ഫ്രഞ്ച് സോഷ്യലിസ്റ്റായ ചാൾസ് ഫോറിയർ ആണ് 'ഫെമിനിസ്റ്റ്' എന്ന പദം ആദ്യമായി ഉപയോഗിച്ചത്'' (Sheila, 1992:76). ഈ കാലഘട്ടത്തിൽ തന്നെയാണ് സ്ത്രീകൾ സംഘടിതമായി തങ്ങൾക്കു നേരെ ഉണ്ടാകുന്ന അടിച്ചമർത്തലും അവഗ ണയും ആദ്യമായി തിരിച്ചറിയുന്നതും പ്രതിഷേധിക്കുന്നതും. ''ഫെമിനിസ്റ്റ് പ്രസ്ഥാന ത്തിനുവേണ്ടി വ്യക്തമായ ആദ്യസ്വരമുയർന്നത് 17-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സിസ്റ്റർ ജുവാനയിൽ നിന്നാണ്'' (ലീലാവതി, 2000:11).

എല്ലാത്തരം സാമൂഹിക - സാംസ്കാരികവ്യവഹാരങ്ങളിലും അന്യമാക്ക പ്പെടുന്ന അവസ്ഥ സ്ത്രീ തിരിച്ചറിയുകവഴി തന്റെ വ്യക്തിത്വം സ്ഥാപിച്ചെടുക്കാൻ അവർ കണ്ടെത്തിയ ആശയമാണ് ഫെമിനിസം. പുരുഷാധിപത്യത്തെ ഉന്മൂലനം ചെയ്തുകൊണ്ട് തൽസ്ഥാനത്ത് സ്ത്രീയെ പ്രതിഷ്ഠിക്കലല്ല ഫെമിനിസത്തിന്റെ ലക്ഷ്യം. ആധികാരികതയേയും അതിന്റെ സാമ്പ്രദായിക നിയമങ്ങളേയും തകർത്തെ റിഞ്ഞ് അതിന്റെ സ്ഥാനത്ത് ആണും പെണ്ണുമെന്ന വിവേചനമില്ലാതെ മനുഷ്യരായി മാത്രം കാണുന്ന ഒരു പുതിയലോകമാണ് അത് വിഭാവനം ചെയ്യുന്നത്.

എല്ലാകാലത്തും തനിക്കനുഭവിക്കേണ്ടി വരുന്ന അസ്വാതന്ത്ര്യത്തിനും നിഷേധ ങ്ങൾക്കും നേരെ പ്രതികരിച്ചുകൊണ്ടാണ് സ്ത്രീ തന്റെ സ്വത്വം നിർണയിക്കുന്നത്.

സ്ത്രീ - പുരുഷബന്ധങ്ങളിൽ നിലനിന്ന ഉച്ചനീചത്വവും സ്ത്രീ അനുഭവിച്ച അസ്വാതന്ത്ര്യവും ആഗോളവ്യാപകമായ അനുഭവമായിരുന്നു. എല്ലാക്കാലത്തിലും എല്ലാ സമൂഹത്തിലും സമാനമായ ഒന്നായിരുന്നു ഇത്. തങ്ങൾ ഒരു പീഡിതവർഗമാണ് എന്ന ബോധവും സ്വത്വപ്രതിസന്ധിയെക്കുറിച്ചുള്ള തിരിച്ചറിവും സ്ത്രീയെ ഉണർത്തി. ''ഒരു വിഭാഗത്തിന്റെ സുരക്ഷിതത്വവും സമൃദ്ധിയും മറ്റേ വിഭാഗത്തിന്റെ ദാരിദ്ര്യവും അരക്ഷിതാവസ്ഥയും സ്ത്രീകളുടെ ഇടയിൽ അസ്വസ്ഥത ജനിപ്പിച്ചു'' (വുൾഫ്, 2004:22).

സമൂഹത്തിൽ മാതൃകയായി നിലനിന്ന ദുർബലയും നിഷ്ക്രിയയും ക്ഷമാമൂർത്തിയും ആശ്രിതയുമായവളും പുരുഷനെക്കാൾ യുക്തി കുറഞ്ഞവളും വികാരപരത കൂടിയവളുമായ സ്ത്രീയെ പരിവർത്തിപ്പിക്കുകയായിരുന്നു സ്ത്രീവാദലക്ഷ്യം. സ്ത്രീകൾക്ക് തൊഴിലെടുക്കാനും സാമ്പത്തികമായി സ്വയംപര്യാപ്തത നേടാനും അങ്ങനെ സ്വന്തം കാലിൽ നിൽക്കാനുമുള്ള സ്വാതന്ത്ര്യം ഫെമിനിസ്റ്റുകൾ ലക്ഷ്യം വച്ചു. ലൈംഗിക ഉപഭോഗവസ്തുവെന്ന നിലയിൽ സ്ത്രീയെ വീക്ഷിക്കുന്ന സമൂഹത്തിന്റെ ദുഷ്പ്രവണതയെ അവർ രൂക്ഷമായി വിമർശിച്ചു. സ്ത്രീക്ക് രാഷ്ട്രീയനയരൂപീകരണത്തിലും പൊതുജീവിതത്തിലെ മറ്റെല്ലാ മേഖലകളിലുള്ള പങ്കാളിത്തം ലഭ്യമാക്കുക എന്നതും ഫെമിനിസത്തിന്റെ ലക്ഷ്യമായിരുന്നു. സ്ത്രീയുടെ മുഖമുദ്രകളായി കണക്കാക്കപ്പെട്ടിരുന്ന വ്യഖ്യാനങ്ങളിൽനിന്നു വ്യതിചലിച്ചുകൊണ്ട് അവരുടേതായ വ്യക്തിത്വരൂപീകരണത്തിന്റെ ആവശ്യകതയ്ക്ക് ഊന്നൽ നൽകപ്പെട്ടു.

### 2.1.1 സ്ത്രീവാദ സമീപനങ്ങൾ

ചരിത്രത്തിലും സംസ്കാരത്തിലും ലിംഗപരമായ അസമത്വം സാർവത്രികമായി നിലനിൽക്കുക വഴി സ്ത്രീയ്ക്ക് ലഭിച്ച രണ്ടാംകിട പദവിയെ ചോദ്യം ചെയ്യുന്നതാണ് സ്ത്രീവിമോചനം എന്ന ആശയവും അതുമായി ബന്ധപ്പെട്ടുണ്ടായ സിദ്ധാങ്ങളും.

സ്ത്രീ സ്വാതന്ത്ര്യത്തിനും സ്ത്രീസ്വത്വബോധത്തിനും പുത്തൻ ഉണർവ് പകരാൻ സ്ത്രീവാദപരമായ ലിബറൽ, റാഡിക്കൽ, മാർക്സിസ്റ്റ്, കൾച്ചറൽ തുടങ്ങിയ സമീപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. തുല്യാവകാശം, വ്യക്തിസ്വാതന്ത്ര്യം, നീതിബോധം

തുടങ്ങിയ മൂല്യങ്ങളുടെ സ്ത്രൈണവത്കരണമാണ് ലിബറൽ ഫെമിനിസം (Liberal feminism). നിലവിലുള്ള സാമൂഹ്യവ്യവസ്ഥിതിയിൽ തുല്യതയ്ക്കും അവകാശത്തിനും വേണ്ടിയുള്ള ശ്രമമാണ് ലിബറൽ ഫെമിനിസ്റ്റുകൾ നടത്തുന്നത്. സാമൂഹികമായ വിവേചനംകൊണ്ട് സ്ത്രീയുടെ സ്ഥാനം താണുപോയെന്നും യഥാർഥത്തിൽ സ്ത്രീ, പുരുഷനു തുല്യയാണെന്നും ലിബറൽ ഫെമിനിസ്റ്റുകൾ വാദിക്കുന്നു.

പുരുഷാധിപത്യത്തെ നിരാകരിച്ചുകൊണ്ട് സ്ത്രീസമത്വം ഉയർത്തിപ്പിടിക്കുവാനുള്ള ശ്രമത്തിന്റെ ഫലമായിട്ടാണ് റാഡിക്കൽ ഫെമിനിസം (radical feminism) രൂപംകൊണ്ടത്. സ്ത്രീയുടെ എല്ലാ പ്രശ്നങ്ങൾക്കും കാരണം പുരുഷാധിപത്യമാണെന്നു കരുതുന്ന ഇവർ സ്ത്രീയെ പീഡിപ്പിക്കുന്ന പുരുഷ സമീപനത്തെ ശക്തിയുക്തം എതിർത്തു. ''സ്ത്രീയുടെ ജീവശാസ്ത്രപരമായ പ്രത്യേകതയാണ് അവളുടെ അടിമത്തത്തിനുകാരണം എന്നും പ്രത്യുൽപ്പാദനവും ശിശുസംരക്ഷണവും സ്ത്രീയുടെ അസ്വാതന്ത്ര്യത്തിന് ഇടയാക്കുന്നു''വെന്നഅഭിപ്രായം (ഷൂലാമിത് 1970:60) ഏറെ ശ്രദ്ധിക്കപ്പെട്ട ഒന്നാണ്.

സ്വാതന്ത്ര്യം, സമത്വം, ചൂഷണത്തിൽനിന്നുള്ള മോചനം, ചൂഷകർക്കെതിരെയുള്ള പ്രതിരോധം ഇവ പ്രമാണങ്ങളാക്കിയ മാർക്സിസ്റ്റ് സമീപനമാണ് മാർക്സിസ്റ്റ് ഫെമിനിസം. സ്ത്രീയുടെ അടിമത്തത്തിലും ചൂഷണത്തിലും കാരണം മുതലാളിയാണെന്നവർ വാദിക്കുന്നു. കുടുംബത്തിലെ വേതനമില്ലാതെ ജോലിയിൽനിന്ന് സ്ത്രീ പുറത്തുകടക്കണമെന്നാണ് അവർ ആഹ്വാനംചെയ്യുന്നത്. സ്ത്രീയുടെ അടിമത്തത്തിനും ലൈംഗികചൂഷണത്തിനും ഹേതുവായ പുരുഷമേൽക്കോയ്മാ രാഷ്ട്രീയത്തിനെതിരെയുള്ള പ്രതിഷേധമാണ് സോഷ്യലിസ്റ്റ് ഫെമിനിസം. തൊഴിൽരംഗത്തും ഉൽപ്പാദനരംഗത്തും മാത്രമല്ല, ജീവിതത്തിന്റെ സകല കർമ്മമണ്ഡലങ്ങളിലും സ്ത്രീയെ പാർശ്വവത്കരിച്ചിരിക്കുന്നുവെന്ന് അവർ അഭിപ്രായപ്പെടുന്നു. സ്ത്രീയ്ക്ക് വ്യതിരിക്തമായ ഒരു സംസ്കാരമുണ്ടെന്ന് വാദിക്കുന്ന കൾച്ചറൽ ഫെമിനിസം പറയുന്നത്, പുരുഷസംസ്കാരത്തോട് കൂടിക്കലരാത്ത ഒരു സംസ്കാരം സ്ത്രീക്കുണ്ടെന്നും അവരത് പുനർനിർമിച്ചെടുക്കണമെന്നുമാണ്. ''ദേവതാപൂജയും മാതൃത്വവ്യവസ്ഥയും നിലനിന്നി

രുന്ന, സ്വാതന്ത്യം യഥേഷ്ടം അനുഭവിച്ചിരുന്ന ഒരു നല്ല കാലം നമുക്കുണ്ടായിരുന്നെന്നും ആ നല്ല കാലത്തെ പുനഃസൃഷ്ടിക്കാനാണ് ഓരോ സ്ത്രീയും ശ്രമിക്കേണ്ടതെന്നും തിരിച്ചറിവില്ലാത്ത പക്ഷം, തുല്യതയ്ക്കു വേണ്ടിയുള്ള ശ്രമം മാത്രമായിരിക്കും ഉണ്ടാവുക'' (കൊല്ലാർഡ്, 1989:20-40).

പുരുഷ പാരമ്പര്യവുമായുള്ള മത്സരത്തിൽ ഫെമിനിസ്റ്റുകൾ സ്വീകരിക്കുന്ന മാർഗങ്ങൾ രണ്ടാണ്. പാരമ്പര്യത്തിന്റെ ഏകപക്ഷീയത തിരിച്ചറിഞ്ഞ് അത് ഉപേക്ഷിക്കുക എന്നതാണ് ആദ്യത്തെ രീതി. വൈകാരികമായ ഒരു പ്രതികരണം എന്ന നിലയിലാണ് ഈ രീതി അവർ സ്വീകരിച്ചത്. ധൈഷണികമായ ഒരു ചട്ടക്കൂടിൽ നിന്നുകൊണ്ട് പാരമ്പര്യത്തെ പുനർവായിക്കുന്നതാണ് രണ്ടാമത്തെ മാർഗം. വികാരത്തിനല്ല, വിചാരത്തിനാണിവിടെ പ്രാധാന്യം.

### 2.1.2 സ്ത്രീവാദ വിമർശനം

സ്ത്രീവാദവീക്ഷണത്തിൽ സാഹിത്യത്തെ വിലയിരുത്തുന്നതാണ് സ്ത്രീവാദ വിമർശനം. സ്ത്രീ ഇവിടെ എഴുത്തുകാരിയായും വായനക്കാരിയായും നിരീക്ഷിക്കപ്പെടുന്നു. സ്ത്രീയുടെ സാഹിത്യസൃഷ്ടികൾക്ക് മൂന്നു ഘട്ടങ്ങളാണ്. അത് സ്ത്രൈണം (The feminine), സ്ത്രീവാദപരം (The feminist), സ്ത്രീവിഷയകം (Female) എന്നിവയാണ്. പുരുഷന്റെ സർഗപരമായ നേട്ടങ്ങളോട് ഒപ്പം നിൽക്കാനുള്ള പ്രവണതയാണ് സ്ത്രൈണം. പുരുഷന്റെ സ്ത്രീസങ്കല്പങ്ങളെ, പുരുഷരചനകളെ ഇവിടെ സ്ത്രീ അനുകരിക്കുന്നു.

പുരുഷാധിപത്യ മൂല്യവ്യവസ്ഥയുടെ പ്രത്യയശാസ്ത്രപ്രവർത്തനങ്ങളിൽ നിന്ന് മോചിതമാവുക എന്നുള്ളത് സ്ത്രീ വിമോചനാശയങ്ങളെ സംബന്ധിച്ചിടത്തോളം പ്രധാനമാണ്. അവഗണിക്കപ്പെടുകയും മറയ്ക്കപ്പെടുകയും ചെയ്ത സ്ത്രീരചനകളെ കണ്ടെടുക്കുകയും എഴുത്തിന്റെ സ്ത്രൈണ പാരമ്പര്യത്തിൽ നിന്നുകൊണ്ട് അവയെ വിലയിരുത്തുകയും ചെയ്യുകയാണ് സ്ത്രീവാദ വിമർശനം.

സ്ത്രീവാദപര സമീപനത്തിൽ പുരുഷമേധാവിത്വത്തോടും സ്ത്രീകൾക്കു നേരെയുണ്ടാകുന്ന അനീതിക്കെതിരെയും സ്ത്രീകൾ ഏറ്റുമുട്ടുന്നു. സ്ത്രീ, സ്വാനു

ഭവങ്ങൾ മൂർത്തമായി ആവിഷ്കരിക്കുകയാണ് സ്ത്രീ വിഷയകാലഘട്ടത്തിൽ. ഇത് സ്ത്രീയെ സംബന്ധിച്ചിടത്തോളം സ്വയംകണ്ടെത്തലിന്റേയും സ്വയംനിർണയ ത്തിന്റേയും സ്വയം നിർമിതിയുടേയും കാലഘട്ടമാണ്. സാമൂഹിക - സാമ്പത്തിക ഔദ്യോഗികരംഗത്ത് സ്ത്രീക്ക് നേരിടേണ്ടി വന്ന അസമത്വത്തിനെതിരെ സ്വയമുയ രാനും സ്ത്രീശാക്തീകരണത്തിനുള്ള പുത്തൻ വഴികൾ കണ്ടെത്താനും അവർ ശ്രമിച്ചു. സ്ത്രീവാദസമീപനം ''പാശ്ചാത്യ വിദ്യാഭ്യാസസ്ഥാപനങ്ങളിലും ജ്ഞാന സമ്പ്രദായങ്ങളിലും ആഴത്തിൽ വേരിറങ്ങിയിരുന്ന സ്ത്രീവിരുദ്ധതയ്ക്കെതിരെ ഒരു പൊട്ടിത്തെറിയായിരുന്നു'' (ദേവിക, 2000:49).

വെർജീനിയാ വൂൾഫിന്റെ 'സ്വന്തമായൊരു മുറി' എന്ന കൃതി പെണ്ണിന്റെ എഴു ത്തിടം അന്വേഷിച്ചെത്തുന്ന തിരിച്ചറിവുകൾക്ക് അടിത്തറയൊരുക്കുന്നു. ആധുനിക സ്ത്രീവാദം സിമോൺ ദ ബുവ്വയുടെ 'ദ സെക്കൻഡ് സെക്സ്' (1949) എന്ന പുസ്തക ത്തിലൂടെയാണ് അവതരിപ്പിച്ചത്. ലോകപ്രശസ്തമായിത്തീർന്ന ആ രചന, സ്ത്രീ വിമോചനം പുരുഷന്റെ കൂടി വിമോചനമാണെന്ന ആശയം അവതരിപ്പിച്ചു. 1963-ൽ ബെറ്റി ഫ്രീഡൻ 'ദ ഫെമിൻ മിസ്റ്റിക്' എന്ന കൃതിയിലൂടെ പുരുഷാധിപത്യത്തെ ആശ്ര യിക്കുന്നതിനേയും കർമരംഗത്ത് നിഷ്ക്രിയമായ പങ്കുമാത്രം വഹിക്കുന്നതിനേയും സ്ത്രീയെ പാർശ്വവത്കരിക്കാൻ സന്നദ്ധയാക്കുന്ന ഗാർഹികതയുടെ അന്തരീക്ഷ ത്തിൽ സ്ത്രീകളെ തളച്ചിടുന്ന വ്യവസ്ഥയെയും വിമർശിച്ചു. മലയാളത്തിലെ സ്ത്രീ വാദപ്രസ്ഥാനത്തിന്റെ പ്രഭവസ്ഥാനം പാശ്ചാത്യ - ഫെമിനിസ്റ്റ് ചിന്താഗതികളും അതിന്റെ ഭാഗമായി പ്രചരിച്ച രചനകളുമാണ്.

### 2.1.3 ഗൈനോക്രിട്ടിസിസം

സ്ത്രീകൾക്ക് സ്ത്രീകളുടെതു മാത്രമായ ഒരു ലോകമുണ്ടെന്ന് ഗൈനോക്രി ട്ടിക്കുകൾ വാദിക്കുന്നു. ''സ്ത്രൈണത സർഗാത്മകതയുടെ മനോബല വിന്യാസവും ഭാഷാസ്വഭാവവും, സ്ത്രീഭാഷയുടെ പ്രശ്നങ്ങളും ഒറ്റയ്ക്കും കൂട്ടായുമുള്ള സാഹിത്യ പ്രവർത്തനങ്ങളുടെ ചരിത്രം ഒരു പ്രത്യേക എഴുത്തുകാരിയുടെ രചനകളിൽ ഉണ്ടാ

ക്കുന്ന പ്രഭാവവും ഒക്കെ ഈ വിമർശന രീതിയുടെ മേഖലയിൽപ്പെടുന്നു. (രവീന്ദ്രൻ, 1993:92)

### 2.1.4 പാരിസ്ഥിതിക സ്ത്രീവാദം

സ്ത്രീയും പ്രകൃതിയുമായി ജൈവബന്ധമുണ്ടെന്ന സങ്കല്പമാണ് പാരിസ്ഥിതിക സ്ത്രീവാദം. ഇവിടെ പരിസ്ഥിതിനാശം സ്ത്രീകളെ കൂടുതൽ ബാധിക്കുന്നതായി നിരീക്ഷിക്കുന്നു. പ്രകൃതി ചൂഷണത്തിനെതിരെയുള്ള സമരങ്ങൾ സ്ത്രീവാദ രാഷ്ട്രീയ ത്തിൽ മുന്തിയ പരിഗണന അർഹിക്കുന്നുണ്ട്. സ്ത്രീ താത്പര്യങ്ങൾ മാത്രമല്ല, മാനവ രാശിയെ മുഴുവൻ ബാധിക്കുന്ന പ്രശ്നങ്ങളാണ് പാരിസ്ഥിതിക സ്ത്രീവാദം മുന്നോട്ടു വയ്ക്കുന്നത്. അങ്ങനെ സ്ത്രീ മൂല്യങ്ങൾ മാനവമൂല്യങ്ങളായി വ്യാഖ്യാനിക്കപ്പെടുന്നു. "സ്ത്രീകളുടെ നിശ്ശബ്ദാനുഭാവങ്ങളിൽ മാനവരാശിക്കാകെ ക്ഷേമദായകമായ പലതു മുണ്ട്. കേൾക്കപ്പെടാത്ത നിരവധി ശബ്ദങ്ങളുമുണ്ട്. സാംസ്കാരിക സ്ത്രീവാദത്തിന് പരിസ്ഥിതിപഠനത്തോടുള്ള താത്പര്യം സ്ത്രീധർമത്തിന്റെ പ്രത്യയശാസ്ത്രത്തെ സ്ത്രീ - പ്രകൃതി എന്ന ബന്ധത്തെ ഒരു മർദനോപകരണമല്ലാതെയാക്കിത്തീർക്കുന്നു. ഒരു ക്രിയാത്മക ഘടകമാക്കിത്തീർക്കുന്നു (King, 1990:204).

### 2.1.5 ഫെമിനിസ്റ്റ് സാഹിത്യം

സ്ത്രീകൾക്കുവേണ്ടി പുരുഷൻ എഴുതുന്നതിനെതിരെ സർഗാത്മകമായി സ്ത്രീ കൾ പ്രതികരിക്കുന്നതിന്റെ ഫലമാണ് സ്ത്രീവാദസാഹിത്യം. ഇതിലൂടെ സ്ത്രീ അവളുടെ അസ്തിത്വം കണ്ടെത്തുന്നു. പുരുഷനിൽ നിന്നു വ്യത്യസ്തമായി സ്ത്രീ രചനകൾക്കു പൊതുവായുള്ള ഒരു സവിശേഷത, ആദ്യമായി അത് സ്വന്തം ശരീരത്തെ തിരിച്ചറിയുന്നു എന്നുള്ളതാണ്. നിലവിലുള്ള 'ഭാഷ' പുരുഷ നിർമിതമായതിനാൽ സ്വന്തം ഭാഷയെ ആചാരങ്ങൾ, കലകൾ എന്നിവയിലൂടെ കണ്ടെത്താൻ അത് ശ്രമിക്കുന്നു. മറ്റൊന്ന് പൊതുവെ ലക്ഷ്യങ്ങളോടെയും കരുതലോടെയും രൂപപ്പെട്ടു വരുന്ന ഒരു എഴുത്ത് ചിഹ്നമാണ് ഭാഷ എന്നതാണ്. അവബോധത്തെ ആവാഹിച്ചുണർത്തുന്നതും സംവാദങ്ങളെ കൗശലത്തോടെ നിയന്ത്രിക്കുന്നതും ഭാഷ എന്ന വ്യവഹാരസ്ഥാപന മാണ്. അതന്വേഷിക്കുന്നത് അതിന്റേതായ ജീവിതമാണ്.

മേരി ഈഗിൽറ്റന്റെ അഭിപ്രായത്തിൽ ഒരു ഫെമിനിസ്റ്റ് സാഹിത്യകൃതി പഞ്ചതലകർമം നിർവഹിക്കുന്നു. ഒന്നാമതായി ഫെമിനിസ്റ്റ് സാഹിത്യം സ്ത്രീകളുടെ സത്യസന്ധമായ സ്വത്വപ്രകാശനത്തിനുതകുന്ന ഒരു മാധ്യമമായി വർത്തിക്കുന്നു. രണ്ടാമതായി സ്ത്രൈണചോദനകളിൽ നിന്നുത്ഭവിക്കുന്ന സാഹിത്യം ലിംഗഭേദാതീത സാംസ്കാരിക സമന്വയം നേടിയെടുക്കുന്നതിൽ സഹായിക്കുന്നു. മൂന്നാമതായി, ഫെമിനിസ്റ്റ് സാഹിത്യം സ്ത്രീവർഗത്തിന് സ്ത്രൈണാനന്യതയുടെ നിയതബോധ്യമുൾക്കൊള്ളുന്ന കർമ്മാത്മകകൾ പ്രദാനംചെയ്യുന്നു. നാലാമതായി ഫെമിനിസ്റ്റ് സാഹിത്യം സ്ത്രീകൾക്ക് പരസ്പരബന്ധങ്ങളിലൂടെ ഊട്ടിവളർത്തുന്ന സഹോദരീത്വത്തിന്റെ ഒരു നവീനസംഘബോധം പ്രദാനംചെയ്യുന്നു. അവസാനമായി ഈ സാഹിത്യം ബോധവൽകരണത്തിന് സഹായകമാവുകയും ചെയ്യുന്നു എന്നതാണത്.

സമൂഹത്തിൽ സ്ത്രീകളുടെ അവസ്ഥ മെച്ചപ്പെടുത്തുകയാണ് ഫെമിനിസ്റ്റ് സാഹിത്യം ചെയ്യുന്നത്. കൃതിയുടെ സാഹിത്യപരതയേക്കാളധികവും വിമോചന പ്രത്യയശാസ്ത്രത്തിനാണ് ഇത്തരം സാഹിത്യം ഊന്നൽനൽകുന്നത്. ഫെമിനിസ്റ്റ് സാഹിത്യം സ്ത്രീസമസ്യകളെ ഉജ്ജ്വലമായി പ്രകാശനംചെയ്യുന്നതിനോടൊപ്പം ലിംഗഭേദത്തിന്റെ അടിസ്ഥാനത്തിൻ സ്ത്രീകളനുഭവിക്കുന്ന അസൗകര്യങ്ങളും സ്വകൃത്യനിർവഹണത്തിൽ സ്ത്രീകൾ നേരിടുന്ന പാരതന്ത്ര്യവും അനീതികളും സമൂഹമനസാക്ഷിയുടെ മുമ്പിൽ വരച്ചുകാട്ടുകയും ചെയ്യുന്നു. സ്ത്രീവർഗത്തിന്റെ അനന്യതാ സംഘർഷങ്ങളിൽനിന്ന് രൂപംകൊള്ളുന്ന സ്ത്രീരചന ലിംഗഭേദമെന്യേ മനുഷ്യസമൂഹത്തിൽ നവബോധമുളവാക്കുന്നു. സ്ത്രീപീഡനത്തിന്റെ അനുഭവങ്ങളെ പ്രകാശിപ്പിക്കുന്ന ഫെമിനിസ്റ്റ് സാഹിത്യം പുരുഷരചനകളിൽനിന്നും വ്യത്യസ്തമാണ്. ഫെമിനിസ്റ്റ് സാഹിത്യം ഭാഷയോടും സ്ഥിതമൂല്യവ്യവസ്ഥയോടും കലഹിക്കുന്ന ഒന്നാണ്. സ്ത്രീരചനകളുടെ കഥനസ്വരം ഒരേസമയം എഴുത്തുകാരിയുടേയും മുഖ്യ കഥാപാത്രത്തിന്റേയും സ്ത്രീയുടേയും സ്വരങ്ങളെ പ്രതിനിധീകരിക്കുന്നു. പൊതുവെ നോക്കുമ്പോൾ ഇവയെല്ലാം ഒന്നാണെങ്കിലും ഇവയെ ഓരോന്നിനേയും വിശദീകരിക്കേണ്ടതാവശ്യമാണ്.

മലയാളത്തിൽ സ്ത്രീവാദസാഹിത്യത്തിന് സരസ്വതിയമ്മയും മാധവിക്കുട്ടിയും സാറാജോസഫും നൽകിയ സംഭാവനകൾ നിസ്തുലമാണ്. സരസ്വതിയമ്മയിൽ അതു തുടക്കമിടുകയും മാധവിക്കുട്ടി പ്രത്യയശാസ്ത്രത്തിന്റെ വരുതികൾക്കപ്പുറത്തേക്കു കടക്കുകയുംചെയ്തു. സാറാജോസഫ് പ്രത്യയശാസ്ത്രത്തിന്റെ ചൂടേറ്റു വാങ്ങിക്കൊണ്ട് സ്ത്രീഭാഷയുടെ ആവശ്യകതയിലേക്ക് സാഹിത്യത്തെ കൊണ്ടുപോകുന്നു.

### 2.1.6 പെണ്ണെഴുത്ത്

സാറാ ജോസഫിന്റെ 'പാപത്തറ'യുടെ ആമുഖപഠനത്തിൽ സച്ചിദാനന്ദനാണ്. 'പെണ്ണെഴുത്ത്' എന്ന പദം ആദ്യമായുപയോഗിച്ചത് (ഷിഫ, 2002:17). താൻ ഒരു സ്ത്രീയാണെന്ന ബോധം ഉൾക്കൊണ്ടുകൊണ്ട് അടിച്ചമർത്തപ്പെട്ട സ്ത്രീസ്വത്വത്തിനായി നിലകൊണ്ടുകൊണ്ട് എഴുതുന്ന രചനകളാണ് പെണ്ണെഴുത്ത്. പെണ്ണെഴുത്ത് സ്ത്രീയുടെ, അവളുടെ അനുഭവത്തിന്റേയും കാഴ്ചപ്പാടിന്റേയും വ്യത്യസ്തയുടെ രേഖപ്പെടുത്തലാണ്. ബഹുസ്വരതയുടെ പ്രാധാന്യമാണ് അത് മുൻപോട്ടു വയ്ക്കുന്നത്. സ്ത്രീരചനകളിൽനിന്നു സൃഷ്ടിക്കുന്ന പാഠങ്ങൾ അവരനുഭവിച്ച സഹനങ്ങളേയും നിഷേധങ്ങളേയും വെളിപ്പെടുത്തുന്നു.

പെണ്ണെഴുത്തെന്നാൽ ഒരു രാഷ്ട്രീയപ്രവർത്തനമാണ്. കുടുംബബന്ധങ്ങൾ, സദാചാരമൂല്യങ്ങൾ, സ്ത്രീ – പുരുഷ ബന്ധങ്ങൾ, ഭാഷാപ്രയോഗങ്ങൾ, സാഹിത്യം, കല, മതസ്ഥാപനങ്ങൾ, നിയമങ്ങൾ, അധികാരം, ഭരണകൂടം ഇവയിലെല്ലാം അടങ്ങിയിരിക്കുന്ന മൂല്യങ്ങളെ അടിസ്ഥാനപരമായി ചോദ്യംചെയ്തു വികസിക്കുന്ന ഒന്നാണത്. പെണ്ണെഴുത്ത് പുരുഷനിൽനിന്നു വ്യത്യസ്തമായൊരു രചനാരീതിയെന്ന നിലയിൽ വർത്തമാന യാഥാർഥ്യത്തെക്കാളേറെ ഭാവികാലത്തെക്കുറിച്ചുള്ള പ്രതീക്ഷയാണ്. സ്ത്രീരചനയുടെ പ്രത്യേകതകൾ വേർതിരിച്ചറിയാനുള്ള ശ്രമം കൂടിയാണിത്.

പുരുഷവ്യവഹാരങ്ങളിലെ സ്ത്രീ യഥാർഥ സ്ത്രീയല്ലെന്നും അതു പുരുഷനിർമിതിക്കുള്ളിലെ സ്ത്രീയാണെന്നു തിരിച്ചറിയുകയും കർത്തൃത്വം കൊണ്ടു താൻ തന്നെ ആ ലോകത്തിലേക്കു കടന്നുവരുമെന്നുമുള്ള സ്ത്രീ വീക്ഷണമാണ് പെണ്ണെഴുത്ത് എന്ന ആശയത്തിനു പിന്നിൽ പ്രവർത്തിക്കുന്നത്. അച്ഛൻ, ഭർത്താവ്, സഹോ

ദരൻ, യജമാനൻ എന്നിങ്ങനെ വിവിധ രൂപത്തിൽപ്പെട്ട പുരുഷമാതൃകകളാണ് സ്ത്രീയുടെ ചിന്തയേയും സ്വാതന്ത്ര്യത്തേയും തീരുമാനിക്കുന്നത്. തങ്ങളുടെ ശരീരത്തിനുമേൽ മാത്രമല്ല തലച്ചോറിനുമേലും പുരുഷന്മാർ വഹിക്കുന്ന അധികാരനിർണയത്തിനു പകരം തങ്ങൾ തന്നെ അതു നിർവഹിച്ചുകൊള്ളാം എന്ന് സ്ത്രീകൾ വാദിച്ചു. ഇത്തരം സ്ത്രീസ്വാതന്ത്ര്യബോധത്തിന്റെയും സ്വത്വസ്ഥാപനത്തിന്റെയും ആശയധാരകൾ സ്ത്രീകൾ എഴുത്തിന്റെ തലത്തിലേക്കു വ്യാപിപ്പിച്ചു. ഇതാണ് പെണ്ണെഴുത്തിന്റെ രാഷ്ട്രീയം.

വ്യക്തമായ സ്ത്രീവാദ നിലപാടുകൾ വീക്ഷണതലത്തിൽ പ്രദർശിപ്പിക്കാത്ത രചനകളെന്നും വിമോചനത്തിന്റെ സ്വത്വവൈവിധ്യങ്ങളടങ്ങിയ രചനകളെന്നും പെണ്ണെഴുത്തിനെ രണ്ടു തരത്തിൽ വിഭജിക്കാം. ഇതിൽ രണ്ടാമതു പറഞ്ഞതാണ് ഇന്നത്തെ അർഥത്തിലുള്ള പെണ്ണെഴുത്ത്.

പുരുഷന്മാർ സ്ത്രീയെക്കുറിച്ച് എഴുതുന്നതും സ്ത്രീകൾ സ്ത്രീകളെക്കുറിച്ച് എഴുതുന്നതും പെണ്ണെഴുത്തിൽ പറയുന്നുണ്ട്. പൊതുവായ രീതിയിൽ പെണ്ണെഴുത്ത് എന്ന് പറയുന്നത് സ്ത്രീകൾ സ്ത്രീകളെപ്പറ്റി എഴുതുന്നതാണ്. രചനാകർത്തൃത്വത്തിൽ സ്ത്രീകൾ നിൽക്കുന്ന കൃതികളെല്ലാം പ്രാഥമികമായി പെണ്ണെഴുത്തിൽപ്പെടും. പുരുഷന്മാർ കൈയടക്കിയിരിക്കുന്ന രംഗങ്ങളിൽ കടന്നു വന്ന് കർത്തൃസ്ഥാനത്തുനിൽക്കുകയും തങ്ങളെയും ലോകത്തെയും അവരുടേതായ കാഴ്ചപ്പാടിൽ കാണുകയും ചെയ്യുന്ന രചനകളാണ് പെണ്ണെഴുത്തിൽ വരുന്നത്.

പുരുഷനിർമിതമായ ഭാഷയ്ക്കകത്തു നിന്നുകൊണ്ടു സ്ത്രീക്കു സ്വത്വാവിഷ്കാരം നടത്താൻ സാധ്യമല്ലെന്ന് എഴുത്തുകാരികൾ കരുതുന്നു. ഭാഷ, പ്രമേയം, വീക്ഷണം എന്നീ ഘടകങ്ങളെല്ലാം ചേർന്നാണ് പെണ്ണെഴുത്തിനെ നിർണയിക്കുന്നത്. അതുകൊണ്ട് സ്ത്രീവാദ ആശയങ്ങൾ പ്രകടിപ്പിക്കുന്ന ഒരു കൃതിക്ക് നിലവിലുള്ള 'പുരുഷ നിർമിത' ഭാഷയെ നിരാകരിക്കേണ്ടി വരുന്നു.

എഴുത്തുകാരന് പലപ്പോഴും അന്യമായ സ്ത്രൈണാനുഭവമേഖലകൾ എഴുത്തുകാരിക്ക് എഴുത്തിലേക്ക് സംക്രമിപ്പിക്കാൻ കഴിയും. സ്ത്രൈണസംഭവത്തിന്റെ മേഖലകൾ പുരുഷ രചയിതാവിന് അപ്രാപ്യവും സ്ത്രീക്ക് മാത്രം അവകാശപ്പെട്ടതുമാണ്.

സ്ത്രൈണാനുഭവത്തിന്റെ അപ്രകാശിതമേഖലകൾ ആവിഷ്കരിക്കുന്ന തോടൊപ്പം ആഖ്യാനത്തിൽ സ്വയം വെളിപ്പെടുത്തുകയും ചെയ്യുകയാണ് എഴുത്തുകാരികൾ ചെയ്യു ന്നത്. അവിടെ പുരുഷ കേന്ദ്രിതസമൂഹത്തിന്റെ നിയമങ്ങളിലധിഷ്ഠിതമായ ഭാഷ സ്ത്രീവികാരങ്ങൾ അവതരിപ്പിക്കുവാൻ അപര്യാപ്തമായിത്തീരുന്നു. അതുകൊണ്ടു തന്നെ അവൾക്ക് അവളുടെ മാത്രമായ ചിഹ്നങ്ങളും രൂപകങ്ങളും പ്രയോഗിക്കേണ്ടിവരുന്നു.

ഭാഷയുടെ പുരുഷകേന്ദ്രിതസ്വഭാവത്തെ വെളിവാക്കാനും സ്ത്രീജീവിതത്തെയും സ്ത്രീപുരുഷബന്ധത്തെയും തെറ്റായി വ്യാഖ്യാനിക്കാതെ അധികാരബന്ധങ്ങളുടെ മർദകസ്വഭാവത്തെ വെളിവാക്കിക്കൊണ്ട് എഴുതാനും പെണ്ണെഴുത്തുകാർ ശ്രമിച്ചു. ഇതിലൂടെ പുരുഷാധിപത്യത്തിനപ്പുറം നില്ക്കുന്ന സ്ത്രീത്വത്തെയാണവർ വിഭാവനം ചെയ്യുന്നത്.

### 2.1.7 സ്ത്രീഭാഷ

സ്ത്രീഭാഷയെക്കുറിച്ച് പറയുമ്പോൾ എന്താണ് ഭാഷയെന്നും അതിൽ നിന്നും സ്ത്രീ ഭാഷ എങ്ങനെ വ്യത്യസ്തമാകുന്നു എന്നും വിശദീകരിക്കേണ്ടതുണ്ട്. സാമൂ ഹികപ്രക്രിയകളുടെ ഭാഗമായാണ് ഭാഷ രൂപപ്പെടുന്നത്. സമൂഹത്തെ രൂപപ്പെടുന്നത്. ജനങ്ങളെ സമൂഹസംവിധാനത്തിൽ ഉൾച്ചേർക്കാനും സമൂഹത്തിന്റെ അധികാരം നിലനിർത്താനും ഭാഷ ഉപകരിക്കുന്നു. ഭാഷയുടെ അധികാരം ഈ പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളോടുമുള്ള സ്ത്രീയുടെ ആത്യന്തിക ബന്ധത്തിന്റെ കൂടി അധികാര മാണ്. മനുഷ്യന്റെ ബോധമണ്ഡലത്തിലെ ഭാഷ പുരുഷകേന്ദ്രിതമാണ്. ആദ്യകാലങ്ങ ളിൽ ഈ ഭാഷയിൽ സ്ത്രീയും പങ്കാളിയായിരുന്നുവെങ്കിലും കാലങ്ങളായി തുടർന്നു വന്ന പുരുഷമേധാവിത്വം സ്ത്രീയുടെ സത്തയെ ഭാഷയിൽനിന്നും ഉന്മൂലംചെയ്തു. അങ്ങനെ ഭാഷണത്തിന്റെ ആധികാരികതയിൽ നിന്നു സ്ത്രീ പുറത്തായി. ''പുരുഷ ഭാഷയെ മുതിർന്ന ഭാഷയായി സ്വീകരിക്കുന്നതുകൊണ്ടാണ് സ്ത്രീകളുടെ മിക്ക അനുഭവങ്ങളും അവളുടേതല്ലാതായി മാറുന്നത് (Ruthven, 1991:97).

നിലനിൽക്കുന്ന ഭാഷയോടും സംസ്കാരത്തോടും നിഷേധാത്മകസമീപനമാണ് സാഹിത്യരംഗത്ത് സ്ത്രീ കൈകൊണ്ടിരിക്കുന്നത്. കാലങ്ങളായി നിലനില്ക്കുന്ന

സ്ത്രീത്വത്തിന്റെ വികലീകൃത ബിംബങ്ങളെ തിരിച്ചറിയുകയും അതിനെ തകർത്തുടയ്ക്കേണ്ടത് തങ്ങളുടെ കർത്തവ്യമാണെന്ന് അവർ കണ്ടറിയുകയും ചെയ്തു. ''നിശ്ശബ്ദതയെ ഭഞ്ജിക്കുന്ന നിയമലംഘനമാണ് സ്ത്രീയുടെ സാഹിത്യത്തിൽ അന്തർലീനമായ അടിസ്ഥാനതത്ത്വം'' (ഇപ്പ, 2000:26). സ്ത്രീയുടെ മാറ്റിനിർത്തലുകൾക്കെതിരെ ശക്തമായി പ്രതികരിച്ചുകൊണ്ട് മുന്നോട്ടുവന്ന അവർ അന്യാധീനപ്പെട്ട ഭാഷയെ തിരിച്ചെടുക്കാൻ തങ്ങളുടെ രചനയിലൂടെ ശ്രമിക്കുന്നു.

ഭാഷയിൽ ഒരു രാഷ്ട്രീയമുണ്ട്. സാമൂഹ്യജീവിതത്തിൽ നിശ്ശബ്ദയാക്കപ്പെടുന്ന അവസ്ഥയിൽ സ്ത്രീ ആവശ്യപ്പെടുന്ന വിനിമയരീതികൂടിയാണിത്. ചില പ്രത്യേക സംസ്കാരങ്ങൾക്കിടയിൽ സ്ത്രീ, അനിവാര്യമായ പ്രതിരോധത്തിന്റെ ഭാഗമായി സ്വകാര്യമായ ആശയവിനിമയരൂപം ഉല്പാദിപ്പിച്ചെടുക്കുന്നുണ്ട്. ഭാഷണത്തെ പിടിച്ചെടുക്കുമ്പോൾ അതിലൂടെ ഭാഷ സ്വരൂപിച്ചുവയ്ക്കുന്ന അവബോധവും പിടിച്ചെടുക്കലാണ് നടക്കുന്നത്. ഭാഷാപരമായ അഴിച്ചെടുക്കലിലാണ് ഫെമിനിസ്റ്റ് പ്രത്യയശാസ്ത്രം ശ്രദ്ധവയ്ക്കുന്നത്.

വ്യവഹാരഭാഷയിലെ വഴക്കങ്ങളെ നിരാകരിച്ചുകൊണ്ട് വ്യത്യസ്തമായ പദപ്രയോഗവും ഭാഷാസങ്കല്പനങ്ങളും രൂപപ്പെടുത്തുക വഴി സ്ത്രീ ഭാഷയ്ക്ക് ആശയവാദികളായ ഫെമിനിസ്റ്റുകൾ ഭാഷാപരമായി രൂപം നൽകി. ഭാഷയിലെ ലിംഗവ്യത്യാസങ്ങൾ എടുത്തുപറഞ്ഞും പുരുഷാധികാരധ്വനി വാക്കുകൾ ഒഴിവാക്കിയും ഒരു പുതിയ സ്വരം സൃഷ്ടിക്കാൻ സ്വന്തം രചനകളിലൂടെ അവർ ശ്രമിക്കുകയും ചെയ്തു.

ഭാഷ സർഗധനയായ എഴുത്തുകാരിക്കു മുൻപിൽ ജയിലറകളായി അനുഭവപ്പെടുന്നു. സ്വത്വാന്വേഷണത്തിന്റെ ചിത്രീകരണത്തിൽ ഭാഷയുടെ ചങ്ങല അവളെ തടവിലിടുകയും ചെയ്യുന്നു. ഇതിനു കാരണം പുരുഷനിർമിതമായ വ്യവസ്ഥയിലെ പുരുഷനിർമിതമായ ഭാഷയാണ് അവർക്കുപയോഗിക്കേണ്ടത് എന്നതാണ്. അപ്പോൾ എഴുത്തുകാരിക്ക് കഥാപാത്രമൂല്യസങ്കല്പങ്ങളോട് കലഹിക്കുന്നതിനോടൊപ്പം ഭാഷയോടും കലഹിക്കേണ്ടി വരുന്നു. നിലവിലുള്ള പിതൃപ്രധാനമായ (Patriarchal)

ഭാഷയെ നിരസിക്കുന്നതിലൂടെ ബിംബവത്കരണത്തിലൂടേയും ശൈലീവത്കരണ ത്തിലൂടേയും സ്ത്രീകൾ സ്വന്തം ഭാഷ സൃഷ്ടിക്കുന്നു.

ഒരു സ്ത്രീയുടെ ശരീരത്തെക്കുറിച്ചും ആന്തരികാനുഭവങ്ങളെക്കുറിച്ചും വികാരതീവ്രതയെക്കുറിച്ചും പൂർവമായ അർഥത്തിൽ ആവിഷ്കരിക്കുവാൻ ഒരു സ്ത്രീക്കുമാത്രമേ കഴിയൂ. അതുകൊണ്ടുതന്നെ നിഗൂഢതകൾ ഒഴിവാക്കി സ്വയം ബോധത്തിന്റെ തിരിച്ചറിവുകൾ നൽകുന്ന ഒരു ഭാഷ എഴുത്തിൽ സൃഷ്ടിക്കേണ്ടിയി രിക്കുന്നു. സ്ത്രീരചന ഒരു വാക്യത്തെയല്ല, മറിച്ച് സ്ത്രീയെത്തന്നെയാണ് നിർവ ഹിക്കുന്നത്. സ്ത്രീക്കും ദളിതർക്കും കീഴാളവംശങ്ങൾക്കും ഇടമില്ലാത്ത വിധം മേലാധികാരത്തിന്റെ മാത്രമായ ഒരു ഭാഷയിൽ വ്യവഹാരം നടത്തേണ്ടി വരുമ്പോൾ സ്വന്തം സ്ഥാനം സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള സമരം എഴുത്തുകാരികൾക്കും മാറ്റി നിർത്തപ്പെട്ടവർക്കും അനിവാര്യമായി വരുന്നു.

ഒരു സമൂഹത്തിന്റെ ഭാഷയും സാഹിത്യവും ആ സമൂഹത്തിൽ നിലനില് ക്കുന്ന മനുഷ്യബന്ധങ്ങളിലെ ആന്തരവൈരുധ്യങ്ങളേയും സംഘർഷങ്ങളേയും ഉച്ചനീചത്വങ്ങളേയും അതേപടി പ്രതിഫലിപ്പിക്കുന്നു. മലയാളത്തിന്റെ തനതായ പല വാക്കുകൾക്കും പൊതുവ്യവഹാരത്തിൽ ഇടം നിഷേധിക്കപ്പെട്ടിരിക്കുന്ന അവസ്ഥ സ്ത്രീ എഴുത്തുകാർ തിരിച്ചറിഞ്ഞുകഴിഞ്ഞു. നിലനില്ക്കുന്ന ഭാഷയെ പൊളിച്ചെ ഴുതേണ്ടതിന്റെ ആവശ്യകതയാണ് അത് വെളിവാക്കുന്നത്.

സ്ത്രീയെ അടിച്ചമർത്തിവയ്ക്കണമെന്നതാണ് പുരുഷന്റെ അടിസ്ഥാന ലക്ഷ്യ മെന്ന തിരിച്ചറിവാണ് സ്ത്രീയെ സ്വത്വബോധമുള്ളവളാക്കിത്തീർത്തത്. പുരുഷാധിപത്യ ലൈംഗികതയിൽ നിന്നുള്ള ഉയിർത്തെഴുന്നേൽപ്പാണ് സ്ത്രീകൾക്കുണ്ടാവേണ്ടത് എന്ന് തിരിച്ചറിഞ്ഞ അവർ രചനകളിൽ സ്വശരീരം സ്വത്വബോധത്തിന്റെ ബിംബ മായി ആവിഷ്കരിച്ചുകൊണ്ട്, ശരീരത്തെ ഭാഷയാക്കിക്കൊണ്ട് രചന നടത്തി. അങ്ങനെ പുരുഷന്റെ രീതിയിൽ നിന്നു നീങ്ങിനടന്ന് സ്വന്തം ഭാഗധേയം നിർണയി ക്കാനുള്ള സ്വാതന്ത്ര്യം അവർ നേടിയെടുത്തു. അതുകൊണ്ടുതന്നെ സ്ത്രീ എന്തെഴു തുന്നു എന്നും എങ്ങനെ എഴുതുന്നു എന്നും വളരെ പ്രസക്തമായ ഒന്നാണ്.

''പുരുഷാഭിലാഷങ്ങൾക്കൊപ്പിച്ച് രൂപപ്പെടുത്തിയ ഭാഷയിൽ നിന്നു വ്യത്യസ്തമായി സ്ത്രീക്ക് അവളുടേതായ ഭാഷ വേണം എന്നു പറയുന്നത് നിലവിലുള്ളതിൽ നിന്നും തീർത്തും ഭിന്നമായത് എന്ന അർഥത്തിലല്ല, ഒരേ ഭാഷയിലെഴുതുന്ന എഴുത്തുകാർക്ക് വ്യക്തിഭിന്നമായ ഭാഷയുണ്ടെന്നു കരുത്തുന്ന വിപുലമായ അർഥമാണതിനു നൽകേണ്ടത്. ഈ കുഞ്ഞ് മുതിർന്നവരെ അനുകരിച്ചുകൊണ്ട് ഭാഷ പ്രയോഗിക്കുന്നു. കുഞ്ഞ് വളരുന്നതിനനുസരിച്ച് ഭാഷ വളർന്ന് സ്വന്തമായൊരു വ്യക്തിത്വം ആർജിക്കുന്നു. അതുപോലെ സ്ത്രീഭാഷയും സ്വാതന്ത്ര്യം സൂചിപ്പിക്കാൻ വേണ്ടി വളർന്നു കഴിഞ്ഞു എന്നാണ് സ്ത്രീരചനകൾ സൂചിപ്പിക്കുന്നത്'' (ഷിഫ, 2000:28).

### 2.1.8 ലൈംഗികത

"ലിംഗഭേദം എന്ന സാമൂഹിക സാംസ്കാരിക നിർമിതിയാണ് സ്ത്രീ പുരുഷ ബന്ധങ്ങളുടെ സാമൂഹികവിന്യാസത്തെ അസന്തുലിതമാക്കുന്നത്.'' (സോണിയ, 2000:7) ഈ അസന്തുലിതാവസ്ഥ എല്ലാത്തരം സാമൂഹിക സ്ഥാനങ്ങളുടെ ഘടനയിൽ നിലനിൽക്കുന്നതാണ്.

''സ്ത്രീയും പുരുഷനും തമ്മിലുള്ള അധികാരബന്ധത്തിന്റെ പ്രധാന ഇഴചേരൽ നടക്കുന്നത് ലൈംഗികതയിലൂടെയാണ്.'' (വേണുഗോപാലൻ, 2006:78) കേരളീയ സമൂഹം ഒരു കാലത്തും ലൈംഗികമായി അടഞ്ഞ ഒന്നായിരുന്നില്ല; നമ്പൂതിരി സമുദായമൊഴിച്ച് പല സമുദായങ്ങളിലും സ്ത്രീ പുരുഷബന്ധങ്ങൾ വളരെ അയവുള്ളതായിരുന്നു. ആദ്യകാലത്തെ മിക്ക സാഹിത്യകൃതികളും ഇതിനെ ആഘോഷിച്ചവയായിരുന്നു. കാമസൂത്രം രചിക്കപ്പെട്ട നാടിന്റെ ഭാഗമായ കേരളത്തിലെ പല പ്രധാന ക്ഷേത്രങ്ങളുടേയും ചുവർചിത്രങ്ങൾ രതിശില്പങ്ങളാൽ അലംകൃതമാണ്. ''ലൈംഗികബന്ധത്തിലൂടെ ഈശ്വരസാക്ഷാത്കാരം പോലും സാധ്യം എന്ന നിലയിൽ നിന്നാണ് സ്വന്തം ജന്മംപോലും പാപത്തിന്റെ ഫലം എന്നു വിശ്വസിക്കുന്ന അവസ്ഥയിലേക്ക് നാം നിപതിച്ചിരിക്കുന്നത് എന്നതാണ് കൗതുകകരം'' (വേണുഗോപാലൻ, 2002:52).

സ്ത്രീയേയും, പുരുഷനേയും രണ്ടുതട്ടിൽ നിർത്തുകയും, ഏകദാമ്പത്യം പിന്തുടരാൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന സമൂഹത്തിൽ ലൈംഗികബന്ധവും അധികാര

വ്യത്യാസത്തെ ഉറപ്പിക്കുകയാണ് ചെയ്യുന്നത്. സമകാലിന ഇന്ത്യൻ സമൂഹത്തിൽ സാംസ്കാരിക നിയന്ത്രണങ്ങൾ ഏറ്റവും കർക്കശമാകുന്നത് സ്ത്രീ, ലൈംഗികത, കുടുംബം തുടങ്ങിയ വിഷയങ്ങളോടനുബന്ധിച്ചാണ്. ലൈംഗികത സ്ത്രീ ശരീരത്തിനു ഏറ്റുവാങ്ങാവുന്ന പീഡനം മാത്രമായി നിർവചിക്കപ്പെടുന്നുണ്ട്. ലിംഗാധിഷ്ഠിത ആൺ - പെൺവിഭജനം എന്നൊരടിസ്ഥാനത്തിൽ ഒന്നു മാത്രമാണിതെന്നും ഴാക് ലക്കാന്റെ സിദ്ധാന്തങ്ങൾ സൂചിപ്പിക്കുന്നു. സ്ത്രീകളുടെ ലൈംഗികത അവരുടെ നിയന്ത്രണത്തി ലല്ല, മറിച്ച് അവർ പുരുഷതൃഷ്ണയുടെ വസ്തുക്കളാണ്.

സാധാരണ സാമൂഹ്യശാസ്ത്രത്തിന്റേയും സദാചാരത്തിന്റേയും ജീവശാസ്ത്ര ത്തിന്റെയും അധികാരതന്ത്രത്തിന്റെയുമൊക്കെ ചട്ടക്കൂടിൽവച്ചാണ് നമ്മൾ ലൈംഗി കതയെ വിലയിരുത്തുന്നത്. ലൈംഗികതയുടെ സൗന്ദര്യപരമായ മൂല്യം കുടുംബം നിലനിർത്താനുള്ള ഉപാധിയെന്ന നിലയ്ക്ക് ചോർത്തിക്കളഞ്ഞിരിക്കുന്നു. അണു കുടുംബത്തെ സ്വസ്ഥമായി പരിചരിക്കാനുള്ള വ്യവഹാരധർമമായി ഇന്ന് ലൈംഗിക തയും മാറിയിരിക്കുന്നു. ഒരു പുരുഷന് സ്വന്തം ലൈംഗികതയെ മറക്കാൻ അനുവാദമുണ്ട്. അയാൾക്ക് അയാളെ ഒരു വ്യക്തിയായി പരിഗണിക്കാം. പക്ഷേ എപ്പോഴും സ്വന്തം ലൈംഗികതയെക്കുറിച്ച് ഓർമപ്പെടുത്തുന്ന സ്ത്രീക്ക് അതിനുള്ള അവകാശമില്ല.

ലിംഗവും ലൈംഗികതയും ജീവശാസ്ത്രപരമായി തീരുമാനിക്കപ്പെട്ടവയല്ല. ഒരു പ്രത്യേക സമൂഹത്തിന്റേയോ സംസ്കാരത്തിന്റെയോ വീക്ഷണത്തിൽ നിന്നുരു ത്തിരിഞ്ഞു വരുന്ന മനുഷ്യനിർമിതികളാണത്.... സ്ത്രീത്വവും പുരുഷത്വവുമൊന്നും ഒരു മനുഷ്യനിലും പ്രകടമല്ലെങ്കിൽപ്പോലും സ്ത്രീയേയും പുരുഷനേയും വിപരീതങ്ങ ളായി ചിന്തിക്കുവാനാണ് നമുക്ക് താത്പര്യം. സ്ത്രീയെ ഒരു ലൈംഗികവസ്തുവായി കാണുന്ന പഴക്കംചെന്ന സമൂഹ മനഃസാക്ഷിക്ക് മനഃശാസ്ത്രപരവും സാമൂഹ്യവും രാഷ്ട്രീയവുമായ ഒട്ടേറെ മാനങ്ങളുണ്ട്. ഈ വിഷയത്തെ അഭിമുഖീകരിക്കാൻ കേരള ത്തിലെ സ്ത്രീ പ്രസ്ഥാനക്കാർക്കും കഴിയാത്തതിന്റെ കാരണം, കേരളത്തിന്റെ സാംസ്കാരിക സാഹചര്യത്തിൽ രതിയെപ്പറ്റിയുള്ള അന്വേഷണം സുഖലോലുപ

യായി വ്യാഖ്യാനിച്ചേക്കുമോ എന്ന ഭയമാകാം (ജയശ്രീ, 2006:78) എന്ന നിരീക്ഷണ ത്തിനു വളരെ പ്രസക്തിയുണ്ട്.

ലൈംഗികതയെക്കുറിച്ച് ആൺകോയ്മാ സമൂഹങ്ങൾ സൃഷ്ടിക്കുന്ന മൂല്യ മണ്ഡലം വ്യക്തികളുടെ സാമൂഹ്യവിന്യാസത്തിലെ ഉച്ചനീചത്വങ്ങൾക്ക് നിർണായക ഘടകമാകുന്നു. ലൈംഗികതയുടെ വ്യവഹാരവുമായി ബന്ധപ്പെട്ട് രൂപപ്പെടുത്തുന്ന ആൺകോയ്മാ സങ്കല്പങ്ങൾ ആധിപത്യ യാഥാസ്ഥിതികതയുടെ നിലനില്പിനും പരിപോഷണത്തിനും കാരണമാകുന്നു (രാമകൃഷ്ണൻ, 2006:117). പാശ്ചാത്യ സ്ത്രീവാദ ത്തിന്റെ അടിസ്ഥാനസങ്കല്പങ്ങൾ നേരിടുന്ന പ്രതിസന്ധിയിൽനിന്ന് 'ലിംഗപദവീ പഠനങ്ങൾ' (Gender Studies) രൂപംകൊള്ളുന്നു. മേധാവിയായ പുരുഷൻ, വിധേയമായ സ്ത്രീ എന്ന അയവില്ലാത്ത മാതൃകയ്ക്കു പകരം ചലനാത്മകവും ബഹുലീകൃതവു മായ ബന്ധങ്ങളുടെ പരസ്പര പ്രവർത്തനങ്ങൾ പിന്തുടരുന്ന മാതൃകകങ്ങൾ 'ലിംഗ പദവി പഠനങ്ങ'ളിൽ നടത്തപ്പെടുന്നു.

ലിംഗസംബന്ധിയായ പ്രത്യേകതകൾ മനുഷ്യസ്വഭാവത്തെ നിർവഹിക്കുന്ന പ്രധാനഘടകങ്ങളായി വർത്തിക്കുന്നതിലൂടെ വ്യക്തിപരമായ സവിശേഷതകൾ സ്ത്രീയും പുരുഷനും ആർജിക്കുന്നു. അവിടെ ആധിപത്യമോ വിധേയത്വമോ ഉണ്ടാ കുന്നില്ല. അത് സാമൂഹികസാഹചര്യങ്ങളുടെ സൃഷ്ടിയാണ്. ലിംഗവ്യത്യാസത്തെ അടി സ്ഥാനമാക്കിയുള്ള അധികാരപ്രകടനത്തേയും ആധിപത്യസ്ഥാപനത്തേയും എതിർ ക്കുന്നതിലൂടെ സാമൂഹ്യവ്യവസ്ഥയുടെ പുനർനിർമിതി എന്ന ലക്ഷ്യമാണ് സ്ത്രീവാദി കൾക്കുള്ളത്. സ്ത്രീയുടേയും പുരുഷന്റേയും വ്യത്യസ്ത പ്രത്യുല്പാദനപദവി അവർക്കു സ്വീകാര്യമാണ്. എങ്കിലും സ്ത്രീകൾക്ക് നേരെയുള്ള ആക്രമണങ്ങളിൽ നിന്നും വിമുക്തമായ ഒരു സാമൂഹികപരിസരമാണവർ വിഭാവനംചെയ്യുന്നത്.

### 2.1.9 സ്ത്രീസ്വത്വം

സ്വത്വബോധം എന്ന ആശയം സ്ത്രീയിൽ ശക്തമാക്കിയത് ഫെമിനിസ്റ്റ് ചിന്തകളാണ്. പ്രപഞ്ചത്തിലെ മനുഷ്യരുടെയും സ്വഭാവത്തെ പ്രകടമാക്കുന്ന ഒരു ഐക്യമത്യപരമായ, തനതായ സ്വത്വം എല്ലാ വ്യക്തികൾക്കും ഉണ്ട്. മറ്റുള്ളവരെ

പ്രതിനിധീകരിക്കുന്നതിലൂടെയാണ് സ്ത്രീകൾ സ്വന്തം വ്യക്തിത്വത്തെ അറിയുന്നത്. ''ആത്മകഥ എന്നത് സ്വത്വത്തിന്റെ കാല്പനിക ആശയത്തെ സംബന്ധിക്കുന്ന വിശ്വാസങ്ങളെയും മൂല്യങ്ങളെയും പിന്താങ്ങുന്ന ഒന്നാണ്'' (ആൻഡേഴ്സൻ, 2004:4).

എഴുത്തുകാരിക്കുള്ളിൽ രണ്ടുതരം സ്വത്വബോധം നിലനിൽക്കുന്നുണ്ട്. ഒന്ന് സംഘർഷത്തിൽ നിന്ന് ഉടലെക്കുന്ന സ്വത്വവും മറ്റൊന്ന്, തനിമയാർന്ന സ്വത്വവും. ഇവ തമ്മിലുള്ള തീവ്രസംഘർഷത്തിൽനിന്ന്, അതായത് പിതൃമേധാവിത്വത്തോടുള്ള വിധേയത്വവും അതേ വിരുദ്ധ സംസ്കാരത്തിനെതിരെയുള്ള വിപ്ലവാശയവും തമ്മിലുള്ള ഏറ്റുമുട്ടലാണ് സ്ത്രീരചനയുടെ അന്തസ്സത്ത. സ്ത്രീസ്വത്വം അതിന്റെ വേരുകളെക്കുറിച്ചുള്ള കൂടിച്ചേരലിനെ അന്വേഷിക്കുന്നു. അവർ പലപ്പോഴും ഏകാധിപത്യത്തിലല്ല ബന്ധങ്ങളിലാണ് വ്യക്തിത്വത്തെ തിരയുന്നത്.

സ്ത്രീയായിപിറന്നു എന്ന ഒറ്റ കാരണം കൊണ്ട് സമൂഹത്തിൽ അടിച്ചമർത്തപ്പെടുകയും അവഗണിക്കപ്പെടുകയും ചെയ്യുമ്പോൾ, അന്യായങ്ങൾക്കെതിരെ കുടുംബത്തിനകത്തു നിന്നുകൊണ്ടുതന്നെ പ്രതികരിക്കാനും പടവെട്ടാനും സ്ത്രീ തയ്യാറാകുമ്പോൾ അവൾ സവിശേഷമായ വ്യക്തിത്വമുള്ളവളാകുന്നു. ഇതിനു സ്ത്രീയെ പ്രാപ്തയാക്കുന്നത് സാമൂഹികാവസ്ഥയെക്കുറിച്ചുള്ള അറിവാണ്. ഈ അറിവ് സ്ത്രീകൾക്കു കിട്ടുന്നതിൽ സ്ത്രീപക്ഷരചനകൾക്ക് നിർണായകമായ സ്ഥാനമാണുള്ളത്.

## 2.2 ആഖ്യാനം

ആത്മകഥകളുടെ ആഖ്യാനവും അന്യവത്കരണവും പഠനവിഷയമായതിനാൽ അവ രണ്ടും എന്താണെന്നും അതിന്റെ പ്രത്യേകതൾ എന്തെല്ലാമെന്നും വിശദീകരിക്കേണ്ടതുണ്ട്. ആഖ്യാനത്തിന്റെ വിപുലമായ അർഥത്തിൽ അതു കഥാകഥനത്തിന്റെ പരിധിയിൽമാത്രം ഒതുങ്ങുന്നില്ല. എന്നാൽ ആഖ്യാനത്തിന്റെ സൂക്ഷ്മാർഥത്തിൽ അതു കഥാഖ്യാനമായി ചുരുങ്ങുകയും ചെയ്യും. ആഖ്യാനത്തിന്റെ ഏറ്റവും പ്രസിദ്ധമായ അർഥവും ഇതുതന്നെയാണ്.

ആഖ്യായിക എന്ന പദം 'ഖ്യാ' എന്ന ധാതുവിൽ നിന്നുണ്ടായതാണ്. 'ഖ്യാ' എന്നാൽ കഥ പറയുക എന്നർഥം. ''എണ്ണമറ്റ ആഖ്യാനമാതൃകകൾ ഇന്ത്യൻ പാരമ്പര്യ

ത്തിലുണ്ടായിരുന്നു. ഒരു വലിയ ഭാഗം പാടേ നഷ്ടപ്പെട്ടുപോയ ഒരു സംസ്കാരത്തിന്റെ അവകാശികളാണു നാം'' (അയ്യപ്പപ്പണിക്കർ, 1999:194). എവിടെയും ദൃശ്യമാകുന്ന ഒന്നായി ആഖ്യാനം വീക്ഷിക്കപ്പെടുന്നു. കലാസവിശേഷതയോടു കൂടിയതോ അല്ലാത്തതോ ആയ ഏതു വ്യവഹാരവും ആഖ്യാനമാകുന്നു. ആഖ്യാനങ്ങൾ ജ്ഞാനത്തെ ശേഖരിക്കുകയും വിനിമയം ചെയ്യുന്നതുമായ സാമൂഹികരീതിയായതിനാൽ അവ സാംസ്കാരിക ചർച്ചയിൽ എന്താണു പറയേണ്ടതെന്ന് നിർവചിക്കുന്നുണ്ട്.

### 2.2.1 ആഖ്യാനത്തിന്റെ നിർവചനം

ഒരു സംഭവത്തെയോ സംഭവങ്ങളുടെ ശൃംഖലയേയോ സൂചിപ്പിക്കുന്ന വാചികമോ ലിഖിതമോ ആയ വ്യാഖ്യാനത്തെ ആഖ്യാനം എന്നു പറയാം. യഥാർഥമോ ഭാവനാത്മകമോ ആയ സംഭവങ്ങളുടെ ആവർത്തിച്ചു പറയലാണ് ആഖ്യാനം. അത് ക്രമാനുഗതമായി രേഖപ്പെടുത്തിയ സംഭവങ്ങളുടെ സൂചനയാണ്. കഥപറച്ചിലിൽ പ്രയോഗിക്കപ്പെടുന്ന പദങ്ങളുടെ ഉറവിടവും ആധികാരികസ്ഥാനവുമായി നമ്മൾ കരുതുന്ന വ്യക്തിയാണ് ആഖ്യാനമെന്നാണ് പറയുന്നത്. സന്ദേശം വിനിമയംചെയ്യപ്പെടുന്ന ഒരു പ്രക്രിയയാണ് ആഖ്യാനം. സന്ദേശം പ്രസരിപ്പിക്കാനുപയോഗിക്കുന്ന വാചികസ്വഭാവത്തിലുള്ള മാധ്യമവുമാണത്.

ആഖ്യാനശാസ്ത്രം ആഖ്യാനപാഠങ്ങളുടെ ആഖ്യാനത്തെക്കുറിച്ചുള്ള പഠനമാണ്. ജീവശാസ്ത്രം, മനഃശാസ്ത്രം, സാമൂഹ്യശാസ്ത്രം എന്നിങ്ങനെ ഒരു ആഖ്യായിക പല രീതിയിൽ പഠിക്കപ്പെടാം. സാമൂഹ്യശാസ്ത്രം പരിഗണിക്കുന്നത്, പ്രത്യേക കൃതിയെ നിർമിച്ചിരിക്കുന്ന സംഭവങ്ങൾ എപ്രകാരം ആഖ്യാനംചെയ്യപ്പെട്ടിരിക്കുന്നുവെന്നു മാത്രമാണ്. ''ആഖ്യാനം സംസ്കാരാതീതവും അന്തർദേശീയവും ആകുന്നു. ജീവിതംപോലെ തന്നെ അത് അവിടെയുണ്ട്'' (Barthes, 1984:73). ആഖ്യാനത്തെക്കുറിച്ചുള്ള വളരെ വിശദമായ ഒരു നിർവചനമാണിത്.

### 2.2.2 കഥയും ആഖ്യാനവും

''1969–ൽ 'നാരറ്റോളജി' എന്ന പദം ആദ്യമായി ഉപയോഗിച്ചത് തോദറോവ് ആണ്'' (രാധാകൃഷ്ണൻ, 2000:134). ലോകത്തെ അഥവാ ജീവിതത്തെ നിരീക്ഷിക്കുന്നതിൽ

നിന്നാണ് കഥ രൂപപ്പെടുന്നത്. മനുഷ്യൻ എന്നു മുതൽ കഥ പറയുവാൻ തുടങ്ങിയോ അന്നുമുതൽ ആഖ്യാനമുണ്ട്. കഥയുടെ പറച്ചിൽ അഥവാ അവതരണം തന്നെയാണ് ആഖ്യാനം. ലളിതമായ അർഥത്തിൽ എല്ലാ ആഖ്യാനങ്ങൾക്കും പൊതുവെ കഥ എന്ന അംശവും അതുപോലെ കഥാപാത്രങ്ങളുമുണ്ട്. കഥാപാത്രങ്ങളടങ്ങുന്ന ക്രിയ അന്തർഭവിക്കുന്ന കഥയാണ് ആഖ്യാനത്തെ ആ പേരിനർഹമാക്കുന്നത്.

കഥയെന്നത് സംഭവങ്ങളായതുകൊണ്ട് സംഭവ ശൃംഖലയായിരിക്കും ആഖ്യാനം. ഒരാദിമധ്യാന്ത സാന്നിധ്യം ക്രമത്തിലല്ലെങ്കിൽ കൂടി ഇതിലുണ്ടായിരിക്കും. ഒരു കഥയ്ക്കു തന്നെ അനേകം ആഖ്യാനങ്ങൾ ഉണ്ടാകാം. ഏതൊക്കെ കൃതികളിലാണോ കഥയുടെ സാന്നിധ്യവും ആഖ്യാതാവിന്റെ സാന്നിധ്യവുമുള്ളത് അവയെ ആഖ്യാനങ്ങൾ എന്നു പറയാം. അത് യഥാർഥമോ കല്പിതമോ ആയ ഗതകാലസ്മരണകൾ ഭാഷയിലൂടെ അവതരിപ്പിക്കുകയാണ് ചെയ്യുന്നത്. സ്വത്വം, സംസ്കാരം എന്നിവയുടെ രൂപവത്കരണ ത്തിൽ ആഖ്യാനം ഏറെ സ്വാധീനം ചെലുത്തിയിട്ടുണ്ട്. സാമൂഹിക സാഹചര്യമേ തായാലും അതിലെ വ്യക്തികളുടെ സ്വത്വം ആഖ്യാനത്തിന് സഹായകമാകുന്നുണ്ട്. ആഖ്യാനത്തിന് അതിന്റെ തനതായ അസ്തിത്വമുണ്ട്.

ആശയപ്രാധാന്യം, സംഭാഷണപ്രാധാന്യം, നാടകീയരൂപത്തിലുള്ള ആഖ്യാനം, കത്തുരൂപത്തിലുള്ള ആഖ്യാനം, ഡയറിക്കുറിപ്പ്, രേഖകൾ, കുറിപ്പുകൾ തുടങ്ങി ആഖ്യാനം പലതരത്തിലുണ്ട്. സംഭാഷണപ്രധാനമായും ആഖ്യാനം രണ്ടു തരത്തിലുണ്ട്. നേരിട്ടും നേരിട്ടല്ലാതെയും. ഒന്ന് അനുകരണാധിഷ്ഠിത രീതി മറ്റൊന്ന് അന്വാഖ്യാനാ ധിഷ്ഠിത രീതി. അനുകരണാധിഷ്ഠിത രീതിയിൽ ആഖ്യാതാവിന് പ്രസക്തിയില്ല. എന്നാൽ അന്വാഖ്യാനാധിഷ്ഠിതരീതിയിൽ ആഖ്യാതാവിനാണ് പ്രാധാന്യം.

### 2.2.3 സ്ഥലകാലങ്ങൾ ആഖ്യാനത്തിൽ

സ്ത്രീ ആത്മകഥകൾ മുന്നോട്ടുവയ്ക്കുന്ന പ്രത്യയശാസ്ത്ര രാഷ്ട്രീയം വൈവിധ്യമുള്ളതാണ്. 'സ്ത്രീ' എന്ന വ്യക്തിത്വത്തിന്റെ ബഹുസ്വരതയിൽ സ്ത്രീ ശരീരം, സ്ത്രീ ഭാവന, സ്ത്രീ വൈകാരികത സ്ത്രീയുമായി ബന്ധപ്പെട്ട വിവിധ മേഖലകൾ ഇവ ഉൾച്ചേർന്നിട്ടുണ്ട്. സ്ത്രീയുടെ സ്വതന്ത്ര്യചിന്തയും പ്രവർത്തനവുമായി

ബന്ധപ്പെട്ട് രൂപമെടുത്ത ഫെമിനിസ്റ്റ് പ്രസ്ഥാനം മുന്നോട്ടുവയ്ക്കുന്ന സ്ത്രീപക്ഷ ചിന്ത കാലത്തിനും ദേശത്തിനും സംസ്കാരത്തിനുമനുസരിച്ച് മാറ്റത്തിനു വിധേയമാണ്. സ്ത്രീ എഴുതുന്നത് കഥയായാലും കവിതയായാലും ആത്മകഥയായാലും അതിലൊരു സ്ത്രീപക്ഷനോട്ടവും അനുഭവവുമുണ്ട്. ഈ നോട്ടവും അനുഭവപ്പെടുന്നത് കൃതി രൂപപ്പെടുന്ന സ്ഥലത്തോടും സമൂഹത്തോടും കാലത്തോടും ബന്ധപ്പെട്ടാണ്.

മനുഷ്യജീവിതത്തിൽ ശരീരവും ആത്മാവുമെന്നപോലെ ആഖ്യാനത്തിന്റെ അവലംബഘടകങ്ങളാണ് സ്ഥലവും കാലവും. ഇവയുമായി ബന്ധപ്പെടുത്താതെ ജീവിതം സങ്കൽപിക്കുക അസാധ്യമാണ്. സ്ഥലം മൂർത്തായ ഒന്നും കാലം അമൂർത്തവുമായതുകൊണ്ട് മനുഷ്യനെ സംബന്ധിച്ച് സ്ഥലം കൂടുതൽ ഇന്ദ്രിയഗ്രാഹ്യവും യാഥാർഥ്യവുമാണ്. അതുകൊണ്ട് കാലത്തെക്കുറിച്ച് നിരവധി ദർശനങ്ങളും സിദ്ധാന്തങ്ങളും ശാസ്ത്രത്തിന്റേയും കലയുടേയും തത്വചിന്തയുടേയുമൊക്കെ തലങ്ങളിൽ ആവിർഭവിച്ചിട്ടുണ്ട്. ''മറ്റൊന്നിനുമല്ല, സ്വയം അസ്വസ്ഥനാകാൻ വേണ്ടിയാണ് ഒരാൾ കാലത്തെക്കുറിച്ച് ചിന്തിച്ചു തുടങ്ങുന്നത്'' (അപ്പൻ, 2000:65). സ്ഥലത്തിന് കാലത്തിൽനിന്നു ഭിന്നമായി അസ്തിത്വം സങ്കല്പിക്കാനൊക്കുമെങ്കിലും കാലത്തിന് അതു സാധ്യമല്ല.

ആഖ്യാനത്തിന്റെ മാർഗത്തിലൂടെ 'ദേശം' എന്ന ബോധത്തിന് പൊതുവായ മിത്തുകളും സ്മൃതികളും വേണം. ചരിത്രപ്രാധാന്യമുള്ള ഒരു സ്ഥലമോ അതിനുമാത്രയായ ഒരു സംസ്കാരമോ ബാധകമായ നിയമസംഹിതയോ ആഖ്യാനത്തിന് ആവശ്യമാണ്. കാലത്തിൽനിന്നു വ്യത്യസ്തമായി സ്ഥലത്തിന് ആകൃതിയും വ്യാപ്തിയും ഘടനാവിതാനങ്ങളുമുണ്ട്. സംസ്കൃത കാവ്യശാസ്ത്രത്തിലെ 'രീതി' പദ്ധതിക്ക് സ്ഥലത്തെക്കുറിച്ചുള്ള ചിന്തയിൽ അടുത്ത ബന്ധമാണുള്ളത്. രീതി പദ്ധതിയുടെ പ്രയോക്താവായ വാമനൻ ദേശവും രീതിയും തമ്മിലുള്ള ബന്ധം സൈദ്ധാന്തികമായി ഉറപ്പിക്കുകയുംചെയ്തു. ദ്രാവിഡ കാവ്യശാസ്ത്രത്തിലെ 'തിണ' സങ്കല്പത്തിലും സ്ഥലബന്ധം ചർച്ചചെയ്യുന്നുണ്ട്. ''സ്ഥലകാലാവസ്ഥകളുടെ ഒരു സംയുക്തമാണ് ഓരോ തിണയും'' (അയ്യപ്പപ്പണിക്കർ, 1999:94). ഓരോ തിണയ്ക്കും പ്രത്യേക ഭൂഭാഗ

ങ്ങൾ നല്കിയിരിക്കുന്നു. സാഹിത്യകൃതിയിലെ സംഭവങ്ങളും അതു നടക്കുന്ന സ്ഥലവും തമ്മിലുള്ള ബന്ധത്തെ തിണ സങ്കല്പം പ്രതിഫലിപ്പിക്കുന്നു.

ആഖ്യാനകഥയിലെ ബോധാബോധപ്രവർത്തനങ്ങളെ അപഗ്രഥിച്ച് എങ്ങ നെയാണ് ഒരു കഥാകാരൻ കഥമെനഞ്ഞെടുക്കുന്നത് എന്നന്വേഷിക്കുന്ന പ്രക്രിയ യാണ് ആഖ്യാനശാസ്ത്രം. ആഖ്യാനതന്ത്രങ്ങൾ എത്ര ശ്രദ്ധേയോടെ തിരഞ്ഞെടു ത്തുപയോഗിച്ചാലും കഥയ്ക്ക് സ്വന്തമായ ഒരു ശക്തി വിശേഷവും സ്വേച്ഛാനുസാരമായ കഴിവും ഉണ്ട്. സാഹിത്യത്തിൽ സ്ഥലപരതയ്ക്ക് പ്രാധാന്യം കൊടുക്കുന്ന ഒന്നാണ് ചിത്രകലയും ശിൽപകലയും. നോവലിലെ സ്ഥലം ദൃശ്യകലകളിലെ സ്ഥലവിധാന ങ്ങളിൽ നിന്ന് വിഭിന്നമാണ്.

### 2.2.4 ആഖ്യാനം – സമീപനങ്ങൾ

വർത്തമാനകാല ആഖ്യാനവിശകലനം ഏറ്റവുമധികം കടപ്പെട്ടിട്ടുള്ളത് റഷ്യൻ രൂപമാത്രാവാദികളോടും ഫ്രഞ്ച് ഘടനാവാദികളോടുമാണ്. ആഖ്യായികാപഠനത്തെ സൈദ്ധാന്തികമായ അടിത്തറയിലുറപ്പിച്ചത് രൂപവാദവും (formalism) ഘടനാവാദ (Structuralism)വുമാണ്.

#### 2.2.4.1 രൂപവാദം (Formalism)

ഒരു കലാസൃഷ്ടിയിലെ ഏതൊരു ഘടകവും കൃതിയുടെ ഉണ്മയെ ആദ്യ സ്ഥാനത്ത് നിലനിർത്തുകയാണ് ചെയ്യുന്നതെന്ന് രൂപവാദികൾ സിദ്ധാന്തിക്കുന്നു. അനുകരണമാണ് കലയുടെ ഉള്ളടക്കമെന്ന സാമാന്യവീക്ഷണത്തെ പുറത്താക്കി അതിന്റെ സ്ഥാനത്ത് രൂപത്തിന്റെ സർവാധിപത്യമെന്ന ആശയത്തെ പ്രതിനിഷ്ഠി ക്കുകയാണ് ഫോർമലിസ്റ്റുകൾ ചെയ്യുന്നത്. രൂപവാദികൾ ഊന്നിപ്പറയുന്ന പ്രധാന വസ്തുത, കവിത കാവ്യവിഷയങ്ങളായ വാക്കുകളാലാണ് നിർമിതമായിരിക്കുന്നത് എന്നുള്ളതാണ്. ''ആധുനിക ആഖ്യാനശാസ്ത്രത്തിന്റെ ആരംഭം വ്ളാഡിമിർ പ്രോപ്പിന്റെ 'മോർഫോളജി ഓഫ് ഫോക്ടെയിൽസ്' എന്ന ഗ്രന്ഥമാണ്'' (Strauss, 1978:2). ആഖ്യാനപഠനത്തിൽ പ്രധാനപ്പെട്ട രണ്ടു സങ്കല്പനങ്ങളാണ് ഫാബുലെയും

(Fabula) സുഷെയും (Sushe). ഫാബുല സംഭവങ്ങളുടെ ഒരു സമുച്ചയമാണ്. ഈ സംഭവങ്ങൾ യഥാർഥ ലോകത്ത് നടക്കുന്നതായി അനുമാനിക്കപ്പെടുന്നു. സുഷെ കഥയുടെ ആവിഷ്കാരമാണ്. ആഖ്യാനഘടകങ്ങളാൽ ആവിഷ്കാരം സാധ്യമാകുമ്പോഴാണ് സുഷെ ഉണ്ടാവുക.

### 2.2.4.2 ഘടനാവാദം (Structuralism)

ഘടനാവാദി പരിഗണിക്കുന്നത് സാഹിത്യവ്യവസ്ഥയെയാണ്. ഏതൊരു സാഹിത്യരൂപത്തിന്റേയും അത് കവിതയോ നാടകമോ നോവലോ ആത്മകഥയോ എന്തുമാകട്ടെ, നിയമം സാധൂകരിക്കുന്ന ചട്ടങ്ങളെ നിർവചിക്കുക എന്നതാണ് ഘടനാവാദിയുടെ ലക്ഷ്യം. അതുകൊണ്ടുതന്നെ സാഹിത്യനിർമാണം സാധ്യമാക്കുന്ന വിശ്വാസങ്ങളുടേയും സങ്കല്പങ്ങളുടേയും വ്യവസ്ഥയെയാണവർ പരിഗണിക്കുന്നത്. ഘടനാവാദ സാഹിത്യപഠനത്തിന്റെ അടിസ്ഥാനം സൊസ്സ്യൂറിയൻ ഭാഷാശാസ്ത്രത്തിന്റെ രീതിശാസ്ത്രമാണ്. ഘടനാവാദ സാഹിത്യപഠനം അതിന്റെ രീതിശാസ്ത്രത്തിനു രൂപംനൽകിയത് സൊസ്യൂറിയൻ ഭാഷാശാസ്ത്രത്തിലെ പ്രധാനപ്പെട്ട നാല് ദ്വന്ദ്വങ്ങളെ ആധാരമാക്കിയാണ്. ഭാഷ-ഭാഷണം (language-parole), സൂചകം-സൂചിതം (signifier-signified), ഏകകാലികം-ബഹുകാലികം (synchromic-diachromic), വിന്യാസാത്മകം - ഗണാത്മകം (syntasmatic-paradigmatic) എന്നിവയാണ് ആ ദ്വന്ദ്വങ്ങൾ.

ഭാഷാശൃംഖലയിലെ വൈയക്തികാംശത്തെ 'ഭാഷണ'മെന്നും സാമൂഹികവും സാമാന്യവുമായ അംശത്തെ 'ഭാഷ' എന്നും വിളിക്കുന്നു. ഭാഷയിലെ ശബ്ദമാതൃകയെ സൊസ്സ്യൂർ സൂചകം എന്നും ആശയബിംബത്തെ സൂചിതമെന്നും പറയുന്നു.

ഭാഷാഘടനയെ കാലം അടിമുടി സ്വാധീനിക്കുന്നതിനാൽ സൂചക/സൂചിത ബന്ധത്തെ ഏകകാലികമെന്നും (synchronic) ബഹുകാലികമെന്നും (Diachronic) രണ്ടു രീതിയിൽ അവതരിപ്പിക്കുന്നു. ചിഹ്നങ്ങളുടെ അസംഖ്യേയത നിമിത്തം ഭാഷയെ ഒരേ സമയം കാലനിരപേക്ഷമായൊരു വ്യവസ്ഥയായി സമീപിക്കുന്ന രീതിയെ ഏകകാലി

ഭാഷാശാസ്ത്രമെന്നും ചരിത്രപശ്ചാത്തലത്തിൽ വിലയിരുത്തുന്ന രീതിയെ ബഹുകാലിക ഭാഷാശാസ്ത്രമെന്നും സൊസ്സ്യൂർ വിളിക്കുന്നു.

ഭാഷയിലെ ചിഹ്നങ്ങൾ തമ്മിലുള്ള ബന്ധത്തെ വിന്യാസാത്മകം (syntasmatic) എന്നും ഗണാത്മകം (paradigmatic) എന്നും വേർതിരിക്കാം. ഭാഷയിൽ പ്രയോഗിക്കുന്ന ചിഹ്നങ്ങൾ തമ്മിലുള്ള ബന്ധമാണ് വിന്യാസാത്മകം. ഗണാത്മകബന്ധം സാഹ ചര്യം കൊണ്ടുള്ള സ്മരണയെ അവലംബിക്കുന്നു. വിന്യാസാത്മകബന്ധം സന്ദേശകേ ന്ദ്രിതവും (message centre) ഗണാത്മകബന്ധം സങ്കേതകേന്ദ്രിതവും (code-oriented) ആണ്. സൊസ്സ്യൂറിയൻ ഭാഷാശാസ്ത്രത്തിലെ ഈ നാല് ദ്വന്ദ്വങ്ങളാണ് ഘടനാവാദ സാഹിത്യ പഠനത്തിൽ അതിന്റെ രീതിശാസ്ത്രത്തിനു രൂപംനൽകിയത്.

### 2.2.5 കേരളത്തിന്റെ ആഖ്യാനപാരമ്പര്യം

ആഖ്യായികയുടെ ഒരു സമ്പന്നമായ പാരമ്പര്യം ഭാരതത്തിനുണ്ട്. വേദങ്ങളിൽ തുടങ്ങി ഇതിഹാസങ്ങളിലും പുരാണങ്ങളിലും കാണപ്പെടുന്ന ആഖ്യാനങ്ങൾ നിരവധി യാണ്. ഒരു ലക്ഷത്തിലധികം ശ്ലോകങ്ങളുള്ള മഹാഭാരതത്തിന്റെ വലുപ്പത്തിനു കാരണം അതിലെ ഉപാഖ്യാനങ്ങളാണ്. സാരോപദേശ രീതിയിലുള്ള ആഖ്യാനങ്ങൾ ബുദ്ധജൈനപാരമ്പര്യങ്ങളിൽ സാർവത്രികമാണ്. ''ഭാരതീയ സാഹിത്യത്തിലെ ഏറ്റവും പ്രാചീനമായ കഥാസമാഹാരമായ ഗുണാഢ്യന്റെ 'ബൃഹത് കഥ' ഭാഷാഭേദങ്ങളി ലുണ്ടായിരുന്ന പ്രാദേശിക ആഖ്യാനപാരമ്പര്യത്തെ സൂചിപ്പിക്കുന്ന ഒന്നാണ്'' (രാജേന്ദ്രൻ, 1991:2).

നമ്മുടെ പാരമ്പര്യകലകളെല്ലാം ആഖ്യാനത്തിൽ അനുവർത്തിക്കുന്ന പൊതുവായ ഒരാദർശം 'ഭാഷയുടെ സങ്കേതങ്ങളുപയോഗിച്ച് ദൃശ്യപ്രതീതിയുണ്ടാ ക്കുക'യാണ്. ദർശനേന്ദ്രിയത്തിന്റെ ഈ പ്രാധാന്യത്തെ അംഗീകരിക്കുന്നവയാണ് കേരളീയരുടെ കലാപരമായ ആഖ്യാനസമ്പ്രദായങ്ങൾ. ആഖ്യാനത്തിലൂടെ ദൃശ്യ പ്രതീതിയുണ്ടാക്കുക, ദൃശ്യപ്രതീതിയിലൂടെ അനുഭവതീവ്രതയുണ്ടാക്കുക, ആ തല ത്തിൽ ആസ്വാദനം സാധ്യമാക്കി മനഃസംസ്കരണം സാധിക്കുക, ഈ ആദർശങ്ങ ളെല്ലാം നമ്മുടെ ആഖ്യാനപരമ്പര്യത്തിൽ നിലകൊള്ളുന്നു. നാടൻകലകൾ, ചുമർ

ചിത്രങ്ങൾ, സിനിമ, നൃത്തം, വാസ്തുശില്പങ്ങൾ, വാർത്തലേഖനം, കായിക കലാ വിവരണം എന്നിവയിലെല്ലാം തന്നെ ആഖ്യാനത്തിന്റെ ഘടനയുണ്ട്. യഥാർഥമോ ഭാവനാത്മകമോ ആയ സംഭവങ്ങളുടെ സവിശേഷമായ പ്രതിനിധാനമാണ് ആഖ്യാനം.

ആഖ്യാനതലങ്ങളനുസരിച്ച് ആഖ്യാതാവിനെ വർഗീകരിക്കുമ്പോൾ കഥയ്ക്കു പുറത്തായി സ്ഥിതിചെയ്യുന്ന ആഖ്യാതാവിനെ ബാഹ്യആഖ്യാനതല ആഖ്യാതാവെന്ന് (extra diegestic narrator) വിളിക്കുന്നു. കഥയിലെ കഥാപാത്രമല്ലാത്ത ആഖ്യാതാവിനെ ആഖ്യാനേതരതല ആഖ്യാതാവ് (hetrodigetic narrator) എന്നും കഥയിലെ കഥാപാത്രമാകുന്ന ആഖ്യാതാവിനെ ആഖ്യാനതല ആഖ്യാതാവ് (homodigestic narrator) എന്നും വിളിക്കുന്നു. ആഖ്യാതാവിനെ യഥാർഥ രചയിതാവിൽനിന്നും മറഞ്ഞിരിക്കുന്ന രചയിതാവിൽനിന്നും വേർതിരിച്ചു കാണേണ്ടതാണ്. ഒരു ആഖ്യാതാവിനെ വ്യക്തിയായി ചിത്രീകരിക്കുമ്പോഴും അവനോ അവളോ ആപേക്ഷികമായി നാമരഹിതമായി നിൽക്കുകയാണ് ചെയ്യുന്നത്. കേരളത്തിന്റെ വൈവിധ്യമുള്ള സംസ്കാര പശ്ചാത്തലവുമായി ബന്ധപ്പെട്ടാണ് വർത്തമാനകാല ആഖ്യാനങ്ങൾ നിലനിൽക്കുന്നത്. ഇതിനകത്തുതന്നെ സ്ത്രീകളുടെ ആഖ്യാനത്തിന് വേറിട്ടു നിൽക്കുന്ന ഒരു ആഖ്യാനതലം ഉണ്ട്.

### 2.2.6 സ്ത്രീ ആഖ്യാനത്തിന്റെ സവിശേഷതകൾ

സ്ത്രീ ആത്മകഥകൾ പുരുഷൻ രചിക്കുന്ന ആത്മകഥകളിൽനിന്ന് പലതുകൊണ്ടും വ്യത്യസ്തത പുലർത്തുന്നുണ്ട്. അനുഭവം തേടിയുള്ള പുരുഷന്റെ യാത്രയും ഏതിടവും തന്റെ ജീവിതത്തിൽ ഭാഗമാക്കാൻ വെമ്പൽപൂണ്ട സ്ത്രീയാത്രയും തമ്മിൽ ലക്ഷ്യം കൊണ്ടുതന്നെ അന്തരം ഉണ്ടാകുക സ്വാഭാവികമാണ്. സ്ത്രീ ആത്മകഥകൾ പലപ്പോഴും തങ്ങളുടെ ജീവിതത്തിലെ വിവിധ കാലഘട്ടങ്ങളിലെ വ്യത്യസ്തങ്ങളായ അനുഭവങ്ങളെക്കുറിച്ചാണ് ആത്മകഥകളിൽ സൂചിപ്പിക്കുന്നത്. സ്ത്രീ ആത്മകഥകളിൽ ദൈനംദിനപ്രശ്നങ്ങളും പ്രതിസന്ധികളും കടന്നുവരുമ്പോൾ പുരുഷന്റെ ആത്മകഥകളിൽ സാർവകാലികവും സമഗ്രവുമായ കാഴ്ചപ്പാടുകൾക്കാണു പ്രാധാന്യം. പുരുഷരചനകളിൽ ക്രമാനുഗതമായി വികസിക്കുന്ന ഒരു ആഖ്യാനമാണുള്ളതെങ്കിൽ

സ്ത്രീ ആഖ്യാനങ്ങൾ, മിക്കവയും ചിതറിക്കിടക്കുന്ന, ക്രമം ദീക്ഷിക്കാത്ത രീതിയിലാണ് അവതരിപ്പിക്കപ്പെടുന്നത്. പുരുഷന്മാരുടെ ആത്മകഥകൾ പലപ്പോഴും രചിക്കപ്പെടുന്നത് വാർധക്യകാലത്തിലാണെങ്കിൽ സ്ത്രീരചനകൾ അധികവും യൗവനത്തിലോ മധ്യവയസ്സിലോ രചിക്കപ്പെടുകയാണ് ചെയ്യുന്നത്. അതുകൊണ്ടുതന്നെ അവർക്ക് ഒന്നിലധികം ആത്മകഥകൾ എഴുതേണ്ടിവരുന്നു. സ്ത്രീ ആത്മകഥകൾ ആത്മനിഷ്ഠം മാത്രമല്ല സന്നിഗ്ധമായ ഒരു കർതൃപദവിയാലണവർ സ്വയം സാക്ഷ്യപ്പെടുത്തുന്നത്. എന്നാൽ പുരുഷ ആത്മകഥകളുടെ കർതൃത്വബോധം സന്ദിഗ്ധമായ ഒന്നല്ല. അവ വ്യക്തികേന്ദ്രീകൃതമാണ്. ഭൂതകാലത്തിലെ കടുത്ത യാഥാർഥ്യങ്ങൾ, വൈജാത്യ ങ്ങൾ മൂടിവയ്ക്കാതെ ആവിഷ്കരിക്കുവാൻ ഇവർ ആത്മകഥകളിലൂടെ തയ്യാറാകുന്നു. പൊതുബോധത്തോട് കലഹിക്കുന്ന ഘടകങ്ങൾ ആത്മകഥകളിൽ ആഖ്യാനംചെയ്യേണ്ടിവരുന്നതുകൊണ്ട് ഏറ്റവും ശ്രദ്ധയോടുകൂടി മാത്രമേ സ്ത്രീകൾക്ക് ആത്മകഥ എഴുതാൻ കഴിയുള്ളൂ എന്നതും സ്ത്രീ ആഖ്യാനത്തെ വ്യത്യസ്തമാക്കുന്നു.

പുരുഷാധിപത്യം മറച്ചുവച്ച സ്ത്രീ അനുഭവങ്ങൾ പങ്കുവയ്ക്കലിലാണ് സ്ത്രീ ആഖ്യാനത്തിലെ സ്വത്വം നിർമിക്കപ്പെട്ടിരിക്കുന്നത്. തീക്ഷ്ണമായ യാഥാർഥ്യങ്ങൾ, വ്യത്യസ്തമായി ആവിഷ്കരിക്കാനുള്ള സ്ത്രീരചനയുടെ കരുത്താണ് അവർ ആത്മകഥയിലൂടെ പ്രകടമാക്കുന്നത്. പുരുഷാനുഭവങ്ങൾ നിയമമാക്കി വച്ചിരിക്കുന്നതിനെ മാറ്റിയെഴുതാനുള്ള ശ്രമമാണ് സ്ത്രീ ആഖ്യാനങ്ങൾ നടത്തുന്നത്.

''സ്വകാര്യ/പൊതുഇടങ്ങൾക്ക് നെടുകെയുള്ള പിളർപ്പ്, പുരുഷാധിപത്യക്രമത്തിന്റെ ആവശ്യമാണ്. കുടുംബത്തിന്റെ സ്വകാര്യതയിൽ സ്ത്രീയെ തളച്ചിടുന്നതിന് ഇത് അത്യാവശ്യമാണ്. ഏതെങ്കിലും കുറവുകൾ ഉള്ള സ്ത്രീയെയാണ് നാം പൊതുവിടങ്ങളിൽ, അസമയങ്ങളിൽ കാണുന്നത്'' (ഗോപിനാഥൻ, 2012:81). ഈ നിരീക്ഷണം, സമൂഹത്തിന്റെ പരമ്പരാഗത ധാരണ 'പുറത്തിറങ്ങുന്ന' സ്ത്രീയെ എങ്ങനെയാണ് നോക്കി കാണുന്നതെന്ന് വ്യക്തമാക്കുന്നു. ഇത്തരം ഒരു സാമൂഹികതലത്തിൽ നിന്നു വേണം പൊതുഇടങ്ങളിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ ആത്മകഥാഖ്യാനങ്ങളെ നോക്കിക്കാണുവാൻ.

മറ്റേതൊരു സാഹിത്യരൂപത്തിനേക്കാളും സ്വത്വബോധത്തെ വിപുലമായും ആകൃത്രിമമായും ആഖ്യാനംചെയ്യാനുള്ള സാധ്യത ആത്മകഥയ്ക്കുണ്ട്. ആത്മകഥ കളിലാണ് സ്ത്രീകൾ സാമൂഹ്യജീവിതത്തിൽ നേരിടുന്ന അപമാനവീകരണങ്ങളും സ്വത്വസംഘർഷങ്ങളും ഏറ്റവും സത്യസന്ധമായി ആവിഷ്കരിക്കുന്നത്. അക്കാരണം കൊണ്ടുതന്നെ പാർശ്വവത്കരിക്കപ്പെട്ടവരുടെ ശബ്ദമാവാൻ ഇത്തരം ആത്മകഥകൾക്കു കഴിയുന്നത്. മുഖ്യധാരയിൽ വരുന്ന ആത്മകഥകൾ ആധുനിക സംഭവങ്ങളിൽ നിന്നും തികച്ചും വേറിട്ടു നിൽക്കുന്ന പ്രശ്നങ്ങളാണ് ഈ ആത്മകഥകളിൽ ചിത്രീകരിച്ചി രിക്കുന്നത്. സാഹിത്യം പരിഗണിക്കുന്നതിൽനിന്നു വ്യത്യസ്തമായാണ് ഇവർ നേരി ടുന്ന വൈവിധ്യമാർന്ന പ്രശ്നങ്ങൾ ഈ ആത്മകഥകളിൽ ചിത്രീകരിച്ചിരിക്കുന്നത്.

### 2.3 അന്യവത്കരണം

ആദിമകാലം മുതല്ക്കുതന്നെ മനുഷ്യൻ നേരിട്ടുകൊണ്ടിരുന്ന സമസ്യയായി രുന്നു ഏകാന്തതയും നൈരാശ്യവും. ശാസ്ത്രവും സാങ്കേതികവിദ്യയും ഭാഷയും ജീവിതനിലവാരവും പുരോഗതിയിലേക്കു കുതിക്കുമ്പോഴും മനുഷ്യന് ഈ ദുഃഖത്തെ മറികടക്കുവാൻ സാധിച്ചിട്ടില്ല. വിജ്ഞാനവിസ്ഫോടനത്തിന്റെ ഈ കാലഘട്ടത്തിലും മനുഷ്യൻ കൂടുതൽ ഒറ്റപ്പെടുകയാണ് ചെയ്യുന്നത്. അന്യം എന്ന പദം സവിശേഷ ശ്രദ്ധയാകർഷിക്കുന്ന ഒന്നാണ്. അതിനാൽത്തന്നെ അതിന്റെ നിയതാർഥങ്ങൾ അറിയേണ്ടത് ആവശ്യമാണ്.

''ഒരു വസ്തുവിനെ/സംഭവത്തെ തിരിച്ചറിയാൻ കഴിയുന്നതോടൊപ്പം അത് അന്യമായി അനുഭവപ്പെടണമെന്നും ആ വഴി മാത്രമേ കാണികൾക്ക് സ്വന്തം അവസ്ഥ മനസ്സിലാക്കുന്നതോടൊപ്പം അത് പരിവർത്തനപ്പെടുത്താനുള്ള ആഗ്രഹം ജനിപ്പിക്കുന്നു. എന്നുമാണ് ബ്രഹ്ത് അന്യവത്കരണത്തെപ്പറ്റി പറയുന്നത് (സച്ചിദാനന്ദൻ, 2007:33). അന്യവത്കരണത്തിന്റെ ലക്ഷ്യം നാം സ്വാഭാവികമെന്നു കാണുന്നതിനെ ഒരു നിർമിതി യായി കാണിക്കുകയാണ്. സമൂഹത്തെ നിരൂപണംചെയ്യാനും പൂർത്തിയാക്കപ്പെട്ട പരി വർത്തനങ്ങളെ ചരിത്രപരമായി അവതരിപ്പിക്കാനും അന്യവത്കരണം അത്യാവശ്യ മാണ്. സംഭവങ്ങളേയും മനുഷ്യരേയും ഒരു ജ്ഞാനവിഷയമെന്ന നിലയിൽ മനസ്സിലാ

ക്കുവാൻ കാണിയെ നിരീക്ഷകനാക്കി മാറ്റണം. ഈ തിരിച്ചറിവിന്റെ പ്രതിഫലന മാണ് 'അന്യവത്കരണം'. ഇത് കാണികളിൽ ഉല്പന്നമാകുന്ന ഒരു പ്രതീതിയാണ്. ബ്രഹ്തിയൻ സിദ്ധാന്തമനുസരിച്ച് ഇതിനെ അകലം സൃഷ്ടിക്കൽ എന്നു പറയുന്നു.

അന്യവത്കരണം പല തരത്തിലുണ്ട്. അപരിചിതനായ ഒരാൾക്കൂട്ടത്തിനകത്ത് കൂട്ടം തെറ്റിയതുപോലെ ഓരോ വ്യക്തിയും സമൂഹത്തിൽ താൻ ഒറ്റപ്പെട്ടതായിത്തോ ന്നുന്നു. ഇതാണിതിന്റെ ലളിതമായ ഒരു ഭാവം. സ്വയം ഒറ്റപ്പെടലും ഒറ്റപ്പെടുത്തലും അതിലുണ്ട്. ദൈനംദിന ജീവിതത്തിന്റെ വിവിധ വശങ്ങൾ മനുഷ്യത്തനിമയ്ക്ക് അന്യമായിത്തീരുന്നതിനു പുറമെ, സാംസ്കാരികവുമായ അന്യവത്കരണവുമുണ്ട്. ഇതു കൂടാതെ മാർക്സിയൻ അന്യവത്കരണവും ശ്രദ്ധേയമായ ഒന്നാണ്. ''ഞാനാല്ലാതിരി ക്കുന്ന അവസ്ഥയാണ് അന്യന്റെ സത്തയുടെ അടിസ്ഥാനം. ഇങ്ങനെ ഞാൻ അന്യനിൽ നിന്നു പിരിഞ്ഞു നില്ക്കുന്നു (Alienated). ആ പിരിയലിൽ കൂടിത്തന്നെ അന്യനു മായി ബന്ധപ്പെട്ടിരിക്കുന്നു എന്നു സാർത്ര് വ്യക്തമാക്കുന്നു (രാഘവൻപിള്ള, 2007:63).

### 2.3.1 മാർക്സിയൻ അന്യവത്കരണം

മാർക്സിന്റെ രീതിയിൽ അന്യവത്കരണം എന്നത് ചില പ്രത്യേക സാമ്പ ത്തികസമ്പ്രദായത്തിൽ അപരിഷ്കൃതർ സൃഷ്ടിക്കുന്ന ഒരു അവസ്ഥയാണ്. ഉദാഹരണ മായി മുതലാളിത്തം മനുഷ്യനെ അവന്റെ തൊഴിലിന്റെ ഉത്പന്നത്തിനെ അവന്റെ തൊഴി ലിൽനിന്നും പങ്കാളിത്തത്തിൽനിന്നും മറ്റ് മനുഷ്യരിൽ നിന്നും അവസാനമായി അവ നിൽനിന്ന് തന്നെയും വേർതിരിക്കുന്നു.

തൊഴിൽ തൊഴിലാളിക്കു ബാഹ്യമായി ഇവിടെ നില്ക്കുന്നു. തന്റെ ശാരീരി കവും മാനസികവുമായ ഊർജം സ്വതന്ത്രമായി വിനിയോഗിക്കാൻ അയാൾക്കു കഴിയുന്നില്ല. സൃഷ്ടിപരമായി തനിക്കൊന്നും നല്കാൻ കഴിയാത്തതും വിരസമായി ആവർത്തിച്ചുകൊണ്ടിരിക്കുന്നതുമായ പ്രവൃത്തികളിലേക്ക് തൊഴിലാളി ബന്ധിക്കപ്പെ ടുന്നു. ഇങ്ങനെയൊരവസ്ഥയിൽ നിലനില്ക്കേണ്ടി വരുന്ന വ്യക്തി തീവ്രമായി അന്യവ ത്കരിക്കപ്പെടുന്നു. അന്യവത്കരണത്തെ മാർക്സ് ബന്ധിപ്പിച്ചത് കേവലാശയത്തോടോ ആത്മബോധത്തോടോ അല്ല മറിച്ച് ചരിത്രപരമായ ഭൗതിക യാഥാർഥ്യത്തോടാണ്;

മനുഷ്യന്റെ പ്രായോഗികജീവിതത്തോടാണ്. മനുഷ്യർക്ക് പരസ്പരമുള്ള ബന്ധമാണ് ഓരോ മനുഷ്യനും അവനവനോടുതന്നെയുള്ള ബന്ധത്തെ, ആത്മബോധത്തെ നിർണയിക്കുന്നതെന്ന് മാർക്സ് കണ്ടെത്തി. ഫ്യൂഡൽ - ബൂർഷ്വാ ചൂഷകവർഗങ്ങളെ തൂത്തെറിഞ്ഞാൻ മാത്രമേ സ്ത്രീകളെ അവരുടെ ദീർഘമായ ബന്ധനത്തിൽ നിന്ന് മോചിപ്പിക്കാനുള്ള മാർഗം തെളിയൂ' (രണദിവെ, 1991:38).

### 2.3.2 അന്യവത്കരണം വിവിധ തലങ്ങളിൽ

നമ്മൾ ആധുനിക അന്യഥാത്വം എന്ന് വിശദീകരിക്കുന്ന ആശയം പതിനെട്ടാം നൂറ്റാണ്ടിന്റെ മധ്യഭാഗത്ത്, മുഖ്യമായും റൂസ്സോയിലാണ് ആരംഭിച്ചത്. അദ്ദേഹ മാണ് മനുഷ്യന്റെ ഏകാന്തതയെയും നിരാശയെയും പ്രകൃതിയുമായി ബന്ധപ്പെടു ത്തിയത്. പരിഷ്കൃതനായ മനുഷ്യൻ, സാമൂഹ്യവത്കരണത്തിന്റെ പ്രവർത്തനത്തിൽ സാമൂഹികാവശ്യങ്ങൾക്ക് വേണ്ടിയുള്ള ആവശ്യത്തിന് പ്രാധാന്യം നൽകിയപ്പോൾ മനുഷ്യന്റെ അടിസ്ഥാനപരമായ സ്വഭാവത്തിൽനിന്നും അകന്നുപോയി. ഹെഗൽ അന്യഥാത്വത്തെ സംസ്കാരത്തിന്റെ പുരോഗതിക്ക് വേണ്ടി ഒഴിവാക്കാനാവാത്ത ഒന്നായി കണക്കാക്കുന്നു.

അന്യവത്കരണം പലരീതിയിൽ അനുഭവപ്പെടാം. സാമ്പത്തികം, സാംസ്കാരികം, രാഷ്ട്രീയം, മതപരം, ലിംഗപരം, സാമൂഹികപരം, വിദ്യാഭ്യാസപരം തുടങ്ങി വിവിധ തലങ്ങളിൽ ഇത് പ്രവർത്തിക്കുന്നുണ്ട്. വ്യക്തികളുടെ നിലനിൽപിനെക്കുറിച്ച് ശ്രദ്ധി ക്കാത്ത രാഷ്ട്രത്തിനോടുള്ള അവന്റെ ബന്ധത്തിൽ ഒരു ദൃഢബന്ധം അനുഭവിക്കാ നാവാതാകുമ്പോൾ ആണ് ഒരു വ്യക്തിയിൽ രാഷ്ട്രീയപരമായ അന്യഥാത്വം ഉണ്ടാ കുന്നത്. ഒരു തൊഴിലാളിക്കും ആ തൊഴിലിന്റെ ഫലപ്രക്രിയയ്ക്കുമിടയലുള്ള ബന്ധം നിലനിൽക്കാതാവുമ്പോൾ സ്വത്വ അന്യഥാത്വം ഉണ്ടാവുന്നു. ഇത്തരത്തിൽ അന്യവത്കരിക്കപ്പെട്ട തൊഴിൽ മനുഷ്യനെ അവനിൽ നിന്ന് തന്നെ അന്യവത്ക്കരി ക്കുന്നു.

"മനുഷ്യൻ പല തരത്തിൽ ഒറ്റപ്പെടുന്നുണ്ട്. ബൗദ്ധികമേഖലയിൽ, സാംസ്കാ രികമേഖലയിൽ അങ്ങനെ പല തരത്തിലും മനുഷ്യനിന്ന് ഒറ്റപ്പെട്ടവനാണ്." (Rajeswar,

1998:5) നാഗരികനായ മനുഷ്യൻ സാമൂഹികവത്കരണത്തിന്റെ ഭാഗമായി, സാമൂഹിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി മനുഷ്യന്റെ സ്വാഭാവികപ്രകൃതിയിൽ നിന്നു ആദ്യമേ തന്നെ അകന്നു തുടങ്ങിയിരുന്നു. ''ഏതെങ്കിലും തരത്തിൽ നേട്ടം കൈവരിച്ചവനെ ഒറ്റപ്പെടുത്തുക എന്നത് ആദ്യകാലം മുതല്ക്കേ സമൂഹത്തിന്റെ സ്വഭാവമാണ്. ഇതിനെതിരെയുള്ളവരായാലും ഈ ഒറ്റപ്പെടൽ ഉണ്ടാവുന്നുണ്ട് എന്നതും വസ്തുതാപരമായ ഒന്നാണ്'' (മേനോൻ, 1998:51).

സ്ത്രീയുടേയും പുരുഷന്റെയും മത്സരമായാണ് പുരുഷാധിപത്യ സമൂഹത്തിൽ അന്യവത്കരണം നടക്കുന്നത്. പുരുഷാധിപത്യം നിലനിൽക്കുന്നത് സ്ത്രീയുടെ കീഴാള മനോഭാവത്തിൽ നിന്നാണ്. അതുകൊണ്ടുതന്നെ സ്ത്രീയുടെ അന്യവത്കരണത്തിലൂടെ പുരുഷൻ തന്റെ സ്വത്വത്തെതന്നെയാണ് നിഷേധിക്കുന്നത്. ദാർശനിക തലത്തിൽ ഇത് അസ്തിത്വവാദത്തിലേക്ക് നയിക്കുന്നു. ''ഒരു ചെടിയിൽ പച്ചപിടിച്ചു നിൽക്കുന്ന ഇല ഞെട്ടറ്റ് കാറ്റിൽ പറന്നു പോകുമ്പോഴുണ്ടാകുന്ന പോലെയുള്ള മാറ്റമാണ് അന്യവത്കരണം സൃഷ്ടിക്കുന്നത്'' (ജോർജ്, 2005:44).

ഒരുപാട് പ്രശ്നങ്ങളുടേയും പര്യായമാണ് ആധുനിക മനുഷ്യൻ: നിരാശ, ഇച്ഛാഭംഗം, ഒറ്റപ്പെടൽ, വേരുകളില്ലായ്മ തുടങ്ങിയവ ഈ പ്രധാന പ്രശ്നങ്ങളിൽ ചിലതാണ്. ഇവയെല്ലാം തന്നെ ഉൾക്കൊള്ളുന്നതും ഇവയോടെല്ലാം വളരെ അടുത്ത ബന്ധമുള്ളതുമായ ഏകാന്തതയുടെ കുടക്കീഴിലേക്ക് നമ്മുക്കിവയെ ഉൾപ്പെടുത്താം.

''ബന്ധിതമല്ലാത്തതും മാറ്റിനിർത്തപ്പെട്ടതും ശല്യപ്പെടുത്തുന്നതും ആശയമില്ലാത്തതും ഒറ്റപ്പെട്ടതുമായ വ്യക്തികളെല്ലാം ഇന്നത്തെ സാമൂഹ്യജീവിതത്തിൽ അന്യഥാത്വത്തിന്റെ സാമൂഹികസിദ്ധാന്തം കൈക്കൊണ്ടിരിക്കുന്ന പ്രധാന സ്ഥാനത്തെ സാക്ഷ്യപ്പെടുത്തുന്നു'' (Nisbel, 1953:15). വ്യത്യസ്തമായ സാഹചര്യങ്ങളോടും തത്വശാസ്ത്രങ്ങളോടും ബന്ധപ്പെട്ടിരിക്കുന്ന ഒരു വ്യത്യസ്ത തലങ്ങളുള്ള പ്രതിഭാസമാണ് അന്യഥാത്വം. ഫ്രാങ്ക് ജോൺസൺ അഭിപ്രായപ്പെടുന്നതുപോലെ, ''പൊതുവായ ആശയം, ശാസ്ത്രീയ സൂചന, സാധാരണരീതിയിലുള്ള പ്രകടിപ്പിക്കൽ തുടങ്ങിയ ഉപയോഗത്തി

ലൂടെ അന്യഥാത്വം ഒരു വാക്ശാസ്ത്രപരമായ സമ്പന്നത നേടിയെടുത്തിട്ടുണ്ട്'' (Johnson, 1973:73).

''ഇത്തരത്തിലുള്ള എല്ലാ മേഖലയിൽ നിന്നുമുള്ള സാമൂഹികവികസനങ്ങൾ, ധാർമികവും മതപരമായുള്ള മൂല്യങ്ങളുടെ തകർച്ച, ആധുനികതയിലെ കഴുത്തറപ്പൻ മത്സരങ്ങൾ, കൂടിവരുന്ന വ്യക്തിവത്കരണവും ഒറ്റപ്പെടലും മനുഷ്യന് അവൻ ഈ ലോകത്ത് അനാഥനാക്കപ്പെടുന്ന എന്ന തോന്നൽ കൂടുതലായി നൽകുന്നു. (Rajeshwar, 198:5) സമൂഹത്തിന്റെ ഘടനക്കുള്ളിൽ പലരീതിയിൽ മനുഷ്യൻ അന്യവത്കരിക്കപ്പെടുന്നുണ്ട്. സാമൂഹ്യശാസ്ത്രപരമായ അന്യഥാത്വം ആധുനികതയിൽ പ്രധാനമാണ്.

സാമൂഹ്യശാസ്ത്രപരമായ കാഴ്ചപ്പാടിലൂടെയുള്ള പ്രധാന ബന്ധങ്ങൾ ഇല്ലാതാവുന്നതോടെ ഉണ്ടാകുന്ന ഏകാന്തതയാണ് സാമൂഹ്യപരമായ ഏകാന്തത. സാമൂഹ്യമായി പറയുമ്പോൾ, ''സാമൂഹ്യപരമായ ഏകാന്തത എന്നതിന്റെ അർഥം, മനുഷ്യനും മനുഷ്യനും തമ്മിലുള്ള സൃഷ്ടിപരവും അർഥപൂർണവും ആയ ബന്ധങ്ങൾ നശിച്ചുപ്പോവുന്നതും ഇത്തരത്തിൽ മനുഷ്യൻ അവൻ ജീവിക്കുന്ന സമൂഹത്തിൽനിന്നും സമൂഹത്തിന്റെ സംസ്കാരത്തിൽ നിന്നും അതിന്റെ തത്വങ്ങളിൽ നിന്നും മൂല്യങ്ങളിൽ നിന്നു വേർപെട്ട് പോകലാണ് (Sharma, 1995: 23). രണ്ട് തരത്തിലുള്ള ഒറ്റപ്പെടലാണുള്ളത്, മനഃപൂർവം ഉള്ളതും മന:പൂർവമല്ലാത്തതും. ഒന്നാമത്തേതിൽ മനുഷ്യർ സ്വന്തം ഇഷ്ടപ്രകാരം ഏകാന്തതയെ തിരഞ്ഞെടുക്കുന്നു. രണ്ടാമത്തേതിൽ മനുഷ്യൻ മറ്റുള്ളവരുടെ സാന്നിധ്യത്തിൽ സ്വാഭാവികമല്ലാത്ത ഒരു വ്യത്യാസം അനുഭവിക്കുന്നു.

വ്യക്തിത്വം എന്നതും അന്യഥാത്വത്തെപ്പോലെ സ്വതസിദ്ധമായ സാമൂഹികമാനസിക ആശയമാണ്. ഇത് മറ്റുള്ളവർക്കും സ്വന്തം സ്വത്വത്തിനും ഒരാളെ സംബന്ധിച്ച് തുടർച്ചയായി അർഥം നൽകുന്ന ഒരു ചിന്തയെ പ്രതിനിധാനംചെയ്യുന്നു. ഒരാളുടെ വ്യക്തിത്വം കണ്ടെത്തുന്നതിൽ പരാജയപ്പെടുത്തുന്നതും ഒരു തരം അന്യഥാത്വമാണ്. വിദേശീയമായ സംസ്കാരവുമായുള്ള ഏറ്റുമുട്ടൽ വളർത്തിയെടുത്തുവെങ്കിലും ഇന്ത്യയിൽ അന്യഥാത്വം എന്നത് ഒരു പോസ്റ്റ് കൊളോണിയൻ അനുഭവം മാത്രമല്ല.

സ്വാതന്ത്ര്യത്തിന് മുമ്പുള്ള ഇന്ത്യയുടെ സാഹിത്യമേഖലയിൽ അന്യഥാത്വത്തിന്റെ സൂചനകൾ കണ്ട് തുടങ്ങിയിരുന്നു.

സ്ത്രീയുടെ വ്യക്തിത്വതമസ്കരണം വിവിധ സാമ്പത്തികതലത്തിൽപ്പെട്ടവരിൽ ഭിന്നരൂപങ്ങളിലാണ് നടക്കുന്നത്. കൂലിവേലക്കാരിയായ വീട്ടമ്മയിലും ഇടത്തരക്കാരിയിലും സമ്പന്നസ്ത്രീയിലും വ്യത്യസ്തമായാണ് അന്യവത്കരണം നടക്കുന്നത്. പാവപ്പെട്ട സത്രീ പണിയെടുത്ത് കുടുംബം പോറ്റുക മാത്രമല്ല, ഭർത്താക്കന്മാരുടെ മർദനവും തിരസ്കൃതവുംകൂടി ഏല്ക്കേണ്ടി വരുന്നു. ഇടത്തരക്കാരിയായ ഉദ്യോഗസ്ഥയ്ക്കാണെങ്കിൽ ജോലി കഴിഞ്ഞു വന്നതിനുശേഷം വീട്ടുജോലി കൂടി ചെയ്യണം. സമ്പന്നകുടുംബങ്ങളിൽ ഭാര്യ ഭർത്താവിന്റെ അഭിമാനത്തിന്റെ പ്രതീകമാണ്. അവൾ ഫാഷനിൽ അണിഞ്ഞൊരുങ്ങി നടക്കുന്നവളും ഇഷ്ടവിഭവങ്ങളുണ്ടാക്കി കൊടുക്കുന്നവളും അതിഥികളോട് വശ്യമായി പെരുമാറുന്നവളുമായിരിക്കണം. ഇവർക്കാർക്കും സ്വന്തം അഭിപ്രായങ്ങളും ഇഷ്ടാനിഷ്ടങ്ങളും ഒരിക്കലും പുറത്തു പറയുവാനോ കാണിക്കുവാനോ അനുവാദമില്ല. ഇത്തരത്തിൽ ഒതുക്കിനിർത്തപ്പെട്ട സ്ത്രീ/പുരുഷന്റെ കളിപ്പാട്ടമായിരുന്ന സ്ത്രീ സഞ്ചരിച്ചു തുടങ്ങിയപ്പോൾ പുരുഷൻ അവളെ പലതരത്തിൽ പലവിധ നിയമങ്ങൾകൊണ്ട് അടിച്ചമർത്തുവാനും അവഗണിക്കാനും ശ്രമിക്കുകയാണ്.

അന്യവത്കരണം ജീവിതത്തിന്റെ സമസ്ത മേഖലകളിലും നടക്കുന്നുണ്ട് എന്നത് നിസ്തർക്കമായ വസ്തുതയാണ്. മലയാളത്തിലെ ആത്മകഥകളിലെ ആഖ്യാനത്തേയും അന്യവത്കരണത്തെയും വിശദീകരിക്കുന്നതിനുമുമ്പ് കേരളത്തിലെ അക്കാലഘട്ടത്തിന്റെ സാംസ്കാരികപരമായ പ്രത്യേകതകൾകൂടി മനസ്സിലാക്കേണ്ടതുണ്ട്.

വിവിധങ്ങളായ സാംസ്കാരികാനുഭവങ്ങൾ കർതൃത്വത്തെ നിർണയിക്കുന്നതിനാൽ സ്ത്രീ/പുരുഷൻ എന്നിങ്ങനെ വിഭാഗീയചിന്തയോടെ 'ആത്മകഥ' എന്ന പ്രസ്ഥാനത്തെ സമീപിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. സ്തീയുടെ കർതൃത്വത്തിൽ ആഖ്യാനഭേദങ്ങളെ സഹായിക്കുന്ന രചനാതന്ത്രം എന്ന നിലയിൽ സ്ത്രീ സ്വത്വപഠനങ്ങളുടെ മുഖ്യമേഖലയായി ഇന്നു പരിഗണിക്കപ്പെടുന്നത് ആത്മകഥകളാണ്.

# അധ്യായം മൂന്ന്

# ആത്മകഥകളിൽ പ്രതിഫലിക്കുന്ന സാംസ്കാരിക കേരളം

## 3.1 സ്ത്രീ വിവിധ മതങ്ങളിൽ

സ്ത്രീസ്വത്വത്തെ ഏറ്റവുമധികം അടിച്ചമർത്തുകയും വികലീകരിക്കുകയും ചെയ്ത ഒരു സ്ഥാപനമാണ് മതം. കേരളത്തിന്റെ സംസ്കാരിക ജീവിതചരിത്രത്തിൽ വളരെയേറെ സ്വാധീനം ചെലുത്തുവാൻ മതങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്. സ്ത്രീകളെ സമൂഹത്തിന്റെ തിരശ്ശീലയ്ക്ക് പിന്നിലേക്ക് നിർത്താനായി മതങ്ങൾ വഹിച്ച പങ്ക് വളരെ വലുതാണ്.

പുരുഷാധിപത്യസമൂഹം തങ്ങളുടെ സ്ത്രീകൾ മത-പുരുഷ ആധിപത്യപരമായ അടിമത്തത്തിൻ കീഴിൽ ഒരുങ്ങിക്കഴിയണമെന്നു നിർബന്ധം പിടിക്കുന്നുണ്ട്. മാതൃകാ ഭാര്യയായി, മാതൃകാമാതാവായി, ഉത്തമ കുടുംബിനിയായി ജീവിക്കുക എന്നതാണ് സ്ത്രീയുടെ ധാർമിക ഉത്തരവാദിത്തമെന്ന കർമമാതൃകയുടെ ചട്ടക്കൂടിനുള്ളിലേക്ക് സ്ത്രീയെ തളയ്ക്കുന്നു. പുരുഷാധിപത്യസമൂഹം സ്ത്രീ അനുഭവിക്കേണ്ട ദുരിതാവസ്ഥ കളെ അവരുടെ സ്വാഭാവിക ജീവിതാവസ്ഥയായി കണക്കാക്കുന്നു. ഇത്തരം വ്യവസ്ഥാപിത ചുറ്റുപാടിൽനിന്ന് വഴിമാറി ജീവിക്കുന്നവരെ ക്രൂശിക്കാൻ സമൂഹം തയ്യാറാകുന്നുണ്ട്.

സ്ത്രീ ആത്മകഥയുടെ വിശകലനത്തിനു മുമ്പ് സമൂഹത്തിൽ സ്ത്രീയുടെ ആദ്യകാലപദവി എങ്ങനെയായിരുന്നുവെന്നും ഓരോ മതത്തിലും അവളെ അടയാള പ്പെടുത്തിയിരുന്നത് എങ്ങനെയായിരുന്നുവെന്നതും അറിയേണ്ടതുണ്ട്. സാഹിത്യത്തിൽ പ്രത്യക്ഷപ്പെട്ടത് ഓരോ സമൂഹത്തിലുമുള്ള വ്യത്യസ്ത മതങ്ങളിലെ സ്ത്രീ ജീവിത ങ്ങളെ ചിത്രീകരിച്ചുകൊണ്ടായിരുന്നു. അതിനാൽ ഓരോ മതത്തിലും സ്ത്രീയോടുള്ള സമീപനം എത്തരത്തിലുള്ളതായിരുന്നു എന്നറിയേണ്ടതാവശ്യമാണ്. സ്ത്രീ വിമോചന പ്രസ്ഥാനത്തിന് പാശ്ചാത്യസങ്കല്പമാണ് അടിസ്ഥാനമെങ്കിലും ഇവിടെ എത്തി വേരു പടർത്തിയ മതങ്ങളാണ് സ്ത്രീയുടെ സ്വാതന്ത്ര്യത്തിന് കൂച്ചുവിലങ്ങിട്ടതെന്ന് ചരിത്രം പരിശോധിച്ചാൽ മനസ്സിലാക്കാനാകും. നിയമങ്ങൾക്കും ഭരണഘടനയ്ക്കും മേലേ മത നിയമങ്ങൾ ഇന്ന് ആധിപത്യം നേടിയിട്ടുണ്ട്.

### 3.1.1 സ്ത്രീ ഹിന്ദുമതത്തിൽ

സ്ത്രീ ശബ്ദത്തിന്റെ ഉല്പത്തി 'സ്ത്രൃ' (വ്യാപിപ്പിക്കുക) എന്ന ധാതുവിൽ നിന്നാണ്. ജീവിതത്തിന്റെ അടിസ്ഥാനഭാവമായ സ്നേഹത്തെ സർവത്ര വ്യാപിപ്പിക്കുന്നവൾ എന്ന അർഥത്തിലാവാം സ്ത്രീ എന്ന് വിളിക്കപ്പെടുന്നത്. ഭാരതീയർ സ്ത്രീകളെ പൂജിക്കുന്ന ജനതയായിരുന്നു. മാതൃത്വമാണ് ഹിന്ദുശാസ്ത്രങ്ങൾ സ്ത്രീക്ക് നൽകിയ പദവി. മാതൃത്വത്തിനാണ് ഹിന്ദുദർശനത്തിൽ ഏറ്റവും കൂടിയ ഗുരുസ്ഥാനവും. അറിവിന്റെ ദേവത സ്ത്രീയാണ്. അവളിൽ നിന്നാണ് ജ്ഞാനവിജ്ഞാനങ്ങൾ പകർന്നുകിട്ടുന്നതും. നമ്മുടെ രാജ്യം ഭാരതമാതാവ് എന്നാണറിയപ്പെടുന്നത്. സ്ത്രീ പുരുഷ സമത്വ സങ്കല്പം പൂർണത കൈവരിക്കുന്നത് ഹിന്ദു സ്ത്രീത്വദർശനത്തിലാണ്. ഹിന്ദു ചിന്തയനുസരിച്ച് സ്ത്രീപുരുഷസമത്വത്തിന്റെ അടിസ്ഥാനവും കാരണവും ഒരേ ഈശ്വരീയശക്തി രണ്ടു തുല്യഭാഗങ്ങളായി ഭാഗിക്കപ്പെട്ടതാണ് സ്ത്രീയും പുരുഷനും എന്നതാണ് (അർധനാരീശ്വരസങ്കല്പം). പത്നി എന്ന വാക്കിന്റെ അർഥംതന്നെ 'പതിക്കു സമാനമായവൾ' എന്നാണ്.

പുരുഷദൈവങ്ങൾ ഭാര്യമാരുടെ പൂജനീയസ്ഥാനം മൂലം ഭാര്യയുടെ പേരുകൊണ്ടറിയപ്പെടുന്ന അവസ്ഥ ഭാരതീയസംസ്കാരത്തിന്റെ പ്രത്യേകതയാണ്. ഉമാപതി, രമാപതി, ഗൗരീശൻ, അംബികാപതി, മാധവൻ (മാ=ലക്ഷ്മി, ധവൻ - ഭർത്താവ്), ശ്രീപതി, തുടങ്ങിയവ ഉദാഹരണങ്ങളാണ്. കൂടാതെ രാധാമാധവൻ, രാധാകൃഷ്ണൻ, ലക്ഷ്മീനാരായണൻ, സീതാരാമൻ തുടങ്ങിയവയും സ്ത്രീ പ്രധാനമായ പുരുഷനാമങ്ങളാണ്. ആദ്യകൃതിയായ ഋഗ്വേദത്തിൽ സ്ത്രീക്ക് പൂജനീയ സ്ഥാനം നല്കിയിരുന്നു. ദേവീഭാഗവതം, മാർക്കണ്ഡേയ പുരാണത്തിലെ ദേവീമാഹാത്മ്യം, ബ്രഹ്മാണ്ഡ പുരാണത്തിലെ ലളിതോപാഖ്യാനം, ലളിതസഹസ്രനാമം, സരസ്വതി സ്തോത്രം, ദുർഗാസ്തവം തുടങ്ങിയവയും സ്ത്രീയുടെ പൂജനീയ സ്ഥാനം പ്രഖ്യാപിക്കുന്നു. പിതൃകേന്ദ്രിത വ്യവസ്ഥ പിന്തുടർന്നിരുന്ന പാശ്ചാത്യസംസ്കാരത്തിൽ നിന്നു ഭിന്നമായി സ്ത്രീ കേന്ദ്രിതമായ പ്രകൃതിസങ്കല്പവും സാമൂഹികഘടനയും ഇന്ത്യയിൽ നിലനിന്നിരുന്നു. വൈദികകാലഘട്ടം, ഉപനിഷത്ഘട്ടം, സ്മൃതികാലം, ഇതിഹാസകാലം

എന്നിങ്ങനെയുള്ള ഓരോ ഘട്ടത്തിലും സ്ത്രീ സ്വത്വത്തിന് ഭിന്നങ്ങളായ നിർവചനങ്ങ ളാണ് നൽകിയിരുന്നത്.

സ്ത്രീത്വത്തെ സംബന്ധിച്ച താത്ത്വികമായ നിർദ്ദേശങ്ങൾ കാണുന്നുണ്ടെങ്കിലും വൈദികകാലഘട്ടം മുതല്ക്കാണ് സ്ത്രീസംബന്ധിയായ അപചയം സംഭവിക്കുന്നത് ''വൈദികകാലഘട്ടം പിന്തുടർന്നിരുന്ന സമൂഹഘടനയ്ക്കു നിയമപരമായ പ്രാമാണ്യം നൽകിയത് മനുസ്മൃതിയാണ്'' (ഗോപിനാഥൻ നായർ, 2007:59). ''ഭർത്താവിന്റെ നിർദേശാ നുസരണം ജീവിക്കുവാൻ യത്നിക്കുന്നവൾ, ദുഷ്ടനും പരസ്ത്രീതത്പരനുമായ ഭർത്താവിനെ വിരോധമില്ലാതെ സേവിക്കുന്നവൾ എന്നിങ്ങനെയുള്ള സ്വഭാവമഹിമകൾ സൂക്ഷിക്കുന്നവരെയാണ് ഋഗ്വേദം പതിവ്രത എന്നു നിർവചിക്കുന്നത്'' (നമ്പൂതിരിപ്പാട്, 1986:1) നിർവചനത്തിൽ നിന്ന് സ്ത്രീയുടെ മഹനീയസ്ഥാനം പിന്നീട് നഷ്ടപ്പെട്ടുപോയ തിന്റെ സൂചനയാണ് ലഭിക്കുന്നത്.

*''പിതാരക്ഷതി കൗമാരെ ഭർത്താ രക്ഷതി യൗവനേ*

*പുത്രോരക്ഷതി വാർധക്യേ നസ്ത്രീ സ്വാതന്ത്ര്യമർഹതി. (മനുസ്മൃതി 9:3)*

കൗമാരത്തിൽ പിതാവും യൗവനത്തിൽ ഭർത്താവും വാർധക്യത്തിൽ പുത്രനും സ്ത്രീയെ സംരക്ഷിക്കണം. സ്ത്രീ സ്വന്തം ജീവസന്ധാരണത്തിന് വേണ്ടി വേല ചെയ്യാൻ ബാധ്യത പ്പെട്ടവളല്ല. അവളെ അച്ഛൻ, ഭർത്താവ്, പുത്രൻ ഇവർ പൂജിച്ചു രക്ഷിച്ചു വളർത്തണം എന്നാണ് മനുവിന്റെ മതം.

സ്ത്രീ സ്വതന്ത്രയായി ഇരിക്കാനോ അലസമായി നടക്കാനോ പാടില്ല. അവൾ ശക്തി സ്വരൂപിണിയാണ്. ഇവിടെയാണ് 'ന സ്ത്രീ സ്വാതന്ത്ര്യമർഹതി' എന്ന വാക്യത്തിന് മനു അർഥം കല്പിച്ചിട്ടുള്ളത്. സ്വതന്ത്ര്യ എന്നതുകൊണ്ട് ഇന്നത്തെ അർഥത്തിലുള്ള സ്വാതന്ത്ര്യമല്ല മനു അർഥമാക്കുന്നത്. ''ഏറ്റവും ശക്തിയുള്ള അവളെ വിലയില്ലാതെ വിട്ടുകൂടാ എന്നാണ് ഇവിടെ വിവക്ഷിതം. ജീവിതസന്ധാരണത്തിനുവേണ്ടി അച്ഛനോ ഭർത്താവോ പുത്രനോ സ്ത്രീയെ അതിനായി അലഞ്ഞു നടക്കുവാനോ അനുവദി ക്കാൻ പാടില്ല എന്നാണ് മനു പറയുന്നത്'' (ആത്മാനന്ദസ്വാമി, 1963:18).

വേദകാലത്തിനു ശേഷമുണ്ടായ ബുദ്ധമതം സ്ത്രീ പ്രാധാന്യവും പ്രാമാണ്യവും നൽകിയിരുന്നു. ബുദ്ധൻ സ്ത്രീകൾക്ക് ബുദ്ധസംഘത്തിൽ ചേരാൻ അനുമതി നൽകുകയും സ്ത്രീക്ക് തനതായ വ്യക്തിത്വം വികസിപ്പിക്കേണ്ടതിന്റെ ആവശ്യകത യെക്കുറിച്ച് ജനങ്ങളെ ഉദ്‌ബോധിപ്പിക്കുകയും ചെയ്തു. കുടുംബസങ്കല്പത്തെ എതിർത്തു കൊണ്ട് പുത്രനിലൂടെ മാത്രമാണ് മോക്ഷം എന്ന വിശ്വാസത്തെ എതിർക്കുകയും സ്ത്രീ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ചും ഭരണരാഷ്ട്രീയത്തിൽ സ്ത്രീക്ക് പ്രാതിനിധ്യം നൽകേണ്ടതിന്റെ അനിവാര്യതയെക്കുറിച്ചും ശ്രീബുദ്ധൻ വാദങ്ങൾ ഉന്നയിച്ചു. എന്നാൽ മാനസികമായ ബലഹീനതകൾ ആരോപിച്ച് ജൈനമതം സന്യാസിനിമാരെ അകറ്റിനിർത്തിയിരുന്നു. ചാതുർവർണ്യത്തിന്റെ ആരംഭം മുതൽക്കാണ് ജാതീയതയും ലൈംഗിക ഭിന്നതകളും പ്രകടമായി സമൂഹത്തിൽ പ്രത്യക്ഷപ്പെടുന്നത്.

### 3.1.2 സ്ത്രീ യഹൂദമതത്തിൽ

ആദാമിന്റെ വാരിയെല്ലിൽ ഒരെണ്ണം ഊരിയെടുത്താണ് ഹവ്വയെ അഥവാ ആദ്യത്തെ സ്ത്രീയെ ദൈവം സൃഷ്ടിച്ചതെന്ന് യഹൂദരും യഹൂദ ജന്യമതങ്ങളും ഉത്ഘോഷിക്കുന്നു. അതുകൊണ്ട് സ്ത്രീക്ക് പുരുഷനോളം പ്രബലതയുള്ളതായി അവർ കരുതുന്നില്ല. എങ്കിലും ജൂതമതം സ്ത്രീകൾക്ക് കൂടുതൽ സ്വാതന്ത്ര്യം അനുവദിച്ചിരുന്നു. ഹിന്ദുമതത്തെ പ്പോലെ സ്ത്രീത്വത്തിന് മാതൃത്വത്തിന്റെ പരിവേഷം ഈ മതക്കാർ കൊടുക്കുന്നു.

സോളമൻ ജ്ഞാനത്തെ സ്ത്രീരൂപത്തിലാണ് വിവക്ഷിച്ചിരിക്കുന്നത്. ''ജ്ഞാനം നേടുന്നവനും അറിവ് ലഭിക്കുന്നവനും ഭാഗ്യവാനാണ്. എന്തെന്നാൽ അതു കൊണ്ടുള്ള നേട്ടം വെള്ളിയേക്കാളും സ്വർണത്തേക്കാളും ശ്രേഷ്ഠമാണ്. അവൾ രത്ന ങ്ങളേക്കാൾ അമൂല്യമാണ്. നിങ്ങൾ കാംക്ഷിക്കുന്നതൊന്നും അവൾക്ക് തുല്യമല്ല. അവളുടെ വലതു കൈയിൽ ദീർഘായുസ്സും ഇടതുകയ്യിൽ സമ്പത്തും ബഹുമതിയും സ്ഥിതി ചെയ്യുന്നു. അവളുടെ മാർഗങ്ങൾ പ്രസന്നവും സമാധാനപൂർണവുമൊക്കെ യെങ്കിൽ അവളെ കൈവശപ്പെടുത്തുന്നവർക്ക് അവൾ ജീവന്റെ വൃക്ഷമാണ്;'' (സുഭാ ഷിതങ്ങൾ 3/13-18). സ്ത്രീത്വത്തിന് സോളമന്റെ കാലം തുടങ്ങി യഹൂദമതത്തിൽ ഉന്നതമായ പദവി ലഭിച്ചു. വിദ്യാദേവതയായി സരസ്വതിയെ പ്രതിഷ്ഠിച്ച പോലെ

യായിരുന്നു ജ്ഞാനത്തിന് സോളമൻ നൽകിയ സ്ത്രീരൂപം. സ്ത്രീകളെ അദ്ദേഹം ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തു.

അച്ഛനുള്ള അത്ര തന്നെ പദവിയും ബഹുമാനവും അമ്മയ്ക്കും അനുവദിച്ചു കൊടുക്കണമെന്ന് സോളമൻ അനുശാസിക്കുന്നു. ''മകനെ നിന്റെ പിതാവിന്റെ കൽപന കാത്തുകൊള്ളുക; മാതാവിന്റെ ഉപദേശം നിരസിക്കയുമരുത്. അവയെ നിന്റെ ഹൃദയത്തിൽ സദാ ഉറപ്പിച്ചുകൊള്ളുക; അവ നിന്റെ മുന്നിൽ ധരിക്കുക. നടക്കുമ്പോൾ അവ നിന്നെ നയിക്കും; കിടക്കുമ്പോൾ നിന്നെ കാത്തുകൊള്ളും; ഉണരുമ്പോൾ നിന്നെ ഉപദേശിക്കും. എന്തെന്നാൽ കല്പന ദീപവും ഉപദേശം പ്രകാശവുമാണ്. ശിക്ഷണത്തിന്റെ ശാസനകളാകട്ടെ ജീവന്റെ മാർഗവും'' (സുഭാഷിതങ്ങൾ 6/20–23). ഉപാധ്യായൻ, ആചാര്യൻ, അച്ഛൻ ഇവരെക്കാളെല്ലാം ആയിരം മടങ്ങ് ശ്രേഷ്ഠത്വം ഗുരുത്വംകൊണ്ട് മാതാവിനുണ്ടെന്ന ഭാരതീയ ദർശനം ഈ അവസരത്തിൽ സ്മരണീയമാണ്. സ്ത്രീത്വത്തിന്റെ ആചാരമര്യാദകളിൽ, അന്യമതങ്ങളിൽ വെച്ച് ഹിന്ദുമതവുമായി ഏറെ സാദൃശ്യം ജൂതമതം പുലർത്തുന്നു.

പഴയകാലഘട്ടത്തിൽ സ്ത്രീ അനുഭവിച്ചിരുന്ന ഉയർന്ന സാമൂഹ്യപദവി പിൽക്കാലത്ത് എവിടെയോ വെച്ച് നഷ്ടമാവുകയാണുണ്ടായത്. ധനവും ഭൂസ്വത്തും അവളുടെ നിയന്ത്രണത്തിലായിരുന്നു. സ്ത്രീകൾക്ക് പൊതുവിദ്യാഭ്യാസവും സാങ്കേതിക തൊഴിലുകളിൽ പരിചയവും അന്നുണ്ടായിരുന്നു. സ്ത്രീ പതിതയും ഉപഭോഗവസ്തുവും വിശ്വസിക്കാൻ പറ്റാത്തവളും ഒക്കെയായത് പിൽക്കാലത്തെ പുതിയ മതങ്ങളിലാണ്.

### 3.1.3 സ്ത്രീ ക്രിസ്തുമതത്തിൽ

സ്ത്രീ പാപിനിയാണെന്ന മുഖവുരയോടെയാണ് ബൈബിൾ ആരംഭിക്കുന്നതു തന്നെ. സ്ത്രീകളുടെ വിവാഹമോചനവും ഉപേക്ഷിക്കപ്പെട്ടവളുടെ പുനർവിവാഹവും ആദ്യകാലത്ത് ക്രിസ്തുമതം അംഗീകരിക്കുന്നില്ല. ''പരസംഗ നിമിത്തമില്ലാതെ ഭാര്യയെ ഉപേക്ഷിക്കുന്നവൻ അവളെ വ്യഭിചാരിണിയാക്കുന്നു. ഉപേക്ഷിച്ചവളെ പരിഗ്രഹിക്കുന്നവനും വ്യഭിചാരംചെയ്യുന്നു'' (മത്തായി 5/31, 32. മാർക്കോസ്സ് 9/43–48). എന്നു മത്തായിയുടെ സുവിശേഷം പറയുന്നു. പരസംഗം നടത്തുന്ന ഭാര്യയെ ഉപേക്ഷിക്കാൻ ക്രിസ്തു

മതം അനുവദിക്കുമ്പോൾ പരസ്ത്രീബന്ധം സ്ഥാപിച്ച സ്ത്രീജിതനായ പുരുഷനെ ത്യജിക്കാൻ സ്ത്രീക്ക് അനുവാദവും അവസരവും ക്രിസ്തുമതം നൽകുന്നില്ല. ക്രിസ്തുമതത്തിൽ സ്ത്രീക്ക് സ്വത്തവകാശമില്ല. മതനിയമത്തിന്റെ അഭാവത്തിൽ പിൽക്കാലത്താണ് ബ്രിട്ടീഷ് ഭരണകൂടം സ്ത്രീകൾക്ക് സ്വത്തവകാശം അനുവദിച്ചത്.

അമ്മയെ 'സ്ത്രീയേ' എന്ന് സംബോധനചെയ്യുന്ന ശൈലി ക്രിസ്തുമതത്തിന്റേതാണ്. ക്രൈസ്തവർ മറ്റു ചില പാശ്ചാത്യമതങ്ങളെപ്പോലെ സ്ത്രീകളെ പൂർണമായി അവഗണിക്കുകയും അടിമകളാക്കുകയും ചെയ്യുന്നില്ല. സ്വന്തമായി ജോലിയും വരുമാനവുമുള്ള സ്ത്രീകൾക്ക് സാമ്പത്തിക പരാധീനത കുറവാണെങ്കിലും സാമൂഹ്യസമത്വം ക്രിസ്തീയ സമുദായത്തിൽ കുറവാണ്.

സ്ത്രീ പുരുഷനു വേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടതെന്നാണ് ബൈബിളിൽ പറയുന്നത്.'' സ്ത്രീക്ക് ആത്മാവില്ലാത്തതിനാൽ കൊന്നാൽ പാവമില്ല. സ്ത്രീകൾ പുരുഷനുമേൽ മേലക്കോയ്മ നേടുമെന്ന ചിന്തമൂലം പുരോഹിതന്മാർ മതനിയമങ്ങൾകൊണ്ട് സ്ത്രീയെ അടിച്ചമർത്തി. ''സ്ത്രീയെ തൊടാതിരിക്കുന്നതാണ് മനുഷ്യനു നല്ലത്''. (ബൈബിൾ പുതിയ നിയമം, 1-ാം വാക്യം) മനുഷ്യർക്കിടയിൽ പാപം കടന്നുവരാൻ കാരണം സ്ത്രീയാകുന്നു, സ്ത്രീകളെ, സ്വന്തം പുത്രിമാരെ വിൽക്കുവാൻ പുരുഷന് ബൈബിൾ അനുവാദം നൽകുന്നു (ഉല്പത്തി 5:112, പുറപ്പാട് 21:17).

ജൂതരുടെ പരിശുദ്ധ സിനഗോഗിൽ സ്ത്രീക്ക് ഇരിക്കാൻ അനുവാദമില്ല. സ്ത്രീ അൾത്താരയിൽ വരുന്നത് അവർക്ക് അംഗീകരിക്കാനാവുന്നില്ല. സ്വർഗംപോലും ഇവിടെ പുരുഷകേന്ദ്രിതമാകുന്നു. ഒരു മതവും അതിന്റെ ആന്തരഘടനയിലേക്ക് സ്ത്രീക്ക് പ്രവേശനം നല്കുന്നില്ല. ക്രിസ്തുമതത്തിന്റെ സഭയുടെ തലപ്പത്ത് സ്ത്രീകൾക്ക് പ്രവേശനം നിഷിദ്ധമായിരുന്നു. നൂറ്റാണ്ടുകൾക്കുശേഷം ഈയടുത്ത കാലത്താണ് ആദ്യമായി സഭ ഒരു സ്ത്രീയെ പുരോഹിതയായി അവരോധിച്ചത് എന്നത് ക്രിസ്തുമതത്തിന് സ്ത്രീയോടുള്ള മനോഭാവം വ്യക്തമാക്കുന്നുണ്ട്.

### 3.1.4 സ്ത്രീ ഇസ്ലാം മതത്തിൽ

ലൈംഗികതൃപ്തിക്ക് മാത്രമായുള്ള സ്ത്രീ പുരുഷബന്ധമായി ഇസ്ലാം വിവാഹബന്ധത്തെ പരിമിതപ്പെടുത്തുന്നു. അടിമ-ഉടമ വ്യവസ്ഥയിൽ നിബദ്ധമായ ഒരു സാമൂഹികക്രമമാണ് ഇസ്ലാംമതം വിഭാവനംചെയ്യുന്നത് മുസ്ലീംമതത്തിന്റെ സ്വർഗം അഥവാ പരലോകം പുരുഷനുവേണ്ടി സ്ഥാപിച്ചതാണ്. സ്വർഗത്തിലും സ്ത്രീകളെ ഭൂമിയിൽ ഇസ്ലാംമതം സ്വീകരിച്ചു മരിച്ച പുരുഷന്മാരുടെ കേവലമായ ആസ്വാദനവസ്തുവായി പരിമിതപ്പെടുത്തിയിരിക്കുന്നു. സ്ത്രീവിമോചനം ഇഹത്തിലും പരത്തിലും ഇസ്ലാം അപ്രാപ്യമാക്കുന്നു. സ്വർഗസ്ഥയായ സ്ത്രീക്കുള്ള സൗകര്യവിവരണം ഖുറാനിൽ കാണുന്നില്ല. സ്ത്രീ പുരുഷസമത്വം എന്നൊരു ഭാവന ഇസ്ലാമിക മനസ്സിന് അതീതമാണ്.

സ്ത്രീകൾ ഭോഗവസ്തുവാണെന്ന് ഇസ്ലാംമതം അനുശാസിക്കുന്നു. പുരുഷന്റെ കൃഷിസ്ഥലമാണ് സ്ത്രീ. അവിടെ ചെന്ന് കൃഷിയിറക്കൽ പുരുഷന്റെ കടമയും ബാധ്യതയുമാണെന്നും പറയുന്നു. ''നിങ്ങളുടെ സ്ത്രീകൾ നിങ്ങൾക്ക് കൃഷിയിടമാകുന്നു. അതുകൊണ്ട് നിങ്ങളുടെ കൃഷി സ്ഥലത്ത് നിങ്ങൾ ഉദ്ദേശിച്ച ക്രമത്തിൽ പൊയ്ക്കൊള്ളുവിൻ. നിങ്ങൾക്ക് വേണ്ടി നിങ്ങൾ മുൻകൂട്ടി തയ്യാറാകുവിൻ. അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുവിൻ. നിശ്ചമായും നിങ്ങൾ അവനെ കണ്ടുമുട്ടുന്നവരാണെന്ന് അറിയുകയും ചെയ്യുവിൻ'' (ഖുറാൻ 2/221-223) സ്ത്രീ പുരുഷസമത്വം ഖുറാനിലില്ല. ഗർഭിണിയായ ഭാര്യയെയും പ്രസവിച്ചു കിടക്കുന്ന ഭാര്യയെയും ഉപേക്ഷിക്കാൻ ഇസ്ലാം നിയമത്തിൽ ഭർത്താവിന് അനുമതിയുണ്ട്.

ഒരു മുസ്ലീംമിന് നാല് ജീവിച്ചിരിക്കുന്ന ഭാര്യമാരെയും അസംഖ്യങ്ങളായ വെപ്പാട്ടിമാരെയും ഒരേ അവസരത്തിൽ ഉപയോഗിക്കുവാൻ വിശുദ്ധഗ്രന്ഥമായ ഖുറാൻ അനുമതി നൽകുന്നുണ്ട്. ''നിങ്ങൾക്ക് ശരീയത്ത് പ്രകാരം നാല് ഭാര്യമാരെ വിവാഹം ചെയ്യാം. അതിൽ ആരെ വേണമെങ്കിലം നിങ്ങൾക്ക് ഉപേക്ഷിക്കാം. അതിനനുസരിച്ച് നിങ്ങൾക്ക് നാല് നിലനിർത്താൻ പുതിയവളെ കെട്ടാം. സൗകര്യമുണ്ടെങ്കിൽ ഇഷ്ടമുള്ള വെപ്പാട്ടികളെയും നിങ്ങൾക്ക് വയ്ക്കാം. ഇതെല്ലാം ഭൂമിയിൽ ഇസ്ലാമിന് അനുവദിച്ച സുഖസൗകര്യങ്ങളാണ്. (ഖുറാൻ 25/25, 26.) ബഹുഭാര്യാത്വം അംഗീകരിക്കുന്ന

ഖുറാൻ ബഹുഭർത്തൃത്വം നിരോധിച്ചിട്ടുണ്ട്. വനിതകൾക്ക് വിവാഹമോചനത്തിന് അനുവാദം ഇല്ല എന്നതും വിവേചനത്തിൽ പ്രധാനമാണ്. സ്ത്രീയെന്ന മനുഷ്യ ജീവിയുടെ മാനസികവികാരങ്ങളും ആഘാതങ്ങളും പരിശുദ്ധ ഖുറാൻ വിലമതിക്കു കയോ പരിഗണിക്കുകയോ ചെയ്യുന്നില്ല.

''സ്ത്രീകൾക്ക് പുരുഷനെപ്പോലെ ഓർമശക്തിയും ബുദ്ധിയും ഇല്ലെന്ന് ഖുറാൻ കരുതുന്നു'' (ഖുറാൻ 2/282). ഇസ്ലാമിക ദാമ്പത്യബന്ധം ഫ്യൂഡൽവ്യവസ്ഥിതി യുടെ അവശിഷ്ടമാണ്.. ബഹുഭാര്യാത്വത്തെ അനാഥ സംരക്ഷണത്തിന്റെ പേരിലാണ് ഖുറാൻ ന്യായീകരിക്കുന്നത്. അതുകൊണ്ടുതന്നെ ബഹുഭാര്യാത്വത്തിനുവേണ്ടി ഇസ്ലാം മതം സ്വീകരിക്കുന്നവരും ഏറെയായിരുന്നു. പുരുഷനുള്ളതിന്റെ പകുതി മാത്രമേ സ്വത്തവകാശം സ്ത്രീക്ക് ഇസ്ലാം അനുവദിക്കുന്നുള്ളൂ.

മിഷണറിമാർ കൊണ്ടുവന്ന നവീകരണത്തിനും വിദ്യാഭ്യാസസമ്പ്രദായത്തിനും, ഒരു പരിധിവരെ മതത്തിന്റെ മാമൂൽ നിയമങ്ങളെ പ്രതിരോധിക്കാൻ കഴിഞ്ഞു. രാജാറാംമോഹൻറോയി തുടങ്ങിയവരുടെ ശ്രമഫലമായും ഇന്ത്യൻ സ്ത്രീകൾക്ക് നിരക്ഷരതയുടേയും അവഗണനയുടേയും കൂച്ചുവിലങ്ങിൽനിന്ന് സ്വതന്ത്രമാവാനുള്ള ഒരു മാർഗം തെളിഞ്ഞു.

ആത്മകഥ ഒരു പ്രത്യേക കാലത്തിന്റെ ചരിത്രംകൂടിയാണ്. അതുകൊണ്ട് തന്നെ അവ എഴുതപ്പെട്ട കാലത്തിന്റെ നിർമിതിക്കുള്ളിൽ വച്ച് വായിക്കപ്പെടേണ്ടതാണ്. എല്ലാ രചനകളും അതിന്റെ സാമൂഹ്യവും സാംസ്കാരികവും മതപരവുമായ കാല ഘട്ടത്താൽ സ്വാധീനിക്കപ്പെട്ടിരിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട ആത്മകഥകളെ വിശ കലനംചെയ്യുമ്പോൾ കഥാകാരികൾ സജീവമായിരുന്ന കാലഘട്ടത്തിന്റെ പ്രത്യേക തകൾ വിശദീകരിക്കേണ്ടത് ആവശ്യമാണ്. ഓരോ കാലഘട്ടത്തിലേയും സാമൂഹി കവും സാംസ്കാരികവും മതപരവും സാമ്പത്തികവുമായ പ്രത്യേകതകൾ എങ്ങനെ വ്യക്തിയെ സ്വാധീനിച്ചു എന്ന് ആത്മകഥകളിലൂടെ അവർ വ്യക്തമാക്കുന്നുണ്ട്.

### 3.1.5 മതങ്ങൾ ആത്മകഥകളിൽ

ആത്മകഥകളിൽ തെളിയുന്ന കേരളത്തിന്റെ ഒരു രാഷ്ട്രീയ - സാമൂഹിക - പരിതോവസ്ഥകളെ വിശകലനംചെയ്യുന്നതിലൂടെ കേരളത്തിന്റെ സാംസ്കാരികമായ പ്രത്യേകതകൾ എന്തെന്നും അക്കാലത്തെ സ്ത്രീജീവിതം എങ്ങനെ അടയാളപ്പെടുത്തപ്പെട്ടുവെന്നും അവർ വിശദീകരിക്കുന്നു.

ഗൗരിയമ്മ തന്റെ ആത്മകഥയിൽ അന്നുണ്ടായിരുന്ന മതപരമായ അവസ്ഥകൾ വിശകലനംചെയ്യുന്നുണ്ട്. അക്കാലത്ത് ഹിന്ദുസമൂഹത്തിലുണ്ടായിരുന്ന അയിത്തം, തീണ്ടൽ, തൊടീൽ തുടങ്ങിയ അനാചാരങ്ങൾമൂലം ചെറുപ്പക്കാർ നിരീശ്വരവാദികളായി മാറിയിരുന്നു. ക്ഷേത്രത്തിൽ പ്രവേശനമില്ലാത്തതിനാൽ അമിതമായ ദൈവ ഭക്തിപ്രകടനമോ നിത്യം അമ്പലങ്ങളിൽപ്പോയി തൊഴുകയോ ഉണ്ടായിരുന്നില്ല. നിരീശ്വരവാദികളായ ചെറുപ്പക്കാർ പ്രക്ഷോഭകാരികളുമായി മാറിയിരുന്നു. അക്കാലത്ത് ക്രിസ്ത്യൻസമുദായത്തിലും ഉന്നതവിദ്യാഭ്യാസം നേടിയ സ്ത്രീകൾ കുറവായിരുന്നു. വിദ്യാസമ്പന്നരായ യുവതികളെ വിവാഹം ചെയ്യുവാൻ ആരും പ്രത്യേകിച്ച് സുറിയാനി കത്തോലിക്കരായ യുവാക്കന്മാർ തയ്യാറായിരുന്നില്ല. അതുകൊണ്ട് കോളെജിലെ അധ്യാപികമാരെല്ലാം ഉന്നതവിദ്യാഭ്യാസം ലഭിച്ച കന്യാസ്ത്രീകളോ അവിവാഹിതരായ സ്ത്രീകളോ ആയിരുന്നു. സ്ത്രീ പുരുഷസമത്വം അന്നത്തെ സമുദായം അംഗീകരിച്ചിരുന്നില്ല. കുടുംബകാര്യങ്ങൾ നോക്കുക, പ്രസവം, കുട്ടികളെ വളർത്തൽ മുതലായവയായിരുന്നു സ്ത്രീകൾക്ക് കല്പിച്ചിരുന്ന ജോലികൾ. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തിൽപ്പോലും ആഭിജാത്യമുള്ള സുറിയാനി കത്തോലിക്കാ കുടുംബത്തിലെ സ്ത്രീക്ക് വസ്ത്രധാരണത്തിനുപോലും വിലക്കുകൾ കല്പിച്ചിരുന്നു.

ഇതിൽ നിന്നു ഭിന്നമായിരുന്നില്ല മുസ്ലീം സമുദായവും. കേരളത്തിൽ മുസ്ലീം പെൺകുട്ടികൾക്കു വിദ്യാഭ്യാസം ഓത്തുപള്ളിക്കൂടത്തിലോ വീട്ടിലോ ഉള്ളതു മതപഠനം മാത്രമായിരുന്നു. 1940-നോടെയാണ് പെൺകുട്ടികൾ സ്കൂളിൽ പോകാൻ തുടങ്ങിയത്. അവർ പുറംലോകത്ത് പോവുകയോ അവരെ തൊഴിലിനു വിടുകയോ

ചെയ്തിരുന്നില്ല. പൊതുചടങ്ങുകളിലും അന്യപുരുഷന്മാരുള്ളിടത്തും സ്ത്രീകൾക്കു വിലക്കായിരുന്നു. വീടിന്റെ പിൻഭാഗമായിരുന്നു സ്ത്രീയുടെ പ്രവർത്തനമേഖല. പള്ളികളിൽ ആദ്യകാലത്ത് സ്ത്രീകൾക്ക് പ്രവേശനം നിഷിദ്ധമായിരുന്നു. പുരുഷനോ ടൊപ്പം പ്രാർഥിക്കാനോ പുറത്തിറങ്ങി യഥേഷ്ടം നടക്കുവാനോ സ്ത്രീകൾക്ക് സാധ്യമാ യിരുന്നില്ല. പെൺകുട്ടികൾ സപത്നീമത്സരം അനുഭവിക്കുകയും പണത്തിനുവേണ്ടി വില്ക്കപ്പെടുകയും ചെയ്തു. ഹിന്ദുമതത്തിലും സ്ത്രീയുടെ അവസ്ഥ വ്യത്യസ്തമാകു ന്നില്ല. എങ്കിലും ഇതര സമുദായങ്ങളെ അപേക്ഷിച്ച് കൂടുതൽ സ്വാതന്ത്ര്യം ഹിന്ദു മതത്തിനുണ്ടായിരുന്നു. മതത്തിലും സമൂഹത്തിലും കുടുംബത്തിലും സ്ത്രീകൾ പ്രത്യേക നിയമങ്ങൾക്കകത്ത് വർത്തിച്ചിരുന്നു. ഉയർന്ന ജാതിയിൽപ്പെട്ട സ്ത്രീ കളേക്കാൾ സ്വാതന്ത്ര്യം താഴേക്കിട യിലുള്ളവർ അനുഭവിച്ചിരുന്നു.

അജിതയുടെ ആത്മകഥയിൽ മതപരമായ യാതൊരു പരാമർശവും കടന്നു വരുന്നില്ല. മാതാവ് ഒരു ബ്രാഹ്മണസ്ത്രീയായിരുന്നെങ്കിലും അവരുടെ കുടുംബം കമ്മ്യൂണിസ്റ്റ് ചിന്താധാരയെ പിന്തുടരുന്നവരായിരുന്നു. മതത്തിന്റെ യാഥാസ്ഥിതിക ചുറ്റുപാടിൽനിന്ന് അവർ പുറത്തു കടന്നിരുന്നതായി ആത്മകഥ സാക്ഷ്യപ്പെടുത്തുന്നു. മതപരമായൊരു അന്തരീക്ഷം വിനയയുടേയും ആത്മകഥയിൽ കാണുന്നുണ്ട്. നിത്യവും കുളിച്ച് അമ്പലത്തിൽപ്പോയി വരുന്ന വിനയ മതപരമായ വിശ്വാസങ്ങൾക്ക് പ്രാധാന്യം നൽകിയിരുന്നു.ഓരോരുത്തരുടേയും ആചാരങ്ങളും വിശ്വാസങ്ങളും അവർക്ക് ജീവിതത്തിന്റെ പ്രതിസന്ധി ഘട്ടങ്ങളെ തരണംചെയ്യാൻ സാധിച്ചിരുന്നു വെന്ന് അജിതയൊഴിച്ച് മറ്റ് മൂന്നുപേരും വ്യക്തമാക്കുന്നുണ്ട്.

കേരളത്തിന്റെ സാംസ്കാരികതയെ നിർണയിക്കുന്നതിൽ മതങ്ങൾക്ക് വളരെ പ്രാധാന്യമുണ്ട്. വിവിധ മതങ്ങൾ കേരളത്തെയും സ്ത്രീകളെയും എങ്ങനെ അടയാള പ്പെടുത്തിയിരുന്നുവെന്നും ഇവിടെ വിശദമാക്കുന്നുണ്ട്. എങ്കിലും മതം തങ്ങൾക്കൊരു പ്രശ്നമേ ആയിരുന്നില്ലെന്ന് ഈ ആത്മകഥാകാരികൾ വെളിപ്പെടുത്തുന്നുണ്ട്.

## 3.2 രാഷ്ട്രീയത്തിലെ സ്ത്രീ സാന്നിധ്യം

ഒഴിവാക്കപ്പെടൽ ഇന്ന് ഏതുമേഖലയിലും സർവസാധാരണമാണ്. തനിക്ക് പ്രതിയോഗിയായി വരുന്നവനെ, ശക്തനായവനെ, ചോദ്യംചെയ്യുന്നവനെ, അറിവു ള്ളവനെ അങ്ങനെ തന്റെ നിലനിൽപ്പിനു തടസ്സമാകുന്ന എന്തിനേയും വിദഗ്ധമായി ഒഴിവാക്കാൻ കേരളസമൂഹം അഭ്യസിച്ചുകഴിച്ചു. രാഷ്ട്രീയത്തിൽ ഈ ഒഴിവാക്കൽ വളരെ പ്രത്യക്ഷവും ശക്തവുമാണ്. കുതികാൽവെട്ടും വഞ്ചനയും പാർട്ടിയിൽ നിത്യ സംഭവങ്ങളായി. ഈ ഒരു സന്ദർഭത്തിൽ കേരളത്തിലെ വിവിധ രാഷ്ട്രീയപാർട്ടി കളിൽ സ്ത്രീകളുടെ പങ്ക് എന്തായിരുന്നു എന്ന അന്വേഷണം പ്രാധാന്യമർഹിക്കുന്നു.

### 3.2.1 ഇന്ത്യൻ നാഷണൽ കോൺഗ്രസ്

ഇന്ത്യൻ രാഷ്ട്രത്തിനു വേണ്ടി നിലകൊള്ളുകയും ഇന്ത്യൻ ദേശീയസ്വാതന്ത്ര്യ സമരത്തെ ഏകോപിപ്പിക്കുകയും സ്വാതന്ത്ര്യത്തിനുവേണ്ടി എല്ലാ വിഭാഗം ജനങ്ങളു ടേയും പിന്തുണ നേടുകയും ചെയ്ത ദേശീയമുന്നണിയായിരുന്നു ഇന്ത്യൻ നാഷണൽ കോൺഗ്രസ്. 1885 മുതൽ 1948 വരെ ദേശീയപ്രസ്ഥാനമായി അതു നിലനിന്നു. ഡബ്ല്യൂ. സി. ബാനർജി അതിന്റെ ആദ്യ അധ്യക്ഷനും ഏ. ഒ. ഹ്യൂം സ്ഥാപകനുമായിരുന്നു. മഹാത്മാഗാന്ധി കോൺഗ്രസ് നേതൃത്വം ഏറ്റെടുത്തതോടെ ഇന്ത്യൻ ജനതയേയും ദേശീയതയേയും പ്രതിനിധാനംചെയ്യുന്ന ജനകീയപ്രസ്ഥാനമായി കോൺഗ്രസ് മാറി. ഗോപാലകൃഷ്ണ ഗോഖലെ, ബാലഗംഗാധരതിലകൻ, ബിപിൻ ചന്ദ്രപാൽ, ലാലാ ലത്പത് റായ്, സുഭാഷ് ചന്ദ്രബോസ്, ജവഹർലാൽ നെഹ്റു, സർദാർ വല്ലഭായ് പട്ടേൽ, ഡോ. രാജേന്ദ്രപ്രസാദ്, സി. രാജഗോപാലാചാരി, ആചാര്യകൃപലാനി, ജയ പ്രകാശ് നാരായണൻ തുടങ്ങിയവർ കോൺഗ്രസ്സിന്റെ പ്രധാന നേതാക്കളായിരുന്നു.

ഇന്ത്യ സ്വാതന്ത്ര്യം നേടിയതോടെ കോൺഗ്രസ് പിരിച്ചുവിട്ട് ഒരു ലോക സേവാസംഘം രൂപീകരിക്കണമെന്നു ഗാന്ധിജി നിർദേശിച്ചു. എന്നാൽ അദ്ദേഹം രക്തസാക്ഷിയായതിനുശേഷം കോൺഗ്രസ് ഭരണഘടനയിൽ ഭേദഗതി വരുത്തു കയും കോൺഗ്രസ്സിനുള്ളിലെ മറ്റു കക്ഷികളേയും സംഘടനകളേയും പുറന്തള്ളി ക്കൊണ്ടു സാധാരണ രാഷ്ട്രീയകക്ഷിയായി മാറുകയും ചെയ്തു. അതോടെ കക്ഷി

രാഷ്ട്രീയ തത്പര്യമില്ലാത്ത ഗാന്ധിയന്മാർ സർവ സേവാസംഘം രൂപീകരിച്ചും കോൺഗ്രസ് സോഷ്യലിസ്റ്റുപാർട്ടികാർ സോഷ്യലിസ്റ്റു പാർട്ടി രൂപീകരിച്ചും സ്വതന്ത്ര മായി. ജാതിവ്യത്യാസങ്ങൾ, തൊട്ടുകൂടായ്മ, ദാരിദ്ര്യം, മതവംശ വിദ്വേഷങ്ങൾ ഇവ യെല്ലാം വെടിഞ്ഞ് ഇന്ത്യയുടെ സ്വതന്ത്ര്യത്തിനുവേണ്ടി പോരാടുകയും അതിനു വേണ്ടി പൊരുതുവാനുള്ള ഗാന്ധിജിയുടെ ആഹ്വാനവും അദ്ദേഹത്തെ ഇന്ത്യൻ സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിന്റെ മുന്നണിപ്പോരാളിയാക്കി മാറ്റി. 1948ൽ ഈ പ്രസ്ഥാനം ഇന്ത്യൻ നാഷണൽ കോൺഗ്രസ് പാർട്ടി, സർവസേവാസംഘം, സോഷ്യലിസ്റ്റു പാർട്ടി എന്നിങ്ങനെ മൂന്നായി പിരിഞ്ഞു.

കോൺഗ്രസ്സിനുള്ളിലെ ആദർശത്തിന്റെ പേരിലുള്ള പുനരേകീകരണത്തിന്റെ ഫലമായി സോഷ്യലിസ്റ്റ് പാർട്ടി ഉദയംചെയ്തു. കോൺഗ്രസിലെ ഇടതു പക്ഷക്കാർ എന്നറിയപ്പെടുന്ന സോഷ്യലിസ്റ്റുകാർ കമ്മ്യൂണിസ്റ്റ് തത്ത്വസംഹിതയിൽ വിശ്വസിച്ചി രുന്ന കോൺഗ്രസിലെ ഒരു പ്രബലവിഭാഗത്തിന്റെ സഹായത്തോടെ തങ്ങളുടെ ജന കീയാടിത്തറ ശക്തിപ്പെടുത്തി. 1930-കളുടെ അവസാനമായപ്പോഴേയ്ക്കും കോൺഗ്ര സിനുള്ളിലെ ഇടതുപക്ഷ വലതുപക്ഷങ്ങൾ തമ്മിൽ ചേരിതിരിവുണ്ടായി. പിന്നീട് കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി ഒന്നടക്കം കമ്മ്യൂണിസ്റ്റ് പാർട്ടിയോട് ചേരുകയും കേരളത്തിൽനിന്ന് ഈ പാർട്ടി തിരോധാനം ചെയ്യുകയും ചെയ്തു. ഈയൊരു സാഹ ചര്യം വിശദമായി ഗൗരിയമ്മ ആത്മകഥയിൽ അവതരിപ്പിക്കുന്നുണ്ട്.

### 3.2.2 കമ്മ്യൂണിസം

വർഗരഹിതമായ, ചൂഷണവിമുക്തമായ ഒരു സമൂഹം വിഭാവനംചെയ്യുന്ന രാഷ്ട്രീയതത്ത്വശാസ്ത്രമാണ് കമ്മ്യൂണിസം. തൊഴിലാളിവർഗ വിമോചനത്തിനുള്ള ഉപാധികളുടെ സിദ്ധാന്തമാണത്. വർഗരഹിത-രാഷ്ട്രരഹിതമായ സാമൂഹ്യവ്യവസ്ഥിതി ലക്ഷ്യംവയ്ക്കുന്ന ഒന്നാണത്. കമ്മ്യൂണിസ്റ്റ് വ്യവസ്ഥയിൽ ഉല്പാദനോപാധികളെല്ലാം പൊതു ഉടമസ്ഥാവകാശത്തിലായിരിക്കും. സാമൂഹിക വർഗം, ജാതി, മതം എന്നിവ യുടെ പേരിലുള്ള ചൂഷണം അവസാനിപ്പിക്കുക, സ്ഥിതി സമത്വം നേടിയെടുക്കുക മുതലായവയാണിതിന്റെ അടിസ്ഥാന തത്ത്വങ്ങൾ. സമ്പത്തുള്ളവനും ഇല്ലാത്തവനും

എന്ന കേവലം രണ്ട് വർഗമേ കമ്മ്യൂണിസ്റ്റ് വീക്ഷണത്തിൽ പ്രപഞ്ചസത്തയായി അവ ശേഷിക്കുന്നുള്ളൂ. അതിനപ്പുറമുള്ളതെല്ലാം അവർക്ക് അജ്ഞാതമാണ്.

കമ്മ്യൂണിസ്റ്റുപാർട്ടി ആരംഭത്തിൽ ജാത്യാചാരങ്ങൾക്കും സവർണാധിപത്യത്തിനുമെതിരെ ശക്തമായ നിലപാടാണ് സ്വീകരിച്ചിരുന്നതെങ്കിൽ അധികാരത്തിൽ എത്തിയതോടെ കീഴാളവിമോചനത്തിന്റെ കാഴ്ചപ്പാടുകളിൽ ഉറച്ച നിലപാടു സ്വീകരിക്കാൻ തയ്യാറാകാതെ വന്നു. കമ്മ്യൂണിസ്റ്റ് പാർട്ടികളിൽ ചേരുന്നതോടെ സാമുദായികത അവസാനിക്കും എന്ന ഒരു മിഥ്യാബോധ്യത്തിന്റെ ഫലമായി ധാരാളം ദളിതർ ഈ പാർട്ടിയിലേക്ക് വന്നുചേർന്നു. എന്നാൽ എല്ലാത്തരം വൈരുധ്യങ്ങളേയും അഭിമുഖീകരിച്ചുകൊണ്ടും സ്വയം നവീകരിച്ചുകൊണ്ടും തുറന്ന ആശയാവലികൾ നിർമിക്കപ്പെടേണ്ടതിനുപകരം സംഘടനാപരമായി ഒരു അടഞ്ഞ ലോകമാണത് സൃഷ്ടിച്ചത്. കോയ്മകൾക്കെതിരെ നടക്കേണ്ട ആന്തരികസമരങ്ങൾ നിർവീര്യമാക്കപ്പെട്ടു. ഭൂപരിഷ്കരണത്തോടൊപ്പം കീഴാള കോളനികളും സൃഷ്ടിക്കപ്പെട്ടു.

അധികാരത്തിന്റെ ഏതു മണ്ഡലത്തിലും ജാതി പ്രാവർത്തികമാകുന്നുണ്ട്. പാർട്ടി വ്യത്യാസമൊക്കെ ഉള്ളിലെ ജാതി ലിംഗ രാഷ്ട്രീയം മൂടിവയ്ക്കാനുള്ള ഉപാധികൾ മാത്രമാണ്. ''ജന്മനാ കമ്മ്യൂണിസ്റ്റുകാരനായ ഈഴവർ' ജാതിക്കെതിരെ എത്ര തന്നെ ശബ്ദിച്ചാലും ദലിതർക്കും ആദിവാസികൾക്കും മുന്നിൽ മേൽജാതി മനോഭാവക്കാരനാണ്. ഏതു ജാതിവിരുദ്ധനും സ്ത്രീകൾക്കു മുന്നിൽ പുരുഷമേധാവിയാണ്. ഈ ദൂഷിതവലയം ഭേദിക്കണമെങ്കിൽ അധികാരത്തിലും അഴിമതിയിലും പങ്കുപറ്റുകയല്ല, അവയെ മൗലികമായി എതിരിടുകയാണ് വേണ്ടത്. ''അയിത്തം എന്ന അധികാരവും അധികാരം എന്ന അയിത്തവും പരസ്പരം ആലിംഗനംചെയ്യുന്നതും കീഴാളജനതയെ നിരന്തരം കബളിപ്പിക്കുന്നതുമാണ് ഇന്ത്യൻ രാഷ്ട്രീയം'' (രവീന്ദ്രൻ, 2011:5).

''മിഷണറിമാർ തുടക്കമിട്ട, നാരായണഗുരുവിനെപ്പോലെയുള്ള നവോഥാന നായകർ പോഷിപ്പിച്ച, ജ്ഞാനപ്രകാശത്തെ സാർവത്രികമായി വിതരണം ചെയ്തു എന്നതാണ് കേരളത്തിന്റെ വികാസപരിണാമങ്ങളിൽ ഇടതുപക്ഷം നിർവഹിച്ച ഏറ്റവും മഹ

ത്തായ പങ്ക്. ഒരു ഇടവേളയിലെങ്കിലും അനാചാരങ്ങളും അന്ധവിശ്വാസങ്ങളും പൊതുജീവിതത്തിൽ നിന്ന് ഉച്ചാടനംചെയ്യപ്പെട്ടു'' (പരമേശ്വരൻ, 2011:21).

കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ വിപ്ലവകരമായ കാലഘട്ടം മെല്ലേ പാർലമെന്ററി തിരഞ്ഞെടുപ്പു രാഷ്ട്രീയത്തിലേക്കു കടന്നപ്പോൾ അവിശുദ്ധ കൂട്ടുകെട്ടുകളുണ്ടാക്കാനുള്ള പ്രവണതകൾ വർധിച്ചു വന്നു. വർഗീയമായും ജാതീയമായും സംഘടിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന പാർട്ടികളുമായി ചേർന്ന് മുന്നണികളുണ്ടാക്കി ഏതുവിധേനയും ഭരണത്തിൽ കയറുകയെന്ന പാതയിലേക്ക് വർഷങ്ങൾ കഴിയുംതോറും പ്രസ്ഥാനം വഴുതി വീണു തുടങ്ങി. വിട്ടുവീഴ്ചകളും ഒത്തുതീർപ്പുകളുമൊക്കെ ഇത്തരം ശക്തികളുണ്ടാക്കുമ്പോൾ അതിന്റെ ദൂരവ്യാപകമായ അനന്തരഫലങ്ങളെ കുറിച്ച് പാർട്ടി നേതൃത്വങ്ങൾ കണക്കിലെടുത്തില്ല. പാർട്ടിയുടെ നേതാക്കളുടെ സങ്കുചിത താത്പര്യങ്ങൾക്ക് വേണ്ടി പ്രസ്ഥാനത്തിന്റെ ദിശാബോധം സമൂലമായി മാറ്റി. ''കമ്മ്യൂണിസ്റ്റു പാർട്ടിക്കുപോലും ആദ്യകാലത്തേ ആദർശജീവിതവും മൂല്യബോധവും കൈമോശം വന്നിരിക്കുന്നു. ജനാധിപത്യപ്രക്രിയയിൽ ജനങ്ങളുടെ വിശ്വാസം നശിച്ചു കൊണ്ടിരിക്കുന്നു'' എന്ന് (ഗൗരിയമ്മ, 2010:7) ഗൗരിയമ്മ പ്രസ്താവിച്ചിട്ടുള്ളത് സത്യം തന്നെയാണ്.

ജനകീയ ചൈനയിലായിരുന്നു ചരിത്രത്തിലാദ്യമായി സ്ത്രീ പുരുഷ സമത്വം ഔപചാരികമായി അംഗീകരിച്ചതും നിയമം മൂലം ഫലത്തിൽ വരുത്തിയതും. കമ്മ്യൂണിസത്തിന്റെ അടിസ്ഥാന തത്ത്വശാസ്ത്രങ്ങൾ സ്ത്രീകളെപ്പറ്റി യാതൊന്നും പരാമർശിക്കുന്നതായി കാണുന്നില്ല. മനുഷ്യചരിത്രത്തിന്റെ വികാസപ്രക്രിയയിൽ മുതലാളിത്ത വ്യവസ്ഥിതിയുടെ പകരക്കാരനായി സ്ഥാപിതമാക്കാനുള്ള ഒരു സംവിധാനമായി കമ്മ്യൂണിസത്തെ അതിന്റെ ഉപജ്ഞാതാക്കളും പ്രയോക്താക്കളും സങ്കൽപ്പിച്ചു. തൊഴിലാളി പ്രശ്നങ്ങളിലല്ലാതെ സ്ത്രീ സമൂഹത്തിന്റേതായ യാതൊരു പൊതുപ്രശ്നവും അത് ചർച്ചചെയ്തതായി അറിയുന്നില്ല. കമ്മ്യൂണിസം ഒരു പുരുഷാധിപത്യസിദ്ധാന്തമാണ്. ഈ പരിതഃസ്ഥിതിയിൽ അവസരസമത്വം എന്ന അവരുടെ അവകാശവാദം പ്രായോഗികതയിലെത്തുന്നില്ല. അതുകൊണ്ട് മനുഷ്യരാശിയുടെ ഭൗതിക പുരോഗ

തിയുടെ ഉന്നതശ്രേണികൾ എത്തിപ്പിടിക്കാൻ സ്ത്രീക്ക് കമ്മ്യൂണിസ്റ്റ് സമൂഹത്തിൽ സാധ്യമല്ല.

ഇടതുയൂണിയനുകൾ സ്ത്രീത്തൊഴിലാളികളെ വ്യാപകമായി സംഘടിപ്പിച്ചുവെങ്കിലും സമരങ്ങളിൽ അവർ മുൻനിരപടയാളികളായിരുന്നെങ്കിലും നേതൃത്വത്തിലെത്തിയത് അവരിൽ വളരെ ചുരുക്കം ചിലർ മാത്രമാണ്. മുഖ്യധാരാ ഇടതുപക്ഷം സാമൂഹിക - സമരങ്ങളെക്കുറിച്ച് പോറ്റിപ്പുലർത്തുന്ന ധാരണകളധികവും കാലഹരണപ്പെട്ടവയും ജനാധിപത്യവിരുദ്ധസ്വഭാവമുള്ളവയുമാണ്. കേരളത്തിലെ ഇടുപക്ഷ സ്ത്രീസംഘടനകൾ വലിയ അംഗസംഖ്യയുള്ളവയാണെങ്കിലും പൊതുമണ്ഡലത്തിൽ താരമ്യേന നിശ്ശബ്ദരാണ്.

സാർവദേശീയ തൊഴിലാളിഭാവനയിൽ നിർമിക്കപ്പെട്ട ഇടതുപക്ഷ ഭാവനയിൽ ദളിതർ സാംസ്കാരിക മൂലധനമില്ലാത്ത പടയാളികളാണ്. ''തൊഴിലാളിവർഗം ഇന്ന് മറ്റു വിഭാഗമായി മുതലാളിമാർക്ക് കൂട്ടുനിൽക്കുന്നു'' (പ്രദീപൻ, 2011:39) എന്ന നിരീക്ഷണം പ്രസക്തമാണ്.

ജാതിവ്യവസ്ഥ നിലനിന്നിരുന്ന ചരിത്രഘട്ടത്തിൽ പ്രത്യക്ഷമായി ദലിത് കീഴാള വിഭാഗങ്ങളുടെമേൽ അയിത്തവും ജാത്യാചാരങ്ങളും അടിച്ചേൽപ്പിച്ചിരുന്നതിനെതിരെ ചെറുത്തുനിൽപ്പു നടത്തിയാണ് കേരളത്തിന്റെ രാഷ്ട്രീയചരിത്രം മുന്നോട്ടു പോയത്. വളരെ വിശാലമായ ഒരു സമത്വസങ്കൽപം ഉൾക്കൊള്ളുന്ന മാർക്സിയൻ ദർശനത്തിന്റെ സാംസ്കാരിക പ്രമേയം ഇന്ത്യയിലെ ഇടതുകക്ഷികളിൽനിന്നു ചോർന്നുപോയിട്ട് ദശകങ്ങൾ തന്നെയായിരിക്കുന്നു. 1980കളിൽ പാർട്ടിയുടെ ഉള്ളടക്കംലോപം സംഭവിക്കുകയും വിശ്വാസ്യതാ നഷ്ടപ്പെടുകയും വോട്ടിനും കാശിനും വേണ്ടി എന്തു ഒത്തുതീർപ്പിനും തയ്യാറാവുന്ന വിധമായി പാർട്ടിതന്ത്രം മാറി. കേരളത്തിന്റെ ഒരു പുതിയ ഇടതുപക്ഷത്തിന്റെ പ്രസക്തി വളരെ വലുതാണ്.

### 3.2.3 നക്സലിസം

ഇന്ത്യൻ കമ്മ്യൂണിസ്റ്റുപ്രസ്ഥാനത്തിലെ ചൈനാ-സോവിയറ്റ് പിളർപ്പിനു ശേഷം ഉരുത്തിരിഞ്ഞ തീവ്രകമ്മ്യൂണിസ്റ്റ് ഗ്രൂപ്പുകളാണ് നക്സലൈറ്റുകൾ. കേരളത്തിലെയും

ആദ്യകാല നക്സലൈറ്റുകൾ മാർക്സിസ്റ്റ്പാർട്ടിയിൽനിന്ന് പ്രത്യയശാസ്ത്രപരമായ ഭിന്നതകളാൽ പിരിഞ്ഞുപോന്നവരായിരുന്നു. ബംഗാളിലെ നക്സൽബാരി ഗ്രാമത്തിൽ തീവ്രഇടതുപക്ഷക്കാരുടെ നേതൃത്വത്തിൽ ആദിവാസികൾ ഭൂമിക്കുവേണ്ടി നടത്തിയ സമരമാണ് നക്സൽബാരി. കലാപത്തിൽ പങ്കെടുത്തവരെ നക്സലൈറ്റുകൾ എന്ന് വിശേഷിപ്പിക്കുകയും അതിനെത്തുടർന്ന് തീവ്രഇടതുപക്ഷ ആശയങ്ങൾ പ്രകടിപ്പിക്കുന്നവരെ പൊതുവിൽ നക്സലൈറ്റുകൾ എന്നും വിശേഷിപ്പിച്ചു വരുന്നു.

നക്സൽബാരി എന്ന സ്ഥലനാമം മൂലമാണ് നക്സലൈറ്റുകൾ എന്ന് ഇവർക്ക് പേരു വരാൻ കാരണമായത്. 1967–ലെ നക്സൽബരി പ്രക്ഷോഭത്തിൽ നിന്നുമാവേശമുൾക്കൊണ്ട് അറുപതുകളുടെ അവസാനത്തിൽ കേരളത്തിൽ നക്സൽ പ്രക്ഷോഭങ്ങൾ വ്യാപകമായി. നക്സലുകളുടെ സുവർണകാലഘട്ടമെന്ന് വിശേഷിപ്പിക്കുന്ന 1968–76 കാലയളവിലാണ് തലശ്ശേരി–പുല്പള്ളി, കുറ്റ്യാടി, കായണ്ണ പൊലീസ് സ്റ്റേഷൻ ആക്രമണങ്ങളും വിവിധ ജില്ലകളിൽ ജന്മികളെ കൊള്ളയടിക്കലും കൊലപാതകങ്ങളും നടന്നത്. അടിയന്തിരാവസ്ഥയെ അതിജീവിക്കുവാൻ നക്സൽപ്രസ്ഥാനത്തിനു കഴിഞ്ഞിരുന്നില്ല. ഭരണകൂടത്തിന്റെ കടുത്ത മർദനമുറകൾക്കു മുമ്പിൽ നക്സലൈറ്റ് പ്രസ്ഥാനം ചിന്നിച്ചിതറി.

അടിത്തട്ടിൽ കിടക്കുന്ന എല്ലാ വിഭാഗങ്ങളേയും സാമൂഹികമായി ഉയർത്തിക്കൊണ്ടുവരണമെന്ന കാഴ്ചപ്പാടാണ് നക്സലൈറ്റുകൾക്കുണ്ടായിരുന്നത്. നക്സലൈറ്റുകൾ സ്ത്രീയും പുരുഷനും ഒരുപോലെ വിമോചിക്കപ്പെടണമെന്നാണ് പറയുന്നത്. 60കളുടെ അവസാനത്തിലും 70കളിലും ശക്തമായി വന്ന നക്സൽബാരി പ്രസ്ഥാനം മതനിരപേക്ഷതയുടെയും ജനാധിപത്യത്തിന്റേതുമായ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനു സംഭവിച്ചുകൊണ്ടിരുന്ന പ്രത്യശാസ്ത്രപരവും രാഷ്ട്രീയവുമായ അപചയങ്ങളെ മറികടക്കാൻ ശ്രമിക്കുകയും ചെയ്തു. എന്തൊക്കെ അപാകതകളും പരമിതികളുമുണ്ടെന്നാലും ലോകവിപ്ലവപ്രസ്ഥാനങ്ങളുടെ ആവേശമുൾക്കൊണ്ടുകൊണ്ട് സാമൂഹ്യചിന്തയുടെ മണ്ഡലത്തിൽ പുതിയ ഉണർവുകൾ നൽകാൻ ഈ പ്രസ്ഥാനത്തനു സാധിച്ചു.

1968-മുതൽ നക്സൽബാരി സമരത്തെ അംഗീകരിക്കുന്ന നിരവധി ചെറുഗ്രൂപ്പുകൾ കേരളത്തിൽ രൂപംകൊണ്ടു. താൻ പോരിമയുള്ള നേതാക്കന്മാരാൽ നയിക്കപ്പെട്ടിരുന്ന ഇത്തരം ചെറുസംഘങ്ങൾക്ക് കാതലായ രാഷ്ട്രീയപ്രശ്നങ്ങളിൽ യോജിപ്പുണ്ടായിരുന്നില്ല. ആദ്യകാലത്ത് നക്സലൈറ്റുകൾ നടത്തിയ പ്രവർത്തനങ്ങളിൽ പലതും പരാജയമായിരുന്നു. അതിനാൽ എഴുപതുകളുടെ ആരംഭത്തിൽ കേരളത്തിലെ നക്സലൈറ്റ്പ്രസ്ഥാനം പ്രക്ഷീണമാവുകയും പ്രമുഖരായ നേതാക്കൾ ജയിലിലാവുകയും വർഗീസിനെപ്പോലെ ജനപിന്തുണയുള്ള നേതാക്കൾ കൊല്ലപ്പെടുകയും ചെയ്തു. നക്സലൈറ്റുകളുടെ അതിതീവ്രവാദപരവും നിരുത്തരവാദപരവുമായ നിലപാടുകൾ വർഗീസ് വധമുൾപ്പെടെയുള്ള ഭരണകൂട ഭീകരതയ്ക്കെതിരായ ജനാധിപത്യ പോരാടങ്ങൾക്ക് തടസ്സം സൃഷ്ടിച്ചിരുന്നു. കേരളത്തിൽ നക്സലിസത്തിന്റെ രാഷ്ട്രീയം വിജയിച്ചില്ലെങ്കിലും അതിന്റെ സാമൂഹ്യവും സാംസ്കാരികവുമായ പ്രത്യാഘാതങ്ങൾ സമൂഹത്തിൽ ഇന്നും പല ഭാഷ്യങ്ങളിൽ നിലനില്ക്കുന്നു.

ചരിത്രത്തിന്റെ നക്സൽപ്രസ്ഥാനവും അതുപോലുള്ള മറ്റു സമരങ്ങളും പാളിപ്പോയ കലാപമായിട്ടാണ് അറിയപ്പെട്ടതെങ്കിലും യഥാർഥത്തിൽ അതു പരാജയമായിരുന്നില്ല. അധീശവർഗത്തിന്റെ വമ്പിച്ച ആയുധശക്തിയെ വാരിക്കുന്തങ്ങൾകൊണ്ട് നേരിടാൻ ഒരുപിടി ആളുകൾ നടത്തിയ സായുധ കലാപങ്ങൾകൊണ്ട് രണ്ട് വലിയ ഫലങ്ങളുണ്ടായി. ദിനേശ് ബീഡിക്കമ്പനി തുടങ്ങിക്കൊണ്ട് സർക്കാർ തൊഴിലാളികളെ രക്ഷിക്കാൻ വഴിയൊരുക്കുകയും പുൽപ്പള്ളിയിലെ കൃഷിക്കാർക്ക് സർക്കാർ കൈവശമുള്ള ഭൂമിയുടെ പട്ടയം കൊടുക്കുകയും ചെയ്തു.

നക്സലിസത്തിലേക്ക് ആകർഷിക്കപ്പെട്ടവരുടെ ഉദ്ദേശ്യം ഇന്ത്യയിലെ ദരിദ്രരോട് പക്ഷംചേരുക എന്നതായിരുന്നു. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ഭരണഘടനയുടേയും നിയമവ്യവസ്ഥയുടേയും ശൈശവദിശയിൽ യുവജനങ്ങൾ തൃപ്തരായിരുന്നില്ല. ഈ സാഹചര്യത്തിൽ വളർന്നു വന്ന അനീതിയും അക്രമങ്ങളുമാണ് യുവജനങ്ങളെ നക്സൽപ്രസ്ഥാനത്തിലേക്ക് ആകർഷിച്ചത്. എന്നാൽ ഈ ലക്ഷ്യത്തെ പരാജയപ്പെടുത്തുന്ന വിധം ചില വൈരുധ്യങ്ങൾ പ്രസ്ഥാനത്തിലേക്ക് ആകർഷിക്കപ്പെട്ടവരിലു

ണ്ടായിരുന്നു. മധ്യവർഗക്കാരായ നക്സലൈറ്റ് ബുദ്ധിജീവികളുടെ ഉയർന്ന ധാർമിക ബോധവും വൈദേശികാന്തരീക്ഷത്തെ സ്വന്തം പശ്ചാത്തലത്തിലേക്ക് വിവർത്തനം ചെയ്യാനുള്ള അഭിവാഞ്ഛയും അനുദിന രാഷ്ട്രീയ നൂലാമാലകളിൽ കുടുക്കാതിരിക്കാനുള്ള ശ്രദ്ധയും അവരെ സാധാരണക്കാരിൽ നിന്നകറ്റി.

ഭരണകൂടം പൗരന്മാരുടെ അവകാശങ്ങൾ കവർന്നെടുക്കുമ്പോഴും അവരെ അന്യായമായി പീഡിപ്പിക്കുമ്പോഴുമാണ് സമൂഹത്തിൽ കലഹങ്ങളും അസ്വാസ്ഥ്യങ്ങളും രൂപംകൊള്ളുന്നത്. ഇതാണ് നക്സൽബാരി പ്രസ്ഥാനങ്ങളുടെ രൂപീകരണത്തിനു കാരണമായത്. അടിയാള വർഗത്തിന്റെ അവകാശ സംരക്ഷണത്തിനായി നടക്കുന്ന ആദ്യസമരമെന്ന പ്രതിച്ഛായയാണ് പില്ക്കാലത്ത് നക്സൽ പോരാട്ടങ്ങൾക്ക് കൈവന്നത്. അറുപതുകളിലും എഴുപതുകളിലും കേരളത്തിന്റെ രാഷ്ട്രീയത്തിലും മൗലികമായ മുഖം സമ്മാനിച്ച നക്സലൈറ്റു പ്രസ്ഥാനം ഇടതുപക്ഷത്തിന്റെ തീവ്രമായ ആദർശോജ്ജ്വല ദിനങ്ങൾ ചരിത്രത്തിൽ മന്ദാകിനി നാരായണന്റെയും അജിതയുടെയും പേരുകൾ കുറിച്ചിട്ടു.

നക്സലിസം കേരളജനതയുടെ ജീവരക്തവും പ്രതീക്ഷയും പ്രത്യാശയുമായി, യുവജനതയുടെ ചിന്തകളെ തിരിച്ചറിവുകളുടെ പുതിയ കാലഘട്ടത്തിലേക്കു കൊണ്ടുപോകുന്ന സമയമായിരുന്നു 1970-ലെ കേരളം. നക്സലിസ്റ്റ് പ്രസ്ഥാനത്തിൽ പ്രധാനപ്പെട്ട രണ്ടു സ്ത്രീ സാന്നിധ്യങ്ങൾ അജിതയും മന്ദാകിനി നാരായണനുമായിരുന്നു. അവരെ കൂടാതെ നക്സൽ വിപ്ലവപ്രസ്ഥാനത്തിൽ മുൻനിരയിലേക്ക് സ്ത്രീകളാരും തന്നെ കടന്നു വന്നിട്ടില്ല. വിപ്ലവപ്രസ്ഥാനത്തിനു ഊർജവും കരുത്തും നൽകി പിന്നണിയിൽ ധാരാളം ആദിവാസി സ്ത്രീകൾ പ്രവർത്തിച്ചിരുന്നുവെങ്കിലും അവർക്കു നേരിടേണ്ടി വന്ന പ്രത്യാഘാതങ്ങൾ കണ്ടാവണം മറ്റു സ്ത്രീകളാരും ഈ രംഗത്തേക്കു കടന്നുചെല്ലാതിരുന്നത്. പ്രസ്ഥാനത്തിൽ ഭാഗഭാക്കുകളാകുന്ന ആദിവാസി സ്ത്രീകൾ പോലും അതിക്രൂരമായി പീഡനത്തിനിരയായ അവസ്ഥയാണ് നമുക്ക് കാണുവാൻ കഴിയുന്നത്. വിപ്ലവത്തിനോട് ആഭിമുഖ്യവും ചായ്വും കാണിച്ച നിരവധി സ്ത്രീകൾ സമരമുഖത്തേക്ക് മനഃപൂർവം കടക്കാതിരുന്നതിനു കാരണം ഭരണകൂടത്തിന്റെ

ഭീകരമായ അടിച്ചമർത്തൽ ഭയന്നാണെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. വിപ്ലവ ത്തിലിറങ്ങിയ സ്ത്രീയുടെ അവസ്ഥയെന്തെന്ന് അജിതയുടേയും അമ്മയായ മന്ദാകി നിയുടേയും അനുഭവങ്ങൾ കാട്ടിത്തരുന്നു.

ഭൂപ്രഭുക്കന്മാരുടേയും ഭരണകൂടത്തിന്റേയും ദല്ലാൾ പോലീസിനോട് പ്രാകൃത മായ ആയുധങ്ങൾ ഉപയോഗിച്ച് ചെറുത്തുനില്ക്കുകയാണ് നക്സലുകൾ ചെയ്തത്. പ്രസ്ഥാനത്തിലുണ്ടായ ആശയഭിന്നതകളും പിളർപ്പും അവസരവാദികളുടെ കടന്നു കയറ്റവും അവരുടെ സ്വാർഥതകളും അതിനെ ഇല്ലാതാക്കി. വിപ്ലവത്തോട് കൂറുപുലർ ത്തിയിരുന്നവർ ഇത്തരമൊരു അവസ്ഥയിൽ അതിൽ നിന്നു പിന്മാറുകയുണ്ടായി. സാമൂഹിക അതിക്രമങ്ങൾക്കെതിരെ സായുധ വിപ്ലവം നയിച്ച കേരളത്തിലെ നക്സൽ പ്രവർത്തകർ ഇന്ന് പരിസ്ഥിതിപ്രവർത്തകരും സ്ത്രീ ശാക്തീകരണവേദികളിലും ഒതുങ്ങി കൂടിയിരിക്കുന്ന കാഴ്ചയാണ് കാണുന്നത്.

### 3.2.4 കേരള രാഷ്ട്രീയത്തിൽ സ്ത്രീകളുടെ പങ്ക്

കേരളത്തിന്റെ വിപ്ലവചരിത്രത്തിൽ പങ്കെടുത്ത പുരുഷന്മാരുടെ വീക്ഷണഗതി യിലും ചിന്തയിൽനിന്നും തികച്ചും വ്യത്യസ്തരായിരുന്നു സ്ത്രീകളുടെ വീക്ഷണ ഗതിയും ചിന്തയും. കേരളീയ വനിതകൾ സ്വാതന്ത്ര്യസമരത്തിനു മുൻപുതന്നെ രാഷ്ട്രീയരംഗത്തു പ്രവർത്തിച്ചിരുന്നു. ദേശീയപ്രസ്ഥാനത്തിന്റെ സ്വാധീന ഫലമായി മറ്റു പ്രദേശങ്ങളേക്കാൾ വിദ്യാഭ്യാസവും സ്വാതന്ത്ര്യവുമുള്ള കേരളീയ സ്ത്രീകളിലേക്ക് സമരാവേശം ആളിപ്പടരുകയും ധാരാളം സ്ത്രീകൾ രാഷ്ട്രീയരംഗത്തേക്കിറങ്ങുകയും ചെയ്തു.

അധികാരത്തിലെത്താനുള്ള ചവിട്ടുപടിയായിരുന്നില്ല, ജീവിതംതന്നെയായി രുന്നു അവർക്ക് പാർട്ടിപ്രവർത്തനം. പാർട്ടി ജനങ്ങളെ സേവിക്കാനുള്ള മാർഗമായി അവർ കണ്ടെത്തി. സമൂഹത്തിലെ ഉച്ചനീചത്വങ്ങളെ, അനാചാരങ്ങളെ, അസമത്വങ്ങളെ ഇല്ലാതാക്കാൻ അവർ ശ്രമിച്ചു.

സ്വാതന്ത്ര്യത്തിനു മുമ്പും ശേഷവും രാഷ്ട്രീയത്തിൽ സ്ത്രീകൾ സജീവമായി രുന്നു. രാജ്യസഭാംഗമായിരുന്ന അമ്മു സ്വാമിനാഥൻ അഖിലേന്ത്യാ വനിതാ സംഘ

ടന(AIWC)യുടെ സ്ഥാപകാംഗങ്ങളിൽ ഒരാളായിരുന്നു. പദ്മഭൂഷൺ നേടിയ ലക്ഷ്മി എൻ.മേനോൻ പാർലമെന്ററി സെക്രട്ടറി, വിദേശ വകുപ്പിന്റെ ഡെപ്യൂട്ടി മന്ത്രി, സഹ മന്ത്രി എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. തങ്കം രാമകൃഷ്ണൻ, കൗമുദി ടീച്ചർ, എ.വി. കുട്ടിമാളു അമ്മ, സി.കുഞ്ഞിക്കാവമ്മ, അക്കമ്മ ചെറിയാൻ, റോസമ്മ പുന്നൂസ്, ആനി മസ്ക്രീൻ, മെറ്റിൽഡ കല്ലൻ, കാർത്ത്യാനിയമ്മ, ഗ്രേസി, ആറോൺ, കമലം, സ്വർണകുമാരി, സുഗുണാബായി, ആമിനാ ഹാഷിം, ദേവകിയമ്മ, ഈശ്വരിയ മ്മാൾ, ഇ.അമ്മുക്കുട്ടിയമ്മ, ടി.സി. കൊച്ചുകുട്ടിയമ്മ തുടങ്ങിയവർ സ്വതന്ത്ര്യസമര ക്കാലത്ത് നിസ്തുലസേവനം അനുഷ്ഠിച്ചു. മദിരാശി നിയമസഭാംഗമായും മലബാർ കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റായും തെരഞ്ഞെടുക്കപ്പെട്ടിരുന്നു എ.വി.കുട്ടിമാളു അമ്മ.

1920കളുടെ ഒടുക്കത്തിൽ തിരുവിതാംകൂറിലും കൊച്ചിയിലും അഭ്യസ്തവിദ്യ രായ സ്ത്രീകൾക്ക് സർക്കാരുദ്യോഗങ്ങളിൽ സംവരണം ഏർപ്പെടുത്താനും നിയമ നിർമാണ സഭകളിലെ സ്ത്രീപ്രാതിനിധ്യം വർധിപ്പിക്കാനും സ്ത്രീകൾ സർക്കാരു കളോട് അഭ്യർഥിച്ചു. ഭരണരംഗത്ത് സ്ത്രീകൾക്ക് പ്രവേശനം ലഭിച്ചുതുടങ്ങിയത് 1935–നു ശേഷം പുതിയ ഭരണപരിഷ്കാരങ്ങൾ നടപ്പിലായതിനുശേഷമാണ്. 1973 മുത ലാണ് സ്ത്രീകളുടെ നിലയിൽ പുരോഗതിയുണ്ടായതും രാജ്യവ്യാപകമായി സ്ത്രീ മണ്ഡലങ്ങൾ ശക്തമായതും.

''സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം സ്ത്രീസമൂഹത്തിന് പ്രത്യേക പരിഗണനകൾ ലഭ്യമായി. ഒരുവശത്ത് പഞ്ചായത്തുകളിലും അർധ ഔദ്യോഗികപദവിയുള്ള സമിതി കളിലും സ്ത്രീകളെ നാമനിർദേശം വഴി ഭാഗഭാക്കുകളാക്കാൻ തുടങ്ങിയപ്പോൾ മറ്റൊരു വശത്ത് വിദ്യഭ്യാസമണ്ഡലത്തിലും ഔദ്യോഗികരംഗത്തും യോഗ്യതയുടെ അടി സ്ഥാനത്തിൽത്തന്നെ ധാരാളം സ്ത്രീകൾ പ്രവേശിച്ചു തുടങ്ങി'' (പാറുക്കുട്ടി, 1975:47).

മാർക്സിസ്റ്റ് ഭരണകാലത്ത് കൃഷി, റവന്യുവകുപ്പ് മന്ത്രി എന്ന നിലയ്ക്ക് വിപ്ലവ കരമായ പരിഷ്കാരങ്ങൾ പലതും വരുത്തിയ കെ.ആർ. ഗൗരിയമ്മ കേരളത്തിലെ മാർക്സിസ്റ്റ് – കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ അനിഷേധ്യനേതാക്കളിലൊരാളായിരുന്നു. ദേശാഭിമാനി പത്രത്തിന്റെ ആദ്യ വനിതാ ലേഖികയായ യശോദ ടീച്ചർ, സമരങ്ങളിൽ

ജാഗ്രതയോടെ പ്രവർത്തിച്ചിരുന്നു. കേരള അസംബ്ലി അംഗം, രാജ്യസഭാംഗം, മനുഷ്യാവകാശകമ്മീഷന്റെ ഇന്ത്യൻ പ്രതിനിധി, കേരളാ പ്രദേശ് ഫ്രണ്ടിന്റെ ചെയർപേഴ്സൺ എന്നീ നിലകളിൽ പ്രശസ്തയായിരുന്നു ലീലാ ദാമോധരമേനോൻ.

ക്വിറ്റ് ഇന്ത്യാ സമരകാലത്ത് കോഴിക്കോട് മുനിസിപ്പൽ കൗൺസിലിലെ വൈസ്ചെയർമാനും പിന്നീട് ആക്ടിംഗ് ചെയർമാനും ആയിരുന്നു മേരി കല്ലാട്ട്. ഐ.എൻ.എ.യുടെ സ്ത്രീകളുടെ സേനാവിഭാഗമായ റാണി റെജിമെന്റിന്റെ ക്യാപ്റ്റനായി നിയമിതയായത് ലക്ഷ്മി സൈഗാളാണ്. ആനിമസ്ക്രിൻ, ആനി തയ്യിൽ, ദാക്ഷായണി വേലായുധൻ, പാർവതി അയ്യപ്പൻ, ശാരദാകൃഷ്ണൻ, ഭാരതി ഉദയഭാനു, എം.ടി. പത്മ, സുശീലാഗോപാലൻ തുടങ്ങിയവർ രാഷ്ട്രീയത്തിൽ ഓരോ രീതിയിൽ ശ്രദ്ധേയമായ സാന്നിധ്യം വഹിച്ചവരാണ്.

''ഇടതുപക്ഷ പാർട്ടികളുടെ യാന്ത്രികവും കേവലവുമായ സ്ത്രീസ്വാതന്ത്ര്യ നിലപാടിന്റെ അനന്തരഫലമെന്നോണം, ഇതേ പ്രസ്ഥാനങ്ങളിൽ സജീവമായി പ്രവർത്തിച്ചുകൊണ്ടിരുന്ന സ്ത്രീകൾ വിപ്ലവപാർട്ടികളുടെ പിതൃപ്രാമാണിക ഘടനയെ തിരിച്ചറിയുകയും ചോദ്യംചെയ്യുകയും ചിന്തിക്കുകയും വേറിട്ടുനിൽക്കുകയും ചെയ്തതിന്റെ പരിസരമാണ് കേരളത്തിലെ സ്ത്രീവിമോചനചിന്തകൾക്ക് പ്രേരകമായത്'' (രശ്മി, 2008:39). 1950കളിൽ ഇന്ത്യയിലാകമാനം സ്ത്രീരാഷ്ട്രീയം ബഹുജനരാഷ്ട്രീയത്തിന്റെ അപ്രധാനാംശമായിത്തീരുകയും അത് പിന്നീട് ഒരു 'സാമൂഹ്യപ്രവർത്തന'മായി അധഃപതിക്കുകയും ചെയ്തു. കേരളത്തിലും അങ്ങനെയൊരു സ്ഥിതി വിശേഷമാണുണ്ടായിരുന്നത്.

''കേരളത്തിന്റെ രാഷ്ട്രീയചരിത്രം പരിശോധിച്ചാൽ കഴിവുറ്റ നിരവധി വനിതകൾ പല കാലങ്ങളിൽ ഉണ്ടായിരുന്നതായി കാണാം. അരനൂറ്റാണ്ടിലേറെയുള്ള കേരളത്തിന്റെ നിയമസഭാചരിത്രത്തിൽ നമുക്കുണ്ടായിട്ടുള്ള വനിതാമന്ത്രിമാർ. കെ.ആർ.ഗൗരിയമ്മ, എം.ടി. പത്മ, സുശീലാ ഗോപാലൻ, പി.കെ. ശ്രീമതി, പി.കെ. ജയലക്ഷ്മി എന്നിവരാണ്. എന്നാൽ അവരിൽ ആരും തന്നെ മുഖ്യമന്ത്രി പദവിയിലെത്തിയിട്ടില്ല. ഭരണനേതൃത്വമില്ലാഞ്ഞിട്ടോ കഴിവില്ലാഞ്ഞിട്ടോ അല്ല അവർ വെട്ടിമാറ്റി നിർത്തപ്പെട്ടത്.

പുരുഷലോകത്തിന്റെ ആധിപത്യമാണിതിന്നാധാരം. ''അഴിമതിക്കും അനീതിക്കുമെതിരെ ഒരു വികാരം, ഒരു ശക്തി ഓരോ സ്ത്രീയുടേയും ഉള്ളിലുണ്ട്. തുടങ്ങിവച്ചാൽ സ്ത്രീക്ക് പിന്മാറാനാവില്ല. അതുകൊണ്ട് അധികാരികൾ സ്ത്രീകളെ ഭയപ്പെട്ടു, അവർ അധികാരത്തിലെത്തുന്നത് നിരന്തരം തടുത്തു'' (ജോർജ്, 2012:21).

കേരളത്തിന്റെ സാമൂഹിക രാഷ്ട്രീയചരിത്രത്തിൽ സ്വന്തം വഴികൾ തേടിയ ചുരുക്കം ചില സ്ത്രീകൾക്ക് നേരിടേണ്ടിവന്ന പരീക്ഷണങ്ങൾ നിരവധിയായിരുന്നു. മേൽക്കോയ്മകൾക്ക് എതിരെ ശബ്ദമുയർത്തി മുന്നോട്ടുവന്ന അവർ എത്തിപ്പെട്ടത് വിധേയത്വത്തിന്റേയും ഒത്തുതീർപ്പിന്റേയും ഇടങ്ങളിലേക്കായിരുന്നു. ഇതിൽ ഉന്നത നീതി നിഷേധവും രാഷ്ട്രീയലാഭേച്ഛയുമുണ്ട്. സ്ത്രീകളെ പാർട്ടിയുടെ ആജ്ഞകൾ അനുസരിക്കുന്ന വെറുംപാവകളാക്കി മാറ്റുന്ന കാഴ്ചയാണ് സമകാലീന രാഷ്ട്രീയം കാണിച്ചുതരുന്നത്. ''അവർക്കുമേൽ തണൽ വിരിച്ചു നിൽക്കുന്ന അധികാര വ്യവസ്ഥ അവരിൽ നിന്നാവശ്യപ്പെടുന്നത് ചോദ്യങ്ങൾക്കു പ്രസക്തിയില്ലാത്തതരം വിധേയത്വമാണ്'' (കൃഷ്ണമോഹൻ, 2004:27). പാർട്ടി നിയന്ത്രണത്തിൽ സ്വയം ഭരിക്കാനുള്ള നിർണയാവകാശമില്ലാത്ത ഒന്നായി സ്ത്രീഭരണം മാറ്റപ്പെടുന്നു.

പാർട്ടി അധികാരഘടനയനുസരിച്ചു നിൽക്കുന്ന സ്ത്രീകൾക്കുമാത്രം പാർട്ടി അംഗത്വം നൽകിയപ്പോൾ, അല്ലാത്തവർക്ക് പുറത്തുനിന്ന് പ്രതിഷേധിക്കാം അല്ലെങ്കിൽ വ്യവസ്ഥയ്ക്ക് പിന്നിൽ അണിചേരാം എന്ന അവസ്ഥ വന്നിരുന്നു. ആ സമയത്ത് പാർട്ടിയിൽ അണിചേരാൻ വിസമ്മതിച്ച സ്ത്രീകളുടെ എണ്ണം എക്കാലവും വളരെ കുറവായിരുന്നു. അതുകൊണ്ടുതന്നെയാണ് ഇന്ന് രാഷ്ട്രീയത്തിലേക്കെത്തുന്ന വനിതകളിലാർക്കും തന്നെ ഒന്നിലും സ്വന്തമായൊരു തീരുമാനമെടുക്കാനോ സ്വന്തം അഭിപ്രായം പ്രകടിപ്പിക്കാനോ കഴിയാതെ വരുന്നത്. അതിൽ നിവൃത്തികേടും, ധർമ സങ്കടമുണ്ട്. അതിനെ എതിർക്കാനുള്ള ധൈര്യമില്ലായ്മയുണ്ട്. ഇന്നു രാഷ്ട്രീയ രംഗത്തെ സ്ത്രീയുടെ സാന്നിധ്യം കുറയുന്നതിന് കാരണം ഒരു വ്യക്തി എന്ന നിലയിൽ സ്ത്രീ തിരിച്ചറിയപ്പെടാതെ പോകുന്നതാണ്.

രാഷ്ട്രീയത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച നിരവധി വനിതാപ്രതിനിധികൾ നമു ക്കുണ്ട്. ആനിമസ്ക്രീൻ, എല്ലാ അധികാരസ്ഥാപനങ്ങളേയും വെല്ലുവിളിച്ച് പ്രസംഗ ത്തിന്റേയും പ്രവർത്തനങ്ങളുടേയും ഇടപെടലുകൾകൊണ്ട് ദിവാൻ ഭരണത്തിന്റെ ഉറക്കം കെടുത്തി. 1941–ൽ തിരുവിതാംകൂർ നിയമസഭയിലേക്ക് എതിരില്ലാതെ ജയിച്ചു കയറിയ ആനി ആരോഗ്യമന്ത്രിയായി. പിന്നീട് മന്ത്രിസഭാ പുനഃസംഘടനയെന്ന കുതന്ത്രം പ്രയോഗിച്ചപ്പോൾ അവർക്ക് സ്ഥാനം നഷ്ടപ്പെട്ടു.. അഴിമതിക്കെതിരെ പോരാടിയ അവർ പിന്നീട് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പിന്തുണയിൽ വൻഭൂരിപക്ഷത്തിനു ജയിച്ചുവെങ്കിലും പിന്നീട്ടുവന്ന തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടു. ''ഇതോടെയാണ് ആനി പൊതുരംഗത്തുനിന്ന് നിഷ്ക്രമിച്ചത്. ഔദ്യോഗിക രാഷ്ട്രീയത്തിൽ പിന്നീടു ണ്ടായ ഒറ്റപ്പെടലിന്റേയും അവഗണനയുടേയും അനുഭവങ്ങളാവാം ഇതിന് ആദ്യ പ്രേരണയായത്'' (അനിൽകുമാർ, 2011:277). കേരളത്തിലെ ആദ്യവനിതാ മന്ത്രി, ദക്ഷി ണേന്ത്യ യിൽ നിന്ന് പാർലമെന്റിലെത്തിയ ആദ്യസ്ത്രീ, ഭരണഘടനയുടെ കരടു രേഖയിൽ ഒപ്പിട്ട ഏക ദക്ഷിണേന്ത്യൻ സ്ത്രീ തുടങ്ങിയ പദവികളലങ്കരിച്ച ആനി ഒരു സവിശേഷ വ്യക്തിത്വത്തിന് ഉടമയായിരുന്നു. എന്നാൽ പിന്നീട് മാധ്യമശ്രദ്ധ പോലും ലഭിക്കാതെ തികഞ്ഞ ഒറ്റപ്പെടലിനിടെ അവർ മരിക്കുകയായിരുന്നു.

ഉന്നത നീതിപീഠത്തിലേക്ക് ഉയർത്തപ്പെട്ട കേരളത്തിലെ ആദ്യ വനിതയായ അന്നാചാണ്ടിയുടെ പൊതുജീവിതത്തിലേക്കുള്ള പ്രവേശനകാലത്ത് സമൂഹം അവരെ സ്വീകരിച്ചത് ലൈംഗികാപവാദങ്ങളോടെയാണ്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വ ത്തിലേക്ക് ഉയരുകയും പിന്നീട് പാർട്ടിയിൽനിന്നു തന്നെ പുറത്താക്കപ്പെടുകയും ചെയ്ത ഗൗരിയമ്മയും ഒരു ഇരയായിരുന്നു. പാർട്ടി സീറ്റിലേക്ക് പല തവണ വാഗ്ദാനം നൽകി കബളിപ്പിക്കപ്പെട്ട ആനി തയ്യിലും കേരളത്തിലെ സമരമുഖത്ത് വെടിയുണ്ടയ്ക്കു നേരെ നെഞ്ചുവിരിച്ചു കാണിച്ച അക്കമ്മ ചെറിയാനും ഫലം ഇതുതന്നെയായിരുന്നു. സുശീലാഗോപാലന് മുഖ്യമന്ത്രിപദം രണ്ടുവോട്ടിന്റെ കുറവിൽ നഷ്ടപ്പെടുത്തിയതും പാർട്ടി നേതൃത്വമായിരുന്നു. സി.കെ.ജാനു ഉപരിവർഗ വനിതയല്ലാത്തതു കൊണ്ട് ഇന്നും പടിക്കുപുറത്തുതന്നെയാണ്.

സ്വാതന്ത്ര്യസമരചരിത്രത്തിൽ ഉജ്ജ്വലമായ പ്രകടനം കാഴ്ചവച്ച 'കേരളത്തിന്റെ ത്സാൻസിറാണി' എന്നറിയപ്പെടുന്ന അക്കമ്മ ചെറിയാനും സ്വാതന്ത്ര്യം നേടിയതിനു ശേഷം മുഖ്യധാരാ രാഷ്ട്രീയത്തിൽനിന്നും അപ്രത്യക്ഷയായി. രാഷ്ട്രീയം മടുത്ത അവർക്ക് രാജ്യസേവനത്തിൽനിന്നും ലഭിച്ച അനുഭവങ്ങൾ കയ്പേറിയവയായിരുന്നു. സ്ത്രീകൾ സമരമുന്നിണിയിൽ നിൽക്കാൻ മാത്രം നിശ്ചയിച്ചിട്ടുള്ളവരാണ്. സമരവും ത്യാഗവും സ്ത്രീകൾക്കും സ്ഥാനമാനങ്ങൾ പുരുഷനും. അക്കമ്മയ്ക്കു വച്ചു നീട്ടിയ മന്ത്രിസ്ഥാനങ്ങൾ രണ്ടും ഓരോരുത്തർ തട്ടിപ്പറിച്ചുകൊണ്ടു പോവുകയാണുണ്ടായത്. ''രാജ്യസേവനത്തിൽ ഒരു തറവാട്ടിലെ അംഗങ്ങളെപ്പോലെ സ്നേഹത്തോടെ വർത്തിച്ചിരുന്നവർ സ്വാതന്ത്ര്യം കിട്ടിക്കഴിഞ്ഞപ്പോൾ അവരുടെ തനിനിറം കാട്ടുവാൻ തുടങ്ങി. മൃഗവാസനകൾ തുടർന്നു. തൻകാര്യക്കാരും വർഗീയ കോമരക്കാരുമായി മാറി. സമര സമയത്ത് സ്ത്രീകളെ മുൻപന്തിയിലേക്ക് തള്ളിവിട്ടവർ സ്ഥാനമാനങ്ങൾ വന്നപ്പോൾ, അവരെ തട്ടിമറിച്ചിട്ടുകൊണ്ട് മുന്നേറി'' (ചെറിയാൻ, 2011:177) എന്ന് ആത്മകഥയിൽ അക്കമ്മ എഴുതുന്നു. എന്തുകൊണ്ട് അവർ പാർട്ടിയിൽനിന്നു പിന്മാറി എന്നതിനും പാർട്ടി സ്ത്രീകളോട് എങ്ങനെ പെരുമാറിയിരിക്കുന്നു എന്നതിനും വ്യക്തമായ ഉത്തരം ആത്മകഥ നൽകുന്നുണ്ട്.

കുടുംബത്തിന്റെയും സമുദായത്തിന്റെയും കെട്ടുപാടുകൾ പൊട്ടിച്ചെറിഞ്ഞ്, അക്ഷരാർഥത്തിൽ കമ്മ്യൂണിസ്റ്റ് തീച്ചൂളയിലേക്കിറങ്ങി ഭീകരമർദനങ്ങളേറ്റു വാങ്ങിയ കൂത്താട്ടുകുളം മേരി, കമ്മ്യൂണിസം നിലവിൽ വന്നാൽ സ്ത്രീകൾക്കു സ്ഥിതിസമത്വം കൈവരുമെന്ന് വിശ്വസിച്ച നേതാവാണ്. എന്നാൽ കലാപങ്ങളുടെ ഇന്നലെകൾ പടുത്തുയർത്തിയ ഇന്നിന്റെ യാഥാർഥ്യങ്ങൾക്ക്, മുതലാളിത്ത-കമ്പോളമൂല്യങ്ങളോടാണ് കൂടുതൽ കൂറ് എന്ന സത്യത്തിനു മുന്നിൽ പകച്ചുനിൽക്കേണ്ടി വന്നു, ഒരു ജന്മം സാമൂഹികവിപ്ലവത്തിനായി ഉഴിഞ്ഞുവെച്ച അവരെപ്പോലുള്ളവർക്ക്.

സ്ത്രീകളുടെ വിപ്ലവരംഗം നിരീക്ഷിച്ചാൽ നമുക്കു ബോധ്യപ്പെടുന്ന വസ്തുത അതിൽ ഭൂരിഭാഗവും ഹിന്ദു-ക്രിസ്ത്യൻ സമുദായത്തിൽനിന്നു വന്നവരാണ് എന്നു കാണാം. ഹിന്ദുക്കളിൽ അവർണവിഭാഗത്തിൽപ്പെട്ട ധാരാളം സ്ത്രീകൾ വിപ്ലവരംഗത്ത്

ജ്വലിച്ചുനിന്നിരുന്നു. സാമൂഹികവും ജാതീയമായും വിവേചനം നേരിട്ട അവർ രാഷ്ട്രീയപര മായി ഒന്നിക്കുകയാണുണ്ടായത്. സവർണ സ്ത്രീകളാകട്ടെ വരേണ്യതയുടെ ജീർണത കളിൽ നിന്നു പുറത്തുകടക്കാൻ വിപ്ലവത്തെ ഉപയോഗിച്ചു. ഈ അവസ്ഥകൾ തന്നെ യായിരുന്നു ക്രിസ്ത്യൻ സമുദായത്തിൽപ്പെട്ട സ്ത്രീകളേയും വിപ്ലവത്തിലേക്കിറങ്ങാൻ പ്രേരിപ്പിച്ചത്. മുസ്ലീം സമുദായത്തിൽ മറ്റുള്ളവരെ അപേക്ഷിച്ച് വിപ്ലവപ്രാതിനിധ്യം വളരെ കുറവായിരുന്നു.

1957-ലെ കമ്മ്യൂണിസ്റ്റ് നിയമസഭയിലെ 127 അംഗസംഖ്യയിൽ ആറ് വനിതാ പ്രതിനിധികളാണ് ഉണ്ടായിരുന്നത്. 2006ൽ, 140 അംഗ നിയമസഭയിലാകട്ടെ സ്ത്രീ പ്രതിനിധികളുടെ എണ്ണം ഏഴ് മാത്രമായിരുന്നു. 1996ലെ കേരളനിയമസഭാചരിത്രത്തി ലായിരുന്നു 13 പേരടങ്ങുന്ന ഇന്നുവരെയുള്ള ഏറ്റവും കൂടിയ വനിതാപ്രാതിനിധ്യം ഉണ്ടായിരുന്നത്. സ്ത്രീ പ്രാതിനിധ്യം രണ്ടക്കമായി വർദ്ധിച്ച ഏക അവസരവും അതു മാത്രമായിരുന്നു. ഇന്നു വരെയുള്ള സ്ത്രീ രാഷ്ട്രീയചരിത്രത്തിൽ ഗൗരിയമ്മ മാത്ര മാണ് നിയമസഭാംഗമായി ഏറ്റവും കൂടുതൽ കാലം ഇരുന്നിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാമൂഹികബോധത്തെ തന്നെ വിപ്ലവകരമായി പരിവർത്തിപ്പിച്ച ഭൂപരിഷ്കരണശ്ര മങ്ങളുടെ ചുക്കാൻ പിടിച്ചത് ഗൗരിയമ്മയാണ്. എം.സി. ജോസഫൈൻ, എൻ.കെ. രാധ, സരോജിനി ബാലാനന്ദൻ, പ്രൊഫ. മീനാക്ഷി തമ്പാൻ, പ്രൊഫ. സാവിത്രി ലക്ഷ്മണൻ, കെ.സുജാത, കെ.കെ.ലതിക, കെ.കെ.ശൈലജ, ശോഭന ജോർജ്, ഷാനി മോൾ ഉസ്മാൻ, എം. കമലം, അഹല്യശങ്കർ, സിമി റോസ്ബെൽ ജോൺ, സിന്ധു ജോയി, സതീദേവി, കെ.പത്മജ മുതലായവർ ഇന്ന് കേരളരാഷ്ട്രീയത്തിൽ സജീവമാണ്. ഇവരെ ഓരോ പദവിക്കാരും അവരുടെ അനുദിന പ്രവർത്തനങ്ങൾക്ക് ഉപയോഗി ക്കുന്നു എന്നതിനപ്പുറം അവർക്കു പ്രസക്തി ഉണ്ടോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

''സ്വാതന്ത്ര്യാനന്തര നിയമനിർമാണസഭകളിൽ സ്ത്രീകളുടെ സവിശേഷ താൽപര്യങ്ങൾ ഉന്നയിക്കാനുള്ള ചുമതല പ്രത്യേക രാഷ്ട്രീയകക്ഷികളുടെ പ്രതിനിധി കളാണ് നിർവചിച്ചത്. വിദ്യാഭ്യാസത്തിന്റേയും വർഗത്തിന്റെയും ജാതിയുടെയുമൊക്കെ കടമ്പകൾ മറികടക്കാനാകാതെ സ്ത്രീരാഷ്ട്രീയം ഏതാണ്ട് ഇല്ലാതാവുകയും ചെയ്തു''

(ദേവിക, 2000:38). സ്ത്രീയെ സംബന്ധിച്ചിടത്തോളം അറിവിന്റെ മേഖലയുൾപ്പെടെ എല്ലാത്തിൽ നിന്നും അവൾ പുറന്തള്ളപ്പെടുവാനുണ്ടായ കാരണം അറിവിനെക്കുറിച്ചുള്ള ആധികാരികസങ്കല്പങ്ങൾ മാത്രമല്ല, സ്ത്രീയെക്കുറിച്ചുള്ള സാമ്പ്രദായിക സങ്കല്പങ്ങൾ കൂടിയാണ്.

"ഏറ്റവും പുരോഗമനപരമെന്ന് അവകാശപ്പെടുന്ന സിപിഎമ്മിൽപ്പോലും നയരൂപീകരണപ്രക്രിയയിൽ സ്ത്രീ പങ്കാളിത്തം നാമമാത്രമാണ്. സ്വകാര്യയിടമായ വീട്ടിലേക്ക് സ്ത്രീ പ്രാന്തവത്ക്കരിക്കപ്പെട്ടപ്പോൾ, സമൂഹത്തിന്റെ ഏറെ ഭാഗമുൾപ്പെടുന്ന പൊതുസ്ഥലം സ്ത്രീക്ക് അന്യമായി. രാഷ്ട്രീയം, കല, സാഹിത്യം തുടങ്ങിയ പൊതുസ്ഥല വ്യവഹാരങ്ങൾ പുരുഷഗുണമായും താത്പര്യങ്ങളായും മാറ്റപ്പെട്ടു. അങ്ങനെയാണ് ആധുനിക ഇന്ത്യയുടെ ദേശീയതാപ്രചോദനങ്ങളിലും മറ്റും സ്ത്രീ സാന്നിധ്യവും സ്ത്രീ നേതാക്കളും കാര്യമായി ഇല്ലാതെ പോയത്" (തോമസ്, 2011:128).

കേരളീയ അവസ്ഥയിൽ സ്ത്രീ സ്വത്വബോധം അനാവശ്യമായ ആഡംബരമാണെന്ന് പാരമ്പര്യത്തിന്റെ വക്താക്കളും അടിസ്ഥാനപരമായ ധാരാളം പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെയിരിക്കുമ്പോൾ സ്ത്രീത്വത്തിന്റെ സവിശേഷതകൾ ചർച്ചയ്ക്കെടുക്കുന്നത് നൈതികതയ്ക്കു നിരക്കുന്നതല്ലെന്ന യാഥാസ്ഥിതിക പുരോഗമന ചിന്തയും ചേർന്നാണ് കേരളത്തിന്റെ രാഷ്ട്രീയാന്തരീക്ഷം നിർണയിക്കുന്നത്. സ്ത്രീ സ്വത്വ സംരക്ഷണം അതിന്റെ ശരിയായ അർത്ഥത്തിൽ നടപ്പിലാക്കാൻ, നിയമം, സംസ്കാരം, തൊഴിൽ, വിദ്യാഭ്യാസം, ഭാഷ, സാഹിത്യം, ലൈംഗികത തുടങ്ങിയ സമസ്തമേഖലകളിലും സ്വാഭിപ്രായം രൂപീകരിക്കാനും നടപ്പാക്കാനും, വരുംതലമുറയേയും ഭൂമിയേയും മുൻനിർത്തിക്കൊണ്ടുള്ള വികസനനയം നടപ്പാക്കാനും നമ്മുടെ രാഷ്ട്രീയരംഗം സ്ത്രീകളാൽ സമ്പന്നമായേ തീരൂ.

സ്വാതന്ത്ര്യം ലഭിച്ചിട്ട് ഇത്ര കാലം പിന്നിട്ടിട്ടും സ്ത്രീ സ്വാതന്ത്ര്യമെന്നത് ഒരു പരിധിവരെ മരീചികയായി തുടരുകയാണ്. വനിതാസംഘടനയൊഴിച്ച് മറ്റൊന്നിലും തന്നെ നേതൃസ്ഥാനത്ത് സ്ത്രീകളില്ല. പുരുഷൻ ഭരിക്കേണ്ടവനും സ്ത്രീ ഭരിക്കപ്പെടേണ്ടവളുമാണെന്ന് പ്രബലമായ വിശ്വാസം വച്ചു പുലർത്തുന്ന കേരളീയ

സമൂഹം, ഇതിനു ബദലായി വരുന്ന ഏതു പ്രസ്ഥാനവും പ്രത്യയശാസ്ത്രവും മുള യിലേ തകർക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ആരോഗ്യപരിപാലനത്തിലും മാതൃശിശു സംരക്ഷണത്തിലും സ്ത്രീസാക്ഷരതയിലും ലോകോത്തര രാഷ്ട്രങ്ങളോടൊപ്പം നിൽക്കുന്ന കേരളത്തിൽ സ്ത്രീകൾ ഇനിയും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് വരേണ്ടതുണ്ട്.

### 3.3 സ്ത്രീ സാഹിത്യത്തിലും കലയിലും

കേരളത്തിലെ സ്ത്രീകളെ അടയാളപ്പെടുത്തുന്നതിൽ സാഹിത്യം, കല, വിവിധ സംഘടനകൾ, വിവിധമായ വിഷയങ്ങളിലെ സ്ത്രീ ഇടപെടലുകൾ തുട ങ്ങിയവയ്ക്ക് എത്രമാത്രം കഴിഞ്ഞിട്ടുണ്ടെന്നറിയുവാൻ ഇന്നുവരെയുള്ള സ്ത്രീരച നകളുടെ ചരിത്രത്തെയും സ്ത്രീജീവിതത്തെയും വിശകലനം ചെയ്താൽ മതി.

സ്ത്രീകൾ 'ന്യൂനപക്ഷ സമുദായ'ത്തിന്റെ പദവിയിലേക്ക് എന്തുകൊണ്ട് താഴ്ന്നു പോയി എന്ന അന്വേഷണത്തിൽ ഗബ്രിയേലാ ട്രീഡിച്ച് മൂന്നു പ്രധാനകാരണങ്ങൾ കണ്ടെത്തുന്നു. ''വർഗഅസമത്വം (സാമ്പത്തികസാഹചര്യം), പദവി (സാമൂഹ്യനില), രാഷ്ട്രീയകാരണങ്ങൾ. ഇവ മറികടന്നുവേണം ഏതൊരു സ്ത്രീക്കും താനും ഇവിടെ ജീവിക്കുന്നുണ്ടെന്ന് തെളിയിക്കാനും വിളിച്ചുപറയാനും'' (അനിൽകുമാർ, 2011:260).

ഒട്ടനവധി പ്രതിനിധാനങ്ങളിലൂടെ രൂപപ്പെടുകയും പ്രചരിക്കുകയും വേഷം, ഭാഷ, ചലനം തുടങ്ങിയവയാൽ നിർമിതമാകുകയും ചെയ്തിട്ടുള്ള, അധികാരചിഹ്നങ്ങളി ലൂടെ സാംസ്കാരിക അടയാളമായി ഉപയോഗിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒന്നാണ് സ്ത്രീ എന്ന മാതൃക. ''സിനിമയിലെന്നല്ല മറ്റ്, ഉന്നതമേഖലകളെന്ന് പറയുന്ന സാഹിത്യം, ചിത്ര-ശില്പകല, വിദ്യാഭ്യാസമേഖലകൾ എന്നു വേണ്ട, ജനപ്രിയ മാധ്യമങ്ങളെല്ലാം തന്നെ സ്ത്രീയെ 'സാംസ്കാരികമായ അടയാളം' (Sign of Culture) കണക്കെയാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്'' (ചന്ദ്രിക, 2002:46).

#### 3.3.1 സ്ത്രീ സാഹിത്യത്തിൽ

ആദ്യകാല മലയാളസാഹിത്യത്തിലെ സ്ത്രീ ബിംബങ്ങൾ പൗരുഷത്തെ ലോകകേന്ദ്രമായി സ്ഥാപിക്കുന്ന പ്രമേയത്തിന് ഉപോൽ ബലകമായിസൃഷ്ടിക്കപ്പെട്ടി

ട്ടുള്ളവയാണ്. സ്ത്രീയുടെ ജീവിതസാഫല്യം പുരുഷനോടുള്ള വിധേയത്വത്തിലൂടെയും ഒത്തുതീർപ്പിലൂടെയുമാണ് എന്നു വിധി കല്പിക്കുന്ന സാഹിത്യപാരമ്പര്യം പുരുഷലോകത്തിന്റെ സൃഷ്ടിയായിരുന്നു. അതിൽനിന്നും മാറി സഞ്ചരിച്ച സ്ത്രീകളെ സാഹിത്യത്തിലെ പുരുഷകേസരികൾ തേജോവധം ചെയ്തിരുന്നു. അതുകൊണ്ട് ആദ്യകാല എഴുത്തുകാരികൾ വ്യാജമായ ആൺനാമങ്ങൾ ഉപയോഗിച്ചാണ് സാഹിത്യരചന നടത്തിയിരുന്നത്.

സ്ത്രീസത്തയുടെ അനുഭവങ്ങൾ ആവിഷ്കരിച്ചുവെങ്കിലും സ്വയംബോധത്തിന്റെ വ്യതിരിക്തത അവർ ബോധപൂർവം പ്രകടിപ്പിച്ചിരുന്നില്ല. സരസ്വതിയമ്മയാകട്ടെ, സ്ത്രീകളനുഭവിക്കുന്ന കടുത്ത അസമത്വങ്ങൾക്കെതിരെ രൂക്ഷമായി ത്രികരിക്കുകയും സാമൂഹ്യവിമർശനം ലക്ഷ്യമാക്കി രചന നടത്തുകയും ചെയ്തു. ബൗദ്ധികമായ സൗഹാർദത്തിൽ ആൺ - പെൺ വ്യത്യാസമില്ലെന്നു വിശ്വസിച്ച സരസ്വതിയമ്മയുടെ കഥകളിൽ സ്ത്രീസത്തയുടെ പുരുഷസ്വരങ്ങളാണ് ഉയർന്നുകേട്ടത്. സ്ത്രീയുടെ അപൂർവമായ വ്യക്തിത്വങ്ങൾ പ്രതിഷ്ഠിച്ച മാധവിക്കുട്ടി സ്ത്രീവിമോചനം മാത്രമല്ല, സ്വാതന്ത്ര്യവും ഏകാന്തതയും അവഹേളനവുമൊക്കെ സ്ത്രീയെ എങ്ങനെ സ്വാധീനിക്കുന്നുവെന്നും രചനയിലൂടെ കാട്ടിത്തരുന്നു. സ്ത്രീരചനയുടെ വേറിട്ട ശബ്ദം മലയാളം കേട്ടത് മാധവിക്കുട്ടിയിൽ നിന്നാണ്.

അപരിചിതമായ അനുഭവങ്ങളെ പിടിച്ചെടുക്കുന്നതിനായി ഭാഷയെ ഒരു വെല്ലുവിളിയായി സ്വീകരിച്ച സാറാ ജോസഫ് പുരുഷാധിപത്യസമൂഹത്തിൽ നിലവിലിരുന്ന സ്ത്രീ വിരുദ്ധപ്രവണതകളെ വെല്ലുവിളിച്ചു. സാമൂഹികവും മനഃശ്ശാസ്ത്രപരവും സാംസ്കാരികവുമായി എല്ലാ പ്രത്യേകതകളേയും ആവാഹിച്ച് സ്ത്രീസ്വത്വത്തെ ആവിഷ്കരിക്കാൻ സാറാ ജോസഫിനു കഴിഞ്ഞു. പി.വത്സല, രാജലക്ഷ്മി, അഷിത, ഗ്രേസി, ചന്ദ്രമതി, മാനസി, സിതാര, പ്രിയ, സാവിത്രി രാജീവൻ, വിജയലക്ഷ്മി, റോസ്മേരി തുടങ്ങിയവരും സ്ത്രീസ്വത്വത്തിന്റെ വിഹ്വലതകളും നിസ്സഹായതയും ആവിഷ്കരിച്ചു.

ഏതു സംസ്കാരത്തിലായാലും സാഹിത്യം പൂർണമായും പുരുഷന്റെ അധീനത യിലായിരുന്നു. പുരുഷരചനകളായിരുന്നു സാഹിത്യത്തിലെ മുഖ്യധാര പുരുഷന്മാർ കയ്യടക്കി വച്ചിരുന്ന മേഖലയിലേക്കുള്ള സ്ത്രീയുടെ കടന്നുകയറ്റം ഒരു വെല്ലു വിളിയായിരുന്നു. മലയാള സാഹിത്യലോകത്തിന്റെ സ്ത്രീവിരോധത്തെക്കുറിച്ചു ലളിതാംബിക അന്തർജനം തന്റെ ആത്മകഥയിൽ എഴുതുന്നു. ''... ഇവിടേയും അവർ (സ്ത്രീകൾ) എന്നും സാഹിത്യത്തിൽ പട്ടികജാതി - പട്ടിക വർഗക്കാരായിരുന്നു. സാഹിത്യത്തോടടുക്കുവാൻ വിലക്കുണ്ട്. തീണ്ടലും തൊടീലുമുണ്ട്. അന്തസ്സും ആഭി ജാത്യവുമുള്ള കുടുംബങ്ങളിൽ സ്ത്രീകളുടെ ശബ്ദം പുറത്തു കേട്ടുകൂടാ എന്നാണു വിധി'' (ലളിതാംബിക  അന്തർജനം, 2010:55).

അധീശവർഗങ്ങളെ ചോദ്യം ചെയ്തപ്പോഴാണ് മലയാളത്തിലെ എഴുത്തു കാരികൾ വെല്ലുവിളിക്കപ്പെട്ടതും അവഹേളിക്കപ്പെട്ടതും. എന്നാൽ ഭജനപ്പാട്ടും കുമ്മിയും തിരുവാതിരയും പരിദേവനങ്ങളും മൃദുലപ്രേമവുമായി നടന്നപ്പോഴൊന്നും ആരു ഒന്നും പറഞ്ഞില്ല. സ്വന്തം ലൈംഗികതപോലും അധീശവർഗ താത്പര്യത്താൽ നിർണയി ക്കപ്പെടുന്നതു കണ്ടു കലാപത്തിനൊരുങ്ങിയപ്പോൾ അവരെ സമൂഹം കല്ലെറിഞ്ഞു.

പുരുഷാധിപത്യത്തെ നിശിതമായി വിമർശിച്ച സരസ്വതിയമ്മയെ പുരുഷവിദ്വേഷി യെന്നു പറഞ്ഞ് അകറ്റിനിർത്തി. രൂക്ഷമായ എതിർപ്പുകൾക്കും ഭീഷണിക്കും മുന്നിൽ നിശ്ശബ്ദയാക്കപ്പെട്ട രാജലക്ഷ്മിക്ക് രചനാസ്വാതന്ത്ര്യത്തിനുംവേണ്ടി ആത്മ ഹത്യചെയ്യേണ്ടി വന്നു. മാധവിക്കുട്ടിക്ക് എഴുത്തിന്റെ പേരിൽ ഭർത്സനങ്ങളും ഭീഷ ണികളും മാത്രമല്ല, ശാരീരികമായ അതിക്രമങ്ങൾ പോലും നേരിടേണ്ടി വന്നു. നമ്മുടെ സമൂഹം സ്ത്രൈണ യാഥാർഥ്യങ്ങളുടെ ആവിഷ്കാരത്തിനെതിരെ പുലർ ത്തുന്ന അസഹിഷ്ണുതയും മനോഭാവവും എന്തെന്ന് ഇത്തരം സംഭവങ്ങൾ വ്യക്ത മാക്കുന്നു.

### 3.3.2 ആദ്യകാലസ്ത്രീരചനകൾ

പുരുഷൻ എല്ലാത്തരത്തിലും സ്ത്രീകളെ അടിമകളാക്കി വച്ച സാഹചര്യ ത്തിൽ നിന്നാണ് സ്ത്രീവിമോചനപ്രശ്നങ്ങൾ ഉയർന്നുവന്നത്. സ്ത്രീകളിൽ നിന്നും

വിമോചനാഭിലാഷങ്ങളും ആത്മരോഷങ്ങളും നിഷേധങ്ങളും പല ഭാവങ്ങളിൽ പൊട്ടിപ്പുറപ്പെടുകയും പ്രധാനമായും സാഹിത്യം അതിനൊരു ഉപാധിയായി അവർ തിരഞ്ഞെടുക്കുകയും ചെയ്തു. കേരളത്തിലെ ആദ്യകാല സ്ത്രീ മാസികകൾ സ്ത്രീ വിമോചനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പ്രചരിപ്പിക്കുകയും, അവർ പുരുഷ സംസ്കാരത്തിന്റെ കാപട്യങ്ങളെ പരിഹസിക്കുകയും ചെയ്തു.

'സ്ത്രീ വിദ്യാഭ്യാസ ദൊഷനിഷെധം' എന്ന പേരിൽ 'വിദ്യാവിനോദിനിയിൽ (1897) എൻ.എ.അമ്മുക്കുട്ടിയമ്മ എഴുതിയ ഒരു ലേഖനമാണ് സ്ത്രീ വിമോചനവാദ ത്തിന്റെ ആദ്യപ്രകാശനം (1897:427). ഇതിനുശേഷം സ്ത്രീകളുടെ നേതൃത്വത്തിൽ, അവർ തന്നെ പ്രസാധകരായി നിരവധി സ്ത്രീ മാസികകൾ ജന്മമെടുത്തു. ഇവയിൽ ലക്ഷ്മീഭായി (1905), മഹിളാരത്നം (1916), മഹിള (1921), സഹോദരി (1925) മഹിളാ മന്ദിരം (1927), മലയാള മാസിക (1931), സ്ത്രീ (1933) എന്നിവ ശ്രദ്ധേയമായിരുന്നു.

പത്രമാസികകളെല്ലാം പുരുഷന്മാരുടെ അധീനതയിലായിരുന്ന ചരിത്രമാണ് സാഹിത്യത്തിൽ സ്ത്രീ വിമോചന പ്രശ്നങ്ങളുയർത്താൻ എഴുത്തുകാരികളെ പ്രാപ്തരാക്കിയത്. അങ്ങനെ ''മലയാള സാഹിത്യത്തിലെ സ്ത്രീ വിമോചനാശയ ങ്ങൾ കേരളീയ സമൂഹത്തിന്റെ സ്ത്രീ വിമോചന പാരമ്പര്യവുമായി കണ്ണി ചേർക്ക പ്പെടുകയാണുണ്ടായത്'' (രവീന്ദ്രൻ, 2010:31).

20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് മലയാളസാഹിത്യത്തിൽ ഒരു സ്ത്രീ പാരമ്പര്യം കണ്ടു തുടങ്ങുന്നത്. ബി.കല്യാണിയമ്മ, അമ്പാടി കാർത്ത്യായനിയമ്മ, ടി.സി. കല്യാണിയമ്മ, എം. ഭാഗീരഥി അമ്മ തമ്പുരാൻ, എം.സരസ്വതി ഭായി, വട്ടോളി അമ്മു അമ്മ, വി.മാധിവിയമ്മ, ചമ്പത്തിൽ ചിന്നമ്മു അമ്മാൾ തുടങ്ങിയാൽ ആദ്യ കാല കഥാകാരികളിൽ പ്രമുഖരായിരുന്നു. ''ഒരു സ്ത്രീതന്നെ എഴുതിയ മലയാള ത്തിലെ ആദ്യത്തെ സ്വതന്ത്രകഥ 1911-ൽ ഭാഷാപോഷിണിയിൽ എം.സരസ്വതിഭായി എഴുതിയ തലച്ചോറില്ലാത്ത സ്ത്രീകളാണ്'' (ബഷീർ, 2004:12). എന്നാൽ മലയാള ത്തിലെ ആദ്യ എഴുത്തുകാരി 'രാജപങ്കജം' (1901) എന്ന കഥയെഴുതിയ ടി.ബി. കല്ല്യാണിയമ്മയാണ്.

എൺപതുകൾവരെ സ്ത്രീപക്ഷ എഴുത്ത് എന്ന നിലയ്ക്ക് നമ്മുടെ ഇടയിൽ ചർച്ചചെയ്യപ്പെട്ടിരുന്നത് ചില പുരുഷ രചനകളായിരുന്നു. തൊണ്ണൂറുകളുടെ തുടക്ക ത്തിൽ ഈയവസ്ഥയ്ക്ക് മാറ്റം വന്നു. സാഹിത്യത്തിലെ പുരുഷാധിപത്യതന്ത്ര ങ്ങളെ വിശകലനം ചെയ്തുകൊണ്ട് ഇക്കാലത്ത് ഫെമിനിസ്റ്റ് വിമർശനം സജീവമായി. സാറാജോസഫിന്റെ എഴുത്തും അതിലെ ശക്തമായ രാഷ്ട്രീയനിലപാടുകളും പുരു ഷാധിപത്യ പ്രവണതകളെ ആദ്യം മുതൽക്കേ വിമർശിക്കുകയും ആദ്യകാല സ്ത്രീ രചനകളുടെ വീണ്ടെടുപ്പുകളിലൂടെ സ്ത്രീ വായനകൾ സജീവമാകുകയും ചെയ്തു. പുരുഷാധിപത്യപരമായി നിലനിൽക്കുന്ന കുടുംബത്തിനകത്തെ സ്ത്രീയുടെ നില, അമ്മ, സ്ത്രീ എന്നിങ്ങനെയുള്ള സ്ഥാനങ്ങളിലേ ആദർശവത്കരണത്തിന്റെ പൊളി ച്ചെഴുത്തുകൾ സ്ത്രീകളുടെ കാഴ്ചയിലെ വ്യത്യാസങ്ങൾ, സമൂഹം സ്ത്രീയെന്ന നിലയ്ക്കു നൽകുന്ന അനുഭവങ്ങളിലെ വ്യത്യാസങ്ങൾ എന്നിവയെല്ലാം ചോദ്യം ചെയ്യപ്പെട്ടു. സ്ത്രീയുടെ ശരീരത്തിനുമേലുള്ള നിയന്ത്രണങ്ങൾ ഉപഭോഗവസ്തുവെന്ന നിലയ്ക്കു മാത്രമുള്ള ലൈംഗികതാ ചിത്രീകരണങ്ങൾ, എന്നിവയെല്ലാം ചോദ്യം ചെയ്യുകയും പ്രതിരോധിക്കുകയും ചെയ്യുന്ന ശക്തമായ നിലപാടുകൾ അക്കാലത്തെ രചനകളിൽ പ്രബലമായിരുന്നു.

### 3.3.3 സ്ത്രീ നാടകത്തിൽ

മലയാള നാടകം ബഹുമുഖങ്ങളായ പ്രസ്ഥാനങ്ങളിലൂടെ കടന്നുപോയിട്ടാണ് ഇന്നത്തെ നിലയിലെത്തിയിരിക്കുന്നത്. ആദ്യ ഘട്ടത്തിൽ സംസ്കൃതനാടക സ്വാധീ നവും തുടർന്ന് തമിഴ് സംഗീതനാടക സ്വാധീനവുമായിരുന്നെങ്കിൽ പിന്നീട് സാമൂ ഹിക നവോത്ഥാനം ലക്ഷ്യമാക്കിയുള്ള ആശയപ്രചരണത്തിന്റെ സ്വാധീനവുമായി രുന്നു നാടകത്തെ മുന്നോട്ടു നയിച്ചത്. പിന്നീടാണ് ഇബ്സനിസ്റ്റു സങ്കേതത്തി ലേക്കും കച്ചവട നാടകങ്ങളിലേക്കും മലയാള നാടകം മാറുന്നത്. 1940–നുശേഷമാണ് മലയാളനാടകം അമേച്വർ എന്ന നിലയിൽനിന്ന് തൊഴിൽ നാടകവേദിയുടേയും കച്ചവടനാടകവേദിയുടെയും തലത്തിലേക്കു മാറിയത്. മൂന്നു തലത്തിലുള്ള നാടക ക്കൂട്ടായ്മകളാണ് കേരള നാടകവേദിയിൽ 1950കളുടെ അവസാനകാലം വരെ ഉണ്ടാ

യിരുന്നത്. ഒന്നാമത്തേത് നാടകതത്പരരും പണക്കാരും പ്രമാണികളുമായ ഒന്നോ രണ്ടോ പേരുടെ ഉടമസ്ഥതയിൽ ആരംഭിക്കുന്ന നാടകക്കമ്പനികൾ, രണ്ടാമത്തേത് നാടകവേദിയെ സാമൂഹികമാറ്റത്തിനായി ഉപയോഗിക്കാൻ ശ്രമിച്ചവരുടെ നേതൃത്വത്തിലുണ്ടായ നാടകക്കൂട്ടായ്മകൾ, മൂന്നാമത്തേത് മധ്യവർഗകുടുംബത്തിൽ നിന്നു വന്ന നാടകതൽപരരായ ആധുനിക വിദ്യാഭ്യാസം ലഭിച്ച ചെറുപ്പക്കാരുടെ നേതൃത്വത്തിൽ ആരംഭിച്ച അമേചർ നാടകസംഘങ്ങൾ. പുതിയ ലിംഗഭേദവിചാരങ്ങളോടെയുള്ള കേരളസമൂഹം രൂപപ്പെടുന്ന അതേ കാലയളവിലാണ് മലയാള നാടകവേദിയും രൂപപ്പെടുന്നത്. വീട്ടകം/പൊതുസ്ഥലം എന്നിവ പരസ്പരം ബന്ധപ്പെടുത്തി കേരളസമൂഹത്തിൽ ബൗദ്ധികചർച്ചകൾ ഗൗരവമായി നടന്നുതുടങ്ങുന്നതും ഇതേകാലത്താണ്.

ഇരുപതുകളിലെ സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളും അമ്പതുകളിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും നാടകത്തിൽ വൻവിപ്ലവങ്ങൾ ഉണ്ടാക്കി. വിപ്ലവാശയങ്ങളോടൊപ്പം സാമൂഹികജീവിതത്തിന്റെ രാഷ്ട്രീയവും നാടകത്തിൽ സമന്വയിപ്പിച്ചിരുന്നു. സാമൂഹികപ്രശ്നങ്ങൾ വിമർശനബുദ്ധിയോടെ അവതരിപ്പിക്കപ്പെട്ടു. സംഗീതത്തിന്റെ കാല്പനികതാളവും വൈകാരിക നാടകത്തിൽ ഇടംനേടി. നാടകം അമേചറിൽ നിന്ന് പ്രൊഫഷണലും കൊമേഴ്സ്യലുമായി മാറുന്നത് ഇക്കാലത്താണ്. ഗ്രാമീണ ജീവിതത്തിന്റെ കരുത്തും ഉൾത്തുടിപ്പും രംഗവേദിയിൽ അർഥപൂർണമായ ചലനങ്ങൾ സൃഷ്ടിച്ചു. ഒരു കാലത്ത് നാടകം ഒരു സമൂഹത്തെ ഒന്നാകെ നിയന്ത്രിക്കുന്ന ഒരു തലത്തിലുള്ളതായിരുന്നു. നാടകകൃത്തുക്കൾ ജനങ്ങളുടെ പ്രശ്നങ്ങൾ ഏറ്റെടുക്കുകയും നാടകത്തിലൂടെ അവർ ചരിത്രം സൃഷ്ടിക്കുകയും ചെയ്തിരുന്നു. സമൂഹത്തിന്റെ പിടച്ചിലായിരുന്നു അവർ തൂലികയിൽ പകർത്തിയത്.

1930 കളിലും 40 കളിലുമാണ് ഒട്ടനവധി സ്ത്രീകൾ നാടകാഭിനയത്തിനായി രംഗത്തെത്തിയത്. അവരിൽ പലരും ആധുനിക വിദ്യാഭ്യാസം ഉള്ളവരും സ്വന്തം താല്പര്യത്തോടെ ഈ രംഗത്ത് എത്തിയവരുമായിരുന്നു. അരങ്ങ് ഒരു പുതിയ തൊഴിൽമേഖല കൂടിയാവുന്നു. മലയാളിനടിക്ക് അഭിനയിക്കുവാൻ തക്കവണ്ണമുള്ള ഒട്ടനവധി സാമൂഹിക നാടകങ്ങൾ മലയാളനാടകവേദിയിൽ അരങ്ങേറുന്നത് ഈ കാല

ത്താണ്. എന്നാൽ ആൺ സ്ത്രീവേഷക്കാർ അപ്പോഴും അരങ്ങൊഴിഞ്ഞിരുന്നില്ല. പിന്നീടും രണ്ടു ദശവർഷക്കാലം അരങ്ങിൽ സ്ത്രീവേഷക്കാരും നടികളും സ്ത്രീ കഥാപാത്രങ്ങളെ മാറി മാറി അവതരിപ്പിച്ചു. മലയാളിയുടെ സാമൂഹികവും വൈയക്തികവുമായ ജീവിതാവബോധത്തിലുണ്ടായ ശക്തമായ വ്യതിയാനങ്ങളെ സാക്ഷ്യപ്പെടുത്തുന്നവ കൂടിയാണ് ഈ നാടകങ്ങൾ. കേരളത്തിൽ സാമൂഹികപരിവർത്തനത്തിനുപാധിയായി നാടകസങ്കല്പം രൂപപ്പെടുത്തുന്നതിൽ വലിയ പങ്കു വഹിച്ച ഒരാളാണ് വി.ടി.ഭട്ടതിരിപ്പാട്.

അറുപതുകളുടെ അവസാനഘട്ടത്തിൽ തനതു നാടകവേദി രൂപം കൊള്ളുന്നു. നാടകമെന്നാൽ കേവലം കുറിക്കുകൊള്ളുന്ന സംഭാഷണങ്ങളുടേയോ ലക്ഷ്യബോധമില്ലാത്ത ചലനങ്ങളുടേയോ കലയല്ലെന്നും അതിന്റെ രംഗവേദി, തലങ്ങൾ, പ്രസക്തി, പിന്നണിപ്രവർത്തനം തുടങ്ങിയ അവതരണ തലങ്ങൾകൂടി പരിഗണിച്ച്, ശിക്ഷണം നേടി പ്രയോഗിക്കേണ്ട കലയാണെന്നും ഉള്ള ചിന്ത ഇതിനു പ്രാരംഭം കുറിച്ചു. നാടകം പരീക്ഷണത്തിന്റെ തലത്തിലേക്ക് ഒതുങ്ങിപ്പോയതും ഇക്കാലഘട്ടത്തിലാണ്.

എഴുപതുകളിലാണ് കച്ചവടനാടകരംഗം പ്രതിസന്ധി നേരിടുന്നത്. വേണ്ടത്ര നാടകങ്ങളുടെ അഭാവവും സിനിമയുടെ സ്വാധീനവും ഇതിനു കാരണമായി. സിനിമയിലെ ചില നല്ല തലങ്ങൾ നാടകത്തിലേക്കാവാഹിക്കാനുള്ള ശ്രമം നാടകത്തെ പിന്നോട്ടു നയിച്ചു. കൂടാതെ ഫൈൻആർട്സ് സൊസൈറ്റികൾ സിനിമാപ്രദർശനങ്ങൾ വഴി ആസ്വാദകരെ മാറ്റിക്കൊണ്ടിരുന്നതും കച്ചവട നാടകത്തിനു വൻതിരിച്ചടിയായി. എൺപതുകളിലും അതിനുശേഷവും തെരുവുനാടകങ്ങൾ ഏറെ ശ്രദ്ധിക്കപ്പെട്ടു.

പഴയ നാടകപ്രസ്ഥാനത്തിൽ സജീവമായ പങ്കുവഹിക്കുകയും അതിന്റെ വളർച്ചയ്ക്കും വികാസത്തിനുംവേണ്ടി ഉജ്ജ്വലമായ സംഭാവനകൾ നൽകുകയും ചെയ്ത പ്രശസ്തരായ ധാരാളം നടികൾ മലബാറിലുണ്ട്. അവരുടെ അചഞ്ചലമായ കലാസപര്യ മലബാറിലെ നാടകപ്രസ്ഥാനത്തിന് വലിയ മുതൽക്കൂട്ടായി. അവർ നാടകാഭിനയം കലോപാസനയാക്കിയവരായിരുന്നില്ല. മറിച്ച് ജീവനോപാധിയാക്കിവരായിരുന്നു. പുരുഷൻ സ്ത്രീവേഷം കെട്ടി അഭിനയിച്ചിരുന്ന ആ കാലത്ത് ഒരു സ്ത്രീ

അരങ്ങത്തെത്തുന്നത് സാമൂഹ്യവ്യവസ്ഥയുടെ ലംഘനമായിരുന്നു. വിശക്കുന്ന വയ റിന്റെ പ്രത്യയശാസ്ത്രവുമായാണ് അവർ നാടകരംഗത്തെത്തിയത്. അവരിൽ പലരും ജീവിക്കാൻവേണ്ടി സ്വയം ഹോമിച്ചുകൊണ്ട് അന്നത്തെ സാമൂഹ്യവ്യവസ്ഥയെ വെല്ലുവിളിക്കാൻ നിർബന്ധിതരായവരാണ്. കലാസമിതിയുമായി ബന്ധപ്പെട്ടിരുന്ന പലരും തങ്ങളുടെ ഭാര്യമാരെയും സഹോദരിമാരെയും അരങ്ങത്തെത്തിക്കുവാൻ ശ്രമിച്ചി രുന്നു. ആ ശ്രമം അക്കാലത്തെ വിപ്ലവകരമായ ഒരു തുടക്കമായിരുന്നു. അത്തരം നാടക ങ്ങളാണ് പിൽക്കാലത്ത് അമച്വർ നാടകങ്ങൾക്ക് നാന്ദികുറിച്ചത്.

ഒരു കാലഘട്ടത്തിന്റെ ചരിത്രം രൂപപ്പെടുത്തുന്നതിൽ സമൂഹത്തിന്റെയോ വീടി ന്റെയോ വിലക്കുകൾ വക വെയ്ക്കാതെ നാടകരംഗത്തെത്തിയ നിലമ്പൂർ ആയിഷ യുടെ സംഭാവനകൾ വലുതാണ്. ശാന്താദേവി, കെ.പി.എ.സി. സുലോചന, സുമതി തുടങ്ങിയവർ നാടകരംഗത്ത് നിറഞ്ഞു നിന്നവരാണ്.

മലയാള നാടകവേദിയിലെ വർത്തമാനകാലത്തിലെ പ്രധാന സവിശേഷത, അതിലെ സ്ത്രീ സാന്നിധ്യമാണ്. നാടകരംഗത്ത് സ്ത്രീകൾ പൊതുവെ കുറവാണെ ങ്കിലും സംവിധാനരംഗത്തേക്ക് ചിലർ കടന്നുവന്നത് ശ്രദ്ധേയമാണ്. ശൈലജ, ശ്രീലത, സജിത മഠത്തിൽ എന്നിവർ നാടകരംഗത്തെ പ്രതിഭകളാണ്. ലേബർറൂം എന്ന നാടക മെഴുതിയ കെ.വി. ശ്രീജ നാടകത്തിലെ സ്ത്രീ പക്ഷത്തിന്റെ ആധുനികമുഖമാണ് കാണിച്ചു തരുന്നത്.

### 3.3.4 സ്ത്രീ ദൃശ്യമാധ്യമങ്ങളിൽ

മലയാള സിനിമയിൽ സ്ത്രീ എന്നും ഒരു ഉപഭോഗവസ്തുവായിരുന്നു. പുരുഷന്റെ പിന്നിൽ നിൽക്കുന്ന, അവന്റെ ആഗ്രഹങ്ങൾക്ക് സാഫല്യം നൽകുന്ന ബിംബം മാത്രമായിരുന്നു സ്ത്രീ. ഒന്നുകിൽ പതിവ്രത അല്ലെങ്കിൽ വേശ്യ എന്ന ദ്വന്ദ്വങ്ങൾക്കിടയിൽ മിക്കവാറും സ്ത്രീജീവിതങ്ങൾ അവതരിപ്പിക്കപ്പെട്ടു. നായകനെ ആരാധിച്ചു കഴിയുന്നവളോ നായകന്റെ ആഗ്രഹവസ്തുവോ ആണ് സ്ത്രീ കഥാപാത്ര ങ്ങളിലധികവും. ഒറ്റപ്പെട്ട അവകാശബോധമുള്ള സ്ത്രീകൾ ഇല്ല എന്നല്ല പല നില കളിൽ നമ്മുടെ പരമ്പരാഗത കാഴ്ചശീലങ്ങളോട് കലഹിച്ചിട്ടുള്ള ഇത്തരം കഥപാത്ര

ങ്ങൾ സിനിമയുടെ ആഖ്യാനങ്ങൾക്കകത്ത് മുഴുനീളകഥാപാത്രങ്ങളല്ല. പക്ഷേ, ഇന്ന് സ്ത്രീ അവതരണത്തിൽ മാറ്റം വരുന്നുണ്ട്. ശാലീനയായ, കന്യകയായ, പുരുഷന്റെ ഇഷ്ടാനിഷ്ടങ്ങൾക്കു വഴങ്ങി കുടുംബത്തിലൊതുക്കി ജീവിക്കുന്ന സ്ത്രീസങ്കല്പം തുടങ്ങിയ ധാരണകൾ പുതിയ സിനിമകൾ അട്ടിമറിക്കുന്നുണ്ട്. ലൈംഗികതയിൽ സ്വയം നിർണായവകാശമുള്ള സ്ത്രീകളേയും നമുക്കിന്ന് കാണാൻ കഴിയും. എങ്കിലും സിനിമയിൽ വലിയ ചലനങ്ങൾ ഉണ്ടായിട്ടില്ല. പുരുഷനെ കേന്ദ്രീകരിച്ചും ന്യായീ കരിച്ചുമാണ് എല്ലാ സിനിമകളും നിലനില്ക്കുന്നത്. ''പുരുഷന് സാമൂഹ്യവ്യവഹാരങ്ങ ളിൽ ഇടപെടാൻ അവസരമൊരുക്കിക്കൊണ്ട് എല്ലാ ബാധ്യതകളും ഏറ്റെടുക്കുന്ന സ്ത്രീജീവിതത്തെ അവഗണിക്കുകയും പുരുഷനോടൊപ്പം സമൂഹത്തിലേക്കിറങ്ങാൻ അവസരം ലഭിക്കാതെ മഹത്വവൽക്കരിക്കുകയും ചെയ്യുന്നതാണ് ഇന്നത്തെ സ്ത്രീ ചരിത്രത്തിന്റെ രീതി'' (ഹുസൈൻ, 2002:26).

അഭിനയത്തിന്റെ ലോകത്തിനപ്പുറത്ത് മലയാള സിനിമയിൽ പെൺസാന്നിധ്യം വളരെ വിരളമാണ്. ഈ രംഗത്തു നിലനിൽക്കുന്ന ലൈംഗികവും സാമ്പത്തികവുമായ ചൂഷണങ്ങൾ, അടിച്ചമർത്തലുകൾ എല്ലാം പരിഹരിക്കപ്പെടാതെ കിടക്കുന്ന പ്രശ്നങ്ങ ളാണ്. പരമ്പരാഗത ആൺനോട്ടങ്ങളും ആൺകോയ്മയിലധിഷ്ഠിതമായ കലാസങ്കല്പ ങ്ങളും രൂഢമൂലമായിരിക്കെ ഇത്തരം സംരംഭങ്ങളിൽ സ്ത്രീസ്വത്വത്തിന്റെ അടയാ ളപ്പെടുത്തൽ വളരെ അപൂർവമായേ സംഭവിക്കുന്നുള്ളൂ. ദൃശ്യമാധ്യമത്തിന്റെ വിവിധ മേഖലകളിൽ നിർമാതാക്കൾ, ചിത്രസംയോജകർ, അവതാരകർ, വാർത്താവായന ക്കാർ, സബ് എഡിറ്റർമാർ, റിപ്പോർട്ടർ എന്നിങ്ങനെ സ്ത്രീസാന്നിധ്യം വളരെയുണ്ടെ ങ്കിലും നയരൂപീകരണത്തിലും തീരുമാനമെടുക്കുന്ന ഇടങ്ങളിലും സ്ത്രീകൾക്കു പങ്ക് വളരെ കുറവാണ്. നിർമാണരംഗത്തും സ്ത്രീകളുണ്ടെങ്കിലും മിക്കവരും കുടുംബാം ഗങ്ങളായി പുരുഷന്റെ സംരംഭത്തിൽ പങ്കാളികൾ മാത്രമാണ്. ഇന്ന് നാമമാത്രമായി സംവിധാനരംഗത്തേക്ക് സ്ത്രീകൾ കടന്നുവരുന്നുണ്ട്.

മലയാള സിനിമയിൽ സ്ത്രീകളെ കേന്ദ്രപ്രമേയമാക്കിക്കൊണ്ട് ഇറങ്ങിയ ചിത്രങ്ങൾ കുറവാണ്. പഞ്ചാഗ്നി, ഒരു വടക്കൻ വീരഗാഥ, മങ്കമ്മ, കന്മദം, കണ്ണെഴു

തിപൊട്ടുംതൊട്ട്, 22 ഫീമെയിൽ കോട്ടയം, സൂസന്ന തുടങ്ങി ഏതാനും ചിത്രങ്ങളിലേ സ്ത്രീ പ്രധാന കേന്ദ്രകഥാപാത്രമായി വരുന്നുള്ളൂ. കൂടാതെ അദ്വൈതം, ദേവാസുരം തുടങ്ങിയ സിനിമകളിൽ സ്ത്രീ കഥാപാത്രങ്ങൾക്ക് പുരുഷകഥാപാത്രങ്ങൾ ക്കൊപ്പം പ്രാധാന്യം നൽകിയിട്ടുണ്ട്.

സിനിമയിൽ പുരുഷന് അനേകവർഷം നീണ്ടുനിൽക്കുന്ന അഭിനയസാധ്യ തയുള്ളപ്പോൾ നായികമാരുടെ അഭിനയജീവിതം ചുരുങ്ങിയ കാലത്തേക്ക് മാത്രമു ള്ളതാണ്. വിജയം നേടുന്ന മിക്കവാറും സിനിമകളും അവതരിപ്പിക്കുന്നത് സ്വന്തം സുഖവും സന്തോഷവും കുടുംബത്തിനും മക്കൾക്കും ഭർത്താവിനും വേണ്ടി ത്യജിച്ച് ത്യാഗിയായി കഴിയുന്ന ഭാര്യയെയാണ്. സ്ത്രീയെ മിക്കവാറും സിനിമയിലും പരസ്യത്തിലും കച്ചവടച്ചരക്കും വില്പനച്ചരക്കുമായാണ് പ്രദർശിപ്പിക്കുന്നത്. പുരു ഷൻ മാത്രമുപയോഗിക്കുന്ന ഉല്പന്നങ്ങളുടെ പരസ്യത്തിനുപോലും ഉപയോഗിക്കു ന്നത് സ്ത്രീശരീരമാണ്. ഏതൊരു കലയുടെ മേഖലയിലും പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളുടെ പങ്കാളിത്തം പരിമിതമാണ്, ചിത്രകലയിൽ പ്രത്യേകിച്ചും. ലോകത്തെ വിടെയുമുള്ള അവസ്ഥ ഇതുതന്നെയാണ്. ആധുനികകലയുടെ ആരംഭത്തിനപ്പുറ മുള്ള കാലയളവിലും ഈ സ്ഥിതിക്ക് കാര്യമായ മാറ്റമൊന്നും വന്നിട്ടില്ല.

മാധ്യമങ്ങൾ സ്ത്രീയെ പലമുഖങ്ങളിൽ പല ഭാവങ്ങളിൽ അവതരിപ്പിച്ചി ട്ടുണ്ട്. അച്ചടിമാധ്യമങ്ങളിൽ സ്ത്രീപക്ഷസമീപനം മിക്കവാറും വാരാന്ത്യപ്പതിപ്പിലെ ചുരുക്കം ചില പേജുകളായി ഒതുക്കുന്നു. എന്നാൽ ബലാൽസംഗം, പെൺവാണിഭം തുടങ്ങിയവയ്ക്ക് ഏറെ പ്രാധാന്യം നൽകുകയും ചെയ്യുന്നു. അവ ഏറെ പ്രോത്സാ ഹിപ്പിക്കപ്പെടുന്നു. അതിനു കാരണക്കാരായവരെ കുറ്റ വിമുക്തരാക്കി ഇരകളെ വേട്ടയാടുന്ന രീതിയാണ് മാധ്യമങ്ങൾ പൊതുവെ അവലംബിക്കുന്നത്. അതിനെ തിരെ ശബ്ദമുയർത്തുന്ന വ്യക്തികൾക്കും സംഘടനകൾക്കും അർഹമായ പ്രാധാന്യം അവർ കൊടുക്കുന്നില്ല. കലാ-സാഹിത്യമേഖലകളിലെ സ്ത്രീ സാന്നിധ്യത്തിന്റെ ഒരു സംക്ഷിപ്തരൂപമാണിവിടെ വിശദീകരിച്ചത്. സ്ത്രീ വിവിധ തലങ്ങളിൽ എങ്ങനെ അടയാളപ്പെടുത്തുന്നു എന്നതാണിവിടെ വ്യക്തമാക്കിയിരിക്കുന്നത്.

### 3.3.5 സ്ത്രീ സ്വാതന്ത്ര്യത്തിന്റെ വർത്തമാനകാല യാഥാർഥ്യം

സ്ത്രീകൾക്കു വീട്ടിലെ ഇടവും പുരുഷന്മാർക്ക് പൊതു ഇടങ്ങളും എന്ന നൂറ്റാണ്ടുകളായുള്ള കീഴ്‌വഴക്കത്തെ ബാഹ്യതലത്തിലെങ്കിലും അട്ടിമറിച്ചുകൊണ്ടാണ് സ്ത്രീകൾ തൊഴിൽമേഖലകൾ തേടിത്തുടങ്ങിയത്. വർധിച്ച ജീവിതച്ചെലവും ശാസ്ത്രസാങ്കേതിക മുന്നേറ്റങ്ങളുടെ ഫലമായി മെച്ചപ്പെട്ട സൗകര്യങ്ങളെക്കുറിച്ചുള്ള അറിവും ലഭ്യതയും അണുകുടുംബങ്ങളിൽ ഒരാളുടെ മാത്രം വരുമാനം അപര്യാപ്ത മാക്കിത്തീർത്ത സാഹചര്യത്തിലാണ് സ്ത്രീ തൊഴിൽരംഗത്തേക്കിറങ്ങുന്നത്. സ്ത്രീ ശാക്തീകരണമോ വ്യക്തിത്വവികസനമോ അല്ല ഇവിടെ പ്രേരകശക്തിയായത്.

പ്രതിസന്ധിയുടേതായ ഘട്ടങ്ങളിൽ അവർ പരിചയമില്ലാത്ത മേഖലകളിൽ പോലും തൊഴിൽതേടി ചെല്ലുകയും ഇങ്ങനെ ദാരിദ്ര്യത്തിനും പട്ടിണിക്കും പുറമേ കുടുംബജീവിതത്തിന്റെ അസ്വാരസ്യങ്ങളും വീട്ടുപണിയുടെ മടുപ്പിക്കുന്ന ചുമടും സ്ത്രീക്ക് ഒറ്റയ്ക്കു താങ്ങേണ്ടിവരുന്ന അവസ്ഥ ഉണ്ടാവുകയും ചെയ്തു. ജീവനു തന്നെ അപകടമുണ്ടായേക്കാവുന്ന സാഹചര്യങ്ങളിലേക്കും അപരിചിതമായ പ്രവാസ ജോലികളിലേക്കും സ്വയം പറിച്ചുനടാൻ സ്ത്രീകളെ പ്രേരിപ്പിച്ചിരുന്നത് ദാരിദ്ര്യ ത്തിന്റെ വീർപ്പുമുട്ടിക്കുന്ന അവസ്ഥയായിരന്നു.

ആധുനികതയുടെ കടന്നുവരവിൽ വ്യാപകമായി തകർച്ച നേരിട്ട പരമ്പരാ ഗത തൊഴിൽമേഖലയിലെ കുടുംബങ്ങളിൽ അതു മൂലം നേരിട്ട അസ്വാരസ്യങ്ങളും അസ്വസ്ഥതകളും ഏറ്റവും കൂടുതൽ അനുഭവിച്ചത് സ്ത്രീകൾ തന്നെയായിരുന്നു. ആധുനികതയും നഗരവത്കരണവും കുടുംബസംവിധാനവുമെല്ലാം സ്ത്രീജീവിത ത്തിന് അതിരുകൾ നിശ്ചയിക്കുന്നു.

ഇന്ന് സ്ത്രീ സ്വതന്ത്ര്യയാണ്, എല്ലാത്തരത്തിലും പുരുഷനോടൊപ്പം എത്താൻ കഴിഞ്ഞിരിക്കുന്നു എന്നു വാദിക്കുന്നത് വെറുതെയാണ്. കുടുംബമഹിമയോ അതിനു തക്ക പാരമ്പര്യമോ സാധാരണയിൽ കവിഞ്ഞ പ്രോത്സാഹനമോ ലഭിക്കാൻ 'ഭാഗ്യം' സിദ്ധിച്ച വിരലിലെണ്ണാവുന്ന സ്ത്രീകളെ ചൂണ്ടിക്കാട്ടിയാണ് സ്ത്രീകൾ വിമോചനം നേടിക്കഴിഞ്ഞിരിക്കുന്നു എന്നു സമൂഹം ആവർത്തിച്ചുറപ്പിക്കുന്നത്. സ്വന്തം നിശ്ച

ദാർഢ്യവും കഠിനാദ്ധ്വാനവും മൂലം ഉന്നത നിലയിലെത്തിയ സ്ത്രീകൾ ഇവിടെയു ണ്ടെങ്കിലും ഇവർ ഒറ്റപ്പെട്ട ഉദാഹരണങ്ങൾ മാത്രമാണ്. രാഷ്ട്രീയപാർട്ടികളിലെ ഉന്ന താധികാരസ്ഥാപനങ്ങളിലും സർക്കാരിലും സ്ത്രീകളുടെ പ്രവേശനം സാധ്യമാ ക്കുന്ന തരത്തിൽ ശ്രമങ്ങൾ നടക്കുന്നുവെന്നതിന്റെ പ്രതിഫലനങ്ങളല്ല അവർ.

ആത്മാന്വേഷണത്തിന്റെ ഭാഗമായി തൊഴിലിനെ കാണാൻ അവസരമുള്ള വളരെ ക്കുറച്ചു സ്ത്രീകളേ നമ്മുടെ നാട്ടിലുള്ളൂ. ഭൂരിഭാഗത്തിനും അത് ഉപജീവനമാർഗം മാത്രമാണ്. മധ്യവർഗസ്ത്രീകൾക്ക് കുടുംബത്തിന്റെ ഉപഭോഗരീതികളെ തൃപ്തി പ്പെടുത്താനുള്ള വരുമാനമാർഗമാണത്. പുരുഷന്റെ തട്ടകത്തിൽ ധൈര്യപൂർവം കടന്നു ചെന്ന് മാറ്റു തെളിയിക്കുന്ന സ്ത്രീകൾക്കുപോലും അപവാദങ്ങളിൽനിന്നോ ഭീഷണിക ളിൽ നിന്നോ കളിയാക്കലുകളിൽനിന്നോ താഴ്ത്തിക്കെട്ടലുകളിൽ നിന്നോ മോചന മില്ല. തൊഴിലും വീടും പരസ്പരവൈരുധ്യമാർന്ന ദ്വന്ദ്വമായി നിലനിർത്തുകയും രണ്ടിലും ഒരേപോലെ 'തിളങ്ങാൻ' സ്ത്രീ പുറത്തുനിന്നു നിർബന്ധിക്കപ്പെടുകയും ചെയ്യുന്നിടത്തോളം കാലം സ്ത്രീവിമോചനത്തിൽ തൊഴിലിന് കാര്യമായ പ്രസക്തി യൊന്നും ഇല്ല.

തൊഴിൽ ചെയ്യുന്ന സ്ത്രീകൾ സ്വന്തമായൊരിടം സൃഷ്ടിക്കുക കൂടി ചെയ്യു ന്നുണ്ട് എന്നാണു പൊതുവിശ്വാസമെങ്കിൽ, അവർക്ക് ഉള്ള ഇടങ്ങൾ കൂടി ചുരുങ്ങി പ്പോകുന്ന സ്ഥിതിവിശേഷമാണുള്ളത്. വീട്ടമ്മയ്ക്കു കിട്ടിയിരുന്ന 'നിർബന്ധിത' വിശ്രമവും വിനോദവും മറന്നുകളഞ്ഞ് വിവിധ മേഖലകളിൽ ഒരേസമയം മനസ്സുറപ്പി ക്കേണ്ട ഞാണിന്മേൽ കളിയാണ് നമ്മുടെ ഉദ്യോഗസ്ഥകളുടെ ജീവിതം. കേരളത്തിലെ സ്ത്രീകൾക്കിടയിലെ സാക്ഷരതയുടെയോ വിദ്യാഭ്യാസത്തിന്റെയോ ഉയർന്ന നിരക്ക് തൊഴിലിലെ ലിംഗസമത്വത്തിലേക്കു വഴി തെളിക്കുന്നില്ല. വിദ്യാഭ്യാസത്തിന്റെ എല്ലാ മേഖലകളിലും ആൺകുട്ടികൾക്കൊപ്പമോ ഒരുപടി മുന്നിലോ ആണ് പെൺകുട്ടി കൾ. എന്നാൽ തൊഴിൽരംഗത്തെത്തുമ്പോൾ അവർ പിന്നിലാകുന്നു.

സ്ത്രീകൾ ഉൾപ്പെടുന്ന നിയമപ്രശ്നങ്ങൾ സന്ദർഭത്തിൽനിന്ന് അടർത്തി മാറ്റി, സാമൂഹിക – രാഷ്ട്രീയ – പ്രേരിതമായി ചിത്രീകരിക്കാനുള്ള ശ്രമങ്ങൾ മാധ്യമങ്ങളു

ടെയും ഭരണകൂടത്തിന്റെയും ഭാഗത്തുനിന്നുണ്ടാകുന്നത് ഇന്ന് സ്വഭാവികമാണ്. പുരുഷപീഡനത്തിന് ഇരയാകേണ്ടി വന്ന അഭ്യസ്തവിദ്യരും ഉദ്യോഗസ്ഥരും ആയിട്ടുള്ള സ്ത്രീകൾക്കുപോലും കടക്കേണ്ടിവന്ന കടമ്പകൾ ചെറുതല്ല. സാമൂഹ്യജീവിതമോ വ്യക്തിജീവിതമോ നിഷേധിക്കപ്പെട്ട് സ്വയം ശപിച്ചുകൊണ്ടു ജീവിക്കുകയോ ആത്മഹത്യചെയ്യുകയോ മാത്രമാണ് ഇരകളായവർക്കു മുന്നിലുള്ളത്. മീഡിയകൾ ഉൾപ്പെടെ അവരെ പ്രതിക്കൂട്ടിലാക്കുന്ന വർത്തമാനകാല സാഹചര്യമാണ് കേരള ത്തിൽ നിലനിൽക്കുന്നത്.

അത്യന്തം സങ്കീർണമായ ജീവിതവ്യവഹാരങ്ങളിലൂടെയാണ് ഇന്നത്തെ സ്ത്രീ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. അടിമുടി സ്വയംതിരുത്തലിനു വീണ്ടും സമയമായെ ന്നാണ്. സമകാലീന സ്ത്രീയുടെ ഗാർഹിക - സാമൂഹികാവസ്ഥകൾ നമ്മോടാവശ്യ പ്പെടുന്നത്. വെളിപ്പെടുന്ന സ്ത്രീപീഡന - പെൺവാണിഭ സംഭവങ്ങൾ, തൊഴിൽ സ്ഥലത്തെ പീഡനങ്ങൾ, ഗാർഹികപീഡനം, സഞ്ചാരസ്വാതന്ത്ര്യത്തിന് ഭീഷണി യാകുന്ന സംഭവങ്ങൾ, പെരുകി വരുന്ന ആത്മഹത്യകൾ തുടങ്ങി മുമ്പെങ്ങുമില്ലാത്ത വിധം സ്ത്രീപ്രശ്നങ്ങൾ ഇന്ന് വർധിച്ചു വരികയാണ്. കേരളത്തിലെ ഉയർന്ന സ്ത്രീ വിദ്യാഭ്യാസനിലവാരത്തിന്റെയും ആരോഗ്യസൂചികകളുടെയും മുന്നിൽ കൊടിയ വൈരുധ്യമായി ഇവ ഉയർന്നു നിൽക്കുന്നു.

### 3.4 ആത്മകഥകളിലെ സാംസ്കാരിക പശ്ചാത്തലം

പത്തൊമ്പതാംനൂറ്റാണ്ടിലെ കേരളത്തിൽ നിലനിന്നിരുന്ന ഏറ്റവും പ്രകടമായ പ്രത്യേകത ഹിന്ദുസമുദായത്തിൽ ബ്രാഹ്മണർക്കു ലഭിച്ചിരുന്ന അമിതപ്രാമാണ്യവും താഴ്ന്ന ജാതിക്കാർ അനുഭവിച്ചിരുന്ന അവശതയുമായിരുന്നു. ഹൈന്ദവ സാമൂഹിക ഘടനയിൽ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ തത്വങ്ങൾക്കൊന്നും സ്ഥാന മുണ്ടായിരുന്നില്ല. ''ഹൈന്ദവരാണെങ്കിലും കീഴ്ജാതിയിൽപ്പെട്ടവർക്ക് ഹൈന്ദവമായ ജീവിതരീതിയുടെ മുഖ്യധാരയിൽ അലിഞ്ഞുചേരാൻ കഴിഞ്ഞിരുന്നില്ല'' (ശ്രീധരമേ നോൻ, 2007:235).

ഇരുപതാംശതകത്തിന്റെ ആദ്യദശകങ്ങളിൽ കേരളത്തിൽ ശക്തമായ സാമൂഹിക പരിഷ്കരണപ്രസ്ഥാനങ്ങൾ ജാതിസമ്പ്രദായത്തിന്റെ ദോഷങ്ങളെക്കുറിച്ച് കേരളീയ ഹിന്ദുക്കളെ ബോധവാന്മാരാക്കി. ഇതിന്റെ ഫലമായി ബ്രാഹ്മണമേധാവിത്വത്തിന്റെ അടിത്തറ തകർത്ത് സമൂഹപരിഷ്കരണത്തിനുള്ള പശ്ചാത്തലമൊരുങ്ങി. ചട്ടമ്പിസ്വാമികളാണ് ഇതിനു നേതൃത്വം നൽകിയത്. ജനതയിൽ സാമൂഹിക ബോധം വളർത്തി, സാമൂഹികമായും മതപരവുമായ പരിവർത്തന പ്രസ്ഥാനത്തിന് ഉത്തേജനംനൽകി അദ്ദേഹം.

അയിത്ത ജാതിക്കാർക്ക് ഉയർന്ന സർക്കാർജോലികളിൽ പ്രവേശിക്കാനനുമതി തരണമെന്നാവശ്യപ്പെട്ട് മലയാളി മെമ്മോറിയൽ എന്ന പേരിൽ നിവേദനം സമർപ്പിച്ചു. ഇതിന്റെ തുടർച്ചയായിരുന്നു ഈഴവ മെമ്മോറിയലും. ജാതിയുടെ മതിൽക്കെട്ടിനപ്പുറം ഇവരുടെയിടയിലും ഉപജാതിവിഭാഗങ്ങളായിരുന്നത് സാമൂഹികോന്നമനത്തെ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു. ഇക്കാലഘട്ടത്തിലാണ് ജാതിവ്യവസ്ഥ വരുത്തിവയ്ക്കുന്ന ദൂഷ്യങ്ങളെ ഇല്ലായ്മ ചെയ്യുന്നതിനായി ശ്രീനാരായണഗുരു രംഗത്തു വന്നത്. മനുഷ്യന്റെ ആത്മീയദാഹശമനത്തിനും ക്ഷേത്രങ്ങൾ അത്യന്താപേക്ഷിതമാണെന്നു മനസ്സിലാക്കിയ അദ്ദേഹം പലയിടങ്ങളിലും ക്ഷേത്രങ്ങൾ സ്ഥാപിക്കുകയും ഈഴവജാതിയിൽപ്പെട്ടവരെത്തന്നെ പൂജാദികർമങ്ങൾക്ക് നിയോഗിക്കുകയും ചെയ്തു. മാന്യമായ ജോലികളിലേർപ്പെടാനും വ്യവസായങ്ങളിലൂടെ സാമ്പത്തികമായി ഉയരുവാനും വിദ്യാഭ്യാസപരമായി മുന്നേറാനും അദ്ദേഹം സമുദായത്തെ ഉദ്ബോധിപ്പിച്ചു. ഈഴവരുടെ സാമൂഹിക ഉന്നമനത്തിനായി അദ്ദേഹം എസ്.എൻ.ഡി.പി രൂപീകരിച്ചു. കുമാരനാശാൻ ഇതിൽ നിസ്തുലമായ പങ്ക് വഹിച്ചിരുന്നു.

ഈ ഒരു കാലഘട്ടത്തിന്റെ വ്യക്തമായൊരു ചിത്രം ഗൗരിയമ്മയുടെ ആത്മകഥ നമുക്ക് തരുന്നുണ്ട്. അധഃകൃതവർഗമെന്നു മുദ്ര കുത്തപ്പെട്ടവർക്ക്, വിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും വഴിനടക്കാനുള്ള അവകാശങ്ങൾ സ്ഥാപിച്ചുകിട്ടുന്നതിനും അശ്രാന്തപരിശ്രമംചെയ്ത് അയ്യങ്കാളി 'സാധുജനപരിപാലനസംഘം' രൂപീകരിച്ചു. ഹരിജൻകുട്ടികൾക്ക് വിദ്യാലയ പ്രവേശനമനുവദിച്ചത് അദ്ദേഹത്തിന്റെ ശ്രമഫലമായി

ട്ടാണ്. ''നമ്പൂതിരിയെ മനുഷ്യനാക്കുന്നതിൽ നിർണായകപങ്കുവഹിച്ച സമിതിയായ യോഗക്ഷേമസഭ, നമ്പൂതിരി സമുദായത്തിനെ യാഥാസ്ഥിതികത്വത്തിന്റെ ആവണപ്പലകയിൽനിന്നും പിടിച്ചെറക്കുന്നതിനിടയാക്കി'' (വസന്തൻ, 2006:317). നായർ സമുദായത്തിനെ അഭ്യുന്നതി ലക്ഷ്യമാക്കി രൂപികരിച്ച എൻ.എസ്.എസിന്റെ സ്ഥാപകൻ മന്നത്തു പത്മനാഭൻ ആയിരുന്നു. ഈഴവ സമുദായത്തിലെ അനാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും ഇല്ലായ്മ ചെയ്യുന്നതിനായി, ജാതിനശീകരണമെന്ന ലക്ഷ്യം മുൻനിർത്തി 'സഹോദരസംഘം' സ്ഥാപിച്ച കെ.അയ്യപ്പൻ മിശ്രഭോജനം ഒരു സമരായുധമാക്കി മാറ്റിയ സാമൂഹ്യപരിഷ്കർത്താവായിരുന്നു. തീയരുടെ സാമൂഹ്യപരിവർത്തനത്തിൽ നിർണായകമായ പങ്കുവഹിച്ച വാഗ്ഭടാനന്ദഗുരു ആത്മവിദ്യാസംഘത്തിലൂടെ സാമൂഹ്യപ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രചാരണം നൽകി. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തിരുവിതാംകൂറിൽ ജനാധിപത്യാവകാശങ്ങൾക്കു വേണ്ടിയുള്ള പ്രക്ഷോഭങ്ങൾ ആരംഭിച്ചു. ഉദ്യോഗക്കാര്യത്തിൽ ആനുകൂല്യം ലഭിക്കാതിരുന്ന ഹിന്ദുമതത്തിലെ പിന്നോക്കക്കാർക്കും മുസ്ലിം, ക്രിസ്ത്യൻ സമുദായങ്ങൾക്കും ജനസംഖ്യാനുപതികമായ പ്രാതിനിധ്യം ആവശ്യപ്പെട്ട്, നിയമസഭയിലുള്ള തിരഞ്ഞെടുപ്പു ബഹിഷ്കരിക്കുവാൻ തീരുമാനിച്ചു.

ജാതിവ്യവസ്ഥയുടെ മുകൾത്തട്ടിലായിരുന്ന നമ്പൂതിരിമാർപോലും കാലഹരണപ്പെട്ട അനാചാരങ്ങൾകൊണ്ടു പൊറുതിമുട്ടി. മരുമക്കത്തായം നായർ, ഈഴവർ തുടങ്ങിയവർക്കിടയിൽ സംഘർഷത്തിനു കാരണമായി. ഈ കാലഘട്ടത്തിലാണ് കേരളത്തിൽ സാമൂഹിക നവോത്ഥാനപ്രസ്ഥാനങ്ങൾ രൂപംകൊള്ളുന്നത്. സാംസ്കാരികമായും ഒട്ടേറെ മാറ്റങ്ങൾ പത്തൊമ്പതാംനൂറ്റാണ്ടിലുണ്ടായി. ''സമൂഹത്തിലെ ജന്മിമാരുടെ അമിതാധികാരത്തെ നിയന്ത്രിക്കുന്നതിനായി ഭൂപരിഷ്കരണം നടപ്പിലായി. 1963-ൽ കേരള ഭൂപരിഷ്കരണനിയമം പാസ്സാക്കിയത്. ഇതെല്ലാം ഗൗരിയമ്മ റവന്യൂ മന്ത്രിയായിരുന്ന കാലഘട്ടത്തിലായിരുന്നു''(അച്യുതവാര്യർ, 2006:219). 1970-ൽ കേരളത്തിൽ ജന്മിത്തം പൂർണമായി അവസാനിച്ചു.

ബ്രിട്ടീഷ് ആധിപത്യകാലത്താണ് ആധുനികരീതിയിലുള്ള വിദ്യാഭ്യാസം കേരളത്തിലാരംഭിച്ചത്. ക്രിസ്ത്യൻ മിഷണറിമാർ ധാരാളം കോളെജുകളും ആരം ഭിച്ചു. കേരളത്തിൽ ഉന്നതവിദ്യാഭ്യാസത്തിന് ശരിയായ അടിസ്ഥാനമുണ്ടായത് ശ്രീ ചിത്തിരതിരുനാളിന്റെ കാലത്ത് തിരുവിതാംകൂർ സർവകലാശാല സ്ഥാപിച്ചതോടു കൂടിയാണ്. അതിനുമുൻപ് വിരലിലെണ്ണാവുന്ന കോളെജുകളേ നമുക്ക് ഉണ്ടായിരുന്നുള്ളു.

പത്തൊമ്പതാംനൂറ്റാണ്ടിന്റെ ഉത്താരാർധത്തിലുണ്ടായ ഇന്ത്യൻ ദേശീയത യ്ക്ക് പ്രധാനകാരണം ഇംഗ്ലിഷ് വിദ്യാഭ്യാസത്തിന്റെ സ്വാധീനമായിരുന്നു. വ്യക്തി സ്വാതന്ത്ര്യത്തിന്റേയും രാഷ്ട്രീയസ്വാതന്ത്ര്യത്തിന്റേയും മഹത്വം ഉദ്ഘോഷിക്കുന്ന ആംഗലഭാഷാസാഹിത്യവും യൂറോപ്യൻചരിത്രവും പാശ്ചാത്യ രാഷ്ട്രമീമാംസയും പുതിയ തലമുറയിലെ യുവാക്കൾ പഠിക്കാനാരംഭിച്ചു. മഹത്തായ ഈ ആശയങ്ങൾ കേരളത്തിലെ പുതിയ തലമുറയേയും സ്വാധീനിച്ചു. അങ്ങനെ രാഷ്ട്രീയമായൊരു നവോത്ഥാനത്തിന്റെ അലയൊലി കേരളത്തിലുമെത്തി. ഇരുപതുകളുടെ ആദ്യം തിരുവിതാംകൂറിൽ നടന്ന 'പൗരസമത്വപ്രക്ഷോഭണം' മൂലം ജാതിമതഭേദമേന്യേ എല്ലാവിഭാഗം ജനങ്ങൾക്കും ഗവൺമെന്റ് സർവിസിലേക്കുള്ള നിയമനങ്ങളിൽ ഒരു പരിധിവരെ തുല്യത ഉറപ്പുവരുത്തി.

ഗൗരിയമ്മയുടെ ആത്മകഥ, ജന്മി-കുടിയാൻ ബന്ധത്തിന്റെ വിവിധ വശങ്ങൾ ചിത്രീകരിക്കുകയും കാർഷികവൃത്തിയിലധിഷ്ഠിതമായ കേരളത്തിന്റെ തനിമയിലേക്ക് കൂട്ടിക്കൊണ്ടു പോവുകയും ചെയ്യുന്നുണ്ട്. സ്വാതന്ത്ര്യത്തിന്റേയോ സമത്വത്തിന്റേയോ തത്ത്വങ്ങളിൽ അധിഷ്ഠിതമായിരുന്നില്ല അന്നത്തെ കേരളീയ സമൂഹം. അതിരൂക്ഷമാ യിരുന്ന ജാതിവ്യത്യാസമായിരുന്നു സമുദായഘടനയുടെ മുഖ്യസവിശേഷത. ഗൗരി യമ്മയുടെ ജന്മഗൃഹം വിവിധ സാമൂഹികപ്രസ്ഥാനങ്ങളുടെയും വിവിധ സദസ്സു കളുടേയും ഒരു കേളീരംഗം കൂടി ആയിരുന്നു. ദുരാചാരങ്ങൾക്കും അനീതിക്കും അയിത്തത്തിനും എതിരായി ചേർത്തലയിൽ നാമ്പിട്ട പ്രസ്ഥാനങ്ങൾക്ക് വിളനില മായും അവരുടെ വീടു പ്രവർത്തിച്ചു.

''എനിക്ക് ഓർമയുള്ള കാലത്ത് എന്റെ വീട്ടിലെ അന്തരീക്ഷം ഏറെക്കുറെ ഇതായിരുന്നു. ഒരു വശത്ത് യുവജനങ്ങളുടെ സംഘടനാചർച്ച, വാദപ്രതിവാദം, സത്യാഗ്രഹങ്ങളിലും മീറ്റിങ്ങുകളിലും പോകാനുള്ള തിരക്ക്, ചാവടിയിൽ അച്ഛനും സംഘത്തിന്റെ നേതാക്കളുമൊത്തുള്ള ആഴത്തിലുള്ള ചർച്ച, ചേച്ചിമാരുടെ സംഗീ താഭ്യസനം ചാവടിയിൽ (ഗൗരിയമ്മ, 2010:30). ഈയൊരന്തരീക്ഷമാണ് ഗൗരിയമ്മ യുടെ തുടർന്നുള്ള സാംസ്കാരിക ജീവിതത്തെ രൂപപ്പെടുത്തിയത്.

കമ്മ്യൂണിസവും നക്സലിസവും ചേർന്ന സാംസ്കാരിക അന്തരീക്ഷത്തെ യാണ് അജിത ആത്മകഥയിൽ ചിത്രീകരിക്കുന്നത്. "പാവപ്പെട്ടവൻ കൂടുതൽ പാവ പ്പെട്ടവനാകുകയും പണക്കാരൻ കൂടുതൽ പണക്കാരനാവുകയും ചെയ്യുന്ന ഈ സമ്പദ് ഘടനകൊണ്ടു ലാഭമെടുക്കുന്നത് വിദേശമുതലാളിത്ത രാജ്യങ്ങളും സ്വന്തം നാടിന്റെ സമ്പദ്ഘടനയെ ഇഷ്ടംപോലെ പിഴിഞ്ഞെടുത്ത് സ്വന്തം ജനങ്ങളുടെ ജീവിതങ്ങൾ തങ്ങളുടെ യജമാനന്മാർക്ക് അടിയറവച്ചുകൊണ്ട് നാടു കുട്ടിച്ചോറാക്കിയിട്ടും യാതൊരു കുലുക്കവുമില്ലാതെ കൂറ്റൻ മണിസൗധങ്ങളിൽ ജീവിക്കുന്ന ഇത്തിക്കണ്ണികളെ'' അജിത വിമർശനവിധേയമാക്കുന്നു. ഈയൊരു കാഴ്ചപ്പാടിന്റെ അടിത്തറയിൽ നിന്നാണ് അജിതയുടെ സാമൂഹ്യപ്രവർത്തനങ്ങൾ സജീവമാകുന്നത്.

ദളിതർക്കും കർഷകർക്കും മറ്റു പാർശ്വവത്കൃത വിഭാഗത്തിനും അവരെ പ്രതിനിധീകരിക്കാൻ വക്താക്കളോ സംഘടനകളോ ഇല്ലാതിരിക്കുന്നിടത്താണ് നക്സ ലൈറ്റ്-മാവോയിസ്റ്റ് പ്രസ്ഥാനങ്ങൾ ഉണ്ടാകുന്നത്. കേരള രാഷ്ട്രീയത്തിൽ ഒരു കാലത്ത് 'വസന്തത്തിന്റെ ഇടിമുഴക്കങ്ങളായിരുന്നു' അവരുടെ പ്രവർത്തനങ്ങൾ. അടിച്ച മർത്തപ്പെട്ടവനെ ഉയിർത്തെഴുന്നേൽപ്പിക്കുവാൻ, അവന്റെ രക്തത്തിൽ പ്രതിഷേധം ഉണർത്തി വിടുവാൻ ആ കാലഘട്ടത്തെ സത്യസന്ധമായി ആവിഷ്കരിക്കുകയാണ് അജിത ചെയ്യുന്നത്.

കാർഷികവ്യവസ്ഥിതിയുടെ പരിച്ഛേദം തന്നെയാണ് വിനയയും വരച്ചുകാട്ടു ന്നത്. ഫ്യൂഡൽ വ്യവസ്ഥിതി അത്രകണ്ട് മായാത്ത, മറ്റുള്ളവരേക്കാൾ സാമൂഹ്യമായി പ്രക്ഷുബ്ധത കുറഞ്ഞ ഒരു കാലഘട്ടമാണ് വിനയ അവതരിപ്പിക്കുന്നത്. ആത്മകഥ

ഓരോരുത്തരിലൂടെ കടന്നുപോകുമ്പോഴും ഓരോരോ പ്രത്യേക സാഹചര്യങ്ങളെ വിശദീകരിക്കുമ്പോഴും പൊതുവായ ഒരു വ്യവസ്ഥിതിയുടെ ഭിന്നമുഖങ്ങളാണ് കാണാൻ കഴിയുന്നത്. കാലഘട്ടത്തിന്റെ പൂർത്തിയാക്കപ്പെടൽ ഈ ആത്മകഥകളി ലൂടെ നടക്കുന്നുണ്ട്.

സാംസ്കാരിക കേരളത്തിന്റെ വിവിധ മുഖങ്ങൾ വ്യക്തമായി ആയിഷ ആത്മകഥയിൽ വരച്ചിടുന്നുണ്ട്. മതപരവും രാഷ്ട്രീയവും സാമൂഹികവും കലാപര വുമായ എല്ലാ മേഖലകളും ഈ ആത്മകഥ വിശദീകരിക്കുന്നുണ്ട്. ജന്മിത്വത്തിന്റെ പ്രൗഢിയും തകർച്ചയും അനുഭവിച്ച ആയിഷ മുസ്ലീം സ്ത്രീകളുടെ സംഘർഷാവസ്ഥ വെളിപ്പെടുത്തുന്നു. സാമൂഹിക അനാചാരങ്ങളും മതസങ്കുചിതത്ത്വവും രാഷ്ട്രീയ ത്തിലെ സ്ത്രീതമസ്കരണവുമെല്ലാം ഇവിടെ വിഷയമാകുന്നു. കലയും രാഷ്ട്രീയവും തമ്മിലുള്ള ബന്ധവും കലാകാരന്റെ സാമൂഹികപ്രതിബദ്ധതയും വ്യക്തമാക്കുക മാത്രമല്ല, മലബാറിന്റെ വിസ്മൃതിയിലാണ്ടുപോയ ഒരു കാലഘട്ടത്തെ നമുക്കു മുന്നിൽ അവതരിപ്പിക്ക കൂടിയാണ് ആയിഷ ചെയ്യുന്നത്.

"എന്താണ് സ്ത്രീയുടെ അവസ്ഥ എന്ന ചോദ്യത്തിനുത്തരം വിവേചനത്തിന്റെ ബലിയാടാണ് അവൾ എന്നാണ്. സാർവദേശീയതലത്തിലും ദേശീയതലത്തിലും മാത്രമല്ല, പ്രാദേശികമായും, എന്തിന് സ്വന്തം കുടുംബത്തിലും അവൾ വിവേചന ത്തിന്റെ ഇരയാണ്. വെറും രണ്ടാംതരം പൗരത്വമാണ് എല്ലാ മേഖലയിലും അവൾക്കു ള്ളത്" (തോമസ്, 2009:21). പുരുഷൻ തന്റെ സ്വകാര്യവും സാമൂഹികവുമായ ഇടങ്ങ ളെല്ലാം പരമാവധി ഉപയോഗപ്പെടുത്താൻ ശ്രദ്ധാലുവായിരിക്കുമ്പോൾ, സാമൂഹിക മായി ഇടപഴകുന്ന സ്ത്രീയെ അസഹിഷ്ണുതയോടെ കൂട്ടിലൊതുക്കാനാണ് ആൺ കോയ്മാ സമൂഹം ശ്രമിക്കുന്നത്.

മതസ്ഥാപനങ്ങളും വ്യവസ്ഥാപിത കക്ഷിരാഷ്ട്രീയ താൽപര്യങ്ങളും സങ്കുചിത പാരമ്പര്യസംരക്ഷണവാദികളും തങ്ങൾക്ക് ഇടം നഷ്ടപ്പെടുമെന്നു ഭയന്ന് ആദ്യം ഉന്നംവയ്ക്കുന്നത് സ്ത്രീകളെത്തന്നെയാണ്. ഇന്നും കേരളത്തിലെ സ്ത്രീകൾക്ക് ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചുനോക്കുമ്പോൾ, 'ആൺതുണയില്ലാതെ

ഒറ്റയ്ക്ക് പുറത്തിറ’ങ്ങുവാൻ ഭയപ്പെടേണ്ട അവസ്ഥയാണുള്ളത്. ജാതിമതഭേദമന്യേ അസമയത്തു പുറത്തിറങ്ങുന്ന സ്ത്രീകളെ സദാചാരലംഘനത്തിന്റെ പേരു പറഞ്ഞ് അപമാനിക്കുന്നതിൽ ഇന്നും നമ്മുടെ സമൂഹത്തിന് മടിയില്ല.

പുരുഷമനസ്സിന്റെ സ്വാർഥതാത്പര്യം സംഘടിതമായ അബോധമനസ്സിൽ നിന്നും (Collective unconscious) ഉത്ഭവിക്കുന്നതാണ്. കാലങ്ങളോളം പുരുഷന്റെ അധികാരപരിധിയിൽ കഴിഞ്ഞിരുന്ന സ്ത്രീകൾ തങ്ങൾക്കെതിരെ തിരിഞ്ഞേക്കുമോ എന്ന് പുരുഷന്മാർ ഭയപ്പെടുന്നു. ഈ ഭയം സ്ത്രീകളുടെ മേൽ ഒരു മേധാശക്തിയോടെ പെരുമാറാൻ അവരെ അബോധമായിത്തന്നെ പ്രേരിപ്പിക്കുന്നുണ്ട്. ഇത്തരം സ്ത്രീ ആത്മകഥകൾ അവരെ വിമർശിക്കുകയും സമൂഹമധ്യത്തിൽ തുറന്നുകാട്ടുകയും ചെയ്യുന്നു.

# അധ്യായം നാല്

# ആഖ്യാനവും അന്യവത്കരണവും ആത്മകഥകളിൽ

അദൃശ്യവത്കരിക്കപ്പെട്ടു കിടക്കുന്ന ജീവിതം വെളിപ്പെടുത്തുകയാണ് ആത്മ കഥാഖ്യാനത്തിന്റെ പൊതുലക്ഷ്യം. ആത്മകഥാകാരികളുടെ എഴുത്തുകാരിയെന്ന സ്വത്വത്തെക്കുറിച്ചു മാത്രമല്ല, സാമൂഹികമായ നിബന്ധനകളും അധികാരത്തിന്റെ ബലതന്ത്രങ്ങളും അവരുടെ സ്വത്വത്തെ ഏതെല്ലാം വിധത്തിൽ മെരുക്കുവാൻ ശ്രമി ക്കുന്നുവെന്നും ആത്മകഥകൾ വ്യക്തമാക്കുന്നു.

സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക മണ്ഡലങ്ങളിൽ ഇടപെടുന്ന സ്ത്രീ സ്വന്തം അനുഭവങ്ങളെക്കുറിച്ച് എന്തു പറയുന്നു എന്നുള്ളത്, അവളുടെ സമൂഹത്തെക്കുറിച്ചും ആ സമൂഹത്തിലെ സ്ത്രീ അവസ്ഥയെക്കുറിച്ചും അറിയാനുള്ള വഴിയാണ് - സ്ത്രീകൾ എഴുതിയ ആത്മകഥകളുടെ പഠനം ഇത്തരം അന്വേഷണളാണ് ഇന്ന് നട ത്തുന്നത്. ചരിത്രത്തിന്റെ നിർമാതാക്കൾ പുരുഷന്മാരാണ്. സ്ത്രീ പുരുഷനിർമിതി യുടെ ഉള്ളടക്കം മാത്രമാണ്. അവളുടെ ചരിത്രം നിഷ്ക്കാസനത്തിന്റെ കഥയാണ്. അതുകൊണ്ട് സ്ത്രീക്ക് സ്വന്തം കഥ പറയുമ്പോൾപ്പോലും കർതൃസ്ഥാനത്തേക്ക് ഉയരാൻ കഴിയുന്നില്ല.

ഗൗരിയമ്മ, അജിത, ആയിഷ, വിനയ എന്നിവരുടെ ആത്മകഥകൾ വ്യത്യസ്ത മായ ലക്ഷ്യങ്ങളോടെ ഭിന്നതലങ്ങളിൽ നിന്നുകൊണ്ട് എഴുതപ്പെട്ടവയാണ്. അനുഭവ ങ്ങളും ജീവിതസാഹചര്യങ്ങളും തികച്ചും വ്യത്യസ്തമാണെങ്കിൽ കൂടി ഇവയ്ക്കെല്ലാം ചില പൊതുവായ സവിശേഷതകളുണ്ട്. അപരിചിതമായ ജീവിതത്തിന്റെ ആഖ്യാനഭൂ പടങ്ങളെ അവതരിപ്പിക്കുക മാത്രമല്ല, വ്യത്യസ്ത വീക്ഷണകോണുകളിലൂടെ സമാന ങ്ങളായ സാംസ്കാരിക - ജീവിതചിത്രങ്ങളാണ് അവർ അവതരിപ്പിക്കുന്നത്. അവ പലയിടത്തും വച്ച് ഏകീകൃതമായ ആശയങ്ങൾ മുന്നോട്ടുവയ്ക്കുന്നുണ്ട്. സ്ത്രീയെന്ന നിലയിൽ, വിവിധതലങ്ങളിൽ വിവിധ സാഹചര്യങ്ങളിൽ മാറ്റി നിർത്തപ്പെടൽ എന്ന പ്രശ്നത്തെ അഭിമുഖീകരിക്കുന്നുണ്ട് എന്നതാണ് നാല് ആത്മകഥകളിലും പൊതു വായി അനുഭവപ്പെടുന്നത്.

ഗൗരിയമ്മ ഒരു കാലഘട്ടത്തിലെ കേരളത്തിന്റെ രാഷ്ട്രീയ - സാംസ്കാരിക ചരിത്രമെഴുതുമ്പോൾ, അജിത അധികമാരും അറിയാത്ത ഒരു കാലത്തിന്റെ മൂടിവയ്ക്ക

പ്പെട്ട ചരിത്രത്തെ പുറത്തുകൊണ്ടുവരികയാണ് ചെയ്തത്. ആയിഷയാകട്ടെ മലബാറിലെ രാഷ്ട്രീയകലാപ്രവർത്തനങ്ങളേയും മനഃപൂർവം മറന്നു കളഞ്ഞ നിലമ്പൂർ നാടകവേദിയേയും നാൽപ്പതുകളിലെ മുസ്ലീം പെൺകുട്ടികളുടെ ജീവിതസംഘർഷങ്ങളേയും വെളിപ്പെടുത്തുന്നു. നീതി നിർവഹണത്തിലെ ആധികാരിക ശബ്ദമായ പൊലീസ് സേനയിലെ സ്ത്രീ വിവേചനങ്ങളെ മറനീക്കി കാണിക്കുകയാണ് വിനയ ചെയ്യുന്നത്.

കേരള സാംസ്കാരിക ജീവിതത്തിന്റെ വ്യത്യസ്ത മുഖങ്ങളാണ് ആത്മകഥകളിലൂടെ ഇവർ വരച്ചിടുന്നത്. ഗൗരിയമ്മയുടെയും അജിതയുടെയും ആത്മകഥകൾ ജീവിതത്തിന്റെ ഏറ്റവും വെല്ലുവിളി നിറഞ്ഞ ഒരു കാലഘട്ടത്തിൽവച്ച് അവസാനിക്കുകയാണ്. ഭൂതകാലം മാത്രമേ ഗൗരിയമ്മ തന്റെ ആത്മകഥയിൽ വിവരിക്കുന്നുള്ളൂ. അതിനുശേഷം ഇന്നുള്ള ഗൗരിയമ്മയിലേക്കുള്ള ദൂരം വായനക്കാരന് അന്യമായി അവശേഷിക്കുന്നു. ആത്മകഥായെഴുത്ത് നിർത്തിയതിനുശേഷമുള്ള രചയിതാക്കളുടെ ജീവിതത്തെയോ ആദർശങ്ങളെയോ കാഴ്ചപ്പാടുകളേയോ അവ എന്തു തന്നെയായാലും ഇവിടെ ചർച്ചയ്ക്കു വിധേയമാക്കുന്നില്ല. ആത്മകഥകളിൽ ഓരോരുത്തരും പറഞ്ഞിരിക്കുന്ന കാലവും വിഷയങ്ങളും മാത്രമേ ഇവിടെ വിശകലനവിധേയമാക്കുന്നുള്ളൂ. ഗൗരിയമ്മയും ആയിഷയും ജീവിതത്തിന്റെ സായാഹ്നത്തിലാണ് ആത്മകഥയെഴുതുന്നതെങ്കിലും ഗൗരിയമ്മ തന്റെ യൗവനകാലത്തിൽ വച്ചു കഥ അവസാനിപ്പിക്കുകയാണ്, ഇനിയും തന്റെ കഥ തുടരുമെന്ന വാക്യത്തോടെ. ആത്മകഥയിൽ തന്റെ ജീവിതത്തിന്റെ ഏറിയ പങ്കും ആയിഷ ചിത്രീകരിച്ചിട്ടുണ്ട്. അജിതയും ആയിഷയും വിനയയും അവരുടെ ജീവിതത്തിന്റെ വർത്തമാനകാലത്തിൽ വച്ചാണ് ആത്മകഥ അവസാനിപ്പിച്ചിരിക്കുന്നത്. എഴുതിയ കാലം വച്ചു നോക്കുമ്പോൾ അജിതയുടെയും വിനയയുടേയും ആത്മകഥകൾ അന്നുവരെയുള്ള അവരുടെ ജീവിതം പൂർത്തിയാക്കിയിരിക്കുന്നതായി കാണാം. പ്രതിസന്ധികൾ നേരിട്ട അതേ നിന്നുതന്നെയാണ് അവർ ആത്മകഥകൾ എഴുതിയത്.

മലയാളിസ്ത്രീയുടെ പൊതുജീവിതം, ആഖ്യാനരീതി, ഒറ്റപ്പെടൽ, തുടങ്ങിയവയെല്ലാം ഗവേഷണം ആവശ്യപ്പെടുന്ന മേഖലകളാണ്. ഇതിൽ ''മലയാളിപ്പെണ്ണിന്റെ കരുത്തിന്റെ പൊതുജീവിതം/പൊതുഇടം ഇവയെല്ലാം കൃത്യമായി നിർവചിക്കാവുന്നതോ

എല്ലാവരിലും പൊതുവായ ആശയങ്ങളെ ഉല്പാദിപ്പിക്കുന്നതോ അല്ല എന്നത് ശ്രദ്ധി ക്കേണ്ട വസ്തുതയാണ്'' (ഹുസൈൻ, 2012:32).

### 4.1 ഗൗരിയമ്മ - ആത്മകഥ

കേരളചരിത്രത്തിൽ ഒഴിച്ചുകൂടാനാവാത്ത ഒരു സ്ഥാനത്തിനർഹയാണ് ഗൗരിയമ്മ. ''നമ്മളാഗ്രഹിച്ച കേരളം കെട്ടിപ്പടുക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും മനുഷ്യനെ മനുഷ്യനായി കാണാനും മറ്റു സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി, അടിച്ചമർത്ത പ്പെട്ട അധഃസ്ഥിതരും പാവപ്പെട്ടവരുമായ ബഹുഭൂരിപക്ഷം ജനങ്ങളിലും താൻ ആരു ടേയും അടിമയല്ല എന്ന ബോധം പടുത്തുയർത്താനും കഴിഞ്ഞ സംസ്ഥാനമാണ് നമ്മുടേത്. കേരളത്തിനു ഒരുവേള എന്റെ ഓർമക്കുറിപ്പുകൾ സഹായകമായേക്കും എന്ന് ഞാൻ കരുതുന്നു. അതുകൊണ്ട് തന്നെ ഈ ആത്മകഥ അഥവാ കേരളത്തിന്റെ ഒരു കാലത്തെ ചരിത്രം എഴുതുകയാണ്'' (ഗൗരിയമ്മ, 2010:6). ഇങ്ങനെ തന്റെ ആത്മ കഥയെഴുത്തിനു വ്യക്തമായ ഒരു ലക്ഷ്യം തന്നെ നൽകുന്നുണ്ട് ഗൗരിയമ്മ.

കേരളത്തിന്റെ സാംസ്കാരികതയിൽ പൂർണമായി അഭിരമിച്ചുകൊണ്ടു തന്നെ യാണ് ഗൗരിയമ്മ ആത്മകഥ എഴുതിയിരിക്കുന്നത്. പാർട്ടിയുടെ നേതൃത്വനിരയിലേ ക്കുയർന്ന അപൂർവം വനിതകളിൽ പ്രഗത്ഭയായ അവർ കേരള രാഷ്ട്രീയരംഗത്തെ നിറസാന്നിധ്യമാണ്. ഗൗരിയമ്മയുടെ ആഖ്യാനം തികച്ചും ലളിതവും വ്യക്തിജീവിത ത്തിന്റെ ഓരോ ഏടുകളും വ്യക്തമാക്കുന്നതുമാണ്. ചേർത്തലയുടെ സാമൂഹ്യപരിസ്ഥിതി വരച്ചിടുന്നതിനോടൊപ്പം ജനനം മുതൽ രാഷ്ട്രീയപ്രവേശനകാലഘട്ടംവരെ അവർ ആത്മകഥയിൽ വിവരിക്കുന്നു. മിക്ക ആത്മകഥകളേയും പോലെ ബാല്യം മുതൽ ക്കുള്ള സംഭവങ്ങൾ, ആഘോഷങ്ങൾ, ഐതിഹ്യങ്ങൾ തുടങ്ങിയവയെല്ലാം വളരെ സൂക്ഷ്മതയോടെ, ഹൃദ്യമായി അടുക്കും ചിട്ടയുമായി അവതരിപ്പിക്കുവാൻ ഗൗരിയമ്മ യ്ക്കു കഴിഞ്ഞിട്ടുണ്ട്. ഗൗരിയമ്മയ്ക്ക് വീടും വീട്ടുകാരും അവരുടെ പ്രവർത്തനങ്ങ ളുടെ ഊർജസ്രോതസ്സു തന്നെയാണ്. ഒരു കഥ പറഞ്ഞുപോകുന്നതുപോലെ ലളി തവും സുന്ദരവുമായിട്ടാണ് ആത്മകഥയുടെ ആഖ്യാനം ഗൗരിയമ്മ നിർവഹിച്ചിരിക്കു ന്നത്. എസ്.എൻ.ഡി.പി.യുടെ ഉത്ഭവം, വളർച്ച, സ്കൂൾ-പ്രവേശന-ഉദ്യോഗനിയമന പ്രക്ഷോഭണങ്ങൾ, ക്ഷേത്രപ്രവേശനപ്രക്ഷോഭണങ്ങൾ തുടങ്ങി കേരളത്തിന്റെ ഒരു

പ്രത്യേക ദശാസന്ധിയെ വരച്ചിടുന്നു. ഗൗരിയമ്മ രണ്ടാം ലോകമഹായുദ്ധത്തിന്റെ കെടുതികൾ വേദനാജനകമാം വിധം അവതരിപ്പിക്കുകയും ചേർത്തലയുടെ ചരിത്രത്തിൽ ഇതുപോലെ കഷ്ടപ്പാടിന്റേയും കണ്ണീരിന്റേയും ജീവിതത്തകർച്ചയുടെയും കാലം ഒരിക്കലും ഉണ്ടായിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

ജാതീയമായി പിന്നോട്ടു നില്ക്കുമ്പോൾത്തന്നെ സാമ്പത്തികനിലവാരം ഉള്ള തുകൊണ്ടും പിതാവൊരു ജന്മിയായതുകൊണ്ടും അതിന്റേതായ പ്രശ്നങ്ങൾ ഗൗരി യമ്മയ്ക്ക് അനുഭവിക്കേണ്ടിവന്നിട്ടില്ല. ''ശ്രീനാരായണ പ്രസ്ഥാനങ്ങളുടേയും മറ്റു നവോത്ഥാനപ്രസ്ഥാനങ്ങളുടെയും സ്വാധീനമുണ്ടായിരുന്നതിനാൽ ഞങ്ങളുടെ ഗ്രാമ ത്തിലും വീട്ടിലും മറ്റും അനാചാരങ്ങളും അയിത്തത്തിന്റെ ക്രൂരതയും കുറവായി രുന്നു'' (ഗൗരിയമ്മ, 2010:50) എന്നു ഗൗരിയമ്മ സൂചിപ്പിക്കുന്നുണ്ട്.

പ്രായപൂർത്തിയാവുന്നതോടെ ഏതു പെൺകുട്ടിയും അനുഭവിക്കുന്ന അരു തുകളുടെ ലോകം ഗൗരിയുടെ മുന്നിലുമെത്തുന്നുണ്ട്. എന്നാൽ, ''ഞങ്ങളിൽ അടി ച്ചേൽപ്പിക്കാൻ ശ്രമിച്ച കെട്ടുകളിലും വിലക്കുകളിലും ഉള്ളിൽ രോക്ഷം പൂണ്ട് അതാതു കാലത്ത് സമൂഹത്തിൽ വരുന്ന മാറ്റങ്ങൾ എത്തിപ്പിടിച്ച് അതിലുറച്ച് മുന്നോട്ടു പോകുവാനും നാട്ടിൽ ഉണ്ടാകുന്ന വളർച്ചയ്ക്ക് അനുസരണമായി ശാരീരികവും മാന സികവുമായ മാറ്റത്തിനുവേണ്ടി ഉറച്ചുനിന്നും ഞങ്ങൾ പെൺകുട്ടികൾ പഠനം തുടർന്നു'' (ഗൗരിയമ്മ, 2010:106). സ്ത്രീകളെ പഠിപ്പിച്ചു ജോലിക്കു വിടുക അന്നു സാധാരണമായി രുന്നില്ല. ഇതിൽ നിന്നു വ്യത്യസ്തരായിരുന്നില്ല അച്ഛനൊഴിച്ച് ഗൗരിയമ്മയുടെ വീട്ടുകാരും എന്നാൽ ഒരേ ക്ലാസ്സിൽനിന്ന് ചേട്ടൻ തോൽക്കുകയും ഗൗരിയമ്മ ജയിക്കുകയും ചെയ്തതിനാൽ മാത്രമാണ് കോളെജ് പഠനത്തിനുള്ള അനുമതി ഗൗരിയമ്മയ്ക്ക് ലഭി ക്കുന്നത്.

പഠിച്ചിരുന്ന കാലത്ത് കഥകളും കവിതകളുമെഴുതുമായിരുന്നു ഗൗരിയമ്മ. ഫലിതം, നർമബോധം എന്നിവയിലൂടെ ബാല്യകാലസ്മൃതികൾ മനോഹരമായി വിവരിക്കുന്നണ്ട്. ഗ്രാമത്തെക്കുറിച്ചുള്ള വർണനയിൽ സാഹിത്യഭാഷ നന്നായി കൈകാര്യം ചെയ്തിരിക്കുന്നു. ആദ്യ പ്രണയലേഖനം കിട്ടുന്നതും ആദ്യപ്രണയവും ഭവിഷ്യത്ത്

കരുതി അത് വേണ്ടെന്നു വയ്ക്കുന്നതും അതിന് അനുഭവിക്കുന്ന വേദനകളും അതുപോലെ വിവാഹിതയും ഒരു കുഞ്ഞിന്റെ അമ്മയുമായ സഹോദരിയുടെ പ്രണയം, രണ്ടാം വിവാഹം, സഹോദരന്റെ ഉത്തവാദിത്തമില്ലായ്മ ഇവയെല്ലാം ആത്മ കഥയിൽ തുറന്നുപറയുന്നുണ്ട്.

വിദ്യാർഥികൾക്കെതിരെയുള്ള ജാതീയമായ കാഴ്ചപ്പാടുകളും അധ്യാപകർ ക്കിടയിലെ അവർണജാതികളുടെ സാന്നിധ്യമില്ലായ്മയും വിദ്യാലയങ്ങളിൽ ജാതീയ ചിന്തകൾ വർധിപ്പിച്ച ഒരു ഘടകമായി ഗൗരി വിലയിരുത്തുന്നുണ്ട്. സ്കൂളുകളിൽ അധ്യാപികമാരുടെ അഭാവം ആ കാലഘട്ടത്തിലെ സ്ത്രീകളുടെ ഉന്നതവിദ്യാഭ്യാസ ത്തിനും ജോലി ചെയ്യുന്നതിനുമുള്ള സ്വാതന്ത്ര്യമില്ലായ്മയെ ചൂണ്ടിക്കാട്ടുന്നു.

മഹാരാജാസ് കോളെജിൽ പഠിക്കുന്നകാലത്താണ് യുക്തിവാദപ്രസ്ഥാനം വളരുന്നതും കൊച്ചിയിൽ അയിത്തത്തിനും ജാതിചിന്തകൾക്കെതിരായുള്ള ചിന്താഗതിയും സമരങ്ങളും പ്രക്ഷോഭണങ്ങളും ഉച്ചാവസ്ഥയിലാകുന്നതും. ഈ കാലഘട്ടത്തിലാണ് സാഹിത്യകാരന്മാരുമായി പരിചയപ്പെടുവാനും അടുത്തിടപഴകാനും കഴിഞ്ഞുവെന്ന് ഏറെ ചാരിതാർഥ്യത്തോടെ ഗൗരിയമ്മ പറയുന്നു. ഒരു നാടകീയ മുഹൂർത്തത്തിലൂടെ ചങ്ങമ്പുഴ എന്ന സതീർഥ്യനെ കുറ്റിപ്പുഴ കൃഷ്ണപിള്ള പരിചയപ്പെടുത്തുന്നത് വളരെ രസകരമായിട്ടാണ് വിശദീകരിക്കുന്നത്.

ഈഴവ സമുദായത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന എസ്.എൻ.ഡി.പി. എന്ന സംഘടനയ്ക്കായി പ്രവർത്തിച്ച് അതിനോടൊപ്പമാണ് ഗൗരിയമ്മ രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗഭാക്കാകുന്നത്. അന്നത്തെ മതപരവും രാഷ്ട്രീയപരവും സാമൂഹ്യപരവുമായ സംഭവവികാസങ്ങൾ ഗൗരിയമ്മയുടെ സ്വത്വത്തെ രൂപപ്പെടുത്തുന്ന തിൽ വളരെ വലിയ പങ്കു വഹിച്ചിട്ടുണ്ട്. എങ്കിലും രാഷ്ട്രീയപ്രവർത്തനങ്ങൾ കുടുംബ ത്തിന്റെ ഭാഗംതന്നെയാണ് ഗൗരിയമ്മയെ സംബന്ധിച്ച്. സ്ത്രീകൾക്ക് പ്രാമുഖ്യമില്ലാ യിരുന്ന കേരളരാഷ്ട്രീയത്തിൽ ഗൗരിയമ്മ ഇടംനേടിയത് ട്രേഡ് യൂണിയൻ കർഷക പ്രവർത്തനങ്ങളിലൂടെയായിരുന്നു. ദേശീയ സ്വതന്ത്ര്യസമരം, തൊഴിലാളി സമരങ്ങൾ,

കമ്മ്യൂണിസ്റ്റുപ്രസ്ഥാനത്തിന്റെ പോരാട്ടം എന്നിവയുമായി ബന്ധപ്പെട്ടതായിരുന്നു അവരുടെ ജീവിതം.

കേരളത്തിന്റെ വിപ്ലവനക്ഷത്രമെന്നറിയപ്പെടുന്ന ഗൗരിയമ്മ പൊതുപ്രവർത്തനത്തിലും രാഷ്ട്രീയത്തിലും ഇടപെട്ടു സംഭവബഹുലമായൊരു സമരജീവിതത്തിനു തുടക്കം കുറിച്ചു. ആദ്യത്തെ കമ്മ്യൂണിസ്റ്റു മന്ത്രിസഭയിൽ റവന്യൂ വകുപ്പ് മന്ത്രിയായി. ഇന്ത്യയുടെ മൊത്തം ശ്രദ്ധപിടിച്ചു പറ്റിയ വിപ്ലവകരമായ ഭൂപരിഷ്കരണ നിയമബില്ലിനു തുടക്കമിടുകയും ചെയ്തു. നിയമംമൂലം കുടിയൊഴിപ്പിക്കൽ നിരോധിച്ചു. ഏകദേശം 40 ലക്ഷം കുടുംബങ്ങൾക്ക് ഈ നിയമംമൂലം ആശ്വാസവും അതോടൊപ്പം മിച്ചഭൂമി പരിഷ്കരണവും ഈ കാലയളവിൽത്തന്നെ നടന്നു.

പലപ്പോഴും പാർട്ടിയെ ഗൗരവപൂർണമായി മാറിനിന്നു വീക്ഷിക്കുവാനും വിമർശിക്കുവാനും ഗൗരി മുതിർന്നിട്ടുണ്ട്. പാർട്ടിയെ വിലയിരുത്തുന്ന ഘട്ടത്തിൽ സ്വാതന്ത്ര്യത്തിനുവേണ്ടി എടുക്കേണ്ട നടപടിക്രമത്തിലും അടവുകളിലും കമ്മ്യൂണിസ്റ്റു പാർട്ടിക്ക് തെറ്റു പറ്റുകയും യുദ്ധവും സ്വാതന്ത്ര്യസമരവും തമ്മിലുള്ള പ്രവർത്തനം കൂട്ടിയിണക്കാൻ കഴിയാതെ പോയതുമാണ് കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിന്റെ പരാജയം എന്ന് ചൂണ്ടികാട്ടുന്നു. ''കമ്മ്യൂണിസ്റ്റ് പാർട്ടിക്കുപോലും ആദ്യകാലത്തെ ആദർശജീവിതവും മൂല്യബോധവും കൈമോശം വന്നിരിക്കുന്നു. ജനാധിപത്യപ്രക്രിയയിൽ ജനങ്ങളുടെ വിശ്വാസം നശിച്ചുകൊണ്ടിരിക്കുന്നു. പിടിച്ചുപറി, മോഷണം, സ്വത്തുണ്ടാക്കൽ, ഭീകരപ്രവർത്തനം, പച്ചക്കൊലപാതകങ്ങൾ, സ്ത്രീപീഡനം, അഴിമതി ഇവ വളർന്നുകൊണ്ടിരിക്കുന്നു. മറ്റു പാർട്ടികളുടെ ജനാധിപത്യാവകാശങ്ങളെ തകർക്കുന്ന നടപടികളിലേക്ക് ഭരണത്തിൽ നീങ്ങുന്നവർ മാറുന്നത് സാധാരണമായിരിക്കുന്നു'' (ഗൗരിയമ്മ, 2007:7) എന്ന് തുറന്നു പറയുന്നു. ''മനുഷ്യസ്നേഹത്തിന്റെ മൂർത്തീഭാവവും എല്ലാ നന്മയുടെയും ഉറവിടവുമായ മാർക്സിസം വ്യാഖ്യാനത്തിലും പ്രവർത്തനരീതിയിലും വന്ന പിഴവ് മനുഷ്യ സ്നേഹത്തിന്റെ വികസനത്തിനു പകരം വിരോധത്തിന്റെയും വെറുപ്പിന്റെയും അടിസ്ഥാനശിലയായി മാറിയോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. വ്യക്തികളും തത്വശാസ്ത്രവും തമ്മിലുള്ള വേർതിരിവ് എന്തെന്ന് മനസ്സിലാക്കിയുള്ള കാഴ്ചപ്പാടില്ലാതെ വന്നതിന്റെ ഫലമാണ് ഇന്ന് മാർക്സിസ്റ്റുപാർട്ടിയിൽ കാണുന്ന വൈകല്യ

ങ്ങൾ'' (ഗൗരിയമ്മ, 2010:256) എന്ന് മറ്റൊരു സന്ദർഭത്തിൽ പാർട്ടിയെ ഗൗരിയമ്മ വില യിരുത്തുന്നു.

ഗൗരിയമ്മയുടെ ആത്മകഥയുടെ മറ്റൊരു പ്രത്യേകത, ഇതുവരെ നാമറിയാത്ത ടി.വി.തോമസിന്റെ യഥാർഥമുഖം വ്യക്തമാക്കിത്തരുന്നു എന്നതാണ്. പാർട്ടിയിലെ ചിലർ പറഞ്ഞ നുണകൾക്കപ്പുറം പാർട്ടിക്കുവേണ്ടി ജീവിച്ച ധൈര്യശാലിയായ ടി.വി. എന്ന തൊഴിലാളി യൂണിയൻ പ്രവർത്തകന്റെ സത്യസന്ധവും വ്യക്തവുമായ ചിത്രം വരച്ചിടാൻ ഈ ആഖ്യാനത്തിനു സാധിക്കുന്നുണ്ട്. നേതാക്കളെല്ലാം ഒളിവിലും ജയിലി ലുമായിരുന്ന സമയത്ത് പുന്നപ്ര വയലാർ സമരത്തിന്റെ ഉത്തരവാദിത്തം സ്വയം ഏറ്റെ ടുക്കുകയും അങ്ങനെ നേതാക്കൾക്കു നേരെയുള്ള അധികാരവർഗത്തിന്റെ ശ്രദ്ധ തന്നിലേക്ക് തിരിച്ചുവിട്ട് അവരെ രക്ഷപ്പെടുത്തി. ടി.വി.തോമസിന് എതിരെയുള്ള ആരോപണങ്ങളിലെ പൊള്ളത്തരങ്ങളെ തുറന്നുകാണിക്കുന്നതിനായി ഒരു വലിയ ഇടം തന്നെ ഗൗരിയമ്മ മാറ്റി വയ്ക്കുന്നു. അതുപോലെ പി.കൃഷ്ണപിള്ളയെന്ന വ്യക്തിത്വത്തേയും കൂടുതൽ മനസ്സിലാക്കാൻ ആത്മകഥയിലൂടെ സാധിക്കുന്നു.

തിരഞ്ഞെടുപ്പിലെ ആദ്യ തോൽവി ഗൗരിയമ്മയുടെ ജീവിതത്തിൽ ഒരു വഴി ത്തിരിവായി. വിശ്വസിച്ച ജനങ്ങളിൽനിന്ന് മാറിനിൽക്കാൻ ശ്രമിക്കാതെ, ആരുടെയും പ്രേരണയില്ലാതെ അവർ കൂടുതൽ സമയവും പാർട്ടിപ്രവർത്തകയായി മാറി. തിരഞ്ഞെ ടുപ്പിനുശേഷം കോടതിയിൽ നിന്നുണ്ടായ ഒറ്റപ്പെടുത്തൽ, വിമർശനങ്ങൾ, കളിയാക്ക ലുകൾ എല്ലാം നേരിട്ടുകൊണ്ട് വക്കീലന്മാരുടെ ലോകത്തുനിന്നും സാധാരണക്കാരുടെ ലോകത്തേക്ക് കൂടുതൽ ആഴ്ന്നിറങ്ങി. പിന്നീട് വിപ്ലവമെന്തെന്നറിയാത്ത അകത്തമ്മ മാരും പണവും പ്രതാപവും ഉള്ളവരും പാർട്ടി ഭരണത്തിൽ ചെന്നെത്തിയപ്പോൾ അതിൽ നിന്നുമാറി ഗൗരിയമ്മ തന്റേതായ രീതിയിൽ മുന്നോട്ടുപോവുകയാണുണ്ടായത്.

നിലവിലുള്ള ഗവൺമെന്റിനോട് ജനങ്ങൾക്ക് വെറുപ്പും വിദ്വേഷവും തോന്നി ക്കത്തക്കവിധം പ്രസംഗം നടത്തി എന്ന പേരിൽ കേസ് ചുമത്തി ആദ്യമായി ഗൗരിയമ്മയെ അറസ്റ്റ് ചെയ്തു. അറസ്റ്റ് ചെയ്തെങ്കിലും ഒരു അസൗകര്യവും ഗൗരിയമ്മയ്ക്കവിടെ അനുഭവിക്കേണ്ടി വന്നില്ല. ജയിലിൽ കിട്ടിയ വിഐപി സൗകര്യങ്ങളെ കൃതജ്ഞത

യോടെയാണ് അവർ ഓർക്കുന്നത്. സാധാരണ മറ്റുള്ളവർ ജയിൽജീവിതത്തിന്റെ ദുരനുഭവങ്ങൾ വേദനയോടെ ഓർക്കുമ്പോൾ അത്തരമൊന്നും ഗൗരിയമ്മയ്ക്ക് ഉണ്ടായിട്ടില്ല. ഗൗരിയമ്മയുടെ പ്രതാപവും വക്കീലുദ്യോഗവും പാർട്ടി സ്വാധീനവുമാണതിനു കാരണമെന്നു വ്യക്തമാണ്. കേസ് നീട്ടാതെ കുറ്റം സമ്മതിച്ച് പൂജപ്പുര ജയിലേക്കു പോകുന്നതോടെ ആത്മകഥ അവസാനിപ്പിക്കുകയാണ്.

ആരുടേയും മുഖത്തു നോക്കി സംസാരിക്കുവാനും തനിക്ക് സത്യമെന്നു തോന്നുന്ന കാര്യങ്ങൾ ചെയ്യുവാനും അനീതി കണ്ടാൽ എതിർക്കാനുമുള്ള ഗൗരിയമ്മയുടെ സ്വഭാവം അവർക്ക് ഒരുപാട് ശത്രുക്കളേയും മിത്രങ്ങളെയും സൃഷ്ടിച്ചു. ഗൗരിയമ്മ, ഒരു നല്ല ഭരണാധികാരിയെന്ന നിലയിൽ ശത്രുക്കൾക്കുപോലും എതിരഭിപ്രായമുണ്ടായിരുന്നില്ല. ''അവർക്ക് മന്ത്രിയെന്ന നിലയിലുള്ള ഒരു കഴിവ് തന്റെ കീഴിലുള്ള ഉദ്യോഗസ്ഥരെ അവരുടെ കഴിവും കഴിവുകേടുകളും മനസ്സിലാക്കി വേണ്ടപോലെ ഉപയോഗിക്കുന്നതിലാണ്. ഇന്നത്തെ മറ്റു മന്ത്രിമാരേക്കാളും കാര്യക്ഷമതകളുടെ മുന്നിൽ അവർതന്നെ...''(അച്യുതമേനോൻ, 1992:31).

പിതാവിന്റെ പ്രാമാണികത്വംകൊണ്ടും സമാരാധ്യതകൊണ്ടും ജാതിവിവേചനത്തിന്റെ പരിക്ക് ഗൗരിക്കേറ്റിരുന്നില്ല. അതുകൊണ്ടുതന്നെ കീഴാളവർഗത്തിന്റെ സ്വത്വപ്രശ്നങ്ങളിലേക്കോ അവർ അനുഭവിച്ച നരകയാതനയിലേക്കോ ആത്മകഥയുടെ ശ്രദ്ധ തിരിയുന്നില്ല. അത്തരമൊരു സാഹചര്യത്തെ വിശദീകരിക്കേണ്ട സന്ദർഭത്തിൽ അതിൽ നിന്നു മാറി നിന്ന് അതിനെ വിലയിരുത്തുകയാണ് ഗൗരിയമ്മ ചെയ്തിരിക്കുന്നത്.

സ്ത്രീകളെ അടിച്ചമർത്തപ്പെട്ടവരും ഒതുങ്ങി ജീവിക്കേണ്ടവരുമായി മാറ്റിനിർത്തപ്പെട്ട ഒരു കാലത്തിൽ കീഴ്ജാതിയിൽനിന്നും ഉന്നതവിദ്യാഭ്യാസവും വക്കീൽ ജോലിയും നേടുന്ന ആദ്യ ഈഴവ സ്ത്രീയായിരുന്നു ഗൗരിയമ്മ. ഇത് മറ്റു സ്ത്രീകളിൽ നിന്നു ഗൗരിയമ്മയെ വ്യത്യസ്തയാക്കിയെങ്കിലും ഒരു സ്ത്രീയെന്ന നിലയിലെ മാറ്റിനിർത്തപ്പെടലുകളെക്കുറിച്ച് ആത്മകഥയിൽ അവർ വെളിപ്പെടുത്തുന്നുണ്ട്.

സാമൂഹികമായ അന്യവത്കരണത്തെക്കുറിച്ച് ആത്മകഥയിൽ പറയുന്നുണ്ട്. അത് സവർണനും അവർണനും പണം ഉള്ളവനും ഇല്ലാത്തവനും സ്ത്രീയും പുരു

ഷനും വിദ്യാഭ്യാസം ഉള്ളവനും ഇല്ലാത്തവനും അങ്ങനെ വിവിധ തലങ്ങളിൽ ചിത്രീകരിക്കുന്നുണ്ട്. സവർണസമൂഹം പരമ്പരാഗതമായി നിലനിർത്തിവന്ന രീതികളും ആചാരങ്ങളും അവർണർക്ക് എതിരായിരുന്നു. സ്വന്തമായി ഭൂമിയുടെ ഉടമകളാവാൻ അവകാശമില്ലാത്തവരായിരുന്ന ഇവർക്ക് പൊതുവഴിയിൽ സഞ്ചാരസ്വാതന്ത്ര്യമില്ല. സർക്കാർ സ്കൂളുകളിലോ സവർണരുടെ അധീനതയിലുള്ള ക്ഷേത്രങ്ങളിലോ സർക്കാർ സർവീസിലോ പ്രവേശനമില്ല. അയിത്തം എന്ന ആചാരം ഭീകരമായി ഇവരെ ആക്രമിച്ചുകൊണ്ടിരുന്നു. അഭ്യസ്തവിദ്യയും വക്കീലുമായ ഗൗരിയമ്മ രാഷ്ട്രീയ പ്രവർത്തനത്തിൽ ഏർപ്പെട്ടു എന്ന ഒറ്റകാര്യം കൊണ്ടുതന്നെ ജോലിസ്ഥലത്തും സഹപ്രവർത്തകർക്കിടയിലും ഒറ്റപ്പെട്ടു.

കോൺവെന്റ് ജീവിതത്തിലെ അസമത്വങ്ങളെക്കുറിച്ച് പറയുന്ന ഗൗരിയമ്മ ''കർത്താവിന്റെ മണവാട്ടിമാരിലും അക്കാലത്ത് വേർതിരിവ് ഉണ്ടായിരുന്നോ എന്ന് എനിക്ക് സംശയമായിരുന്നു'' (ഗൗരിയമ്മ, 2006:171) എന്നു സന്ദേഹിക്കുന്നുണ്ട്. ടി.വി. തോമസിനേയും ഗൗരിയമ്മയേയും കുറിച്ച് അപവാദപ്രചരണങ്ങൾ നടത്തുകയും അവരറിയാത്ത കാര്യങ്ങൾ പോലും പറഞ്ഞു പരത്തി സമൂഹത്തിലും പാർട്ടിയിലും ഒറ്റപ്പെടുത്താൻ ശ്രമിക്കുകയുമുണ്ടായി. മിക്കവാറും സ്ത്രീ പാർട്ടിപ്രവർത്തകർക്ക് നേരിടേണ്ടി വരുന്ന ഈ അവസ്ഥ ഗൗരിയമ്മയ്ക്കും അനുഭവിക്കേണ്ടിവന്നിരുന്നു. പാർട്ടിയിൽ പ്രവർത്തിച്ചാലും ബാധ്യതകൾ സ്ത്രീകൾക്കു മാത്രമുള്ളതാണ് എന്ന് ആത്മകഥയിൽ വ്യക്തമാക്കുന്നു. അത്തരത്തിൽ ഒരുപാട് ബാധ്യതകളും ചെലവുകളും ഗൗരിയമ്മയ്ക്ക് ഏറ്റെടുക്കേണ്ടി വന്നിട്ടുണ്ട്. രാഷ്ട്രീയമേഖലയിലും സ്ത്രീകൾക്കായി സമൂഹം കൽപ്പിച്ചുവച്ച തൊഴിലുകൾ തന്നെയാണ്, അവർ ചെയ്യേണ്ടി വരുന്നത് എന്ന് ഗൗരിയമ്മയുടെ ആത്മകഥയിൽ പറയുന്നു.

ആദ്യകാലങ്ങളിൽ പാർട്ടിയിൽ വളരെ പ്രാധാന്യം ലഭിച്ചിരുന്ന ഗൗരിയമ്മയെ പതിയെപ്പതിയെ പാർട്ടി മാറ്റിനിർത്താൻ തുടങ്ങി. സംഘടനയ്ക്ക് വേരുറച്ചതോടു കൂടി ഒഴിവാക്കപ്പെടാവുന്ന ഒരാൾ മാത്രമായി മാറുന്നു പിന്നീട് ഗൗരിയമ്മ. ''നേതാക്കൾ വരും, പോകും, മീറ്റിങ് നടത്തും-ഞാനറിയണമെന്നില്ല. നോട്ടീസുകളിലും സെക്രട്ടറിയുടെ സ്ഥാനത്ത് എന്റെ പേര് ഇല്ലാതെയായി'' (ഗൗരിയമ്മ, 2000:344). ഒരു

പാർട്ടി പ്രവർത്തക എന്ന നിലയിൽ പൂർണമായ അന്യവത്കരണം ഗൗരിയമ്മയുടെ ജീവിതത്തിൽ ഇക്കാലയളവിൽ സംഭവിച്ചു. ലിംഗപരമായും തൊഴിൽപരമായും ഒരു രാഷ്ട്രീയപ്രവർത്തക എന്ന നിലയിലുമുള്ള മാറ്റി നിർത്തപ്പെടലുകൾ ഗൗരിയമ്മയുടെ ആത്മകഥയുടെ ഭാഗമാകുന്നുണ്ട്.

ഇലക്ഷൻ കമ്മീഷൻ അംഗീകരിച്ചെങ്കിലും മാർക്സിസ്റ്റ്പാർട്ടിക്കു ഗൗരിയമ്മയുടെ പാർട്ടിയെ ഒരു രാഷ്ട്രീയ പാർട്ടിയായി അംഗീകരിച്ചിരുന്നില്ല. ഒരു എംഎൽഎയെ ഉള്ളൂ എന്ന ന്യായം പറഞ്ഞു ഗൗരിയമ്മയെ നിയമസഭയുടെ മുൻനിരയിൽ നിന്നു മാറ്റിയിരുത്താൻ തീരുമാനിച്ച പാർട്ടി അതിനു മുൻപ് ആർ.ബാലകൃഷ്ണപിള്ളയ്ക്ക് മുൻനിര സ്ഥാനം നിഷേധിച്ചിരുന്നില്ല. നിയമസഭയിൽ പ്രാതിനിധ്യമുള്ള പാർട്ടികൾക്ക് ഗവൺമെന്റ് രൂപീകരിക്കുന്ന കമ്മിറ്റികളിൽ പ്രാതിനിധ്യമുണ്ടായിരിക്കുമെന്ന് ഉത്തരവുള്ളത് ഒരു എം.എൽ.എ മാത്രമുള്ളതിനാൽ ഗൗരിയമ്മയുടെ പാർട്ടിക്കു മാത്രം ബാധകമായിരുന്നില്ല. എന്നാൽ ബാലകൃഷ്ണപിള്ളയെ ഇക്കാര്യത്തിൽ ഒഴിവാക്കിയിട്ടുണ്ട്. എത്ര പ്രതിബദ്ധതയുള്ള, കഴിവുള്ള നേതാവാണെങ്കിലും അവർ സ്ത്രീയാണെങ്കിൽ പുരുഷ സമൂഹം അവരെ എങ്ങനെയെല്ലാം ഒഴിവാക്കുന്നു എന്നതിന്റെ തെളിവാണിത്തരം സംഭവങ്ങൾ.

> അസംബ്ലിയിൽ മറ്റുള്ളവർക്ക് സംസാരിക്കാൻ നിശ്ചിതസമയം നൽകുമ്പോൾ ഗൗരിയമ്മയ്ക്ക് ഒരു മിനിറ്റുമാത്രം സംസാരിക്കാനേ അനുവാദം കൊടുത്തിരുന്നുള്ളു. പുരുഷാധിപത്യം നിറഞ്ഞ സദസ്സിൽ ഒരു സ്ത്രീയുടെ സാന്നിധ്യവും അഭിപ്രായങ്ങളും അത്രയേറെ അവർക്ക് അരോചകമായിരിക്കണം. അതുപോലെ ദീർഘകാലം സർവീസുള്ള എം.എൽ.എ. മാർക്കു നൽകേണ്ട താമസസൗകര്യവും ഗൗരിയമ്മയുടെ പ്രായത്തെപ്പോലും അവഗണിച്ചുകൊണ്ടു കൊടുത്തില്ല.
>
> എല്ലാ എംഎൽഎമാർക്കും കിട്ടിക്കൊണ്ടിരുന്ന പെൻഷൻ, എംഎൽഎയുടെ ശമ്പളത്തേക്കാൾ കൂടുതൽ ആണെങ്കിൽ കൂടുതലുള്ള തുക എം.എൽ.എ ശമ്പളത്തോടൊപ്പം അനുവദിച്ചിരുന്നു. ഈ തുക നിർത്തലാക്കാൻ ഗവൺമെന്റ് ഉത്തരവിറക്കി. ഇതിനു കാരണം ഗൗരിയമ്മ ഏറ്റവും കൂടുതൽ കാലം എംഎൽഎ

ആയി പെൻഷൻ വാങ്ങിയതാണ്. വളരെക്കാലം എം.എൽ.എ ആയിരുന്ന പുരുഷനു കൂടുതലുള്ള തുക അനുവദിക്കുന്നതിൽ അവർക്കു പ്രശ്നമില്ലായിരുന്നു. ഗൗരിയമ്മ അതിന് അർഹയാണെന്നതുകൊണ്ടുമാത്രമാണവർ ഇതു നിറുത്തലാക്കുന്നത്.

മാർക്സിസ്റ്റുപാർട്ടിയിൽ നിന്നതിനേക്കാൾ കൂടുതൽ വോട്ടു നേടി ഗൗരിയമ്മ വിജയിച്ചതിനാൽ ഗൗരിയമ്മയുടെ പാർട്ടിയുടെ വളർച്ചയെ മാർക്സിസ്റ്റുപാർട്ടി അവർക്കാകും വിധം എതിർക്കുന്നുണ്ട്. അതിനുദാഹരണമാണ് ദേശീയപാതയ്ക്കരികിലുണ്ടായിരുന്ന പാർട്ടി ഓഫിസ്, റോഡ് വീതികൂട്ടാനെന്ന പേരിൽ പൊന്നും വിലയ്ക്കെടുത്ത്, കെട്ടിടം പൊളിച്ചുകളഞ്ഞത്. ഇന്നും ആ സ്ഥലം ഉപയോഗശൂന്യമായി കിടപ്പുണ്ട്. അതുപോലെ ഗൗരിയുടെ നിയോജകമണ്ഡലത്തിൽ യാതൊരുവിധ വികസന പ്രവർത്തനവും നടത്താതെ വികസനങ്ങൾ നിരോധിക്കുകയും ജനങ്ങളെ ശിക്ഷിക്കുകയും ചെയ്തു. ആ മണ്ഡലത്തിൽ കുടിവെള്ളമില്ല, റോഡുകൾ നന്നാക്കില്ല, കടൽ കയറി വീടുകൾ നശിച്ചാലും കടൽ ഭിത്തി കെട്ടില്ല, വേണ്ടിടത്ത് വൈദ്യുതി എത്തിക്കുകയില്ല. അങ്ങനെ പോകുന്നു ഗൗരിയമ്മയോടും പാർട്ടിയോടും അവരെ ജയിപ്പിച്ച ജനങ്ങളോടുമുള്ള മറ്റു പാർട്ടികളുടെ വിരോധപ്രകടനങ്ങൾ. പുരുഷ വിദ്വേഷം സ്ത്രീകൾക്കു നേരെ ഏതെല്ലാം വിധത്തിൽ പ്രവർത്തിക്കുമെന്നത് തന്റെ രാഷ്ട്രീയ ജീവിതത്തിലൂടെ വ്യക്തമായി ഇങ്ങനെ ഉദാഹരണങ്ങൾ നൽകുന്നുണ്ട് ഗൗരിയമ്മ.

പാർട്ടിയുടെ ആദ്യകാലനേതാവെന്ന പരിഗണന പോലും നൽകാതെ രാഷ്ട്രീയ രംഗത്ത് മാറ്റി നിർത്തപ്പെട്ടതിന്റെ കഥ കൂടിയാണ് ഗൗരിയമ്മയുടെ ആത്മകഥ. എന്തുകൊണ്ട് പുരുഷന്മാരായ നേതാക്കന്മാരുടെ കാര്യത്തിൽ ഇപ്രകാരമല്ല എന്ന ചോദ്യം വളരെ പ്രസക്തമാകുന്നുണ്ട് ഇവിടെ. പാർട്ടിയുടെ വളർച്ചയിൽ വലിയ പങ്കു വഹിച്ച, പിന്നീടുണ്ടായ ഓരോ മുന്നേറ്റത്തിലും തന്റേതായ വ്യക്തിത്വം തെളിയിക്കപ്പെട്ട ഒരു സ്ത്രീ നേതാവിനും എന്തുകൊണ്ട് ഉന്നതമായ സ്ഥാനങ്ങൾ ലഭിക്കുന്നില്ല എന്നുള്ള ചോദ്യവും വായനക്കാരുടെ മനസ്സിൽ ഉയർത്തുന്നുണ്ട് ഗൗരിയമ്മയുടെ ആത്മകഥ.

## 4.2 അജിത – ഓർമക്കുറിപ്പുകൾ

അജിതയുടെ ആത്മകഥ ഇതര ആത്മകഥകളിൽ നിന്ന് ആഖ്യാനത്തിലും അവതരണത്തിലും വ്യത്യസ്തത പുലർത്തുന്നുണ്ട്. ഇതിവൃത്തവും ആത്മകഥയുടെ പരമ്പരാഗത രീതികളിൽ നിന്ന് വേറിട്ടുനിൽക്കുന്ന രീതികളും ഈ ആത്മകഥയെ മറ്റുള്ളവയിൽനിന്നു സവിശേഷമാക്കുന്നു. മറ്റു ആത്മകഥാകാരികൾ പറയുന്നതു പോലെ മാതാപിതാക്കൾ, ജനനം, കുടുംബം എന്ന രീതിയിലല്ല ആത്മകഥ തുടങ്ങു ന്നത്. സമരത്തിൽ പങ്കെടുത്ത ഹൈസ്കൂൾ വിദ്യാർഥിനിയായ അജിതയെ ഹെഡ്മിസ്ട്രസ് ശകാരിക്കുന്നതോടെയാണ് ഓർമക്കുറിപ്പുകൾ ആരംഭിക്കുന്നത്. ഈ ശകാരം ജീവിതം മുഴുവനും പലരിൽ നിന്നും പല പ്രസ്ഥാനങ്ങളിൽനിന്നും പിന്നീട് നേരിടേണ്ടി വന്നിട്ടു ണ്ടെന്നതിന്റെ നാന്ദി കൂടിയാകാം. ഓർമക്കുറിപ്പുകൾ അവസാനിക്കുന്നതാകട്ടെ ലൂയി ബോണപ്പാർട്ടിന്റെ പതിനെട്ടാം ബ്രൂമെയർ എന്ന കൃതിയിൽ നിന്നുള്ള വാക്യത്തോടെയും. ആഖ്യാനത്തിലെ ഇത്തരമൊരു സവിശേഷത 'ഓർമക്കുറിപ്പു'കളെ തികച്ചും വ്യത്യ സ്തമാക്കുന്നുണ്ട്.

നക്സലൈറ്റ് രാഷ്ട്രീയപ്രസ്ഥാനത്തിൽ പങ്കെടുത്ത ഏക സ്ത്രീയായ അജിത യുടെ ഓർമക്കുറിപ്പുകൾപോലെ, മറ്റൊന്ന് മലയാളത്തിൽ ഉണ്ടായിട്ടില്ല. ''ഇന്ത്യയിൽ മറ്റൊരു ഭാഷയിലും ഇതുപോലൊരു കരുത്തുറ്റ സ്ത്രീയുടെ ആത്മകഥ ഉണ്ടെന്നു തോന്നുന്നില്ല'' (ലീലാവതി, 2008:272) എന്ന അഭിപ്രായം തികച്ചും സത്യമാണ്. വിശ്വാസ ധീരതയുടെ പേരിൽ എന്തു യാതനകളും ഏറ്റെടുക്കാനുള്ള കരുത്ത് ഒരു സ്ത്രീക്കു ണ്ടാകാം എന്നതിന്റെ ഏറ്റവും വലിയ തെളിവാണീ ആത്മകഥ.

ഓർമക്കുറിപ്പുകൾ 1982–ൽ എഴുതുമ്പോൾ അജിത പ്രസ്ഥാനത്തിലെ ഒരു സജീവ അംഗമായിരുന്നു. എന്നാൽ അതിന്റെ മൂന്നാംപതിപ്പിന് 1993–ൽ മുഖവുര എഴു തുമ്പോൾ അജിത നക്സൽബാരിപ്രസ്ഥാനത്തിലെ ഒരംഗമല്ല, മറിച്ച് ഒരു ഫെമിനിസ്റ്റ് അഥവാ സ്ത്രീ വിമോചനവാദിയാണെന്ന് അവർ തന്നെ പറയുന്നുണ്ട്. ''സംഭവബഹുല മായ ഈ വർഷങ്ങളിൽ എന്റെ രാഷ്ട്രീയചിന്താഗതിയിലും ഞാൻ തിരഞ്ഞെടുത്ത കർമപദ്ധതിയിലും വളരെയേറെ മാറ്റങ്ങൾ സംഭവിച്ചു. കൗമാരപ്രായത്തിൽനിന്ന് യൗവനത്തിലേക്കു പ്രവേശിച്ചുകൊണ്ടിരുന്ന കാലത്ത് (1966–1980 ആരംഭംവരെ) ഞാൻ

നക്സൽബാരിപ്രസ്ഥാനത്തിലെ ഒരു സജീവാംഗമായിരുന്നു. പ്രസ്ഥാനത്തിലെ എന്റെ തിക്തമായ അനുഭവങ്ങൾ അതിൽ തുടർന്നു പ്രവർത്തിക്കാനുള്ള പ്രചോദനം നൽകുക യുണ്ടായില്ല (അജിത, 2006:7) എന്ന് ഓർമക്കുറിപ്പുകൾ രണ്ടാംപതിപ്പിറങ്ങുമ്പോൾ അജിത തന്നെ പറയുന്നുണ്ട്. ആ അവസ്ഥയിൽനിന്നു ഈ കാലഘട്ടമെത്തുമ്പോഴേക്കും വീണ്ടും ആശയസംഹിതകളിലും ചിന്താഗതികളിലും മാറ്റമുണ്ടാവുക സ്വാഭാവികം. എന്നിരുന്നാലും ഓർമക്കുറിപ്പുകൾ എഴുതുമ്പോഴുള്ള അജിതയുടെ കാഴ്ചപ്പാടുകളെ, പരിതസ്ഥിതികളെ, ചിന്തകളെ വിശകലനം നടത്തുകയാണിവിടെ ചെയ്തിരിക്കുന്നത്.

ആത്മകഥയിലൂടെ ''എന്റെ രാഷ്ട്രീയവിശ്വാസത്തെ ഒരു തുറന്ന പ്രഖ്യാപന ത്തിലൂടെ ഒന്നുകൂടി അരക്കിട്ടുറപ്പിക്കാനും ഞാൻ ഉൾക്കൊണ്ട പ്രസ്ഥാനത്തിലെ അറിയപ്പെടാത്തതും ചിലർ ബോധപൂർവം മൂടിവയ്ക്കാൻ ശ്രമിക്കുന്നതുമായ പല വസ്തുതകളേയും ബഹുജനങ്ങളുടെ മുമ്പിൽ നിരത്തിവയ്ക്കാനും മാത്രമാണ് ഈ ഓർമക്കുറിപ്പുകൾകൊണ്ട് ഉദ്ദേശിച്ചിരുന്നത്'' (അജിത, 2006:357).

ഓർമക്കുറിപ്പുകൾ തന്റെ ഓർമയിൽ പതിഞ്ഞ സംഭവങ്ങളുടെ ഒരു ചിത്രമാ ണെന്നും അതുകൊണ്ടുതന്നെ സ്വാഭാവികമായി അതിൽ പല പാകപ്പിഴകളുണ്ടാകു മെന്നും അജിത തുറന്നുപറയുന്നു. അന്നുവരെ കേരളം കണ്ടിട്ടില്ലാത്ത ശക്തമായ ഒരു സ്ത്രീ രാഷ്ട്രീയസ്വത്വത്തിന്റെ അടയാളപ്പെടുത്തലാണ് അജിതയുടെ ഓർമക്കുറിപ്പു കൾ. ജന്മിത്വത്തിനെതിരെ, ഭരണകൂടത്തിന്റെ അധികാര ദുഷ്പ്രവർത്തനങ്ങൾക്കെ തിരെ നക്സലൈറ്റുകൾ നടത്തിയ ചരിത്രപരമായ സംഘടിത രാഷ്ട്രീയസമരങ്ങളുടെ കഥയാണ് അജിത വിശദീകരിക്കുന്നത്.

അന്നുവരെ മലയാളി സ്ത്രീ കൈവയ്ക്കാതിരുന്ന, ഇറങ്ങാൻ മടിച്ചിരുന്ന ഒരു പ്രസ്ഥാനത്തിലേക്ക് ഇറങ്ങാൻ അജിത കാണിച്ച ധൈര്യമാണ് അവരെ മറ്റുള്ളവരിൽ നിന്നു വ്യത്യസ്തയാക്കിയത്. ലോകത്തൊഴിലാളി വിപ്ലവപ്രസ്ഥാനങ്ങളോടുള്ള നേർക്ക് അവരുടെ കാഴ്ചപ്പാടും അതിലുള്ള അറിവും അന്ന് ഏതൊരു മലയാളി വനിതയേയും സംബന്ധിച്ചും തികച്ചും അന്യമായിരുന്നു. വ്യക്തിപരമായ കഥ പറയുന്നതിലുപരിയായി പ്രസ്ഥാനത്തെയും കേരള-ഇന്ത്യൻ ചരിത്രത്തെയും ആത്മകഥ വിഷയമാക്കുന്നു.

ഒരു ഇടത്തരം സാമ്പത്തികസ്ഥിതിയിലുള്ള വിപ്ലവകുടുംബത്തിൽനിന്നും കടന്നു വന്ന അജിതയ്ക്ക് വ്യത്യസ്തമായ അനുഭവങ്ങളും ചിന്തകളുമാണ് ഉണ്ടായിരുന്നത്. ഇത് സാധാരണ സ്ത്രീകൾ ഏറ്റെടുക്കാൻ തയ്യാറാവാത്ത സാഹസികവും അപകട ങ്ങൾ നിറഞ്ഞതുമായ പാത തിരഞ്ഞെടുക്കാൻ അവരെ പ്രാപ്തയാക്കി. പൂർണമായും വിപ്ലവത്തിനായി ജീവിതം ഉഴിഞ്ഞു വച്ച മാതാപിതാക്കൾക്കൊപ്പം അജിതയും നന്നേ ചെറുപ്പത്തിൽ തന്നെ വിപ്ലവത്തിലേക്കിറങ്ങി.

ഒഴിച്ചുകൂടാൻ വയ്യാത്ത സാഹചര്യങ്ങളില്ലാത്ത വ്യക്തിപരമായ, കുടുംബപരമായ വിവരണങ്ങൾ ഓർമക്കുറിപ്പുകളിൽ വളരെ കുറവാണ്. ഒരു ചരിത്രകൃതി വായിക്കു ന്നതുപോലെയാണ് ഓർമക്കുറിപ്പുകളുടെ ആഖ്യാനരീതി. സാധാരണ ഒരു പതിനാറു - പതിനേഴു വയസ്സുള്ള പെൺകുട്ടിയുടെ ജീവിത സമീപനം അറിവ് ചിന്താശേഷി തുട ങ്ങിയവയിൽ നിന്നു വ്യത്യസ്തമായിരുന്നു അജിത എന്ന് ഓർമക്കുറിപ്പുകൾ വ്യക്ത മാകുന്നു. ഓർമക്കുറിപ്പുകളിൽ കുട്ടിക്കാലത്തെ മധുരസ്മൃതികളോ കുടുംബപശ്ചാത്ത ലമോ ഒന്നും സാധാരണ ആത്മകഥകളിലേതുപോലെ ചിത്രീകരിക്കുന്നില്ല. വ്യക്തി ജീവിതത്തിനുപരി തനിക്കു ചുറ്റുമുള്ള സമൂഹത്തിന്, വിശ്വസിക്കുന്ന ആദർശത്തിന് പ്രാമുഖ്യം കൊടുത്തിരുന്നു അജിത. അതുകൊണ്ട് ആത്മകഥകളിൽ തന്നെ വ്യക്തി പരവും കുടുംബപരവുമായതിനപ്പുറത്തേക്ക് സാമൂഹികതലമാണ് വ്യാപിച്ചു കിടക്കു ന്നത്.

നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തോടുള്ള എതിർപ്പും കൂടി വന്ന വിപ്ലവാ വേശവും തന്നെയാണ് പഠനം പാതിവഴിയിൽ ഉപേക്ഷിച്ചു സായുധവിപ്ലവത്തിലേക്ക് കടന്നുചെല്ലാൻ അജിതയ്ക്ക് പ്രചോദനമായത്. സമൂഹത്തിനു തന്നെ ഉപയോഗശൂന്യ മായ ഒരു അഭ്യസ്തവിദ്യ ആകുന്നതിലും നല്ലത് സമൂഹത്തിനായി വർത്തിക്കുന്ന ഒരു വ്യക്തിയാവുന്നതാണ് നല്ലത് എന്ന് അജിത പ്രത്യക്ഷമായിത്തന്നെ പറയുന്നു.

മാവോയുടെ വാക്കുകൾ ഓരോ തീക്ഷ്ണമായ പരീക്ഷണഘട്ടങ്ങളേയും മറി കടക്കാൻ വിപ്ലവവാദികൾക്ക് മാർഗദർശനം നൽകിയിരുന്നു. സമാധാനപരമായി ജീവിതം നയിക്കാൻ ആഗ്രഹിച്ചിരുന്ന അജിതയ്ക്ക് തന്റെ ചുറ്റുപാടുമുള്ള ലോകവും

തന്റെ തന്നെ ജീവിതാനുഭവങ്ങളും ഒരു കാര്യം പഠിപ്പിച്ചുവെന്ന് പറയുന്നു. ''എത്ര തന്നെ ഒഴിഞ്ഞുമാറാൻ ശ്രമിച്ചാലും അക്രമമെന്നത് ഈ സാമൂഹ്യവ്യവസ്ഥിതിയുടെ ഭാഗമാണ്; പര്യായമാണ്. ഈ അക്രമത്തിൽനിന്ന് ഒരു വിധത്തിലും ഒഴിഞ്ഞുമാറാൻ ആർക്കും തന്നെ സാധ്യമാകുന്നില്ല'' (അജിത, 2006:77).

തൊഴിലാളി വർഗപ്രസ്ഥാനത്തിന്റെ വിജയത്തിനുവേണ്ടി പോരാടിയ അജിതയ്ക്ക്, കമ്മ്യൂണിസം ചൈനയിൽപ്പോലും ഇല്ലാതായ സന്ദർഭത്തിൽ ഈ ജീവിതം കൊണ്ട് എന്തുനേട്ടമാണ് ഉണ്ടായതെന്ന ചോദ്യത്തിന് വ്യക്തമായ ഉത്തരം നൽകുവാൻ കഴിയുന്നുണ്ട്. തങ്ങളുടെ പ്രസ്ഥാനം ഒരിക്കലും ഒരു പരാജയമല്ലെന്നും എത്ര അടിച്ചമർത്തിയാലും അതു പലയിടത്തായി പല രൂപങ്ങളിൽ ഉയിർത്തെഴുന്നേൽക്കുമെന്ന് അവർ ദൃഢവിശ്വാസത്തോടെയാണ് മറുപടി പറയുന്നത്. ചൈനയിലെ ഭരണവും അട്ടിമറിയും വിവരിക്കുന്ന അവർ കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയെ ഒരു പുത്തൻ ഉണർവായി, പുതുവെളിച്ചമായാണ് കണ്ടത്.

പലപ്പോഴും അജിത തന്നെയും പ്രസ്ഥാനത്തെയും മാറിനിന്നു വീക്ഷിക്കുന്നുണ്ട്. ''ഒരു വിജയവും ഒരിക്കലും പൂർണമല്ലെന്നും അതുപോലെ ഒരു പരാജയവും ഒരിക്കലും പൂർണമല്ലെന്നും വിജയത്തിൽ പരാജയത്തിന്റേയും പരാജയത്തിൽ വിജയത്തിന്റേയും അംശങ്ങൾ ഉൾക്കൊള്ളുന്നുണ്ടെന്നുമുള്ള തൊഴിലാളിവർഗവീക്ഷണം പെറ്റി ബൂർഷ്വാ ബുദ്ധിജീവികൾക്കു പെട്ടെന്നു സ്വായത്തമാക്കാൻ കഴിയുന്ന ഒന്നല്ല'' (അജിത, 2006:157) എന്ന് ഒരു സന്ദർഭത്തിൽ സ്വയം വിലയിരുത്തുന്നുണ്ട്.

ജയിൽവാസകാലത്തെ അനുഭവങ്ങളും പൊലീസ് മർദനത്തിന്റെ ക്രൂരതകൾ ഏതൊരുമനഃസാക്ഷിയേയും ഞെട്ടിത്തരിപ്പിക്കും വിധം ആത്മകഥയിൽ വരച്ചിടുന്നുണ്ട്. സ്ത്രീയെന്ന പരിഗണനപോലും നൽകാതെ വളരെ ക്രൂരമായിട്ടായിരുന്നു പൊലീസ് അജിതയോടു പെരുമാറിയത്. ഒരു ഘട്ടത്തിൽ പൊലീസ് അവരെ മാനഭംഗപ്പെടുത്താൻ വരെ മുതിർന്നിരുന്നു. മാനസികമായി തളർത്താനായി വെളിച്ചംപോലും കടക്കാത്ത മുറിയിൽ ആരോടും സംസാരിക്കാനോ കാണാനോ എന്തെങ്കിലും വായിക്കാനോ അനുവദിക്കാതെ മാസങ്ങളോളം ഇട്ടിട്ടും അതിനെയെല്ലാം അതിജീവിച്ച

അജിതയ്ക്ക് മുൻപിൽ ഒടുവിൽ ഭരണകൂടത്തിന് മുട്ടുമടക്കേണ്ടി വന്നു. സാംസ്കാരി കമായും ധാർമികമായും അങ്ങേയറ്റം അധഃപതിച്ച ഒരു വിഭാഗമായാണ് പൊലീസ് സേനയെന്ന് ആത്മകഥ വ്യക്തമാക്കുന്നുണ്ട്.

സമൂഹത്തിന്റെ കാപട്യങ്ങളെ നിശിതമായി വിമർശിക്കുന്ന അജിത, 'സ്ത്രീ കൾക്കുമേലുള്ള മർദനത്തിന്റെ ഏറ്റവും നഗ്നമായ, യാതൊരു മൂടുപടവുമില്ലാത്ത ഒരു രൂപം മാത്രമാണ് വേശ്യാവൃത്തി എന്ന പാഠം ജയിൽ ജീവിതത്തിൽ നിന്നാണ് എനിക്കു ലഭിച്ചതെന്ന്'' (അജിത, 2006:175) പറയുന്നു. പുരുഷന്മാർക്ക് എത്ര സ്ത്രീകളുമായി ഇട പെട്ടാലും അവരെ ശിക്ഷിക്കാതെ വെറുതെ വിടുന്ന നീതിവ്യവസ്ഥ അവർ സമൂഹ ത്തിൽ അതിൽ ഭാഗഭാക്കാകുന്ന സ്ത്രീയെ നികൃഷ്ടയുമായി മുദ്രകുത്തുന്നു. ആ തെറ്റിന് സ്ത്രീയെ മാത്രം ആജീവനാന്തം ശിക്ഷിക്കുകയാണ് സമൂഹംചെയ്യുന്നത്. സമൂഹം എത്ര വ്യത്യസ്തമായാണ് ഒരേ കുറ്റംചെയ്ത സ്ത്രീയേയും പുരുഷനേയും വീക്ഷിക്കുന്ന തെന്ന് ജയിലനുഭവങ്ങൾ തന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട്. പണമുള്ളവനും ഇല്ലാത്ത വനും സ്വാധീനമുള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വേർതിരിവ് ജയിലിൽ പ്രത്യ ക്ഷാനുഭവമായിരുന്നു.

പണവും സ്വാധീനമുള്ളവർക്ക് ജയിലിൽ കുടുംബജീവിതംവരെ ആകാമെന്ന സത്യവും വെളിപ്പെടുത്തുന്നുണ്ട്. പണത്തിന്റെ വലുപ്പമനുസരിച്ച് ജയിലിലെ പെരുമാറ്റ ങ്ങൾ പോലും വ്യത്യസ്തമാണ്. ഒരു ചെറിയ പ്രതിഷേധശബ്ദം പോലും അവിടെ ക്രൂരമായി അടിച്ചമർത്തുന്നുവെന്നും പണമുണ്ടെങ്കിൽ എത്ര കൊലപാതകം ചെയ്താലും മറ്റെന്തു ക്രൂരത ചെയ്താലും ശിക്ഷിക്കപ്പെടാൻ പോകുന്നില്ലെന്നുമുള്ള വലിയൊരു തിരിച്ചറിവ് അവിടെ വച്ചുണ്ടാകുന്നു.

പരാജയപ്പെടുവാനുള്ള പ്രധാന കാരണം ഉത്തരവാദപ്പെട്ട സ്ഥാനത്തിരുന്നവരുടെ അവസരവാദവും ഭീരുക്കളുടെ വിപ്ലവത്തിൽ നിന്നുള്ള ഒളിച്ചോട്ടവുമായിരുന്നു. തലശ്ശേരി-പുല്പള്ളി പരാജയപ്പെട്ടില്ലേ എന്ന ചോദ്യത്തിന് അജിത നൽകുന്ന മറുപടി ഇതാണ്. 'മഹാനായ കാറൽ മാർക്സ് പറഞ്ഞ വാക്കുകൾ എനിക്ക് ഓർമവരികയാണ്. 1871-ലെ പാരീസ് കമ്മ്യൂൺ പരാജയപ്പെട്ടുകൊണ്ടിരുന്ന സന്ദർഭത്തിൽ അദ്ദേഹം

ഇങ്ങനെ പറഞ്ഞു. ''...എന്നാൽ കമ്മ്യൂൺ അടിച്ചമർത്തപ്പെട്ടുപോകയാണെങ്കിൽപ്പോലും സമരം താത്കാലികമായി നിറുത്തിവയ്ക്കപ്പെടുക മാത്രമേയുള്ളൂ. കമ്മ്യൂണിന്റെ തത്ത്വങ്ങൾ അനശ്വരമാണ്. അവയെ നശിപ്പിക്കാൻ സാദ്ധ്യമല്ല. തൊഴിലാളിവർഗം അതിന്റെ വിമോചനം നേടുന്നതുവരെ അവ വീണ്ടും വീണ്ടും തലപൊക്കുന്നതാണ്'' (അജിത, 2006:192). കേരളത്തിനകത്തെ ജനങ്ങൾക്കിടയിൽ, പ്രത്യേകിച്ച് നാട്ടിൻ പുറങ്ങളിലെ അടിത്തട്ടിലുള്ള വിഭാഗങ്ങൾക്കിടയിൽ പുതിയൊരുണർവും ആവേശവും പ്രതീക്ഷയും കൊടുക്കാൻ ഈ കലാപങ്ങൾക്ക് ഒരു പരിധിവരെ സാധിച്ചിരുന്നു.

അസാമാന്യ ധീരതയും ചങ്കുറപ്പുമുള്ള വിപ്ലവകാരിയായിരുന്ന സഖാവ് വർഗീസിന്റെ ചിത്രം ഏറ്റവും തെളിമയോടെ തന്നെ ആത്മകഥയിൽ വരച്ചിരിക്കുന്നു. മനഃസാക്ഷിയുള്ള ഏതൊരാൾക്കും നോവുന്ന ഹൃദയത്തോടെ മാത്രമേ വർഗീസിന്റെ ദാരുണമായ അന്ത്യം വായിക്കുവാൻ കഴിയൂ. ഒരു വിപ്ലവകാരിയും ജനങ്ങളും തമ്മിലുള്ള അടുത്തബന്ധത്തെപ്പോലെ ഭരണവർഗം ഭയപ്പെടുന്ന മറ്റൊന്നില്ല എന്നു തെളിയിച്ച ഏറ്റവും വ്യക്തമായ ഒരു സംഭവമാണ്. അതുപോലെതന്നെ സഖാവ് അപ്പു, സഖാവ് കിസാൻ തൊമ്മൻ, സഖാവ് ചാണ്ടി തുടങ്ങിയവരും തങ്ങൾ വിശ്വസിക്കുന്ന ആദർശ ലക്ഷ്യത്തിനുവേണ്ടി നിസ്വാർഥമായി, ആത്മസമർപ്പണത്തിനു തയ്യാറായവരായിരുന്നു.

വിപ്ലവബോധം ചോർത്തി മാനസികമായി തളർത്തണമെന്ന ലക്ഷ്യത്തോടെ കണ്ണൂർ ജയിലിൽനിന്നും തിരുവനന്തപുരം സെൻട്രൽ ജയിലിലേക്ക് അജിതയെ മാറ്റുന്നുണ്ട്. ജയിൽവകുപ്പിന്റെ അടിതൊട്ടു മുടിവരെ നടമാടുന്ന അഴിമതിയുടെ കഥ വിളിച്ചറിയിക്കുന്ന പല രംഗങ്ങളും വിവരിക്കുന്നതിനോടൊപ്പം അവിടുത്തെ ക്രൂരതകളെ, അനീതികളെ മറകൂടാതെ ചിത്രീകരിക്കുന്നുണ്ട്. സ്ത്രീ വാർഡർമാരുടെ ക്രൂരതകൾ, ഗർഭിണികളെ, കുട്ടികളെ കൊലചെയ്യുന്നത്, മാനസികരോഗികളാക്കുന്നത് എല്ലാം ചങ്കിടിപ്പോടെയേ നമുക്ക് വായിക്കാൻ കഴിയുകയുള്ളൂ. അടിയന്തരാവസ്ഥയിലെ പൊലീസിന്റെ അനീതികളും നീചമായ പെരുമാറ്റങ്ങളും ഒന്നിനേയും കൂസാത്ത അജിതയുടെ മനസ്സിൽപ്പോലും കനത്ത ആഘാതമേൽപ്പിച്ചിരുന്നു എന്നു പറയുമ്പോൾ പൊലീസിന്റെ നിഷ്ഠൂരത വിവരിക്കാൻ മറ്റൊന്നും പറയേണ്ട ആവശ്യമില്ല.

തലശ്ശേരി - പുല്പള്ളി കേസിൽ മാത്രമാണ് സെഷൻസ് കോടതി വിധിയെ കവച്ചുവച്ചുകൊണ്ടു ശിക്ഷ പരമാവധി വർധിച്ച വിധിയുണ്ടായിട്ടുള്ളത്. ''ഭരണയന്ത്ര ത്തിന്റെ സർവവ്യാപിയായ നിയന്ത്രണത്തിന്റെ ചരടുകയ്യിലുള്ളവർ തങ്ങൾക്കെതി രായി തലപൊക്കുന്ന ശക്തികളെ അവരെത്ര തന്നെ ബലഹീനരാണെന്നു കാണപ്പെ ട്ടാലും എത്രമാത്രം ഭയപ്പെടുന്നുവെന്ന് ഈ വിധി തെളിയിച്ചു'' (അജിത, 2006:299). കേസിന്റെ വിധി പ്രഖ്യാപിച്ചത് ജഡ്ജിയായിരുന്നുവെങ്കിലും വിധി വന്നത് ഉന്നതതല ത്തിൽനിന്നാണെന്നും താൻ നിസ്സഹായനാണെന്നും അദ്ദേഹം വെളിപ്പെടുത്തുകയും ചെയ്തിരുന്നു.

സമൂഹത്തിലെ ജന്മി-കുടിയാൻ വ്യവസ്ഥകളേയും അതിനെതിരെ വന്ന മാർക്സിസ്റ്റ് പ്രസ്ഥാനത്തെയും വിശകലനംചെയ്യുന്ന അജിത, നക്സൽബാരി പ്രസ്ഥാനം ഉയർന്നു വരാൻ ഇടയായ രാഷ്ട്രീയ സാമൂഹ്യ സാഹചര്യങ്ങൾ ചർച്ചാവിഷയം ആക്കുന്നുണ്ട്. ജന്മിമാരുടെയും പൊലീസിന്റേയും അക്രമങ്ങൾകൊണ്ട് പൊറുതി മുട്ടിയ കർഷകർ തങ്ങളുടെ വിപ്ലവവീര്യത്തെ ചോദ്യം ചെയ്തത് സായുധവിപ്ലവത്തി ലേക്കിറങ്ങാൻ അജിതയടക്കമുള്ള പ്രവർത്തകരെ പ്രേരിപ്പിച്ചു. അന്നത്തെ കാർഷികജീവി തത്തിന്റേയും സാമൂഹ്യ അസമത്വത്തിന്റേയും വ്യക്തമായ ചിത്രങ്ങൾ തന്നെയാണ് അജിത യുടെ ആഖ്യാനവും മുന്നോട്ടുവയ്ക്കുന്നത്. സ്ത്രീയെന്ന നിലയിലുള്ള ശാരീരികബുദ്ധിമു ട്ടുകളെ വകവയ്ക്കാതെ മുന്നോട്ടു പോയ അജിതയ്ക്ക് തക്കതായ പരിഗണന കൂട്ടാ ളികളിൽനിന്നും ലഭിച്ചതിനെക്കുറിച്ചു പറയാൻ അവർ വിസ്മരിക്കുന്നില്ല.

സമൂഹത്തിനു സ്ത്രീയെ മാനസികമായി എങ്ങനെ പരാജയപ്പെടുത്താം എന്നുള്ള ചിന്തയുടെ ഉദാഹരണമാണ് അറസ്റ്റ് ചെയ്യപ്പെട്ടതിനുശേഷം അജിതയ്ക്ക് മാനന്തവാടിയിൽ വച്ചുണ്ടായ അപമാനം. ഒരു പുരുഷൻ വിപ്ലവം നടത്തിയതിനേക്കാൾ ഒരു സ്ത്രീയുടെ വിപ്ലവവീര്യം അധികാരികളേയും പൊലീസിനേയും മറ്റാളുകളേയും എത്രമാത്രം അസ്വസ്ഥമാക്കി എന്നതിനു പ്രത്യക്ഷ ഉദാഹരണമായിരുന്നു ഇത്. രാഷ്ട്രീയ സാഹചര്യത്തിനു വളരെയധികം പ്രാധാന്യമുണ്ട് അജിതയുടെ ആത്മകഥ യിൽ. ആത് വ്യക്തിയുടെ രാഷ്ട്രീയ അഭിപ്രായം അല്ല. മറിച്ചു ദേശീയവും അന്താരാ ഷ്ട്രപരവുമായ തലത്തിലെ രാഷ്ട്രീയത്തെ ചർച്ചചെയ്യുന്ന എഴുത്ത് തന്നെയാണ്.

വിമോചനപ്രസ്ഥാനം, അടിയന്തരാവസ്ഥ, നക്സൽബാരി, കമ്മ്യൂണിസം, ചൈന-ഇന്ത്യ ബന്ധം, ഇന്ത്യയിലെ പൊതുവായ രാഷ്ട്രീയസാഹചര്യം എന്നിങ്ങനെ നിരവധി വിഷയങ്ങൾ അജിത ചർച്ചചെയ്യുന്നു.

ഇന്ത്യ-ബംഗ്ലാദേശ്, ഇന്ത്യ-പാക്കിസ്ഥാൻ, ഇന്ത്യ-ചൈന ബന്ധങ്ങളിലും തന്റേതായ അഭിപ്രായം തുറന്നു പറയുന്നുണ്ട് അജിത; ഇന്ത്യ-ചൈന അതിർത്തി പ്രശ്നം വിശദീകരിക്കുമ്പോൾ വ്യക്തമായി രേഖപ്പെടുത്താത്ത അതിർത്തിയിൽ അധികാരം സ്ഥാപിക്കാൻ ശ്രമിക്കുന്നത് തെറ്റാണ് എന്ന് പറയുന്നതിലൂടെ ഇന്ത്യയുടെ രാഷ്ട്രീയ നിലപാടിനെ അജിത ചോദ്യം ചെയ്യുന്നു. കേരളത്തിലെ രാഷ്ട്രീയ പാർട്ടികളുടെയും നേതാക്കളുടെയും കുതന്ത്രങ്ങൾ വെളിപ്പെടുത്താനും അജിത തന്റെ ആഖ്യാനത്തെ ഉപയോഗിക്കുന്നു. ഇന്ദിരാഗാന്ധിയുടെ 'മൃഗീയ' ഭരണം, കേരളത്തിലെ കോൺഗ്രസ് ഭരണം, കമ്മ്യൂണിസ്റ്റ് രാഷ്ട്രീയം മുതലായവ വ്യക്തമായി ആത്മകഥയിൽ വിശദീകരിക്കുന്നുണ്ട് അജിത.

ലൈംഗികമായ അന്യവത്കരണമെന്നത് വിപ്ലവത്തിന്റെ കാര്യത്തിൽപോലും പ്രസക്തിയുള്ള ഒന്നാണ്. മാറ്റങ്ങൾക്കായി മുന്നോട്ടു വന്ന ഒരു പ്രസ്ഥാനത്തിൽത്തന്നെ ഒരു പെൺകുട്ടി എന്ന നിലയിൽ അജിതയെ വിപ്ലവത്തിൽ നിന്നും മാറ്റി നിർത്താൻ ശ്രമിച്ചിരുന്നു. അതുപോലെ സമരമുഖത്തിറങ്ങിയ അജിതയേയും മറ്റു സഖാക്കളേയും അപവാദപ്രചാരണത്തിൽ കുടുക്കാൻ രാഷ്ട്രീയവൈരികൾ ശ്രമിച്ചുവെങ്കിലും അതെല്ലാം വെറും പുകയായിത്തീരുകയാണുണ്ടായത്.

> ''ഒരു പെൺകുട്ടിയായതുകൊണ്ടാണ് ഇത്തരത്തിൽ മറ്റു സഖാക്കളെപ്പോലെ ഇറങ്ങി സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയാത്തതെന്നോർക്കുമ്പോൾ എന്തെന്നില്ലാതെ ഒരു ദുഃഖവും നിരാശയും തോന്നാറുണ്ട്. നിലവിലുള്ള സമൂഹം പെൺകുട്ടിയെ വീക്ഷിക്കുന്ന രീതിയെക്കുറിച്ചും സ്വതന്ത്രമായി സമൂഹമധ്യത്തിലേക്കിറങ്ങുന്ന പെൺകുട്ടികൾക്കു കേൾക്കേണ്ടി വരുന്ന അപവാദങ്ങളെക്കുറിച്ചും ഞാൻ തികച്ചും ബോധവതിയായിരുന്നു. സമൂഹത്തിന്റെ ഈ പരി

ഹാസ്യമായ വീക്ഷണത്തെ ഞാൻ വെറുത്തു. ഇതിനെതിരെ കലാപം ചെയ്യു മെന്ന ദൃഢനിശ്ചയം എന്റെ മനസ്സിൽ വേരുറച്ചു'' (അജിത, 2006:65).

സ്ത്രീകളെ ദുർബലരും സാഹസിതകയ്ക്കു പാകമല്ലാത്തവരും എന്ന സമൂഹത്തിന്റെ കാഴ്ചപ്പാടിനെ പൊളിച്ചെഴുതുകയാണ് അജിത തന്റെ ജീവിതത്തിലൂടെ ചെയ്തത്.

മാവോയും ചൈനീസ് പാർട്ടിയും ചൂണ്ടിക്കാണിച്ച പാതയിൽ, പഴഞ്ചൻ ജീവിതക്രമത്തിനെതിരായി പോരാടുക എന്നത് ഇടത്തരം കുടുംബത്തിൽ ജനിച്ചു വരുന്നൊരു പെൺകുട്ടിക്ക് അത്ര എളുപ്പമായിരുന്നില്ല. താൻ വിശ്വസിച്ച ആദർശന ത്തിനുവേണ്ടി, പ്രവർത്തിച്ച പ്രസ്ഥാനത്തിനുവേണ്ടി അസാധാരണമായൊരു ജീവിതം നയിച്ച അജിതയുടെ അനുഭവങ്ങൾക്കു തുല്യമായൊന്ന് ഇനിയുണ്ടാവുക പ്രയാസം.

വർഗാധിപത്യംപോലെ ചോദ്യം ചെയ്യപ്പെടേണ്ടതാണ് ലിംഗാധിപത്യവും എന്ന് തിരിച്ചറിവ് അജിതയിൽ കാണാം. അജിത ഇടപെട്ട സമരമണ്ഡലത്തിൽ സ്ത്രീകൂട്ടാ യ്മയുടെ അനുഭവങ്ങൾ ഇല്ലായിരുന്നു. പുരുഷാധിപത്യം നിറഞ്ഞുനിന്നിരുന്ന ഒരു വ്യവഹാരമണ്ഡലത്തിലേക്കുള്ള കടന്നുകയറ്റത്തിന്റെ അനുഭവങ്ങളാണ് അജിതയു ടേത്.

## 4.3 ആയിഷ – ജീവിതത്തിന്റെ അരങ്ങ്

'ജീവിതത്തിന്റെ അരങ്ങ്' ആഖ്യാനത്തിന്റെ തലത്തിൽത്തന്നെ പ്രാഥമികമായി ചില പ്രശ്നങ്ങൾ ഉയർത്തുന്നുണ്ട്. ഒന്നാമതായി സ്വയം എഴുതുക എന്നതിൽ നിന്നു മാറി കാര്യങ്ങൾ പറഞ്ഞു കൊടുത്ത് രേഖപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചിരി ക്കുന്നത്. ആയിഷയുടെ ആത്മകഥയ്ക്കു മറ്റുള്ളവരുടേതിൽനിന്നുള്ള പ്രത്യേകതയും അതുതന്നെയാണ്. കേട്ടറിവിൽ നിന്നുള്ള ആരംഭമായിരിക്കും മിക്കവാറും ആത്മകഥ കളുടേത്. ആയിഷയുടേയും അങ്ങനെതന്നെയാണ്. ഒരു സ്കെച്ചിൽ വച്ച് അളന്നെടു ക്കാവുന്നതല്ല ആരുടേയും ജീവിതം. ആയിഷ ഒരു കലാകാരിയാകുമ്പോൾ, ആ ജീവി തത്തിന് ചില രാഷ്ട്രീയ വിവക്ഷകൾ കൂടിയുള്ളപ്പോൾ പ്രത്യേകത കൂടുതലാണ്.

മുസ്ലീം സമുദായത്തിൽനിന്ന് ആദ്യമായി മലയാളനാടകവേദിയിലേക്ക് എത്തിയ നിലമ്പൂർ ആയിഷ കേരളത്തിലെ രാഷ്ട്രീയപ്രവർത്തനത്തിന്റേയും നാടകപ്രവർത്തനത്തി

ന്റേയും സമ്മിശ്രമായ ചരിത്രത്തെ പ്രതിനിധാനംചെയ്യുന്നു. ഏറനാടൻ സംസ്കാരത്തിലെ മുസ്ലീം യാഥാസ്ഥിതികതയ്ക്കെതിരെ സഹോദരന്മാർക്കും, സഹോദരസുഹൃത്തുക്കൾ ക്കുമൊപ്പം നാടകകലകൊണ്ട് പോരാടി ജയിച്ച കഥയാണ് ആയിഷ പറയുന്നത്. അതിസമ്പന്നതയുടെ ആഘോഷമായിരുന്ന ജീവിതം പൊടുന്നനെ കൊടുംദരിദ്രമായ കഥയിൽ നിന്നാണ് നിലമ്പൂർ ആയിഷ എന്ന കലാകാരി ജനിക്കുന്നത്. അത് സമ്പന്ന മുസ്ലീം തറവാടുകളുടെ അധഃപതനത്തിന്റെ ചരിത്രം കൂടിയാണ്. നാടകനടിയായി എന്ന കാരണംകൊണ്ട് മാത്രം സ്വന്തം സമുദായം ഭ്രഷ്ട് കല്പിച്ച് ആയിഷയെ മാറ്റിനിർത്തി. നാടകം അന്നവർക്ക് അന്നമായിരുന്നു. 'മുസ്ലിം സ്ത്രീ നാടകവേദിയിലേക്കല്ല, നരകത്തി ലേക്കാണ്' എന്ന പ്രകോപനങ്ങളേയും യഥാസ്ഥിതിക തീവ്രവാദികളുടെ ആക്രമണ ത്തേയും മനസ്ഥൈര്യത്തോടെ അവർ നേരിട്ടു.

അന്നത്തെ കേരള സമൂഹത്തിൽ മുസ്ലീം സ്ത്രീയുടെ സാമൂഹിക ഇടപെടലുകൾ മറ്റുള്ള വിഭാഗത്തിൽപ്പെട്ട സ്ത്രീകളെ അപേക്ഷിച്ച് താരതമ്യേന കുറവായിരുന്നു. ''നാടകത്തിലിറങ്ങിയ കാലത്ത് എനിക്ക് സമുദായത്തിൽനിന്ന് എതിർപ്പുകൾ നേരി ടേണ്ടി വന്നിട്ടുണ്ട്. ഒരു വിഭാഗക്കാർ അവരുടെ വീടുകളിൽ എന്നെ കയറ്റിയിരുന്നില്ല. എനിക്കുഭക്ഷണം തരാൻ ചിലർക്കുമടി. സാമുദായികാചാരങ്ങളെ വിശേഷവസരങ്ങ ളിൽ പേടിച്ചിട്ടാണെന്നു മനസ്സിലായി. വിശേഷാവസരസ്ഥലങ്ങളിൽ എനിക്കു പോകാൻ പാടില്ല. ചില പീടികകളിൽ നിന്നു സാധനങ്ങൾ തരില്ല. ഒരു തരത്തിലുള്ള ഭ്രഷ്ട് തന്നെ'' (ആയിഷ, 2005:25). ഈ ഭ്രഷ്ടിനെ തനിക്കു നേരെയുള്ള ആരാധനയാക്കി മാറ്റാൻ കാലക്രമേണ ആയിഷയ്ക്കു കഴിഞ്ഞു.

ആറാം ക്ലാസ്സിൽ പഠനം നിർത്തി ഉമ്മയും സഹോദരങ്ങളുമടങ്ങിയ കുടുംബ ത്തിന്റെ ചുമതലകൾ ഏറ്റെടുത്ത ആയിഷ നിരവധി ജീവിതസമരങ്ങളോട് മല്ലടിച്ചു കൊണ്ടാണ് ഉയർന്നുവന്നത്. ജിവിക്കാൻ വേണ്ടി ഒട്ടനവധി മേഖലകളിൽ ജോലിചെയ്യു കയും എല്ലായിടത്തുനിന്നും അവഗണനയുടെ കയ്പുനീർ മനസ്സിലേറ്റുവാങ്ങുകയും ചെയ്ത ആയിഷയുടെ ജിവിതം സംഘർഷഭരിതമായിരുന്നു. കഷ്ടപ്പാടിന്റെ സമയത്ത് ബന്ധുക്കളും സുഹൃത്തുക്കളും കൈവെടിഞ്ഞപ്പോൾ നാടകരംഗത്തേക്കും തുടർന്ന് കമ്മ്യൂണിസ്റ്റ്പാർട്ടി പ്രവർത്തനത്തിലേക്കും പ്രവേശിച്ചു.

ആയിഷയുടെ ജീവിതാനുഭവം നാല്പതുകളിലെ മുസ്ലിം പെൺകുട്ടികളുടെ ജീവിതസംഘർഷം കൂടി വെളിവാക്കുന്നു. ബാല്യത്തിന്റെ സുവർണ കാലം ഒട്ടന വധി സൂക്ഷ്മമായ വാക്കുകളിൽ അവർ അവതരിപ്പിക്കുമ്പോൾ വിവാഹിതയായതും ഒരു പെൺകുഞ്ഞിന്റെ അമ്മയായതും യുക്തിയുടേയും ചിന്തയുടേയും ഭാഷയിലല്ല അവർ അവതരിപ്പിക്കുന്നത്. ഓർക്കാൻ ആഗ്രഹിക്കാത്ത അത്തരം വിഷയങ്ങൾ എഴു തേണ്ടിവരുമ്പോൾ രചനയിൽ ഒരു വഴുതിമാറൽ പ്രകടമായി അനുഭവപ്പെടുന്നുണ്ട്. സംഘർഷത്തിന്റെ ഒരു ഭാഷയാണ് അവിടെ നമുക്കനുഭവപ്പെടുക. ജീവിതത്തിൽ തുടർന്നുവന്ന ദുരന്തങ്ങൾ ആയിഷയുടെ ജീവിതത്തെ മാറ്റിമറിച്ചു. വിവാഹവും വിരലി ലെണ്ണാവുന്ന ദിനങ്ങളുടെ അസുഖകരമായ ദാമ്പത്യവും പ്രസവവും കൂടിച്ചേർന്ന പ്പോൾ പതിനെട്ടു വയസ്സായ ഒരു പെൺകുട്ടിക്ക് ലഭിക്കാവുന്നതിൽ കൂടുതൽ ജീവി താനുഭവങ്ങളാവുകയും അവയെല്ലാം ഒരു നടിയുടെ മനസ്സൊരുക്കത്തിനുള്ള ഘടക ങ്ങളായി മാറുകയും ചെയ്യുന്നു. തന്നെക്കാൾ വളരെ പ്രായം കൂടിയ ഭർത്താവിനെ അംഗീകരിക്കാൻ കഴിയാത്ത ആയിഷ മകൾക്കു വേണ്ടിയാണ് പിന്നീട് ജീവിച്ചത്. ആ മകൾ തന്നെ ഉപേക്ഷിച്ചു പോകുമ്പോഴും അതിനെ നിസ്സംഗതയോടെ നോക്കി കാണുകയും ചെയ്യുന്നുണ്ട് അവർ. ഭർത്താവിൽ നിന്നോ മകളിൽ നിന്നോ ലഭ്യമാ കാത്ത മാനസികമായ അടുപ്പവും സ്നേഹവും ഉമ്മയിൽനിന്നും ആയിഷയ്ക്ക് ലഭിച്ചി രുന്നു. ആ പിന്തുണയോടൊപ്പം തമിഴ് സംഗീതനാടകങ്ങളും ചെറുമക്കളിയും കാള കളിയും ആയിഷയിൽ നാടകാവബോധവും താളബോധവും ഉണ്ടാക്കുവാൻ സാഹ ചര്യമൊരുക്കി.

ഒറ്റയ്ക്കു ജീവിക്കുന്നതിന്റെ സന്തോഷവും സ്വാതന്ത്ര്യവും അവർ അനുഭവി ക്കുന്നുണ്ട്. വിവാഹിതരായവരെ കാണുമ്പോൾ സന്തോഷം ഉണ്ടാകുമ്പോൾ തന്നെ പല നടികളും സാമൂഹികപ്രവർത്തകരും വിവാഹത്തോടെ വീട്ടിനകത്ത് ഒതുങ്ങി മാറു ന്നത് അവരെ അസ്വസ്ഥപ്പെടുത്തുകയും നടിക്ക് തന്റെ നാടകജീവിതം വിവാഹത്തോടെ കൂടുതൽ സങ്കീർണമാകുന്നത് ആരും തിരിച്ചറിയുന്നില്ലെന്ന അറിവ് അവർ പങ്കു വയ്ക്കുന്നുമുണ്ട്. അരങ്ങിലും പുറത്തും നടിയുടെ മേലുള്ള പുരുഷകാഴ്ചയെക്കുറിച്ച് തികച്ചും ബോധവതിയാകുകയും ശരീരത്തിന്റേയും മനസ്സിന്റേയും ഇച്ഛയെ മറക്കാ

നുള്ള ബോധപൂർവമായ ശ്രമം ഇവർ നടത്തുകയും ചെയ്യുന്നുണ്ട്. 'ഒരു പുരുഷൻ തൊട്ട ഭിനയിച്ചാലും എനിക്കൊന്നും തോന്നാതായി', 'ഞാനതിൽ വിജയം നേടുകതന്നെ ചെയ്തു' എന്നവർ ആത്മധൈര്യത്തോടെ പറയുന്നു.

ഉയർച്ചതാഴ്ചകൾ നിറഞ്ഞ സംഭവബഹുലമായ ജീവിതത്തിൽ പിടിച്ചുനിൽക്കു വാനും മറ്റു സ്ത്രീകൾക്ക് മാതൃകയാകാനും ആയിഷയ്ക്കു കഴിഞ്ഞിട്ടുണ്ടെങ്കിൽ അത് അവരാർജിച്ച ആത്മബോധത്തിന്റേയും സ്വത്വബോധത്തിന്റേയും തിരിച്ചറിവാണ്. ''എന്റെ ജീവിതം തീരുമാനിക്കുന്നത് ഞാൻ മാത്രമാണ്. എനിക്കാരോടും ഒന്നും ചോദി ക്കേണ്ട കാര്യമില്ല'' (ആയിഷ, 2005:25) എന്ന വാക്കുകൾ ഈ തിരിച്ചറിവിന്റെ ഫലമാണ്.

നാടകചരിത്രങ്ങളിൽ നിശ്ശബ്ദരാക്കപ്പെട്ട സ്ത്രീകലാകാരികൾക്ക് ഒരു പരിധി വരെ ശബ്ദം നൽകാനായി നിലമ്പൂർ ആയിഷയുടെ ആത്മകഥയ്ക്ക് കഴിഞ്ഞിട്ടുണ്ട്. 'ജീവിതത്തിന്റെ അരങ്ങി'ന്റെ ആഖ്യാനം ഒരു സാധാരണ ആത്മകഥയെഴുത്തിൽ നിന്നും വളർന്ന് ഒരു ഉയർന്ന കാഴ്ചപ്പാടിലും സാമൂഹ്യമായ നവോത്ഥാനത്തിന്റെ ആവശ്യകതയിലേക്കും വിരൽചൂണ്ടിക്കൊണ്ട് അവസാനിക്കുന്നു. പാർട്ടിക്ക് ആവശ്യം വരുമ്പോൾ മാത്രം സഹായിക്കാനും അല്ലാത്തപ്പോൾ യാതൊരു ദാക്ഷിണ്യവുമില്ലാതെ വലിച്ചെറിയാനും എന്നും ഉണ്ടായിരുന്നത് സ്ത്രീകൾ മാത്രമായിരുന്നു. പാർട്ടി പച്ച പിടിച്ചു തുടങ്ങുമ്പോൾ സ്ത്രീകൾ പാർട്ടിയിൽനിന്ന് അപ്രത്യക്ഷരാകുന്നു. സ്ത്രീ സാന്നിധ്യങ്ങളെ മനഃപൂർവം അവഗണിക്കുകയോ തിരസ്കരിക്കുകയോ എന്നത് രാഷ്ട്രീയപാർട്ടികളുടെ ഒരു മുഖ്യ അജണ്ടയായിരുന്നു.

പാർട്ടി ആയിഷയെ മാത്രമല്ല, കഴിവും വിദ്യാഭ്യാസവുമുള്ള ഉന്നതരായ പല സ്ത്രീനേതാക്കളേയും എവിടെയൊക്കെയോ തള്ളിക്കളഞ്ഞിട്ടുണ്ടെന്നതിനുദാഹരണ മായി നിയമസഭാ സ്പീക്കറായിരുന്ന ആയിഷാബീബിയുടെ രാഷ്ട്രീയ തിരോധാനം ആയിഷ ചൂണ്ടിക്കാട്ടുന്നു. കമ്മ്യൂണിസ്റ്റ്പാർട്ടി നേതാവായിരുന്ന ആയിഷ ബീവി എന്ന നേതാവ് എവിടെയോ പോയി മറഞ്ഞു എന്ന് പറഞ്ഞുകൊണ്ടാണ് പാർട്ടി സ്ത്രീ കളെ അന്യവത്കരിക്കുന്നതിനെ വിശദീകരിക്കുന്നത്.

''കമ്മ്യൂണിസ്റ്റുകാരായിട്ടുപോലും ആയിഷാബീവിയെ നിലനിർത്താൻ ശ്രമി ച്ചിട്ടില്ല. ഇതാണൊരു പ്രശ്നം. കുറെക്കാലം പ്രോത്സാഹിപ്പിച്ചുമുന്നിൽ കൊണ്ടുവന്നിട്ട് പിന്നെയങ്ങ് വിട്ടുകളയും. ഇനി വേണമെങ്കിൽ സ്വയം നന്നാ യിക്കോട്ടെ എന്നൊരു മട്ട്. സ്ത്രീകളോട് പൊതുവേ അങ്ങനെയൊരു മട്ടാണ് എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും.'' (ആയിഷ, 2005:67)

പൊതുരംഗത്ത് ശ്രദ്ധിക്കപ്പെടുന്ന സ്ത്രീകളെ പാർട്ടി നേതൃത്വത്തിലേക്ക് കയറ്റുന്നത് നേതൃത്വത്തിനു തന്നെ വെല്ലുവിളിയാകുമെന്ന് പാർട്ടി ഭയക്കുന്നുണ്ട്. അതുതന്നെ യാണ് സ്ത്രീകളുടെ പാർട്ടിയിലെ തിരോധാനത്തിനു ഹേതു എന്ന് ആയിഷ കൂട്ടി ച്ചേർക്കുന്നു.

കേരളത്തിൽ കമ്മ്യൂണിസത്തിനു പ്രാധാന്യം നേടിക്കൊടുത്ത നാടകഗ്രൂപ്പു കൾക്കും നാടകഗാനങ്ങൾക്കും ലഭിക്കാത്ത നീതിയെക്കുറിച്ചും ആയിഷ വിശദീകരി ക്കുന്നു. സാംസ്കാരികനവോഥാനത്തിന് ഏറെ പങ്കു വഹിച്ച നിലമ്പൂർ നാടക വേദിയും നാടകങ്ങളും അവയിലെ ഗാനങ്ങളും അതിന്റെ പ്രവർത്തകരും നാടകരംഗ ത്തിന്റെ പുനർജനിയുടെ കാലത്തും മാറ്റിനിർത്തപ്പെടുന്നത് കലാരംഗത്തിന്റെ രാഷ്ട്രീയം മൂലമാണെന്ന് അവർ തുറന്നുപറയുന്നു. ഒരു കമ്മ്യണിസ്റ്റ് അനുഭാവിയും പ്രവർത്തക യുമായ ആയിഷ പതിനെട്ടു വർഷക്കാലം നാടകാഭിനയത്തിന് ഒരു ചില്ലിക്കാശു പോലും വാങ്ങിയിട്ടില്ല എന്നു പറയുമ്പോൾ തന്നെ അവരുടെ രാഷ്ട്രീയപ്രതിബദ്ധത എത്രമാത്രം ശക്തമായിരുന്നുവെന്ന് കാണുവാൻ സാധിക്കും. അങ്ങനെയുള്ള ആയിഷ യെയാണ് പാർട്ടി യാതൊരു സങ്കോചവും കൂടാതെ കയ്യൊഴിഞ്ഞത്. എങ്കിലും താൻ ഇന്നും കമ്മ്യൂണിസ്റ്റ് അനുഭാവിതന്നെയാണെന്ന് അവർ പറയുന്നു.

ആയിഷ ചില ജീവിതാനുഭവങ്ങൾ മനഃപൂർവം പറയാൻ തയ്യാറാകുന്നില്ല. കുടും ബത്തെയും മാതാപിതാക്കളെയും മറ്റ് അംഗങ്ങളെയും കുറിച്ച് വ്യക്തമായി വിശദീകരി ക്കുന്ന അവർ സ്വന്തം കുടുംബജീവിതത്തെയും കയ്പുനിറഞ്ഞ ജീവിതാനുഭവങ്ങളെയും ഏതാനും വാക്കുകളിൽ ഒതുക്കുന്നു. ''എന്റെ സിനിമാജീവിതത്തെ വിശദീകരിക്കു വാൻ എനിക്ക് താൽപര്യമില്ല'' (ആയിഷ, 2005:53) എന്ന് തുറന്നുപറയുന്നു ആയിഷ.

അതിനുള്ള കാര്യങ്ങളോ കാരണങ്ങളോ വിശദീകരിക്കുവാൻ അവർ തയ്യാറാകുന്നില്ല. മുസ്ലീം സമുദായത്തിലെ സ്ത്രീകളുടെ അടിച്ചമർത്തലുകളെക്കുറിച്ചും മൈസൂർ കല്യാണം മൂലം ജീവിതം നശിച്ച് മാനസികരോഗികളാകുന്ന പെൺകുട്ടികളെക്കുറിച്ചും പറയുമ്പോൾ, സമുദായത്തിനുള്ളിലെ പ്രശ്നങ്ങൾ മാറ്റാൻ സമുദായം തന്നെ ശ്രമിക്കണ മെന്ന തിരിച്ചറിവിലേക്ക് എത്തിപ്പെടുന്നുണ്ട് ആയിഷ.

ആയിഷയുടെ ആത്മകഥയ്ക്ക് മൂന്ന് തലങ്ങളുണ്ട്. ഒന്ന് അവർ ജീവിച്ച കാല ഘട്ടത്തിലെ അവരുടെ ജീവിതം തന്നെ. ഒരു കലാകാരിയുടെ ജീവിതം ഒരു സാധാരണ സ്ത്രീ ജീവിതത്തിൽ നിന്നു തികച്ചും ഭിന്നമാണ്. രണ്ടാമതായി അവർ നാടകത്തിലും സിനിമയിലും അതിജീവിച്ച കഥാപാത്രങ്ങൾ. ഇത് രണ്ടും ചേരുന്ന മൂന്നാമത്തെ ഘടകം കേരളത്തിന്റെ രാഷ്ട്രീയ-കലാ-സാംസ്കാരികജീവിതത്തിന്റെ പരിച്ഛേദമാണ്. ഇവിടെ ഒരു വ്യക്തിയെ കാലത്തിലും ജീവിതത്തിലും പ്രതിഷ്ഠിക്കുക മാത്രമല്ല, നമ്മുടെയൊക്കെ കർമങ്ങളിലേക്കും ചിന്തകളിലേക്കും പ്രസരിപ്പിക്കുക കൂടിയാണ് ചെയ്യുന്നത്.

നാടകീയമായി സാമൂഹികരംഗത്തു വരികയും പിന്നീട് നാടകീയമായിതന്നെ തിരശ്ശീലയ്ക്കു പിന്നിലേക്കു ആണ്ടുപോവുകയും ചെയ്ത ഒരുപാടു സ്ത്രീ വിപ്ലവകാരി കൾ നമുക്കുണ്ടായിരുന്നു. ചരിത്രത്തിന്റെ ഏതൊക്കെയോ ഭാഗങ്ങളിൽവച്ച് അവർ അപ്രത്യക്ഷരാവുകയോ ബോധപൂർവം മാറ്റി നിർത്തപ്പെടുകയോ ചെയ്തു. ആയിഷ യെപ്പോലെ തന്നെ ഇടതുപക്ഷനാടകങ്ങളിലെ നടികളും പാർട്ടിയിൽനിന്നും ഒറ്റപ്പെ ടുകയാണുണ്ടായത്. ഒരുകാലത്തെ ആവേശമായി മാറിയവരും ഇത്തരം തിരസ്കാരം അനുഭവിക്കുകയോ സ്വയം ആ ഇടം തിരസ്കരിക്കുകയോ ചെയ്തിട്ടുണ്ട് നാടക ത്തിലും, പാർട്ടിയിലും.

സ്ത്രീ അന്യവത്കരണത്തിനെക്കുറിച്ചുള്ള ആയിഷയുടെ പ്രതികരണങ്ങൾ സാമുദായികമായ പ്രശ്നങ്ങളിലേക്കും വിരൽചൂണ്ടുന്നു. സമുദായത്തിലെ വ്യക്തി കൾ തന്നെ മറ്റൊരു സമുദായത്തിനെ അംഗീകരിക്കാൻ തയ്യാറാവാത്തതിനെ അവർ നിശിതമായി വിമർശിക്കുന്നു. ചെറിയ ചെറിയ കാര്യങ്ങൾകൊണ്ട് പൊളിഞ്ഞുപോ

കുന്ന നിസ്സാര വസ്തുവല്ല മതം എന്ന് ഓർമിപ്പിക്കുന്ന അവർ മുസ്ലീം മതനേതാക്കളുടെ അനാവശ്യമായ ജാതി സ്പർധയെ നിശിതമായി വിമർശിക്കുന്നു. വ്യക്ത്യനുഭവങ്ങളുടെ എഴുത്തിനൊപ്പം തന്നെ ചരിത്രപരമായും സാമൂഹികപരമായും സാമുദായികമായും ഉള്ള അനീതികൾക്കെതിരെയും ആയിഷ പ്രതികരിക്കുന്നു.

അന്യവത്കരണം എന്നത് കലാരംഗത്തും കുടുംബത്തിലും സമൂഹത്തിലും മാത്രമല്ല, പുരോഗതിക്കായി വാദിക്കുന്ന കമ്മ്യൂണിസത്തിലുമുണ്ടെന്ന് ആയിഷ തുറന്നടിക്കുന്നു. പാർട്ടി, തന്നെയും കലാസമിതിയെയും പൂർണമായി മറന്നുപോയതായി അവർ പറയുന്നു. ഇത്രയും നാൾ സഹകരിച്ചതിനു നന്ദി എന്നു പറഞ്ഞ് പാർട്ടി കത്ത് വഴി അറിയിച്ചപ്പോൾ, സമുദായത്തിൽ നിന്നും പുറത്താക്കപ്പെട്ട അക്കാലത്ത് അങ്ങനെ തൊഴിൽകൂടി ആയിഷയ്ക്ക് നഷ്ടമാവുകയും ചെയ്തു.

കേരളത്തിൽ കമ്മ്യൂണിസത്തിനു പ്രാധാന്യം നേടിക്കൊടുത്ത നാടകഗാനങ്ങൾക്ക് ലഭിക്കാത്ത നീതിയെക്കുറിച്ചും അവർ വിശദീകരിക്കുന്നു. അന്യവത്കരണവും നിശബ്ദമാക്കലും തൊഴിലിടങ്ങളിൽ തൊഴിലാളികൾക്ക് മാത്രമല്ല മറിച്ച് തൊഴിലിടങ്ങൾക്ക് തന്നെയുമുണ്ടെന്നു വ്യക്തമാക്കുന്നതിനായി അവർ കെ. പി. എ. സി എന്ന നാടകസംഘത്തിനു മുന്നിൽ മറ്റെല്ലാ നാടകസംഘങ്ങളുടെയും പേരുകൾ മാഞ്ഞുപോയതിനെപ്പറ്റി പറയുന്നു. കലയിലെ പ്രാദേശികവാദത്തെപ്പറ്റി വിശദീകരിക്കുന്നതിലൂടെ ചരിത്രം മനഃപൂർവം മറന്നു കളഞ്ഞ നിലമ്പൂർ നാടകവേദിയെക്കുറിച്ചവർ വേദനയോടെയാണ് പറയുന്നത്. പാർട്ടിപോലും കലയിലെ പ്രാദേശികവാദത്തിനെ എതിർക്കാൻ ശ്രമിച്ചിരുന്നില്ല.

### 4.4 വിനയ – എന്റെ കഥ അഥവാ ഒരു മലയാളി യുവതിയുടെ ജീവിതയാത്ര

വളരെയൊന്നും പഠനവിധേയമായിട്ടില്ലാത്ത ഒരു വിഷയം കൈകാര്യം ചെയ്യുന്നു എന്ന കാരണംകൊണ്ടുതന്നെ വിനയയുടെ ആത്മകഥ വളരെ പ്രസക്തമാണ്. നീതിനിർവഹണം നടപ്പിലാക്കേണ്ട പൊലീസ്റ്റേഷനുകളിൽത്തന്നെ സ്ത്രീകളായ പൊലീസുകാർ മാറ്റിനിർത്തപ്പെടുന്നതിന്റെയും സ്വന്തം അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിൽനിന്നും ജോലി നിർവഹണത്തിൽനിന്നും തടയപ്പെടുന്നതിന്റേയും വ്യക്ത

മായ ചിത്രമാണ് വിനയ ആത്മകഥയിൽ അവതരിപ്പിക്കുന്നത്. ഒരു കഥപറച്ചിൽ എന്നതിലുപരിയായി മാറ്റങ്ങൾക്കായി സമൂഹത്തിന്, പ്രത്യേകിച്ച് ഒരു വലിയ ഭൂരിപക്ഷ മായ സ്ത്രീകൾക്ക് എന്ത് ചെയ്യാനാവും എന്ന ചോദ്യത്തിന്റെ ഉത്തരങ്ങളും വിനയ തന്റെ ആത്മകഥയിൽ അവതരിപ്പിക്കുന്നു.

വിനയയുടെ ആത്മകഥയുടെ പേര് 'എന്റെ കഥ അഥവാ ഒരു മലയാളി യുവതി യുടെ ജീവിതയാത്ര' എന്നാണ്. ഇതിലെ അനുഭവങ്ങൾ പലതും തന്റേതിനേക്കാൾ പല സ്ത്രീകൾക്കും പലയിടത്തും അനുഭവിക്കേണ്ടി വന്നിരിക്കാമെന്നും വിനയ പറയുന്നുണ്ട്. അതുകൊണ്ടു തന്നെയായിരിക്കാം ആത്മകഥയ്ക്ക് ഇത്തരമൊരു പേരിടാൻ കാരണം. സാമൂഹ്യരാഷ്ട്രീയ സ്വത്വത്തിന്റെ ഏറ്റവും ഉയർന്ന ഒരു തലത്തെയാണ് വിനയയുടെ ആത്മകഥ വെളിപ്പെടുത്തുന്നത്. പൊലീസ് രംഗത്തെ ആൺകോയ്മ സ്ത്രീശരീരത്തെ നിയന്ത്രിക്കുകയും മെരുക്കുകയും ചെയ്യുന്നതിനെതിരെ വിനയ ശക്തമായി പ്രതിക രിക്കുന്നു. സ്ത്രീത്വത്തിന്റെ പരമ്പരാഗതമായ ശൈലികളെ ഊട്ടിയുറപ്പിക്കുന്നതിനെ തിരെ അവർ തന്റെ മുടി, വസ്ത്രം തുടങ്ങിയ ശാരീരിക പ്രത്യക്ഷങ്ങളിലൂടെ തുറ ന്നുപോരാടുന്നു.

അഭിമാനമെന്തെന്നറിയാതെ ഒരടിമയെപ്പോലെ ജീവിതം നയിച്ച അമ്മയുടെ ഓർമയിൽ നിന്നാണ് വിനയയുടെ ആത്മകഥ ആരംഭിക്കുന്നത്. സ്വന്തം വീട്ടിലും ബന്ധുവീട്ടിലും ഒരു വേലക്കാരിയെപ്പോലെ ജീവിച്ച അമ്മയ്ക്കും ലോകത്തിലെ എല്ലാ സ്ത്രീകൾക്കും വേണ്ടിയാണ് വിനയ ഈ ആത്മകഥ സമർപ്പിച്ചിരിക്കുന്നത്. അസമത്വം നിറഞ്ഞ ഈ സമൂഹത്തിലെ ആത്മസ്വാതന്ത്ര്യം അന്വേഷിക്കുന്ന ഒരു സ്ത്രീയുടെ പോരാട്ടങ്ങളാണ് ഈ ആത്മകഥയിൽ വിശദീകരിക്കുന്നത്.

''വിനയയുടെ ആത്മകഥയുടെ കേന്ദ്രപ്രാധാന്യമുള്ള പ്രത്യേകത, അത് ഒരു മലയാളി സ്ത്രീ സ്വത്വബോധത്തോടെ തുറന്നെഴുതുന്ന ആദ്യത്തെ ആത്മസ്വതന്ത്രാ ന്വേഷണചരിത്രമാണ് എന്നുള്ള വസ്തുതയാണ്'' (സക്കറിയ, 2005:9). ഒരു മലയാളി പുരുഷൻ പ്രതികൂല ലിംഗവിവേചനം എന്ന അവസ്ഥ അനുഭവിച്ചിട്ടില്ലാത്തതിനാൽ അവനിൽനിന്ന് ഇങ്ങനെയൊരു സ്വത്വാന്വേഷണം ഉണ്ടാവുക വിഷമമാണ്. പക്ഷേ,

വിനയ തന്റെ പൗരബോധത്തിലും മർത്ത്യാവകാശബോധത്തിലും ഉറച്ചുനിന്നുകൊണ്ട് തന്റെ ജീവിതപോരാട്ടങ്ങളിലൂടെ മലയാളി സ്ത്രീയെ അവൾക്കു തന്നെ ചൂണ്ടിക്കാട്ടുകയാണ് ചെയ്യുന്നത്.

കേരള പൊലിസിലെ സ്ത്രീ വിമോചന പോരാട്ടങ്ങൾക്ക് നേതൃത്വം നൽകി വിവാദങ്ങൾ സൃഷ്ടിക്കുകയും പൊലീസ് സേനയിൽ നിന്ന് പുറത്താക്കപ്പെടുകയും ചെയ്തു വിനയയെ. എല്ലാനിയമങ്ങളും സ്ത്രീക്കും പുരുഷനും ഒരുപോലെയാകണം എന്നു വിശ്വസിക്കുകയും അതിനുവേണ്ടി നിരന്തരം പരിശ്രമിക്കുകയുംചെയ്ത വിനയ ഔദ്യോഗികമേഖലയിൽ ആൺപെൺജാതികൾക്ക് ഇരട്ടനീതിയാണെന്ന വസ്തുത തുറന്നെഴുതുന്നു. പൊലീസിലുണ്ടായിരുന്ന ഓരോ വർഷവും അവർക്ക് പോരാട്ടത്തിന്റെ ദിനങ്ങളായിരുന്നു. ഓരോ അവമതിയോടും പ്രതികരിച്ച വിനയയെ സർവീസിൽ നിന്ന് പുറത്താക്കിക്കൊണ്ട് നിശ്ശബ്ദയാക്കാനേ പൊലീസ് നേതൃത്വത്തിന് കഴിഞ്ഞുള്ളു. സ്ത്രീ സമത്വത്തിനും സ്വാതന്ത്ര്യത്തിനുംവേണ്ടി നിരന്തരം പോരാടുന്ന വിനയയുടെ ആത്മ കഥ വ്യത്യസ്തമായ വായനാനുഭവം കാഴ്ചവയ്ക്കുന്നു.

സ്വന്തം വിവാഹത്തിന്റെ തീരുമാനത്തിലും വ്യത്യസ്തയാകുന്ന വിനയ ആചാര ങ്ങളെ കഴിവതും അവഗണിക്കാൻ ശ്രമിക്കുന്നുണ്ട്. പെൺവീട്ടുകാരുടെ സ്വർണം വേണം, വസ്ത്രം വേണ്ട എന്ന മനോഗതിക്കു പിന്നിലെ ചേതോവികാരം, അഭിമാനം അഴിച്ചു കളഞ്ഞ പെണ്ണിനെയാണ് ഭർത്താവിന്റെ വീട്ടുകാർക്കാവശ്യം എന്നു പറയുന്ന വിനയ നിലവിലിരിക്കുന്ന മൂല്യബോധത്തിന് ശക്തമായ പ്രഹരണം നൽകുകയാണ് ചെയ്യുന്നത്. വ്യക്തിപരമായ ശാഠ്യങ്ങൾ ഇല്ലാതിരുന്നെങ്കിലും സാമൂഹികമായ ശാഠ്യ ങ്ങൾ അവരെ വിടാതെ പിൻതുടർന്നിരുന്നു.

വസ്തുനിഷ്ഠമായി ഉത്തരം കിട്ടാത്ത ഏതൊരാചാരവും ആചരിച്ചു പോരു ന്നത് വിഡ്ഢിത്തമായി വിനയ കരുതി. ''ഏതായാലും കയ്യും കാലും നാവും മുടിയും എല്ലാം കെട്ടി നല്ല പെണ്ണാവേണ്ട. അനാവശ്യമായ ബന്ധനങ്ങളില്ലാത്ത ഒരു വ്യക്തി യായാൽ മതിയെനിക്ക്. സ്ത്രീക്കു കിട്ടുന്ന അവഗണനയും പുരുഷനു കിട്ടുന്ന മുൻഗ

ണനയും എന്നിടവേണ്ട. മനുഷ്യനു കിട്ടുന്ന പരിഗണനമാത്രം മതിയെന്നു ഞാൻ തീരുമാനിച്ചു'' (വിനയ, 2005:128).

ആഖ്യാനത്തിൽ ഒളിച്ചുവയ്ക്കലുകൾ ഇല്ലാതെയിരിക്കുന്നതും വിനയയുടെ ആത്മകഥയെ വ്യത്യസ്തമാക്കുന്നു. സത്യസന്ധമായ തുറന്നുപറച്ചിലുകൾ നടത്തുന്ന തിനോടൊപ്പം സ്വന്തം കുടുംബാഗങ്ങളെത്തന്നെ വിമർശനവിധേയരാക്കുന്നതും വിനയ യുടെ ആഖ്യാനത്തിന്റെ പ്രത്യേകതയാണ്. പെൺകുട്ടിയെന്ന നിലയിൽ ജീവിതത്തിൽ നേരിട്ടിട്ടുള്ള ലൈംഗികമായ അതിക്രമങ്ങളും വിനയ സത്യസന്ധമായി ആവിഷ്കരി ക്കുന്നുണ്ട്. ഇത് ഏറ്റവും വിശ്വസ് തരിൽ നിന്നും അധ്യാപകരിൽനിന്നും നേരിട്ടനുഭ വിച്ച വിനയ സമൂഹത്തിലെ പീഡന ത്തിന്റെ രോഗാതുരമായ അവസ്ഥയെ തുറന്നു കാണിക്കുകയാണ് ചെയ്യുന്നത്.

മനുഷ്യരെ സാമൂഹികഘടന അതിന്റെ തടവുകാരാക്കി തീർക്കുന്നത് ആചാരവും വ്യവസ്ഥയും ഉപാധികളാക്കിയാണ്. പുരുഷാധിപത്യമൂല്യങ്ങളുടെ അധീശത്വമുള്ള ഒരു സമൂഹത്തിൽ ആചാരങ്ങളും വ്യവസ്ഥകളും അത്യന്തം സ്ത്രീ വിരുദ്ധമായിത്തീ രുന്നത് സ്വാഭാവികമാണുതാനും. പിറന്നു വീഴുമ്പോൾ തന്നെ ഒരാളിലേക്ക് അടിച്ചേൽപ്പി ക്കപ്പെടുന്ന നടപ്പുകളുടേയും പരിധികളുടേയും ഒരു പരിസരം തന്നെയാണിത്. സമൂഹ ത്തേയും വ്യവസ്ഥിതികളെയും പലയിടത്തും പ്രതികൂട്ടിൽ കയറ്റുന്നുണ്ട് വിനയ. പര സ്പരം കെട്ടുപിണഞ്ഞു കിടക്കുന്ന ആചാരങ്ങളുടേയും വ്യവസ്ഥകളുടേയും ഈ രാവണൻകോട്ടയെ പൊളിച്ചു പണിതുകൊണ്ടേ ഒരു പെണ്ണിന് അവളെ തന്നെ സ്വയം പുതുക്കിപ്പണിയാനും സാമൂഹ്യജീവിയായി പുനഃപ്രതിഷ്ഠിക്കാനും കഴിയൂ എന്ന് വിനയ വിശ്വസിക്കുന്നു. സ്ത്രീയെ സമൂഹം അടിച്ചമർത്തുന്നതിന് എതിരെയുള്ള വിന യയുടെ ഒറ്റയാൾ സമരംതന്നെയാണ് ഈ ആത്മകഥയെ ഇത്രയധികം പ്രാധാന്യമുള്ള താക്കുന്നത്. സമൂഹത്തിനു വിനയ എന്ന വ്യക്തിയോടുള്ള അവജ്ഞയും എതിർപ്പും തന്നെ അവർ തന്റെ ശ്രമത്തിൽ വിജയിച്ചിരിക്കുന്നു എന്നതിനു തെളിവാണ്.

നിലനിൽക്കുന്ന നിയമവ്യവസ്ഥയേയും പുരുഷമേധാവിത്വത്തേയും അതുയർ ത്തുന്ന മൂല്യസങ്കല്പങ്ങളേയും തന്റെ ഉദ്യോഗത്തിലിരുന്നുകൊണ്ട് പ്രതിരോധിക്കു

കയായിരുന്നു വിനയ. പുരുഷാധിപത്യവ്യവസ്ഥയ്ക്കെതിരെ സധൈര്യം പോരാടുമ്പോൾ തന്നെ ഒരു തികഞ്ഞ സ്ത്രീയും മാതാവും എന്ന നിലയിലും വിജയംതന്നെയാണ് വിനയയുടെ ജീവിതം. ജീവിതത്തിന്റെ മുന്നരങ്ങിലേക്ക് വന്നണയാനും ചുമതലകൾ ഏറ്റെടുക്കാനും ഒഴുക്കിൽ നിന്നെന്നപോലെ അവസരങ്ങൾ പിടിച്ചെടുക്കാനും സ്ത്രീക്കു കഴിയണമെങ്കിൽ ചിതലരിച്ച ആചാരങ്ങളും മൂല്യവ്യവസ്ഥകളും തകർക്കുകതന്നെ വേണം. വിവേചനങ്ങൾക്കെതിരെ ശബ്ദമുയർത്തുന്ന സ്ത്രീയുടെ വായടിപ്പിക്കാൻ സർവശക്തിയും പുരുഷാധിപത്യസമൂഹം പ്രയോഗിക്കുമെന്നതിന്റെ ഉദാഹരണമാണ് വിനയയ്ക്ക് കിട്ടിയിട്ടുള്ള സസ്പെൻഷൻ.

വയനാട്ടിലെ ആദ്യത്തെ കലാജാഥയുടെ ക്യാപ്റ്റനായി തിരഞ്ഞെടുക്കപ്പെട്ട വിനയ, അവസരങ്ങൾ ലഭിക്കാത്തതുകൊണ്ട് മാത്രം അവസരങ്ങളെപ്പറ്റി ചിന്തിക്കാത്തവരാണ് കൂടുതൽ സ്ത്രീകളെന്നും അനുഭവങ്ങളിലൂടെ തിരിച്ചറിയുന്നുണ്ട്. പൊലീസിനെ സ്നേഹിക്കരുത്, സ്നേഹിച്ചാൽ അതിന്റെ ഫലമെന്തായിരിക്കുമെന്ന് അനുഭവത്താൽ അറിഞ്ഞ വിനയ പൊലീസിലെ പരിശീലനവും യൂണിഫോം ചർച്ചകളും രസകരമായാണ് അവതരിപ്പിക്കുന്നത്. സാരി മാറ്റി പാന്റും ഷർട്ടും വേണമെന്ന വാദത്തെ വിവാഹത്തിന്റെ ലേബലിൽ മേലുദ്യോഗസ്ഥർ അടിച്ചമർത്താൻ ശ്രമിച്ചുവെങ്കിലും വിനയ അതിൽ വിജയിക്കുകയാണുണ്ടായത്. 'പാന്റും ഷർട്ടും ഒരു പ്രശ്നമായി പിന്നീടു നിലനിർത്താൻ എനിക്ക് കഴിഞ്ഞു എന്നത് എന്റെ ഒരു വിഷയമായോ നേട്ടമായോ ഞാൻ കാണുന്നു' (വിനയ, 2005:54) എന്ന് വിനയ അഭിമാനത്തോടെ പറയുന്നു. യൂണിഫോമിൽ പുതിയ മാറ്റങ്ങൾ വരുത്തിയിട്ടുപോലും അത് സാരിയായാലും ചുരിദാറായാലും പാന്റും ഷർട്ടുമായാലും പെണ്ണിന്റെ ശ്രദ്ധ അവളുടെ വസ്ത്രം വിട്ട് പുറത്ത് പോകരുത് എന്ന നില ഇന്നും മാറ്റമില്ലാതെ തുടരുന്നുവെന്നു യാഥാർഥ്യം കൂടി വിനയ വെളിപ്പെടുത്തുന്നുണ്ട്.

പൊലീസ് സേനയിൽ പൊലീസുകാരികളെ ഏറ്റവും ജൂനിയറായ പൊലീസുകാർ പോലും പേരു വിളിക്കുമ്പോൾ സ്ത്രീ പൊലീസുകാർക്ക് അവരെ 'സർ' എന്നേ വിളിക്കാൻ പാടുള്ളൂ എന്നുള്ളതായിരുന്നു നിയമം. ആൺപൊലീസുകാർക്ക് കിട്ടേണ്ട അംഗീകാരം വാങ്ങിക്കൊടുക്കാൻ ഒരു ഹെഡ്കോൺസ്റ്റബിൾ മതിയായിരുന്നെങ്കിൽ

സ്ത്രീകൾക്കു വേണ്ട അംഗീകാരം വാങ്ങിക്കൊടുക്കാൻ ഒരു എസ്.പി.ക്കുപോലും സാധിച്ചില്ല എന്നതും ശ്രദ്ധേയമാണ്. പെണ്ണിനെ ബഹുമാനിക്കേണ്ടെന്നും മറിച്ച്, പെണ്ണ് ബഹുമാനിച്ചാൽ മതിയെന്നുമുള്ള തത്ത്വം ഇന്നും പൊലീസിൽ തുടരുന്നു വെന്ന് വിനയ വ്യക്തമാക്കുന്നു. അതുപോലെ വനിതാപൊലീസുകാർ ഹെൽമറ്റ് ഉപ യോഗിക്കുന്നതും ലാത്തി ഉപയോഗിക്കുന്നതും യൂണിഫോം ധരിക്കുന്നതും അവർ ക്കിഷ്ടമല്ല. വനിതാപൊലീസുകാർ ഇൻസൈഡ് യൂണിഫോം ഉപയോഗിക്കാൻ പാടില്ല. ആൺപൊലീസുകാർക്ക് സ്പോർട്സ് ഡ്രസ്സ് ധരിക്കാം. എന്നാൽ പെണ്ണുങ്ങൾക്ക് സാരി തന്നെയാണ് നല്ലത് എന്നാണ് അവരുടെ അഭിപ്രായം.

അധികാരം വിനിയോഗിക്കാൻ ബാധ്യതപ്പെട്ട നിയമപാലക സുരക്ഷിതത്വ മുള്ളൊരു യൂണിഫോമിന്റെ അഭാവംമൂലം മിക്കവാറും അപമാനിക്കപ്പെട്ട് തന്റെ കട മയുപേക്ഷിച്ച് വരിക സാധാരണയായിരുന്നു. സ്ത്രീക്ക് സമൂഹം കല്പിച്ചുനൽകുന്ന വസ്ത്രങ്ങളും സങ്കല്പങ്ങളും സൃഷ്ടിക്കുന്ന പരിമിതി, അധികാരം വിനിയോഗിക്കുന്ന തിൽ അവളെ അശക്തയാക്കുന്നു. ഇത് തിരിച്ചറിഞ്ഞ വിനയ പൂർണമായും കാക്കി സാരി ഒഴിവാക്കി, പാന്റും ഷർട്ടും സ്ഥിരമാക്കി. അതിന് അധിക ഡ്യൂട്ടി നല്കിയാണ് അധികാരികൾ പ്രതികരിച്ചത്.

ഒരോ ജോലിചെയ്യുന്ന ആണിനും പെണ്ണിനും രണ്ടുതരത്തിൽ യൂണിഫോം ഉള്ളത് വിനയയെ ചിന്തിപ്പിച്ചു. സാധാരണ പൊലീസുകാരും ഐ. പി. എസ് കാരനും ഇൻസൈഡ് ചെയ്യാം. എന്നാൽ സ്ത്രീകൾക്ക് ഇൻസൈഡ് ചെയ്യണമെങ്കിൽ ഐപിഎസ് റാങ്ക് വേണമായിരുന്നു. അതായത് സ്ത്രീ പുരുഷനോടൊപ്പം ഇരിക്കാൻ കുറഞ്ഞത് ഐപിഎസ് എങ്കിലും വേണമെന്നല്ലേ ഇതിനർഥമെന്ന് വിനയ ചോദിക്കുന്നു. വിനയ പാന്റും ഷർട്ടും ധരിച്ച് അസംബ്ലി ഡ്യൂട്ടി ചെയ്തതിന് മൂന്ന് ഇൻക്രിമെന്റ് തടഞ്ഞു വച്ചാണ് ഉദ്യോഗസ്ഥർ പകരം വീട്ടിയത്.

വിനയയുടെ കഠിനശ്രമങ്ങൾക്ക് ശേഷമാണ് വനിതാപൊലീസിന് വനിതാ സ്റ്റേഷനിലെ എല്ലാ ജോലികളും കൊടുക്കാൻ ഉത്തരവായതും അവരുടെ സീനിയോ റിറ്റി അംഗീകരിച്ചതും. ആദ്യകാലത്ത് വയർലെസ് ജോലിയും കോപ്പിയെടുപ്പുമല്ലാതെ

മറ്റൊരു ജോലിയും വനിതാപൊലീസിന് കൊടുക്കില്ലായിരുന്നു. ആൺപൊലീസുകാർ വസ്ത്രം ധരിക്കുന്നതുപോലെ (ടക്-ഇൻചെയ്ത്) യൂണിഫോം ധരിച്ചു എന്ന കാരണ ത്താൽ വിനയയുടെ വരും കാലത്തേക്കുള്ള മൂന്ന് ഇൻക്രിമെന്റ് കട്ട് ചെയ്തു. സ്ത്രീ യുടെ വേഷംപോലും പുരുഷനെ ഭയപ്പെടുത്തുന്നു എന്നതാണിതിൽ നിന്നും വ്യക്തമാ കുന്നത്. പൊലീസ് സ്റ്റേഷനിലും ഓഫിസിലും വനിതാപൊലീസിനെ ഭരിക്കാൻ തൂപ്പുകാർ മുതൽ മുകളിലേക്കുള്ള ഓരോ പുരുഷനും മത്സരിക്കുന്നത് വിനയ വിവരിച്ചിട്ടുണ്ട്.

സ്ത്രീ പൊലീസുകാർ പൊതുനിയമപാലനം നിർവഹിക്കുന്നതിൽ പൊലീസ് സേന യിലെ പുരുഷമേധാവിത്വത്തിന് അസ്വസ്ഥതയുണ്ടായിരുന്നതുകൊണ്ട് അവർ ജന ങ്ങൾ തിങ്ങി കൂടുന്ന സ്ഥലങ്ങളിലെല്ലാം വനിതാപൊലീസിനെ ഡ്യൂട്ടിക്ക് നിയോഗി ക്കാതിരിക്കാൻ അവർ അങ്ങേയറ്റം ഉത്സുകരായിരുന്നു. ആദ്യകാലത്ത് വനിതാ പൊലീസുകാർ സ്റ്റേഷന്റെ ഭാഗമല്ലാതിരുന്നതിനാൽ പ്രത്യേകിച്ചൊരു ഡി.ഒ. (dismissal order) ഇല്ലാതെ തന്നെ മേലുദ്യോഗസ്ഥർക്ക് ഇഷ്ടംപോലെ അവരെ ഏതു സ്റ്റേഷനി ലേക്കും മാറ്റാമായിരുന്നു. അത് പലതവണ വിനയയ്ക്ക് അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. അതിനുവേണ്ടി ഡിപ്പാർട്മെന്റിനകത്തും പൊലീസ് സംഘടനയ്ക്കും ഏറെ വാദപ്രതി വാദങ്ങൾ നടത്തുകയും ഒടുവിൽ വനിതാപൊലീസിനെ സ്റ്റേഷന്റെ ഭാഗമാക്കുകയും ഡി.ഒ. ഇല്ലാതെ ആരെയും ട്രാൻസ്ഫർ ചെയ്യിക്കാൻ പാടില്ലെന്ന് നിയമം വരികയും ചെയ്തു.

വിനയയുടെ ഇടപെടലുകൾ മേലുദ്യോഗസ്ഥർക്ക് ദഹിക്കാത്തതു കാരണം വിശ്രമമില്ലാതെ അവർക്കുമാത്രം ജോലി നൽകുകയും മറ്റു വനിതാപൊലീസുകാരെ അതിൽ നിന്ന് ഒഴിവാക്കുന്ന പല സന്ദർഭങ്ങളും ആത്മകഥയിൽ വിവരിക്കുന്നുണ്ട്. മനഃപൂർവം ദിവസങ്ങളോളം അധിക ഡ്യൂട്ടി നല്കിയതു മൂലം വിനയയ്ക്ക് ഒരു പ്രാവശ്യം തന്റെ കുഞ്ഞിനെ നഷ്ടമാവുകയും ചെയ്തു. ഒരു പൊലീസുകാരിയായി രുന്നിട്ടു കൂടി ബസ്സിൽ വച്ചും പൊലീസ് സ്റ്റേഷനുകത്തുവച്ചും പല തവണ വിനയ അപമാനിക്കപ്പെട്ടിട്ടുണ്ട്.

സംഘടനായോഗങ്ങളിൽ പങ്കെടുക്കുന്ന ഏകസ്ത്രീ വിനയയായിരുന്നു. മറ്റു വനിതാ പൊലീസുകാർ ഉച്ചയ്ക്കുള്ള ഒരു മണിക്കൂർ ഭക്ഷണത്തിനുള്ള സൗജന്യം വിനയ ഉപയോഗിച്ചതിനാൽ എല്ലാവർക്കും വർക്ക്ബുക്കിൽ ഡ്യൂട്ടി മാത്രം രേഖപ്പെടുത്തിയപ്പോൾ വിനയയ്ക്ക് ഡ്യൂട്ടി ടൈം കൂടി രേഖപ്പടുത്തി. (VHF up to 18 hrs) ഒരു മേലുദ്യോഗസ്ഥൻ കീഴുദ്യോഗസ്ഥയോടു കാണിക്കുന്ന അവഗണനാ മനോഭാവം എന്നതിലുപരി ഒരു പുരുഷൻ സ്ത്രീയോടു കാണിക്കുന്ന ധാർഷ്ട്യം പലപ്പോഴും വിനയയ്ക്കു നേരിടേണ്ടി വന്നിട്ടുണ്ട്.

വിനയയുടെ പൊലീസ് സേവനരംഗത്തെ ഓരോ പ്രവർത്തനങ്ങളും എതിർപ്പുകളും പ്രശ്നങ്ങളും നിറഞ്ഞതാണ്. പൊലീസിനുള്ളിൽ തന്നെ അന്യവത്കരിക്കപ്പെട്ടു നിൽക്കുന്ന വനിതാപൊലീസ് ഉദ്യോഗസ്ഥർക്ക് വേണ്ടി പോരാടിയ വിനയയ്ക്കൊപ്പം വനിതകൾ ഉൾപ്പെടെ ആരും തന്നെ ഉണ്ടായിരുന്നില്ല. വിനയയെ അംഗീകരിക്കാതെ ഇരിക്കുമ്പോഴും ഒരു പരിധിവരെ അവർ വിനയയ്ക്കും അവരുടെ വിപ്ലവപരമായ പ്രവർത്തനങ്ങളോടും പ്രത്യക്ഷവും പരോക്ഷവുമായി കടപ്പെട്ടിരിക്കുന്നു.

ഏതെങ്കിലും ഔദ്യോഗികസ്ഥാനം ലഭിച്ചാൽ മാത്രമേ വനിതാ പൊലീസിന്റെ ദുരവസ്ഥ എത്തേണ്ടിടത്ത് എത്തിക്കാൻ കഴിയൂ എന്നു മനസ്സിലാക്കി അതിനായി ശ്രമിച്ചപ്പോൾ അധികാരമോഹിയായി മുദ്രകുത്തപ്പെട്ടു. 2001–ൽ എക്സിക്യൂട്ടീവ് കമ്മറ്റിയിൽ ഏറെ ചർച്ചകൾക്കൊടുവിൽ നിവൃത്തിയില്ലാതെ വിനയയ്ക്ക് ഒരു സീറ്റു നൽകി. അത്രയും കാലം വനിതാപൊലീസുകാർ വോട്ടു ബാങ്കുകൾ മാത്രമായിരുന്നു. സംഘടനാപ്രവർത്തനങ്ങളിലൂടെ ആണുങ്ങൾ പറയുന്നതാണ് സംഘടനാപ്രവർത്തനം എന്ന ആൺപൊലീസിന്റെ ധാർഷ്ട്യം വിനയ നേരിട്ടനുഭവിച്ചു.

കാലങ്ങളായി തുടർന്നുപോരുന്ന ആചാരങ്ങളിലെ സ്ത്രീയുടെ നീക്കിനിർത്തൽ, ചോദ്യം ചെയ്യാത്തതുകൊണ്ടുമാത്രം നിലനിന്നു പോകുന്നതാണ്. വിനയ കൊടുത്ത റിട്ടിന്റെ ഫലമായിട്ടാണ് അപേക്ഷാഫോമുകളിൽ ലിംഗവിവേചനം പാടില്ലെന്നും ഫോമുകൾ പുതുതായി അച്ചടിക്കുമ്പോൾ ലിംഗവിവേചനം ഒഴിവാക്കണമെന്നും കേന്ദ്രസ്റ്റേറ്റ് ഗവൺമെന്റുകൾക്ക് ഹൈക്കോടതി നിർദേശം നൽകിയത്. എസ്എസ്

എൽസിബുക്കിൽ കുട്ടിയുടെ അമ്മയുടെ പേരു ചേർക്കാൻ അവസരം കിട്ടിയതും വിനയയുടെ ശ്രമഫലമായിട്ടാണ്. വനിതാ പൊലീസിന്റെ ചരിത്രത്തിലാദ്യമായി സ്പോർട്സ് മീറ്റിൽ വനിതാപൊലീസുകാരെ പരിഗണിച്ചത് വിനയയുടെ ഒറ്റയാൾ പ്പോരാട്ടം കൊണ്ടു മാത്രമാണ്. കാക്കിസാരിയുടുത്ത് ഡ്യൂട്ടി ചെയ്യേണ്ടിവന്നിരുന്നു അടുത്തകാലംവരെ നമ്മുടെ വനിതാ പൊലീസുകാരികൾക്ക്. അതിനു മാറ്റമുണ്ടായതും പുരുഷന്മാരെപ്പോലെ അവൾക്ക് പാന്റും ഷർട്ടും ധരിക്കാൻ അനുമതി ലഭിച്ചതും വിനയ മൂലമാണ്.

സ്ത്രീക്ക് നൽകേണ്ട മുൻഗണനയ്ക്കല്ല, പരിഗണനയ്ക്കാണ് വിനയ ശ്രമിച്ചത്. ''എന്റെ ജീവിതത്തിൽ ഞാൻ ചിന്തിച്ചുള്ള മുഴുവൻ എന്റെ സംതൃപ്തിക്കുവേണ്ടി മാത്രമാണ്. അതിൽ സമൂഹനന്മയും സ്ത്രീകളുടെ സംതൃപ്തിയും എല്ലാം ഉൾപ്പെട്ടി രുന്നുവെങ്കിലും അതിനേക്കാളുപരി എന്റെ സ്വന്തം സംതൃപ്തി തന്നെയായിരുന്നു എന്നത് എനിക്കുതന്നെ വിചിത്രമായി തോന്നി'' (വിനയ, 2005:168).

സമൂഹം കൽപ്പിച്ചു നൽകിയ വേഷങ്ങളിൽ നിന്നും പെരുമാറ്റങ്ങളിൽ നിന്നും കാഴ്ചപ്പാടുകളിൽനിന്നും വ്യത്യസ്തമാണ് വിനയയും. അതുകൊണ്ടു തന്നെ വിനയ യുടെ ആഖ്യാനവും സമൂഹത്തിന്റെ മുൻവിധികളോട് പ്രതികരിക്കാതെ സ്വയം അടിച്ച മർത്തി ജീവിക്കുന്ന പഴയതും പുതിയതുമായ തലമുറയോടും സഹതപിക്കുന്നുണ്ട് വിനയ. കുടുംബത്തിനകത്തും പുറത്തും വിദ്യാഭ്യാസ – തൊഴിൽ ഇടങ്ങളിലും സ്ത്രീകൾ തന്നെ സ്വയം അടിച്ചമർത്തൽ ഏറ്റു വാങ്ങുന്നു എന്നും അതിനെതിരെ പ്രതികരിക്കുന്ന വർ ഒറ്റപ്പെടുന്നു എന്നുമാണ് വിനയയുടെ ആത്മകഥ വ്യക്തമാക്കുന്നത്. വിവാഹം എന്ന ചട്ടക്കൂട് സ്ത്രീകളെ എപ്രകാരമാണ് അടിച്ചമർത്തുന്നത് എന്നും അത് ഇല്ലാത്ത അവസ്ഥകളും സ്ത്രീകൾക്ക് സ്വാതന്ത്ര്യം നിഷേധിക്കുന്നു എന്നും വിനയ തിരിച്ചറി യുന്നുണ്ട്.

> ''ആവശ്യത്തിനും അനാവശ്യത്തിനും പുരുഷന്മാരെ ആശ്രയിക്കുന്നത് ഒരു ശീലമായും അഭിമാനമായും കണക്കാക്കുന്ന സ്ത്രീകളെ മാത്രമാണ് ഞാൻ കണ്ടത്. ഈ ആശ്രിതത്വബോധത്തിൽ നിന്നും കുതറിമാറാനും അർഹതയി

ല്ലാത്ത അംഗീകാരം പുരുഷന് നൽകാതിരിക്കാനും ജീവിതത്തിൽ ഞാൻ ബോധപൂർവം ശ്രമിച്ചു'' (വിനയ, 2015:41).

ഒരു കുഞ്ഞിൽപോലും തന്റെ തറവാട്ടുപേരും തന്റെ പേരും ചേർക്കാൻ അധികാരമില്ലാത്ത അമ്മയെ പേറ്റുയന്ത്രമാക്കിയതാരാണെന്ന് സമൂഹത്തോട് ചോദ്യമുയർത്തുന്നു. എല്ലാവർക്കും അച്ഛന്റെ പേരിന്റെ ആദ്യക്ഷരവും വീട്ടുപേരും നൽകപ്പെടുമ്പോൾ അവിടെ അമ്മയുടെ സ്ഥാനമെന്തെന്ന ചോദ്യത്തിന്റെ സാംഗത്യം കണ്ടെത്താൻ വിനയയ്ക്ക് കഴിഞ്ഞിരുന്നില്ല. നൊന്തുപെറ്റ മക്കളിൽ പോലും ഇല്ലാത്ത അവകാശം സ്ത്രീക്ക് മറ്റേതു കാര്യത്തിലാണ് ലഭ്യമാകുക എന്ന് വിനയ ചോദിക്കുന്നു.

പുരുഷന്റെ ഔദാര്യത്തിൽ കീഴിലല്ലാതെ സ്വതന്ത്രയായി ജീവിക്കുന്ന സ്ത്രീയെ അവർ ഭയപ്പെടുകയും കഴിയുന്ന വിധത്തിലെല്ലാം ശിക്ഷിക്കാനും ഒറ്റപ്പെടുത്താനും അധികാരികൾ ഒറ്റക്കെട്ടായി നിന്നിരുന്നു. ഇത് അവൾ എത്രമാത്രം സ്ത്രീയെ ഭയന്നിരുന്നു എന്നതിന് തെളിവായിരുന്നു. ഇതിനു തയ്യാറാവാതെ സ്വന്തം വ്യക്തിത്വത്തെ മുറുകിപ്പിടിച്ച വിനയയ്ക്ക് നേരിടേണ്ടി വന്നത് കഠിന പരീക്ഷണങ്ങളായിരുന്നു. ഉദ്യോഗവൃന്ദം, സമൂഹം, മീഡിയകൾ എല്ലാം അവരെ കല്ലെറിഞ്ഞു. പക്ഷേ, അവസാനം വിനയ തന്നെ ജയിച്ചു.

ഒരേ കടമ നിർവഹിക്കുന്ന പൊലീസിനും വനിതാ പൊലീസിനും നിയമങ്ങൾ വ്യത്യസ്തമായിരുന്നപ്പോൾ അവയിലെ നീതികേടിനെ, പക്ഷപാതത്തെ ചോദ്യം ചെയ്ത്, ന്യായത്തിനുവേണ്ടി പോരാടിയ വിനയ പൊലീസുകാരികൾക്കിടയിൽപ്പോലും ഒറ്റപ്പെട്ടിരുന്നു. പക്ഷേ, 'എന്റെ സാന്നിധ്യം അവർക്ക് അന്നും ഇന്നും അംഗീകരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഞാനവർക്കൊരു ധൈര്യംതന്നെയായിരുന്നു' (വിനയ, 2005:57) എന്നും വിനയ തുറന്നു പറയുന്നു. വനിതാപൊലീസുകാർ സേനയ്ക്കുള്ളിലെ വേറിട്ട സേന തന്നെയായിരുന്നു. പൊലീസ് എന്ന തലക്കെട്ടിനു താഴെ വരുമ്പോൾ അവരുടെ സീറ്റ് വളരെ ഇടുങ്ങിയതും വനിതാപൊലീസ് എന്നതിൽ വരുമ്പോൾ ഇരുപത്തിമൂന്നിൽ ഒരാൾക്ക് എന്നതു വളരെ വലുതുമായിരുന്നു. വിനയയുടെ മേലുള്ള അച്ചടക്കനടപടികൾ ചില

മേലുദ്യോഗസ്ഥന്മാർ മനഃപൂർവം സൃഷ്ടിക്കുന്നതായിരുന്നു എന്ന് ആത്മകഥ വ്യക്തമാക്കുന്നു.

ഉന്നതവിദ്യാഭ്യാസം നേടിയിരുന്ന ഉദ്യോഗസ്ഥ വൃന്ദം പോലും സ്ത്രീയുടെ വ്യക്തിത്വത്തെ നിരാകരിച്ചിരുന്നു എന്നതിന് മെഡിക്കൽ കോളെജിലെ ഡോക്ടറുടെ അടുക്കൽ നിന്നുണ്ടായ അനുഭവം വിനയ വിവരിക്കുന്നു. അമ്മയേക്കാൾ വില അമ്മയുടെ നാവിൽ നിന്നുയരുന്ന അക്ഷരങ്ങൾക്കാ''(വിനയ, 2005:118)ണെന്നു വിനയ മനസ്സിലാക്കുന്നു. സ്ത്രീയെ മാറ്റിനിർത്താൻ ഏതുമേഖലയും ബദ്ധശ്രദ്ധാലുക്കളാണെന്നതിന് മറ്റൊരു ഉദാഹരണമാണിത്.

വനിതാപൊലീസ് വിഭാഗത്തിനു ലഭിച്ച ഓരോ അംഗീകാരങ്ങളും പരിഗണനകളും വിനയ എന്ന ഒറ്റയാൾ പട്ടാളത്തിന്റെ ശ്രമഫലമാണെന്നു പലരും മറന്നു പോയിരിക്കുന്നു. നിരന്തരമായ ശ്രമങ്ങൾക്കൊടുവിൽ 2002 മെയ് മാസത്തിൽ വിനയ പൊലീസ് സേവനത്തിൽനിന്നും പിരിച്ചുവിടപ്പെടുന്നതോടെ ആത്മകഥ അവസാനിക്കുന്നു. എന്തിനേക്കാളും വലുത് സ്നേഹവും കുടുംബവും തന്നെയാണെന്ന് വിനയ തന്റെ ആത്മകഥയിൽ പറഞ്ഞു നിർത്തുന്നു. പുരുഷാധിപത്യസമൂഹത്തിന്റെ വ്യക്തമായ നേർക്കാഴ്ചയാണ് വിനയയുടെ ആത്മകഥ. അതിനെതിരെയുള്ള വിനയയുടെ പ്രതികരണങ്ങൾ തന്നെയാണ് വിനയയുടെ രാഷ്ട്രീയവും.

### 4.5 ആത്മകഥകളുടെ താരതമ്യപഠനം

മലയാളത്തിലെ സ്ത്രീ ആത്മകഥകളുടെ ആഖ്യാനങ്ങൾ പൊതുവെ ലളിതമാണ്. എഴുത്തിലൂടെ ഇവർ മുന്നോട്ടുവയ്ക്കുന്ന സ്ത്രീസ്വത്വസങ്കല്പങ്ങളും കാഴ്ചപ്പാടുകളും ഏതാണ്ട് സമാനമാണ്. സ്ത്രീയുടെ സമത്വത്തിനും സ്വാതന്ത്ര്യത്തിനും അവകാശങ്ങൾക്കും വേണ്ടി കഠിനപരിശ്രമംചെയ്യുന്ന വിനയയും സ്ത്രീക്കു നേരിടേണ്ടിവരുന്ന പ്രതിസന്ധികളെ വിശകലനംചെയ്യുന്ന ആയിഷയും പ്രസ്ഥാനത്തിനുവേണ്ടി സ്ത്രീയുടെ സകലപരിമിതികളേയും മറികടന്ന അജിതയും സ്ത്രീകൾക്കു നിഷേധിക്കപ്പെട്ട നീതിയും തുല്യതയും വീണ്ടെടുക്കാൻ ശ്രമിച്ച ഗൗരിയമ്മയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഒന്നുതന്നെയാണ്; അവയിൽ സാഹചര്യങ്ങൾ മാറുന്നു എന്നു മാത്രം.

ഒരു പെൺകുട്ടി പ്രായപൂർത്തിയാവുന്നതോടെ അനുഭവിക്കേണ്ടി വരുന്ന ജീവിത യാഥാർഥ്യങ്ങളെ ഇവർ എല്ലാവരും അഭിമുഖീകരിക്കുന്നുണ്ട്. അവർ ഇതിനോട് പ്രതിക രിക്കുന്നത് വ്യത്യസ്തരീതിയിലാണ്. യാഥാസ്ഥിതിക കുടുംബത്തിൽപ്പെട്ട ഗൗരി പലതി നോടും പോരാടിക്കൊണ്ടാണ് അന്നത്തെ കാലത്ത്, താഴ്ന്നവിഭാഗത്തിൽ നിന്നുള്ള ആദ്യവക്കീലായും സ്വതന്ത്രകേരളത്തിലെ ആദ്യ റവന്യൂമന്ത്രിയായി ഉയരുന്നത്. സാമുദായികമായ വിലക്കുകളെ ഭേദിച്ചുകൊണ്ടുതന്നെയാണ് ആയിഷയും നാടകരംഗ ത്തേക്കിറങ്ങുന്നത്. അജിതയും വിനയയും കൗമാരത്തിൽത്തന്നെ ഇത്തരം അരുതുകളെ ലംഘിച്ചും എതിർത്തും കൊണ്ടുതന്നെയാണ് മുന്നേറിയത്. ആവശ്യമില്ലാത്ത അധി കാരവും അംഗീകാരവും പുരുഷനു കൊടുക്കാതിരിക്കാൻ അവർ ബോധപൂർവം ശ്രമി ക്കുകയായിരുന്നു. എന്നാൽ അവരെല്ലാം കുടുംബത്തിന്റെ തണലിൽ നിന്നുവന്നവരാ ണെന്നും കുടുംബമാണവരെ ഇത്തരത്തിലുള്ള പെരുമാറ്റങ്ങൾക്കു പ്രാപ്തരാക്കിയതെ ന്നതും എടുത്തുപറയേണ്ടതാണ്.

പുരുഷനെ അംഗീകരിക്കാതിരിക്കുകയോ അനുസരിക്കാതിരിക്കുകയോ അവർക്കു മേൽ അധികാരം സ്ഥാപിക്കാൻ ശ്രമിക്കുകയോ ആത്മകഥാകൃത്തുക്കൾ ചെയ്യുന്നില്ല. പുരുഷനു തുല്യമായി സ്ത്രീക്ക് ഒരു സാമൂഹ്യനീതിയാണവർ ലക്ഷ്യംവയ്ക്കുന്നത്. പുരുഷനെ വിലമതിച്ചും സ്നേഹിച്ചും അംഗീകരിച്ചും ബഹുമാനിച്ചും നീങ്ങുന്ന അവർക്ക് പുരുഷന്മാരുടെ ഇരട്ടത്താപ്പിനെയാണ് അംഗീകരിക്കാൻ വൈമുഖ്യം. സ്ത്രീയെ സഹജീവിയായി, വ്യക്തിത്വമുള്ള, വികാരവും വിചാരവുമുള്ള, തുല്യതയുള്ള ഒരാ ളായി കാണാത്ത സാമൂഹ്യവ്യവസ്ഥിതിയേയാണ് അവർ വിമർശനവിധേയമാക്കുന്നത്.

മൂന്നുപേരിൽനിന്നും വ്യത്യസ്തമായി ഒരു വലിയ കാലഘട്ടം മുഴുവൻ പുരുഷാ ധിപത്യസമൂഹത്തിന്റെ ഭാഗമായി ജീവിച്ച ഒരു ചരിത്രമാണ് ഗൗരിയമ്മയ്ക്കുള്ളത്. വ്യക്തിപരമായ കാര്യങ്ങളേക്കാൾ രാഷ്ട്രീയപരമായ, സാമൂഹികപരമായ കാര്യങ്ങൾ ക്കാണ് അജിത മുൻതൂക്കം നൽകിയിരുന്നത്. ഗൗരിയമ്മ ട്രേഡ് യൂണിയൻ പ്രവർത്തന ങ്ങളിലൂടെ രാഷ്ട്രീയത്തിലേക്കു പ്രവേശിക്കുമ്പോൾ അജിത നക്സൽബാരിപ്രവർത്തന ങ്ങളിലൂടെയും ആയിഷ നാടകരംഗത്തിലൂടെയുമാണ് രംഗപ്രവേശനംചെയ്യുന്നത്. വിനയ യാകട്ടെ സാമൂഹികപ്രവർത്തനങ്ങളിലൂടെ ജനമധ്യത്തിലേക്കിറങ്ങുന്നു.

കമ്മ്യൂണിസമെന്ന രാഷ്ട്രീയപ്രത്യയശാസ്ത്രം മറ്റു മൂന്നുപേരും വച്ചു പുലർത്തു മ്പോൾ പുരുഷാധിപത്യ സമൂഹത്തിനെതിരെയുള്ള പ്രതിരോധമാണ് വിനയയുടെ രാഷ്ട്രീയം. ജന്മി – കുടിയാൻ വ്യവസ്ഥ, ദേശീയ സ്വാതന്ത്ര്യസമരം, തൊളിലാളി സമര ങ്ങൾ, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പോരാട്ടം, പുന്നപ്ര-വയലാർ സമരങ്ങൾ, അടി യന്തിരാവസ്ഥ തുടങ്ങി സംഭവബഹുലങ്ങളായ പലതും ഗൗരിയമ്മ വിവരിക്കുമ്പോൾ, കമ്മ്യൂണിസം, മാവോയിസം, നക്സൽപ്രസ്ഥാനം, കാർഷികസമരങ്ങൾ, അധികാര മത്സരം, പൊലീസ് ഭീകരവാഴ്ച, ആദിവാസി പ്രശ്നങ്ങൾ തുടങ്ങിയവ കേരളത്തിൽ സൃഷ്ടിച്ചിരുന്ന ചെറുതും വലുതുമായ കോളിളക്കങ്ങൾ, രാഷ്ട്രീയപ്രബുദ്ധത ഇവയെല്ലാം അജിത ആത്മകഥയിൽ ചിത്രീകരിക്കുന്നു. അതിൽനിന്നു ഭിന്നമായി ഒരു കലാകാരി യുടെ കാഴ്ചപ്പാടിലൂടെ സാംസ്കാരിക നവോഥാന കേരളത്തേയും നാടകപ്രവർത്തന ചരിത്രത്തേയും അതിന്റെ വളർച്ചയേയും ആയിഷ വരച്ചിടുന്നു. യാഥാസ്ഥിതിക മുസ്ലീം സമുദായം, മലബാർ കല്യാണം, കമ്മ്യൂണിസം തുടങ്ങിയവ ആത്മകഥയുടെ ഭാഗമാ കുന്നു. ഇതിൽ നിന്നു വ്യത്യസ്തമായി ആണധികാരം ഉയർത്തുന്ന വെല്ലുവിളികൾക്കും വ്യക്തമായ അവരുടെ മാറ്റിനിർത്തലിനും നീതി നിഷേധത്തിനുമെതിരെ ഒറ്റയാൾ പ്പോരാട്ടം നടത്തുന്ന വിനയ പൊലീസ്സേനയിലെ ഇരട്ടത്താപ്പും അനീതികളും തുറന്നു കാട്ടുകയാണ് ചെയ്യുന്നത്.

നാലുവീക്ഷണകോണിൽ നിന്ന് കേരളത്തിന്റെ സാംസ്കാരികതയെ ഇവർ നോക്കിക്കാണുകയും വിലയിരുത്തുകയും ചെയ്യുന്നു. സമ്പത്തുണ്ടെങ്കിലും വിദ്യാഭ്യാസ മുണ്ടെങ്കിലും ഉന്നത ഉദ്യോഗരംഗത്തായാലും അത് പാർട്ടിയുടെ തലപ്പത്തുതന്നെയാ യാലും സാധാരണക്കാരിയായാലും സ്ത്രീ എന്നും സ്ത്രീ തന്നെ എന്ന് ഈ ആത്മ കഥകൾ വ്യക്തമാക്കുന്നു.

ഫ്യൂഡൽവ്യവസ്ഥിതിയുടെ ഒരു കാലഘട്ടത്തിൽനിന്നാണ് ഇവർ തങ്ങളുടെ ആത്മകഥ ആരംഭിക്കുന്നത്. സമ്പന്നതയുടെ, പ്രൗഢിയുടെ മടിത്തട്ടിൽ വളർന്ന ഗൗരിയമ്മയ്ക്ക് അത്തരം ഒരവസ്ഥ പല സാഹചര്യങ്ങളിലും ഒരു രക്ഷാകവചമായിരുന്നു. എന്നാൽ ബാല്യത്തിൽത്തന്നെ അതിസമ്പന്നതയിൽ നിന്ന് കടുത്ത ജീവിതയാഥാർഥ്യ ത്തിന്റെ, ദാരിദ്ര്യത്തിലേക്ക് കൂപ്പുകുത്തിയ ആയിഷയ്ക്കാകട്ടെ നേരിടേണ്ടിവന്നത്

കടുത്ത ജീവിതയാഥാർഥ്യങ്ങളെയായിരുന്നു. ഇവരിൽനിന്നും തികച്ചും വ്യത്യസ്ത മാണ് വിനയയുടെ ആത്മകഥ. ആൺകോയ്മയോട് സമരസപ്പെടാതെ ഒരു സാധാരണ പെൺകുട്ടിയിൽ നിന്ന് സ്വന്തം വ്യക്തിത്വത്തെക്കുറിച്ച് അവബോധമുള്ള ഒരു സ്ത്രീ യായി മാറിയ അനുഭവക്കുറിപ്പുകളാണ് അവരുടെ ആത്മകഥ.

കോളെജ് പഠനകാലത്താണ് ഗൗരിയും അജിതയും പാർട്ടിയോട് ബന്ധപ്പെടു ന്നത്. പാർട്ടിയിൽ പ്രവർത്തിക്കുമ്പോഴും ബാധ്യതകൾ സ്ത്രീകൾ മാത്രം ഏറ്റെടുക്കേ ണ്ടിവരുമെന്ന് ഗൗരിയമ്മയും ആയിഷയും വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്. ആയിഷ യിൽനിന്നു വ്യത്യസ്തമായി മറ്റു മൂന്നുപേരും പൊലീസ് സേനയുമായി ഒരു തരത്തി ലല്ലെങ്കിൽ മറ്റൊരു തരത്തിൽ ബന്ധപ്പെട്ടിരുന്നു എന്നത് ഒരു യാദൃച്ഛികതയാണെ ങ്കിലും മൂന്നുപേരുടേയും പൊലീസ് അനുഭവങ്ങൾ മൂന്നുതരത്തിലായിരുന്നു. പൊലീസു കാരിൽനിന്ന് വി.ഐ.പി. പരിഗണനയാണ് ഗൗരിയമ്മയ്ക്കു ലഭിച്ചതെങ്കിൽ പൊലീസിന്റെ കൊടുംക്രൂരതയ്ക്ക്. ഒരു പൊലീസുകാരിയായതിനാൽ മാനസികമായ പീഡനവും ഒറ്റപ്പെടുത്തലും അവഗണനയും പരിഹാസവും തുടരെയുള്ള സ്ഥലംമാറ്റവുമായി രുന്നു വിനയയ്ക്ക് ലഭിച്ചത്. ആയിഷയുടേതൊഴിച്ചുള്ള മറ്റ് ആത്മകഥകളുടെ മറ്റൊരു പ്രത്യേകത, അവയെല്ലാം അവസാനിക്കുന്നത് പൊലീസും ജയിലുമായി ബന്ധപ്പെട്ട ഓരോരോ സാഹചര്യങ്ങളിലായിരുന്നു എന്നതാണ്. ഗൗരിയമ്മ ജയിലിലേക്കു പോകു മ്പോഴും അജിത ജയിലിൽനിന്നു വരുന്ന സന്ദർഭത്തിലും അവരുടെ ആത്മകഥകൾ അവസാനിക്കുമ്പോൾ പൊലീസിൽനിന്നു പിരിച്ചു വിടുന്ന കാലത്തുമാണ് വിനയ യുടെ ആത്മകഥ അവസാനിക്കുന്നത്. ആയിഷയുടേതാകട്ടെ വലിയൊരിടവേളയ്ക്കു ശേഷം വീണ്ടും കലാരംഗത്തേക്കിറങ്ങുന്ന കാലത്തിലും.

പണവും സ്വാധീനമുള്ളവർക്ക് ജയിലിൽ കുടുംബജീവിതത്തിനു വരെ സൗകര്യ മുണ്ടാക്കിക്കൊടുക്കുന്നുണ്ട് എന്ന് അജിത പറയുമ്പോൾ തികച്ചും വാസ്തവമാ ണെന്ന് പല അനുഭവങ്ങളോടൊപ്പം ഗൗരിയമ്മയുടെ ആത്മകഥയും വെളിപ്പെടുത്തു ന്നുണ്ട്. ഉയർന്ന വിദ്യാഭ്യാസവും ജോലിയും സമ്പത്തും കുലീനതയും സ്ത്രീയെന്ന പരിഗണനയും ജയിൽ ശിക്ഷയല്ല, ജയിൽജീവിതമാണ് നൽകുന്നതെന്നതിന് തെളി വാണിത്.

വിമർശനസ്വഭാവം ഇവരുടെ ആത്മകഥകളെത്തമ്മിൽ പലയിടത്തും യോജി പ്പിക്കുന്നുണ്ട്. സ്വന്തം കുടുംബത്തെ, സമൂഹത്തെ, പാർട്ടിയെ, പുരുഷാധിപത്യത്തെ അധികാര ദുഷ്പ്രഭുത്വത്തെ, മതത്തെ, വിദ്യാഭ്യാസ സ്ഥാപനങ്ങളെ തുടങ്ങി പലതും വിമർശിക്കപ്പെടുന്നു. തങ്ങളുടെ നിലപാടുകൾ വിശദീകരിക്കുന്നതിനോടൊപ്പം കേര ളീയ സ്ത്രീപക്ഷത്തുനിന്നും സമൂഹം ചർച്ചചെയ്യാൻ വിസമ്മതിച്ച യാഥാർഥ്യങ്ങളെ ഇവർ ആത്മകഥയിലൂടെ പൊതുജന മധ്യത്തിൽ അവതരിപ്പിക്കുകയായിരുന്നു. വിനയ യൊഴിച്ച് മൂന്നുപേരും കമ്മ്യൂണിസ്റ്റുപാർട്ടിയെ നിശിതമായി വിമർശിക്കുന്നു. സ്ത്രീക ളോട് പാർട്ടി കാണിക്കുന്ന അവഗണനയും കുതികാൽ വെട്ടും തുറന്നു കാണിക്കുന്ന അവർ പരസ്യമായിത്തന്നെയാണ് പാർട്ടിയെ ചോദ്യംചെയ്യുന്നത്. പാർട്ടി സ്ത്രീയെ തഴ യുന്നതിന്റെ ഉദാഹരണങ്ങളായിരുന്നു ഇവർ. വിനയയുടെ രാഷ്ട്രീയം ആണധികാര ത്തിനെതിരെയുള്ള പടവെട്ടലായിരുന്നു.

ആത്മകഥയുടെ പ്രധാന സവിശേഷത, അത് അവനവനെത്തന്നെ തുറന്നു കാട്ടുന്നതിനുള്ള ഒരുപാധിയാണ് എന്നതാണ്. എല്ലാത്തിന്റേയും തുറന്നെഴുത്തായി ആത്മകഥയെ കാണാറുണ്ടെങ്കിലും അതു പാലിക്കുന്ന ആത്മകഥകൾ വളരെ കുറവാണ്. ഓരോ വ്യക്തിയിലും മറ്റാരും കാണാതെ, അറിയാതെ സൂക്ഷിക്കുന്ന ഏതെങ്കിലും സംഭവങ്ങളോ ചിന്താരീതികളോ ഉണ്ടാകും. സമൂഹത്തിന്റെ പ്രതികരണം ഭയന്ന് അനിഷ്ടങ്ങളായ സംഭവങ്ങൾ പലരും മൂടിവയ്ക്കാറാണ് പതിവ്. ആയിഷ ആത്മകഥ യിൽ ജീവിതത്തിലെ ചില സംഭവങ്ങൾ വ്യക്തമാക്കാൻ താൻ ഇഷ്ടപ്പെടുന്നില്ലെന്ന് തുറന്നുപറയുകയും പല സംഭവങ്ങൾക്കും ഉത്തരം നല്കാതെ മനഃപൂർവം ഒഴിഞ്ഞു മാറുകയും ചെയ്യുന്നുണ്ട്. അജിതയും ആത്മകഥയിൽ താൻ ചിലത് മറച്ചു വയ്ക്കുന്നു ണ്ടെന്ന് തുറന്നുപറയുന്നുണ്ട്. ഗൗരിയമ്മയുടെ ആത്മകഥയിലും ഇത്തരം മറച്ചുവയ് ക്കലുകൾ നമുക്കു കാണാൻ കഴിയും. എന്നാൽ വിനയ താൻ അനുഭവിച്ച എല്ലാ ത്തരം പീഡനങ്ങളും തുറന്നുപറയുന്നുണ്ട്.

പുരുഷനോടൊപ്പം ഉയരുന്ന സ്ത്രീയെ ഏതു വിധത്തിലും മാറ്റിനിർത്താൻ, അടിച്ചമർത്താൻ സമൂഹം ശ്രമിക്കുമെന്നത് വലിയൊരു സത്യമാണ്. അതിനായവർ പലവഴികളും തേടും. അതിനേറ്റവും പ്രകടമായി ഉപയോഗിക്കുന്ന ഒരായുധം ലൈംഗികാ

പവാദമാണ്. ഈ നാലുപേരും ഇത്തരമൊരു സന്ദർഭമെങ്കിലും തങ്ങൾക്ക് അനുഭവിക്കേണ്ടിവന്നിട്ടുണ്ടെന്ന് ഒരേ സ്വരത്തിൽ പറയുന്നു. അവർക്ക് മാത്രമല്ല, സമൂഹത്തിൽ തന്റേതായ ഒരിടം തിരഞ്ഞെടുത്ത, സ്വന്തം ശബ്ദം വേറിട്ടു കേൾപ്പിച്ച ഏതൊരു സ്ത്രീക്കും നേരെ ഇത്തരമൊരു പ്രചാരണവേല ഇറക്കുന്നത് അസഹിഷ്ണുക്കളായ പുരുഷലോകത്തിന്റെ നടപടിക്രമങ്ങളിലൊന്നാണ്. അതിൽ തളരുന്നവരുണ്ടാകാം, പ്രസ്ഥാനം/തൊഴിൽ ഉപേക്ഷിക്കുന്നവരുണ്ടാകാം, ജീവിതത്തിൽനിന്ന് പിൻവാങ്ങുന്നവരുണ്ടാകാം, എന്നാൽ പൂർവാധികം ശക്തിയോടെ തിരിച്ചു വരുന്നവരുമുണ്ടാകുന്നുണ്ട്. ഇവരുടെ ആത്മകഥകൾ ഇതിനു തെളിവാണ്. അജിതയുടേയും വിനയയുടേയും ആത്മകഥകൾ സ്ത്രീജീവിതത്തിന്റെ ഇരുണ്ട വശങ്ങളിലൊന്നായ വേശ്യാവൃത്തിയെക്കുറിച്ചും അതിൽ ഇരകളാക്കപ്പെട്ട സ്ത്രീകളെക്കുറിച്ചും പറയുകയും അവരുടെ ദയനീയമായ അവസ്ഥ സമൂഹത്തിന് കാണിച്ചുകൊടുക്കുകയും ചെയ്യുന്നു. അജിതയുടേയും വിനയയുടേയും ആത്മകഥകൾ രചിക്കപ്പെട്ടത് അവർ പോരാടിക്കൊണ്ടിരുന്ന അതേ അനുഭവലോകത്തിൽനിന്നു തന്നെയാണ്. ഗൗരിയമ്മയും ആയിഷയും ജീവിതത്തിന്റെ സായാഹ്നത്തിൽനിന്നാണ് ആത്മകഥ എഴുതുന്നത്. നിരീശ്വരവാദപരമായൊരന്തരീക്ഷമാണ് അജിതയുടെ ആത്മകഥയിൽ കാണാൻ കഴിയുന്നത്.

വിദ്യാഭ്യാസ സമ്പ്രദായത്തെക്കുറിച്ച് ഇവർ അവതരിപ്പിക്കുന്ന കാഴ്ചപ്പാടുകൾ വ്യത്യസ്തങ്ങളാണ്. അന്നു സ്ത്രീകളെ പഠിപ്പിച്ചുജോലിക്കുവിടുക സർവസാധാരണമല്ല. പെൺകുട്ടികളെ എഴുതാനും വായിക്കാനും പഠിപ്പിക്കുക, കാര്യങ്ങൾ ഗ്രഹിക്കാൻ ത്രാണിയുള്ളവരാക്കുക, ലോകത്തു ചുറ്റും നടക്കുന്ന സംഗതികൾ മനസ്സിലാക്കി അതനുസരിച്ചു ജീവിക്കാനും പെരുമാറാനും തയ്യാറാക്കുക, ഒരു നല്ല ഭാര്യയും മാതാവുമാക്കുക. ഇത്രയേ പഠിത്തംകൊണ്ട് ഉദ്ദേശിച്ചിരുന്നുള്ളൂ''. (ഗൗരിയമ്മ, 2010:121) എന്ന് ഗൗരിയമ്മ അഭിപ്രായ പ്പെടുമ്പോൾ, ''തന്റെ സുഖസൗകര്യങ്ങളും സ്വാർഥജീവിതവും മെച്ചപ്പെടുത്തുക എന്ന ഒരൊറ്റ ലക്ഷ്യത്തോടുകൂടി പഠിക്കാനാണ് ഈ വിദ്യാഭ്യാസ സമ്പ്രദായം ഓരോ കുട്ടിയേയും പ്രേരിപ്പിക്കുന്ന''തെന്ന് (അജിത. 2006:20) അജിത അഭിപ്രായപ്പെടുന്നു. വിദ്യാഭ്യാസം ജീവിതത്തിനും സമൂഹത്തിനും പുരോഗതി ഉണ്ടാക്കിത്തരുമെന്നു

വിശ്വസിച്ച ആയിഷയുടെ കാഴ്ചപ്പാടിന്റെ തുടർച്ചയാണ് വിനയയിലും കാണാൻ കഴിയുന്നത്.

### 4.6 കുടുംബം ആത്മകഥകളിൽ

വംശത്തിന്റെ നിലനിൽപ്പിനാവശ്യമായ ചുമതല നടപ്പിലാക്കാൻ സ്ത്രീയും പുരുഷനും ഒരുമിച്ചു ജീവിക്കുന്ന സംഘമാണ് കുടുംബം. കുട്ടികളുമടങ്ങുന്നതായിരുന്നു പ്രാകൃതസമൂഹത്തിൽ കുടുംബം. സംസ്കാരത്തിന്റെ അടിത്തറയെന്നു പറയാവുന്ന പെരുമാറ്റരീതികളും സാമൂഹ്യമര്യാദകളും പരിശീലിപ്പിച്ച് പുരുഷനെ കുടുംബത്തിലേക്കു സ്വീകരിച്ചുകൊണ്ട് സ്ത്രീ കുടുംബം കെട്ടിപ്പടുത്തു. സാമൂഹ്യഘടനയിൽ ഉണ്ടായ മാറ്റങ്ങളുടെ ഫലമായി കുടുംബത്തിന്റെ ഉടമസ്ഥത സ്ത്രീയിൽനിന്നും പുരുഷനിലേക്കു മാറ്റപ്പെടുകയുണ്ടായി.

ഓരോ വ്യക്തിയുടേയും സ്വഭാവരൂപീകരണത്തിൽ വ്യക്തിത്വത്തിൽ, കുടുംബത്തിന് ഏറെ സ്ഥാനമുണ്ട്. സാമൂഹ്യസാഹചര്യങ്ങളെ മനസ്സിലാക്കുവാനും അതിനനുഗുണമായി പ്രവർത്തിക്കുവാനും കഴിയുംവിധം അവളെ/അവനെ രൂപപ്പെടുത്തുന്നത് കുടുംബംതന്നെയാണ്. ഓരോ ആത്മകഥയുടേയും അല്ലെങ്കിൽ ഏതൊരു വ്യക്തിയുടേയും അടിസ്ഥാനം കുടുംബംതന്നെ. തിരഞ്ഞെടുത്ത നാല് ആത്മകഥകളേയും വിശകലനംചെയ്യുമ്പോൾ അവരെ രൂപപ്പെടുത്തിയതിൽ മുഖ്യസ്ഥാനം കുടുംബത്തിനു തന്നെയാണെന്നു മനസ്സിലാക്കാം. ഇവർക്ക് കുടുംബം അവിഭാജ്യഘടകമാണ്. അതിനെ മാറ്റി നിർത്തി കഥപറയുവാൻ ആർക്കും കഴിയുന്നില്ല.

''മകൾ, ഭാര്യ, അമ്മ, സഹോദരി, ഉദ്യോഗസ്ഥ തുടങ്ങിയ സ്ത്രീ സ്വത്വങ്ങൾ രൂപപ്പെടുന്നത് സാമൂഹികവത്കരണ പ്രക്രിയകളിലൂടെയാണ്. ഇത്തരം ജീവിതാവസ്ഥകളാണ് ഒരു സ്ത്രീ തന്നെക്കുറിച്ച് എഴുതുമ്പോൾ വെളിപ്പെടുത്തുന്നതും അന്വേഷണത്തിനും വിമർശനത്തിനും ഇടയാക്കുന്നതും. ഒരു സ്ത്രീയുടെ വളർച്ചയുടെ വിഭിന്ന ഘട്ടങ്ങളിൽ കുടുംബാന്തരിക്ഷം ശാരീരകവും മാനസികവുമായി അവളെ എങ്ങനെയെല്ലാം സ്വാധീനിക്കുന്നുവെന്നതിന്റെ സത്യസന്ധമായ വിവരണം നാലു വ്യത്യസ്ത തലത്തിൽ നിന്നുകൊണ്ട് ഈ ആത്മകഥകൾ പങ്കുവയ്ക്കുന്നു.

പരസ്പരസ്നേഹത്തിലും വിശ്വാസത്തിലും അധിഷ്ഠിതമായ കുടുംബന്ധങ്ങളാണ് സ്ത്രീക്ക് അവളുടെ കർമരംഗത്തും ജീവിതസമരരംഗത്തും പ്രോത്സാഹനമേകുന്നത്. തന്റെ ശക്തിയെന്തെന്ന് തിരിച്ചറിഞ്ഞ് മുന്നേറാനും കുടുംബത്തിന്റെ ഈ പിന്തുണ അത്യാവശ്യം തന്നെയാണെന്ന് ഈ ആത്മകഥകൾ നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്.

സ്വാർഥം ത്യജിച്ച് സഹനശക്തിയോടും ത്യാഗമനോഭാവത്തോടും  വ്യാപരിക്കുക, പൊതുനന്മയ്ക്കുള്ള പ്രവർത്തനങ്ങളിൽ സഹകരിക്കുക, കാര്യങ്ങളെ ഉള്ളിൽ ക്കടന്നു കണ്ട് പ്രായോഗികബുദ്ധിയോടെ പ്രവർത്തിക്കുക, പ്രശ്നങ്ങൾക്ക് മാനുഷികപരിഹാര മാർഗങ്ങൾ കണ്ടെത്തുക ഇവ മനുഷ്യത്വമുള്ള പൂർണമനുഷ്യരെ ചമയ്ക്കാൻ സ്ത്രീയെ സഹായിക്കുന്ന സിദ്ധിവിശേഷങ്ങളാണ്. ഈ മഹത്തായ സൃഷ്ടി പ്രക്രിയയിൽ പുരുഷനിൽനിന്നും അവൾ പ്രതീക്ഷിക്കുന്നത് സഹകരണവും സഹാനു ഭൂതിയുമാണ്. ഇത്തരം മനോഭാവം ഏവരിൽ നിന്നും തങ്ങൾക്ക് ലഭ്യമായില്ലെങ്കിലും ചുരുങ്ങിയത് കുടുംബാന്തരീക്ഷത്തിൽ നിന്നെങ്കിലും ലഭ്യമായി എന്ന് ഈ ആത്മകഥാ കാരികൾ പറയുന്നു.

ലിംഗാധിഷ്ഠിതവിവേചനം കാലാകാലങ്ങളായി പല തലങ്ങളിലും നടക്കുന്നുണ്ട്. ഇത് ആദ്യം പ്രത്യക്ഷപ്പെടുന്നത് ഗൃഹാന്തരീക്ഷത്തിലാണ്. ഈ വിവേചനം ഇല്ലാതെ മക്കൾക്ക് പരിചരണംനൽകുമ്പോൾ ആദ്യത്തെ നിശ്ശബ്ദ തിരുത്തിക്കുറിക്കൽ കുടുംബത്തിൽ നിന്നുതന്നെ ആരംഭിക്കുന്നു. പുരുഷ സങ്കല്പവും സ്ത്രൈണ സങ്കല്പവും നൽകാതെ മനുഷ്യത്വമുള്ള മാനവികതയുടെ മാതൃകകൾ നൽകി മക്കളെ വളർത്തുന്ന മാതാപിതാക്കൾ കുടുംബത്തിൽ ലിംഗവ്യത്യാസമില്ലാത്ത പരിഷ്കാരം നടപ്പിലാക്കുമ്പോൾ സമൂഹം മൊത്തമായും വ്യത്യാസപ്പെടുകയാണ് ചെയ്യുന്നത്. ഈ ആത്മകഥാകാരികൾക്ക് തങ്ങളുടെ കർമപഥത്തിൽ ആവശ്യമായ പിന്തുണയും ധൈര്യവും നൽകിയതും അവരുടെ കുടുംബം തന്നെയാണ്. കുടുംബത്തെ തള്ളിക്കളഞ്ഞുകൊണ്ടല്ല, അതിനേക്കൂടി പോരാട്ടത്തിന്റെ ഭാഗമാക്കുകയാണിവർ ചെയ്യുന്നത്.

ജന്മിത്വത്തിന്റെ ശേഷിപ്പായി ജീവിതം മാറിയപ്പോഴും ആയിഷയ്ക്ക് കുടുംബം വളരെ വലുതായിരുന്നു. അതിനുവേണ്ടിയാണവർ തന്റെ ജീവിതത്തെ കലയിലേക്കു തിരിച്ചുവിടുന്നത്. സംഗീതാദികലകളോട് താത്പര്യമുള്ള മാതാവിൽ നിന്നാണ് ആയിഷയുടെ കലാഭിരുചികൾ വളർന്നത്. സഹോദരന്റെ പ്രേരണമൂലമാണ് നാടക രംഗത്തേക്കും അതുവഴിയുള്ള രാഷ്ട്രീയപ്രവർത്തനങ്ങളിലേക്കും ആയിഷ കടന്നുചെല്ലുന്നത്. സഹോദരന്മാർ അവർക്കു വലിയ പ്രോത്സാഹനമായിരുന്നു. ഇന്നത്തെ വിനയയെ രൂപപ്പെടുത്തുന്നതിൽ കുടുംബത്തിന് വലിയൊരു പങ്കുണ്ടെന്ന് വിനയയുടെ ആത്മകഥ തന്നെ തെളിവാണ്. വിനയയുടെ വളർച്ചയുടെ ഓരോ ഘട്ടത്തിലും അച്ഛൻ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ പ്രോത്സാഹനം നൽകുന്നുണ്ട്. കുടുംബത്തിൽ നിന്നു വേർപെടുത്തിയ ഒരു സ്വത്വമല്ല, കുടുംബം രൂപപ്പെടുത്തിയ സ്വത്വമായിട്ടാണ് ആത്മകഥകളിൽ ഓരോരുത്തരും പ്രത്യക്ഷപ്പെടുന്നത്.

കുടുംബം ഇല്ലാതാക്കുന്ന ഒരു കാലത്തെക്കുറിച്ച് ഇവർ ചിന്തിക്കുന്നില്ല; മറിച്ച് പരസ്പര സഹകരണത്തോടെ, സമത്വത്തോടെ ജീവിക്കുന്ന സ്ത്രീ പുരുഷ പങ്കാളിത്തമുള്ള ഒരു കുടുംബസങ്കല്പമാണിവർ മുന്നോട്ടു വയ്ക്കുന്നത്. അതുപോലെ തന്നെ സ്ത്രീ പുരുഷ സമത്വമുള്ള സമൂഹവും സാമൂഹ്യനീതിയും ഇവരുടെ സ്വപ്നത്തിന്റെ ഭാഗമാണ്. ആത്മകഥ ചിലർക്ക് കഥയാകുമ്പോൾ മറ്റു ചിലർക്ക് ചരിത്രമാകുന്നു. വേറെ ചിലർക്കത് കലാപമാകുന്നു. എഴുത്തിന്റെ സാംസ്കാരികവും ജീവശാസ്ത്രപരവുമായ രീതിഭേദങ്ങളായി ഇവയെ കാണേണ്ടതുണ്ട്. വ്യത്യസ്ത സാഹചര്യങ്ങളിൽ നിന്ന് സ്ത്രീകൾ നടത്തിയ പ്രതിരോധശ്രമങ്ങളെന്ന നിലയിലാണ് പ്രസ്തുത ആത്മകഥകൾ വായിക്കേണ്ടതും വിലയിരുത്തപ്പെടേണ്ടതും.

കുടുംബം ഈ ആത്മകഥകളിൽ ഒഴിവാക്കപ്പെടാനാവാത്ത ഒന്നായി നിലകൊള്ളുന്നുണ്ട്. ഇവർ നാലുപേരുടെയും മാതാപിതാക്കൾ പ്രത്യേകിച്ച് അച്ഛന്മാർ പുരോഗമന സ്വഭാവം പുലർത്തിയിരുന്നു. പ്രായപൂർത്തിയാവുന്ന ഒരു പെൺകുട്ടി നേരിടുന്ന സാമൂഹികപ്രശ്നങ്ങളും ഇവർ നാലുപേരും അനുഭവിക്കുന്നുണ്ട്. ബാല്യകാലസ്മരണകളിലൂടെയാണ് ഗൗരിയമ്മയുടെയും ആയിഷയുടെയും വിനയയുടെയും ആത്മകഥകൾ തുടങ്ങുന്നതുതന്നെ. ഇതിൽ നിന്നു വ്യത്യസ്തമായി കോളെജ് പഠന

കാലം മുതലാണ് അജിതയുടെ ആത്മകഥയാരംഭിക്കുന്നത്. ഗൗരിയമ്മയെ പിന്താങ്ങുന്നത് അച്ഛനായിരുന്നുവെങ്കിൽ അജിതയ്ക്കും ആയിഷയ്ക്കും വിനയയ്ക്കും അച്ഛനും അമ്മയും തുല്യശക്തികളായിരുന്നു.

മലയാളത്തിലെ സ്ത്രീ ആത്മകഥകളെക്കുറിച്ചുള്ള പഠനത്തിൽ സ്ത്രീയുടെ യഥാർഥ അസ്തിത്വത്തെക്കുറിച്ചുള്ള അന്വേഷണമാണ് നടക്കുന്നത്. അന്യവത് കരിക്കപ്പെട്ട സ്ത്രീകളുടെ പ്രശ്നങ്ങൾ പൊതുജനശ്രദ്ധ ആകർഷിക്കുന്ന രീതിയിൽ അവതരിപ്പിച്ചുകൊണ്ട് സ്ത്രീകൾക്ക് തുല്യതയുള്ള അസ്തിത്വം നിർമിച്ചെടുക്കുവാനാണ് ആത്മകഥാകാരികൾ ശ്രമിച്ചിരുന്നത്.

സ്ത്രീകൾക്ക് ആൺകോയ്മയിൽ അധിഷ്ഠിതമായ സാമൂഹിക ക്രമത്തിൽ, പൊതുജീവിതം എത്രമാത്രം അന്യമായിരുന്നു എന്നു തിരിച്ചറിവുണ്ടാകുന്നതിൽ സ്ത്രീ ആത്മകഥകൾക്ക് വലിയ പങ്കുണ്ട്. സ്ത്രീ പ്രശ്നങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ ഒരു പരിധി വരെ ആത്മകഥകൾക്ക് കഴിയുന്നുണ്ട്.

# ഉപസംഹാരം

ഒരു വ്യക്തി അയാളുടെ അനുഭവങ്ങളും അറിവുകളും സമന്വയിപ്പിച്ച് ജീവ ചരിത്രം സ്വയം എഴുതുന്നതാണ് ആത്മകഥ. മലയാളത്തിലെ ആത്മകഥാസാഹിത്യത്തി ലേക്ക് സൂക്ഷ്മമായി നോക്കുമ്പോൾ സ്ത്രീകളുടേയും പുരുഷന്മാരുടേയും ആത്മകഥകൾ ഭിന്നവ്യക്തിത്വം പുലർത്തുന്നവയാണ്. കേരളം പൊതുവെ ഒരു പുരുഷകേന്ദ്രീകൃത സമൂഹമാണ്. അതുകൊണ്ടുതന്നെ ആത്മപ്രകാശനത്തിനും സാമൂഹ്യപ്രവർത്തനങ്ങ ൾക്കും പുരുഷന്മാർക്കു കിട്ടുന്ന പൊതുവിടങ്ങൾ ബൃഹത്താണ്. എന്നാൽ ഇത്തരത്തിൽ ഒരു ഇടത്തിന്റെ അഭാവം സ്ത്രീകൾക്കുണ്ടെന്ന് സമകാലീന സാമൂഹിക സംഭവങ്ങൾ വ്യക്തമാക്കുന്നുണ്ട്.

മുൻകാലങ്ങളെ അപേക്ഷിച്ച് സ്ത്രീവിമോചനപ്രസ്ഥാനങ്ങളും സ്ത്രീശാക്തീ കരണവും ഇന്ന് സജീവമാണെങ്കിലും സ്ത്രീകൾക്കായി ഒരിടം സൃഷ്ടിച്ചെടുക്കാൻ അവയ്ക്കൊന്നും പൂർണമായും സാധിച്ചിട്ടില്ല. സാംസ്കാരികവും രാഷ്ട്രീയവും മതപരവും വിദ്യാഭ്യാസപരവുമായ മേഖലകളിൽ സ്ത്രീകൾക്കെതിരെയുള്ള ആൺകോയ്മ ഇന്നും പ്രകടമാണ്. സ്ത്രീകൾ അവരുടേതായ ഇടങ്ങളിൽ തമസ്കരിക്കപ്പെടുന്നതിനൊപ്പംതന്നെ പുരുഷകേന്ദ്രീകൃതമായ അന്തരീക്ഷം ബോധപൂർവമായി സമൂഹം നിർമിച്ചെടുക്കുകയും ചെയ്യുന്നതാണ് വർത്തമാനകാല ജീവിതത്തിലും കാണുവാനാകുന്നത്. ഇത്തരം സ്ഥിതി വിശേഷത്തിനെതിരെയുള്ള ഒരു സാംസ്കാരിക പ്രതിരോധം എന്ന നിലയ്ക്കുവേണം സ്ത്രീ മുന്നേറ്റങ്ങളുമായി ബന്ധപ്പെട്ട ആത്മകഥകളെ വിലയിരുത്താൻ.

പുതിയ ആത്മകഥകൾ എഴുത്തിന്റെ പരമ്പരാഗത രീതികളെയും പ്രാമാണ്യ ത്തെയും ചോദ്യം ചെയ്യുന്നുണ്ട്. പ്രശസ്ത വ്യക്തികൾക്കു മാത്രമല്ല, തങ്ങൾക്കും ഒരു ജീവിതമുണ്ടെന്നും അതുപറയേണ്ടത് തങ്ങളുടെ ആവശ്യമാണെന്നും പൊതുധാരയിൽ നിന്ന് പിന്തള്ളപ്പെട്ടവർ തിരിച്ചറിഞ്ഞു കഴിഞ്ഞിരിക്കുന്നു.

ഈ പ്രബന്ധത്തിൽ ആഖ്യാനം എന്ന പദത്തിന് നിയതമായ അർഥമാണ് നിശ്ചയിച്ചിരിക്കുന്നത്. ആത്മകഥയിൽ വരുന്ന സംഭവങ്ങളുടെ അവതരണത്തെയാണ് ആഖ്യാനം എന്നതുകൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത്. ആത്മകഥയിലെ സംഭവങ്ങളുടെ ആഖ്യാനത്തിൽ രചയിതാവിന്റെ മനോഭാവത്തിനും വീക്ഷണത്തിനും പ്രവർത്തനങ്ങൾ

ക്കുമെല്ലാമാണ് പ്രസക്തി. സംഭവങ്ങളുടെ ആഖ്യാതാവ് സ്ത്രീയായിരിക്കുമ്പോൾ അവൾ സമൂഹത്തേയും സംഭവങ്ങളേയും പുരുഷനേയും ജീവിതാവസ്ഥകളേയും കാണുന്ന രീതിക്ക് പ്രത്യേകതകളുണ്ട്. സ്ത്രീകളുടെ മാനസികവും വൈകാരികവുമായ പ്രശ്ന ങ്ങൾ പുരുഷന്റെ വീക്ഷണത്തിനുമപ്പുറമുള്ള മറ്റു പലതുമാണ്. അവരനുഭവിക്കുന്ന ഒറ്റപ്പെ ടലുകൾ, മാനസികസംഘർഷങ്ങൾ, സ്ത്രീത്വത്തിന്റേതായ പെരുമാറ്റശീലങ്ങൾ, പുരുഷ കോയ്മയിൽ അനുദിനം ഞെരുങ്ങുന്ന അവസ്ഥ, സ്ത്രീകളുടെ തുറന്ന ആത്മഗതങ്ങൾ, സ്വപ്നങ്ങൾ, സങ്കല്പങ്ങൾ തുടങ്ങിയവ ആവിഷ്കരിക്കുവാൻ സ്ത്രീകൾക്കു മാത്രമേ കഴിയൂ. ഇവിടെയാണ് സ്ത്രീയുടെ ആഖ്യാനത്തിന്റെ പ്രസക്തി.

ഈ പ്രബന്ധത്തെ സംബന്ധിച്ചിടത്തോളം സ്ത്രീ ആത്മകഥയുമായി ബന്ധ പ്പെട്ടാണ് അന്യവത്കരണം എന്ന പദത്തിന് വിപുലനത്വം സംഭവിക്കുന്നത്. അന്യവത് കരണം എന്ന പദം മുന്നോട്ടുവയ്ക്കുന്ന അർഥം പലതാണ്. പാർശ്വവത്കരണം, മാറ്റിനിർത്തൽ, തിരസ്കരണം, കണ്ടില്ലെന്നു നടിക്കൽ, പുരുഷ കേന്ദ്രീകൃത സമൂഹ ത്തിലും ആശയങ്ങളിലും നിന്ന് അകറ്റിനിർത്തപ്പെടുന്ന സ്ത്രീ എന്നെല്ലാമുള്ള അർഥ മാണതിനുള്ളത്. സ്ത്രീക്ക് അന്യമാകുന്നത് അവകാശം, സ്വാതന്ത്ര്യം, സാമൂഹ്യനീതി, തുല്യാവകാശം തുടങ്ങിയവയെല്ലാമാണ്. ലിംഗരാഷ്ട്രീയത്തിൽ സ്ത്രീലിംഗത്തെ പാർശ്വ വത്കരിക്കുകയും പീഡിപ്പിക്കുകയുംചെയ്യുന്ന രീതി പല സമൂഹങ്ങളിലെന്നതുപോലെ കേരളീയ സമൂഹത്തിലുമുണ്ട്.

സ്ത്രീയുടെ അന്യവത്കരണത്തിന് ബഹുതലങ്ങളാണുള്ളത്. വർണം, വർഗം, ലിംഗം, നിയമം, മതം, സാമ്പത്തികം തുടങ്ങിയവയെല്ലാം സ്ത്രീയെ അന്യവത്കരി ക്കുന്ന ഘടകങ്ങളാണ്. ഈ അവസ്ഥകളുമായി ബന്ധപ്പെട്ടു നിൽക്കുമ്പോൾ സ്ത്രീയുടെ അന്യവത്കരണത്തിനു പല തലങ്ങൾ ഉണ്ടാകുന്നു. പുരുഷകേന്ദ്രിതമായ ഒരു സമൂഹ ത്തിൽ മുമ്പ് സ്ത്രീ എല്ലായ്പ്പോഴും മാറ്റി നിർത്തപ്പെട്ടവളായിരുന്നു, സ്ത്രീ സ്വാതന്ത്ര്യ ത്തെപ്പറ്റി കൂടുതൽ ചർച്ചചെയ്യുകയും അവ വിലമതിക്കുകയും ചെയ്യുന്ന ഇന്നത്തെ സാഹചര്യത്തിൽ അന്യവത്കരണത്തിന്റെ രീതികളെപ്പറ്റിയുള്ള പഠനത്തിന് പ്രസക്തി യേറെയാണ്.

കേരളീയ ജീവിതത്തിന്റെ പല മണ്ഡലങ്ങളിലും ജീവിച്ചും പ്രവർത്തിച്ചും ശ്രദ്ധ നേടിയ സ്ത്രീകളാണ് ഗൗരിയമ്മ, അജിത, ആയിഷ, വിനയ എന്നിവർ. ഇവരുടെ ആത്മകഥകളാണ് യഥാക്രമം 'ആത്മകഥ', 'ഓർമക്കുറിപ്പുകൾ', 'ജീവിതത്തിന്റെ അരങ്ങ്', 'എന്റെ കഥ അഥവാ ഒരു മലയാളി യുവതിയുടെ ജീവിതയാത്ര' എന്നിവ. ഈ നാല് ആത്മകഥകളെ മുൻനിർത്തി സ്ത്രീ ജീവിതാവസ്ഥയുടെ വിവിധ തലങ്ങൾ വിശകലനം ചെയ്യുമ്പോൾ കേരളീയ സമൂഹം സ്ത്രീയെ വിവിധ തലങ്ങളിൽ അന്യ വത്കരിക്കുന്നതിന്റെ രീതി സാമാന്യമായി മനസ്സിലാക്കാനാകും.

മലയാളത്തിലെ ആത്മകഥാസാഹിത്യം എണ്ണംകൊണ്ടും ആഖ്യാനത്തിന്റെ വൈവിധ്യംകൊണ്ടും ഏറെ മുമ്പോട്ടുപോയിട്ടുണ്ട്. ശ്രദ്ധേയമായ ധാരാളം സ്ത്രീ ആത്മ കഥനങ്ങൾ ഇന്ന് രചിക്കപ്പെടുന്നുണ്ട്. മലയാളത്തിലെ ആദ്യകാലസ്ത്രീ ആത്മകഥാ രൂപമെന്ന റിയപ്പെടുന്നത് ബി.കല്യാണിയമ്മയുടെ 'വ്യാഴവട്ടസ്മരണകൾ' ആണ്. ലളിതാംബിക അന്തർജനം - 'ആത്മകഥയ്ക്ക് ഒരാമുഖം', മാധവിക്കുട്ടി - 'എന്റെ കഥ', 'ദേവകിനിലയങ്ങോട് - 'നഷ്ടബോധങ്ങളില്ലാതെ ഒരു അന്തർജനത്തിന്റെ ആത്മകഥ', ഗൗരിയമ്മ - 'ആത്മകഥ', നിലമ്പൂർ ആയിഷ - 'ജീവിതത്തിന്റെ അരങ്ങ്', അജിത - 'ഓർമക്കുറിപ്പുകൾ', വിനയ - 'എന്റെ കഥ അഥവാ ഒരു മലയാളി യുവതിയുടെ ജീവിത യാത്ര', അക്കമ്മ ചെറിയാൻ - 'ജീവിതം ഒരു സമരം', നളിനി ജമീല - 'ഞാൻ ഒരു ലൈംഗികത്തൊഴിലാളി', സിസ്റ്റർ ജെസ്മി - 'ആമേൻ', അന്നാചാണ്ടി - 'ആത്മകഥ', രേവതി യമ്മ - 'സഹസ്രപൂർണിമ', കെ.കല്യാണിക്കുട്ടിയമ്മ-'പഥികയും വഴിയോരത്തെ മണിദീപ ങ്ങളും' ജസ്റ്റീസ് ഡി. ശ്രീദേവി - ആജന്മനിയോഗം, അജിത - ഓർമക്കുറിപ്പുകൾ തുടങ്ങിയ ആത്മകഥകൾ സ്ത്രീകളുടെ അവസ്ഥയും മനോഭാവവും ചിന്തയും വെളിവാക്കുന്ന രചനകളെന്ന നിലയിൽ ശ്രദ്ധേയങ്ങളാണ്.

ആത്മകഥാ സാഹിത്യത്തിൽ സ്ത്രീ ആത്മകഥകൾ പലതും മികച്ച രചനകൾ ആയിട്ടും അവയ്ക്ക് അർഹിക്കുന്ന പ്രാധാന്യവും പരിഗണനയും ലഭിച്ചിട്ടില്ല. ഒരു സ്ത്രീപക്ഷവീക്ഷണത്തേക്കാളുപരി സാമൂഹ്യാവസ്ഥയുടെ സത്യാവസ്ഥ തുറന്നുകാട്ടു വാൻ ഈ ആത്മകഥകൾക്കു കഴിയുന്നു. മതം, രാഷ്ട്രീയം, കുടുംബം, അധികാരം, നിയമങ്ങൾ, ബന്ധങ്ങൾ എല്ലാം സ്ത്രീയെ പാർശ്വവത്കരണത്തിനു വിധേയമാക്കുന്ന

രീതി ആത്മകഥകളിലൂടെ അവതരിപ്പിക്കുന്നു. സ്ത്രീയുടെ ആത്മരോഷം പലപ്പോഴും ശ്രദ്ധിക്കപ്പെടാതെ പോകുകയോ പ്രാധാന്യം ലഭിക്കാതെ പോവുകയോ ചെയ്യുന്നു. വ്യത്യസ്ത ജാതിയിലും മതത്തിലും സമൂഹത്തിലും ഉൾപ്പെടുന്ന സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ ഭിന്നമാണെങ്കിലും സ്ത്രീയെന്ന നിലയിൽ അവരനുഭവിക്കുന്ന വിവേചന ങ്ങൾക്ക് സാദൃശ്യമുണ്ട്. കുട്ടിക്കാലം മുതൽക്കേ ലിംഗപരമായ വിവേചനം പ്രകടവും വ്യക്തവുമായി സ്ത്രീകൾ അനുഭവിക്കുന്നുണ്ട്.

സ്ത്രീ ഇന്നു തുല്യത അനുഭവിക്കുന്നുണ്ടെന്ന വാദം തെറ്റാണ്. ഏതാനും ചില സ്ത്രീകൾ മാത്രമേ അവരുടെ ജാതി, സമ്പത്ത്, കുലീനത, വിദ്യാഭ്യാസം തുടങ്ങിയവ യുടെ പിൻബലത്താൽ ശ്രദ്ധിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്നുള്ളൂ.

വ്യവസ്ഥാപിതവും ആധിപത്യ ആശയങ്ങളെ പിന്തുടരുന്നതുമായ രചനകളിൽനിന്ന് വ്യത്യസ്തമാകുന്ന സ്ത്രീ ആത്മകഥകൾ മൂല്യവ്യവസ്ഥിതിക്ക് കടുത്ത പ്രഹരങ്ങൾ നൽകിക്കൊണ്ട് ഉണ്ടാകുന്നവയാണ്. ആത്മകഥകളുടെ പ്രമേയം ഓരോ കാലത്തും ഭിന്നമായിരുന്നു. പരസ്യമായ തുറന്നുപറയലുകൾ സാധ്യമാക്കുക മാത്രമല്ല, അവയെ നിർല്ലോഭമായി പ്രോത്സാഹിപ്പിക്കുക കൂടി ചെയ്യുന്ന ഒരു വ്യവഹാരാത്മക സാഹചര്യം വർത്തമാനകാല ആത്മകഥാസാഹിത്യത്തിൽ രൂപംകൊണ്ടിട്ടുണ്ട്. സമൂഹം അസ്പൃശ്യ രെന്നു മുദ്രകുത്തി മാറ്റിനിർത്തിയ ലൈംഗികത്തൊഴിലാളികളും ഹിജഡകളും കള്ളനും മുഖ്യധാരയിലേക്കു വരുന്നതിനുള്ള കാരണം വർത്തമാന ജീവിതത്തിന്റെ സാധ്യതകളെക്കുറിച്ചുള്ള അറിവാണ്. സാങ്കേതികവിദ്യയുടെ പുരോഗതിയും നൂതനമാധ്യമങ്ങളുടെ പ്രചാരവും അതിന്റെ സാധ്യതകളും ഇന്ന് ആർക്കും ആശയ പ്രചാരണത്തിനായി ഉപയോഗപ്പെടുത്താം.

പുതിയ ആത്മകഥകൾക്ക് ഒരു വാണിജ്യതന്ത്രമുണ്ട്. പുരുഷമേൽക്കോയ്മാ സമൂഹം കച്ചവട മനഃസ്ഥിതിയോടെയാണ് പാർശ്വവത്കരിക്കപ്പെട്ട സ്ത്രീ വ്യക്തിത്വ ങ്ങളെ ആത്മകഥാരചനയ്ക്കായി സമീപിക്കുന്നത്. ഒരു വശത്ത് സ്ത്രീ ആത്മകഥകൾ വാണിജ്യാവശ്യത്തിന്റെ ഉൽപ്പന്നമായി നിർമിക്കപ്പെടുമ്പോൾത്തന്നെ മറുവശത്ത് സമൂഹ ത്തിൽ പീഡിതരാകുന്ന നിരവധി സ്ത്രീകളുടെ അവസ്ഥ ജനസാമാന്യത്തിനു മുമ്പിൽ

വെളിപ്പെടുത്താൻ ഉപകരിക്കുന്നു. സ്ത്രീയെ സമൂഹം മനഃപൂർവം അന്യവത്കരിക്കുന്നു ണ്ടെന്ന് ഓരോ ആത്മകഥയും വെളിപ്പെടുത്തുന്നുണ്ട്.

നിലവിലിരിക്കുന്ന അധികാരവ്യവസ്ഥയോട് നിരന്തരം എതിർത്തും വിയോജിപ്പു പ്രകടിപ്പിച്ചും മുഖ്യസ്ഥാനത്തേക്ക് വരുവാനുള്ള ശ്രമമാണ് സ്ത്രീ ആത്മകഥകളിൽ കാണുന്നത്. പുരുഷാധിപത്യത്തോടു കലഹിക്കാൻ, മറുപടി പറയാൻ അവർ ആത്മ കഥാരചനയെ ഒരു മാർഗമായി സ്വീകരിക്കുന്നു. ചിന്തിക്കുന്ന സ്ത്രീക്ക്, കുടുംബ ത്തിനകത്തും പുറത്തും നേരിടേണ്ടി വരുന്ന വിലക്കുകൾ അവളെ കൂടുതൽ സ്വാതന്ത്ര്യ ബോധമുള്ളവളാക്കുന്നു എന്ന് ഈ ആത്മകഥകൾ വെളിപ്പെടുത്തുന്നു. പുരുഷാധിപത്യ വ്യവസ്ഥ നിലനിൽക്കുന്നിടത്തോളം കാലം സ്ത്രീയെ നിയന്ത്രിക്കാൻ പുരുഷൻ ആഗ്രഹിക്കുമെന്നും സ്ത്രീയാകട്ടെ പുരുഷൻ രൂപപ്പെടുത്തിയ പരമ്പരാഗത ചിന്തകളെ ധ്വംസിക്കാൻ സദാ ശ്രമിച്ചുകൊണ്ടിരിക്കുമെന്നും പഠനവിധേയമായ ആത്മകഥകൾ പ്രഖ്യാപിക്കുന്നു.

സ്ത്രീയെ പുരുഷന്റെ സങ്കല്പത്തിലും കാഴ്ചപ്പാടിലും കണ്ടിരുന്ന ഒരു രചനാ രീതിയിൽ നിന്നു വളർന്ന് സ്ത്രീ, തന്റെ കാഴ്ചയിലൂടെ കാര്യങ്ങളെ നോക്കിക്കാണു വാനും ചിന്തിക്കുവാനും ശ്രമിക്കുന്ന ആവിഷ്കരണരീതിയാണ് സ്ത്രീ ആത്മകഥക ളിൽ കാണുന്നത്. ഇത് ഒരു പുതിയ ആഖ്യാനരീതിയും മനോഭാവവും സാഹിത്യമേഖല യിൽ വിനിമയംചെയ്യുന്നു.

ലിംഗപദവിയുടെ പ്രശ്നങ്ങളെയും ഫെമിനിസത്തിന്റെ ധാരണകളേയും ആത്മകഥകൾ വ്യത്യസ്തമായാണ് വീക്ഷിക്കുന്നത്. ഇത്തരം സങ്കല്പങ്ങൾക്കനുസ രിച്ചുള്ള ആത്മകഥകൾ ഉണ്ടാകുമ്പോൾത്തന്നെ അവയെ റദ്ദാക്കാൻ മാത്രം ശക്തി യുള്ള സ്ത്രീ ആത്മകഥകളെയും കാണുവാൻ കഴിയും. സ്ത്രീയായി പിറന്നുപോയി എന്ന ഒറ്റ കാരണത്താൽ അന്യവത്കരണം സമൂഹത്തിന്റെ വിവിധ തലങ്ങളിൽ നിന്നു നേരിടേണ്ടി വന്നിട്ടുണ്ടെന്ന് ഒരേ ശബ്ദത്തിൽ സ്ത്രീആത്മകഥകൾ വെളിപ്പെ ടുത്തുന്നു. പുരുഷന്റെ എഴുത്തിനപ്പുറം സ്ത്രീയുടെ കാര്യങ്ങൾ തുറന്നുപറയാൻ അവൾക്കു മാത്രമേ കഴിയൂ എന്ന് ഈ ആത്മകഥകൾ വ്യക്തമാക്കുന്നു. സ്ത്രീയുടെ

രാഷ്ട്രീയനിലപാടുകൾ വ്യവസ്ഥാപിത നിയമരാഷ്ട്രീയചട്ടക്കൂടിന്റെ പരിമിത വൃത്തത്തി ലൊതുക്കി നിർത്തപ്പെടുന്നുണ്ട്. കേരളത്തിലെ എല്ലാ രാഷ്ട്രീയപാർട്ടിക്കും വളരാനുള്ള ഒരു ചവിട്ടുപടി മാത്രമായിരുന്നു സ്ത്രീ. അതിനുശേഷം അവർ തഴയപ്പെടുന്നുവെന്ന് ഇതുവരെയുള്ള ചരിത്രം വ്യക്തമാക്കുന്നു. നിശ്ചയദാർഢ്യവും കഠിനാധ്വാനവും മൂലം ഉന്നതനിലയിലെത്തിയ സ്ത്രീകൾ സമൂഹത്തിലുണ്ടായ ഒറ്റപ്പെട്ട ഉദാഹരണങ്ങൾ മാത്ര മാണ്. വിവിധ രംഗങ്ങളിൽ സ്ത്രീ കളുടെ പ്രവേശനം സാധ്യമാക്കാൻ ശ്രമങ്ങൾ നടക്കു ന്നുവെന്നതിന്റെ പ്രതിഫലനങ്ങളല്ല അവർ.

ഓരോ സ്ത്രീയുടേയും അനുഭവമേഖലകളും അവർ അഭിമുഖീകരിക്കുന്ന പ്രശ്ന ങ്ങളും ഭിന്നമാണ്. ലൈംഗികമായ വിവേചനം പൊതുവായ ഒന്നായതുകൊണ്ട് പല സ്ത്രീയും ആ ഒരവസ്ഥയെ നേരിടേണ്ടി വരുന്നുണ്ട്. തൊഴിലിടങ്ങളിലെ വിവേചനം, ലൈംഗികചൂഷണം, കൂലിവിഭജനത്തിലെ അസമത്വം, തൊഴിൽ അടിമത്തം തുടങ്ങി നിരവധി പ്രശ്നങ്ങൾ ഇന്നും സ്ത്രീകൾക്ക് മുഖാമുഖം നിൽക്കുകയാണ്. ജന്മിവ്യവ സ്ഥയെ തകർത്തുകൊണ്ട് മുതലാളിത്തം വളർന്നതിന്റെ ഫലമായി സാമൂഹ്യമാറ്റങ്ങളു ണ്ടായെങ്കിലും സ്ത്രീപദവിയിലും അവളുടെ ജീവിത വ്യാപാരങ്ങളിലും അടിസ്ഥാനപര മായ മാറ്റങ്ങൾ ഒന്നും ഉണ്ടായിട്ടില്ലെന്ന് പറയാം. മതങ്ങളുടെ നിയമപരമായ ചട്ടക്കൂടുകളും സ്ത്രീയെ അന്യവത്കരണത്തിന് വിധേയമാക്കുന്നുണ്ട്. പുരോഗമനം ഉൾക്കൊള്ളുന്ന രാഷ്ട്രീയപ്രസ്ഥാനങ്ങളിൽ പോലും സ്ത്രീ പുരുഷസമത്വം ഇന്നും ജലരേഖയായി അവശേഷിക്കുകയാണ്.

സ്ത്രീ ആത്മകഥകളിലൂടെ വ്യത്യസ്തങ്ങളായ സ്ത്രീ ജീവിതങ്ങളെ പഠിക്കു വാൻ സാധിക്കുന്നു. സ്ത്രീയുമായി ബന്ധപ്പെട്ട പാശ്ചാത്യ-പൗരസ്ത്യ സമീപനങ്ങ ളിലൂടെ കടന്നുപോകുമ്പോഴും എല്ലാ മേഖലകളിലും സ്ത്രീകൾ അന്യവത്കരിക്ക പ്പെടുന്നതാണ് കാണുവാൻ കഴിഞ്ഞത്. ഇതിന്റെ ബാക്കിപത്രമായാണ് കേരളത്തി ലേയും സ്ത്രീ സമൂഹത്തോടുള്ള സമീപനത്തെയും കാണുവാൻ കഴിയുകയുള്ളൂ.

സ്ത്രീയുടെ അന്യവത്കരണത്തിന്റെ വിവിധ മുഖങ്ങളാണ് ഇതുവരെ എഴുത പ്പെട്ട മലയാള സ്ത്രീ ആത്മകഥകൾ വരച്ചുകാട്ടുന്നത്. കല്യാണിയമ്മ, ലളിതാംബിക

അന്തർജനം, മാധവിക്കുട്ടി, അജിത, ഗൗരിയമ്മ, വിനയ തുടങ്ങിയവരിലൂടെ, നളിനി ജമീല, സിസ്റ്റർ ജെസ്മി, ഷക്കീലയിൽ എത്തി നില്ക്കുന്ന സ്ത്രീ ആത്മകഥകൾ സമൂഹം എന്നും ഗോപ്യമായി അടക്കിവയ്ക്കാൻ നിർബന്ധിച്ച വിഷയങ്ങളുടെ വെളിപ്പെടുത്തലുകൾക്കാണ് സാക്ഷ്യംവഹിച്ചത്. കലാ - സാഹിത്യ - സാംസ്കാരികപ്രവർത്തകർക്കു പുറമേ സാധാരണ വീട്ടമ്മമാർ വരെ അവരുടെ ജീവിതം തുറന്നുപറയാൻ മുന്നോട്ടു വന്നിരിക്കുന്നു. കെ.പി.എ.സി. ലളിത, ആയിഷ, ഭാഗ്യലക്ഷ്മി, മഞ്ജുവാര്യർ തുടങ്ങിയവർ മാത്രമല്ല രമ, ഭവാനി, സരസു തുടങ്ങിയ സാധാരണക്കാർ വരെ ഇന്ന് ആത്മകഥയെ അവരുടെ ശബ്ദമായി തിരിച്ചറിഞ്ഞിരിക്കുന്നു.

സ്ത്രീ ആത്മകഥകളെ പുരുഷന്മാരുടെ ആത്മകഥകളുമായി താരതമ്യം ചെയ്യുമ്പോൾ രൂപത്തിലും ഭാവത്തിലും പ്രത്യക്ഷത്തിൽത്തന്നെ അവയുടെ വ്യത്യസ്തത ദർശിക്കാനാകും. സ്ത്രീകൾ തങ്ങളുടെ രചനകളിൽ വൈകാരികാംശത്തിന് കൂടുതൽ പ്രാധാന്യം കൊടുക്കുന്നു. പുരുഷ ആത്മകഥകളിൽ ഞാൻ എന്ന ഭാവം മുന്നിട്ടു നിൽക്കുമ്പോൾ സ്ത്രീ അവളുടെ പാർശ്വവത്കരണത്തിന്റെ ഇടങ്ങളാണ് ആത്മകഥകളിൽ വെളിപ്പെടുത്തുന്നത്.

പുരുഷന്റെ തട്ടകമായി വർത്തിച്ചുപോന്നിരുന്ന സാഹിത്യത്തിൽ ആദ്യകാലത്ത് സ്ത്രീ സാന്നിധ്യം കുറവായിരുന്നു. സമൂഹത്തിലെ ഒരംഗമെന്ന നിലയിൽ സ്ത്രീക്ക് അടിച്ചേൽപ്പിക്കുന്ന വിലക്കുകളും നിയന്ത്രണങ്ങളും എഴുത്തുകാരി എന്ന നിലയിലും അനുഭവിക്കേണ്ടി വന്നു. അതുകൊണ്ടുതന്നെ കൃതിയിലെ ഭാഷ, മനോഭാവം, വിചാരം ഇവയിലെല്ലാം പാർശ്വവത്കരിക്കപ്പെട്ട സ്ത്രീയുടെ മനസ്സാണ് കണ്ടെത്താനാകുന്നത്. സാഹിത്യത്തിന്റെ തുടർച്ചയായിട്ടാണ് ഓരോ ആത്മകഥയും വിലയിരുത്തപ്പെടുന്നത്. കേരളത്തിലെ സാഹിത്യകൃതികളിൽ പാശ്ചാത്യകൃതികളുടെ സ്വാധീനം ദർശിക്കാനാവും. ഈ സ്വാധീനം ആത്മകഥകളിലും സംഭവിച്ചിട്ടുണ്ട്.

സാംസ്കാരിക കേരളം ഓരോ സ്ത്രീയോടും ഓരോ കാലഘട്ടത്തിൽ ഓരോ രീതിയിലാണ് പെരുമാറിയതെന്ന് സ്ത്രീ ആത്മകഥകൾ വ്യക്തമാക്കുന്നു. സ്ത്രീയവസ്ഥയുടെ വിഭിന്നമുഖങ്ങൾ അവ സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുന്നു. സ്ത്രീ

അനുഭവങ്ങളുടേയും വേർതിരിവുകളുടേയും നിജസ്ഥിതി സ്ത്രീകൾക്കും പുരുഷന്മാർക്കും മനസ്സിലാക്കിക്കൊടുക്കുന്നു. സ്ത്രീയും പുരുഷനും തുല്യത നൽകുന്ന ലിംഗപരമായ വേർതിരിവുകളില്ലാത്ത ഒരു സാക്ഷരതയുടെ ആവശ്യകതയിലേക്ക് ഈ ആത്മകഥകൾ വിരൽചൂണ്ടുന്നു. മലയാളത്തിൽ ഏതാണ്ട് ഇരുനൂറോളം പുരുഷന്മാർ ആത്മകഥ എഴുതിയപ്പോൾ ഓർമക്കുറിപ്പുകളും സ്മരണകളമുൾപ്പെടെ അമ്പതോളം സ്ത്രീകളാണ് ആത്മകഥകൾ രചിച്ചത്. ഇത് മറ്റുള്ള ഭാഷകളെ അപേക്ഷിച്ച് വളരെ വലുതാണ്. എങ്കിലും എഴുത്തിലെ ഈ അനുപാതക്രമം അന്യവത്കരിക്കപ്പെട്ട സ്ത്രീ സ്വത്വങ്ങളെയാണ് വ്യാഖ്യാനിക്കുന്നത്.

സ്ത്രീവാദവും സ്ത്രീവിമോചനപ്രസ്ഥാനങ്ങളും എത്രമാത്രം ശക്തമായി സ്ത്രീ വിമോചനങ്ങളിൽ ഇടപെട്ടാലും ലിംഗപരമായ അസമത്വം നിലനിൽക്കുന്നിടത്തോളം കാലം സ്ത്രീ പുരുഷസമത്വം പൂർണമായും യാഥാർഥ്യമാവാൻ സാധ്യമല്ല. അത്തരമൊരു സാഹചര്യത്തിൽ സാമൂഹികജീവിതത്തിന്റെ വിഭിന്ന തലങ്ങളിൽ സ്ത്രീ അന്യവത്കരണം നടക്കുന്നുണ്ടെന്ന നിഗമനത്തിലാണ് ഈ പഠനം എത്തി നിൽക്കുന്നത്.

# ഗ്രന്ഥ - ലേഖനസൂചി

അച്യുതമേനോൻ, 1992: *മുഖം മൂടിയില്ലാതെ,* ഡി.സി ബുക്സ്. കോട്ടയം.

അച്യുതവാര്യർ, എസ്. 2006: *കേരളസംസ്കാരം*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

അജിത, കെ. 2006: *ഓർമക്കുറിപ്പുകൾ,* ഡി.സി.ബുക്സ്, ആലപ്പുഴ.

– – – – 2007: *ജീവിക്കാനുള്ള അവകാശങ്ങൾ,* ഫേബിയൻ ബുക്സ്, ആലപ്പുഴ.

അനിൽകുമാർ, എ.വി., 2007: *ശരീരം വിപണി ദൈവം*, അടയാളം പബ്ലിക്കേഷൻസ്, തിരുവനന്തപുരം.

– – – – 2011: *സ്വാതന്ത്ര്യത്തിന്റെ പെണ്ണകങ്ങൾ*, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം.

അന്തർജനം, ലളിതാംബിക. 2012: *ആത്മകഥയ്ക്ക് ഒരാമുഖം,* ഡി.സി.ബുക്സ്, കോട്ടയം.

അപ്പൻ, കെ.പി. 1999: *കഥ - ആഖ്യാനവും അനുഭവസത്തയും*, ഡി.സി.ബുക്സ്, കോട്ടയം.

– – – – 2000: *ഇന്നലെകളിലെ അന്വേഷണപരീക്ഷണങ്ങൾ*, ഡി.സി.ബുക്സ്, കോട്ടയം.

അയ്യപ്പപ്പണിക്കർ. കെ. 1999: *ഇന്ത്യൻ സാഹിത്യസിദ്ധാന്തം-പ്രസക്തിയും സാധ്യതയും*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

അരവിന്ദൻ, കെ.പി. (എഡി.) 1992: *വിമർശന സമീപനങ്ങൾ*, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.

– – – – (എഡി.) 2006: *കേരളപഠനം:കേരളം എങ്ങനെ ജീവിക്കുന്നു കേരളം എങ്ങനെ ചിന്തിക്കുന്നു?* കേരളശാസ്ത്രസാഹിത്യ പരിഷത്ത്, കോഴിക്കോട്.

അർജുനൻ, വെള്ളായണി (ജനറൽ എഡിറ്റർ), 2000: *പെണ്ണെഴുത്ത്*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ആയിഷ, നിലമ്പൂർ. 2005: *ജീവിതത്തിന്റെ അരങ്ങ്,* വിമൻസ് ഇംപ്രിന്റ്, കോട്ടയം.

ഇപ, സോണിയ. 2000: *സ്ത്രീജീവിതത്തിന്റെ സ്ത്രീ വായന,* സെക്കുലർ ബുക്സ്, കോഴിക്കോട്.

ഇളയിടം, സുനിൽ പി. 2012: *ദേശാഭിമാനി വാരിക.* ഏപ്രിൽ 29.

ഉദയകുമാർ, 1994: *സ്മരണ, ആത്മകഥാഖ്യാനം, സ്ത്രീ:വർഷങ്ങൾക്കു മുമ്പിനെ ആസ്പദമാക്കി ചില ചിന്തകൾ*, ഇ.വി. രാമകൃഷ്ണൻ (എഡി:) *സ്ത്രീ സ്വത്വം, സമൂഹം, മാധവിക്കുട്ടി പഠനങ്ങൾ*:പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്.

– – – – 2007: *സംസ്കാരപഠനം-ചരിത്രം സിദ്ധാന്തം ഉപയോഗം*, *മലയാള പഠന സഹായം*, കറന്റ് ബുക്സ്, കോട്ടയം.

ഉല്പത്തി 5:112, പുറപ്പാട് 21:17

എരുമേലി, രാജേഷ്, കെ. 2011: *പച്ചക്കുതിര*, ജനുവരി, കോട്ടയം

ഏലിയാമ്മ, 1995: *സ്ത്രീയും സമൂഹവും ഒരു ലിംഗപദവി കാഴ്ചപ്പാട്,* പ്രോഗ്രാം ഫോർ കമ്യൂണിറ്റി ഓർഗനൈസേഷൻ, തിരുവനന്തപുരം.

കല്യാണിയമ്മ, ബി. 1998: *വ്യാഴവട്ടസ്മരണകൾ*, ഡി.സി.ബുക്സ്, കോട്ടയം

കാലിക്കറ്റ് സർവകലാശാല, 2000: *ആത്മകഥാംശങ്ങൾ*, പബ്ലിക്കേഷൻ വിഭാഗം, കാലിക്കറ്റ് യൂണിവേഴ്സിറ്റി.

കാർത്തികേയൻ, കെ.ജി. 2006: *വായനയുടെ സാക്ഷ്യങ്ങൾ*, ലിബി പബ്ലിക്കേഷൻസ്, കോഴിക്കോട്.

കുഞ്ഞുണ്ണി, ജാനമ്മ. 2008: *സ്ത്രീ ജീവിതം സംസ്കാരം,* സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം.

കൃഷ്ണമോഹൻ, സി.ജി. 2004: *അധികാരവും ലൈംഗികതയും*, മാധ്യമം ആഴ്ചപ്പതിപ്പ്, നവംബർ.

ഖുറാൻ 25/25–26

ഖുറാൻ 2/221–223

ഖുറാൻ 2/282

ഗീത. 2006: *പ്രണയം ലൈംഗികത അധികാരം*. കറന്റ് ബുക്സ്, തൃശൂർ.

ഗ്രേസി. 2008: *കാവേരിയുടെ നേര്,* ഡി.സി. ബുക്സ്, കോട്ടയം.

ഗോപാലകൃഷ്ണൻ നടുവട്ടം. 1998: *ആത്മകഥാസാഹിത്യം മലയാളത്തിൽ*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

– – – – 2002: *ഗവേഷണ രീതി ശാസ്ത്രം,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ഗോപിനാഥൻ. 2012: *സിനിമയുടെ നോട്ടങ്ങൾ*, മാതൃഭൂമി ബുക്സ്, കോഴിക്കോട്

ഗോപിനാഥൻ നായർ. 2007: *മനുസ്മൃതി, സംഗൃഹീത പുരനാഖ്യാനം*, 7-ാം പതിപ്പ്, കൈരളി ബുക് ട്രസ്റ്റ്, കോട്ടയം.

ഗൗരിയമ്മ, കെ.ആർ. 2010: *ആത്മകഥ,* മാതൃഭൂമി ബുക്സ്, കോഴിക്കോട്.

ഗംഗാധരൻ, എം. 2007: *സ്ത്രീയവസ്ഥ കേരളത്തിൽ*, സൈൻ ബുക്സ്, തിരുവനന്ത പുരം.

ചന്ദ്രിക, സി.എസ്. 1998: *കേരളത്തിലെ സ്ത്രീ മുന്നേറ്റങ്ങളുടെ ചരിത്രം*, കേരളസാ ഹിത്യ അക്കാദമി, തൃശൂർ.

– – – – 2002: *അളവ്, നടപ്പ്, നേർത്ത ശബ്ദം,* മാധ്യമം ആഴ്ചപ്പതിപ്പ് പുസ്തകം 5, ലക്കം 217, ഏപ്രിൽ 19.

ചന്ദ്രമതി. 2007: *ഞണ്ടുകളുടെ നാട്ടിൽ ഒരിടവേള,* ഡി.സി. ബുക്സ്, കോട്ടയം.

ചെറിയാൻ, അക്കമ്മ. 2011: *ജീവിതം ഒരു സമരം*, സാഹിത്യപ്രവർത്തക സഹകരണ സംഘം, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.

ജമീല, നളിനി. 2007: ഒരു ലൈംഗിക തൊഴിലാളിയുടെ ആത്മകഥ, ഡി.സി.ബുക്സ്, കോട്ടയം.

ജയകുമാർ, വിജയാലയം. 1982: *ആത്മകഥാസാഹിത്യം മലയാളത്തിൽ*, നാഷണൽ ബുക്സ് സ്റ്റാൾ, കോട്ടയം.

ജയശ്രീ, എ.കെ. 2006: കേരളം ലൈംഗികത ലിംഗനീതി, വേണുഗോപാലൻ (എഡി:) *രതിയോടുള്ള സമീപനവും ചിന്തയുടെ മുരടിപ്പും*, സൈൻ ബുക്സ്, തിരുവനന്തപുരം.

ജെയിംസ്, ജാൻസി. 2000: *ഫെമിനിസം 2.* കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ജെസ്മി, സിസ്റ്റർ. 2010: *ആമേൻ,* ഡി. സി. ബുക്സ്, കോട്ടയം.

– – – – 2012: *ഞാനും ഒരു സ്ത്രീ.* ഡി.സി. ബുക്സ്, കോട്ടയം.

ജോർജ്, കുസുമം. 2012: *മേധാപട്ക്കറോടൊപ്പം സഞ്ചരിക്കുമ്പോൾ*, സംഘടിത.

ജോർജ്, കെ.എം. 1989: *ആത്മകഥാസാഹിത്യം*, ഡോ.കെ.എം.ജോർജ് (എഡി:) *കെ.എം.ജോർജിന്റെ പ്രബന്ധങ്ങൾ*, ഡി.സി.ബുക്സ്, കോട്ടയം.

– – – – 1998: *ആത്മകഥ*, ഡോ.കെ.എം.ജോർജ് (എഡി:) *ആധുനിക മലയാള സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ*, ഡി.സി.ബുക്സ്, കോട്ടയം.

ജോർജ്, മ്യൂസ്മേരി, 2005: *ശരീരം ജീവികളെക്കുറിച്ച് ഒരു കുറിപ്പ്*, മാധ്യമം ആഴ്പ്പതിപ്പ്, ഡിസംബർ 2.

തോമസ്, കൊച്ചുത്രേസ്യാ. 2009: *സ്ത്രീശക്തിയുടെ മനഃശാസ്ത്രം.* നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.

തോമസ്, റോസി. 2011: *ഇവൻ എന്റെ പ്രിയ സി.ജെ,* ഡി.സി. ബുക്സ്, കോട്ടയം.

ദാമോദരമേനോൻ, ലീല. 1984: *ചേട്ടന്റെ നിഴലിൽ*, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം.

ദൃശ്യതാളം 2, *ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസ് ഓഫ് ഇന്ത്യ,* തിരുവനന്തപുരം. ജനുവരി – ജൂൺ.

ദേവിക, ജെ. 2000: *സ്ത്രീവാദം.* ഡി.സി. ബുക്സ്, കോട്ടയം.

നമ്പൂതിരിപ്പാട്, ഒ.എം.സി, 1986: *ഋഗ്വേദം, ഭാഷാഭാഷ്യം. വാല്യം 1,* തൃശൂർ, വടക്കേ മഠം ബ്രഹ്മസ്വം, കൈരളി പ്രസ്സ്.

നരേന്ദ്രൻ, ലേഖാ. 2002: *മലയാള നോവലും പെണ്ണെഴുത്തും*, അജുനാരായണൻ (എഡി.) *പെണ്ണെഴുത്ത്*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

നായർ, സി. രാധിക. 2001: *സമകാലികസാഹിത്യസിദ്ധാന്തം ഒരു പാഠപുസ്തകം*, കറന്റ് ബുക്സ്, കോട്ടയം.

നാരായണൻ, സജി. 2011: *വനിതാ വിമോചനവും ഹിന്ദു സ്ത്രീത്വവും,* കുരുക്ഷേത്ര പ്രകാശൻ, കൊച്ചി.

നാരായണൻ, മന്ദാകിനി. 2013: *മറിക്കാത്ത താളുകൾ,* കറന്റ് ബുക്സ്, കോട്ടയം.

നിലയങ്ങോട്, ദേവകി. 2012: *കാലപ്പകർച്ചകൾ,* മാതൃഭൂമി ബുക്സ്, കോഴിക്കോട്.

പത്മരാജൻ, രാധാലക്ഷ്മി. 2011: *ഒരോർമത്തുരുത്ത്,* ഡി.സി.ബുക്സ്, കോട്ടയം.

പരമേശ്വരൻപിള്ള, എരുമേലി. 2009: *മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ*, കറന്റ് ബുക്സ്, കോട്ടയം.

പരമേശ്വരൻ, സി.ആർ. 2011: *ഇടതുപക്ഷം:പ്രസക്തിയും പ്രതിസന്ധിയും,* ഭാഷാ പോഷിണി, കോട്ടയം.

പാമ്പിരിക്കുന്ന്, പ്രദീപൻ. 2007: *ദേശീയത, ആധുനികത, കേരളീയത, കീഴാള വിമർശം*, വിജ്ഞാനകൈരളി, തിരുവനന്തപുരം.

– – – – 2011: *ദേശാഭിമാനി വാരിക*, സെപ്റ്റംബർ 4, കോഴിക്കോട്.

പാറുക്കുട്ടി, വി. 1975: *അടുക്കളയിലും അരങ്ങത്തും സമാനജനങ്ങളിലും*, മാതൃഭൂമി ആഴ്ചപ്പതിപ്പ്, ആഗസ്റ്റ് 24.

പൂഞ്ഞാർ, ഹരിഹരൻ. 1997: *മാർക്സിസ്റ്റ് ദർശനം ചില പ്രശ്നങ്ങൾ*, ചിന്ത പബ്ലി ക്കേഷൻസ്, തിരുവനന്തപുരം.

പൊക്കുടൻ, കല്ലേൻ. 2010: *എന്റെ ജീവിതം,* ഡി.സി.ബുക്സ്, കോട്ടയം.

പോക്കർ, പി.കെ. 2000: *ആധുനികോത്തരതയുടെ കേരളീയ പരിസരം*, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം.

പ്രശാന്ത് കുമാർ, എൻ. 2008: *സ്ത്രീ രചനയുടെ സൗന്ദര്യശാസ്ത്രം,* റെയ്ൻബോ ബുക്സ്, ചെങ്ങന്നൂർ.

ബഷീർ, എം.എം. 2004: *ആദ്യകാല സ്ത്രീ കഥകൾ*, കോഴിക്കോട്: ലിപി പബ്ലിക്കേഷൻസ്.

ബഷീർ, ഫാബി. 2011: *ബഷീറിന്റെ എടിയേ,* ഡി.സി. ബുക്സ്, കോട്ടയം.

ബർണാഡ്, റസ്സൽ. 2005: *വിവാഹവും സദാചാരമൂല്യങ്ങളും*, പാപ്പിയോൺ ബുക്സ്, കോഴിക്കോട്.

ബാനർജി, ഇ. 2006: *അധികാരം സത്തയും സ്വരൂപവും,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ബാനു, സുരയ്യ 2010: *ഡ്യൂപ്പ്.* ഡി.സി. ബുക്സ്, കോട്ടയം.

ബാലകൃഷ്ണൻ, പി.കെ. 2008: *ജാതിവ്യവസ്ഥിതിയും കേരളചരിത്രവും.* ഡി.സി. ബുക്ക്സ്, കോട്ടയം.

ബിനുകുമാർ, എം.പി. 2012: *ചരിത്രവഴികളിലെ സ്ത്രീകൾ,* സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.

ബിനോയ്, രശ്മി. 2008: *ചരിത്രത്തിലെ പെണ്ണിടങ്ങൾ*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ബേബി, പി.ജെ. (എഡി.) 1988: *സ്ത്രീകളും – സാമൂഹ്യവിപ്ലവവും,* ജനകീയ പ്രസിദ്ധീകരണ കേന്ദ്രം, കോഴിക്കോട്.

ബൈബിൾ മത്തായി 5/31-32, മാർക്കോസ്സ് 9/43-48

ബൈബിൾ പുതിയ നിയമം, 1 കൊരിന്ത്യർ 7-ാം അധ്യായം. 1-ാം വാക്യം.

ഭട്ടതിരിപ്പാട്, വി.ടി. 2009: കണ്ണീരും കിനാവും, റയിൻബോ ബുക്സ് പബ്ലിഷേഴ്സ്, ചെങ്ങന്നൂർ.

ഭവാനി, പള്ളിക്കൽ. 2010: *ചോറിന്റെ മണമുള്ള ചേറ്*, ഡി.സി.ബുക്സ്, കോട്ടയം.

ഭാഗ്യലക്ഷ്മി. 2010: *സ്വരഭേദങ്ങൾ,* ഡി.സി.ബുക്സ്, കോട്ടയം.

മഠത്തിൽ, സജിത. 2010: *മലയാള നാടക സ്ത്രീചരിത്രം,* മാതൃഭൂമി ബുക്സ്, കോഴി ക്കോട്.

മണിയൻപിള്ള. 2011: *കള്ളൻ ബാക്കി എഴുതുമ്പോൾ,* ഡി.സി.ബുക്സ്, കോട്ടയം.

മധുസൂദനൻ, ജി. 2006: *ഭാവുകത്വം 21-ാംനൂറ്റാണ്ടിൽ*, ഡി.സി.ബുക്സ്, കോട്ടയം.

മഹേശ്വരിയമ്മ, കെ. 2011: *മഹാമേരുക്കളുടെ നിഴലിൽ,* ഡി.സി.ബുക്സ്, കോട്ടയം.

മറിയം, തോമസ്, ടി.സി. 2008: *ഇറങ്ങി നടപ്പ്,* ഡി.സി.ബുക്സ്, കോട്ടയം.

മാത്യു, ബെറ്റിമോൾ. 2009: *ആത്മകഥയെന്ന മൂടുപടം*, പച്ചക്കുതിര, 1.

മാധവിക്കുട്ടി. 2006: *എന്റെ കഥ,* ഡി.സി.ബുക്സ്, കോട്ടയം.

മേനോൻ, കെ. ശ്രീബാല. 2006: *19 കനാൽ റോഡ്,* ഡി.സി. ബുക്സ്, കോട്ടയം.

മേനോൻ, രതി. 2002: *ഭാരതീയ സാഹിത്യശില്പികൾ*, സാഹിത്യ അക്കാദമി, ന്യൂഡൽഹി.

മേനോൻ, സി.പി. 1998: *മാധ്യമം ആഴ്ചപ്പതിപ്പ്*, നവം.27.

രണദിവെ, വിമൽ. 1991: *ഫെമിനിസ്റ്റ് പ്രസ്ഥാനം:ഒരു മാർക്സിസ്റ്റ് വിലയിരുത്തൽ,* (വിവ: പി.എൻ.ദാമോദരൻപിള്ള), ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം.

രമ, ടി.കെ. 2011: *വി.പോസിറ്റീവ്*, ഡി.സി.ബുക്സ്, കോട്ടയം.

രമാദേവി, ഏ. 2002 : *ജീവചരിത്രവും ആത്മകഥാസാഹിത്യവും സ്ത്രീപക്ഷ രചന കളിൽ, പെണ്ണെഴുത്ത്*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

രവികുമാർ, കെ.എസ്. (എഡി.) 2009: *ലളിതാംബിക അന്തർജനത്തിന്റെ കഥകൾ സമ്പൂർണം*, ഡി.സി. ബുക്സ്, കോട്ടയം.

– – – – 2010: *ആഖ്യാനത്തിന്റെ അടരുകൾ*, ഡി.സി.ബുക്സ്, കോട്ടയം.

രവി, മേഴ്സി. 2011: *നിഴലായി മരണം,* ഡി.സി.ബുക്സ്, കോട്ടയം.

രാഘവൻ, കെ.സി. 2007: *സ്ത്രീ വ്യത്യസ്ത മതങ്ങളിൽ*, കുരുക്ഷേത്രപ്രകാശൻ, കൊച്ചി.

രാഘവൻപിള്ള, കെ. 2007: *സാർത്രിന്റെ അസ്തിത്വദർശനം*, കറന്റ് ബുക്സ്, തൃശൂർ.

രാഘവൻ, പുതുപ്പള്ളി. 1996: *വിപ്ലവസ്മരണകൾ,* ഡി.സി.ബുക്സ്, കോട്ടയം.

രാജലക്ഷ്മി, പി.എം. 1987: *സ്ത്രീനീതി*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

രാജലക്ഷ്മി, ആർ.ബി. 2001: *നാടകം, സൃഷ്ടിയും സാക്ഷാത്കാരവും*, പ്രഭാത് ബുക്സ് ഹൗസ്, തിരുവനന്തപുരം.

രാജശേഖരൻ, പി.കെ. 2006: *ഏകാന്ത നഗരങ്ങൾ, ഉത്തരാധുനിക മലയാള സാഹിത്യത്തിന്റെ സൗന്ദര്യശാസ്ത്രം*, ഡി.സി.ബുക്സ്, കോട്ടയം.

രാജാ, കെ. കുഞ്ചുണ്ണി. 2000: *ഭാഷാദർശനവും ചരിത്രവും*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

രാജീവൻ, ശാരദ. 2007: *പെൺവാണിഭത്തിന്റെ കാണാപ്പുറങ്ങൾ തേടി*, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

രാജേന്ദ്രൻ, കെ. 2008: ക്യാപ്റ്റൻ ലക്ഷ്മിയുടെ ജീവിതകഥ, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം..

രാജേന്ദ്രൻ, സി. 1991: *സംസ്കൃത സാഹിത്യചരിത്രം*, കേരളസാഹിത്യ അക്കാദമി, തൃശൂർ.

രാജേശ്വർ, എം. 1998: *ഇന്ത്യൻ വുമൺ നോവൽസ് ആന്റ് സൈക്കോ അനാലിസിസ്*. അറ്റ്ലാന്റിക്, ന്യൂഡൽഹി

രാധാകൃഷ്ണൻ, ഡി. 2000: *ആഖ്യാനവിജ്ഞാനം,* കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

രാമകൃഷ്ണൻ, ഇ.വി. 1994: *എഴുത്ത്, സ്ത്രീ, സമൂഹം, ആത്മനിഷ്ഠയുടെ നിഹിതാർഥങ്ങൾ മാധവിക്കുട്ടിയുടെ കഥകളിൽ, സ്ത്രീ സ്വത്വം, സമൂഹം മാധവിക്കുട്ടിയുടെ പഠനങ്ങൾ*, പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്.

രാമകൃഷ്ണൻ, എ.കെ. 2006: കേരളം ലൈംഗികത ലിംഗനീതി, (കെ.എം. വേണുഗോപാലൻ, (എഡി:) *ലൈംഗികതയും സ്വത്വരാഷ്ട്രീയവും*, സൈൻ ബുക്സ്, തിരുവനന്തപുരം.

രാമചന്ദ്രൻ നായർ, പന്മന. 2013: *മാധ്യമപഠനങ്ങൾ,* കറന്റ് ബുക്സ്, കോട്ടയം.

രവീന്ദ്രൻ, എൻ. കെ.1987: *ഫെമിനിസം, ഭാഷ, സാഹിത്യം,* കലാകൗമുദി 63, തിരുവനന്തപുരം.

– – – – 2010: *പെണ്ണെഴുതുന്ന ജീവിതം*, മാതൃഭൂമി, കോഴിക്കോട്.

ലതികാനായർ, എൻ. പറവൂർ. 2010: *ഭാരതസ്ത്രീകൾ നൂറ്റാണ്ടുകളിലൂടെ,* മാതൃഭൂമി ബുക്സ്, കോഴിക്കോട്.

ലളിത, കെ.പി.എ.സി. 2011: *കഥ തുടരും,* ഡി.സി.ബുക്സ്, കോട്ടയം.

ലളിത., സൂസിതാരൂ, കെ. 1991: *സ്ത്രീരചനകൾ ഇന്ത്യയിൽ*, വിവ. ഉമാചക്രവർത്തി കുംകുംറോയ്, (എഡി.) വാല്യം-1, ന്യൂഡൽഹി, ഓക്സ് ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സ്.

ലീലാകൃഷ്ണൻ, ആലങ്കോട്. 2004: *താത്രിക്കുട്ടിയുടെ സ്മാർത്തവിചാരം,* മാതൃഭൂമി ബുക്സ്, കോഴിക്കോട്.

ലീലാവതി, എം. 2000: *ഫെമിനിസം ചരിത്രപരമായ ഒരന്വേഷണം*, പ്രഭാത് ബുക്സ്, തിരുവനന്തപുരം.

– – – – 2008: *സ്ത്രീ സ്വത്വാവിഷ്കാരം ആധുനിക മലയാള സാഹിത്യത്തിൽ.* കേരള സാഹിത്യ അക്കാദമി, തൃശൂർ.

വസന്തൻ, എസ്.കെ. 2006: *നമ്മൾ നടന്ന വഴികൾ*, മലയാളപഠനഗവേഷണ കേന്ദ്രം, തൃശൂർ.

വർമ്മ, ആർ. ശ്രീലത. 2006: *മാർക്സിയൻ നിരൂപണം മലയാളത്തിൽ,* മലയാള പഠന ഗവേഷണ കേന്ദ്രം, തൃശൂർ.

വാര്യർ, മഞ്ജു. 2013: *സല്ലാപം,* ഡി.സി. ബുക്സ്, കോട്ടയം.

വാസുദേവൻ, വി.പി. 2000: *മലബാർ കേന്ദ്രകലാസമിതി*, വള്ളുവനാടൻ നാടകവേദി, യവനിക – ദേശാഭിമാനി പ്രത്യേക പതിപ്പ്, കോഴിക്കോട്.

വിജയകൃഷ്ണൻ, എൻ.പി. 2007: *വെറുതെയല്ല ഈ ജീവിതം,* ഡി.സി.ബുക്സ്, കോട്ടയം.

വിജയൻ, എൻ. 1998: *കേരളത്തിന്റെ മൂന്നു ദശകങ്ങൾ*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

വിജയൻ, പിള്ള. 2007: *നോവലും ആഖ്യാനകലയും,* പച്ചമലയാളം പബ്ലിക്കേഷൻസ്, കൊല്ലം.

വിനയ, എൻ. 2005: *എന്റെ കഥ അഥവാ ഒരു മലയാളി യുവതിയുടെ വിവിധ യാത്ര,* കറന്റ് ബുക്സ്, തൃശൂർ.

വിഷ്ണു നമ്പൂതിരി, എം.വി. 2001: *ഗവേഷണ പ്രവേശിക,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

വൂൾഫ്, വെർജീനിയ. 2004: *എഴുത്തുകാരിയുടെ മുറി,* മാതൃഭൂമി ബുക്സ്, കോഴിക്കോട്.

വേണുഗോപാലൻ, കെ.എം. 2002: *കേരളം ലൈംഗികത ലിംഗനീതി*, സൈൻ ബുക്സ്, തിരുവനന്തപുരം.

ശാരദക്കുട്ടി, എസ്. 2007: *പെൺവിനിമയങ്ങൾ.* ഡി.സി.ബുക്സ്, കോട്ടയം.

ശ്രീജൻ, വി.സി. 1999: *ആധുനികോത്തരം വിശകലനവും വിമർശനവും*, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.

ശ്രീദേവി, ഡി. 2015: *ആജന്മനിയോഗം,* സൈന്ധവ ബുക്സ്, കൊല്ലം.

ശ്രീധരമേനോൻ, എ. 2007: *കേരളചരിത്രശില്പികൾ,* ഡി.സി. ബുക്സ്, കോട്ടയം.

– – – – 2009: *കേരളവും സ്വാതന്ത്ര്യസമരവും*. ഡി.സി.ബുക്സ്, കോട്ടയം

ശ്രീവത്സൻ, ടി. 2001: *നവമനോവിശ്ലേഷണം*, ഡി.സി.ബുക്സ്, കോട്ടയം.

ഷർമ്മിള. 2006: *ആത്മകഥാപഠനങ്ങൾക്ക് ഒരു പുതിയ അജണ്ട*, പച്ചക്കുതിര.

ഷിഫ, എസ്. 2002: *പെണ്ണെഴുത്ത്,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

സച്ചിദാനന്ദൻ, 1993: *സൗന്ദര്യവും അധികാരവും*. മൾബറി, കോഴിക്കോട്.

– – – – 2001: *അന്വേഷണങ്ങൾ*. ബോധി, കോഴിക്കോട്.

– – – – 2007: ബ്രഹ്തിന്റെ കല, ഫീനിക്സ് ബുക്സ് സ്റ്റാൾ, വയനാട്.

സന്തോഷ്, ഒ.കെ. 2010: *സ്വത്വരാഷ്ട്രീയം:പാഠവും പ്രശ്നവല്കരണവും ദലിത് ആത്മകഥകളെ മുൻനിർത്തി ഒരു പഠനം*, പിഎച്ച്.ഡി. പ്രബന്ധം, മഹാത്മാ ഗാന്ധി സർവകലാശാല.

സുകുമാരൻ, വി. 2011: *സ്ത്രീ എഴുത്തും വിമോചനവും,* ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.

സുധീഷ്, 1999: *വിവേചനത്തിന്റെ വാക്കും മനസ്സും*, ഗയ ബുക്സ്, പട്ടത്താനം, കൊല്ലം.

സുരേന്ദ്രൻ, പി. 2004: *നക്സൽബാരിയുടെ ശേഷിപ്പുകളിലൂടെ,* നിശാഗന്ധി പബ്ലിക്കേഷൻസ്, തൃശൂർ.

സ്വാമി, ആത്മാനന്ദ. 1963: കാലോപനിഷത്ത്, പുറനാട്ടുകര, ശ്രീരാമകൃഷ്ണ മഠം.

സ്വാമി, മൃഡാനന്ദ. 1970: *ഈശോവാസ്യോപനിഷത്ത്*, പുറനാട്ടുകര, ശ്രീരാമകൃഷ്ണ മഠം, (വ്യാഖ്യാതാവ്) 1984.

സോമൻ, 2006: *ആധുനികതയുടെ സൗന്ദര്യശാസ്ത്രം*. ദേശാഭിമാനി ബുക്സ്, തിരുവനന്തപുരം.

സോമശേഖരൻ. 2005: *നിർമാനുഷിക ലൈംഗികത*, മാധ്യമം വാരിക, സെപ്തംബർ 2.

– – – – 2008: *കേരളചരിത്രം.* ഡി.സി.ബുക്സ്, കോട്ടയം.

ഹാരീസ്, വി.സി. 2007: *ആത്മകഥ ജീവിതം സമൂഹം നിരൂപണം,* റെയ്ൻബോ, ബുക്ക് പബ്ലിഷേഴ്സ്, ചെങ്ങന്നൂർ.

ഹുസൈൻ, ഷംഷാദ്. 2002: *ചരിത്രം പെണ്ണെഴുതുമ്പോൾ*, സംവാദം മാസിക, നവംബർ

– – – – 2009: *ന്യൂനപക്ഷത്തിനും ലിംഗപദവിക്കുമിടയിൽ,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

– – – – 2012. *പെൺപക്ഷം,* മാധ്യമം ആഴ്ചപ്പതിപ്പ്, മാർച്ച് 19.

റോയ് സി, ജെ. 1992: *വിമർശന സമീപനങ്ങൾ*, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.

Anne, Jean. 2012: *Sutherland and Kathryn Margaret Feltey*, Pine Forage Press, California.

Antoinette, Burton. 2003: *Dwelling in the Archieve, Women Writing Home and History in Late Colonial India*. Oxford University Press, New Delhi.

Bal, Mieke, 1985: *Narratology: Introduction to the Theory of Narrative: Trans. Christine Van Boheemen*, University of Toronto Press, Toronto.

Barthes, Roland. 1984: *Introduction to the Structural Analysis of Narrator Image-Music-Text*. Fortaua, London.

Beauvoir, Simon De. 1987: *Women and Creativity, in Toril Moi (ed) French, Feminist Thought*. A Reader, Oxford: Basil – Blackwell.

Begum, A. Jameela. 2006: *The New Frontier*, Institute of English, University of Kerala, Thiruvananthapuram.

Dangle, Arjun. (ed) 1992: *Poisoned Bread, Tran. from Modern Marati Dalit Literature*. Orient Longman, Bombay.

Das, Kamala. 1976: *My Story*, Sterling Publishers, New Delhi.

Elspeth. 1993: *Sex the Self: Gendered Position in Cultural Studies*, London and Routledge, New York.

Gerald, Prince. 1988: *A Dictionary of Narratology*, Scholar Press, Aldershot.

Hawkins, Terence. 1982: *Structuralism and Semiotics*, Methuen & Co. Ltd, London.

Herman, David, 1991: *Autobiography, Well gory and the Construction of Self British Journal of Aesthetics*.

Huff, Cynthia. 1991: *Delivery: The Cultural Representation of Child Birth" in Autobiography and Questions of Gender ed*. Stirley Newman. London: Front Cass.

Iyengar, K.R. Sreenivasa 1973: *Indian Literature since Independence.* Central Sahithya Academy, New Delhi.

Jelenek, Estelle. 1980: *Sevens in Hidin, Womens Autobiography,* Bloomington: Indiana U.P.

Jelinek, Estelle. 1980: Women's Autobiography: Essays in Criticism, Bloomington and London, Indiana University Press.

Johnson, Frank. 1973: *Alienation: Overview and Introduction, Alienation: Concept, Term and Meanings*, ed. Frank Johnson, New York: Seminar.

King, Y. 2001: *Feminism and Revolt of Nature*, Humanities Press, Australia.

Kuriakose. 1977: *The Confessions,* (St.Augustine) Image Books, New York (Translated into English, with an Introduction and Notes, by John K. Ryan.)

Lacan, Jacques, 1979: *The Four Fundamental concepts of Psycho Analysis,* Hardmonds Worth, Penguin Books, UK.

Lacan, Jacques. 1977: *The Four Fundamental Concepts of Psycho-Analysis.* Blackwell, London.

Leigh, Gilmore. 1994: Autobiographics: A Feminist Theory of Women's Self Representation, Cornell University Press, New York.

Lejeune, Philippe. 1982: *The Autobiographical Contract in Tibetan Totrov(ed) French Literary Theory,* Today Cambridge University Press, Cambridge.

Levi-Strauss, Claude. 1978: *Structure and Form: Reflections on a work by Vladimir Prop, Structural Anthropology*, Times Book Review, New York

llaiah, Kancha. 1996: *Why I am not a Hindu*, Samya, Calcutta.

Lyotard, Jean – Francois. 1984: *The Post Modern Condition: A report on Knowledge, Trans. Geoffrey Bennington and Brian Massumi*, Manchester University Press, Manchester.

Meera Bai, K. 1996: *Woman's Voices: The Novels of Indian Women Writers,* Prestige Book, New Delhi.

Michael, J. Toolan, 1988: *Narrative: A Critical Linguistic Introduction,* Routledge, London.

Misch, George 1950: A History of Autobiography in Antiquity, Partone, Routledge, New York.

Nagarajan, S. 1977: *An Indian Novel,* Considerations (ed.) Meenakshi Mukherjee, Allied, Bombay.

Olney, James. 1972: *Metaphors of Self: The Meaning of Autobiography*, Princeton University Press, Princeton.

Olney. James, 1980: *Autobiography: Essays Theoretical and Critical*, Princeton, N Princeton University Press.

Pandit, Vijayalakshmi. 1978: *The Scope of Happiness: A Personal Memoir,* Crown Publishers, New York.

Parekh, Bhikku. 1989: *Cocolanialism Tradition and Reform: An Analysis of Gandhian's Political Discourse*, Saye Publications, New Delhi.

Paul, de Man. 1979: *Autobiography as a De-facement,* The Johns Hopkins University Press, Modern Language Notes.

Rajeshwar, M. 1998: *Indian Women Novelists & Psychoanalysis*, Atlantic Publishers and Distributors Pvt. Ltd, Atlantic.

Rimmon Kenan - Shlomith. 1983: *Narrative Fiction: Contemporary Poetics*, Methuen, London.

Robert, Nisbel, 1953: *Quest for Community*, Oxford University Press, New York.

Roy, Pascal. 1960: *Design and Truth in Autobiography*, Harward University Press, 79 Garden Street, Cambridge.

Sahithya Academy. 1962: *National Bibliography of Indian Literature, Sahitya Academy, New Delhi,*

Satchidanandan, K. 2003: *Authors, Texts, Issues, Essays on Indian Literature*, Pencraft International, New Delhi.

Sevens in Hindi. 1980: *Women's Autobiography*, University of Wisconsin Press, US.

Sharma, K. Rajeev. 1995: *Feminine Sensibility: Alienation in Charlotte Brohte and Anita Desai,* Shalabh Prakasan, Meerat.

Shaw, Bernard. 1957: *Candida*, Orient Longman, London.

Singh, Prakash. 1997: *Indian Women: The Power Trapped*. Galaxy Publications, New Delhi.

Spingles, Julia. 1985: *Victorial writing and working women*, Cambridge University Press, Cambridge.

Suneel, Seema. 1995: *Man-Women Relationship in Indian Fiction,* Prestige Books, New Delhi.

Todorov, Tzvetan. 1982: *The Autobiographical Contract*, Cambridge University Press, Cambridge.

Waugh, Patricia. 1992: *Modernism, Postmodernism, Feminism: Gender and Autonomy Theory in Waugh*, Edward Arnold, London.

Woolf, Virginia. 2004: *A Room of One's Own*. Penguin Books, Kochi.

# അനുബന്ധങ്ങൾ

## അനുബന്ധം 1

## മലയാളത്തിലെ സ്ത്രീ ആത്മകഥകൾ, ഓർമ്മകൾ, സ്മരണകൾ

| ഗ്രന്ഥകർത്താവ് | | ഗ്രന്ഥനാമം |
|---|---|---|
| 1. കല്യാണിയമ്മ | | വ്യാഴവട്ടസ്മരണകൾ |
| 2. ലളിതാംബിക അന്തർജനം | | ആത്മകഥയ്ക്ക് ഒരാമുഖം |
| 3. മാധവിക്കുട്ടി | | 1. എന്റെ കഥ<br>2. ബാല്യകാലസ്മരണകൾ<br>3. നീർമാതളം പൂത്തകാലം |
| 4. ബാലാമണിയമ്മ | | ജീവിതത്തിലൂടെ |
| 5. ദേവകിനിലയങ്ങോട് | | നഷ്ടബോധങ്ങളില്ലാതെ ഒരു അന്തർജന ത്തിന്റെ ആത്മകഥ |
| 6. ഗൗരിയമ്മ | | ആത്മകഥ |
| 7. നിലമ്പൂർ ആയിഷ | | ജീവിതത്തിന്റെ അരങ്ങ് |
| 8. അജിത | | ഓർമക്കുറിപ്പുകൾ |
| 9. വിനയ | | എന്റെ കഥ അഥവാ ഒരു മലയാളി യുവതിയുടെ ജീവിതയാത്ര |
| 10. സീതാലക്ഷ്മി ദേവ് | | കേശവദേവ് എന്റെ നിത്യകാമുകൻ |
| 11. അക്കമ്മ ചെറിയാൻ | | ജീവിതം ഒരു സമരം |
| 12. നളിനി ജമീല | | ഒരു ലൈംഗികത്തൊഴിലാളിയുടെ ആത്മകഥ |
| 13. സിസ്റ്റർ ജെസ്മി | | ആമേൻ |
| 14. അന്നാചാണ്ടി | | ആത്മകഥ |
| 15. രേവതിയമ്മ | | സഹസ്രപൂർണിമ |
| 16. കെ. കല്യാണിക്കുട്ടിയമ്മ | | പഥികയും വഴിയോരത്തെ മണിദീപ ങ്ങളും |
| 17. ഭാരതി ഉദയഭാനു | | അടുക്കളയിൽനിന്നും പാർലമെന്റിലേക്ക് |
| 18. ലീലാദാമോദരമേനോൻ | | ചേട്ടന്റെ നിഴലിൽ |
| 19. സിസ്റ്റർ മേരിബനീഞ്ഞ | | ലോകമേ യാത്ര |

| | | |
|---|---|---|
| 20. ചന്ദ്രികാ ബാലകൃഷ്ണൻ | | ഓർമകളുടെ ഓടക്കുഴലുമായ് |
| 21. റെയ്ച്ചൽ തോമസ് | | ഒരമ്മയുടെ ഓർമകൾ |
| 22. സിസ്റ്റർ മേരി ചാണ്ടി | | സ്വസ്തി |
| 23. ക്യാപ്റ്റൻ ലക്ഷ്മി | | ഓർമക്കുറിപ്പുകൾ |
| 24. പള്ളിക്കൽ ഭവാനി | | ചോറിന്റെ മണമുള്ള ചേറ് |
| 25. ടി.കെ.രമ | | വി.പോസിറ്റീവ് |
| 26. മഹേശ്വരിയമ്മ | | മഹാമേരുക്കളുടെ നിഴലിൽ |
| 27. മേഴ്സി രവി | | നിഴലായി മരണം |
| 28. ഫാബി ബഷീർ | | ബഷീറിന്റെ എടിയേ.. |
| 29. കെ.പി.എസി.ലളിത | | കഥ തുടരും |
| 30. ജാനു | | സി.കെ.ജാനുവിന്റെ കഥ |
| 31. ഉർവശി | | സിനിമയല്ല ജീവിതം |
| 32. മഞ്ജുവാര്യർ | | സല്ലാപം |
| 33. ഭാഗ്യലക്ഷ്മി | | സ്വരഭേദങ്ങൾ |
| 34. ഷക്കീല | | ആത്മകഥ |
| 35. അരങ്ങിലെ അനുഭവങ്ങൾ | | കെ.പി.എസി. സുലോചന |
| 36. ദേവകി നിലയങ്ങോട് | | നഷ്ടബോധങ്ങളില്ലാതെ ഒരു അന്തർജന ത്തിന്റെ ആത്മകഥ |
| 37. ജസ്റ്റിസ് ഡി. ശ്രീദേവി | | ആജന്മനിയോഗം |
| 38. ചന്ദ്രമതി | | ഞണ്ടുകളുടെ നാട്ടിൽ ഒരിടവേള |
| 39. ഗ്രേസി | | കാവേരിയുടെ നേര് |
| 40. രാധാലക്ഷ്മി പത്മരാജൻ | | കാലത്തിന്റെ വക്ഷസ്സിൽ ഒരോർമത്തു രുത്ത് |
| 41. റോസി തോമസ് | | ഇവൻ എന്റെ പ്രിയ സി.ജെ |
| 42. ശ്രീബാല കെ.മേനോൻ | | 19 കനാൽ റോഡ് |
| 43. മന്ദാകിനി | | മറിക്കാത്ത താളുകൾ |

## അനുബന്ധം 2

## മലയാളത്തിലെ ഇതര ആത്മകഥകൾ, ഓർമക്കുറിപ്പുകൾ, സ്മരണകൾ

| ഗ്രന്ഥകർത്താവ് | | ഗ്രന്ഥനാമം |
|---|---|---|
| 1. വൈക്കത്തു പാച്ചുമൂത്തത് | | ആത്മകഥ |
| 2. കോവുണ്ണി നെടുങ്ങാടി | | ആത്മകഥ |
| 3. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള | | എന്റെ നാടുകടത്തൽ |
| 4. പി.കെ. നാരായണപിള്ള | | സ്മരണമണ്ഡലം |
| 5. ഇ.വി.കൃഷ്ണപിള്ള | | ജീവിതസ്മരണകൾ |
| 6. സർദാർ കെ.എം. പണിക്കർ | | ആത്മകഥ |
| 7. ഇ.എം.എസ്. നമ്പൂതിരിപ്പാട് | | ആത്മകഥ |
| 8. ജോസഫ് ചാഴിക്കാട് | | ആത്മകഥ |
| 9. സി.കേശവമേനോൻ | | ജീവിതസമരം |
| 10. കെ.പി.കേശവമേനോൻ | | കഴിഞ്ഞകാലം |
| 11. മന്നത്തുപത്മനാഭൻ | | എന്റെ ജീവിതസ്മരണകൾ |
| 12. പി. കേശവദേവ് | | എതിർപ്പ് |
| 13. എ.കെ.ഗോപാലൻ | | എ.കെ.ജിയുടെ ആത്മകഥ |
| 14. ജോസഫ് മുണ്ടശ്ശേരി | | കൊഴിഞ്ഞ ഇലകൾ |
| 15. വി.ടി. ഭട്ടതിരിപ്പാട് | | 1. കണ്ണീരും കിനാവും<br>2. കർമവിപാകം |
| 16. വെണ്ണിക്കുളം ഗോപാലക്കുറുപ്പ് | | ആത്മരേഖ |
| 17. ഫാദർ ജോസഫ് വടക്കൻ | | എന്റെ കുതിപ്പും കിതപ്പും |
| 18. ചെറുകാട് ഗോവിന്ദപിഷാരടി | | ജീവിതപാത |
| 19. പി. കുഞ്ഞിരാമൻ നായർ | | 1. കവിയുടെ കാല്പാടുകൾ<br>2. എന്നെ തിരയുന്ന ഞാൻ |
| 20. കെ.സി.മാമ്മൻമാപ്പിള | | ജീവിതസ്മരണകൾ |
| 21. എസ്.കെ.നായർ | | മറക്കാത്ത കഥകൾ |

| | | |
|---|---|---|
| 22. ജി. ശങ്കരക്കുറുപ്പ് | | ഓർമയുടെ ഓളങ്ങളിൽ |
| 23. നടരാജഗുരു | | നടരാജഗുരുവിന്റെ ആത്മകഥ |
| 24. എൻ.എൻ.പിള്ള | | ഞാൻ |
| 25. കെ.സി.ചാക്കോ | | ജീവിതമുദ്രകൾ |
| 26. തകഴി ശിവശങ്കരപ്പിള്ള | | ഓർമയുടെ തീരങ്ങളിൽ |
| 27. പി.ആർ.കുറുപ്പ് | | എന്റെ നാടിന്റെ കഥ, എന്റേയും |
| 28. എം.കെ.കെ.നായർ | | ആരോടും പരിഭവമില്ലാതെ |
| 29. പവനൻ | | പവനന്റെ ആത്മകഥ |
| 30. തിക്കോടിയൻ | | അരങ്ങു കാണാത്ത നടൻ |
| 31. പി.കെ.ആർ. വാരിയർ | | ഒരു സർജന്റെ ഓർമക്കുറിപ്പുകൾ |
| 32. എം.പി. മന്മഥൻ | | സ്മൃതി ദർപ്പണം |
| 33. കെ.കെ. രാജ | | സ്മൃതി മാധുര്യം |
| 34. ആർ. ഈശ്വരപിള്ള | | സ്മരണകൾ |
| 35. സി.എ. കിട്ടുണ്ണി | | നെടുവീർപ്പ് |
| 36. തോപ്പിൽഭാസി | | ഒളിവിലെ ഓർമകൾ |
| 37. ചങ്ങമ്പുഴ കൃഷ്ണപിള്ള | | തുടിക്കുന്ന താളുകൾ |
| 38. പൊൻകുന്നം വർക്കി | | എന്റെ വഴിത്തിരിവ് |
| 39. എസ്.പി.പിള്ള | | എന്റെ സ്മരണകൾ |
| 40. സി.വി.കുഞ്ഞുരാമൻ | | ഞാൻ |
| 41. വൈക്കം മുഹമ്മദ് ബഷീർ | | ഓർമകളുടെ അറകൾ |
| 42. എസ്.കെ.പൊറ്റെക്കാട് | | എന്റെ വഴിയമ്പലങ്ങൾ |
| 43. എൻ. ശ്രീകണ്ഠൻനായർ | | കഴിഞ്ഞകാല ചിത്രങ്ങൾ |
| 44. സി. അച്യുതമേനോൻ | | എന്റെ ബാല്യകാലസ്മരണകൾ |
| 45. സെബാസ്റ്റ്യൻ കുഞ്ഞു കുഞ്ഞു ഭാഗവതർ | | ഒരു നടന്റെ ആത്മകഥ |
| 46. മാത്തൻ തരകൻ | | ഓർമകളുടെ നാട്ടിൽ |

| | | |
|---|---|---|
| 47. നെട്ടൂർ പി. ദാമോദരൻ | | അനുഭവച്ചുരുളുകൾ |
| 48. കെ.പി.ഉദയഭാനു | | എന്റെ കഥയില്ലായ്മകൾ |
| 49. പുതുപ്പള്ളി രാഘവൻ | | വിപ്ലവസ്മരണകൾ |
| 50. എം.പി.അപ്പൻ | | ഒരു സൗന്ദര്യപ്രേമത്തിന്റെ കഥ |
| 51. പി.ഭാസ്കരൻ | | കാടാറുമാസം |
| 52. ഗുരു ഗോപിനാഥ് | | എന്റെ ജീവിത സ്മരണകൾ |
| 53. എൻ.പി.ചെല്ലപ്പൻ നായർ | | പരാജയങ്ങളുടെ പരമ്പര |
| 54. കെ.മാധവൻ | | പയസ്വിനിയുടെ തീരത്ത് |
| 55. പാലാ നാരായണൻനായർ | | സമരമുഖത്ത് |
| 56. എം.എസ്.ദേവദാസ് | | ജീവിതത്തിന്റെ താളുകൾ |
| 57. ഡോ.ജി.രാമചന്ദ്രൻ | | പിന്നിട്ട ജീവിതപ്പാത |
| 58. പി.എസ്.വേലായുധൻ | | എന്റെ ജീവിതപഥങ്ങൾ |
| 59. കെ. സുരേന്ദ്രൻ | | ജീവിതവും ഞാനും |
| 60. കുഞ്ഞുണ്ണി | | എന്നിലൂടെ |
| 61. ഡോ. എസ്.കെ.നായർ | | മറക്കാത്ത ഓർമകൾ |
| 62. ടി.എൻ.ഗോപിനാഥൻ നായർ | | എന്റെ ആൽബം |
| 63. ബാലചന്ദ്രമേനോൻ | | അമ്മയാണെ സത്യം |
| 64. ഇന്നസെന്റ് | | ഞാൻ ഇന്നസെന്റ് |
| 65. കലാമണ്ഡലം രാമൻകുട്ടിനായർ | | തിരനോട്ടം |
| 66. വി.ആർ.പരമേശ്വരൻപിള്ള | | ആ എഴുപതു വർഷങ്ങൾ |
| 67. കലാമണ്ഡലം കൃഷ്ണൻ നായർ | | എന്റെ ജീവിതം അരങ്ങിലും അണിയറയിലും |
| 68. തോട്ടം രാജശേഖരൻ | | ഉദ്യോഗപർവം |
| 69. ഒ. മാധവൻ | | ജീവിതഛായകൾ |
| 70. കലാമണ്ഡലം ഗോപി | | അഭിനയം, അനുഭവം |
| 71. വി.ആർ. കൃഷ്ണനെഴുത്തച്ഛൻ | | വി.ആർ. കൃഷ്ണനെഴുത്തച്ഛന്റെ ആത്മകഥ |

| | | |
|---|---|---|
| 72. ഭരത് ഗോപി | | നാടകനിയോഗം |
| 73. ഇടമറുക് | | ഇടമറുകിന്റെ ആത്മകഥ |
| 74. ഐ.സി.പി നമ്പൂതിരി | | വിപ്ലവത്തിന്റെ ഉൾത്തുടിപ്പുകൾ |
| 75. ഹമീദ് | | കാലത്തിന്റെ സാക്ഷി |
| 76. മേജർ കെ.എ.പിള്ള | | യുദ്ധഭൂമിയിൽ നിന്ന് ഒത്തിരി ഓർമ കൾ |
| 77. ഡോ.അലക്സാണ്ടർ മെത്രാപ്പൊ-ലീത്ത | | ദൈവകൃപയുടെ തണലിൽ |
| 78. തേറമ്പാട്ട് ശങ്കരൻ നായർ | | അറിവും തേടി ഒറ്റയ്ക്ക് |
| 79. കെ. ബാലകൃഷ്ണൻ | | എന്നെ ഞാൻ കാണുമ്പോൾ |
| 80. പല്ലാവൂർ അപ്പുമാരാർ | | പ്രണാമം |
| 81. കീഴ്പ്പാടം കുമാരൻനായർ | | കളിവിളക്ക് |
| 82. കലാമണ്ഡലം ശങ്കരൻ എമ്പ്രാന്തിരി | | സ്വരാർച്ചന |
| 83. കലാമണ്ഡലം കേശവൻ | | അടിയിടറാതെ |
| 84. എസ്.ഗുപ്തൻനായർ | | മനസാസ്മരാമി |
| 85. നാരായണ പിഷാരോടി | | ആയാതാമായാതം |
| 86. എം.കെ.സാനു | | കർമഗതി |
| 87. നമ്പൂതിരി | | രേഖകൾ |
| 88. എൻ.ഭാസ്കരൻനായർ | | ഉദയം മുതൽ അസ്തമയം വരെ |
| 89. മുരളീകൃഷ്ണൻ | | പോലീസ് ഡയറി |
| 90. ഇളയിടത്തു വേണുഗോപാൽ | | തീക്കനൽ പാതയിലൂടെ ഒരുയാത്ര |
| 91. മൊയ്യാരത്ത് ശങ്കരൻ | | എന്റെ ജീവിതകഥ |
| 92. കെ.വി.ശങ്കരൻനായർ | | വനപാലകന്റെ സ്മരണകൾ |
| 93. പ്രൊഫ.കെ.എം.ചാണ്ടി | | ജീവിത വഴിയോരക്കാഴ്ചകൾ |
| 94. ജി.എൻ.പണിക്കർ | | ഓർമയുടെ തുരുത്തിൽ നിന്ന് |
| 95. കെ.കെ.എൻ. കുറുപ്പ് | | ചരിത്രത്തിന്റെ പാതയിൽ |
| 96. പി.നാരായണൻ നായർ | | അരനൂറ്റാണ്ടിലൂടെ |

| | | |
|---|---|---|
| 97. സി.എ.ബാലൻ | | തൂക്കുമരത്തിന്റെ നിഴലിൽ |
| 98. എം.എൻ.ഗോവിന്ദൻനായർ | | എമ്മെന്റെ ആത്മകഥ |
| 99. കെ.സി.ജോർജ് | | എന്റെ ജീവിതയാത്ര |
| 100. എം.ടി.ചന്ദ്രസേനൻ | | പുന്നപ്ര-വയലാർ ജ്വലിക്കുന്ന അധ്യായം |
| 101. ഗോപിനാഥ് മുതുകാട് | | ഓർമകളുടെ മാന്ത്രികസ്പർശം |
| 102. മല്ലികാർജുനൻ കാണി | | ഏകലവ്യന്റെ പെരുവിരൽ |
| 103. എരഞ്ഞോളി മൂസ | | ജീവിതം പാടുന്ന ഗ്രാമഫോൺ |
| 104. പി.ഡേവിഡ് | | ഫ്രെയിമുകൾക്കപ്പുറം |
| 105. കല്ലേൽ പൊക്കുടൻ | | കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം |
| 106. കെ.എം.മാത്യു | | എട്ടാമത്തെ മോതിരം |
| 107. ആർ.ബാലകൃഷ്ണപിള്ള | | പ്രിസൺ 5990 |
| 108. വെള്ളാപ്പള്ളി നടേശൻ | | എന്റെ ഇന്നലെകൾ |
| 109. വി.ആർ. കൃഷ്ണയ്യർ | | ആത്മകഥ |
| 110. ഡോ.ബി.ഉമാദത്തൻ | | ഒരു പോലീസ് സർജന്റെ ഓർമക്കുറിപ്പുകൾ |
| 111. എ.ആൻഡ്രൂസ് | | കടൽമുത്ത് |
| 112. ഡി.ബാബുപോൾ | | കഥ ഇതുവരെ |
| 113. ലോനപ്പൻ നമ്പാടൻ | | സഞ്ചരിക്കുന്ന വിശ്വാസി |
| 114. കെ.മണിയൻപ്പിള്ള | | 1. തസ്ക്കരൻ<br>2. കള്ളൻ ബാക്കി എഴുതുമ്പോൾ |
| 115. നെൽസൺ ഫെർണാണ്ടസ് | | നാടകരാവുകൾ |
| 116. സൂര്യകൃഷ്ണമൂർത്തി | | മുറിവുകൾ |
| 117. എം.പി.നാരായണപിള്ള | | മൂന്നാംകണ്ണ് |
| 118. ഡോ.പന്മന രാമചന്ദ്രൻ നായർ | | സ്മൃതി രേഖകൾ |
| 119. ജസ്റ്റീസ് കെ.ടി.തോമസ് | | സോളമന്റെ തേനീച്ചകൾ |

| | | |
|---|---|---|
| 120. എം.എൻ. പാലൂര് | | കഥയില്ലാത്തവന്റെ കഥ |
| 121. വൈലോപ്പിള്ളി ശ്രീധരമേനോൻ | | കാവ്യലോകസ്മരണകൾ |
| 122. ഇ. ബാലാനന്ദൻ | | നടന്നു തീർത്ത വഴികൾ |
| 123. ലെനിൻ രാജേന്ദ്രൻ | | ആ ചുവന്ന കാലത്തിന്റെ ഓർമ്മയ്ക്ക് |
| 124. ഷിബു കെ.പി. | | എന്റെ വൈദികജീവിതം ഒരു തുറന്നെഴുത്ത് |
| 125. കലാമണ്ഡലം ഹൈദരാലി | | മഞ്ജുതരം |
| 126. സി. അച്യുതമേനോൻ | | മറക്കാത്ത അനുഭവങ്ങൾ |
| 127. ഇളയരാജ | | സംഗീതക്കനവുകൾ |
| 128. ജോൺസി ജേക്കബ് | | ഹരിതദർശനം ജോൺസിയുടെ ആത്മകഥ |
| 129. യൂ.എ. ഖാദർ | | പൂമരത്തളിരുകൾ |
| 130. ചങ്ങമ്പുഴ കൃഷ്ണപിള്ള | | തുടിക്കുന്ന താളുകൾ |
| 131. എൻ. കൃഷ്ണപിള്ള | | പ്രിയസ്മരണകൾ |
| 132. നരേന്ദ്രപ്രസാദ് | | യൗവനം |
| 133. മലയാറ്റൂർ രാമകൃഷ്ണൻ | | സർവീസ് സ്റ്റോറി എന്റെ ഐ.എ.എസ് ദിനങ്ങൾ |
| 134. എൻ.കെ.കമലാസനൻ | | ഒരു കുട്ടനാടൻ ഓർമക്കൊയ്ത്ത് |
| 135. ബർലിൻ കുഞ്ഞനന്തൻ നായർ | | പൊളിച്ചെഴുത്ത് |
| 136. വി.ആർ.കൃഷ്ണൻ എഴുത്തച്ഛൻ | | ആത്മകഥ |
| 137. പുനത്തിൽ കുഞ്ഞബ്ദുള്ള | | നഷ്ടജാതകം |
| 138. മോഹൻലാൽ | | ഋതുമർമരങ്ങൾ |
| 139. മമ്മൂട്ടി | | മഞ്ഞക്കണ്ണട, കാഴ്ചപ്പാട് |
| 140. പ്രിയദർശൻ | | ഓർമക്കിലുക്കം |
| 141. മാമുക്കോയ | | ജീവിതം |
| 142. ഇ.കെ. നായനാർ | | മൈ സ്ട്രഗിൾസ് |
| 143. കലാമണ്ഡലം കൃഷ്ണൻ നായർ | | എന്റെ ജീവിതം അരങ്ങിലും അണിയറയിലും |

| | | |
|---|---|---|
| 144. ഒ. മാധവൻ | | ജീവിതഛായകൾ സ്മരണകൾ |
| 145. എൻ.എൻ.പിള്ള | | ഞാൻ |
| 146. ഞെരളത്ത് രാമപ്പൊതുവാൾ | | സോപാനം |
| 147. കമൽ | | ഓർമചിത്രം |
| 148. സി. അച്യുതമേനോൻ | | മറക്കാത്ത അനുഭവങ്ങൾ |
| 149. അഴീക്കോട് | | അഴീക്കോടിന്റെ ആത്മകഥ |
| 150. ബാബുഭരദ്വാജ് | | പ്രവാസിയുടെ കുറിപ്പുകൾ |
| 151. ബാലചന്ദ്രൻ ചുള്ളിക്കാട് | | ചിദംബരസ്മരണകൾ |
| 152. വി.ടി.ഭട്ടതിരിപ്പാട് | | കണ്ണീരും കിനാവും |
| 153. തോപ്പിൽഭാസി | | ഒളിവിലെ ഓർമകൾ |
| 154. എൻ.പി.ചെല്ലപ്പൻ നായർ | | പരാജയങ്ങളുടെ പരമ്പര |
| 155. ഗുരുനിത്യചൈതന്യയതി | | മൊഴിമാറ്റം |
| 156. പറവൂർ ജോർജ് | | അരങ്ങിനുപിറകിൽ (സ്മരണകൾ) |
| 157. കെ.സി.ജോർജ് | | എന്റെ ജീവിതയാത്ര |
| 158. ജോൺസി ജേക്കബ് | | ഹരിതദർശനം |
| 159. കെ.പി.കേശവമേനോൻ | | കഴിഞ്ഞകാലം |
| 160. ചങ്ങമ്പുഴ | | തുടിക്കുന്ന താളുകൾ |
| 161. എൻ.കൃഷ്ണപിള്ള | | പ്രിയസ്മരണകൾ |
| 162. പുനത്തിൽ കുഞ്ഞബ്ദുള്ള | | നഷ്ടജാതകം |
| 163. സി.എ.ബാലൻ | | തൂക്കുമരത്തിന്റെ നിഴലിൽ |
| 164. എ.കെ.ഗോപാലൻ | | എന്റെ ജീവിതകഥ |
| 165. എൻ.കെ.കമലാസനൻ | | ഒരു കുട്ടനാടൻ ഓർമക്കൊയ്ത്ത് |
| 166. സി.കേശവൻ | | ജീവിതസമരം |
| 167. ബർലിൻ കുഞ്ഞനന്തൻ നായർ | | പൊളിച്ചെഴുത്ത് |